# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 23, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 – നമ്പർ 19

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 23, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

332/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....72

II അറിയിപ്പ് ...332

III അടിയന്തരപ്രമേയം

പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ–

(അവതരണാനുമതിനിഷേധിച്ചു) ...332

IV ശ്രദ്ധ ക്ഷണിക്കൽ

1. മത്സ്യ അനുബന്ധ മേഖലകളിലെ പ്രശ്നങ്ങൾ—

ശ്രീ. ജോൺ ഫെർണാണ്ടസ് ...348

2. ഡാറ്റാ ബാങ്കും പാരിസ്ഥിതികാവസ്ഥ സംബന്ധിച്ച ധവളപത്രവും—

ശ്രീ. വി. ടി. ബൽറാം ....353

V സബ്മിഷൻ

1. ജിഷ്ണു പ്രണോയിയുടെ ബന്ധുക്കളുടെ നിരാഹാര സമരം—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...356

2. കോസ്റ്റ് ഗാർഡ് അക്കാദമി—

ശ്രീ. റ്റി. വി. രാജേഷ് ...359

3. കോളനി നിവാസികൾക്ക് പട്ടയം—

ശ്രീ. വി. ജോയി ...360

4. ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ—

ശ്രീ. എസ്. ശർമ്മ ...360

പേജ്

5. സ്നേഹപൂർവ്വം പദ്ധതി—

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...362

6. ഫാം ഡി. കോഴ്സും ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികയും—

ശ്രീമതി ഇ. എസ്. ബിജിമോൾ ...364

7. വിധവകളുടെ സംരക്ഷണം—

ശ്രീ. പി. സി. ജോർജ് ...365

8. സംഭരിച്ച നെല്ലിന്റെ വില—

ശ്രീ. സി. എഫ്. തോമസ് ...368

9. കേരള യോഗ അസോസിയേഷൻ—

ശ്രീ. പി. ടി. തോമസ് ...369

10. പ്രമാണങ്ങൾ തിരികെ ലഭ്യമാക്കൽ—

ശ്രീമതി പി. അയിഷാ പോറ്റി ...371

11. തദ്ദേശഭരണ സ്ഥാപനങ്ങളിലെ യോഗം—

ശ്രീ. അനിൽ അക്കര ...372

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ– ...373

**VII ബഡ്ജറ്റ് പ്രസംഗത്തിലെ തിരുത്ത്** ...378

**VIII റിപ്പോർട്ട് സമർപ്പണം**

1. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ...379

പേജ്

2. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്— ...379

3. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്— ...379

4. 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് ...380

5. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ...380

6. സബ്ജക്ട് കമ്മിറ്റി X-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...380

7. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ ...380

8. ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ...380

9. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്— ...381

**X നിയമനിർമ്മാണകാര്യം**

1. 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...381

2. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും ...460

**X അറിയിപ്പ്** ...521

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 23, ചൊവ്വ*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 19 |
|---|---|---|

നിയമസഭ 2017 മേയ് മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യം നമ്പർ*571

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ ഏകീകരണം

1 (*571) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൽനിന്നും വ്യത്യസ്തമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണം ഏകീകരിച്ചുമൂലം ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ടോ;

(ബി) ഇത്തരത്തിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരകാര്യങ്ങൾ ഒരുമിച്ച് ചേർത്തുമൂലം ജോലിഭാരത്തിൽ വന്ന മാറ്റം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഇല്ല.

(ബി) ഇല്ല.

(സി) പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇപ്പോൾത്തന്നെ സംസ്ഥാന-ജില്ലാ തലങ്ങളിൽ സംവിധാനങ്ങളുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ പദ്ധതി രൂപീകരണ-നിർവ്വഹണ പ്രവർത്തനത്തിന് പിന്തുണ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 13-ാം പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിന് താഴെപ്പറയുന്ന സുപ്രധാനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ പരിശോധിച്ച് വെറ്റിംഗ് നടത്തി ജില്ലാ ആസൂത്രണ സമിതിക്ക് നൽകുന്നതിനുപകരം വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയതിനുശേഷം വെറ്റിംഗ് നടത്തുന്ന രീതിയിലേയ്ക്ക് വന്നു. വാർഷിക പദ്ധതി മൊത്തത്തിൽ അംഗീകരിക്കുന്നതിനുമുമ്പ് മുടക്കം കൂടാതെ നടത്തേണ്ട പ്രോജക്ടുകളും സീസണിനു മുമ്പ് നടത്തേണ്ട പ്രോജക്ടുകളും നടപ്പാക്കാനുള്ള സമീപനം സ്വീകരിച്ചു. നഗര പ്രദേശങ്ങളുടെ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നതിനും നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കുന്നതിനും നഗരസഭകൾക്ക് പ്രത്യേകമായ മാർഗ്ഗരേഖ തയ്യാറാക്കി. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രോജക്ടുകൾവെറ്റ് ചെയ്യുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള സൗകര്യം ഇല്ലാതിരുന്നതാണ്. എന്നാൽ പ്രോജക്ടുകൾക്ക് വെറ്റിംഗിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഈ തടസ്സം ഇപ്പോൾ നീക്കിയിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്ത് 941 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 നഗരസഭകളും 6 മുനിസിപ്പൽ കോർപ്പറേഷനുകളും കൂടാതെ ഗ്രാമവികസന വകുപ്പ്, കുടുംബശ്രീ, നഗരാസൂത്രണ വകുപ്പ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഓംബുഡ്സ്മാൻ തുടങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലുകളടക്കമുള്ള മേഖലകളിൽ 25,000-ത്തിലധികം ജീവനക്കാരുള്ള വകുപ്പാണ് തദ്ദേശസ്വയംഭരണ വകുപ്പ്. 1435 കോടി രൂപ ബഡ്ജറ്റ് വിഹിതമുള്ള

വ്യവസായ വകുപ്പും 944 കോടി രൂപ ബഡ്ജറ്റ് വിഹിതമുള്ള ജലസേചന വകുപ്പും പ്രത്യേകം മന്ത്രിമാരുടെ കീഴിലാണ്. എന്നാൽ 6571 കോടി രൂപ ബഡ്ജറ്റ് വിഹിതമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു മന്ത്രിയും ഒരു പ്രിൻസിപ്പൽ സെക്രട്ടറിയും ഒരു ചീഫ് എഞ്ചിനീയറുമാണുള്ളത്. ഇത് പദ്ധതി നിർവ്വഹണ ത്തെയും അതിന്റെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നതാണ് വസ്തുത. അത് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതല്ലേ നല്ലത്?

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ നടന്നിട്ടുണ്ടെന്ന് പറയാൻ കഴിയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ച ഘട്ടത്തിലൊക്കെത്തന്നെ ഈ വകുപ്പുകളെല്ലാം ഒന്നായിരുന്നു. ജീവനക്കാരുടെ എണ്ണക്കൂടുതൽകൊണ്ട് ഏതെങ്കിലും ഒരു വകുപ്പിന് പ്രയാസം നേരിടുമെങ്കിൽ വിദ്യാഭ്യാസവകുപ്പ് രണ്ടോമൂന്നോ വിഭാഗമാക്കി തിരിക്കേണ്ടി വരുമായിരുന്നില്ലേ? ഏതാണ്ട് രണ്ട് ലക്ഷത്തോളം അദ്ധ്യാപകരും ജീവനക്കാരുമാണ് വിദ്യാഭ്യാസമേഖലയിൽ ജോലി ചെയ്യുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 90 സ്റ്റാഫും 3 മന്ത്രിമാരും കൈകാര്യം ചെയ്തിരുന്ന വകുപ്പുകളെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ച ഘട്ടങ്ങളിലൊക്കെ ഏകോപിപ്പിച്ചുകൊണ്ട് ഒരു മന്ത്രിയാണ് കൈകാര്യം ചെയ്തിരുന്നത്. 90 പേർക്കുപകരം 25 ജീവനക്കാരേ ജോലി ചെയ്യുന്നുള്ളൂ. എന്നിട്ടും കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്തെ 70 ശതമാന ത്തോളംവരുന്ന റോഡുകളുടെ ചുമതലയുള്ള തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു ചീഫ് എഞ്ചിനീയറാണുള്ളത്. ബാക്കി 30 ശതമാനത്തോളം വരുന്ന റോഡുകളുടെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിന് 4 ചീഫ് എഞ്ചിനീയർമാരുണ്ട് എന്ന കാര്യം പരിശോധിച്ച്, പഞ്ചായത്ത് വകുപ്പിനും നഗരവകുപ്പിനും പ്രത്യേകം ചീഫ് എഞ്ചിനീയർമാരാക്കി മാറ്റിയാൽ അതിന്റെ ഗുണനിലവാരവും പ്രവർത്തനവും ഏകോപിപ്പിക്കാനും ഏറ്റവും നന്നായി നടപ്പിലാക്കാനും സാധിക്കുകയില്ലേ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാലമത്രയും അത്തരം ഒരു സംവിധാന മായിരുന്നു നിലനിന്നിരുന്നത്. ഇപ്പോൾത്തന്നെ ഏതാണ്ട് 179-ഓളം പഞ്ചായത്തു കളിൽ എ.ഇ.-മാരുടെ തസ്തികകളില്ല. ഒരു പഞ്ചായത്തിൽ ഒരു എ.ഇ. എന്നുള്ളത് യാഥാർത്ഥ്യമാക്കണമെന്നതന്നെയാണ് സർക്കാരിന്റെ ഉദ്ദേശ്യം. 179 ഓവർസിയർമാരുടെ പുതിയ തസ്തികകൾകൂടി സൃഷ്ടിച്ചാലേ ഒരു ഗ്രാമപഞ്ചായത്തിൽ രണ്ട് ഓവർസി യർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. അതുമായി ബന്ധപ്പെട്ട പോസ്റ്റ് ക്രിയേഷന്റെ ഫയലുകൾ അന്തിമഘട്ടത്തിലാണ്. ഏതാനും ആഴ്ചകൾക്കുള്ളിൽ അക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചീഫ് എഞ്ചിനീയർ ഒന്നേയുള്ളൂവെങ്കിലും അതിനുതാഴെയുള്ള എഞ്ചിനീയർമാരുടെ

എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിംഗിനെ കാര്യക്ഷമമാക്കിയാൽ മാത്രമെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. പുതിയതായി നിരവധി പേരെ പി.എസ്.സി.-യിൽ നിന്ന് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമിച്ചുകഴിഞ്ഞു. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിക്കഴിഞ്ഞു. ശേഷിക്കുന്നവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ പൂർണ്ണമായും എഞ്ചിനീയറിംഗ് വിംഗ് എക്യുപ്ഡാകുമെന്നു തന്നെയാണ് കരുതുന്നത്.

<u>ശ്രീ. എം. ഉമ്മർ:</u> സർ, അധികാരവികേന്ദ്രീകരണം വന്നിട്ട് 22 വർഷമായി. അധികാരം ഒറ്റ മന്ത്രിയിൽ കേന്ദ്രീകരിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. 22 വർഷത്തിനുശേഷം ഈ ഒരു വർഷത്തിനുള്ളിലാണ് ഇത്ര കുറഞ്ഞ പണം പദ്ധതിയിൽ ചെലവഴിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാത്രമല്ല, മലപ്പുറം ജില്ലാ പഞ്ചായത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായറിയാം. അവിടെ ഒരു വനിതാ ഘടക പദ്ധതിക്കുവേണ്ടി ഒന്നേകാൽ കോടി രൂപ നീക്കിവയ്ക്കുകയും ഇവിടെനിന്ന് അംഗീകാരം ലഭിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ ഇടപെടലുണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടുപോലും ചുമതലയുള്ള ഉദ്യോഗസ്ഥർ സമ്മതിക്കാത്തതുകൊണ്ട് ഇപ്പോഴും അത് നടപ്പിലാക്കാൻ കഴിയാതെയിരിക്കുകയാണെന്നുള്ള ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കാര്യക്ഷമമായി പ്രവർത്തിക്കുകയെന്നുള്ളതിന്റെ അർത്ഥം ധാരാളം മന്ത്രിമാരെ ഒരു വകുപ്പ് കഷണം കഷണമാക്കി ഏൽപ്പിക്കുകയെന്നല്ല; അല്ലാതെതന്നെ കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും. കഴിഞ്ഞ സാമ്പത്തികവർഷം എന്തുകൊണ്ടാണ് എക്സ്പെൻഡിച്ചർ കുറഞ്ഞതെന്ന് അങ്ങേയ്ക്കുമറിയാം. തെരഞ്ഞെടുപ്പിന്റെ സമയത്ത് മൂന്നുമാസം ഒരു പൈസയുടെ എക്സ്പെൻഡിച്ചർപോലും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നില്ല. മാത്രമല്ല, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷവുമായിരുന്നു അത്. എന്നാൽപോലും എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് 69-70 ശതമാനത്തിലേയ്ക്ക് എക്സ്പെൻഡിച്ചർ എത്തിക്കാൻ സാധിച്ചു. മാത്രമല്ല, മുൻവർഷങ്ങളിൽ നഷ്ടപ്പെടുമായിരുന്ന തുക നഷ്ടപ്പെടാത്ത സാഹചര്യവും ഈ സർക്കാർ സംജാതമാക്കി. കഴിഞ്ഞവർഷം ഡി.പി.സി. അംഗീകരിച്ച മുഴുവൻ പ്രോജക്ടുകൾക്കും ക്യാരി ഓവർ അനുവദിച്ചുകൊണ്ട് സർക്കാർ പ്രത്യേക ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്താണ് നടന്നതെന്ന് പരിശോധിച്ച് അങ്ങയെ അറിയിക്കുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രി വകുപ്പുകൾ ഏകോപിപ്പിച്ചതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുകളുമുണ്ടായിട്ടില്ല എന്നാണ് പറയുന്നത്; എന്നാൽ കാര്യക്ഷമമായിട്ടില്ലെന്നുള്ളത് വളരെ വ്യക്തമാണ്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഇത്ര ലോ പെർഫോമൻസ് വേറെ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. അതുപോലെതന്നെ മന്ത്രിയുടെ സ്വന്തം ജില്ലയായ മലപ്പുറത്ത് 27 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോഴും സെക്രട്ടറിമാരില്ല. 7 ബ്ലോക്ക് പഞ്ചായത്തുകളിൽ ഇപ്പോഴും എ.എക്സ്.ഇ.-മാരില്ല. മലപ്പുറം ജില്ലാ പഞ്ചായത്തിൽ ഇതുവരെ ഒരു സെക്രട്ടറിയുമുണ്ടായിട്ടില്ല. ജൂൺ 30 വരെ പദ്ധതി പ്രവർത്തനം നീട്ടേണ്ടിവന്ന ഒരു കാലഘട്ടവും ഇതിന് മുമ്പുണ്ടായിട്ടില്ല. ഇവിടെ ഏകീകരിച്ചതിന്റെ ഗുണഫലം ലഭിക്കുന്നില്ലെന്നു മാത്രമല്ല അത് ദോഷകരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുണ്ടായിട്ടുള്ള പോരായ്മകളാണ് കഴിഞ്ഞ ഒരു വർഷം നമുക്ക് കാണാൻ കഴിഞ്ഞത്. ഈ സർക്കാരിന്റെ പെർഫോമൻസ് എന്താണെന്ന് ഈ വർഷം മുതൽ വിലയിരുത്തിയാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ വർഷം ആരംഭഘട്ടത്തിൽ തന്നെ പദ്ധതികളുടെ രൂപീകരണമായിക്കഴിഞ്ഞു; വികസന സെമിനാറുകൾ നടന്നുകഴിഞ്ഞു. 841 ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതിന്റെ അവസാനഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. പദ്ധതിയുടെ നിർവ്വഹണഘട്ടം കടന്നുകഴിഞ്ഞു. യഥാർത്ഥത്തിൽ മുൻവർഷങ്ങളിൽ ഒരു കുത്തഴിഞ്ഞ അവസ്ഥ നിലനിന്നിരുന്നു. അത് തുന്നിക്കെട്ടാനുള്ള സാഹചര്യമായിരുന്നു കഴിഞ്ഞ ഒരു വർഷം. ആ സമയത്ത് സംഭവിച്ചിട്ടുള്ള പിശകുകളാണിത്. അത് മുൻ സർക്കാരിന്റെ പിശകുകളുടെ തുടർച്ചയായിരുന്നു. ഏതായാലും അതെല്ലാം മാറ്റി ഈ വർഷം മുതൽ വളരെ ഭംഗിയായും ചിട്ടയോടെയും വ്യവസ്ഥാപിതമായും കാര്യങ്ങൾ നടത്തുന്നതിന് വേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും നടന്നുകഴിഞ്ഞു. അതിന്റെ ഏറ്റവും വലിയ തെളിവാണ് 841 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരണത്തിൽ എത്തുന്നുവെന്നുള്ളത്. വരുന്ന 15-20 ദിവസത്തിനുള്ളിൽ ഈ കാര്യത്തിൽ ഒരു സമ്പൂർണ്ണത കൈവരിക്കാനും കഴിയും. സാമ്പത്തിക വർഷത്തിന്റെ ആരംഭഘട്ടത്തിലെ ആദ്യ പാദത്തിൽത്തന്നെ എക്സ്പെൻഡിച്ചറാക്കുകയെന്നുള്ള ചരിത്രത്തിലെ ആദ്യത്തെ സംഭവവും നടക്കാൻ പോകുകയാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് വികേന്ദ്രീകരണമാണെന്നാണ്. ഇത് ആർക്കും മനസ്സിലാകാത്ത ഒരു സംഗതിയാണ്. അഞ്ച് ഡിപ്പാർട്ടുമെന്റുകളെ ഒരു എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിൽ കൊണ്ടുവരികയാണ്.

ഇത് എങ്ങനെയാണ് വികേന്ദ്രീകരണമാകുകയെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. 1994-ൽ പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫിനെയും കോമൺ സർവീസസ് സ്റ്റാഫിനെയും സംയോജിപ്പിച്ചു. അതിനെത്തുടർന്നുള്ള കേസ് സുപ്രീംകോടതിയിൽ നിലനിൽക്കുകയാണ്. 13 ഡി.ഡി.പി.-മാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഡി.ഡി.പി.-മാരുടെയും എ.ഡി.പി.-മാരുടെയും തസ്തിക ഒഴിഞ്ഞുകിടക്കേണ്ടിവന്നത് സുപ്രീംകോടതിയിൽ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി സംബന്ധിച്ചുള്ള കേസ് നിലനിൽക്കുന്നതുകൊണ്ടാണ്. വീണ്ടും അഞ്ച് ഡിപ്പാർട്ടുമെന്റുകളെ ഒരു എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിൽ കൊണ്ടുവരുമ്പോൾ കൂടുതൽ സീനിയോരിറ്റി തർക്കങ്ങൾ വരാനിടയാകും. പഞ്ചായത്തുകളിൽ ഇപ്പോൾത്തന്നെ കാര്യങ്ങൾ നടക്കുന്നില്ല. ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്ന ഒരു സാഹചര്യമുണ്ടാകാൻ പോകുകയാണ്. എന്ത് ഫലമാണ് ഇതുകൊണ്ടുണ്ടാകാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ; ഇപ്പോൾ പഞ്ചായത്തുകളിലെ പുതിയ കാര്യങ്ങൾ നമ്മളെ ഏൽപ്പിച്ചിരിക്കുകയാണ്. അപ്പോൾ ജീവനക്കാരില്ലാതെ ഒരു സംഗതിയും മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല.

ഡോ. കെ. ടി. ജലീൽ: സർ, ജീവനക്കാർ തമ്മിലുള്ള സീനിയോറിറ്റി പ്രശ്നത്തിൽ കഴിഞ്ഞ സർക്കാർ ഇടപെട്ടതുകൊണ്ടാണ് ഡി.പി.സി. കൂടാൻ സാധിക്കാതെ പോകുകയും 180-ഓളം സെക്രട്ടറിമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന സ്ഥിതി സംസ്ഥാനത്ത് സംജാതമാകുകയും ചെയ്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുപ്രീം കോടതിയിലെ കേസ്സുമായി ബന്ധപ്പെട്ട് നിയമോപദേശം തേടി സെക്രട്ടറിമാരുടെ മുഴുവൻ പ്രൊമോഷനുകളും നടത്തി. ഇപ്പോൾ ഹയർ പോസ്റ്റുകളിലേയ്ക്ക് മാത്രമാണ് പ്രൊമോഷൻ നടത്താൻ സാധിക്കാതെ വന്നിരിക്കുന്നത്. സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ 26 പഞ്ചായത്തുകളിൽ സെക്രട്ടറിമാരില്ല എന്നുള്ളത് കുറേക്കാലം മുൻപുള്ള കണക്കാണ്. ബഹുമാന്യനായ എന്റെ സുഹൃത്ത് ടി. വി. ഇബ്രാഹിം പുതിയ കണക്കിനെ സംബന്ധിച്ച് അന്വേഷിക്കുന്നത് നന്നായിരിക്കും എന്നാണ് പറയാനുള്ളത്. കോമൺ സർവീസിന്റെ കീഴിൽ എൽ.എസ്.ജി. ജീവനക്കാരെ കൊണ്ടുവരുന്നതിനെക്കുറിച്ച് ബഹുമാന്യനായ അംഗം സൂചിപ്പിക്കുകയുണ്ടായി. അത് ഈ സർക്കാരിന്റെ പ്രഖ്യാപിതമായ നയമാണ്. ഇതിന് ആവശ്യമായ എല്ലാ നടപടികളും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. എൽ.എസ്.ജി. കമ്മീഷനെ ഒരു കോമൺ സർവീസ് രൂപീകരിക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഇതിനകംതന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സംഘടനകളുമായി കമ്മീഷൻ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

വ്യക്തമായ സമവായത്തിലൂടെ ജീവനക്കാർക്ക് സാമ്പത്തികമായി നഷ്ടമൊന്നും വരുത്താതെയും അവരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കാതെയും കോമൺ സർവീസ് നടപ്പിലാക്കാൻ കഴിയുമെന്നുതന്നെയാണ് സർക്കാരിന്റെ ഉറച്ച വിശ്വാസം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, സ്പെഷ്യൽ ടീച്ചേഴ്സ്, ബഡ്സ് സ്കൂളിലുള്ള ടീച്ചേഴ്സ്, ഹെൽപ്പേഴ്സ്, പകൽ വീട്ടിലെ ജീവനക്കാർ, വൃദ്ധസദനത്തിലെ സഹായികൾ എന്നിങ്ങനെ കോൺട്രാക്ട് വ്യവസ്ഥയിൽ ഒട്ടേറെ ജീവനക്കാർ പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ വേതനം വളരെ പരിമിതമായതുകൊണ്ട് അത് പ്രവർത്തനത്തെ നന്നായി ബാധിക്കുന്നുണ്ട്. അവരുടെ വേതനം വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ആ രംഗത്ത് വലിയ മാറ്റം വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ സർക്കാർ കാര്യങ്ങൾ മുന്നോട്ട് നീക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്തിരുന്നവർ, വൃദ്ധസദനങ്ങളിൽ ജോലി ചെയ്തിരുന്നവർ എന്നിവർക്കൊക്കെ വളരെ തുച്ഛമായ വേതനമായിരുന്നു. ചിലർക്ക് വേതനവും ഓണറേറിയവും ഉണ്ടായിരുന്നില്ല. ഈ സർക്കാർ 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത്ര രൂപയുണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിലെ നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത ടീച്ചർമാർക്ക് കഴിഞ്ഞ കാലങ്ങളിൽ പ്രതിമാസം നൽകിയിരുന്നത് 3,600 രൂപ ആയിരുന്നെങ്കിൽ ഇനി മുതൽ അവർക്ക് 7,500 രൂപയാണ് ലഭിക്കാൻ പോകുന്നത്. പത്താം തരം കഴിയാത്ത ഹെൽപ്പർമാർക്ക് 3,600 രൂപയായിരുന്നു ഇക്കാലമത്രയും നൽകിയിരുന്നതെങ്കിൽ ഇനി മുതൽ 6,000 രൂപ വേതനം ലഭിക്കാൻ പോകുകയാണ്. നിശ്ചിത യോഗ്യതയുള്ള സ്പെഷ്യൽ ടീച്ചർമാർക്ക് 10,000 രൂപയായിരുന്നു ഇതുവരെ നൽകിയിരുന്നതെങ്കിൽ ഇനിമുതൽ 20,000 രൂപയാണ് പ്രതിമാസ വേതനമായി ലഭിക്കാൻ പോകുന്നത്. ബിരുദധാരികളായ ടീച്ചർമാർക്ക് പ്രതിമാസം 10,000 രൂപ എന്നുള്ളത് 15,000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. അസിസ്റ്റന്റ് ടീച്ചർമാർക്ക് 7,000 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇനി ലഭിക്കുന്നത് 12,000 രൂപയാണ്. ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണ ടെക്നിക്കൽ അസിസ്റ്റന്റിന് 13,500 രൂപയായിരുന്നു ഇതുവരെ ലഭിച്ചിരുന്നതെങ്കിൽ 21,000 രൂപയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ലഭിക്കാൻ പോകുന്നത്. ഹയർസെക്കണ്ടറി സ്കൂളിലെയും, ഹൈസ്കൂളിലെയും ലൈബ്രേറിയൻമാർക്ക് തുകയൊന്നും നൽകിയിരുന്നില്ല. അവർക്ക് 8,000 രൂപയാണ് ഓണറേറിയം ലഭിക്കാൻ പോകുന്നത്. പകൽ വീട്, വൃദ്ധസദനം എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ഇതുവരെ ഒന്നും നൽകിയിരുന്നില്ല. ഇനി മുതൽ അവർക്ക് 8,000 രൂപ ഓണറേറിയം ലഭിക്കും. സ്കൂൾ കൗൺസിലർമാർക്ക് ഇതുവരെ

തുകയൊന്നും നൽകിയിരുന്നില്ല, ഇനിമുതൽ അവർക്ക് 14,500 രൂപയാണ് ഓണറേറിയമായി ലഭിച്ചുതുടങ്ങുന്നത്. ജാഗ്രതാ സമിതികൾക്ക് ഇതുവരെ തുകയൊന്നും നൽകിയിരുന്നില്ല. അവർക്ക് ഓണറേറിയമായി നൽകാൻ നിശ്ചയിച്ചിരിക്കുന്നത് 10,000 രൂപയാണ്. പ്ലാൻ ഫണ്ടിൽ നിന്ന് ഡോക്ടർമാരെ പി.എച്ച്.സി.-കളിൽ ഗ്രാമപഞ്ചായത്തുകൾക്കും സി.എച്ച്.സി.-കളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും നിയമിക്കുവാനുള്ള ഉത്തരവും ഇതിനകം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി ഇറക്കി കഴിഞ്ഞു. അത്തരത്തിൽ നിയമിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും ഡോക്ടർമാർക്ക് 41,475 രൂപയും പാരാമെഡിക്കൽ സ്റ്റാഫിന് 23,100 രൂപയുമാണ് ഇനി മുതൽ നൽകുക. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലകളിൽ ഇടപെട്ട് വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കാര്യങ്ങൾ പൂർണ്ണമായി ശരിയാക്കിക്കൊണ്ടിരിക്കുകയാണ് എന്നുതന്നെയാണ് ഇത് വ്യക്തമാക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാന പ്രശ്നം ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിയാണ്. ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാത്തിടത്തോളംകാലം നാട്ടിലെ വികസനത്തെക്കുറിച്ച് എത്ര പറഞ്ഞാലും ജനങ്ങൾക്ക് ബോദ്ധ്യപ്പെടുകയില്ല. ഗ്രാമപഞ്ചായത്തിലേയ്ക്ക് നമ്മൾ കുറച്ച് തുക നൽകും, പഞ്ചായത്തിന് ലഭിക്കുന്ന തുക ഇതുപോലുള്ള മേഖലയിൽ വിനിയോഗിക്കുമ്പോൾ പൂർണ്ണമായി ചെയ്യാൻ കഴിയാതെ അരമുഴം, മുക്കാൽമുഴമായി ഈ റോഡുകളെല്ലാം മുറിഞ്ഞ് പോകുകയാണ്. അതുകൊണ്ട് ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ? എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്തതുകൊണ്ടുള്ള അനുഭവം അങ്ങ് ഇവിടെ പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. മിനിമം സെക്രട്ടറിമാരെയെങ്കിലും നിയമിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സെക്രട്ടറിമാരെ നിയമിക്കാനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. 190-ഓളം ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാർ ഇല്ലാതിരുന്ന സ്ഥിതി ഇന്ന് നിലവിലില്ല. എവിടെയെങ്കിലും സെക്രട്ടറിമാർ ഇല്ലെന്ന് ചൂണ്ടി കാണിച്ചാൽ അവിടെ ഉടൻതന്നെ സെക്രട്ടറിമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കും. ഗ്രാമീണ റോഡുകൾ ഒറ്റത്തവണ തീർപ്പാക്കൽ എന്ന നിലയിൽ ചില സ്ഥലത്തെങ്കിലും കുറച്ച് പണം ചെലവഴിച്ച് ഇതിനകം അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വീതി കൂടിയ റോഡുകൾ പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിലൊരു ആലോചന നടക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അധീനതയിൽ നിരവധി റോഡുകളുള്ളതുകൊണ്ട് അവയുടെ അറ്റകുറ്റപ്പണി പ്രോപ്പറായി

നടത്താൻ കഴിയാത്ത ഒരു സാഹചര്യം നിലവിലുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പുമായും ധനകാര്യ വകുപ്പുമായും കൂടിയാലോചിച്ച് അന്തിമ തീരുമാനം എടുക്കുന്നതാണ്. ആ സമയത്ത് ബന്ധപ്പെട്ട മെമ്പർമാരെ തീർച്ചയായും അക്കാര്യം അറിയിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കഷണ്ടിക്കും അസൂയയ്ക്കും മരുന്നില്ല എന്ന് പറയാറുണ്ട്. അതുപോലെ നാല് മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പ് ഒരു മന്ത്രി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിലുള്ള അസൂയയിൽനിന്നുണ്ടായ വൈക്ലബ്യമാണ് ചില ആളുകൾക്കുള്ളത്. 70,000 ജനസംഖ്യയുള്ള പഞ്ചായത്തുകൾക്കും അതിന്റെ നേർപകുതി ജനസംഖ്യയുള്ള പഞ്ചായത്തുകൾക്കും ഒരേ സ്റ്റാഫ് പാറ്റേൺ ആണോ? ഈ വിഷയം പരിഹരിക്കുന്നതിനുവേണ്ടി ഒരു നിശ്ചിത ജനസംഖ്യയിലധികമുള്ള പഞ്ചായത്തുകൾക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിശ്ചയിക്കാൻ അനുമതി നൽകുമോ?

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകൃതമായ കാലത്തുണ്ടായിരുന്ന അതേ സ്റ്റാഫ് പാറ്റേണാണ് ഇന്ന് എല്ലാ സ്ഥലങ്ങളിലും നിലനിൽക്കുന്നത്. മുമ്പ് 20,000 ജനസംഖ്യ ഉണ്ടായിരുന്ന പഞ്ചായത്തുകൾ ഇപ്പോൾ 40,000-വും 50,000-വും ജനസംഖ്യയുള്ള പഞ്ചായത്തുകളായി മാറി. എന്നാൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവൊന്നും വന്നിട്ടില്ല. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നേരത്തെയുണ്ടായിരുന്ന പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി ഉയർത്തി. 28 പുതിയ മുനിസിപ്പാലിറ്റികൾ നിലവിൽ വന്നു. ഇതോടുകൂടി പഞ്ചായത്ത് മേഖലയിൽ ജോലി ചെയ്തിരുന്ന 560-ഓളം ജീവനക്കാരുടെ സേവനം നമുക്ക് എക്സസായി ലഭിച്ചിട്ടുണ്ട്. പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ചപ്പോൾ 1200-ഓളം പുതിയ തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചു. ഈ പശ്ചാത്തലത്തിൽ 560-ഓളം വരുന്ന ജീവനക്കാരെ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിലേയ്ക്കും ഭൂമിശാസ്ത്രപരമായി കൂടുതൽ വ്യാപ്തിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് ആലോചിക്കുകയും പരിശോധിക്കുകയും ചെയ്തശേഷം ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ജീവനക്കാരുടെ പരിമിതികാരണം എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ബ്ലോക്കിൽനിന്നും കാലതാമസം ഉണ്ടാകുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെ കഴിഞ്ഞ വർഷം അനുവദിച്ച ഫണ്ടുകളെ സംബന്ധിച്ച് എന്തായെന്ന് രാഷ്ട്രീയപരമായും അല്ലാതെയും ആളുകൾ ചോദിക്കുന്നൊരു അവസ്ഥയിൽ എത്തിയിരിക്കുകയാണ്. എല്ലാവർക്കും ഈയൊരു പ്രശ്നമുണ്ട്. ഇത് പെട്ടെന്ന് പൂർത്തിയാക്കാൻ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും പ്രത്യേക സ്കീമുകളോ പദ്ധതികളോ തയ്യാറാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, എഞ്ചിനീയറിംഗ് സ്റ്റാഫിനെ ശക്തമാക്കുക എന്നുതന്നെയാണ് ഇതിന്റെ പ്രായോഗികമായിട്ടുള്ള പരിഹാരം. അതിനാവശ്യമായ കുറച്ച് തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ആ തസ്തിക സൃഷ്ടിക്കൽ ഉടൻതന്നെ നടക്കുകയും അത് അധികം വൈകാതെതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യും. എഞ്ചിനീയർമാരുടെ ലിസ്റ്റ് പി.എസ്.സി.യിൽ നിലവിലുള്ളതുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കുതന്നെ നിയമനം ലഭിക്കുമെന്നാണ് കരുതുന്നത്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് സ്റ്റാഫിനെ നിയമിക്കാനുള്ള അവകാശവും നൽകിയിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും അത് വേണ്ട രീതിയിൽ പ്രയോഗിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ഇടപെടലുണ്ടായാൽ നന്നാകുമെന്നാണ് തോന്നുന്നത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസന വകുപ്പുകളുടെ സംയോജന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; അത് പൂർത്തീകരിക്കപ്പെടുന്നതോടുകൂടി എം.എൽ.എ./എം.പി. ഫണ്ടുകളുടെ വിനിയോഗത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടാകാൻ സാദ്ധ്യതയുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, വിവിധ ഡിപ്പാർട്ടുമെന്റുകളായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതിനെയൊരു കോമൺ സർവീസിന്റെ ഭാഗമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ കോമൺ സർവീസിന്റെ ഭാഗമായാൽ കൂടുതൽ ശക്തിമത്തായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകതന്നെ ചെയ്യും.

മി. സ്പീക്കർ: ചോദ്യം നമ്പർ * 572

**ജൈവകർഷകർക്ക് പ്രാദേശികതലത്തിൽ അംഗീകാരം**

2 (*572) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിക്കാവശ്യമായ ജൈവവളവും ജൈവകീടനാശിനിയും ആവശ്യാനുസരണം ലഭ്യമാകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കൃഷിക്കുവരുന്ന അധികച്ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത് ജൈവകൃഷിയിൽനിന്നും പിൻതിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്നത് പരിഗണിച്ച് ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിച്ച് ബ്രാൻഡ് ചെയ്ത് ന്യായവില ലഭ്യമാക്കാൻ നടപടിയുണ്ടാകുമോ ;

(സി) ജൈവകർഷകർക്ക് പ്രാദേശികതലത്തിൽ അംഗീകാരം നൽകി കൃഷി വ്യാപനത്തിന് പ്രോൽസാഹനം നൽകാൻ നടപടിയെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. ജൈവവളവും ജൈവകീടനാശിനിയും കൃഷിയിടത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോൽസാഹനവും ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും 5 യൂണിറ്റുകൾവീതം 146 ബ്ലോക്കുകളിലായി 730 ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി യൂണിറ്റൊന്നിന് 5000 രൂപ ക്രമത്തിൽ 36.50 ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നല്ല കൃഷിമുറകൾ വഴി കർഷകരുടെ ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കർഷകർക്ക് പ്രീമിയം വില ലഭിക്കുന്ന രീതിയിൽ ഇക്കോ ഷോപ്പുകളിലൂടെ വിപണനം നടത്തുന്നുണ്ട്. ഇതിനായി നിലവിൽ 66 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി 100 ഇക്കോ ഷോപ്പുകൾകൂടി ആരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിനായി ഓരോന്നിനും 2 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കർഷകർ ഇക്കോഷോപ്പുവഴി നല്ല കൃഷിമുറകൾ അവലംബിച്ച് ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ വിൽപ്പന നടത്തുമ്പോൾ കിലോയ്ക്ക് 5 രൂപ ക്രമത്തിൽ ധനസഹായവും നൽകിവരുന്നുണ്ട്.

(സി) ജൈവ കർഷകർക്ക് പ്രാദേശിക തലത്തിൽ അംഗീകാരം നൽകുന്നതിന് ജൈവ കാർഷിക മണ്ഡലം അവാർഡ് ആസൂത്രണം ചെയ്തിട്ടുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി 123 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യത്തിന് ഭാവിയിലേയ്ക്കുള്ള കരുതലാണ് ജൈവകൃഷി. ഈ മേഖലയിൽ കേരളത്തിൽ ഇടതുപക്ഷ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നടപടികൾ വളരെ ശ്രദ്ധേയമാണ്. ഊർജ്ജസ്വലനും ഭാവനാസമ്പന്നനുമായ ഒരു കൃഷി വകുപ്പുമന്ത്രി കൂടിയുണ്ടെന്ന

കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. എന്റെ ചോദ്യം, ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ഉൽപ്പാദനവും ഉപയോഗവും വർദ്ധിപ്പിക്കാനും കഴിയണമെങ്കിൽ ഈ രംഗത്തെ വ്യാജന്മാരെ കണ്ടെത്തിയേ മതിയാകൂ. ഈ രംഗത്ത് വ്യാജ ലേബലിൽ നിരവധി കള്ള നാണയങ്ങളുണ്ട്. ഇവരെ കണ്ടെത്താൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. സത്യത്തിൽ യഥാർത്ഥ കർഷകർ വഞ്ചിക്കപ്പെടുകയാണ്. വ്യാജമാണോ അല്ലയോ എന്നത് റിസൾട്ട് വന്നതിനുശേഷമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അപ്പോഴേയ്ക്കും വാങ്ങേണ്ടതെല്ലാം ഉപഭോക്താക്കൾ വാങ്ങിക്കഴിയും. ഈ രംഗത്തെ വ്യാജന്മാരെ തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവവളം എന്ന പേരിലും ജൈവകീടനാശിനി എന്ന പേരിലും വിൽപ്പന നടത്തുന്നതെല്ലാം ജൈവവളമാണോ ജൈവകീടനാശിനിയാണോയെന്ന് പരിശോധിക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ സർക്കാരിന്റെ ഭാഗത്തില്ലെങ്കിലും നിലവിലുള്ള കീടനാശിനിയുമായി ബന്ധപ്പെട്ട നിയമം ഉപയോഗിച്ചുകൊണ്ടുതന്നെ ജൈവവളത്തിന്റെയും ജൈവകീടനാശിനിയുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിന് ശാശ്വതമായ പരിഹാരമെന്ന നിലയിലാണ് പ്രാദേശികമായി ജൈവവളവും ജൈവ കീടനാശിനിയും ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. നേരത്തെ പറഞ്ഞതിനുപുറമേ കേരളത്തിൽ പ്രാദേശികമായി ജൈവവളങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഏകദേശം 3330 യൂണിറ്റുകൾ പരിശീലനം നൽകി ആരംഭിക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, മണ്ണ് ജൈവസമ്പുഷ്ടമാക്കാൻ ആറേഴ് വർഷമെങ്കിലും വേണമെന്നാണ് കൃഷി ശാസ്ത്രജ്ഞർ പറയുന്നത്. ജൈവകൃഷിയിലേയ്ക്ക് മാറിയ കർഷകനെ സംബന്ധിച്ച് ഈയൊരു കാലയളവ് വളരെ പ്രയാസമേറിയതാണ്. കൃഷിയിനത്തിൽ ഉൽപ്പാദനക്ഷമതയും ക്വാണ്ടിറ്റിയും കുറയും; നല്ല വില കിട്ടണമെന്നില്ല. ഉദാഹരണത്തിന്, 5 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് ഒന്നര ടൺ നെല്ല് മാത്രമേ ലഭ്യമാകുകയുള്ളൂ. ഈയൊരു സാഹചര്യത്തിൽ, ഈ കാലയളവിൽ കർഷകർക്ക് പിടിച്ചുനിൽക്കാൻ കോമ്പൻസേഷൻ നൽകുന്നതിനെക്കുറിച്ചോ അങ്ങനെയുള്ള എന്തെങ്കിലും പദ്ധതികൾ തുടങ്ങുന്നതിനെക്കുറിച്ചോ ആലോചിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവകൃഷി ചെയ്യുമ്പോൾ ഉൽപ്പാദനം കുറയുമെന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. ജൈവകൃഷിയുടെ ആദ്യഘട്ടത്തിൽ ഉൽപ്പാദനം കുറയുമെന്ന് പറയുന്നത് ശരിയാണ്. ജൈവവളവും ജൈവകീട നാശിനികളും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിക്കൊണ്ടും മിത്രകീടങ്ങളുടെ വർദ്ധനവ് വരുത്തിക്കൊണ്ടും വ്യാപകമായ രീതിയിൽ ശാസ്ത്രീയകൃഷി അവലംബിക്കുകയാണെങ്കിൽ വൻതോതിലുള്ള ഉൽപ്പാദനനഷ്ടം സംഭവിക്കാതെ കൃഷി നടത്താൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ജൈവകൃഷിയിലേയ്ക്ക് വരുന്ന കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടത്തിന്റെ ഭാഗമായി അവരെ സഹായിക്കാനാണ് നല്ലമുറ കൃഷി പരിപാലനം നടത്തികൊണ്ടിരിക്കുന്ന ക്ലസ്റ്ററുകൾക്ക് കിലോയ്ക്ക് 5 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നത്. ജൈവരീതിയിൽ നെല്ലുൽപ്പാദനം വളരെ അപൂർവ്വമായി മാത്രമാണ് നടത്തികൊണ്ടിരിക്കുന്നത്. നെല്ലുൽപ്പാദന രംഗത്ത് വ്യാപകമായി ജൈവകൃഷി വരികയാണെങ്കിൽ അതിനാവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നതായിരിക്കും.

ശ്രീ. രാജു എബ്രഹാം: സർ, ജൈവവളം, വ്യാജൻ ഇതൊക്കെയാണ് ജൈവകൃഷിയുടെ പ്രധാന പ്രശ്നം. കന്നുകാലികളുടെ എണ്ണം കൂട്ടാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് നമുക്കുണ്ടാകേണ്ടത്. എന്നാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. രണ്ടാമത്തെ കാര്യം, ഇവിടെ ജൈവകൃഷിക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അവാർഡ് നൽകുന്നുണ്ട്. അത് നല്ല കാര്യം തന്നെയാണ്. പക്ഷേ നല്ല അടുക്കള തോട്ടങ്ങൾക്ക് അവാർഡ് നൽകുന്നില്ല. നല്ല അടുക്കള തോട്ടങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി ഓരോ വീടുകളിലും ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ വർഷം നൽകുന്ന അവാർഡുകളുടെ കൂട്ടത്തിൽ നമ്മുടെ പട്ടണങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകളെക്കൂടി തെരഞ്ഞെടുത്ത് അവാർഡുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി നല്ല ശ്രമമാണ് നടത്തിയതെങ്കിൽ ഇത്തവണ കൃഷി വകുപ്പ് വരുന്ന ഓണക്കാലം ലക്ഷ്യം വച്ചുകൊണ്ട് ഒരു വീട്ടിൽ ഓണത്തിന് 'ഒരുമുറം പച്ചക്കറി' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഓണത്തിന് എല്ലാ വീടുകളിലും അവരവർക്ക് ആവശ്യമായ കുറച്ചെങ്കിലും പച്ചക്കറി ഉൽപ്പാദിപ്പിക്കാനുള്ള വിപുലമായ ക്യാമ്പയിൻ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചുകൊണ്ട് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അടുക്കളത്തോട്ടം എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കാണ് ഈ രീതിയിലുള്ള അവാർഡ് ഇപ്പോൾ നൽകിവരുന്നത്. പ്രാദേശികമായി കൃഷി ചെയ്യുന്നവർക്ക് പഞ്ചായത്തുകൾ അവാർഡുകൾ നൽകുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷൻ വഴിയുള്ള അവാർഡുകളാണ് സംസ്ഥാനതലത്തിൽനൽകുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, നെൽകൃഷിക്ക് ലഭിക്കുന്നതുപോലുള്ള പലിശരഹിത വായ്പ ജൈവപച്ചക്കറി കൃഷിക്ക് നൽകുമെന്ന് ബഹുമാനപ്പെട്ട സി. ദിവാകരന്റെ അദ്ധ്യക്ഷതയിൽ ചേർന്നൊരു പരിപാടിയുമായി ബന്ധപ്പെട്ട് അങ്ങ് പ്രസ്താവിച്ചതായി

ദിനപ്പത്രത്തിൽ കണ്ടു. മൂന്ന് ലക്ഷം രൂപവരെ ജൈവകൃഷിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കുമെന്നാണ് പത്രങ്ങളിൽ കണ്ടത്. അതിനുള്ള നടപടിക്രമങ്ങൾ എത്രത്തോളമായി; നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അതോടൊപ്പംതന്നെ മണ്ണിനെ ജൈവസമ്പുഷ്ടമാക്കേണ്ടതുണ്ട്. ജൈവവളത്തിന്റെ ദൗർലഭ്യവുമുണ്ട്; അത് ലഭിക്കാൻ വളരെ പ്രയാസമാണ്; അത് ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ ക്രമീകരണം കുടുംബശ്രീപോലുള്ള സംവിധാനങ്ങളിലൂടെ ആവിഷ്കരിക്കേണ്ടതുണ്ട്. മണ്ണിനെ ജൈവസമ്പുഷ്ടമാക്കുകയെന്നത് പ്രധാനമാണ്. ഞാനും അദ്ദേഹവും പങ്കെടുത്ത ഒരു പരിപാടിയിൽ അവിടത്തെ മികച്ച കർഷകനുള്ള അവാർഡ് ലഭിച്ച ശ്രീ. നാസർ ഉൾപ്പെടെയുള്ളവർ അത്തരത്തിലുള്ളൊരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ മണ്ണിനെ ജൈവസമ്പുഷ്ടമാക്കാനുള്ള പദ്ധതികളെപ്പറ്റി പറഞ്ഞിട്ടുണ്ട്. കുടുംബശ്രീ, തൊഴിലുറപ്പുപദ്ധതി എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചാൽ അത്തരത്തിൽ മറ്റ് വളങ്ങൾ ഉപയോഗിക്കാതെ, മണ്ണിന്റെ നൈസർഗ്ഗികമായ വളം കൊണ്ടുതന്നെ ജൈവകൃഷി നടത്താൻ കഴിയും. അതുപോലെതന്നെ പഞ്ചായത്തുതലത്തിൽ വിപണന കേന്ദ്രം ആരംഭിക്കുകയെന്നതും പ്രധാനമാണ്. അക്കാര്യങ്ങൾ പരിശോധിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കഴിഞ്ഞ ബഡ്ജറ്റിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് പലിശ രഹിത വായ്പ സർക്കാർ പ്രഖ്യാപിച്ചതാണ്. ഇപ്പോൾ അത് വട്ടവട, കാന്തല്ലൂർ പ്രദേശത്ത് കേരള ഗ്രാമീൺ ബാങ്കുമായി സഹകരിച്ച് അവിടെയുള്ള കൃഷിക്കാർക്കുവേണ്ടി പൈലറ്റ് പ്രോജക്ടായി ആരംഭിച്ചുകഴിഞ്ഞു. അവർക്ക് ഗ്രാമീൺ ബാങ്ക് 7 ശതമാനം പലിശയ്ക്ക് നൽകുന്ന തുക പൂർണ്ണമായും അടച്ചുകഴിഞ്ഞാൽ അതിന്റെ പലിശ സർക്കാർ വഹിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയായിരിക്കുന്ന സമയത്തുതന്നെ സഹകരണ വകുപ്പ് ഈ വായ്പ നൽകുന്നത് സംബന്ധിച്ച തീരുമാനമെടുത്തിരുന്നു. സഹകരണ വകുപ്പുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പൈലറ്റ് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മണ്ണിന്റെ ജൈവാംശത്തെ സംബന്ധിച്ചാണ് അങ്ങ് സൂചിപ്പിച്ച മറ്റൊരു കാര്യം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മണ്ണിന്റെ മൈക്രോ ന്യൂട്രിയന്റ്സ് സംബന്ധിച്ച് വിപുലമായൊരു സർവേ നടത്തിയിരുന്നു. 287,000 സാമ്പിളുകൾ പരിശോധിച്ച് കേരളത്തിലെ 14 ജില്ലകളിലെയും മണ്ണിന്റെ മൈക്രോ ന്യൂട്രിയന്റ്സിന്റെ ഡെഫിഷ്യൻസി, സഫിഷ്യൻസി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ജൈവവളങ്ങൾ പ്രയോഗിക്കുന്നതിനുമുള്ള നടപടികളിലേയ്ക്ക് സർക്കാർ പോകുകയാണ്. ജൈവ

രീതിയിലുള്ള കൃഷിക്ക് അനുയോജ്യമായ പാക്കേജ് ഓഫ് പ്രാക്ടീസല്ല ഇന്ത്യയിൽ ഒരിടത്തും ഇന്ന് നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ കാർഷിക സർവ്വകലാ ശാലയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി അടിസ്ഥാനപ്പെടു ത്തിയിട്ടുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ പറയുന്ന എല്ലാ കമ്പോണന്റുകളും ഉൾപ്പെടുത്തി ക്കൊണ്ടുള്ള ശാസ്ത്രീയമായ കൃഷി രീതികൾ ഇവിടെ അവലംബിക്കാൻ ആവശ്യമായ നടപടികളിലേയ്ക്ക് സർക്കാർ പോകുകയാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, പ്രാദേശിക തലത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ വിറ്റഴിക്കുന്നതിന് സർക്കാരിന്റെ മേൽനോട്ടത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നേരത്തേയുള്ള മറുപടിയിൽ ഇക്കാര്യം പറയുന്നുണ്ട്. പ്രാദേശികമായി 66 ഇക്കോ ഷോപ്പുകൾ വഴിയാണ് സർക്കാർ നേരിട്ട് ആരംഭിച്ചിരിക്കുന്ന ക്ലസ്റ്ററുകളിലൂടെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇപ്പോൾ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നത്. നല്ലമുറ കൃഷിരീതി അവലംബിക്കുന്ന കൃഷിക്കാരുടെ ഉൽപ്പന്നങ്ങളാണെന്ന് ബോദ്ധ്യപ്പെടുന്ന കൃഷി ഓഫീസർമാരാണ് സർട്ടിഫിക്കേഷൻ നൽകുന്നത്. അങ്ങനെയുള്ള 66 ക്ലസ്റ്ററുകൾ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. 100 ക്ലസ്റ്ററുകൾകൂടി സർക്കാർ ആരംഭിക്കാൻ പോകുകയാണ്. ഉൽപ്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് ഇക്കോഷോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജൈവവളത്തിന്റെ 90 ശതമാനവും പുറമെ നിന്നാണ് വരുന്നതെന്ന് അറിയാം. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നാണ് ജൈവവളം വരുന്നത്. ഏറ്റവും നല്ല ജൈവവളം ചാണകമാണെന്ന് നമുക്കെല്ലാവർ ക്കുമറിയാം. ഇന്ന് ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ചാണകത്തിന് മാർക്കറ്റില്ല എന്നതാണ്. അതുകൊണ്ട് പ്രാദേശികമായി ലഭ്യമാകുന്ന ഇത്തരം ജൈവവളങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് മാർക്കറ്റ് കണ്ടെത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവകൃഷി മുന്നോട്ട് പോകണമെങ്കിൽ അടിസ്ഥാനപരമായിട്ടുണ്ടാകേണ്ടത് മൃഗസമ്പത്തിന്റെ വർദ്ധനവാണ്. മൃഗസംരക്ഷണ വകുപ്പ് കേരളത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാനും പാലുൽപ്പാദനം വർദ്ധിപ്പിക്കാനും പാലിന്റെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുമുള്ള ദ്രുതഗതിയിലുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത സർക്കാർ മുൻകൂട്ടി കാണുകയാണ്.

അതിന്റെ ഭാഗമായിട്ടാണ് 3330 യൂണിറ്റുകൾ രൂപീകരിക്കുന്നത്. പ്രാദേശികമായി ലഭ്യമാകുന്ന ചാണകം ഉൾപ്പെടെയുള്ള ജൈവവളം ശാസ്ത്രീയമായി സംസ്കരിച്ച് കൂടുതൽ ന്യൂട്രിയന്റ്സ് ചേർത്ത് കൃഷിക്കാർക്ക് ലഭ്യമാക്കാൻ വേണ്ടിയാണ് പ്രാദേശിക യൂണിറ്റുകൾ രൂപീകരിക്കുന്നത്. അതിനുപുറമെ ഇപ്പോൾ ഹരിത കേരളം മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്പോണന്റ് എന്നുപറയുന്നത് മാലിന്യസംസ്കരണമാണ്. മാലിന്യസംസ്കരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഓരോ വീട്ടിലും പ്രദേശത്തുമുണ്ടാകുന്ന മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുക എന്നതാണ്. ആ രീതിയിൽ ജൈവവള ഉൽപ്പാദനം പ്രാദേശികമായി ലഭ്യമാക്കിക്കൊണ്ട് നമുക്കാവശ്യമുള്ള ജൈവവളം ഉൽപ്പാദിപ്പിക്കാനുള്ള പരിപാടിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ജൈവകർഷകരെ സഹായിക്കേണ്ടത് അനിവാര്യമാണെന്ന് എല്ലാവർക്കുമറിയാം. RKVY (Rashtriya Krishi Vikas Yojana) പോലുള്ള കേന്ദ്രഫണ്ടും മറ്റ് സംസ്ഥാന ഫണ്ടുകളും ഉപയോഗിച്ച് ജൈവകർഷകർക്ക് പെർമനന്റ് പന്തൽ, ഡ്രിപ്പ് ഇറിഗേഷൻ, ഫെർട്ടിഗേഷൻ, മൾട്ടിഷീറ്റ് എന്നിവ സൗജന്യമായി നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ; അതോടൊപ്പം ഒറ്റപ്പെട്ട കർഷകർക്ക് ഇത് നൽകുന്നതിനുപകരം ഒരു നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിനെയെങ്കിലും സമ്പൂർണ്ണമായി ജൈവകൃഷിയിലേക്ക് കൊണ്ടുവരാനുള്ള ബൃഹത്തായ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതിന്റെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിലെ ഒരു ബ്ലോക്കിൽ എ.ഡി.ഒ. (Agriculture Development Officer)-യുടെ കീഴിൽ ഒരു ഹെക്ടർ പ്രദേശം സമ്പൂർണ്ണമായി ജൈവകൃഷി ചെയ്യുന്ന ഒരു മോഡൽ ഫാം ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പാക്കാൻ പോകുകയാണ്. ഒരു നിയോജക മണ്ഡലത്തിൽ ചിലപ്പോൾ രണ്ട് എ.ഡി.ഒ.-മാരുടെ കീഴിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടാകാം. ഒരു എ.ഡി.ഒ.-യുടെ കീഴിൽ രണ്ടര ഏക്കർ പ്രദേശത്ത് പൂർണ്ണമായി ജൈവകൃഷി എങ്ങനെയാണ് നടത്തേണ്ടതെന്നുള്ള മോഡൽ ഫാമുകളാണ് ആരംഭിക്കാൻ പോകുന്നത്. അതിന് നേതൃത്വം നൽകുന്നത് എ.ഡി.ഒ.-യും കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരുമായിരിക്കും. പ്രാദേശികമായ വിഭവങ്ങളും വിത്തുകളും ഉപയോഗിച്ച് പ്രാദേശിക ജനപ്രതിനിധികളുടെ സഹായത്തോടുകൂടി മോഡൽ ഫാമുകൾ ആരംഭിക്കുന്നത് ജൈവകൃഷി ശാസ്ത്രീയമായി ജനങ്ങളെ പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ്. ആ രീതിയിലുള്ള പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ പോകുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇപ്പോൾത്തന്നെ RKVY-ലും കേന്ദ്രാവിഷ്കൃത പദ്ധതികളിലുമെല്ലാം ഡ്രിപ്പ് ഇറിഗേഷനും മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. മൈക്രോ ഇറിഗേഷൻ പ്രോജക്ടുകൾക്ക് സബ്സിഡി കുറവായതുകൊണ്ട് സബ്സിഡി വർദ്ധിപ്പിച്ച് കൂടുതലാളുകളിൽ എത്തിക്കുന്നതിനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ലഭിക്കുക എന്നതുതന്നെയാണ് ഏറ്റവും പ്രധാനം. അങ്ങുതന്നെ ഹോർട്ടികോർപ്പിൽ മിന്നൽ പരിശോധന നടത്തി രാസപ്രയോഗത്തിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വിൽപ്പന നടത്തിയത് പിടിച്ചെടുക്കുകയുണ്ടായി. അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ വരുമ്പോൾ അത് ജൈവകൃഷിയിലൂടെയാണോ രാസപ്രയോഗം നടത്തി ഉൽപ്പാദിപ്പിച്ചതാണോ എന്ന് നാടൻ രൂപത്തിൽ മനസ്സിലാക്കാനുള്ള അവബോധം ജനങ്ങൾക്ക് നൽകണം. കാരണം മണൽ കടലിൽ നിന്നും എടുത്തതാണെങ്കിൽ സോഡാ ലായനിയിലിട്ടാൽ കുമിള വരുന്നതുപോലെ നാടൻ പ്രയോഗത്തിലൂടെ രാസപ്രയോഗം നടത്തിയാണോ ജൈവകൃഷിയിലൂടെയാണോ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരിക്കുന്നതെന്ന് അറിയാനുള്ള മാർഗ്ഗത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകണം. അതിന് ഒരു പഞ്ചായത്തിൽ ഒന്ന്, ഒരു മുനിസിപ്പാലിറ്റിയിൽ ഒന്ന് എന്നുള്ള രീതിയിൽ 1200 തദ്ദേശഭരണ സ്ഥാപനങ്ങളിലും യൂണിറ്റുകൾ ആരംഭിക്കണം. 66 എണ്ണം എങ്ങുമെത്തുകയില്ല. ഇത്തരമൊരു അവബോധം നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പച്ചക്കറികളിലുള്ള അവശിഷ്ട വിഷവീര്യം കണ്ടുപിടിക്കുന്നതിന് നാടൻരീതി അവലംബിക്കാൻ സർക്കാരിന് ഔദ്യോഗികമായി സാദ്ധ്യമല്ല. സർക്കാരിന് ശാസ്ത്രീയമായ രീതി മാത്രമേ അവലംബിക്കാൻ കഴിയുകയുള്ളൂ. നമുക്ക് പരിമിതികളുണ്ട്. പച്ചക്കറികളിൽ വിഷമുണ്ടെന്ന കാര്യം ആദ്യം പുറത്തുവിടുന്നത് കാർഷിക സർവ്വകലാശാലയാണ്. കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന പച്ചക്കറികളിലുള്ള അവശിഷ്ട വിഷവീര്യത്തിൽ ഏതൊക്കെ കീടനാശിനികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച് കാർഷിക സർവ്വകലാശാല റെഗുലറായി ചെക്കപ്പ് നടത്തി റിപ്പോർട്ടുകൾ നൽകുന്നുണ്ട്. അതുപോലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലടക്കം, മുളകുപൊടിയിലൊക്കെ അടങ്ങിയിരിക്കുന്ന വിഷാംശത്തെ സംബന്ധിച്ചും റെഗുലറായ പരിശോധന നടത്തി റിപ്പോർട്ട് നൽകിക്കൊണ്ടിരിക്കുന്നു. കാർഷിക സർവ്വകലാശാലയുടെ കീഴിൽ മൂന്ന് ലബോറട്ടറികളും കൃഷി വകുപ്പിന്റെ കീഴിലുള്ള ഒരു ലബോറട്ടറിയുമടക്കം നാല് ലബോറട്ടറികൾ മാത്രമാണ് ശാസ്ത്രീയമായി ഇത് പരിശോധിക്കാൻവേണ്ടി നിലവിലുള്ളത്. ആ ലബോറട്ടറികളിൽ ധാരാളം പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിൽ വിഷം ഉണ്ടോ എന്ന് പരിശോധിക്കുന്നതിനേക്കാൾ നല്ലത് നമ്മുടെ വീടുകളിൽത്തന്നെ വിഷാംശമില്ലാത്ത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ അവബോധം സൃഷ്ടിക്കലാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മൈക്രോ ന്യൂട്രിയന്റ്സിന്റെ സർവേ നടത്തിയെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. തെങ്ങിന് ബോറോൺ, സിങ്ക് എന്നിവയുടെ കുറവ് വരുന്നതുപോലെ മൂലകങ്ങളുടെ കുറവ് വന്നാൽ അത് കവർ ചെയ്യാനുള്ള ജൈവവളങ്ങൾ വാങ്ങുന്നതിന് കൃഷിക്കാർക്ക് താങ്ങാനാകാത്ത

ചെലവാണ് വരുന്നത്. അതുപോലെതന്നെ ജൈവകൃഷി ചെയ്യുന്നവരെക്കുറിച്ചുകൂടി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഉദാഹരണമായി, തക്കാളി ജൈവകൃഷി ചെയ്യുമ്പോൾ ഒരു ടൺ ആണ് വിളയുന്നത്. നേരെ മറിച്ച് പ്രിസിഷൻ ഫാമിംഗിലൂടെ 25 ടൺ ആണ് വിളയുന്നത്. ഒരു ടൺ വിളഞ്ഞാൽ 20/- രൂപ വച്ച് 20,000 രൂപയാണ് ലഭിക്കുന്നത്. പ്രിസിഷൻ ഫാമിംഗിലൂടെയാണെങ്കിൽ 25 ടൺ ലഭിക്കും. അതിന് 10/- രൂപ വച്ച് 2,50,000 രൂപ ലഭിക്കും. ഇതാണ് വ്യത്യാസം. വ്യത്യാസം വരുന്ന ഈ തുക കൃഷിക്കാരന് നൽകാതിരുന്നാൽ എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ജൈവകൃഷി എന്നത് സേഫ് റ്റു ഈറ്റ് എന്നുള്ള രീതിയിലാണ് പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൈക്രോ ന്യൂട്രിയന്റ്സിന്റെ കുറവിന് എന്താണ് ജൈവ പരിഹാരം എന്നുനോക്കുമ്പോൾ, ബോറോണിന്റെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ കമ്പോസ്റ്റ് എരുക്കിന്റെ ഇലകൊണ്ട് തയ്യാറാക്കണമെന്നാണ് പറയപ്പെടുന്നത്. പല രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകുന്നുണ്ട്. എല്ലാ രീതിയിലും പൂർണ്ണമായ ജൈവപരിഹാരമാർഗ്ഗം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. മൈക്രോ ന്യൂട്രിയന്റ്സിന്റെ കുറവ് വളരെ ചെറിയ അളവാണ്. ബോറോണിന്റെ കുറവ് വളരെ ചെറിയ അളവിൽ മാത്രമാണുള്ളത്. അത്തരം കാര്യങ്ങളിലെല്ലാം സർക്കാർ ശാസ്ത്രീയമായ സമീപനം മാത്രമേ സ്വീകരിക്കുന്നുള്ളൂ. മൗലികവാദംപോലെ ജൈവകൃഷി ചെയ്യണമെന്നുള്ള രീതിയിലേയ്ക്കല്ല സർക്കാർ പോകാൻ ഉദ്ദേശിക്കുന്നത്. ഇവിടെ വിഷരഹിത പച്ചക്കറി എത്തിക്കുക, 'സേഫ് റ്റു ഈറ്റ്', ജൈവകൃഷിയിലേയ്ക്ക് പൂർണ്ണമായും ജനങ്ങളെ കൊണ്ടുപോകുക, അത് ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതേ സമയത്തുതന്നെ പൂർണ്ണമായും രാസവളങ്ങളും രാസകീടനാശിനികളും മാത്രമേ ഒരു റെമഡിയുള്ളൂ എന്ന ആശയത്തോട് സർക്കാർ ഒരിക്കലും യോജിക്കാൻ പോകുന്നില്ല.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, വിത്തുഗുണം പത്തുഗുണം എന്നാണ് ചൊല്ല്. ജൈവകൃഷിയായാലും മറ്റേത് കൃഷിയായാലും നല്ല വിത്ത് ലഭിക്കണം. കടുത്ത വരൾച്ചമൂലം ഇപ്പോൾ വിത്ത് ലഭ്യതക്കുറവുണ്ടാകാനുള്ള സാദ്ധ്യത നിലനിൽക്കുകയാണ്. കൃഷിക്കാർക്ക് 1100/- രൂപ അടക്കമുള്ള പെൻഷൻ തുക വിളവിറക്കുന്നതിനുമുമ്പ് നൽകണമെന്നാവശ്യപ്പെട്ട് കർഷകരുടെ നേതൃത്വത്തിൽ കളക്ടറേറ്റിനുമുമ്പിൽ സമരം നടക്കുകയാണ്. വിത്തുക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതിന് സ്വകാര്യ ഏജൻസികളിൽനിന്നും കൃഷിക്കാർ വിത്ത് വാങ്ങിയാൽ അവർക്കുകൂടി സബ്സിഡി നൽകി ഈ പ്രതിസന്ധി പരിഹരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സ്വകാര്യ ഏജൻസികളിൽനിന്നും കർഷകർ വിത്തെടുക്കേണ്ട ആവശ്യമില്ല. ഇപ്പോൾ സീഡ് അതോറിറ്റി വേനൽക്കാലം മുൻകൂട്ടിക്കണ്ട് വിത്ത് സംഭരണ സംവിധാനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനു പുറമെ കേരള സീഡ് അതോറിറ്റിയും നാഷണൽ സീഡ് കോർപ്പറേഷനും ചേർന്ന് ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിലെ നെൽകർഷകർക്ക് ആവശ്യമായി വരുന്ന വിത്ത് സംഭരിക്കാനും വിതരണം ചെയ്യാനും ആവശ്യമായ കരാർ ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ട്രാൻസ്പോർട്ടേഷൻ സംബന്ധിച്ച് ആദ്യഘട്ടത്തിൽ പ്രശ്നമുണ്ടായിരുന്നു. കരാർ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഷയങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൃഷിക്കാർക്കാവശ്യമായ വിത്തുകൾ സംസ്ഥാന സീഡ് അതോറിറ്റിയും എൻ.എസ്.സി.-യും വഴി നൽകാനുള്ള സംവിധാനമുള്ളപ്പോൾ സ്വകാര്യ ഏജൻസികളിൽനിന്നും വിത്ത് സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. അതുകൊണ്ട് സ്വകാര്യ ഏജൻസികളിൽ നിന്നും വിത്ത് സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. പൂർണ്ണമായും സർക്കാർ ഏജൻസികൾ മുഖേനതന്നെ വിത്ത് വിതരണം നടത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കും.

**ആശ്രയ പദ്ധതി**

3(*573) പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. കെ. ദാസൻ:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കി മാറ്റാനുദ്ദേശിച്ചുകൊണ്ടുള്ള ആശ്രയ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹരായവരെ കണ്ടെത്താനുള്ള നടപടികൾ പൂർത്തീകരിച്ചോ;

(സി) അഗതികളുടെ വാസത്തിനും ഭക്ഷണം, ആരോഗ്യപരിരക്ഷ തുടങ്ങിയവയ്ക്കും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) 2017-18 സാമ്പത്തിക വർഷം മുതൽ മൂന്ന് വർഷംകൊണ്ട് കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീവഴി ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സർവേയും പദ്ധതി തയ്യാറാക്കലും ഉടൻതന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവേയിൽ നിലവിലുള്ളതും നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴുവൻ അഗതികളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശഭരണ തലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനതലത്തിൽ പങ്കാളിത്ത സർവേയിലൂടെ കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച ഒരു കുടുംബ പദ്ധതി തയ്യാറാക്കുന്നു. പ്രസ്തുത പദ്ധതിയിൽ ടി കുടുംബത്തിന് ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, സാനിട്ടേഷൻ, ആരോഗ്യ പരിരക്ഷ, തുടർചികിത്സ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി ഫണ്ട് വകയിരുത്തുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളിൽനിന്നും കുടുംബശ്രീ ചലഞ്ച് ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് ധനസ്രോതസ്സുകൾ എന്നിവയിൽനിന്നും ഇതിലേയ്ക്കാവശ്യമായ തുക കണ്ടെത്തുന്നു. പദ്ധതി കാലാവധി 3 വർഷമാണ്.

പ്രൊഫ. കെ. യു. അരുണൻ: സർ, അഗതികളെ സംബന്ധിച്ച മിക്കവാറും ചോദ്യങ്ങൾക്കൊക്കെത്തന്നെ സമഗ്രമായ മറുപടി ലഭിച്ചു. ഒരു പ്രധാനപ്പെട്ട പ്രശ്നം, അഗതിയെന്ന ആ പദംതന്നെ നമ്മളൊന്ന് ഡിഫൈൻ ചെയ്യേണ്ടതുണ്ട്. പടിഞ്ഞാറൻ നാടുകളിൽ വളരെ പ്രസിദ്ധമായ ആൽബർട്ട് കാമസിന്റെ 'ദ ഔട്ട്സൈഡർ' എന്ന നോവൽ ആരംഭിക്കുന്നത്, 'My mother died today or it may be yesterday. I can't be sure.' എന്നാണ്. 'എന്റെ അമ്മ ഇന്ന് മരിച്ചു, അല്ലെങ്കിൽ ഇന്നലെയുമാകാം. എനിക്ക് തീർച്ചയില്ല.' എന്നാണ് പറയുന്നത്. ഈ കാലഘട്ടത്തിൽ അവർ അഗതിയായി മാറുകയാണ്. നമ്മുടെ നാട്ടിലാണെങ്കിൽ ഈ പ്രശ്നത്തെ ആസ്പദമാക്കി നാടകരംഗത്ത് ശ്രീ. കാലടി ഗോപിയുടെ 'ഏഴ് രാത്രികൾ' അവതരിപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് എഴുതിക്കൊടുത്ത ചോദ്യത്തിൽ അഗതിരഹിതമെന്നാണ് പറഞ്ഞിരിക്കുന്നത്.

പ്രൊഫ. കെ. യു. അരുണൻ: സർ, ഒരു 'തെരുവിന്റെ കഥ'യിലെ തെരുവിൽ ആരോരുമില്ലാത്ത ജീവിതം നയിക്കുന്ന അല്ലെങ്കിൽ ആ തെരുവിലേയ്ക്ക് തള്ളി നീക്കപ്പെട്ട ആൾക്കാരുടെ കഥകൾക്ക് ആസ്പദമായ ഒരു സാമൂഹിക ജീവിതം ഇവിടെയുണ്ട്. ആ ജീവിതത്തെ കളങ്കപ്പെടുത്തുകയും മലീമസപ്പെടുത്തുകയും ചെയ്യുന്ന ആഗോളവൽക്കരണ നയപരിപാടികളുണ്ട്. അഗതി മന്ദിരത്തിലൊക്കെ നമ്മൾ സ്ഥിരം പോകുന്നതാണ്. സാങ്കേതികമായി കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനപ്പുറം ബോധവൽക്കരണത്തിന് സജീവമായ ശ്രദ്ധ ചെലുത്തുന്നതിനുള്ള അതീവ ദുഷ്കരമായ പരിശ്രമമാണ് നമ്മൾ നടത്തേണ്ടതെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. കാടാറ് മാസം നാടാറ് മാസമെന്ന് പറഞ്ഞ് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഇത്തരക്കാരുടെ ജീവിതത്തിലേക്ക് സജീവമായ ശ്രദ്ധ ചെലുത്തുന്നതിനാവശ്യമായ രൂപത്തിൽ സാംസ്കാരിക പ്രസ്ഥാനങ്ങളെ ചിട്ടപ്പെടുത്താൻ എന്തെങ്കിലും പരിപാടിയുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അനാഥരെ സനാഥരാക്കാനുള്ള പദ്ധതിയാണ് ആശ്രയ പദ്ധതി. അഗതിയെന്ന വാക്ക് അദ്ദേഹം പറഞ്ഞതുപോലെതന്നെ നമുക്കൊക്കെ അത്ര യോജിപ്പുള്ള ഒന്നല്ല. പക്ഷേ, കാലങ്ങളായി ആ വാക്ക് ഉപയോഗിക്കപ്പെടുന്നു. ആ വാക്കിന്റെ പരിമിതിക്കുള്ളിൽ ധാരാളം ആളുകളുണ്ടെന്ന് കരുതപ്പെടുന്നു. അത്തരമൊരു സാഹചര്യത്തിലാണ് ആ പദം ഉപയോഗിച്ചത്. ഏതായാലും മൂന്ന് വർഷംകൊണ്ട് അഗതികളില്ലാത്ത കേരളം സൃഷ്ടിക്കുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

പ്രൊഫ. കെ. യു. അരുണൻ: സർ, ആശ്രയ പദ്ധതി പ്രകാരം യഥാർത്ഥത്തിൽ അർഹരായവരെ കണ്ടെത്താനുള്ള നടപടി എവിടെവരെയെത്തി?

ഡോ. കെ. ടി. ജലീൽ: സർ, മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. ഏകദേശം 150665 കുടുംബങ്ങളെയാണ് 2002-ൽ ആരംഭിച്ച ആശ്രയ പദ്ധതിയുടെ കീഴിൽ ഇതിനകം കൊണ്ടുവന്നിട്ടുള്ളത്. അർഹതപ്പെട്ട പലരും ഇനിയും ലിസ്റ്റിൽ ചേർക്കപ്പെടേണ്ടതും ഇതിൽ കടന്നുകൂടിയിട്ടുള്ള അനർഹർ ഒഴിവാക്കപ്പെടേണ്ടതുമുണ്ട്. ബന്ധപ്പെട്ടവരുമായി കണക്ട് ചെയ്യുന്ന സർവേ കുടുംബശ്രീ ഉടൻതന്നെ നടത്തുകയും ലിസ്റ്റ് തദ്ദേശഭരണ സ്ഥാപന തലങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

ശ്രീ. കെ. ദാസൻ: സർ, വളരെ പാവപ്പെട്ട വീടുകളിലെ ചില അഗതികൾക്ക് കുടുംബാംഗങ്ങളൊന്നും ഇല്ലാത്ത അവസ്ഥയുണ്ട്. അവർക്ക് ഭക്ഷണം സ്വന്തമായി കഴിക്കാനും പാചകം ചെയ്യാനുമുള്ള ശേഷിയില്ല. അങ്ങനെ ഭക്ഷണം പാചകം ചെയ്യാൻ ശേഷിയില്ലാത്തവർക്ക് പാചകം ചെയ്ത ഭക്ഷണം നൽകാൻ സർക്കാർ എന്തെങ്കിലും തീരുമാനമെടുക്കുമോ; അതോടൊപ്പംതന്നെ സർവ്വേയിൽ ഉൾപ്പെടുത്തിയ 9 ക്ലേശ ഘടകങ്ങളിൽ കാലത്തിനനുസരിച്ചുള്ള ചില മാറ്റങ്ങൾ വരേണ്ടതുണ്ട്. ആ മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ആശ്രയയുടെ മൂന്നാം ഘട്ടം നടപ്പിലാക്കുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾകൂടി പരിഗണിച്ച് മാർഗ്ഗരേഖകൾ തയ്യാറാക്കി പദ്ധതിയെ കുറച്ചുകൂടി വിപുലപ്പെടുത്താൻ ശ്രമിക്കും.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ ആശ്രയ പദ്ധതി പഞ്ചായത്തുകൾ നല്ല രീതിയിലാണ് നടപ്പിലാക്കിവരുന്നത്. നമ്മുടെ പഞ്ചായത്തുകളിൽ ആശ്രയ പദ്ധതിക്ക് അർഹരായ കാൻഡിഡേറ്റുണ്ടെങ്കിൽ അവരുടെ പേരിലുള്ള സൗകര്യങ്ങൾ ബന്ധത്തിൽപ്പെട്ടവർ തട്ടിയെടുക്കുന്ന സമ്പ്രദായം ഇന്ന് പല പഞ്ചായത്തുകളിലും നിലവിലുണ്ട്. LIFE പദ്ധതിയുടെ ഭാഗമായി വരുന്ന സമുച്ചയങ്ങളിൽ ഇത്തരത്തിലുള്ള അഗതികളായ, ആശ്രയ പദ്ധതിയിലുൾപ്പെടുന്നവരെ താമസിപ്പിക്കാനും കൂട്ടമായി താമസിക്കുന്നിടത്തുനിന്നും അവരെ മാറ്റി പാർപ്പിക്കാനുമുള്ള ഏതെങ്കിലും പദ്ധതിയെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അത്തരം കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുകയോ വീടില്ലെങ്കിലോ അവർക്ക് തീർച്ചയായും LIFE പദ്ധതിയുമായി ബന്ധപ്പെട്ട ഫ്ലാറ്റ് സമുച്ചയങ്ങളിൽ ഇടം നൽകുക തന്നെ ചെയ്യും.

ശ്രീ. ഡി. കെ. മുരളി: സർ, മൂന്ന് വർഷത്തിനകം അഗതിരഹിത കേരളമാണ് ലക്ഷ്യമിടുന്നത്. എന്നാൽ നിലവിൽ അഗതികളെയും വൃദ്ധജനങ്ങളെയുമൊക്കെ താമസിപ്പിക്കുന്നതിന് സർക്കാർതലത്തിലും സ്വകാര്യ മാനേജ്മെന്റ് തലത്തിലും സ്ഥാപനങ്ങളുണ്ട്. ഇവിടെ നിരവധി പരാതികളാണ് ഉയർന്നുവരുന്നത്. ഈ പരാതികൾ പരിഹരിക്കുന്നതിനും നല്ല നിലയിൽ നടന്നുവരുന്ന അഗതി/വൃദ്ധ മന്ദിരങ്ങൾക്ക് സഹായം എത്തിക്കുന്നതിനും ആശ്രയ പദ്ധതി പ്രകാരം എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ കഴിയുമോ;

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ മേഖലയിലുമെന്നപോലെ ഈ മേഖലയിലും ചില കള്ള നാണയങ്ങളുണ്ട്. അവ ഏതെന്ന് കണ്ടെത്തി അവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിൽ യാതൊരു വൈമനസ്യവും സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. എന്നാൽ ഈ മേഖലയിൽ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളാണ് മഹാഭൂരിഭാഗവും. അവരെ എങ്ങനെയൊക്കെയാണ് സഹായിക്കാൻ കഴിയുക, അവർക്ക് എന്തൊക്കെ താങ്ങാണ് നൽകാൻ കഴിയുകയെന്ന് പരിശോധിച്ച് അതെല്ലാം സർക്കാർ നൽകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ദാരിദ്ര്യലഘൂകരണത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന റർബൻ പദ്ധതി സംസ്ഥാനത്ത് എത്ര ജില്ലകളിൽ നടപ്പിലാക്കുന്നു; അടുത്ത ഘട്ടമായി ആ പദ്ധതി വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത് പ്രത്യേക ചോദ്യമായി തരേണ്ടതായിരുന്നു. അതുമായി ബന്ധപ്പെട്ട എന്റെ അറിവ് വച്ച് പറയുകയാണ്, എനിക്ക് തോന്നുന്നത് അഞ്ചോ ആറോ ജില്ലകളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത് എന്നാണ്. പദ്ധതി നടപ്പിലാക്കാത്ത മറ്റ് ജില്ലകളിലേയ്ക്കുകൂടി റർബൻ പദ്ധതി നടപ്പിലാക്കുന്നതിന് തന്നെയാണ് സർക്കാർ മുൻഗണന നൽകുക. പട്ടണ സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തുകളെ സമന്വയിപ്പിച്ച് ആ പ്രദേശങ്ങളുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം പ്രയോജനപ്പെടുത്തി വികസനം സാദ്ധ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

ശ്രീ. ചിറയം ഗോപകുമാർ: സർ, ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന പദ്ധതി ഏറ്റവും നല്ല കാര്യമാണ്. ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് അഗതികളായുള്ളവർക്ക് നിരവധി പ്രശ്നങ്ങളുണ്ട്. അവർക്ക് വീടില്ലാത്തതും ആരോഗ്യവും വരുമാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഇതിനെയെല്ലാം കൂട്ടിയിണക്കിയുള്ള ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ആശ്രയ പദ്ധതിയിൽ നിലവിൽത്തന്നെ ഭക്ഷണം, വൈദ്യസഹായം, മരുന്ന്, പാർപ്പിടം ഇതെല്ലാം ഉറപ്പുവരുത്തുന്നുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാര്യക്ഷമമായും കുറ്റമറ്റ രീതിയിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയാകും മൂന്നാംഘട്ടത്തിലെ പരിശ്രമം.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മാലിന്യശേഖരണം**

4 (* 574) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ.പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്, ഗ്ലാസ്സ്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പുനരുപയോഗക്ഷമമാക്കുന്നതിനുള്ള റീ-സൈക്ലിംഗ്

പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം മാലിന്യങ്ങൾ ശേഖരിച്ച് ഡിസ്പോസ് ചെയ്യുന്നതിനുള്ള സ്ഥിര സംവിധാനം ഏർപ്പെടുത്താൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും സന്നദ്ധമാക്കുമോ ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്, ഗ്ലാസ്സ്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ക്ലീൻ കേരള കമ്പനി മുഖേന ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കും, ഇ-വേസ്റ്റും ശേഖരിച്ചുവരുന്നു.

(ബി) റീസൈക്ലിംഗ് പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. സംസ്ഥാനത്ത് റീ-സൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ഉൽപ്പാദകർ, ബ്രാൻഡ് ഓണർമാർ, ഡീലർമാർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി നിക്ഷേപക സംഗമം നടത്തി. ഇവരിൽനിന്നും നിക്ഷേപം ഉറപ്പാക്കി റീ-സൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകാനും ക്ലീൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, മാലിന്യശേഖരണത്തിന് പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റികളെയും സഹായിക്കുന്നതിനുവേണ്ടി ആരംഭിച്ചതാണ് ക്ലീൻ കേരള കമ്പനി. ആരംഭിച്ച കാലം മുതൽ സർക്കാർ ആഫീസുകളിലെ ഇ-വേസ്റ്റ്, ഫോട്ടോകോപ്പി മെഷീൻ, കമ്പ്യൂട്ടർ, ബൾബ്, ട്യൂബ്ലൈറ്റ് ഇവയൊക്കെ ശേഖരിച്ച് റീ-സൈക്ലിംഗ് പ്ലാന്റുകളിലേയ്ക്ക് എത്തിച്ചുകൊടുത്തിരുന്നു. ആദ്യവർഷംതന്നെ നല്ല ലാഭമുണ്ടാക്കിയ ഒരു കമ്പനിയായിരുന്നു ക്ലീൻ കേരള കമ്പനി. പക്ഷേ ഇപ്പോൾ അവരുടെ പ്രവർത്തനം വെറും സെമിനാറുകളിലേയ്ക്കും പ്രസംഗങ്ങളിലേയ്ക്കും ചുരുങ്ങുന്നു. പ്ലാസ്റ്റിക്കും ഇ-വേസ്റ്റും നഗരസഭകളിൽ കെട്ടിക്കിടക്കുന്നു. ഇത് പരിഗണിച്ച് ഈ കമ്പനിയെ അവരുടെ പ്രവർത്തനങ്ങളിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ക്ലീൻ കേരള കമ്പനി ആരംഭിച്ചപ്പോൾ എന്താണോ ലക്ഷ്യമിട്ടത് ആ ലക്ഷ്യത്തിൽ നിന്ന് ഒരിഞ്ചുപോലും വ്യതിചലിക്കാതെ വളരെ നല്ല രീതിയിൽ കമ്പനി മുന്നോട്ടുപോകുന്നുണ്ട്. നേരത്തെ ലാഭത്തിലായിരുന്നു; ഇപ്പോൾ അതിനേക്കാൾ കൂടുതൽ ലാഭത്തിൽത്തന്നെയാണ് മുന്നോട്ട് പോകുന്നത്. സംസ്ഥാനത്ത് റീ-സൈക്ലിംഗിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനി ഒരുക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഇ-വേസ്റ്റുകളടക്കമുള്ള പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള റീ-സൈക്ലിംഗ് യൂണിറ്റുകളിലെത്തിക്കുന്ന പരിപാടിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇ-വേസ്റ്റ് റീ-സൈക്ലിംഗിന് ഒരു സംവിധാനവും നിലവിലില്ല. ക്ലീൻ കേരള കമ്പനിയെക്കൊണ്ടു തന്നെ ഇത്തരത്തിലുള്ള റീ-സൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചും ആലോചിച്ചുവരുന്നുണ്ട്. ഈ മേഖലയിൽ പണം മുടക്കാൻ താൽപ്പര്യമുള്ള ഇൻവെസ്റ്റേഴ്സിനെ വിളിച്ചുകൂട്ടുകയുണ്ടായി. അവരെക്കൊണ്ട് പണം മുടക്കിച്ച് ഇത്തരത്തിലുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ട്. ലാൻഡ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ നൽകാമെന്ന ഓഫറും മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, എന്തൊക്കെ പറഞ്ഞാലും റോഡിലൊക്കെ ധാരാളം മാലിന്യങ്ങളുണ്ട്. അതുകൊണ്ടാണ് തെരുവുനായ്ക്കൾ റോഡിലിറങ്ങി എല്ലാവരേയും കടിക്കുന്നത്. ഇന്നലെയും വളരെ നിർഭാഗ്യകരമായ സംഭവമുണ്ടായി. ഇന്നലെ പൊതുമരാമത്ത് വകുപ്പുമന്ത്രി പ്ലാസ്റ്റിക് കിട്ടാനില്ല, ഉണ്ടെങ്കിൽ ഞങ്ങൾ ശേഖരിച്ചോളാം എന്ന് പറയുകയുണ്ടായി. ഈ കാര്യങ്ങൾ ഗൗരവമായെടുത്ത് നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കാനും അതത് പ്രദേശത്തിനനുസരിച്ചുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് തുടക്കം കുറിക്കാനും ഹരിത കേരളം പദ്ധതിയിൽ ഇതുപോലുള്ള പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കാനുമുള്ള ഇച്ഛാശക്തി സർക്കാർ കാണിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഒരു മരം കാവ് ആകില്ലല്ലോ? അതുപോലെ ഒരാൾ മാത്രം വിചാരിച്ചാൽ കേരളത്തെ മാലിന്യമുക്തമാക്കാൻ കഴിയില്ല. ഓരോരുത്തരും അവരവരുടെ മാനസികാവസ്ഥയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് ശേഖരിക്കുന്ന ചുമതലയാണ് വഹിക്കുന്നത്. അത് ശേഖരിച്ച് നൽകേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നുപറയുന്നത്, നമ്മൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിൽ അവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും പരിശ്രമിച്ചാൽ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങളെ മെച്ചപ്പെടുത്താൻ സാധിക്കൂ.

മി. സ്പീക്കർ: മിനിസ്റ്റർ ഇന്നലെ പറഞ്ഞത് പ്ലാസ്റ്റിക് ആവശ്യത്തിന് കിട്ടാനില്ല എന്നല്ലേ; പക്ഷേ ബഹുമാനപ്പെട്ട അംഗം പറയുന്ന പ്ലാസ്റ്റിക് കെട്ടിക്കിടക്കുകയാണെന്ന്.

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് സെഗ്രിഗേറ്റ് ചെയ്ത് വൃത്തിയാക്കി ക്ലീൻ കേരള കമ്പനിയെ വിളിച്ച്, ഞങ്ങളുടെ സ്ഥാപനത്തിൽ സെഗ്രിഗേറ്റ് ചെയ്ത പ്ലാസ്റ്റിക്കുകൾ ശേഖരിച്ചിട്ടുണ്ടെന്ന് പറയുകയാണെങ്കിൽ തീർച്ചയായും ക്ലീൻ കേരള കമ്പനി അതവിടെനിന്നും എടുത്തുകൊണ്ടുപോയി ബന്ധപ്പെട്ട സ്ഥലങ്ങളിൽ എത്തിക്കും. ക്ലീൻ കേരള കമ്പനി നാട്ടിലുള്ള മുഴുവൻ പ്ലാസ്റ്റിക്കും ശേഖരിക്കുക എന്ന ചുമതലയല്ല ഏറ്റെടുത്തിട്ടുള്ളത്, ശേഖരിച്ചവ സമാഹരിച്ച് ബന്ധപ്പെട്ട റീ-സൈക്ലിംഗ് യൂണിറ്റുകളിൽ എത്തിക്കുക എന്ന ചുമതലയാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾതന്നെ അതിന് പരിശ്രമിക്കണം. നിലവിലുള്ള മാലിന്യ കൂമ്പാരങ്ങൾ ഒഴിവാക്കാൻ ഓരോ മലയാളിയും പരിശ്രമിക്കണം. ആ ഒരു തലത്തിലേയ്ക്ക് നമ്മുടെ മാനസികാവസ്ഥയെ മാറ്റിയെടുക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായ ഒരു ഇടപെടൽ വേണമെന്നാണ് തോന്നുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, സെക്കൻഡ് ഹാൻഡ് കമ്പ്യൂട്ടർ, ലാപ്ടോപ് തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ധാരാളമായി വിദേശത്തുനിന്നും ഇപ്പോൾ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിനുപയോഗിക്കുന്ന കെമിക്കൽസിൽ വിഷാംശങ്ങൾ ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവ കൂടുതൽ ഇറക്കുമതി ചെയ്യുമ്പോൾ ഭൂമിയാകെ വിഷാംശങ്ങൾകൊണ്ട് നിറയുകയും രോഗങ്ങൾ പടർന്നുപിടിക്കുകയും ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്, ഗ്ലാസ്സ്, ഇ-വേസ്റ്റ് തുടങ്ങിയവ ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇ-വേസ്റ്റ് ശാസ്ത്രീയമായി റീ-സൈക്ലിംഗ് ചെയ്യാൻ എന്തെങ്കിലും സംവിധാനം സർക്കാർ ഏർപ്പെടുത്തുമോ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിൽ കേരളത്തിൽ ഇ-വേസ്റ്റ് റീ-സൈക്ലിംഗ് ചെയ്യുന്നതിനുള്ള ഒരു സംവിധാനവുമില്ല. ക്ലീൻ കേരള കമ്പനിയിലൂടെ പഞ്ചായത്തിൽനിന്നും ശേഖരിക്കുന്ന ഇ-വേസ്റ്റ് ഹൈദ്രാബാദിലെയും തമിഴ്നാട്ടിലെയും ഇ-വേസ്റ്റ് റീ-സൈക്ലിംഗ് പ്ലാന്റുകളിലേയ്ക്കാണ് അയയ്ക്കുന്നത്. ഇക്കാര്യത്തിൽ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ളവർക്ക് സംസ്ഥാനത്ത് ആവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും സർക്കാർ ചെയ്തുകൊടുക്കും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മിക്കവാറും ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ക്ലീൻ കേരള കമ്പനി പല സ്ഥലത്തുനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നില്ലെന്ന

പറഞ്ഞു. അത് സമയബന്ധിതമായി ശേഖരിക്കാനും അതോടൊപ്പംതന്നെ മറ്റു സംസ്ഥാനങ്ങളിലെ റീ-സൈക്ലിംഗ് കമ്പനികളുമായി ടൈ-അപ്പ് ഉണ്ടാക്കി കൃത്യമായി സാധനങ്ങൾ എത്തിച്ചുകൊടുക്കാനുമുള്ള സംവിധാനമൊരുക്കാൻ കഴിയുമോ; കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും മാസത്തിലൊരിക്കൽ ശേഖരിച്ച് സ്കൂളുകളിലേയ്ക്ക് കൊണ്ടുവരികയും അവിടെനിന്നും ഇതുമായി ബന്ധപ്പെട്ട ഏജൻസികൾ അത് കളക്ട് ചെയ്ത് കൊണ്ടുപോകുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടായിരുന്നു. തിരുവനന്തപുരത്ത് കോട്ടൺഹിൽ സ്കൂളിലൊക്കെ ഇങ്ങനെ ചെയ്തിരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് ഇങ്ങനെ നടത്താൻ ഒരു തീരുമാനമുണ്ടായാൽ കുറെയധികം പ്ലാസ്റ്റിക് മാലിന്യങ്ങൾ അതുവഴി നിഷ്കാസനം ചെയ്യാൻ സാധിക്കും. സർക്കാർ അതുകൂടി പരിശോധിക്കുമോ ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സർക്കാർ അതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പല സ്കൂളുകളിൽനിന്നും ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയല്ല, ചില സ്വകാര്യ ഏജൻസികളാണ് സ്വരൂപിച്ചിരുന്നത്. ഈ സ്വകാര്യ ഏജൻസികൾ ഇവ നിരുത്തരവാദപരമായി പല സ്ഥലങ്ങളിലും കൊണ്ടുപോയി തള്ളുന്നുവെന്നുള്ള ആക്ഷേപം ഉയർന്നുവരികയുണ്ടായി. ഇങ്ങനെ ലോഡുമായി പോകുന്ന വാഹനങ്ങൾ തമിഴ്നാട്ടിൽ വച്ച് പിടികൂടുന്ന അവസ്ഥവരെ സംജാതമായി. അതുകൊണ്ട് ഉത്തരവാദിത്വത്തോടുകൂടി ഇക്കാര്യം ചെയ്യുന്നവരെ മാത്രമേ ഇത് ഏൽപ്പിക്കാൻ പാടുള്ളൂ. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം പ്ലാസ്റ്റിക് മാലിന്യങ്ങൾ സെഗ്രിഗേറ്റ് ചെയ്ത് വച്ചിട്ടുണ്ടെന്ന് ക്ലീൻ കേരള കമ്പനിയെ അറിയിക്കുകയാണെങ്കിൽ അവരത് സമാഹരിക്കും. അങ്ങനെ സമാഹരിക്കുന്നില്ലെങ്കിൽ അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതിന് യുക്തമായ പരിഹാരം കാണും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിവരസാങ്കേതിക വിദ്യയിൽ നമ്മൾ വളരെ മുൻപന്തിയിലായതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട വേസ്റ്റുകൾ ഇവിടെ കുമിഞ്ഞുകൂടുകയാണ്. ഇ-വേസ്റ്റ് റീ-സൈക്ലിംഗിനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതു സംബന്ധിച്ച് സീരിയസ്സായി ആലോചിക്കേണ്ടിവരും. ഓരോ ജില്ലയിലും ഇത് കളക്ട് ചെയ്ത് റീ-സൈക്കിൾ ചെയ്യുന്നതിനുള്ള നടപടികൾക്ക് സർക്കാർ ശ്രമിക്കുമോ; അടുത്തകാലത്ത് 9000 ഫോട്ടോകോപ്പി പ്രിന്റർ മെഷീൻ കൊച്ചിയിൽ കസ്റ്റംസ് ഉദ്യോഗസ്ഥർ തടഞ്ഞുവച്ചു. ഇത് അമേരിക്ക, ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വേസ്റ്റാണ്. ഇവിടെയുള്ള കമ്പനികൾ ഇതൊരു ഓർഡറായി എടുത്ത് ഈ പ്രിന്ററുകൾ ഇവിടെയിറക്കാനാണ് ശ്രമിച്ചത്. അത് കസ്റ്റംസ് ഉദ്യോഗസ്ഥർ തടഞ്ഞ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്രഗവൺമെന്റ് 'ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016' എന്ന ഒരു പുതിയ നിയമം പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഉൽപ്പാദിപ്പിക്കുന്നവർക്കുതന്നെ റീ-സൈക്കിൾ ചെയ്യാൻ ബാദ്ധ്യതയുണ്ടെന്നാണ് നിഷ്കർഷിക്കുന്നത്. ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ആരാണോ ഉൽപ്പാദിപ്പിക്കുന്നത് അവരുടെ ചുമതലയാണ് ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ റീ-സൈക്കിൾ ചെയ്യുക എന്നുള്ളതും അതിനുള്ള സംവിധാനം ഒരുക്കുക എന്നുള്ളതും. ഈ നിയമം നമ്മുടെ സംസ്ഥാനത്ത് ശക്തമായി നടപ്പിലാക്കിയാൽ, ഇ-വേസ്റ്റ് റീ-സൈക്ലിംഗ് പ്ലാന്റുകൾ ബന്ധപ്പെട്ട കമ്പനികൾതന്നെ ആരംഭിക്കേണ്ടിവരും. അതിന് ശക്തമായ നിയമം തന്നെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

5 (*575 ) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും പൈതൃക ശേഷിപ്പുകളുടെയും സംരക്ഷണത്തിനായി കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് സാംസ്കാരിക അടയാളങ്ങളും പൈതൃകശേഷിപ്പുകളും നശിച്ചുകൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നശിച്ചുകഴിഞ്ഞാൽ പുന:സൃഷ്ടിക്കാൻ കഴിയാത്ത ഇവയെ സമയബന്ധിതമായി നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചുവരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം സ്ട്രക്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തിവരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുണസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുണസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും പൈതൃക ശേഷിപ്പുകളുടെയും സംരക്ഷണത്തിനും ആയവ ജനങ്ങളിൽ ദൃശ്യവൽക്കരിക്കുന്നതിനും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളും ചരിത്ര ശേഷിപ്പുകളും ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയവ സംരക്ഷിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പച്ചക്കറിയുടെ വിലവർദ്ധന

6 (* 576) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിവില പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പല വ്യാപാരികളും പാലിക്കുന്നില്ലയെന്നതും തോന്നിയ വിലയ്ക്ക് അവർ പച്ചക്കറി വിൽക്കുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലും ജൈവകൃഷിയിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഉണർവിനുശേഷവും സാധാരണക്കാർക്ക് താങ്ങാനാവാത്ത വിധത്തിൽ പച്ചക്കറിവില ഉയരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) പൊതുവിപണിയിൽ അനഭിലഷണീയമായ ഇത്തരം ചില രീതികൾ നിലവിലുണ്ടെങ്കിലും കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., ഇക്കോഷോപ്പുകൾ എന്നിവ മുഖേന ന്യായവിലയ്ക്ക് പച്ചക്കറി വിപണിയിൽ ലഭ്യമാകുന്നുണ്ട്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള പച്ചക്കറി സ്റ്റാളുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില ഫ്രാഞ്ചൈസി സ്റ്റാളുകളിൽ വില പ്രദർശിപ്പിക്കപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ലൈസൻസി സ്റ്റാളുകൾക്കും വില പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും കടുത്ത വരൾച്ചമൂലം വിളകൾക്ക് നാശം സംഭവിച്ചതും ഉൽപ്പാദനത്തിൽ കുറവുണ്ടായതും പച്ചക്കറികളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്ക് ഉൽപ്പാദനച്ചെലവ് കൂടുതലായതുകൊണ്ട് മറ്റിനങ്ങളെക്കാൾ വിപണി വില ഉയർന്നതായിരിക്കും.

**റോഡ് സുരക്ഷാ അതോറിറ്റി**

7(* 577) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷാ അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിവരിക്കുമോ;

(സി) ഏതൊക്കെ വകുപ്പുകളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) :

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് വകുപ്പ് 4 പ്രകാരമുള്ള ചുമതലകൾക്ക് വിധേയമായിട്ടാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക

(ബി) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.

(ഇ ) റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

(എഫ്) ഫണ്ടിന്റെ നടത്തിപ്പ്

(ജി) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.

(എച്ച്) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക

(ഐ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.

(ജെ) ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക

(കെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക

(എൽ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക

(എം) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാ പ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക

(എൻ) ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സ്വയം ചുമതലകൾ നിർവ്വഹിക്കുക.

അതോറിറ്റി നിലവിൽ വന്നതുമുതൽ നാളിതുവരെ വിവിധ വകുപ്പുകൾ വഴി അതോറിറ്റി നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ സംബന്ധിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു :

ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാദ്ധ്യത ഉപയോഗിച്ച് റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടിപ്പർ ലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക്, മോട്ടോർ വാഹന വകുപ്പ് എന്നിവ വഴി റോഡുസുരക്ഷാ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാദ്ധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്ക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രാത്രികാല എയർപോർട്ട് യാത്രാ അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ്‌ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ്‌ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. നാറ്റ്പാക്ക് തയ്യാറാക്കിയ 'സ്കൂളിലേക്ക് ഒരു സുരക്ഷിത പാത' എന്ന പുസ്തകത്തിന്റെയും 'അദ്ധ്യാപക പഠന സഹായി' എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. അമിതവേഗതയടക്കമുള്ള മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്കെതിരെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹനം, പോലീസ് എന്നിവ കർശന നടപടികൾ സ്വീകരിച്ചുവരുന്നു; പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് 2017 ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ നടപ്പാക്കുകയുണ്ടായി. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽനിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി സമർപ്പിക്കുകയുണ്ടായി. ഇത് 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ചർച്ച ചെയ്ത് അംഗീകരിക്കുകയും ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ റോഡുകൾക്കുവേണ്ടി റോഡ് സേഫ്റ്റി പോളിസിയും ബ്ലാക്ക് സ്പോട്ട് നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പ്രോട്ടോക്കോളും റോഡ് സേഫ്റ്റി പോളിസിയും തയ്യാറാക്കി നാറ്റ്പാക് സമർപ്പിച്ചിരുന്നു. ഇവ 32-ാമത് അതോറിറ്റിയോഗം അംഗീകരിക്കുകയും അനന്തര നടപടികൾക്കായി അനുബന്ധ വകുപ്പുകൾക്കയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകിവരുന്നു. അപകടകാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂൾ സേഫ് സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് വകുപ്പുവഴി

പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക്ക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക്ക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കു, നോക്കു, നീങ്ങു" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും ആരോഗ്യവകുപ്പുവഴി ട്രോമകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് അതോറിറ്റിയിൽ നിന്ന് ഫണ്ട് നൽകിയിട്ടുണ്ട്. ശബരിമല സേഫ് സോൺ പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് ഫണ്ട് അനുവദിച്ചുവരുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ വർഷവും റോഡ് സുരക്ഷാ വാരമാചരിക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് ഫണ്ട് അനുവദിച്ചുവരുന്നു. ഇതിനുപുറമേ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും ശിപാർശകൾക്ക് അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഫണ്ട് അനുവദിച്ചിരുന്നു.

(ബി) 1. പോലീസ് വകുപ്പിന് CRPF പള്ളിപ്പുറം ജംഗ്ഷനിൽ സോളാർ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുവാൻ 12,11,680 രൂപ നൽകിയിട്ടുണ്ട്.

2. 'റോഡ് സേഫ്റ്റി എഡ്യൂക്കേഷൻ ത്രൂ സ്കൂൾ-ഫെയ്സ് 2' എന്ന പദ്ധതിക്കായി NATPAC-ന് ഒരു കോടി രൂപ അനുവദിച്ചു.

3. എഫ്.എം. റേഡിയോകൾ വഴി റോഡ് സുരക്ഷാ ബോധവൽക്കരണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനായി 1,39,33,601 രൂപ അനുവദിച്ചു.

4. പാല-ഈരാറ്റുപേട്ട റോഡിൽ കടുവാമുഴിയിലും കൊച്ചിടപ്പള്ളിയിലും റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി KSTP-ക്ക് 145 ലക്ഷം രൂപ അനുവദിച്ചു.

5. 2016-17-ലെ ശബരിമല സെയ്ഫ് സോൺ പ്രോജക്ടിനായി മോട്ടോർ വാഹന വകുപ്പിന് 71,46,400 രൂപ അനുവദിച്ചു.

6. നെടുമങ്ങാട്, വെമ്പായം, പോത്തൻകോട്, മാർക്കറ്റ് ജംഗ്ഷൻ, പഴകുറ്റി എന്നിവിടങ്ങളിലെ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ പോലീസ് വകുപ്പിന് 42,77,321 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

7. ഗവൺമെന്റ് സ്കൂളുകളിൽ ഇരുപത് പുതിയ സ്മാർട്ട് ട്രാഫിക് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനായി പോലീസ് വകുപ്പിന് 88,00,000 രൂപ അനുവദിച്ചു.

8. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനും പൂജപ്പുര ബയോ ടെക്നോളജി റോഡിൽ വാണിങ് ബ്ലിങ്കേഴ്സ് സ്ഥാപിക്കു ന്നതിനുമായി പോലീസ് വകുപ്പിന് 13,92,087 രൂപ അനുവദിച്ചു.

9. വയനാട് ടൗൺ പരിസരത്തും സ്കൂൾ മേഖലകളിലും തെർമോ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് അടയാളപ്പെടുത്തുന്നതിന് പൊതു മരാമത്ത് വകുപ്പിന് 3,66,038 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

10. ദേശീയപാത 66-ലെ തളിക്കുളം-പത്താംകല്ല് റോഡിലെ ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് 12.4 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

11. ദേശീയപാത 66-ലെ കൃഷ്ണപുരം-പുതിയ കാവ് റോഡിൽ ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് 65 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

12. റോഡ് സേഫ്റ്റി ഫർണിച്ചറിനും തെർമോ പ്ലാസ്റ്റിക്ക് പെയിന്റിംഗിനും ദേശീയപാത 966-ൽ 77/000 മുതൽ 79/000 വരെ വരുന്ന ഭാഗത്തെ റോഡ് സേഫ്റ്റി പ്രവർത്തനങ്ങൾക്കുമായി പൊതുമരാമത്ത് വകുപ്പിന് 3,45,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

13. ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം "ഓട്ടോബാൻ 2017"-ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റോഡ് സുരക്ഷയ്ക്കു വേണ്ടിയുള്ള ദേശീയ സെമിനാറിന് 6,43,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

14. ക്വിറ്റിക്ലബ്ബ് എന്ന സ്ഥാപനത്തിന് 14 റവന്യൂ ജില്ലകളിൽ പൊതുജനത്തിനും സ്കൂൾ കുട്ടികൾക്കുമായി റോഡു സുരക്ഷാവബോധം വളർത്തുന്നതിനായി 6.3 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

15. റോഡ് സുരക്ഷാവാരാചരണം 2017-ന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് 33,00,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

16. റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനായി ഓൾ ഇന്ത്യാ റേഡിയോ എഫ്.എം.സ്റ്റേഷന് 34,26,872 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

17. കരമന-പ്രാവച്ചമ്പലം റോഡിലെ റോഡ് സുരക്ഷാ നടപടികൾ ശക്തിപ്പെ ടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് 25 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

18. പ്രീ- ലേണേഴ്സ് പരിശീലനം, ട്രാൻസ്പോർട്ട് വാഹന ഡ്രൈവർമാർക്കുള്ള പരിശീലനം, ഡ്രൈവിങ് സ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് വഴി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന റോഡ് സുരക്ഷാ പരിശീലനം തുടങ്ങിയവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് 15 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു.

(സി) മോട്ടോർ വാഹനം, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും നാറ്റ്പാക് എന്ന സർക്കാരിതര സംഘടനയുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കെട്ടിടനിർമ്മാണ ചട്ടം**

8(*578 ) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും വെവ്വേറെ കെട്ടിടനിർമ്മാണ ചട്ടം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദ മാക്കുമോ;

(ബി) പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രക്രിയ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രക്രിയയിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ&ബി) ഉണ്ട്. കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലേയും ഗ്രാമപഞ്ചായത്തുകളിലേയും സ്ഥിതിവിശേഷങ്ങൾ വ്യത്യസ്തങ്ങളായതിനാൽ ഓരോന്നിനും പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റികൾ തയ്യാറാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കരട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ഭേദഗതികൾ നിലവിലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സുജലം സുഫലം കാർഷിക വ്യാപന പദ്ധതി**

9(* 579) ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള സുജലം സുഫലം കാർഷിക വ്യാപന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പച്ചക്കറി കൃഷിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുവിധത്തിലെന്ന് വിശദമാക്കുമോ;

(സി) വിവിധ ഏജൻസികളുടെ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായ കൃഷി വികസന പദ്ധതികൾ 'സുജലം സുഫലം' എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ 'സുജലം സുഫലം' പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കൃഷി വകുപ്പു മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, നാളികേര വികസന പദ്ധതി,

കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതികൾ എന്നിവ 'സുജലം സുഫലം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതരകൃഷികൾ എന്നിവ നടപ്പിലാക്കുകവഴി പരമാവധി ഉൽപ്പാദനം കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. ഗാർഹിക-സ്ഥാപന തലങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ വളം (കമ്പോസ്റ്റ്) ആക്കി മാറ്റി അവ ഉപയോഗിച്ചും പരിസ്ഥിതിക്ക് ഇണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിച്ചും കൃഷി, ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യവസ്തുക്കൾ (സേഫ് - ടു - ഈറ്റ്), ഉൽപ്പാദന വർദ്ധനവ് എന്നിവ സാദ്ധ്യമാക്കുക എന്നതും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. പാട്ടത്തിന് കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 25,000 രൂപയും ഭൂവുടമയ്ക്ക് ഹെക്ടറിന് 5000 രൂപയും നൽകിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഇതിൽ ഭാഗഭാക്കായി ആനുകൂല്യം നേടിയെടുക്കാവുന്നതാണ്. കൂടാതെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ മറ്റൊരു ഘടകമായ സ്ഥാപനങ്ങളിൽ/സർക്കാരേതര സംഘടനകൾ വഴി പ്രോജക്ടടിസ്ഥാനത്തിലെ പച്ചക്കറി കൃഷി പ്രകാരം കർഷക കൂട്ടായ്മകൾക്ക് കുറഞ്ഞത് 50 സെൻറ് സ്ഥലത്ത് (സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമിയിൽ) പ്രോജക്ടടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 100 ശതമാനം ധനസഹായം അനുവദിക്കുന്നുണ്ട്. ടി പദ്ധതി ഘടകം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി അനുയോജ്യമെങ്കിൽ അവിടെ നടപ്പാക്കാവുന്നതാണ്. കൂടാതെ ടി സ്ഥാപനങ്ങളുടെ കീഴിലുള്ള അയൽക്കൂട്ടങ്ങൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയ്ക്കും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഏകോപനത്തിനുമായി മൂന്ന് കർമ്മസേനകൾ (ടാസ്ക് ഫോഴ്സ്) സംസ്ഥാന, ജില്ല, തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## സ്മാർട്ട് സിറ്റി, അമൃത് എന്നീ പദ്ധതികൾക്ക് വിനിയോഗിച്ച തുക

10(*580 ) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ.നാണു :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുടെയും കോർപറേഷനുകളുടെയും മാനവവിഭവശക്തീ കരണത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2015-ൽ നീതി ആയോഗ് നടത്തിയ പഠനപ്രകാരമുള്ള റിപ്പോർട്ടിലെ വിഷയങ്ങൾക്കനുസൃതമായി കേരളത്തിലെ അർബൻ-ലോക്കൽ ബോഡികളിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി എന്ന് വിശദമാക്കാമോ;

(ബി) സുപ്രധാന നഗരങ്ങളുടെ വികസനത്തിനായി കൊണ്ടുവന്ന കേന്ദ്രപദ്ധ തികളായ 'സ്മാർട്ട് സിറ്റി', 'അമൃത്' എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് 2015-16, 2016-17 എന്നീ വർഷങ്ങളിൽ ലഭിച്ച 240 കോടിയിലധികം രൂപയിൽ 3 കോടിയോളം രൂപ മാത്രമേ പദ്ധതിച്ചെലവിനായി വിനിയോഗിച്ചുള്ളൂവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ ബാക്കി ലഭിക്കാനുള്ള എൺപത് ശതമാനം കേന്ദ്ര വിഹിതം ഉടൻ നേടിയെടുക്കാനുള്ള കർമ്മപദ്ധതി വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) നഗര സഭകളിൽ അക്കൗണ്ടിംഗ്, വിവിധ സേവനങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകൾ മുഖേന പരിഷ്കരിക്കുകയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മാനവവിഭവ ശാക്തികരണത്തിന് കില, ഐ.എം.ജി. തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ മുഖേനയും അമൃത് പദ്ധതിയിൻകീഴിലുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടിയിലൂടെയും പരിശീലനം നൽകിയിട്ടുണ്ട്. മുനിസിപ്പൽ സർവ്വീസ് കേഡറിൽ കാലികമായ മാറ്റങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അമൃത് പദ്ധതിയിൽ ആദ്യഘട്ടമായി 18 മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തിനായി 3 വാർഷിക പദ്ധതികൾ (2015-16, 2016-17, 2017-18) തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ

അംഗീകാരം നേടിയെടുത്തു. 2357 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 375 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിൽ 91 കുടിവെള്ള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 41% വരുന്ന 1061 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. സ്വിവറേജ്/സെപ്റ്റേജ് സെക്ടറിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ച 6 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾ വിദഗ്ദ്ധ സമിതി പരിശോധിച്ചുവരുന്നു. എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കരാർ മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. 2015-16, 2016-17 വർഷം അംഗീകാരം ലഭിച്ച പദ്ധതികൾക്കായി തുകയുടെ 20% (134 കോടി) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 80 കോടി രൂപ (30%) സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആകെ 214 കോടി രൂപ അമൃത് അക്കൗണ്ടിൽ ലഭ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതി നിർവ്വഹണം ആരംഭ ഘട്ടമായതിനാൽ 3.08 കോടി രൂപ മാത്രമെ ചെലവ് വന്നിട്ടുള്ളൂ. 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ അമൃത് പദ്ധതിക്കായി 375 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (കേന്ദ്രം - 225 കോടി, സംസ്ഥാനം- 150 കോടി രൂപ). ഡി.പി.ആർ. തയ്യാറാക്കിയ 70 പദ്ധതികളിൽ 44 എണ്ണത്തിന് ഭരണാനുമതിയും 25 എണ്ണത്തിന് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ 16.24 കോടി രൂപയുടെ 18 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. സ്മാർട്ട് സിറ്റി പദ്ധതിക്കായി കേന്ദ്രവിഹിതമായി 196 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 200 കോടി രൂപയും ഉൾപ്പെടെ 396 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 392.8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി രൂപീകരിച്ച കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനായി സംസ്ഥാന തലത്തിൽ പ്രത്യേക സാങ്കേതിക വിദഗ്ദ്ധ സമിതികൾ 2017 ഏപ്രിലിൽ രൂപീകരിച്ചിട്ടുണ്ട്. അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സാങ്കേതിക വിദഗ്ദ്ധരെയാണ് ഈ സമിതികളിൽ നിയമിച്ചിട്ടുള്ളത്, 5 സെക്ടറുകൾക്കും വെവ്വേറെ സമിതികളാണുള്ളത്. വിശദമായ പദ്ധതി രൂപരേഖ കാര്യക്ഷമമായും വേഗത്തിലും തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

## സാമ്പത്തിക പുനഃക്രമീകരണവും പുനരുദ്ധാരണവും

11(*581 ) ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ.വിജയൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി, ബാധ്യതകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ ചിത്രം നല്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സാമ്പത്തിക പുനഃക്രമീകരണത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുടെ സഹകരണം ഉറപ്പുവരുത്തിയ ശേഷമേ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികൾ നടപ്പിലാക്കുകയുള്ളോ എന്നറിയിക്കുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് അറിയിക്കുമോ;

(ഇ) പുനരുദ്ധാരണ നടപടികളുടെ പേരിൽ, പൊതുനന്മ ഉദ്ദേശിച്ചുള്ള സേവന മേഖലയിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിന്മാറുമോ എന്നറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) സി.&എ.ജി.-യുടെ അംഗീകാരം ലഭിച്ച 2013-14 വർഷത്തെ സാമ്പത്തിക കണക്കിന്റെ ബാലൻസ് ഷീറ്റ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ആസ്തി 904.54 കോടി രൂപയും ബാദ്ധ്യത 2546.88 കോടി രൂപയുമാണ്.,വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തയിനത്തിൽ 31-3-2017-ലെ കണക്കുപ്രകാരം 2845.21 കോടി രൂപ കോർപ്പറേഷൻ തിരിച്ചടയ്ക്കാനുണ്ട്. ഇതു കൂടാതെ 501.44 കോടി രൂപയുടെ വായ്പ തുക റീവർക്ക് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും നൽകിയിട്ടുള്ളത് സംബന്ധിച്ച റീകൺസിലിയേഷൻ നടപടി പൂർത്തിയായതിനു ശേഷമേ കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്ത വായ്പാ തുകയുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ബസുകൾ വാങ്ങുന്നതിനായും പെൻഷൻ ചെലവ് നിർവ്വഹിക്കുന്നതിനുമാണ് ടി വായ്പാ തുകയുടെ സിംഹഭാഗവും ചെലവഴിച്ചിട്ടുള്ളത്.

(ബി) നിലവിൽ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ രൂപരേഖ തയ്യാറായിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസ റായ ശ്രീ. സുശീൽ ഖന്നയെ 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)367/2016/Trans. പ്രകാരം വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) നഷ്ടത്തിൽ ഓടുന്ന കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീക രിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത രജിസ്റ്റേഡ് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ടി റിപ്പോർട്ടിലെ ശിപാർശകൾ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സഹകരിക്കുമെന്ന് സംഘടനാ പ്രതിനിധികൾ ടി യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പിടുന്ന അന്തർ സംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിലേക്ക് സർവ്വീസുകൾ നടത്തി വരുന്നത്. ഓരോ അന്തർ സംസ്ഥാന കരാറിലും അന്തർ സംസ്ഥാന റൂട്ട്, റൂട്ട് ദൈർഘ്യം, ട്രിപ്പുകളുടെ എണ്ണം, ബസുകളുടെ എണ്ണം, മറ്റ് സംസ്ഥാനങ്ങളിൽ ഓടിക്കാവുന്ന ആകെ ദൂരം എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിബന്ധനകൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസ് നടത്തിവരുന്നത്.

(ഇ) പൊതുജനങ്ങൾക്ക് സുരക്ഷിതവും കുറഞ്ഞ ചെലവിൽ കാര്യക്ഷമവുമായ പൊതു ഗതാഗത സർവ്വീസ് കുറഞ്ഞ ചെലവിൽ നൽകുന്നതിന് വേണ്ടിയാണ് കെ.എസ്.ആർ.ടി.സി. പ്രവർത്തിച്ചു വരുന്നത്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി സേവന മേഖല നടത്തുന്ന സർവ്വീസുകൾ നഷ്ടത്തിൽ ഓടുന്നെങ്കിൽപോലും പൂർണ്ണമായും നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

## ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുള്ള വിളകൾ

12(* 582) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളകൾക്ക് ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിളകൾക്കാണ് ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രത്യേക കാർഷിക സോണുകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 5 പ്രധാന വിളകൾക്ക് സ്പെഷ്യൽ കാർഷിക ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നെല്ല് | - | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| പച്ചക്കറി | - | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട് |
| വാഴ | - | തൃശ്ശൂർ |
| പൂക്കൾ | - | വയനാട് |
| നാളികേരം | - | കോഴിക്കോട് |

വിവിധ വിളകൾക്കായി കൃഷി വകുപ്പ് 32 പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ പ്രത്യേക കാർഷിക സോണുകൾ പ്രാവർത്തികമാക്കുന്നതിനായി 10 കോടി രൂപ നീക്കിവയ്ക്കുകയും ഇതിലേക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിവരികയും ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അനർഹരെ ഒഴിവാക്കുന്നതിന് നടപടി**

13(*583) ശ്രീ. കെ. രാജൻ :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) കർഷക പെൻഷൻ ലഭിച്ചിരുന്ന അനർഹരായ ആളുകളെ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പെൻഷൻ പദ്ധതിയിൽ, അംഗമായിട്ടുള്ളവരുടെ ആധാർകാർഡ് വിവരങ്ങൾ ചേർക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ കർഷക പെൻഷൻ എത്ര മാസം കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ&ബി) കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കർഷക പെൻഷൻ നൽകുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 60 വയസ്സ് പൂർത്തിയാക്കിയ, 10 സെന്റിലെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരുമായ, കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.

2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.

3. കർഷകന്റെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണം.

4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് പത്ത് വർഷമെങ്കിലും കാർഷികമേഖലയിൽ ജോലിചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തേയും കാർഷിക വികസന സിമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ ഭർത്താവിനോ, ഒരാൾക്ക് മാത്രമേ കർഷകപെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റ് വരുമാനങ്ങളില്ലാത്തപക്ഷം ജീവിത പങ്കാളിക്ക് പെൻഷൻ നൽകാവുന്നതാണ്.

9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷകപെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.

10. മറ്റേതെങ്കിലും പെൻഷനുകളുള്ളപക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് ആധാർ കാർഡുമായി ബന്ധപ്പെടുത്തി കർഷക പെൻഷന് അർഹരായവർക്ക് കർഷക പെൻഷൻ അനുവദിക്കുന്നത് പരിശോധിച്ചുവരികയാണ്. ആധാർ കാർഡില്ലാത്തവരുടെ വിവരങ്ങൾ ഉറപ്പുവരുത്താൻ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(ഡി) ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ 2015 മാർച്ച് മാസം മുതൽ 2016 മേയ് വരെ 14 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ജില്ലാ അടിസ്ഥാനത്തിലുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | എത്രമാസം കുടിശ്ശികയുണ്ടായിരുന്നു | കുടിശ്ശിക തുക (കോടി) |
|---|---|---|
| തിരുവനന്തപുരം | 15 | 11.00 |
| കൊല്ലം | 14 | 20.43 |
| ആലപ്പുഴ | 14 | 18.21 |
| കോട്ടയം | 14 | 23.71 |
| പത്തനംതിട്ട | 14 | 14.76 |
| ഇടുക്കി | 10 | 8.676 |
| എറണാകുളം | 14 | 21.27 |
| തൃശ്ശൂർ | 14 | 26.13 |
| പാലക്കാട് | 15 | 24.11 |
| മലപ്പുറം | 10 | 18.38 |
| കോഴിക്കോട് | 12 | 29.30 |
| വയനാട് | 18 | 11.21 |
| കണ്ണൂർ | 15 | 34.06 |
| കാസർഗോഡ് | 13 | 25.95 |
| | ആകെ | 287.196 |

## ഭക്ഷ്യവിളകളുടെ ഉൽപ്പാദന വർദ്ധനവ്

14(*584 ) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യവിളകളുടെ കൃഷി വിസ്തൃതി മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏത് ഭക്ഷ്യവിളകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണന നൽകിയത്; പ്രസ്തുത വിളകളുടെ ഉല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2014-15 കാർഷിക വർഷത്തിൽ ആകെ ഭക്ഷ്യവിളകളുടെ വിസ്തൃതി 981720 ഹെക്ടറും 2015-16-ൽ 982301 ഹെക്ടറുമാണ്. 2014-15 കാർഷിക വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ ഭക്ഷ്യവിളകളുടെ വിസ്തൃതിയിൽ 581 ഹെക്ടർ വർദ്ധനവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(വിസ്തൃതി ഹെക്ടറിൽ)

| ഭക്ഷ്യവിളകൾ | 2014-15 | 2015-16 |
|---|---|---|
| ആകെ ഭക്ഷ്യ ധാന്യങ്ങൾ | 202109 | 200953 |
| ആകെ ഷുഗർ ക്രോപ്പ്, സുഗന്ധ വ്യഞ്ജനങ്ങൾ | 269321 | 272093 |
| ആകെ പഴവർഗ്ഗങ്ങൾ | 371437 | 373734 |
| ആകെ മരിച്ചീനി | 75493 | 69405 |
| ആകെ കിഴങ്ങുവർഗ്ഗങ്ങൾ | 19000 | 19392 |
| ആകെ പച്ചക്കറികൾ | 44360 | 46724 |
| ആകെ ഭക്ഷ്യവിളകൾ | 981720 | 982301 |

(ബി) നെല്ല്, പച്ചക്കറികൾ എന്നീ വിളകൾക്കാണ് മുൻഗണന നൽകിയത്. പ്രസ്തുത വിളകളുടെ ഉൽപ്പാദനം സംബന്ധിച്ച അന്തിമ വിവരങ്ങൾ (2016-17 കാർഷിക വർഷത്തെ) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

**വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ**

15(* 585) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകാർഷികോല്പന്നങ്ങൾക്ക് വില ഉറപ്പാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പഴം-പച്ചക്കറി കൃഷിക്ക് വായ്പ ലഭ്യമാക്കുന്നതിനും വിത്ത്, വളം, കാർഷികോപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക കർഷക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചു കഴിഞ്ഞു. ബംഗ്ളൂരു ആസ്ഥാനമായുള്ള RCOF (Regional Centre for Organic Farming) കേരളത്തിലെ പഴം പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള RC (Regional Council) ആയി വി.എഫ്.പി.സി.കെ.-യെ അംഗീകരിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയോടു താൽപ്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾ വഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി വരുന്നു. രജിസ്റ്റർ ചെയ്ത എല്ലാ കർഷകരെയും ഉൾപ്പെടുത്തി ഗ്രൂപ്പുതല മീറ്റിംഗുകളും പി.ജി.എസ്.നെ കുറിച്ചുള്ള പരിശീലനങ്ങളും സംഘടിപ്പിച്ചു. വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എല്ലാ കൃഷിയിടങ്ങളും പരിശോധിച്ച് വിലയിരുത്തുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കർഷക ഗ്രൂപ്പ് മീറ്റിങ്ങുകളിൽ ചർച്ച ചെയ്ത് ഓരോ കർഷകന്റെയും കൃഷി രീതികളും

കൃഷിയിടവും പി.ജി.എസ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ യോഗ്യരായ കർഷകരുടെ പട്ടിക കൗൺസിലിലുണ്ട്. അത് പരിശോധിച്ച് പി.ജി.എസ്. ഗ്രീൻ (PGS Green) എന്ന സർട്ടിഫിക്കേഷൻ ജൂലൈ മാസത്തോടെ നൽകുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിനുശേഷം രണ്ട് വർഷക്കാലം മേൽപ്പറഞ്ഞ കർഷകരുടെ കൃഷിത്തോട്ട സന്ദർശനവും വിലയിരുത്തലുകളും നടത്തി പി.ജി.എസ്. ഓർഗാനിക് (PGS Organic) സർട്ടിഫിക്കേഷൻ നൽകുന്നതാണ്. ജൈവ ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വില ലഭ്യമാക്കുന്നതിനായി പ്രൊഡക്ഷൻ സബ്സിഡിയായി കിലോക്ക് രണ്ടര രൂപാ നിരക്കിൽ സഹായം നൽകുന്നു. കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിട്ടുണ്ടായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ 1200 ടൺ ഉൽപ്പന്നങ്ങൾക്ക് 60 ലക്ഷം രൂപയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർട്ടിഫിക്കേഷനുമായി 55 ലക്ഷം രൂപയും PGS Organic Certification and crop production in Kasargod എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കൗൺസിലിന്റെ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി പഴം പച്ചക്കറി കർഷകർക്ക് വായ്പാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.യും ബാങ്കുകളുമായുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിൽ വായ്പ ലഭ്യമാക്കി വരുന്നു. അതാത് വർഷങ്ങളിൽ DLTC (District Level Technical Committee) നിശ്ചയിക്കുന്ന വായ്പാ തോതിനനുസരിച്ചാണ് ഓരോ വിളയ്ക്കും വായ്പ ലഭ്യമാക്കുന്നത്. പാട്ടകൃഷിക്കാർക്കും ഈ പദ്ധതിയിൽ വായ്പ ലഭ്യമാക്കുന്നു. 2016-17 സാമ്പത്തിക വർഷം 70 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡിയും നൽകിയിട്ടുണ്ട്.

<u>നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും</u>

- ആലത്തൂരിലുള്ള വിത്ത് സംസ്കരണശാല, കൗൺസിൽ ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കൃഷി ബിസിനസ്സ് കേന്ദ്രം, ഹരിതനഗരി യൂണിറ്റ് എന്നിവ വഴി പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള 55 ലക്ഷം പച്ചക്കറി തൈകളും 68.3 മെട്രിക് ടൺ പച്ചക്കറി വിത്തും സംസ്കരണശാലവഴി വിതരണം നടത്തിയിട്ടുണ്ട്.
- വിത്ത് സംസ്കരണശാലയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ടിഷ്യുകൾച്ചർ ലാബിൽ നിന്നും 6.56 ലക്ഷം ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തു.
- ഫലവൃക്ഷങ്ങളുടെ 5.24 ലക്ഷം ഗ്രാഫ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

വളം വിതരണം

കൗൺസിലിന്റെ കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, എന്നിവിടങ്ങളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവ കീടനാശിനികൾ അടങ്ങുന്ന സസ്യ സംരക്ഷണ ഉൽപ്പാദനോപാധികൾ എന്നിവ വിപണനം ചെയ്തു വരുന്നു. കൂടാതെ ചാണകപ്പൊടി, വെർമി കമ്പോസ്റ്റ്, ഇ.എം.കമ്പോസ്റ്റ് എന്നിവ കൗൺസിലിന്റെ കർഷകരെ കൊണ്ട് ഉൽപ്പാദിപ്പിച്ച് കെ.ബി.കെ വഴി വിതരണം ചെയ്യുന്നുണ്ട്.

കാർഷികോപകരണങ്ങളുടെ വിതരണം

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കേരള സർക്കാർ സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 6846 കർഷകർക്ക് ബ്രഷ് കട്ടർ, സ്പ്രേയർ, വീൽ ബാരോ, പവർടില്ലർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

**പച്ചക്കറി ഉൽപ്പാദന - വിപണന പ്രോത്സാഹനം**

16(* 586) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉത്പാദകക്കമ്പനികൾക്കും വിപണന കമ്പനികൾക്കും ഏതു തരത്തിലുള്ള പിന്തുണയാണ് നൽകി വരുന്നത്;

(ബി) എല്ലാ വീട്ടിലും പച്ചക്കറി എന്ന ആശയം സഫലമാക്കുന്നതിനായി നഗരപ്രദേശങ്ങളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർക്ക് നൽകി വരുന്ന സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദന കമ്പനികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ മാർക്കറ്റുകൾ എന്നിവയുടെ സഹകരണത്തോടെ വിപണനം നടത്തുന്നതിനായി പച്ചക്കറി ഉൽപ്പാദനം കൂടുതലുള്ള മേഖലയിലാണ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 20 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളുടെ സൗജന്യ വിതരണം, കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം, മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 37000 ഗ്രോ ബാഗ് യൂണിറ്റുകൾ നൽകുകയും ഗ്രോ ബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും സഹായം നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. മുൻ കൃഷിക്കായി നൽകിയ ഗ്രോ ബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾ വഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, മിനി പോളീ ഹൗസ് പ്രോത്സാഹനം എന്നിവയും 2017-18-ൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗര പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത നഗരി പദ്ധതി' വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കി വരുന്നു.

(സി) വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് കൂട്ടായ പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അതാത് കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്നു. ക്ലസ്റ്ററുകൾക്ക് ആവശ്യമായ ഉൽപ്പാദനോപാധികളായ ജൈവ വളങ്ങൾ, വിത്തുകൾ, തൈകൾ, ജൈവ കീടരോഗനാശിനികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം പുതിയ സാങ്കേതിക വിദ്യകൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനും സഹായം നൽകുന്നു. കൂടാതെ കൃഷി വിജ്ഞാൻ കേന്ദ്രവുമായി സഹകരിച്ച് കർഷകർക്ക് ആവശ്യമായ ഫീൽഡുതല പരിശീലനങ്ങളും നൽകിവരുന്നു. പ്രത്യേക പരിഗണന ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള കാർഷിക മേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെട്ട എം.ഡി.റ്റി. (മൾട്ടി ഡിസിപ്ലിനറി ടീം)-യുടെ സഹായത്തോടെ കൃഷിയിടങ്ങളിലെ കീടരോഗബാധ മാറ്റുന്നതിന് കൃഷിയിടങ്ങളിൽ സന്ദർശനം നടത്തി പരിശോധിച്ച് ആവശ്യമായ നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നു.

<u>സാമ്പത്തിക സഹായങ്ങൾ</u>

1. സമഗ്ര പച്ചക്കറി വികസന പദ്ധതി 2017-18 പ്രകാരം ഇടവിള കൃഷി പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 7,500 രൂപാ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നു.

2. പോഷക മൂല്യമേറിയ നാടൻ പച്ചക്കറികളുടെ പ്രചാരണത്തിനായി 100 ഹെക്ടറിൽ, ഹെക്ടറിന് 15,000 രൂപ ധനസഹായത്തോടെ അമര, നിത്യവഴുതന, പീച്ചിൽ എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നു.

3. ഉൽപ്പാദനക്ഷമതയേറിയ ഹൈബ്രിഡ് പച്ചക്കറി ഇനങ്ങളുടെ കൃഷിക്കായി ഹെക്ടറിന് 20,000 രൂപ വച്ച് 100 ഹെക്ടറിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

4. പച്ചക്കറികളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 20 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി ഹെക്ടറിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്നതാണ്.

5. വിള ഇൻഷ്വറൻസ് പദ്ധതി, കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതികൾ എന്നിവ 2017-18 സാമ്പത്തിക വർഷവും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. അപ്രകാരം 35 ലക്ഷം വാഴയ്ക്കും 1000 ഹെക്ടർ പച്ചക്കറിക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. വാഴ, പച്ചക്കറി ഇൻഷുറൻസ് പ്രീമിയം സബ്സിഡിക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി

17(* 587) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) അരിവില നിയന്ത്രണ വിധേയമാക്കുന്നതോടൊപ്പം നെൽകൃഷി ലാഭകരമാക്കുന്നതിന് ഏതുവിധത്തിലുള്ള ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2016-17 വർഷം 4331.615 ലക്ഷം രൂപയുടെ സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി. കേന്ദ്രസർക്കാരിന്റെ 4210 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ. പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സുസ്ഥിര നെൽകൃഷി വികസനം.
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.
4. പാടശേഖരസമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി
5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ഡാറ്റാ ബാങ്ക് വാലിഡേഷൻ
6. കരനെൽകൃഷി വികസനം
7. തരിശുനിലങ്ങളിൽ നെൽകൃഷി
8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതല അവാർഡ്
9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായുള്ള ധനസഹായം
10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽ കൃഷി വികസനത്തിനുള്ള ധനസഹായം.
11. നെൽവർഷത്തോടനുബന്ധിച്ച് നെൽ കൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം.
12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം.
13. രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതി
14. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം.
15. നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി.

മേൽ പരാമർശിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു :

(ബി) നെൽകൃഷിയിൽ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മേൽ പരാമർശിച്ച പദ്ധതികൾ കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും പാടശേഖര അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്.

(സി) അരിവില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ കേരളത്തിലുടനീളം മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ വഴി സബ്സിഡി നിരക്കിൽ (മട്ട ഇനം - 24/kg, ജയ, കുറുവ 25/kg, പച്ചരി - 23/kg) അരി വിതരണം ചെയ്തുവരുന്നു. ഏകദേശം 1.35 ലക്ഷം മെട്രിക് ടൺ അരി കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നിന്ന് സപ്ലൈകോ നെല്ല് സംഭരിക്കുന്നു. ഒരു വർഷം ഏകദേശം 5.6 ലക്ഷം ടൺ നെല്ല് സംഭരിക്കുന്നു. ഇപ്രകാരം സംഭരിക്കുന്ന നെല്ലിൽ നിന്ന് ലഭ്യമാകുന്ന 3.8 ലക്ഷം ടൺ അരി പൊതു വിതരണ സംവിധാനത്തിലൂടെ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി കർഷകന്റെ ചെലവ് കുറയ്ക്കുവാനും ആദായം വർദ്ധിപ്പിക്കുവാനും ഉൽപ്പാദനക്ഷമത കൂട്ടുവാനും കഴിയും. നിലവിലെ സമഗ്ര നെൽകൃഷി വികസന പദ്ധതി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ 20-40% വരെ ചെലവ് കുറയ്ക്കുവാൻ കഴിയും. കൂടാതെ കാർഷിക യന്ത്രവൽക്കരണം, കൃത്യസമയത്തുള്ള ജലസേചനം, ഗുണമേന്മയുള്ള വിത്തിന്റെ ഉപയോഗം, കൃത്യസമയത്ത് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം, കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കൽ, വിവിധ വിളപരിപാലന പ്രവർത്തനങ്ങൾക്ക് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നീ സേവനങ്ങൾ ലഭ്യമാക്കി പാടശേഖരാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതുവഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനു പുറമേ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995-നുശേഷം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

**നിയമവിരുദ്ധ നിയമനങ്ങൾ**

18(*588 ) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമവിരുദ്ധ നിയമനങ്ങൾ സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ചാണ് പരാതി ഉയർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ& ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലെ മാനദണ്ഡമനുസരിച്ച് ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലും അനുബന്ധ സ്ഥാപനങ്ങളിലും സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ/ റീഡിപ്ലോയ്മെന്റ്/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരിശീലന കേന്ദ്രങ്ങളിൽ ക്ലാർക്ക്/കമ്പ്യൂട്ടർ ഓപ്പറേറ്റർ/പ്യൂൺ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി ഡയറക്ടർ, സർക്കാർ പ്രതിനിധി, പരിശീലന കേന്ദ്രം പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന ഇന്റർവ്യൂ ബോർഡും സർക്കാർ ഉത്തരവ് വഴി രൂപീകരിച്ചിട്ടുണ്ട്. ഈ ബോർഡാണ് ആവശ്യമായ കരാർ നിയമനങ്ങൾ നടത്തുന്നത്.

## കേരളാ അഗ്രിബിസിനസ്സ് കമ്പനി

19(* 589) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ അഗ്രിബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് മറ്റെന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന് അറിയിക്കുമോ;

(സി) കൃഷി വകുപ്പിന്റെ നിലവിലെ പദ്ധതികൾ മൂല്യവർദ്ധനവിന് സഹായകരമായ രീതിയിൽ പുനരാവിഷ്ക്കരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കർഷകരെ വിപണിയുമായി ബന്ധപ്പെടുത്തുന്നതിനും കൃഷിയിൽ നിന്നും കാർഷിക വ്യവസായത്തിലേക്കുള്ള മാറ്റത്തിന് സഹായിക്കുന്നതിനും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. സ്വതന്ത്രവും തൊഴിൽപരവുമായ മേൽനോട്ടം വഹിക്കുന്നതിനുമുള്ള 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' ആയി ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന ഈ കമ്പനി കേരളത്തിലെ കാർഷിക സംസ്കരണ മേഖലയ്ക്ക് ഒരു പുത്തനുണർവ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. അഗ്രോ പാർക്കുകൾ, അഗ്രോ മാളുകൾ, അഗ്രോ ബസാറുകൾ എന്നിവുടെ സ്ഥാപനം, കേരളത്തിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, നാണ്യവിളകൾ മുതലായവയുടെ പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ വിപണനം ഇതുവഴി സാദ്ധ്യമാക്കുന്നതാണ്. സർവ്വേകൾ, സാദ്ധ്യതാ പഠനങ്ങൾ ഏറ്റെടുക്കുക, പുതിയ വിപണികൾ കണ്ടെത്തുക, വിവര സാങ്കേതിക വിദ്യ പോർട്ടൽ, ഇ-കൊമേഴ്സ്, ഐ.വി.ആർ.എസ്. സിസ്റ്റം എന്നിവ നടപ്പിലാക്കുക മുതലായ പ്രവർത്തനങ്ങളും കേരള അഗ്രോ ബിസിനസ്സ് കമ്പനി മുഖേന ഏർപ്പടുത്തുവാനുദ്ദേശിക്കുന്നു.

(ബി) കാർഷിക വിളകളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിന് എസ്.എഫ്.എ.സി. മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പായ്ക്കിംഗ്, ബ്രാൻഡിംഗ്, വിപണനം തുടങ്ങിയവയിലെല്ലാം സംരംഭകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സംരംഭകർക്ക് പായ്ക്കിംഗ്, ബ്രാൻഡിംഗ്, വിപണനം എന്നിയവുടെ നൂതന മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നേടിയ വിദഗ്ധരെ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള കൺസൾട്ടന്റുമാരായി നിയമിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) 2017-18 സാമ്പത്തിക വർഷം 'മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേൻ ഉൽപ്പാദനം, അഗ്രോ ബിസിനസ്സ് കമ്പനി' എന്നിവയ്ക്കായി ആകെ 2700 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ മൂല്യവർദ്ധനവ് യൂണിറ്റുകൾക്ക് (ചെറുകിട/ഇടത്തരം യൂണിറ്റുകൾ, വ്യക്തിഗത/സ്വയംസഹായ സംഘങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് തലത്തിലെ യൂണിറ്റുകൾ, സർക്കാർ/ പൊതുമേഖല/ സഹകരണ തലത്തിലെ യൂണിറ്റുകൾ) സഹായം, പുതിയ ഇൻകുബേഷൻ സെന്ററുകൾ

സ്ഥാപിക്കൽ, ഗവേഷണ സ്ഥാപനങ്ങൾക്ക് മൂല്യവർദ്ധനവ് മേഖലയിൽ സാങ്കേതികവിദ്യ സ്റ്റടം ചെയ്യുന്നതിനുള്ള സഹായം, തേനുൽപ്പാദനം, സംസ്കരണം, അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപിക്കൽ, സംരംഭകർക്ക് സാങ്കേതിക വികസനത്തിനുള്ള സഹായം, നീര സംസ്കരണ പ്രോജക്ടുകൾക്ക് സഹായം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പടുത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ നൂതന പദ്ധതികളായ 'പ്രത്യേക കാർഷിക മേഖലകളിൽ' നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ, പുഷ്പകൃഷി എന്നീ പ്രധാന വിളകളെയും ആദിവാസി മേഖലയിലെ കൃഷി എന്നിവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളിൽ വിത്ത് വിതരണം മുതൽ വിളവെടുപ്പും ഉൽപ്പന്ന സംസ്കരണവും മൂല്യവർദ്ധനവും വിപണന സംവിധാനവും അതാത് മേഖലയിൽത്തന്നെ സജ്ജീകരിക്കുന്ന രീതിയിലുള്ള വിവിധ പ്രവർത്തനങ്ങളുടെ സംയോജനമാണ് ഉദ്ദേശിക്കുന്നത്.

**വിവാഹങ്ങൾക്ക് ഹരിതപ്രോട്ടോക്കോൾ**

20(*590 ) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹങ്ങൾക്ക് ഹരിതപ്രോട്ടോക്കോൾ നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) കല്യാണമണ്ഡപങ്ങൾ, ടൗൺഹാളുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക്, തെർമോക്കോൾ എന്നിവ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ പ്രസ്തുത ഏജൻസിക്ക് അധികാരമുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>) :

(എ &ബി) ഇല്ല.

(സി) ഇതിനായി ഏജൻസിയെ ചുമതലപ്പടുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

**വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ**

21(*591) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള ആദ്യത്തെ വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാർഗ്ഗരേഖയിൽ ഊന്നൽ നൽകുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി അടങ്കലിൽ നിന്നും എത്രകോടി രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനൊപ്പം പരിസ്ഥിതി രക്ഷ ഉറപ്പാക്കാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും കൃഷിയും സംരക്ഷിക്കൽ പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ, തൊഴിൽ നൈപുണ്യം, മനുഷ്യവിഭവശേഷി എന്നിയവുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, മാലിന്യ നിർമ്മാർജ്ജനം, കേവല ദാരിദ്ര്യം, നിർമ്മാർജ്ജനം ചെയ്യൽ, ഭൂരഹിതരും ഭവനരഹിതരും അഗതികളുമില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നീ കാര്യങ്ങൾക്കാണ് മാർഗ്ഗരേഖയിൽ മുൻഗണന നൽകിയിട്ടുള്ളത്. കൂടാതെ, സർക്കാർ വിഭാവന ചെയ്യുന്ന ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ നാല് മിഷനുകളിലൂടെ ഉൽപ്പാദന സേവന മേഖലകളുടെ സമഗ്രവികസനത്തിനും മുൻഗണന നൽകിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ ഖര, ദ്രവ്യ, മാലിന്യ സംസ്കരണം, ജല സ്രോതസ്സുകളിലെ മാലിന്യം, ചേരികളും അവയുടെ വികസനവും ഭൂരഹിത-ഭവന രഹിതരുടെ പാർപ്പിട പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും ഗതാഗതക്കുരുക്കും മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, പൊതുസ്ഥലങ്ങളുടെ കുറവ് എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

(സി) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ യഥാക്രമം 25%, 30%, 40% എന്നിവയിലധികരിക്കാതെയും പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെയും പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെയും 30 ശതമാനത്തിൽ അധികരിക്കാതെയുമുള്ള തുക പശ്ചാത്തല മേഖലയിൽ വകയിരുത്താവുന്നതാണ്. നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 50 ശതമാനത്തിലധികരിക്കാതെയും പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികരിക്കാതെയുമുള്ള തുക പശ്ചാത്തല മേഖലയിൽ വകയിരുത്താവുന്നതാണ്.

### തുറമുഖങ്ങളുടെ നവീകരണം

22(* 592) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ;

(ബി) നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) കൊല്ലം, അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ, ബേപ്പൂർ, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി നവീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് പാസ്സഞ്ചർ ടെർമിനലിന്റെ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതിയനുസരിച്ച് 763 കോടി രൂപ ചെലവിൽ

പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) നവീകരണത്തിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാക്കുക, ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുക, വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുക, ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കുക, ചരക്കുനീക്കം സുഗമമാക്കുന്നതിന് റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ വലിയ കപ്പലുകൾ അടുക്കുന്നതിന് ടഗ്ഗിന്റെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ വിഹിതത്തിനുപുറമെ നബാർഡ് ധനസഹായം, കിഫ്ബി മുഖേനയുള്ള ധനസഹായം, കേന്ദ്രസർക്കാരിന്റെ ധനസഹായം എന്നിവ വഴി തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെട്ടിടനിർമ്മാണത്തിനുള്ള ഓൺലൈൻ അപേക്ഷ**

23 (* 593) ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പൂർത്തിയാക്കിയിട്ടില്ല. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി&സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളിന്മേലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പരിടാനുള്ള അപേക്ഷകളിന്മേലും ഫീൽഡ് തലത്തിൽ സൂക്ഷ്മ പരിശോധന നടത്തി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ ഇല്ലെന്ന് തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പുവരുത്തുന്നുണ്ട്. അനധികൃതമായി നിർമ്മാണം ആരംഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും ശക്തമായ നടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭകൾക്ക് അധികാരമുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് നഗരസഭാ സെക്രട്ടറി, നഗരസഭ എഞ്ചനീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. കാലാകാലങ്ങളിൽ നഗരസഭാ സെക്രട്ടറി പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാത്രികാലങ്ങളിലും മറ്റും നഗരസഭാ ഉദ്യോഗസ്ഥർ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാരിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ രൂപീകൃതമായിട്ടുള്ള ചീഫ് ടൗൺ പ്ലാനർ വിജിലൻസിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ കെട്ടിടങ്ങൾ പരിശോധിച്ച് നടപടിക്ക് ശിപാർശ ചെയ്യുന്നതിനും നിർമ്മാണം അനധികൃതമാണെന്ന് കാണുന്നപക്ഷം അവ നിർത്തിവയ്പിക്കുന്നതിനും അവ പൊളിച്ചു മാറ്റുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനും സർക്കാർ അധികാരം നൽകിയിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ പരിധിയിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ എല്ലാ ഓഫീസുകളും ഉൾപ്പെടുന്നുണ്ട്.

## രാഷ്ട്രീയ കൃഷി വികാസ് യോജന

24(*594 ) ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിൽ കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ധനസഹായത്തിനായി എന്തെല്ലാം പദ്ധതികളാണ് ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) കാർഷിക മേഖലയുടെ വികസനത്തിനായുള്ള സംസ്ഥാന പദ്ധതികൾ ആർ.കെ.വി.വൈ. പദ്ധതിയുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ചുവടെ ചേർത്തിരിക്കുന്നു. വിവിധ കേന്ദ്ര പദ്ധതികളിലൂടെയുള്ള സാമ്പത്തിക സഹായമാണ് കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്നത്.

50% കേന്ദ്രാവിഷ്കൃത പദ്ധതികൾ

നാളികേര വികസന ബോർഡ് പദ്ധതി (CDB)

60% കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി (MIDH)
2. ദേശീയ ഔഷധ സസ്യമിഷൻ (NMMP)
3. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ - നെല്ല് പയർ (NFSM)
4. വൃഷ്ടി പ്രദേശ വികസനം (റെയിൻ ഫെഡ് ഏരിയ ഡെവലപ്മെൻറ് - RAD)

5. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് ആന്റ് ഓയിൽ പാം (NMOOP)

6. ആത്മ പദ്ധതി (SMAE)

7. സോയിൽ ഹെൽത്ത് കാർഡ് & സോയിൽ ഹെൽത്ത് മാനേജ്മെന്റ് - (SHC & SHM )

8. പരമ്പരാഗത കൃഷി വികാസ് യോജന - (PKVY)

9. പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY)

10. കാർഷിക യന്ത്രവൽക്കരണം (SMAM)

11. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

12. കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി (Government of India supported crop insurance)

100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി

ബയോഗ്യാസ് ആന്റ് മെനവർ മാനേജ്മെന്റ് (NBMMP)

(ബി) കൃഷിയുടെയും അനുബന്ധ മേഖലകളുടെയും ഉൽപ്പാദന വർദ്ധനവിനും അടിസ്ഥാന സൗകര്യവികസനത്തിനും വേണ്ടിയുള്ള പ്രേജക്ടുകളാണ് രാഷ്ട്രീയ കൃഷി വികാസ് യോജനവഴി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. ആർ.കെ.വി.വൈ.-ക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് സമർപ്പിക്കുന്ന പദ്ധതികൾ കേന്ദ്ര ധനസഹായത്തിന്റെ ലഭ്യതയനുസരിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾകൂടി ഉൾപ്പെട്ട സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

(സി) 2017-18 വർഷത്തിൽ കൃഷി അനുബന്ധമേഖലകളിലെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് ആർ.കെ.വി.വൈ. പദ്ധതികൾ സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

## ശുചിത്വനഗര സർവേ പട്ടിക

25 (* 595) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനം ജനകീയപ്രസ്ഥാനമാക്കുന്ന സമഗ്രപദ്ധതി, പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നുവെന്നത് വസ്തുതയാണോ;

(ബി) കേന്ദ്രസർക്കാർ പദ്ധതിയായ സ്വച്ഛ് ഭാരതിന്റെ ഭാഗമായി കേന്ദ്രനഗരവികസന മന്ത്രാലയം നടത്തിയ ശുചിത്വനഗര സർവ്വേയിൽ ആദ്യത്തെ 250 നഗരങ്ങളുടെ പട്ടികയിൽ കേരളത്തിലെ ഒരു നഗരവും സ്ഥാനം പിടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2015-ലും 2016-ലും നടത്തിയ സർവ്വേകളിൽ സംസ്ഥാനത്തെ ഏതെങ്കിലും നഗരങ്ങൾ മുൻപന്തിയിലെത്തിയിരുന്നോ; വിശദാംശം നൽകുമോ;

(ഡി) ശുചിത്വ സംസ്ഥാനമെന്ന പേരിൽ അറിയപ്പെട്ടിരുന്ന കേരളത്തെ വരുംവർഷങ്ങളിലെ ശുചിത്വനഗര സർവ്വെ പട്ടികയിൽ മുന്നിലെത്തിക്കുവാൻ എന്ത് നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) അല്ല.

(ബി) ഉണ്ട്.

(സി) 2015-ൽ ശുചിത്വനഗരം സർവേ നടന്നിരുന്നില്ല. 2016-ൽ ഭാരതത്തിലെ 73 നഗരങ്ങളെ ഉൾപ്പെടുത്തി നടത്തിയ സർവേയിൽ കേരളത്തിൽനിന്നും തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങൾക്ക് യഥാക്രമം 40, 44, 55 എന്നീ റാങ്കുകൾ ലഭിച്ചിരുന്നു.

(ഡി) സ്വച്ഛ് സർവേക്ഷന്റെ ഭാഗമായി നടത്തപ്പെടുന്ന സർവേയിൽ വിവരം ശേഖരിക്കപ്പെടുന്ന പ്രധാന ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2) വ്യക്തിഗത, കമ്മ്യൂണിറ്റി, പബ്ലിക്ക് ടോയ്‌ലെറ്റുകൾ (3) വെളിയിട വിസർജ്ജന രഹിത സിറ്റി (4) വിവര വിജ്ഞാന വ്യാപനം, വിവരസാങ്കേതിക വിദ്യ

എന്നിവയിലധിഷ്ഠിതമായ സ്വച്ഛതാ ആപ് എന്നീ സേവനങ്ങളുടെ സമയബന്ധിതവും ഗുണപരവുമായ നിർവ്വഹണത്തിലും മാനേജ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ

26(*596 ) ശ്രീ. എം. നൗഷാദ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ വർഷങ്ങളായി കുടുംബശ്രീ, മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ പരിതാപകരമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ രംഗത്ത് പ്രവർത്തിക്കുന്ന എം.ഇ.സി.മാരുടെ (മൈക്രോ എന്റെർപ്രെണർ കോ-ഓഡിനേറ്റർ) പ്രവർത്തനങ്ങൾ ഫലപ്രദമാകാതെ പോയതാണ് ഇതിന് കാരണമെന്ന് കരുതുന്നുണ്ടോ;

(സി) പുതിയ എം.ഇ.സി.-മാരെ തെരഞ്ഞെടുക്കുന്ന ഈ ഘട്ടത്തിൽ, കാര്യക്ഷമതയോടെ പ്രവർത്തിയ്ക്കുന്ന എം.ഇ.സി.-മാരെ കണ്ടെത്തി നിലനിർത്തുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ളതും യോഗ്യതയുള്ളതുമായ കുടുംബശ്രീ വനിതകൾക്ക് അവസരം നൽകി കുടുംബശ്രീ സംവിധാനത്തിന്റെ നട്ടെല്ലായ ഈ മേഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുടുംബശ്രീ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസ് സൊസൈറ്റി (KAASS) കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം കഴിഞ്ഞ വർഷങ്ങളിൽ സംരംഭ മേഖലയ്ക്ക് ആവശ്യമായ പിന്തുണാസഹായം നൽകുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്.

(സി) കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന എം.ഇ.സി.-മാരെ നിലനിർത്തുകയും ജില്ലകളിൽ എം.ഇ.സിമാരുടെ എണ്ണത്തിൽ കുറവ് നേരിടുന്ന പക്ഷം കുടുംബശ്രീ സംവിധാനത്തിൽനിന്നും യോഗ്യതയും താൽപ്പര്യവുമുള്ളവരെ എം.ഇ.സിമാരായി കണ്ടെത്തുന്നതുമാണ്.

(ഡി) സ്വീകരിക്കുന്നതാണ്. KAASS-ന്റെ ഓഡിറ്റിംഗ് കാര്യക്ഷമമാക്കുന്നതിനായി ആവശ്യമായ പരിശീലനം നൽകിവരുന്നു. എല്ലാ ജില്ലകളിലും ഓഡിറ്റിംഗ് ഫോർമാറ്റും മാർഗ്ഗരേഖയും ഏകീകരിക്കുന്നതും ഓഡിറ്റ് റിപ്പോർട്ടിംഗ് ഓൺലൈൻ ആക്കുന്നതുമാണ്. കൂടാതെ സംസ്ഥാനത്തെ അയൽക്കൂട്ട, സി.ഡി.എസ്., എ.ഡി.എസ്. രജിസ്റ്ററുകൾ ഏകീകരിക്കുന്നതുമാണ്.

**വഴിയോരക്കച്ചവടക്കാരുടെ ക്ഷേമം**

27(*597 ) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരക്കച്ചവടക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന വ്യാപകമായി വഴിയോരക്കച്ചവടക്കാരുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു സർവ്വെ നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(സി) വഴിയോരക്കച്ചവടക്കാർക്ക് ലൈസൻസും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തെരുവ് കച്ചവടക്കാർക്കുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി യഥാർത്ഥ തെരുവോര കച്ചവടക്കാരെ കണ്ടെത്തുന്നതിനായി സർവേ നടന്നുവരികയാണ്. 83 നഗരസഭകളിൽ സർവേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തെരുവ് കച്ചവടക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക ഉപദേശം നൽകുന്നതിനുമായി വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഒരു "സംസ്ഥാനതല ഉപദേശക സമിതി"ക്ക് രൂപം നൽകിയിട്ടുമുണ്ട്. നഗരസഭകളിൽ

തെരുവ് കച്ചവടക്കാരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന നഗര തെരുവ് കച്ചവട സമിതി (ടൗൺ വെന്റിംഗ് കമ്മിറ്റി (ടി.വി.സി) 47 നഗരങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡും ലൈസൻസും നൽകുന്നതുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. തെരുവ് കച്ചവടക്കാരുടെ ക്ഷേമത്തിനായി ദേശീയ തെരുവ് കച്ചവട നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ ചട്ടവും സ്കീമും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലാണ്. ചട്ടവും സ്കീമും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിലൂടെ തെരുവ് കച്ചവടക്കാർക്ക് നിയമപരമായ പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ 83 നഗരങ്ങളിൽ സർവേ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10 നഗരങ്ങളിൽ ജൂൺ മാസത്തോടെ സർവേ പൂർത്തീകരിക്കുന്നതാണ്. ടി നഗരങ്ങളിലായി 18,337 തെരുവോര കച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്. സർവേ പൂർത്തിയാക്കിയതിൽ മലപ്പുറം, പാലക്കാട് നഗരസഭകളിലെ തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. നഗരങ്ങളിൽ തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡും ലൈസൻസും നഗര തെരുവ് കച്ചവട സമിതിയുടെ അംഗീകാരത്തിന് വിധേയമായി നഗരസഭകൾ നൽകുന്നതാണ്.

## മോട്ടോർ വെഹിക്കിൾ (അമെന്റ്മെന്റ്) ബിൽ, 2016

28 (*598 ) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അംഗീകരിച്ച മോട്ടോർ വെഹിക്കിൾ (അമെന്റ്മെന്റ്) ബിൽ 2016-ലെ ഏതൊക്കെ വ്യവസ്ഥകളാണ് കേരളത്തിലെ മോട്ടോർ തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) പ്രസ്തുത ബിൽ പാർലമെൻറ് പാസ്സാക്കിയിട്ട് വിജ്ഞാപനം ചെയ്ത് ചട്ടങ്ങൾകൂടി കേന്ദ്ര സർക്കാർ നിർമ്മിച്ച് പുറത്തിറക്കിയതിനുശേഷം മാത്രമേ പുതിയ നിയമം തൊഴിലാളി സമൂഹത്തെ എങ്ങനെ ബാധിക്കുമെന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(ബി) നിർദ്ദിഷ്ട ബില്ലിൽ സംസ്ഥാനത്തെയും പൊതുജനങ്ങളെയും ദോഷകരമായി ബാധിച്ചേക്കാവുന്ന പ്രശ്നങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസിന് മിനിമം വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം. ഡ്രൈവിംഗ് സ്കൂളുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിനായിരിക്കണം. ഡ്രൈവിംഗ് ലൈസൻസ് കാലാവധി കഴിഞ്ഞ് രണ്ട് വർഷം വരെയെങ്കിലും പുതുക്കാനുള്ള സമയം നൽകണം, ഇൻഷ്വറൻസിന് പരിധി വയ്ക്കുന്ന വ്യവസ്ഥ എടുത്തുകളയണം തുടങ്ങിയ വിവിധ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി യിരുന്നെങ്കിലും ഇതൊന്നും കേന്ദ്രസർക്കാർ പരിഗണിച്ച് ബില്ലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇനി, ഈ ബിൽ പാർലമെന്റ് പാസ്സാക്കി നിയമമായതിനുശേഷം ഏൽപ്പിച്ച് നൽകുന്ന അധികാരങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ചട്ടങ്ങളുണ്ടാക്കുക എന്നതാണ് തുടർ നടപടിയായി ചെയ്യാനുള്ളത്.

**പച്ചക്കറിയുൽപ്പാദനത്തിലെ സ്വയംപര്യാപ്തത**

29(*599 ) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)പച്ചക്കറിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഗ്രാമ-നഗര പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കുന്നതിനുമായി എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃഷിക്കൂട്ടായ്മ (അർബൻ, ജില്ലാ ക്ലസ്റ്ററുകൾ) പ്രോത്സാഹിപ്പിക്കാനും ഇതു വഴി വിപണനവും വിത്ത് വിതരണവും കാര്യക്ഷമമാക്കാനും നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പച്ചക്കറിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഗ്രാമ-നഗര പ്രദേശങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ 2016-17-ലെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉർപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പിലാക്കുന്നു.

1. സൂക്ഷ്മ ജലസേചനം /തിരിനന ജലസേചനം
2. നൂതന കാർഷിക രീതികളെക്കുറിച്ചുള്ള പരിശീലനം, ബോധവൽക്കരണം, പ്രചരണം, കൈപ്പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യൽ.
3. മണ്ണ് പരിശോധന, സൂര്യതാപീകരണം തുടങ്ങിയവയ്ക്ക് ബോധവൽക്കരണം നൽകുക.
4. ഗുണമേന്മയുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുക.
5. സൂക്ഷ്മ ജലസേചനം, ജലസേചനം വഴിയുള്ള വളപ്രയോഗം എന്നിവയ്ക്ക് ധനസഹായം നൽകുക.
6. നഗരങ്ങളിലെ പച്ചക്കറി കൃഷിക്കായി മിനി പോളീഹൗസുകൾ സ്ഥാപിക്കുക.
7. മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതിന് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായം, സൂക്ഷ്മ മൂലകങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് ധനസഹായം നൽകുക.
8. നൂതന കൃഷി രീതികൾ അവലംബിക്കുന്നതിനായി ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുക.

രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പിലാക്കുന്നു -

1. മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കുന്നതിനായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, കൈപ്പുസ്തകങ്ങൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യുക.

3. ട്രൈക്കോഡർമ്മ, വാം മുതലായ ബയോകൺട്രോൾ ഏജന്റുകൾ കൃഷിയിടങ്ങളിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

4. രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 500 ക്ലസ്റ്ററുകളിൽ ജൈവ കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കീടനാശിനികളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും 2016 ആഗസ്റ്റ് 29 മുതൽ ഒക്ടോബർ 7 വരെ കൃഷി വകുപ്പ് സംസ്ഥാനതല ക്യാമ്പയിൻ നടത്തിയിരുന്നു. കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതി വഴിയും കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി വരുന്നു.

(സി) 2017-18-ൽ അർബൻ ക്ലസ്റ്ററുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി നഗരങ്ങളിലെ മട്ടുപ്പാവ് കൃഷിക്കായി 2000 രൂപ വിലയുള്ള 37000 ഗ്രോബാഗ് യൂണിറ്റുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്നു. ഇതിലേക്കായി 555 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നേരത്തേ നൽകിയ ഗ്രോബാഗുകളുടെ പുനരുദ്ധാരണത്തിനും ആവർത്തന ചെലവുകൾക്കുമായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനിലെ അർബൻ ക്ലസ്റ്ററുകൾ ഉൾപ്പെടുത്തി 50 ഹരിത ഗ്രൂപ്പ് രൂപീകരിക്കുകയും ഇതിനായി ഓരോ ഹരിതഗ്രൂപ്പിനും 50,000 രൂപ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുമുണ്ട്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സാങ്കേതിക സഹായത്തിനും വിപണനത്തിനുമായി ഹരിതമിത്ര എന്ന പേരിൽ സന്നദ്ധ സേവകരെ ചുമതലപ്പെടുത്തുന്നതാണ്.

## റബ്ബർ വിപണിയിലെ പ്രതിസന്ധി

30(*600) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർവിപണി പ്രതിസന്ധിയിലാണെന്നും ഇതുമൂലം റബ്ബർകർഷകർ ബുദ്ധിമുട്ടിലാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റബ്ബർ വില സ്ഥിരത പദ്ധതിയിലേക്ക് ഈ സർക്കാർ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പിലേയും പണം ലഭ്യമാക്കുന്നതിലേയും കാലതാമസം നിലവിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര റബ്ബർ നയം നടപ്പിലാക്കാൻ സർക്കാർ ഇടപെടുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. റബ്ബർ കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സ്വാഭാവിക റബ്ബറിനുണ്ടായിട്ടുള്ള വിലയിടിവാണ്. സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. അതോടൊപ്പം റബ്ബറധിഷ്ഠിത വ്യവസായങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയും കമ്പോളത്തിൽ പ്രസ്തുത ഉൽപ്പന്നത്തിന്റെ ലഭ്യതയും വിലയിൽ വ്യതിയാനം വരുത്തുന്നു. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവവും ഈ മേഖല നേരിടുന്നുണ്ട്. എന്നാൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത റബ്ബർ കർഷകർക്ക് കിലോക്ക് 150/- രൂപ സർക്കാർ ഉറപ്പു വരുത്തുന്നുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം ആരംഭിച്ചത് മുതൽ റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് രണ്ടാഴ്ചയിലൊരിക്കൽ താങ്ങുവിലയും വിപണിവിലയും തമ്മിലുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നുണ്ട്. 2016-17 വർഷത്തിൽ നീക്കി വച്ച 500 കോടി രൂപയിൽ 451.46 കോടി രൂപ പദ്ധതിയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 449.77 കോടി രൂപ കർഷകർക്കുള്ള സബ്സിഡി ഇനത്തിലും ബാക്കി തുക റബ്ബർ ഉൽപ്പാദക സംഘങ്ങൾക്കുള്ള ഡാറ്റാ എൻട്രി ചാർജ്, കെൽട്രോണിലുള്ള എസ്.എം.എസ്. ചാർജ് മുതലായ അനുബന്ധ ചെലവുകൾക്കുമാണ്.

(സി) കേരളത്തിലെ പ്രധാന നാണ്യവിളയായ റബ്ബറിനെ അടിസ്ഥാനപ്പെടുത്തി നയം രൂപീകരിക്കുന്നതിന്റെ ഭാഗമായും റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും വിലസ്ഥിരത ഉറപ്പാക്കുന്നതിനുമായി സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയണമെന്നും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം കൂട്ടുന്നതിനും കയറ്റുമതി സബ്സിഡി അനുവദിക്കണമെന്നും താങ്ങുവില പ്രഖ്യാപിക്കണമെന്നും മറ്റും വിവിധ ആവശ്യങ്ങളടങ്ങുന്ന നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ലോക വ്യാപാരകരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളാൻ കഴിയില്ലെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. കേന്ദ്ര റബ്ബർ നയം സംബന്ധിച്ചും ഇപ്പോൾ കേന്ദ്രസർക്കാർ റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ അടച്ചുപൂട്ടുന്ന സാഹചര്യങ്ങളെക്കുറിച്ചും ചർച്ചചെയ്യുവാൻ റബ്ബർ കർഷകരുടെ യോഗം വിളിച്ചു ചേർക്കുവാനും ഒരു സർവ്വ കക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനായി അയയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നീര കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

1 (5189) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനവും വിപണനവും ലാഭത്തിലാണോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദന സംഘങ്ങൾക്കും കർഷകർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനവും വിപണനവും ലാഭത്തിലാണോ എന്നത് സംബന്ധിച്ച് കൃഷി വകുപ്പ് പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ നീര ഉൽപ്പാദിപ്പിക്കുന്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുമായി ചർച്ചകൾ നടത്തി വരുന്നു.

(ബി) നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അതുപ്രകാരം 2015-16-ൽ കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽനിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. "ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകി വരുന്നുണ്ട്. നാളികേര വികസന ബോർഡ് നീര ഉൽപ്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നു. വെൻഡിംഗ് മെഷീനുകൾ/വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കും നാളികേര ഉൽപ്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

## ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ

2 (5190) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഡി.കെ. മുരളി :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നെൽകൃഷി വികസന പരിപാടികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാടശേഖരം സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2017-18 വർഷം നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ കുട്ടനാട് കോൾ, ഓണാട്ടുകര പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്, എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക അഗ്രിക്കൾച്ചറൽ സോൺ എന്ന പദ്ധതിയിൽപ്പെടുത്തി നെൽകൃഷിക്ക് ഉപയുക്തമാംവിധം പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്തുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കാർഷികരംഗത്തുണ്ടായ പിന്നോക്കാവസ്ഥ

3 (5191) ശ്രീ. ഇ. പി.ജയരാജൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കാർഷികരംഗത്തുണ്ടായ പിന്നോക്കാവസ്ഥ പരിഹരിച്ച് കൃഷിയുടെ വളർച്ച പുനഃസ്ഥാപിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രത്യേക കാർഷിക മേഖല മുഖേനയുണ്ടാകാനിടയുള്ള നേട്ടങ്ങൾ അറിയിക്കാമോ; ഇവയുടെ പ്രഖ്യാപനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നാണ്യവിളകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിലസ്ഥിരതക്കും ഉല്പാദന-ഉല്പാദനക്ഷമതാ വർദ്ധനവിനുമായി പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് കാർഷിക രംഗത്തുണ്ടായ പിന്നോക്കാവസ്ഥ പരിഹരിച്ച് കൃഷി വളർച്ച പുനഃസ്ഥാപിക്കാനായി 2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിഹിതം (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | നെൽകൃഷി വികസനം | 7000.00 |
| 2 | പച്ചക്കറി കൃഷി വികസനം | 8500.00 |
| 3 | തെങ്ങ് കൃഷി വികസനം | 4500.00 |
| 4 | സുഗന്ധവ്യഞ്ജന വിളകളുടെ വികസനം | 1000.00 |
| 5 | ഹൈ-ടെക് അഗ്രികൾച്ചർ | 100.00 |
| 6 | അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും | 3200.00 |
| 7 | മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുൽപ്പാദനം, കേരള അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപിക്കൽ എന്നിവ | 2700.00 |
| 8 | പ്രത്യേക കാർഷിക മേഖലകൾ | 1000.00 |
| 9 | വിലസ്ഥിരതയ്ക്കു വിപണിയിടപെടൽ | 1500.00 |

(ബി) സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ തെരഞ്ഞെടുത്ത വിളയുടെ പരമാവധി ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിനും മെച്ചപ്പെട്ട വിപണനം സജ്ജമാക്കി മെച്ചപ്പെട്ട വില നേടിയെടുക്കുവാനും പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഓരോ മേഖലയിലും ഉൽപ്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം തുടങ്ങി സമസ്ത കാർഷിക പ്രവർത്തനങ്ങളും നടപ്പിലാക്കുകവഴി ഓരോ മേഖലയും സ്വയംപര്യാപ്തമാക ണമെന്നാണ് വിഭാവന ചെയ്തിട്ടുള്ളത്. 'പ്രത്യേക കാർഷിക മേഖലകൾ' സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 2017-18 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രധാന വിളകൾക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| നെല്ല് | - | കുട്ടനാട്, കോൾ പ്രദേശം, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| പച്ചക്കറി | - | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട് |
| പഴം | - | തൃശ്ശൂർ |
| പൂക്കൾ | - | വയനാട് |
| നാളികേരം | - | കോഴിക്കോട് |

(സി) നാണ്യവിളയായ റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന പദ്ധതിക്ക് 500 കോടി രൂപ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് ബെഞ്ച്മാർക്ക് വിലയായ കിലോഗ്രാമിന് 150 രൂപയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തുവരുന്നു. സുഗന്ധവ്യഞ്ജനവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി എന്നിവയുടെ കൃഷിവ്യാപനം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമതാ വർദ്ധനവ് എന്നിവയ്ക്കായി 'സുഗന്ധവ്യഞ്ജന വിളകളുടെ വികസനം' എന്ന പേരിൽ 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. 10 കോടി രൂപയാണ് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വയനാട് പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിലെ കുരുമുളക് കൃഷി വികസനത്തിനായി 13.30 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട കർഷകർ കൊളുന്ത് വിപണിയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി കൃഷി വകുപ്പുമന്ത്രി പീരുമേട് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കർഷകരുടേയും ടീ ബോർഡ്, United Planters' Association of South India (UPASI), തേയില ഫാക്ടറി ഉടമകൾ എന്നിവരുടെ പ്രതിനിധികളുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും കർഷകർക്ക് ഓഹരി ഉടമസ്ഥാവകാശമുള്ള

ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. മൂന്ന് ചെറുകിട തേയില സംസ്കരണ ഫാക്ടറികൾ ഈ കമ്പനികളുടെ ഉടമസ്ഥതയിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമുണ്ടാകുകയും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്.

**കർഷക വിപണികൾ**

4 (5192) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ എത്ര കർഷക വിപണികൾ പ്രവർത്തിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) വിപണി രൂപീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ 277 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ബി) 1. വിപണിയുടെ പ്രവർത്തന മേഖലയിൽ കുറഞ്ഞത് കൗൺസിലിന്റെ 7 സ്വാശ്രയ സംഘങ്ങൾ ഉണ്ടായിരിക്കണം. ഒരു വിപണിയിൽ 15-ലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

2. വിപണിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സംഘങ്ങളിലെ 25% വരുന്ന കർഷകരോ അല്ലെങ്കിൽ 50 പേരോ വിപണിയിൽ അംഗത്വമെടുത്തിരിക്കണം.

3. വിപണി രൂപീകരിക്കുന്നതിന് തയ്യാറായ എല്ലാ സ്വാശ്രയ സംഘങ്ങളും ശാക്തീകരണ ഘട്ടത്തിലുള്ളതായിരിക്കണം. അതായത് സംഘം തുടങ്ങി 4 മാസമെങ്കിലും കഴിഞ്ഞവയും കൃത്യമായി മീറ്റിംഗ് കൂടുന്നവരും സംഘതല പ്രവർത്തനങ്ങൾ നടത്തുന്നവരും ആയിരിക്കണം.

4. 80% കമ്മിറ്റി അംഗങ്ങളെങ്കിലും കൂട്ടായ വിപണനത്തെക്കുറിച്ചുള്ള പരിശീലനം ലഭിച്ചവരായിരിക്കണം. എല്ലാ സ്വാശ്രയ സംഘങ്ങൾക്കും മേൽപ്പറഞ്ഞ പരിശീലനം ലഭിച്ചിരിക്കണം.

5. വിപണി ആരംഭിച്ച് 3 മാസത്തിനുള്ളിൽ 50 മെട്രിക് ടൺ (പച്ചക്കറി)/70 മെട്രിക് ടൺ (വാഴ) /65 മെട്രിക് ടൺ (പച്ചക്കറി & വാഴ) എന്ന തോതിലെങ്കിലും ഉൽപ്പന്നം വിറ്റഴിക്കാൻ സാധിക്കണം. കുറഞ്ഞത് 225 മെട്രിക് ടൺ ഉൽപ്പന്നം എങ്കിലും ഒരു വർഷംകൊണ്ട് വിറ്റഴിക്കാൻ കഴിയണം.

## കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

5 (5193) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; ഓരോ പദ്ധതികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാ ക്കുമോ;

(ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവല്ക്കരി ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവാണ്. ടി പദ്ധതികളിലൂടെ ധനസഹായം/ സാങ്കേതിക സഹായം, വിത്ത്, വളം, കീടനാശിനി, മണ്ണ് എന്നിവയുടെ ഗുണനിലവാര പരിശോധന, കാർഷിക വിജ്ഞാപന വ്യാപനം, കൃഷിനാശത്തിന് നഷ്ടപരിഹാരം, ജൈവ വൈവിധ്യ സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കൃഷി പ്രോത്സാഹനം പെൻഷൻ തുടങ്ങിയ സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ വിഭാവനം ചെയ്യുന്നു.

1. നെൽകൃഷി വികസനം.
2. പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം.
3. പച്ചക്കറി കൃഷി വികസനം.
4. പയർവർഗ്ഗ – കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം.
5. തെങ്ങ് കൃഷി വികസനം.
6. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം.
7. ഹൈ-ടെക് അഗ്രിക്കൾച്ചർ
8. പഴവർഗ്ഗങ്ങൾ, പുഷ്പവിളകൾ, ഔഷധ സസ്യങ്ങൾ, എന്നിവയുടെ വികസനം.

9. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും.

10. വിള ആരോഗ്യപരിപാലനം.

11. ജൈവകൃഷിയും നല്ല കാർഷിക മുറകളുടെ അവലംബവും.

12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും.

13. കൃഷി വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണം.

14. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ.

15. അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും.

16. വിള ഇൻഷ്വറൻസ് പദ്ധതി.

17. വിപണികളുടെ ശാക്തീകരണം കമ്പോള വില സ്ഥിരതയ്ക്കുള്ള വിപണിയിടപെടൽ.

18. മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുൽപ്പാദനം, അഗ്രോ ബിസിനസ്സ് കമ്പനിയുടെ സ്ഥാപനം.

19. കർഷക ക്ഷേമ ബോർഡ് രൂപീകരണം.

20. വയനാട് പാക്കേജ് പദ്ധതി.

21. പ്രത്യേക കാർഷിക മേഖല അധിഷ്ഠിത കൃഷി വികസനം.

22. കൃഷിയാവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി.

23. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.

24. കർഷക പെൻഷൻ പദ്ധതി.

25. ഫാം ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ.

26. മാനവശേഷി വികസനം.

27. പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള അടിയന്തര പദ്ധതി.

28. ജൈവവൈവിധ്യവും പ്രാദേശികവുമായുള്ള ജെംപ്ലാസം സമാഹരണവും പ്രോത്സാഹനവും.

29. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ വികസന ഫണ്ട്.

30. സംയോജിത കാർഷിക കേന്ദ്രം.

31. കുട്ടനാട്ടിലെ കടൽ നിരപ്പിന് താഴെയുള്ള മേഖലയിലെ കൃഷിക്കുള്ള ഗവേഷണ പരിശീലന കേന്ദ്രം.

32. നെൽകൃഷിക്കാർക്ക് ഉൽപ്പാദന ബോണസ്സ്.

(ബി) കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം മുഖ്യമായും ഫാം ഇൻഫർമേഷൻ ബ്യൂറോ (FIB) വഴിയാണ് നടപ്പിലാക്കുന്നത്. ആകാശവാണിയുടെ എല്ലാ ദിവസവുമുള്ള ഫാം ന്യൂസ് 'കുട്ടനാട് റേഡിയോ ' പ്രക്ഷേപണം ചെയ്യുന്ന 'ഞാറ്റുവേല' 'ദൂരദർശൻ മുഖേനയുള്ള നൂറുമേനി' 'കേരള കർഷകൻ' മാസിക, എക്സിബിഷൻ, സെമിനാറുകൾ, ലഘുപ്രസിദ്ധീകരണങ്ങൾ, ദിനപ്പത്രങ്ങളിൽ നൽകുന്ന പരസ്യങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ 'ഏഷ്യാനെറ്റ്' ചാനൽ സംപ്രേക്ഷണം ചെയ്യുന്ന 'കൃഷിദീപം' പരിപാടിയിലും കൃഷി വികസന പദ്ധതികൾ ഉൾപ്പെടുത്താറുണ്ട്. കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതികളുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യാറുണ്ട്. കൃഷി ഭവൻ തുടങ്ങി താഴെതട്ടിലുള്ള കൃഷി വകുപ്പിന്റെ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും കാർഷിക വികസന പദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുവാനായി വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷക പരിശീലന പരിപാടി, ഇന്റർഫേയ്സ് പരിപാടികൾ, കാർഷിക വികസന സമിതി യോഗങ്ങൾ, കർഷക ദിനാചരണം തുടങ്ങിയവ ഇതിനുള്ള വേദിയായി ഉപയോഗിക്കുന്നുണ്ട്.

## ജാതി കർഷകർ

6 (5194) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതി കൃഷിചെയ്യുന്ന കർഷകർക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കർഷകർക്ക് നൽകിവരുന്ന സഹായങ്ങളെന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഈ മേഖലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ജാതിക്ക, ജാതിപത്രി എന്നിവ കൂടാതെ ജാതിക്കയുടെ തൊണ്ട് എന്തിനെല്ലാം ഉപയോഗിക്കാമെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കൂട്ടായ്മകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാഴാക്കി കളയുന്ന ജാതിക്കയുടെ തൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കുന്നതിനാവശ്യമായ മാർഗ നിർദ്ദേശവും ബോധവത്ക്കരണവും നൽകുന്നതിനും ഇതിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ സഹായം ഉറപ്പ് വരുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ സുഗന്ധവിള വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് (വിള വിസ്തൃതി വ്യാപനം) ഹെക്ടറിന് 20,000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിപ്രകാരം ദീർഘകാല സുഗന്ധ വ്യഞ്ജന വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000 രൂപയും സംയോജിത കീടരോഗ നിയന്ത്രണത്തിന് ഹെക്ടറൊന്നിന് 1,200 രൂപയും ധനസഹായം നൽകുന്നു. ഈ ധനസഹായം ജാതി കൃഷിക്കും ലഭിക്കുന്നതാണ്.

(ബി) ഉണ്ട്. ഈ മേഖലയിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കൃഷിനാശവും വിലയിലെ ഏറ്റക്കുറച്ചിലുമാണ്. കൃഷിനാശംമൂലം വിള നഷ്ടം സംഭവിച്ചാൽ കർഷകന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ജാതി കൃഷിക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ വിളനാശം സംഭവിച്ചാൽ മരമൊന്നിന് 3,000 രൂപ എന്ന നിരക്കിൽ കർഷകന് നഷ്ടപരിഹാരം ലഭ്യമാകുന്നതാണ്. ഇൻഷ്വർ ചെയ്യാത്ത വിളയ്ക്ക് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ കായ്ഫലമുള്ള മരമൊന്നിന് 400 രൂപയും കായ്ഫലമില്ലാത്തതിന് 150 രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായധനമായി കർഷകന് ലഭിക്കുന്നതാണ്.

(സി) ഉണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോട്ടയം ജില്ലയിൽ കുമരകത്ത് പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ ജാതിക്കയുടെ തൊണ്ട് ഉപയോഗിച്ച് അച്ചാർ, സ്ക്വാഷ് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. കുടുംബശ്രീപോലുള്ള വനിതാ കൂട്ടായ്മകൾക്ക് ഇതു നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. കൂടാതെ വൈൻ ഉണ്ടാക്കുന്നതിനും ഉണക്കി പൊടിച്ച് മസാല കൂട്ടുകളിൽ ചേർക്കുവാനും ദഹന സംബന്ധമായ അസുഖങ്ങൾക്ക് ഔഷധമായും ജാതിക്ക ഉപയോഗിക്കുന്നു. സംസ്ഥാനത്ത് താഴെ പറയുന്ന കർഷക കൂട്ടായ്മകൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ചെറിയ തോതിൽ ഉൽപ്പാദിപ്പിച്ചു വരുന്നു.

<u>വയനാട് ജില്ല</u>

1. ഹരിത ജൈവ കർഷക വനിതാ സംഘം, പുൽപ്പള്ളി
2. വയനാട് വനമൂലിക സംരക്ഷണ സംഘം.

<u>കോട്ടയം ജില്ല</u>

ഈരാറ്റുപേട്ട ബ്ലോക്കിൽ ജാതിക്ക തൊണ്ടിൽനിന്നും ജാതിക്ക വൈൻ, സ്ക്വാഷ് എന്നീ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഗ്രൂപ്പുകൾ.

1. എത്ത്നിക് ഫുഡ് പ്രൊഡക്ട്സ്, പൂഞ്ഞാർ സൗത്ത്.
2. ജാക്ക് അപ് പ്ലാവ് സംഘം. പൂഞ്ഞാർ സൗത്ത്.
3. റോക്ക് സുഗർ ഏജൻസീസ്, പൂഞ്ഞാർ.

വൈക്കം ബ്ലോക്കിലുള്ള ജോർജ്, വെട്ടോംവേലി, വല്ലകം എന്നയാളിന്റെ ഉടമസ്ഥതയിൽ നട്ട്മെഗ് പൗഡർ ഉണ്ടാക്കുകയും Oleoresine extract ചെയ്ത് കയറ്റുമതി ചെയ്യുകയും ചെയ്യുന്ന ഒരു യൂണിറ്റ് ഉദയനാപുരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. എസ്.എഫ്.എ.സി. (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) ഈ സാമ്പത്തിക വർഷത്തിൽ വൈക്കം, അങ്കമാലി, മാള എന്നീ പ്രദേശങ്ങളിൽ ജാതി കർഷകരുടെ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിക്കുന്നതാണ്.

(ഡി) എസ്.എഫ്.എ.എ.സി.-യുടെ ആഭിമുഖ്യത്തിൽ ജാതി തൊണ്ടിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ബോധവൽക്കരണവും പരിശീലനവും നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**സബ്സിഡി ആനുകൂല്യങ്ങൾ**

7 (5195) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ വളങ്ങൾക്കുള്ള സബ്സിഡി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ട കൃഷിചെയ്യുന്നവർക്കും സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പാട്ടകൃഷിക്കാർ ഉൾപ്പെടെ എല്ലാ കർഷകർക്കും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ അക്കൗണ്ട് മുഖേനയാണ് വളങ്ങൾക്കുള്ള സബ്സിഡി നൽകുന്നത്.

(ബി) പാട്ട വ്യവസ്ഥ സംസ്ഥാനത്ത് നിലവിലില്ല എങ്കിലും സ്ഥലം ഉടമകൾ കൃഷി ചെയ്യുന്നതിനായി കൃഷി സ്ഥലം ഹ്രസ്വകാലത്തേക്ക് പരസ്പര ധാരണകളും വ്യവസ്ഥകളും അനുസരിച്ച് നൽകിവരുന്നുണ്ട്. ഇത്തരം വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യവും സബ്സിഡി നിരക്കിൽ ഉൽപ്പാദനോപാധികളും പോർട്ടബിൾ പമ്പ് സെറ്റ്, സ്പ്രേയർ, തെങ്ങുകയറ്റയന്ത്രം തുടങ്ങിയ ഉപകരണങ്ങൾക്കുള്ള ആനുകൂല്യവും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും നൽകിവരുന്നു. എന്നാൽ സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പാട്ട കൃഷിക്കാർ അർഹരല്ല. സാമ്പത്തിക ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ-പേമെന്റ് സംവിധാനത്തിലൂടെ നല്കിവരുന്നു.

**സൗജന്യ വിള ഇൻഷ്വറൻസ് സ്കീം**

8 (5196) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് നെൽ-കർഷകരുടെ പ്രീമിയം തുക എത്രയാണ്;

(ബി) നാടിനുവേണ്ടി അന്നം വിളയിക്കുന്നവർ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി നെൽകർഷകരുടെ പ്രീമിയം തുക സർക്കാർ നൽകി അവരെ സൗജന്യ വിള ഇൻഷ്വറൻസ് സ്കീമിൽ ചേർക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കർഷകരുടേതല്ലാത്ത കാരണത്താൽ ഉണ്ടാകുന്ന തീപിടുത്തം മൂലം കൃഷി നശിച്ചാൽ വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ;

(ഡി) 22-3-2017-ലെ 37/2017/കൃഷി നമ്പർ-ഉത്തരവുപ്രകാരം പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഗണത്തിൽ കാട്ടുതീ എന്നുള്ളത് തീപിടുത്തം എന്ന് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നെൽ കൃഷി ഇൻഷ്വർ ചെയ്യുന്നതിന് സെന്റ് ഒന്നിന് 1 രൂപയാണ് പ്രീമിയം തുകയായി കർഷകർ അടയ്ക്കേണ്ടത്.

(ബി) നാമമാത്രമായ തുകയാണ് ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കർഷകർ അടയ്ക്കുന്നത്.

(സി) ഇൻഷ്വർ ചെയ്ത പ്രഖ്യാപിത വിളകൾക്ക് കാട്ടുതീമൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

**റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി**

9 (5197) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലസ്ഥിരതാ ഫണ്ട് പദ്ധതിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) 'മെയ്ക്ക് ഇൻ ഇൻഡ്യ 'പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റബർ വിലസ്ഥിരതാ പദ്ധതിക്ക് നിലവിൽ എത്ര രൂപാ കുടിശിക നൽകാനുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) റബ്ബർ വിലസ്ഥിരതാ ഫണ്ട് നിലവിലില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പൂർണ്ണമായും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. ഇതിനായി കേന്ദ്ര സഹായമൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 748 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡ പ്രകാരം റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന ബില്ലുകളിന്മേൽ രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി റബ്ബർ കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നത്. ഇത്തരത്തിൽ പരിശോധനകൾ പൂർത്തിയാക്കി സർക്കാരിൽ ലഭ്യമായ ബില്ലുകൾ പ്രകാരമുള്ള സബ്സിഡി കൈമാറിയിട്ടുണ്ട്.

**വിപണനരംഗത്ത് ജീവനക്കാരെ നിയോഗിക്കൽ**

10 (5198) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ഇടപെടലുകൾക്കൊപ്പം തന്നെ ഉല്പന്നങ്ങളുടെ വിപണനരംഗത്തും കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ബി) കൃഷി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി, കൃഷിഭവൻ തലം മുതൽ വിപണന രംഗത്തും ജീവനക്കാരെ നിയോഗിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില കേരളത്തിലെ ഉൽപ്പാദന ചെലവിനേക്കാൾ കുറവായതിനാൽ കിലോക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക്

ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപ്പന നടത്തി വരുന്നു. ഉത്സവസീസണുകളിൽ സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും റീട്ടെയിൽ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും ന്യായവില നൽകി സംഭരിച്ച വിഷരഹിതമായ പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് പൊതുവിപണിയെക്കാൾ 30% കുറഞ്ഞ നിരക്കിൽ നാടൻ ഉൽപ്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ ജി.എ.പി. ഉൽപ്പന്നങ്ങളും ലഭ്യമാക്കി യിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വളങ്ങളുടെ ലഭ്യതക്കുറവ്**

11(5199) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് തുടങ്ങിയ നേർവളങ്ങളുടെയും മറ്റ് കൂട്ട് വളങ്ങളുടെയും വിപണനം പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വളങ്ങളുടെ ലഭ്യത കുറഞ്ഞത് കർഷകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ പ്രതിസന്ധിക്ക് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും വളം ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) എല്ലാ ജില്ലകളിലും നിലവിൽ ആവശ്യത്തിനുള്ള വളങ്ങൾ സ്റ്റോക്കുണ്ട്. തൃശ്ശൂർ, ജില്ലയിൽ രാസവളത്തിന്റെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം നടപ്പിലാക്കുന്നതുകൊണ്ട് പി.ഒ.എസ്. മെഷീൻ വഴി മാത്രമേ ചില്ലറ വ്യാപാരികൾക്ക് വളം കർഷകർക്ക് വിൽക്കാൻ കഴിയുന്നുള്ളൂ. അത്തരം വിൽപ്പന കണക്കിലെടുത്താണ് ഉൽപ്പാദക കമ്പനികൾക്ക് സബ്സിഡി ലഭിക്കുന്നത്. നേർവളങ്ങളുടെ വിൽപ്പന കമ്മീഷൻ 3%-ൽ നിന്നും 10% ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് ചില്ലറ വ്യാപാരികൾ സ്റ്റോക്ക് എടുക്കുന്നതിന് ചെറിയ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജില്ലകളിൽ ആവശ്യത്തിനുള്ള വളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പി.എം.കെ.എസ്.വൈ. പദ്ധതി**

12 (5200) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.കെ.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി 2016-2017 വർഷം കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

പി.എം.കെ.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2016-17 വർഷം കോഴിക്കോട് ജില്ലയിൽ കൃഷി, ഗ്രാമവികസന വകുപ്പുകൾ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/ പദ്ധതികൾ അനുബന്ധമായി *ചേർക്കുന്നു.

**കശുമാവിൻ തോട്ടങ്ങളിൽ കീടനാശിനി**

13 (5201) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ കശുമാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കശുമാവിൻ തൈകൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കശുമാവിൻ തോട്ടങ്ങളിൽ ഇപ്പോൾ ഏത് കീടനാശിനിയാണ് ഉപയോഗിച്ചുവരുന്നത്; ഇത് ഏതു രീതിയിൽ പ്രയോഗിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവിൻ തോട്ടങ്ങളായ കാസർഗോഡ്, രാജപുരം, ചീമേനി, മണ്ണാർക്കാട് എന്നിവിടങ്ങളിൽ കശുമാവ് തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കശുമാവ് മരങ്ങൾ മുറിച്ചുമാറ്റി പുതിയ കശുമാവിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിലേക്കായി പ്ലാന്റേഷൻ കോർപ്പറേഷന്റെതന്നെ കാസർഗോഡ്, ചീമേനി എന്നീ തോട്ടങ്ങളിൽ കശുമാവ് നഴ്സറിയും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ ഒരു കീടനാശിനിയും ഉപയോഗിക്കുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കർഷകർക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് മിതമായ വിലയും

14 (5202) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി വിപണനത്തിനും അവയുടെ ഉല്പാദന പ്രോത്സാഹനത്തിനും സംസ്കരണത്തിനും ഹോർട്ടികോർപ്പിന്റെ ഇടപെടൽ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പച്ചക്കറി കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലക്ക് ഇവ ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തെ ചന്തകളിൽനിന്നും പച്ചക്കറികൾ ശേഖരിച്ച് കൂടിയ വിലയ്ക്ക് വിപണനം നടത്തുന്ന രീതിയും ചിലപ്പോഴെങ്കിലും മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില ഈടാക്കുന്നതുമായ പരാതിയെകുറിച്ച് പരിശോധന നടത്തിയിരുന്നോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങൾ മൊത്തവിപണി വിലയെക്കാൾ 10% വിലക്കൂട്ടി ഹോർട്ടികോർപ്പ് മുഖേന കർഷകരിൽനിന്ന് സംഭരിക്കുകയും വിപണിവിലയെക്കാൾ 30% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

(സി) പരിശോധന നടത്തിയിരുന്നു. നിലവിൽ സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്നും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നത്. മറ്റ് വിപണികളിൽ നിന്നും വിതരണക്കാരിൽ നിന്നും പച്ചക്കറികൾ സംഭരിക്കുമ്പോൾ പരമാവധി വിലകുറച്ച് സംഭരിക്കുന്നതിനും ശ്രദ്ധിക്കാറുണ്ട്. ഹോർട്ടികോർപ്പിന്റെ വിൽപ്പന വില വിപണിയിലെ ചില്ലറ വിൽപ്പന വിലയെക്കാൾ കൂടാതിരിക്കുവാനും ഹോർട്ടികോർപ്പ് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്ന് അവശ്യംവേണ്ട പച്ചക്കറി വാങ്ങുമ്പോൾ വില നിശ്ചയിക്കുന്നത് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ, അസിസ്റ്റന്റ് ഡയറക്ടർ, (മാർക്കറ്റിംഗ്) വി.എഫ്.പി.സി.കെ.യുടെ പ്രതിനിധി എന്നിവർ ചേർന്ന കമ്മിറ്റിയാണ്. പച്ചക്കറി

വില ദിവസേന മാറിക്കൊണ്ടിരിക്കുന്നതിനാൽ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. കേരളത്തിൽ വർഷത്തിലുടനീളം ലഭ്യമായ ഇനങ്ങളായ ഏത്തൻ, വെള്ളരി, പടവലം, ഇഞ്ചി, ചീര, മരച്ചീനി, തേങ്ങ, കപ്പ, കൈതച്ചക്ക, സലാഡ് വെള്ളരി തുടങ്ങിയ ഇനങ്ങൾ, കേരളത്തിൽ ഭാഗികമായി ലഭ്യമായ ഇനങ്ങളായ മത്തൻ, വെണ്ട, വഴുതന, പയർ, പാവയ്ക്ക, കാരറ്റ്, കാബേജ്, ഉരുളക്കിഴങ്ങ്, വലിയമുളക്, തക്കാളി, ബീൻസ്, ക്വാളിഫ്ലവർ, ചേന, ചേമ്പ് എന്നിവയും ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് ഹോർട്ടികോർപ്പ് അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നത്.

**കാർഷിക രംഗത്തെ വളർച്ച**

15 (5203) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സ്വയംപര്യാപ്തയും കാർഷികരംഗത്തെ വളർച്ചയും ലക്ഷ്യമിട്ട 2006-2011 കാലഘട്ടത്തിൽ സർക്കാർ ആരംഭിച്ച നെൽകൃഷി വികസന പദ്ധതി, നാളികേര വികസനപദ്ധതി, ഹൈടെക്ക് കൃഷി, കുട്ടനാട്/ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കൃഷിക്കാർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയുടെ നടത്തിപ്പുകൾക്കായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; ചെലവാക്കിയ തുക എത്ര ; വിശദാംശം നൽകുമോ;

(ബി) ഇതിൽ നിന്നും മുൻ സർക്കാർ നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാം; പുതുതായി തുടങ്ങിയ പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കാർഷികരംഗത്ത് വളർച്ച ലക്ഷ്യമിട്ട് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളും പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന മറ്റ് പദ്ധതികളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷിക രംഗത്തെ വളർച്ചയും ലക്ഷ്യമിട്ട 2006-2011 കാലഘട്ടത്തിൽ സർക്കാർ ആരംഭിച്ച നെൽകൃഷി വികസന പദ്ധതി, നാളികേര വികസനപദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്/ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കൃഷിക്കാർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയുടെ നടത്തിപ്പുകൾക്കായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം *ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 'എ' പിരിവിൽ പരാമർശിച്ച പദ്ധതികളിൽ കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ കാലാവധി അവസാനിച്ചതിനാൽ നിർത്തലാക്കി. നാളികേര വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയായ " കേരശ്രീ" നിർത്തലാക്കുകയും 2014-15 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ " കേരഗ്രാമം" ആരംഭിക്കുകയും ചെയ്തു. 2009-10-ൽ ആരംഭിച്ച 'കിസാൻ അഭിമാൻ പെൻഷൻ പദ്ധതി' നിർത്തലാക്കി പകരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പദ്ധതി 2011-12 മുതൽ നടപ്പിലാക്കി.

പുതുതായി തുടങ്ങിയ പദ്ധതികൾ

1. ജൈവകൃഷി വ്യാപനവും 'സേഫ്-റ്റു-ഈറ്റ്' ഭക്ഷ്യോൽപ്പാദനവും,
2. അഗ്രോ സർവീസ് സെന്ററും സേവനം നൽകലും
3. നീര സംസ്കരണം

(സി) പുതുതായി ആരംഭിച്ച പദ്ധതികളായ ജൈവകൃഷി വ്യാപനവും 'സേഫ്-റ്റു-ഈറ്റ്' ഭക്ഷ്യോൽപ്പാദനവും അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും നീര സംസ്കരണം-എന്നീ പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഈ സർക്കാർ പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

**തെങ്ങുകളുടെ സംരക്ഷണം**

16 (5204) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വരൾച്ചമൂലം 2017 ജനുവരി 1 മുതൽ ഉണ്ടായിട്ടുള്ള കൃഷിനാശം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വരൾച്ചാകാലത്ത് തെങ്ങുകൾക്കുണ്ടാകുന്ന രോഗങ്ങൾ, കീടബാധ എന്നിവ നിയന്ത്രിക്കുന്നതിനും കായ്ഫലമുള്ള തെങ്ങുകളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. ഏകദേശം 175901 കർഷകരുടെ 45140.2 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 852.25 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, ഏലം, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്.

(ബി) കൃഷി വകുപ്പിന്റെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ ഉൽപ്പാദിപ്പിക്കുന്ന പരാദ പ്രാണികളെ ഉപയോഗിച്ച് തെങ്ങോലപ്പുഴു തുടങ്ങിയ കീടങ്ങളെ ഫലപ്രദമായി പ്രതിരോധിച്ചുവരുന്നു. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ 'കേരഗ്രാമം' പദ്ധതിയിൽ വരൾച്ചയിൽനിന്നും തെങ്ങുകളെ സംരക്ഷിക്കുന്നതിനും ഈർപ്പ സംരക്ഷണത്തിനുമായി തൊണ്ടടുക്കൽ, പുതയിടൽ, ഇടയിളക്കൽ, പച്ചിലവളച്ചെടി, ആവരണവിള, മുതലായ ഇടവിളകൃഷികൾ, കണികാജലസേചനം ഉൾപ്പെടെയുള്ള ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## സേഫ്-റ്റു-ഈറ്റ് പദ്ധതി

17 (5205) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷപ്പച്ചക്കറി വിപണനം തടഞ്ഞ് പൊതുജനാരോഗ്യം രക്ഷിക്കാനായി കാർഷിക സർവ്വകലാശാലയുമായി ചേർന്ന് കൃഷി വകുപ്പ് 2013-ൽ തുടങ്ങിയ 'സേഫ് ടു ഈറ്റ്' പദ്ധതിയുടെ ഭാഗമായി 2013 മുതൽ നാളിതുവരെ (വർഷം തിരിച്ച്) നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ഓരോ വർഷവും ഇതിനായി ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2013 മുതൽ നടത്തിയ പരിശോധന റിപ്പോർട്ട് പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പഴം, പച്ചക്കറികൾ തുടങ്ങി മീൻ, പാൽ ഉൾപ്പടെ വിവിധ ഭക്ഷ്യോല്പന്നങ്ങളിലെ കീടനാശിനികളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തു ലഭിക്കുന്ന ഭക്ഷ്യോല്പന്നങ്ങളെ പ്രസ്തുത പദ്ധതിയുടെ ഭാഗമായ പഠനത്തിനു വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച് വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് 2013 ജനവരി 1-ന് കൃഷി വകുപ്പ് തുടങ്ങിയ 'സേഫ്-റ്റു-ഈറ്റ് ' പദ്ധതിയുടെ ഭാഗമായി ആകെ 175 ലക്ഷം രൂപ കൃഷി വകുപ്പിന്റെ വാർഷിക പ്ലാൻ ഫണ്ടിൽ നിന്നും കാർഷിക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുകയും ആയതിൽ 128.02 ലക്ഷം രൂപ ഇതിനോടകം കേരള കാർഷിക സർവ്വകലാശാല ചെലവഴിക്കുകയും ചെയ്തു. ആയതിന്റെ വർഷം തിരിച്ചുള്ള ചെലവിന്റെ പട്ടികയും 'സേഫ്-റ്റു-ഈറ്റ്' പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി&സി) സംസ്ഥാനത്തിനകത്തു ലഭിക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന്റെ ഭാഗമായി ഇതര സംസ്ഥാനത്തുനിന്ന് എത്തുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, ഭക്ഷ്യ വസ്തുക്കൾ, സംസ്കരിച്ച ഭക്ഷ്യ പദാർത്ഥങ്ങൾ എന്നിവയുടെ സാമ്പിളുകളും സംസ്ഥാനത്തെ കർഷകരുടെ കൃഷിയിടങ്ങളിൽനിന്ന് നേരിട്ട് ശേഖരിച്ച സാമ്പിളുകളുമാണ് 'സേഫ്-റ്റു-ഈറ്റ്' പദ്ധതി പ്രകാരം പരിശോധിച്ചുവരുന്നത്. ഇതിനോടകം ഏകദേശം 7500 സാമ്പിളുകളുടെ 33 പരിശോധനാ റിപ്പോർട്ടുകൾ 'kerala.gov.in' എന്ന സർക്കാർ വെബ്സൈറ്റിലെ 'reports & manuals' എന്ന ലിങ്കിൽ ലഭ്യമാണ്. സംസ്ഥാനത്തെ കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാ ഫലങ്ങൾ അടങ്ങിയ 11 റിപ്പോർട്ടുകളും പൊതു വിപണിയിലെ ഇതര സംസ്ഥാന ഉൽപ്പന്നങ്ങളുടെ പരിശോധനാ ഫലങ്ങൾ ഉൾപ്പെട്ട 22 റിപ്പോർട്ടുകളും ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കരാർ ജീവനക്കാരെ പിരിച്ചുവിട്ട നടപടി

18 (5206) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. കെ. എസ്. വൈ ബാച്ച് - 2 പദ്ധതികളുടെ കാലാവധി നീട്ടിയിട്ടുണ്ടോ;

(ബി) ബ്ലോക്ക് തലത്തിൽ എത്ര കരാർ ജീവനക്കാർ നിലവിൽ പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം ജോലി ചെയ്യുന്നുണ്ട് ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ജോലി ചെയ്തിരുന്ന കരാർ ജീവനക്കാരെ പിരിച്ച് വിടുന്നതിന് കാരണം ഫണ്ട് കുറഞ്ഞതാണോ; അല്ലെങ്കിൽ കാരണം വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) നിലവിൽ പ്രകൃതി വിഭവ പരിപാലനം കൂടാതെ ഏതെല്ലാം പ്രവൃത്തികൾ ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്നു;

(ഇ) പിരിച്ചുവിട്ട കരാർ ജീവനക്കാരെ പദ്ധതി പൂർത്തീകരണ പ്രവൃത്തികൾക്കായി നിയോഗിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പും ജലസേചന വകുപ്പും പി.എം.കെ.എസ്.വൈ. ബാച്ച്-2 പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നില്ല. ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പി.എം.കെ.എസ്.വൈ-ഡബ്ല്യൂ.ഡി.സി. പ്രോജക്ടുകളുടെ കാലാവധി 4 മുതൽ 7 വർഷം വരെയാണ്. പി.എം.കെ.എസ്.വൈ.-ഡബ്ല്യൂ.ഡി.സി-ബാച്ച്-2 പദ്ധതികൾ 2010-11 വർഷത്തിലാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി കാലാവധി പരമാവധി 7 വർഷം കണക്കാക്കുമ്പോൾ 2017-18-ൽ അവസാനിക്കുന്നതാണ്. ബാച്ച്-2 പ്രോജക്ടിന്റെ പദ്ധതി കാലാവധി മാർച്ച് 2018-ൽ അവസാനിക്കും.

(ബി) നിലവിൽ പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ 129 കരാർ ജീവനക്കാർ ബ്ലോക്ക് തലത്തിൽ ജോലിചെയ്യുന്നുണ്ട്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കരാർ കാലാവധി ദീർഘിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്.

(ഡി) പ്രകൃതി വിഭവ പരിപാലനത്തിനു പുറമെ ഉൽപ്പാദന വർദ്ധവിനായുള്ള പ്രവൃത്തികളും ജീവനോപാധിക്കുള്ള സഹായധനവും (JLG-കൾക്കുള്ള revolving fund) ഗ്രാമവികസന വകുപ്പുവഴി നൽകിവരുന്നു.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

**വിള ഇൻഷ്വറൻസ് പദ്ധതി**

19(5207) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കൃഷികളാണ് വിള ഇൻഷ്വറൻസ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ഇവയ്ക്കു ഓരോന്നിനും നിശ്ചയിച്ചിരിക്കുന്ന ഇൻഷ്വറൻസ് തുകയും പ്രീമിയം തുകയും എത്രയാണെന്നും വ്യക്തമാക്കാമോ; ഏതൊക്കെ സാഹചര്യത്തിലുള്ള കൃഷി നാശത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; പ്രതിവർഷം ഈ ഇനത്തിൽ എത്ര രൂപയാണ് അനുവദിക്കുന്നത്;

(ബി) ഉത്പാദനചെലവുമായി തട്ടിച്ചു നോക്കുമ്പോൾ വിള ഇൻഷ്വറൻസ് തുക വളരെ കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് നഷ്ടം സംഭവിക്കാത്ത രീതിയിൽ പൂർണ്ണമായും ഉൽപ്പാദനച്ചെലവ് എങ്കിലും ലഭിക്കുന്ന രീതിയിൽ വിള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്കായി 1250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി & സി) ഉൽപ്പാദനച്ചെലവ് കണക്കിലെടുത്താണ് നഷ്ടപരിഹാരത്തിന്റെ തോത് ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. 1995-ന ശേഷം ആദ്യമായാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചത്.

**വി.എഫ്.പി.സി.കെ. നടത്തുന്ന ഇടപെടലുകൾ**

20 (5208) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറിയുല്പാദനത്തിൽ വി.എഫ്.പി.സി.കെ. വഴി നടത്തുന്ന ഇടപെടലുകൾ വിശദീകരിക്കാമോ;

(ബി) സുരക്ഷിത ഭക്ഷ്യോത്പാദന ഉപാധികളുടെ പ്രോത്സാഹനത്തിനും ജൈവകൃഷി മുറകളുടെ വ്യാപനത്തിനുമായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) ചെറുകിട നാമമാത്രമായ കർഷകർ ഉൾപ്പെടെയുള്ളവർക്ക് ജൈവകൃഷി ഉല്പാദന വിപണന പ്രോത്സാഹനത്തിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ബ്ലോക്ക് തല സംയുക്ത സംഘങ്ങളുടെ പങ്ക് വിശദീകരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ. ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷം 6 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതികളാണ് 'സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ' ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. നടപ്പിലാക്കിയത്. വി.എഫ്.പി.സി.കെ. ഈ സാമ്പത്തിക വർഷവും 6 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. 213 ലോക്കൽ ഗ്രൂപ്പുകളിലായി 725 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി.

- നാടൻ പച്ചക്കറിയിനങ്ങൾ ഉൾപ്പെടെ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്തുവരുന്നു. പാലക്കാട് ജില്ലയിലെ ആലത്തൂരുള്ള കൗൺസിലിന്റെ വിത്ത് സംസ്കരണശാലയിൽനിന്നും 80 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 7 ലക്ഷത്തോളം മറ്റ് നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് 80 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തു.

- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിച്ചുവരുന്നു.

- 2016-17 സാമ്പത്തിക വർഷം കർഷകർക്കായി പരിശീലനങ്ങളും സെമിനാറുകളും പഠനയാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.

- പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുന്നതിനായി 105 ഡെമോൺസ്ട്രേഷനുകൾ, 80 പങ്കാളിത്ത ഗവേഷണ പദ്ധതികൾ, 25 തീവ്രയത്ന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

- കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്മെൻറ് പദ്ധതി പ്രകാരം വീട്ടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 55 ലക്ഷം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾവഴി ജൈവവളങ്ങളും ജൈവവളർച്ചാത്വരകങ്ങളും ജൈവ കീടനാശിനികളും ഗുണമേന്മ ഉറപ്പുവരുത്തി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. മണ്ണിര കമ്പോസ്റ്റ്, ഇ.എം (effective micro organisms) കമ്പോസ്റ്റ് NCOF (National Center for Organic Farming) കമ്പോസ്റ്റ് എന്നിവ വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ കർഷകരെക്കൊണ്ട് വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജൈവ ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വില ലഭ്യമാക്കുന്നതിന് പ്രൊഡക്ഷൻ സബ്സിഡി നൽകുന്നതിനായി 70 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ 1200 ടൺ ഉൽപ്പന്നങ്ങൾക്ക് 60 ലക്ഷം രൂപയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർട്ടിഫിക്കേഷനുമായി 55 ലക്ഷം രൂപയും PGS Organic Certification and crop production in Kasargod എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ "സ്പെഷ്യൽ അഗ്രി സോൺ ഫോർ ബനാന" എന്ന പദ്ധതി പ്രകാരം വാഴ കൃഷിയിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പു വർഷം 275 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി & സി) 2015-16-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിനായി 161.5 ലക്ഷം രൂപ ചെലവഴിച്ചു. ഇതുപ്രകാരം പുതുതായി 50 ക്ലസ്റ്റർ രൂപീകരിക്കുകയും നിലവിലുള്ള 200 ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 725 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചു. കൂടാതെ 250 ഹെക്ടർ സ്ഥലത്ത് പച്ചിലവളകൃഷി വ്യാപിപ്പിക്കുകയും 30 പ്രദർശന തോട്ടങ്ങൾ ആരംഭിക്കുകയും ചെയ്തു, കൂടാതെ ഇതര ജില്ലകളിൽ ജൈവകൃഷി വ്യാപനത്തിനായി താഴെപ്പറയുന്ന

പദ്ധതികൾക്ക് 498.05 ലക്ഷം രൂപയും വിനിയോഗിച്ചു. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 277 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും, ജൈവകൃഷി വ്യാപനത്തിനായി ജൈവ സന്ദേശ കൃഷിയാത്ര നടത്തുകയും ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി 45 ഇക്കോ ഷോപ്പുകൾ അനുവദിക്കുകയും ചെയ്തു. ഒരു ഇക്കോ ഷോപ്പ് ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ വീതം ധനസഹായം നൽകി. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജകമണ്ഡലങ്ങൾക്ക് അവാർഡുകളും വിതരണം ചെയ്തു. 2016-17 ൽ നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ഹെക്ടറിന് 3000 രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി. ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ " കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തിവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500 രൂപ വീതവും ധനസഹായം നൽകി. ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. വിഷരഹിത പഴം-പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്ത് വിഷരഹിതവും ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംഭരിച്ച് ഗ്രേഡിംഗ്, പായ്ക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡന്റ്സ് അസോസിയേഷൻ മുഖേന വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ജൈവ പച്ചക്കറികൾ " കേരള ഓർഗാനിക് " എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോ ഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി. മികച്ച ജൈവ കൃഷി നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപയും ചെലവഴിച്ചു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുംവേണ്ടി 2017-18 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- കാസർഗോഡ് ജില്ലയിൽ ജൈവ കൃഷിയും പി.ജി.എസ്. സർട്ടിഫിക്കേഷനും 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിന് ഒരു ഹെക്ടറിന് 6000 രൂപ നിരക്കിൽ 60 ലക്ഷം രൂപ ധനസഹായം.

- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 500 ക്ലസ്റ്ററുകൾക്ക് (5 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ) ഹെക്ടറിന് 3000 രൂപ നിരക്കിൽ 375 ലക്ഷം രൂപ ധനസഹായം.

- ജൈവവിള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം - ഒരു ബ്ലോക്കിൽ 5 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾവീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം. 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

- ജൈവ ഉൽപ്പന്നങ്ങളുടെ പായ്ക്കിംഗ്, ബ്രാൻഡിംഗ്, വിപണനം ധനസഹായം, ജൈവരീതിയിൽ കൃഷി ചെയ്ത് ഉൽപ്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി വിൽപ്പന നടത്തുന്നതിനായി -21 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ ക്രമത്തിൽ 63 ലക്ഷം രൂപ.

- ജൈവ രീതിയിൽ ഉൽപ്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറികൾ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി വിൽപ്പന നടത്തുന്നതിനും എല്ലാ ജില്ലകളിലും ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിനും ധനസഹായം-100 ഇക്കോഷോപ്പുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 200 ലക്ഷം രൂപയുടെ ധനസഹായം.

- ഇക്കോ ഷോപ്പുകൾ മുഖേന ജൈവ ഉൽപ്പന്നങ്ങൾ നൽകുന്ന കർഷകർക്കുള്ള ഇൻസെന്റീവ് - 166 ഇക്കോ ഷോപ്പുകൾക്ക് 25,000 രൂപ നിരക്കിൽ 41.50 ലക്ഷം രൂപ

- സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലങ്ങൾക്കുള്ള അവാർഡ് - ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി - 123 ലക്ഷം രൂപ മാറ്റിവച്ചു.

കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി.

2016-17-ൽ ഈ പദ്ധതികൾക്കായി 594.57 ലക്ഷം രൂപ ചെലവഴിച്ചു. 2017-18-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 348.058 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി നാളിതുവരെ 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് 100 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പാദനോപാധികൾ ഇത്തരത്തിലുള്ള ഇക്കോ ഷോപ്പുകൾവഴി വിൽപ്പന നടത്തുന്നുണ്ട്.

**ആത്മ പ്ലസ് പദ്ധതി**

21 (5209) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വിജ്ഞാന വ്യാപനത്തിനായി ആത്മ പ്ലസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആത്മ പ്ലസിന്റെ കീഴിലുള്ള എല്ലാ വിജ്ഞാന വ്യാപന പദ്ധതികളും മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ആത്മയുടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് സപ്പോർട്ട് സ്കീം ആയിട്ടാണ് ആത്മ പ്ലസ് പദ്ധതി 2013-14 വർഷം ആരംഭിച്ചത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ആത്മ പദ്ധതിയിലെ ഘടകങ്ങളായ ഫാം സ്കൂൾ, പ്രദർശനത്തോട്ടങ്ങൾ എന്നിവയ്ക്ക് കൂടുതൽ ധനസഹായം കർഷകർക്ക് നൽകുക എന്നത് ആത്മ പ്ലസ് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. കൂടാതെ കർഷകർക്ക്, സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകി കൃഷി ചെയ്യുന്നതിനായി പദ്ധതിയിലെ ഫാർമർ ഫീഡ് സ്കൂളുകൾ സഹായകമാകും.

2. കാർഷിക സർവ്വകലാശാല, ICAR സ്ഥാപനങ്ങളുമായി ചേർന്നു കൊണ്ട് ജില്ലകളിൽ സാങ്കേതിക മേളകൾ സംഘടിപ്പിക്കാൻ ആത്മ പ്ലസ്സ് മുഖേന സാദ്ധ്യമാകുന്നതാണ്.

3. ജൈവ കൃഷിക്ക് ഊന്നൽ നൽകുന്ന ഈ കാലയളവിൽ കർഷക ശാസ്ത്രജ്ഞ സാങ്കേതിക മേളകൾ പുതിയ വിജ്ഞാന മേഖലകളി ലേക്കുള്ള സാദ്ധ്യതകൾ ഉറപ്പാക്കുന്നു.

4. ആത്മ പ്ലസിലെ സംയോജിത കാർഷിക സമ്പ്രദായ പ്രവർത്ത നങ്ങളിലൂടെ മൃഗസംരക്ഷണം, മത്സ്യകൃഷി, ഡയറിഫാം എന്നിവ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കർഷകരുടെ തോട്ടങ്ങൾ ഒരു സമ്പൂർണ്ണ കാർഷിക യൂണിറ്റായി വികസിപ്പിക്കാൻ സാധിക്കുന്നതാണ്.

5. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വിജയം കൈവരിച്ച പ്രവർത്തനങ്ങൾ, വിളകളിലെ പ്രധാന രോഗ-കീടങ്ങളുടെ ലക്ഷണങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ തുടങ്ങി കർഷകർക്ക് ഉപകാരപ്രദമായ അറിവുകൾ ആത്മ ന്യൂസ് ലെറ്റർ ആയി വിതരണം ചെയ്യാൻ ആത്മ പ്ലസ് പദ്ധതിയിലൂടെ സാദ്ധ്യമാക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ ആത്മ ഗ്രൂപ്പുകൾക്കുള്ള ടെക്നോളജി ഫണ്ട്, പെസ്റ്റ് സർവൈലൻസ് ഫണ്ട്, ആത്മ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, തെരഞ്ഞെടുത്ത പഞ്ചായത്തുകളെ മാതൃകാ പഞ്ചായത്താക്കുവാനുള്ള പദ്ധതി എന്നിങ്ങനെയുള്ള ഘടകങ്ങളും ആത്മ പ്ലസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) കേന്ദ്രഗവൺമെന്റ് പദ്ധതിയായ ആത്മയ്ക്ക് സപ്പോർട്ടായി തയ്യാറാക്കിയ ഈ പദ്ധതിയിൽ കൃഷി അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ബന്ധനം എന്നീ മേഖലകളെക്കൂടി ഏകോപിപ്പിച്ചാണ് നടപ്പിലാക്കുന്നത്.

## കൃഷി ഓഫീസർ/അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ

22(5210) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് തസ്തികകളിൽ ഒഴിവുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിൽ താൽക്കാലിക നിയമനത്തിനുള്ള അനുവാദം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിവുണ്ട്.

(ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് |
|---|---|---|
| തിരുവനന്തപുരം | 1 | - |
| കൊല്ലം | 1 | - |
| പത്തനംതിട്ട | 1 | - |
| ആലപ്പുഴ | 3 | - |
| കോട്ടയം | 3 | - |
| ഇടുക്കി | 11 | 1 |
| എറണാകുളം | 4 | - |
| തൃശ്ശൂർ | 5 | 3 |
| പാലക്കാട് | 23 | 1 |
| മലപ്പുറം | 13 | 1 |
| കോഴിക്കോട് | 12 | 5 |
| വയനാട് | 5 | - |
| കണ്ണൂർ | 21 | 9 |
| കാസർഗോഡ് | 11 | - |
| ആകെ | 114 | 20 |

(സി & ഡി) സംസ്ഥാനത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ആകെയുള്ള 173 ഒഴിവുകളിൽ വകുപ്പുതല പ്രൊമോഷൻ മുഖേന നികത്തേണ്ട 15 ഒഴിവുകൾ കഴിച്ച് ആകെ 159 കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രകാരമുള്ള ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 33 പേർക്കും കരാർ അടിസ്ഥാനത്തിൽ 26 പേർക്കും നിയമനം നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. പി.എസ്.സി. ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള 20 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷി വകുപ്പിലെ അഴിമതിയും വിജിലൻസ് അന്വേഷണവും**

23 (5211) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ കൃഷി വകുപ്പിൽ നടന്ന അഴിമതികൾ എന്തെല്ലാമാണ്; ഓരോ അഴിമതിയും സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇവയിൽ ഏതെങ്കിലും കേസ് വിജിലൻസ് അന്വേഷിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) 2011-16 കാലയളവിൽ കൃഷി വകുപ്പിൽ നടന്ന അഴിമതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) 11 കേസ് വിജിലൻസ് അന്വേഷിക്കുന്നുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അന്താരാഷ്ട്ര ശിൽപ്പശാല

24(5212) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണ കാലത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ശില്പശാല നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംരംഭത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിക്കുമോ;

(സി) എന്തെല്ലാം ആശയങ്ങളാണ് ശില്പശാലയിൽ ഉരുത്തിരിഞ്ഞത് എന്ന് വിവരിക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2016 ഡിസംബർ 1 മുതൽ 5 വരെ തിരുവനന്തപുരത്ത് വച്ച് 'വൈഗ 2016' എന്ന പേരിൽ അന്തർദ്ദേശീയ ശിൽപ്പശാല നടത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള അനന്ത സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും അഗ്രി ബിസിനസ്സ് മേഖലയിൽ യുവജനങ്ങളെ ആകർഷിച്ച് അവർക്ക് നല്ല വരുമാനം ഉറപ്പാക്കുന്നതിനും കാർഷിക വിപണന മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനുമാണ് ഈ ശിൽപ്പശാല നടത്തിയത്. കാർഷിക രംഗത്തേയും സംരംഭക മേഖലയിലെയും വ്യക്തികളും ഗ്രൂപ്പുകളും കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും ഒത്തുചേർന്ന ശിൽപ്പശാലയിൽ, കാർഷികോൽപ്പന്ന, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയുമാണ് കൃഷി വകുപ്പ് സംഘടിപ്പിച്ചത്.

(ബി) വൈഗ 2016- ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംരംഭകർക്ക് മൂല്യവർദ്ധന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തുവാനും ഇവരിൽ നിന്നും ലഭിക്കുന്ന സാങ്കേതിക വിദ്യകൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാനും സംസ്ഥാനകേന്ദ്ര സർക്കാരുകൾ മാർക്കറ്റിംഗ് മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവ മനസ്സിലാക്കുവാനും ഒരു വേദി ഒരുക്കുക.

2. കാർഷികോൽപ്പാദനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, അഗ്രി ബിസിനസ്സ് സെന്റർ, സർക്കാരിതര സംഘടനകൾ മുതലായവയുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനം നിർദ്ദേശിക്കുക

3. കാർഷിക മേഖലയിൽ നവസംരംഭകരെ സൃഷ്ടിക്കുക,

4. കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകവഴി കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക,

5. കാർഷിക മേഖലയിൽ ധനാഗമനം വർദ്ധിപ്പിക്കുക,

6. തൊഴിൽ രഹിതരായ യുവജനങ്ങൾ, വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർ എക്സ് സർവീസുകാർ, ഐ.ടി. പ്രൊഫഷണലുകൾ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിച്ച് നിലനിർത്തുക.

(സി) വൈഗ 2016-ൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ചുവടെ ചേർക്കുന്നു :

1. കാർഷിക മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജികളെക്കുറിച്ചും അവ വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാനതല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് 3 ദിവസം മുതൽ 3 മാസം വരെ നീണ്ടുനിൽക്കുന്ന വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക.

2. ഭക്ഷ്യസംസ്കരണവും മൂല്യവർദ്ധനവും വിപണനവും സുഗമമാക്കുന്നതിന് സംസ്ഥാനതലത്തിൽ വെബ് പോർട്ടൽ വികസിപ്പിക്കുക.

3. സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി പ്രോജക്ട് ക്ലിനിക്കുകൾ സ്ഥാപിക്കുക, പ്രോജക്ട് റിപ്പോർട്ടുകൾ, വായ്പ എന്നിവ പുതിയ സംരംഭകർക്ക് പ്രസ്തുത ക്ലിനിക്കുകൾ വഴി ലഭ്യമാക്കുക.

4. കൃഷിവകുപ്പ് നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഭക്ഷ്യസംസ്കരണ മൂല്യവർദ്ധന സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

5. സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വിവിധ ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളുടെ സേവനങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക.

6. ഗവേഷണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക.

7. പുതിയ സംരംഭകർക്ക് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസുകൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയവ സമയബന്ധിതമായി വ്യവസായ വകുപ്പിൽ പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകൾ വഴി ലഭ്യമാക്കുക

8. ജില്ലാതലത്തിൽ അഗ്രി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക. നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിച്ച് കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ നവീന ആശയങ്ങളുമായി എത്തുന്ന സംരംഭകർക്ക് ആവശ്യമായ ടെക്നോളജി, പരിശീലനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കുക

9. എല്ലാ വർഷവും കാർഷിക മേഖലയിൽ ചെറുകിട വ്യാവസായിക സംരംഭകരെ പുതിയതായി കണ്ടെത്തുന്നതിനായി ജില്ലാതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

10. ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകളിൽ പൊതുസഹായ കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിക്കുക

11. കാർഷിക വിളകളുടെയും ഉൽപ്പന്നങ്ങളുടെയും ഉപോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, ഫാർമർ കമ്പനീസ് എന്നിവ സംഘടിപ്പിക്കുക.

12. വിപണിമൂല്യം വർദ്ധിപ്പിക്കുന്ന തരത്തിൽ ആകർഷകമായ പായ്ക്കിംഗ്, ബാർകോഡ്, ബ്രാൻഡിംഗ് എന്നീ സംവിധാനങ്ങൾ ഒരുക്കുക.

13. ഓരോ പഞ്ചായത്തിലും ഭക്ഷ്യസംസ്കരണ മൂല്യവർദ്ധനവിനെ അടിസ്ഥാനമാക്കി ഗ്രൂപ്പുകൾ സംഘടിപ്പിക്കുക.

14. എസ്.എഫ്.എ.സി., സമേതി, കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം എന്നിവ പുനഃക്രമീകരിച്ച് സംസ്ഥാനതലത്തിൽ അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുക.

(ഡി) വൈഗ 2016-ൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2017-18 വാർഷിക പദ്ധതിയിൽ 15.75 കോടിയുടെ വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത ശിൽപ്പശാലയിൽ പങ്കെടുത്ത എല്ലാ സംരംഭകരെയും എറണാകുളം/തൃശ്ശൂർ ജില്ലയിൽ സമ്മേളിപ്പിച്ച് പദ്ധതികളെ കുറിച്ചുള്ള വിശദീകരണവും മേഖലാടിസ്ഥാനത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രോജക്ട് ക്ലിനിക്കുകൾക്കു വേണ്ട തയ്യാറെടുപ്പുകളും നടത്തുന്നതാണ്. ഇതുപ്രകാരം പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി എസ്.എഫ്.എ.സി. നടത്തിയ മുന്നൊരുക്കങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള ഗ്രാമീൺ ബാങ്കുമായി ചർച്ചകൾ നടത്തി പ്രവർത്തന രീതിയെക്കുറിച്ച് ധാരണയിൽ എത്തി.
2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, ചെന്നൈ, ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ധാരണയായിട്ടുണ്ട്.
3. നടപ്പ് സാമ്പത്തിക വർഷത്തിൽ 20 കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
4. സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുടുംബശ്രീയുമായി ചർച്ച നടത്തി 2 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.
5. എല്ലാ വർഷവും ഓരോ വിളകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. 2017-18-ൽ വാഴപ്പഴത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കണ്ണാറയിൽ പ്രവർത്തിക്കുന്ന വാഴ ഗവേഷണ കേന്ദ്രം, തൃശ്ശിനാപ്പള്ളിയിലെ ദേശീയ വാഴ ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളുമായി ആലോചിച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

## അഗ്രോ ബേസ്ഡ് വ്യവസായങ്ങൾ

25 (5213) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിപുലമായ തരത്തിൽ അഗ്രോ -ബേസ്ഡ് ഇൻഡസ്ട്രീസ് ഡെവലപ്മെന്റിന്റെ സാധ്യത കൃഷിവകുപ്പ് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) നിലവിൽ കേരളത്തിൽ നടന്നുവരുന്ന ടി വ്യവസായങ്ങൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ& ബി) കേരളത്തിൽ അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ് സാധ്യത മുന്നിൽ കണ്ടുകൊണ്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനമെടുക്കുകയും അഗ്രോ പാർക്കുകളുടെ പഠനത്തിനായി നാബ്കോൺസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അഗ്രോപാർക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നാളികേര അഗ്രോ പാർക്കുകൾ - തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ.
2. നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ.
3. തേനും വാഴപ്പഴവും ആസ്പദമാക്കിയ അഗ്രോ പാർക്ക് തൃശ്ശൂർ ജില്ല.
4. സ്പൈസസ് പാർക്കുകൾ - ഇടുക്കി, വയനാട്, ജില്ലകളിൽ.
5. റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ - കോട്ടയം, പത്തനംതിട്ട, ജില്ലകളിൽ.
6. ചക്കയ്ക്കു വേണ്ടിയുള്ള അഗ്രോ പാർക്ക് - തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച്.
7. പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്ക് - ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ.
8. ഇതിനു പുറമെ മാങ്ങ അധിഷ്ഠിതമായ അഗ്രോ പാർക്ക് മുതലമടയിൽ.

**ഇടവിള കൃഷികൾ**

26 (5214) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിളകളാണ് ഇടവിള കൃഷിയായി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇടവിള കൃഷി ആദായകരമാക്കുന്നതിനും ഇത്തരം ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ നാളികേര വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന 'കേരഗ്രാമം' എന്ന ഉപപദ്ധതിയിൽ തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു. ഇടവിള കൃഷിക്കുണ്ടാകുന്ന ആകെ ചെലവിന്റെ 50% പരമാവധി ഹെക്ടറിന് 6,000 രൂപയാണ് ധനസഹായം നൽകുന്നത്. വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, മുതലായ വിളകൾ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. കൂടാതെ ഹരിത കേരള മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന 'സുജലം സുഫലം' പദ്ധതിയിൽ സമഗ്ര നാളികേര പുരയിടകൃഷി ഒരു ഘടകമാണ്. ഇതോടൊപ്പം റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) തെങ്ങിൻ തോട്ടങ്ങളിലും പുരയിടങ്ങളിലും പ്രധാന വിളകളുടെ ഇടയിലുള്ള പ്രദേശത്ത് ഭാഗികമായി ലഭിക്കുന്ന സൂര്യപ്രകാശത്തിലും തണലിലും വളരുവാൻ അനുയോജ്യമായ വിളകളാണ് ഇടവിള കൃഷിക്ക് തെരഞ്ഞെടുക്കുന്നത്. വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, പച്ചക്കറിയിനങ്ങൾ, കൈതച്ചക്ക, ജാതി, കൊക്കോ, ഗ്രാമ്പൂ എന്നിവ കേരളത്തിൽ ഇടവിള കൃഷിയായി കൃഷി ചെയ്തുവരുന്നു.

(സി) കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും റബ്ബർ ബോർഡും നടത്തിയ വിവധ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇടവിള കൃഷിയുടെ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ഡി) അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്തും ശാസ്ത്രീയ കൃഷിമുറകൾ അവലംബിച്ചും ഇടവിള കൃഷി ആദായകരമാക്കാവുന്നതും ഇതിനുള്ള സാങ്കേതിക സഹായം കൃഷി ഭവൻ മുഖേന ലഭിക്കുന്നതുമാണ്. കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിപണികളിൽ ആഴ്ചതോറും ഉൽപ്പന്ന ലേലം സംഘടിപ്പിക്കാറുണ്ട്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ടി വിപണികളിൽ നേരിട്ടോ ഗ്രൂപ്പുകൾ മുഖേനയോ എത്തിച്ച് ന്യായവില ഉറപ്പാക്കാവുന്നതാണ്. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സ്വാശ്രയ കർഷക വിപണികൾ മുഖേനയും കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നുണ്ട്.

**ഹരിതം ഹരിപ്പാട് പദ്ധതി**

27 (5215) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോജക മണ്ഡലം തലത്തിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹു. ഹരിപ്പാട് എം.എൽ.എ. സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്.

**മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ**

28 (5216) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവുമധികം മാങ്ങ ഉൽപ്പാദനം നടന്ന നടപ്പു വർഷത്തിൽ മാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്ക് സഹായം നൽകിയെന്ന് വിശദീകരിക്കുമോ;

(ബി) കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ പൊതുമേഖലയിലോ സഹകരണമേഖലയിലോ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് കൃഷിവകുപ്പ് സഹായം നല്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപ്പുവർഷത്തിൽ മാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സ്ഥാപനങ്ങൾക്ക് കൃഷി വകുപ്പിൽനിന്നും സഹായം നൽകിയിട്ടില്ല. എന്നാൽ ഏറ്റവും അധികം മാങ്ങ ഉൽപ്പാദിപ്പിക്കുന്ന പാലക്കാട് ജില്ലയിൽ മാങ്ങ അധിഷ്ഠിതമായ അഗ്രോ പാർക്ക് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിൽ പ്രവർത്തിക്കുന്ന കശുമാവ് ഗവേഷണ കേന്ദ്രത്തിൽ കശുമാങ്ങ സംസ്കരണം നടത്തുന്ന ഒരു ചെറുകിട യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ പലക്കാട്, മണ്ണാർക്കാട്, കാസർഗോഡ്, മൂളിയാർ എന്നിവിടങ്ങളിൽ കശുമാങ്ങ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. കശുമാങ്ങയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പൊതുമേഖലയിലോ സഹകരണ മേഖലയിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിയിട്ടില്ല.

**വിത്തുക്ഷാമം**

29 (5217) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ച മൂലം സംസ്ഥാന വിത്ത് അതോറിറ്റിയിലും കാർഷിക സർവകലാശാലയിലും വിത്ത് ഫാമുകളിലും വിത്തിന്റെ ലഭ്യത കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്ക് സമയബന്ധിതമായി വിത്ത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്ഥാപനങ്ങളിൽ വിത്ത് ലഭ്യതയുടെ അഭാവത്തിൽ കർഷകർ സഹകരണ സ്ഥാപങ്ങൾ മുഖേനയും മറ്റ് ഏജൻസികളിൽ നിന്നും വിത്ത് വാങ്ങിയാൽ അതിന് സർക്കാർ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ ഒന്നാം വിളയിറക്കേണ്ട സമയമെത്തിയ സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന 1200 മെട്രിക് ടൺ നെൽവിത്ത് കർഷകർക്ക് ഒന്നാംവിള കൃഷിയിറക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും 1380 ടൺ വിത്തുകൂടി കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ വിത്ത് വികസന അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വിത്ത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ

സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി ഇതിനുള്ള അറിയിപ്പ് നൽകുന്നതിനും കാർഷിക സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ നാഷണൽ സീഡ് കോർപ്പറേഷനുമായി ഏർപ്പെട്ട കരാർ പ്രകാരം ആവശ്യമായ വിത്ത് വിതരണത്തിന് സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

(സി) കർഷകർ ഉപയോഗിക്കുന്ന വിത്തിന് നിലവിലെ പദ്ധതി പ്രകാരമുള്ള ഏത് ഏജൻസിയുടേതെന്ന് നോക്കാതെ സബ്സിഡി ലഭ്യമാണ്.

(ഡി) പാലക്കാട് ജില്ലാ കൃഷി ആഫീസറുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ 28-4-2017-ൽ യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം**

30 (5218) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വർഷമായി കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യാത്ത സാഹചര്യമുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപ കർഷക തൊഴിലാളി പെൻഷൻ കുടിശ്ശികയായി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ളവർക്കാണോ കർഷകതൊഴിലാളി പെൻഷൻ നൽകുന്നത്;

(ഡി) എങ്കിൽ ബോർഡിൽ അംഗത്വം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇപ്പോൾ ബോർഡിൽ അംഗമായിട്ടുള്ളവരിൽ ഭൂരിപക്ഷം പേരും യഥാർത്ഥ കർഷകത്തൊഴിലാളികളല്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല. 2017 മാർച്ച് മാസം വരെയുള്ള കർഷത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയിനത്തിൽ 18.11 കോടി രൂപ നൽകാനുണ്ട്.

(സി) അതെ.

(ഡി)18 വയസ്സ് പൂർത്തിയാക്കിയതും 55 വയസ്സിന് താഴെ പ്രായമുള്ളവരുമായ കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**നഷ്ടപരിഹാരം**

31 (5219) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല്, തെങ്ങ്, കമുങ്ങ് തുടങ്ങിയ കാർഷിക വിളകൾ കടുത്ത വേനലിൽ നശിച്ചു പോയവർക്ക് നഷ്ടപരിഹാരമായി സർക്കാർ എന്ത് ആനുകൂല്യമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആനുകൂല്യം വിതരണം ചെയ്തിട്ടില്ല എങ്കിൽ, ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചശേഷം വരൾച്ചമൂലമുള്ള കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി 31.25 കോടി രൂപ നൽകിയിട്ടുണ്ട്.സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാരത്തുക ലഭിച്ചുവരുന്നു. സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കർഷക പെൻഷൻ**

32 (5220) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ കർഷക പെൻഷൻ നൽകാൻ ബാക്കിയുണ്ട്; ജില്ല തിരിച്ച് ലിസ്റ്റ് നൽകുമോ;

(ബി) 2016 മേയ് 31 വരെ കർഷക പെൻഷൻ കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ;

(സി) കർഷക പെൻഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നല്കിയ ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 2015 മാർച്ച് മുതൽ 14 മാസത്തെ കർഷക പെൻഷൻ ഇനത്തിൽ 287.249 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം 254.41 കോടി രൂപ നൽകുകയുണ്ടായി. ഇനി 331.663 കോടി രൂപ 2017 മേയ് 31 വരെ പെൻഷൻ നൽകാൻ ആവശ്യമുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 12.419 കോടി |
| കൊല്ലം | - | 25.09 കോടി |
| ആലപ്പുഴ | - | 23.683 കോടി |
| പത്തനംതിട്ട | - | 18.651 കോടി |
| എറണാകുളം | - | 24.52 കോടി |
| ഇടുക്കി | - | 13.32 കോടി |
| കോട്ടയം | - | 30.8 കോടി |
| തൃശ്ശൂർ | - | 32.165 കോടി |
| പാലക്കാട് | - | 25.599 കോടി |
| മലപ്പുറം | - | 26.585 കോടി |
| കോഴിക്കോട് | - | 42.06 കോടി |

| | | |
|---|---|---|
| കണ്ണൂർ | - | 30.655 കോടി |
| വയനാട് | - | 14.4 കോടി |
| കാസർഗോഡ് | - | 11.716 കോടി |
| ആകെ | | 331.663 കോടി രൂപ |

(ബി) 2016 മേയ് 31 വരെ കർഷക പെൻഷൻ ഇനത്തിൽ 287.249 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.

(സി) കർഷക പെൻഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നൽകിയ ഉത്തരവിന്റെയും മാർഗ്ഗ നിർദ്ദേശത്തിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**അഗ്രോ സർവീസ് സെന്ററുകൾ വഴിയുള്ള സേവനങ്ങൾ**

33 (5221) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ കർഷകർക്ക് നൽകുന്നത് ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സെന്ററുകൾ സ്ഥാപിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ അഗ്രോ സർവീസ് & സർവീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽരഹിത യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവീസ് സെന്റർ ആന്റ് സർവീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയും കാർഷിക പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുകയും ചെയ്തുവരുന്നു. കാർഷിക മേഖല നേരിടുന്ന കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) അഗ്രോ സർവീസ് സെന്ററുകൾവഴി യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക, കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെയും കാർഷകത്തൊഴിലാളികളുടെയും ലഭ്യതയും സേവനവും ഉറപ്പുവരുത്തി തരിശ് ഭൂമി കൃഷിയോഗ്യമാക്കുക, കർഷകർക്ക് ആവശ്യമായ മറ്റ് കാർഷിക സേവനങ്ങൾ, ജൈവ ഉൽപ്പാദനോപാധികൾ (തൈകൾ, ജൈവവളം/കീടനാശിനി മുതലായവ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 64 അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കുളം നവീകരണത്തിലെ ക്രമക്കേടുകൾ**

34 (5222) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കാരോട് പഞ്ചായത്തിലെ കുളം നവീകരണത്തിന്റെ ഭാഗമായി 45 ലക്ഷം രൂപാ തിരിമറി നടത്തിയതിന് കൃഷി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഇവർ ആരെല്ലാം; പേരും, ഉദ്യോഗപ്പേരും, അഡ്രസ്സും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നടപടി സംബന്ധിച്ച് കൃഷിവകുപ്പ് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ക്രമക്കേടുകൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ;

(ഡി) കുളം നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ ചെയ്തതിലാണ് തട്ടിപ്പ് നടന്നിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടു വന്ന് മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാരോട് വെൺകുളം നവീകരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ 5 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

1. ശ്രീ. എം. എസ്. സജ്ജു, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ശ്രീമതി എസ്. ജയശ്രീ, ദക്ഷിണ മേഖലാ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ.
3. ശ്രീ. സാം കെ. ജയിംസ്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ.

4. ശ്രീ. പി. എൽ. മജ്ഞു, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം.

5. ശ്രീ. പി. റ്റി. നവീൻ, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൊല്ലം.

(ബി) പോലീസ് വിജിലൻസ് ഇപ്പോൾ ഈ വിഷയം അന്വേഷിക്കുന്ന സാഹചര്യത്തിലും അച്ചടക്ക നടപടി പൂർത്തിയാകാത്തതിനാലും വിജിലൻസ് അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നറിയിക്കുന്നു.

(സി&ഡി) കാരോട് വെൺകുളം നവീകരണ പ്രവർത്തനങ്ങളിൽ പാർശ്വഭിത്തി നിർമ്മാണ പ്രവർത്തനങ്ങളിലും ഇഷ്ടികച്ചെളി ഖനനത്തിലും ക്രമക്കേടുകൾ നടന്നിട്ടുണ്ട്. പാർശ്വഭിത്തി നിർമ്മാണത്തിലെ ക്രമക്കേടുകളിൽ മോശം ഡിസൈനിംഗ്, ചട്ടവിരുദ്ധമായി പ്രവൃത്തികൾ കൺവീനർ വർക്കായി നൽകിയത്, മേൽനോട്ടത്തിലെ പിഴവുകൾ, വ്യാജ ബില്ലുകളുടെയും രസീതുകളുടെയും അടിസ്ഥാനത്തിൽ ലക്ഷക്കണക്കിന് തുകകൾ പ്രവൃത്തികളുടെ പേരിൽ വിതരണം ചെയ്തത് തുടങ്ങിയവയും ഇഷ്ടിക്കച്ചെളി ഖനനത്തിൽ അമിതവും അനിയന്ത്രിതവുമായ ചെളി ഖനനം നടത്തിയത്, തന്മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം, അനുവദനീയമായതിലും അധികം ചെളി ഖനനം ചെയ്തതുമൂലം റോയൽറ്റി ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടം തുടങ്ങിയവയും ഉൾപ്പെടുന്നു.

(ഇ&എഫ്) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷീരോൽപ്പാദക സംഘത്തിന്റെ കെട്ടിടനിർമ്മാണം

35 (5223) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പട്ടര്പാലം എടക്കര ക്ഷീരോൽപാദക സംഘത്തിന്റെ കെട്ടിടനിർമ്മാണ അനുമതിക്കായുള്ള സംഘം പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ;

(ബി) സംഘത്തിന്റെ കെട്ടിടനിർമ്മാണം പൊതു ആവശ്യമായി പരിഗണിച്ച് അനുമതി നല്കാൻ നടപടിസ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. അപേക്ഷ സംസ്ഥാനതല സമിതി പരിശോധിക്കുകയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നടപടിക്കെതിരെ സംഘം ഭാരവാഹികൾ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ടി കേസ്സിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 3-5-2017-ലെ സംസ്ഥാനതല സമിതി വിഷയം വീണ്ടും പരിഗണിക്കുകയും സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുകയുമുണ്ടായി. സ്ഥല പരിശോധനാ റിപ്പോർട്ടിന്റെയും സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജൈവകൃഷി പ്രോത്സാഹന പദ്ധതി**

36 (5224) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ജൈവകൃഷി പദ്ധതിയിൻ കീഴിൽ മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷി സർട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജൈവകൃഷിയിൽ ഏർപ്പെടുന്ന വിവിധ സംഘങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിപ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷി വ്യാപനം, ജൈവ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 30' x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1 ലക്ഷം രൂപ ചെലവ് കണക്കാക്കി 50 ശതമാനം തുകയായ 50,000 രൂപ ധനസഹായമായി അനുവദിക്കുന്നതാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നാളിതുവരെ 7345 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് 1500 ഹെക്ടർ സ്ഥലത്ത് (ഇടുക്കി-500

ഹെക്ടർ, മലപ്പുറം-250 ഹെക്ടർ, കോഴിക്കോട്-150 ഹെക്ടർ, വയനാട്-600 ഹെക്ടർ) സർട്ടിഫിക്കേഷനോടുകൂടി ജൈവകൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2014-15 വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്തും 2015-16 വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്തും ജൈവകൃഷി വ്യാപന പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

(ബി) ജൈവകൃഷിയിൽ ഏർപ്പെടുന്ന സംഘങ്ങൾക്ക് (ക്ലസ്റ്ററുകൾ) ഒരു ഹെക്ടറിന് 3000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1000 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവ ഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17-ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 30' x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1 ലക്ഷം രൂപ കണക്കാക്കി 50% തുകയായ 50,000 രൂപ ധനസഹായവും ജൈവ കൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50% തുകയായ 10,000 രൂപ സബ്സിഡിയും ജൈവ സർട്ടിഫിക്കേഷനായി 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ആയതിന്റെ സർട്ടിഫിക്കേഷന് 5 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നു.

## നാളികേര കൃഷിയുടെ വികസനത്തിനും സംരക്ഷണത്തിനുമായി പദ്ധതികൾ

37 (5225) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷിയുടെ വികസനത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എവിടെയെല്ലാമാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഈ മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കാനായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുവാനാണുദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഉണ്ട്. 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സംസ്ഥാനാവിഷ്കൃത പദ്ധതിയായ "കേരഗ്രാമം" നടപ്പിലാക്കുകയുണ്ടായി. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തെരഞ്ഞെടുത്ത 59 ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിലായി നടപ്പിലാക്കുകയും 3803.7726 ലക്ഷം രൂപ പദ്ധതിക്കായി ചെലവിടുകയുമുണ്ടായി. കൂടാതെ കേരഗ്രാമം പദ്ധതിയിലൂടെ തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ എന്നിവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക തുടങ്ങിയ സംയോജിത വിള പരിപാലന മുറകൾ 11977.973 ഹെക്ടർ കൃഷി സ്ഥലത്ത് നടപ്പിലാക്കുകയും 1240.75816 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 3828 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയും 454 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രാദേശികാവശ്യങ്ങൾക്കായി 14 തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തു. പ്രോജക്ട് അടിസ്ഥാനത്തിൽ കൂട്ടായ പ്രവർത്തനങ്ങൾക്കും മൂല്യവർദ്ധിത സംരംഭങ്ങൾ നടപ്പിലാക്കുവാനും പഞ്ചായത്തുതല കേരസമിതികൾ/ സൊസൈറ്റികൾക്ക് 281.54482 ലക്ഷം രൂപ നൽകുകയുമുണ്ടായി.

**നഷ്ടപരിഹാരത്തുക**

38 (5226) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടിയ വേനൽ മൂലം വ്യാപകമായി നാശം സംഭവിച്ച നെല്ല്, നാളികേരം, അടയ്ക്ക, കുരുമുളക് കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചശേഷം

സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായമായി 15.466 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-03-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാരത്തുക ലഭിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ചാസ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോൾനിലങ്ങളിൽ സോളാർ പാനൽ**

39 (5227) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾനിലങ്ങളിൽ പമ്പിങ്ങിനായി സോളാർ പാനലുകൾ സ്ഥാപിച്ച് മോട്ടോറുകൾ പ്രവർത്തിപ്പിക്കാൻ റെയ്ഡ്കോ വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏതെല്ലാം പാടശേഖരങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത്;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ കോൾ പ്രദേശത്തെ 4 പടവുകളിലെയും പൊന്നാനി കോൾ പ്രദേശത്തെ 57 പടവുകളിലെയും പമ്പുസെറ്റുകൾ സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സർവേ നടത്തുവാൻ റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ സോളാർ വിഭാഗമായ റെയ്ഡ്കോ റിന്യൂവബിളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നന്നമുക്ക് ഗ്രാമ പഞ്ചായത്തിലെ തുരുത്തിന്മേൽ പടവിൽ ഒരു 5 എച്ച്.പി. പമ്പ് സെറ്റ് സൗരോർജ്ജത്തിൽ വിജയകരമായി പ്രവർത്തിപ്പിച്ചിട്ടുണ്ട്.

(സി) 61 പടവുകളിലായി 210 പമ്പ് സെറ്റുകൾക്കായി 4300 എച്ച്.പി. എനർജിക്ക് മതിയായ അളവിൽ ഓരോ പമ്പുസെറ്റിനും പ്രത്യേകമായി പാനലുകൾ വിന്യസിച്ച് സൗരോർജ്ജം ഉപയോഗിക്കുന്ന രീതിയാണ് ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതികൾ പ്രാബല്യത്തിൽ വന്നാൽ ഗ്രിഡ് കണക്ടഡ് ആയതിനാൽ പമ്പ് ഉപയോഗിക്കാത്ത സമയങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുവാൻ സാധിക്കും.

**ഹോർട്ടികൾച്ചർ മിഷൻ**

40 (5228) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിളകളുടെ സമഗ്രവികസനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പ്രധാനമായും ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങളിലൂടെ നിർദ്ദിഷ്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് കൂടുതൽ മേൽനോട്ടം ആവശ്യമായതിനാൽ ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ മാവ്, വാഴ, കൈതച്ചക്ക എന്നീ ഫലവർഗ്ഗവിളകൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പു എന്നീ സുഗന്ധവ്യഞ്ജന വിളകൾ, കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ, പുഷ്പകൃഷി എന്നിവയുടെ സമഗ്ര വികസനമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന ദേശീയ ഔഷധസസ്യ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഔഷധ സസ്യങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമിടുന്നു.

(ബി) മിഷന്റെ പ്രവർത്തനങ്ങളിലൂടെ നിർദ്ദിഷ്ട നേട്ടങ്ങൾ കൈവരിക്കുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. മിഷന്റെ ജില്ലയിലെ പ്രവർത്തനങ്ങൾ ജില്ലാ കൃഷി ആസ്ഥാനത്തുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ആണ് നേതൃത്വം നൽകുന്നത്. ഇവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരാണ്. കൂടാതെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഹെഡ് ക്വാർട്ടേഴ്സിലെ കൃഷി അഡീഷണൽ ഡയറക്ടർ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള 7 ജില്ലകളിലേയും കൃഷി ജോയിന്റ് ഡയറക്ടർ എറണാകുളം മുതൽ തെക്കോട്ടുള്ള 7 ജില്ലകളിലെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ, രണ്ട് മാസത്തിലൊരിക്കൽ മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) മാരുടെ സംസ്ഥാനതല അവലോകന യോഗങ്ങളും അത്യാവശ്യഘട്ടങ്ങളിൽ വീഡിയോ കോൺഫറൻസും നടത്തുന്നുണ്ട്. മിഷന്റെ എല്ലാ പ്രവർത്തനങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന് വിധേയമാണ്. മിഷന്റെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ് വർഷാവർഷം ഇന്റേണൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

**കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ**

41 (5229) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഫാമുകളുടെയും ലാബുകളുടെയും ആധുനികവത്ക്കരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പച്ചക്കറിയുടെ വിപണനത്തിനായി കർഷക വിപണികളും മാളുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇതിന്റെ ഭാഗമായി പുതിയ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പുസാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. നെൽകൃഷി വികസനം.
2. പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം.
3. പച്ചക്കറി കൃഷി വികസനം.
4. പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം.
5. തെങ്ങ് കൃഷി വികസനം.
6. സുഗന്ധവ്യഞ്ജന വിളകളുടെ വികസനം.
7. ഹൈ-ടെക് അഗ്രിക്കൾച്ചർ.
8. പഴ വർഗ്ഗങ്ങൾ, പുഷ്പവിളകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം.
9. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യപരിപാലനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും.
10. വിള ആരോഗ്യപരിപാലനം.
11. ജൈവകൃഷിയും നല്ല കാർഷിക മുറകളുടെ അവലംബവും.
12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും.
13. കൃഷി വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണം.
14. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ.
15. അഗ്രോ സർവീസ് സെന്ററും സേവനം നൽകലും.
16. വിള ഇൻഷ്വറൻസ് പദ്ധതി.
17. വിപണികളുടെ ശാക്തീകരണം കമ്പോള വിലസ്ഥിരതയ്ക്കുള്ള വിപണിയിടപെടൽ.
18. മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുൽപ്പാദനം, അഗ്രോ ബിസിനസ്സ് കമ്പനിയുടെ സ്ഥാപനം.

19. കർഷക ക്ഷേമ ബോർഡ് രൂപീകരണം.

20. വയനാട് പാക്കേജ് പദ്ധതി.

21. പ്രത്യേക കാർഷിക മേഖല അധിഷ്ഠിത കൃഷി വികസനം.

22. കൃഷിയാവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി.

23. റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.

24. കർഷക പെൻഷൻ പദ്ധതി.

(ബി) നിലവിലുള്ള ഫാമുകളുടെ ആധുനികവൽക്കരണത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനുമായി 2100 ലക്ഷം രൂപ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്ന തിനുമായി 600 ലക്ഷം രൂപ 2017-18 വാർഷിക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ടി പദ്ധതികൾക്കുള്ള ഭരണാനുമതി ലഭ്യമാക്കി പദ്ധതിനിർവ്വഹണം ആരംഭിക്കുന്നതാണ്.

(സി) പച്ചക്കറികളുടെയും മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെയും വിപണനത്തിനായി നിലവിലുള്ള വിപണന സൗകര്യങ്ങൾക്കു പുറമെ 200 ഗ്രാമീണ വിപണികളും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ അഗ്രോ ബസാറുകളും കാർഷിക വിപണികൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) 2017-18 സാമ്പത്തിക വർഷത്തിലെ അഗ്രോ സർവീസ് സെന്ററും സേവനം എത്തിക്കലും എന്ന പദ്ധതിയുടെ ഭാഗമായി 20 ബ്ലോക്കുതല അഗ്രോ സർവീസ് സെന്ററുകൾ നടപ്പു സാമ്പത്തികവർഷം പുതുതായി ആരംഭിക്കുന്നതിനായി 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നൈപുണ്യ പരിശീലനം സിദ്ധിച്ച തൊഴിലാളികളും കാർഷിക യന്ത്രോപകരണങ്ങളുംകൊണ്ട് സജ്ജമായ അഗ്രോ സർവീസ് സെന്ററുകൾ മുഖേന കർഷകർക്ക് യഥാസമയം കൃഷിയിറക്കുന്നതിനാവശ്യമായ തൊഴിലാളികളുടെ സേവനം ലഭിക്കുന്നതാണ്.

**കാർഷിക മേഖലയിലുണ്ടായ പ്രത്യാഘാതങ്ങൾ**

42 (5230) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരൾച്ച കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ നേരിടുന്നതിനും ഉല്പാദനം നിലനിർത്താനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

## ഉത്തരം

മഴക്കുറവുമൂലം വരൾച്ച നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. ഇത് ഫലവത്തായി കൂടുതൽ വ്യാപകമായി നടത്തുവാൻ പദ്ധതി തയ്യാറാക്കിവരുന്നു. വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. സംസ്ഥാന വിത്തു വികസന അതോറിറ്റിയും എൻ.എസ്.സി.-യും തമ്മിൽ ഇതു സംബന്ധിച്ച് ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു. വരൾച്ചമൂലം നെൽകൃഷിനാശം സംഭവിക്കാനിടയുള്ള പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപ്പുവെള്ളം തടയുന്നതിനുള്ള ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കകത്തുതന്നെ ഇവ നിർമ്മിച്ച് ഉപ്പുവെള്ളം കയറില്ലെന്നുറപ്പാക്കുവാനായി ജലസേചന വകുപ്പുമായി കൂടിയാലോചിച്ച് മുൻകൂട്ടി ധാരണയിലെത്തിയിട്ടുണ്ട്.

വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജികളായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ 394.44 ഹെക്ടറിൽ നടപ്പിലാക്കി. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വരൾച്ചമൂലം കൂടുതൽ കൃഷിനാശമുണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനുമായി ജനപ്രതിനിധികളുടെയും കർഷകരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

## ആർ.കെ.വി.വൈ. പദ്ധതി

43 (5231) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.കെ.വി.വൈ ഉൾപ്പെടെയുള്ള കേന്ദ്രസഹായ പദ്ധതികളിലും സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതികളിലും ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലേയ്ക്കായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) മണ്ഡലത്തിലെ ക്ഷീര കൃഷിക്കാർ ഉൾപ്പെടെയുള്ള കർഷകർക്ക് പ്രയോജനപ്രദമാകുന്നതരത്തിൽ പദ്ധതികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതികളിൽ ഉൾപ്പെടുത്തി, ക്ഷീരവികസന വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു :

1. തീറ്റപ്പുൽകൃഷി വികസനപദ്ധതി.
2. മിൽക്ക് ഷെഡ് വികസന പദ്ധതി (കറവപ്പശുക്കളുടെ വിതരണം)
3. പാലിന്റെ ഗുണനിയന്ത്രണ പദ്ധതി.
4. കാലത്തീറ്റ സബ്സിഡി പദ്ധതി
5. ക്ഷീരസംഘങ്ങളുടെ നവീകരണം പദ്ധതി.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്നില്ല. എന്നാൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷിഭവൻ മുഖാന്തരം നടപ്പിലാക്കിവരുന്നു. വിവിധ പദ്ധതിയിൻകീഴിൽ പാലക്കാട് ജില്ലയ്ക്ക് ലഭിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കോങ്ങാട് മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. 2017-18-ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

1. നെൽകൃഷി വികസനം.
2. പച്ചക്കറി കൃഷി വികസനം.
3. നാളികേര വികസനം.
4. സുഗന്ധവിള വികസനം.
5. അഗ്രോ സർവീസ് സെന്ററുകൾ.
6. ജൈവ കൃഷി.
7. വിള ആരോഗ്യ പരിപാലനം.
8. ഹൈടെക് കൃഷി.
9. വിള ഇൻഷ്വറൻസ്.
10. മണ്ണിന്റെ ആരോഗ്യ പരിപാലനം.
11. കാർഷിക വിജ്ഞാന വ്യാപനം.
12. പയറുവർഗ്ഗ/കിഴങ്ങുവർഗ്ഗ കൃഷി വികസനം.

2017-18-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേന്ദ്ര പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. ആർ.കെ.വി.വൈ. - നെൽകൃഷി വികസന പദ്ധതി.
2. സോയിൽ ഹെൽത്ത് കാർഡ് പദ്ധതി.
3. പി.എം.കെ.എസ്.വൈ. - ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനുള്ള പദ്ധതി.
4. പി.കെ.വി.വൈ. - ജൈവകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതി.
5. കാർഷിക യന്ത്രവൽക്കരണം.
6. കേന്ദ്രവിള ഇൻഷ്വറൻസ് പദ്ധതി.
7. കേന്ദ്ര ബയോഗ്യാസ് പദ്ധതി.

ഫിഷറീസ് വകുപ്പിനുകീഴിൽ 2017-18 വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ജല കൃഷി വ്യാപന പദ്ധതിയും പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞു നിക്ഷേപ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) കൂർക്ക കർഷകർക്ക് കിഴങ്ങുവർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

**പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതികൾ**

44 (5232) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ബഡ്ജറ്റിൽ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനവുമായി ബന്ധപ്പെട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നെൻമാറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

നെന്മാറ നിയോജക മണ്ഡലത്തിൽ പച്ചക്കറി വികസനപദ്ധതി പ്രകാരം 2017-18-ൽ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

**കേരഗ്രാമം പദ്ധതി**

45 (5233) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി സംസ്ഥാനത്തെ എത്ര ഗ്രാമങ്ങളിൽ നടത്തുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഫലസമൃദ്ധിയില്ലാത്ത തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് പദ്ധതിയുണ്ടോ;

(ഡി) തെങ്ങുകൾ മുറിച്ചു മാറ്റുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുന്ന കൃഷി പരിപാലന പ്രവർത്തനങ്ങൾക്കും മറ്റ് സൗകര്യങ്ങൾക്കുമുള്ള സഹായങ്ങൾ നൽകുവാനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62.50 ലക്ഷം രൂപയും; കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും; ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും; ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് ഒന്നിന് 10,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിൽ 8 യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും; ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) രോഗ ബാധിതമായി ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈ പകരമായി നടുന്നതിനുള്ള ഘടകം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരഗ്രാമം പദ്ധതി പ്രദേശങ്ങളിലെ രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കർഷകർക്ക് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഒരു ഹെക്ടറിൽനിന്ന് പരമാവധി 15 തെങ്ങുകൾ എന്ന തോതിൽ 250 ഹെക്ടർ വീതമുള്ള ഒരു കേരഗ്രാമത്തിൽ നിന്നും പരമാവധി 3750 തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് ആനുകൂല്യമായി 18.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുറിച്ചു മാറ്റപ്പെടുന്ന തെങ്ങുകളുടെ 50% പകരമായി നടുന്നതിന് തൈയുടെ വിലയുടെ 50% (പരമാവധി 60 രൂപ) ധനസഹായം നൽകുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**മാങ്ങയുടെ ഉൽപ്പാദനവും വിപണനവും**

46 (5234) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാങ്ങയുടെ ഉൽപാദനവും വിപണനവും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മാങ്ങയെ കാർഷിക വിളയായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഏറ്റവും കൂടുതൽ മാങ്ങ ഉത്പാദിപ്പിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിൽ പ്രത്യേക പാക്കേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ മാവ് കൃഷി ഒരു ഹോർട്ടികൾച്ചർ വിളയായി ഉൾപ്പെടുത്തിയിട്ടുണ്ട് കൂടാതെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന കാർഷിക വിളകളുടെ വിസ്തീർണ്ണവും ഉൽപ്പാദനവും സംബന്ധിച്ച വിവരശേഖരണത്തിൽ മാവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമടയിൽ മാങ്ങയെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്ക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു.

**കപ്പത്തോടിന്റെ സംരക്ഷണം**

47 (5235) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലെ കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കപ്പത്തോടിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി RIDF XXII സ്കീമിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) ചാലക്കുടി മണ്ഡലത്തിൽ കോടശ്ശേരി, പരിയാരം, അതിരപ്പള്ളി പഞ്ചായത്തുകളിലെ കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികളായ ആഴംകൂട്ടൽ, സംരക്ഷണ ഭിത്തി നിർമ്മാണം, ചെക് ഡാം എന്നീ പ്രവൃത്തികൾക്കായി 4020 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കൃഷി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

48 (5236) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തിൽ എലത്തൂർ മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നിലവിൽ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

2017-18 വർഷത്തിൽ ഏലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി മേഖലയ്ക്ക് കുമ്മായം/ഡോളോമൈറ്റ് വിതരണം.
2. കര നെൽകൃഷി വികസനം.
3. തരിശു നെൽവയൽ കൃഷി വ്യാപനം-ഒന്നാം വർഷം.
4. തരിശു നെൽവയൽ കൃഷി വ്യാപനം-രണ്ടാം വർഷം.
5. പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം.
6. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.
7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നത്.
8. പ്രോജക്ട് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും നെൽകൃഷി ചെയ്യുവാൻ ധനസഹായം.
9. നെൽകൃഷി മേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കാൻ പദ്ധതി.
10. പച്ചക്കറി വികസന പദ്ധതി.
11. നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിധ്യ സംരക്ഷണം, പ്രോത്സാഹനം.
12. കേരകൃഷി പദ്ധതികൾ.
13. സുഗന്ധവ്യഞ്ജന വിള വികസനം.
14. ഹൈ-ടെക് അഗ്രിക്കൾച്ചർ.

15. മണ്ണ്/വേരിന്റെയും ആരോഗ്യ പരിപാലനവും ഉൽപ്പാദനക്ഷമത ഉയർത്തലും.

16. ലബോറട്ടറികളുടെ ആധുനീകരണം.

17. വിള ഇൻഷ്വറൻസ് പദ്ധതി.

18. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും.

19. ആത്മ പദ്ധതികൾ.

20. കാർഷിക വിപണനം, ഗുണനിലവാരം.

21. മൂല്യവർദ്ധനവിനുള്ള പദ്ധതി.

22. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി.

23. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിയുടെ കൃഷി വ്യാപനം.

24. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും.

25. കേന്ദ്രാവിഷ്കൃത പദ്ധതികൾ.

26. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതികൾ.

27. രാഷ്ട്രീയ കൃഷി വികാസ് യോജന.

28. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന.

29. ഉദ്യാന കൃഷി വികസനം.

**കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

49 (5237) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞു കിടക്കുന്ന കൃഷി ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികൾ എത്രയെന്നും നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 3 |
| ഇടുക്കി | 11 |
| എറണാകുളം | 4 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 23 |
| മലപ്പുറം | 13 |
| കോഴിക്കോട് | 12 |
| വയനാട് | 5 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 11 |
| ആകെ | 114 |

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുള്ള കൃഷിഭവനുകൾ പെരുമാട്ടി, പൊൽപ്പുള്ളി, എരുത്യാമ്പതി എന്നിവയാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ

ഓഫീസ്, ചിറ്റൂർ, പെരുമാട്ടി, എരുത്യാമ്പതി എന്നീ കൃഷിഭവനകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയും പൊൽപ്പള്ളി കൃഷിഭവനിലേക്ക് സ്ഥിരം നിയമനം വഴിയും കൃഷി ഓഫീസർമാരെ നിയമിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ മറ്റ് കൃഷിഭവനകളിലേക്ക് മാറ്റി നിയമിച്ചു. പി.എസ്.സി. കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതാണ്. കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഒരു ഒഴിവ് നിലവിലുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റൈസ് ബയോ പാർക്ക്**

50 (5238) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ കൃഷിതോട്ടത്തിൽ റൈസ് ബയോ പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കരിങ്ങാലിൽച്ചാൽപുഞ്ചയിൽ പൂർണ്ണമായി കൃഷി ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ റൈസ് ബയോ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് തുക വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക മൂല്യവർദ്ധനവിനുവേണ്ടി ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളപ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. അതുപ്രകാരം പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് നെല്ലിനെ ആസ്പദമാക്കിയിട്ടുള്ള അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) കരിങ്ങാലിൽച്ചാൽ പുഞ്ച പാടശേഖരത്തിൽ നിലവിൽ തരിശായിക്കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കുന്നതിനായി ബഹു. മാവേലിക്കര, അടൂർ എം.എൽ.എ.-മാർ മറ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവരുടെ യോഗം 18-5-2017-ന് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. കരിങ്ങാലിൽച്ചാൽ പുഞ്ചയിൽ ഘട്ടം ഘട്ടമായി പൂർണ്ണമായി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ കരിങ്ങാലിൽച്ചാൽ പുഞ്ചയിലെ അടിസ്ഥാന സൗകര്യവികസനത്തിന് പി.എം.കെ.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പാലമേൽ പഞ്ചായത്തിൽ നിന്നും 2.5 കോടിയുടെയും നൂറനാട് പഞ്ചായത്തിൽ നിന്നും 4.05 കോടി രൂപയുടെയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പഞ്ചായത്തിലെ നൂറുകോടി പാടശേഖരത്തിന്റെ ബണ്ട് ബലപ്പെടുത്തുന്നതിനുള്ള പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. നൂറനാട് പഞ്ചായത്തിലെ പള്ളിമുക്കം പാടശേഖരത്തിലെ കരത്തോട് നിർമ്മാണം എം.എൻ.ആർ.ജി.എസ്.ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലമേൽ പഞ്ചായത്തിലെ 2017-18-ലെ ജനകീയാസൂത്രണ പദ്ധതിയിൽ കരിങ്ങാലിൽച്ചാൽ പുഞ്ചയിൽ 3 ഷട്ടറുകൾ പണിയുന്നതിന് 7.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## അഗ്രോ സർവീസ് സെന്ററുകൾ

51 (5239) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എവിടെയൊക്കെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ജില്ലയിൽ പുതുതായി അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ ചെറുവണ്ണൂർ തിക്കൊടി, കാവിലുമ്പാറ, തിരുവമ്പാടി, അരിക്കുളം, ചേളന്നൂർ, തിരുവള്ളൂർ, ഏറാമല എന്നീ പഞ്ചായത്തുകളിൽ അഗ്രോ സർവീസ് സെന്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം 20 അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിന് 640 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽനിന്നും നിലവിൽ അഗ്രോ സർവീസ് സെന്ററുകളില്ലാത്ത ബ്ലോക്കുകളിൽ മുൻഗണനാ ക്രമത്തിൽ പുതുതായി അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

## റബ്ബറിന്റെ താങ്ങുവില

52 (5240) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്ബർ കർഷകർക്ക് ആദ്യ വർഷങ്ങളിലുണ്ടാകുന്ന വരുമാനനഷ്ടം ഒരളവുവരെ പരിഹരിക്കുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി/ ആവർത്തന കൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുസംബന്ധിച്ച് 12-1-2017-ൽ കോട്ടയത്തെ ഭാരതീയ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ വച്ച് കൃഷി ഉദ്യോഗസ്ഥരെയും റബ്ബർ ബോർഡ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശിൽപ്പശാല നടത്തുകയും സർക്കാർ തലത്തിൽ മൂന്ന് ചർച്ചകൾ നടത്തുകയുമുണ്ടായി.

(ബി) റബ്ബറിന്റെ വില സ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബറിന് കിലോക്ക് 150 രൂപ താങ്ങുവില നിശ്ചയിക്കുകയും താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അഗ്രോ പാർക്ക്**

53 (5241) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിത്ത് മുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വരെ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ അഗ്രോപാർക്ക് കാസർഗോഡ് ജില്ലയിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്കുവേണ്ടി ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതു പ്രകാരം അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ജില്ലകളിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇക്കാര്യംകൂടി സർക്കാർ പരിഗണനയിലാണ്.

## ആയഞ്ചേരി-വേളം കോൾനില വികസന പദ്ധതി

54 (5242) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി-വേളം കോൾനില വികസന പദ്ധതിക്ക് തറക്കല്ലിട്ടകാര്യം ശ്രദ്ധയിലുണ്ടോ;

(ബി) ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി ഇപ്പോൾ നിലച്ചിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതോടെ നേരത്തെ കൃഷി ചെയ്തിരുന്ന ഹെക്ടർ കണക്കിന് നെൽപാടങ്ങൾ കൃഷിയോഗ്യമല്ലാതായി മാറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ;

(ഇ) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ എത്ര ഹെക്ടർ സ്ഥലം കൃഷി യോഗ്യമായിത്തീരും എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി-വേളം കോൾനില വികസന പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്നില്ല. പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ വകുപ്പാണ്.

(ഇ) ഈ പ്രവൃത്തി പൂർണ്ണതോതിൽ പ്രായോഗികമായാൽ 1080 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിക്കും. പദ്ധതി തയ്യാറാക്കിയാൽ കൃഷി വകുപ്പ് ആവശ്യമായ സഹായങ്ങൾ നൽകി പദ്ധതി നടപ്പിലാക്കും.

**അന്താരാഷ്ട്ര കരാറുകൾ**

55 (5243) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കരാറുകൾ നടപ്പാക്കുന്നതിന് ഡോ.എം.എസ്.സ്വാമിനാഥന്റെ നിർദ്ദേശത്തിൽ രൂപീകരിക്കപ്പെട്ട ഡബ്ല്യൂ.ടി.ഓ സെല്ലിലെ അംഗങ്ങളുടെ പേര്,നിർവ്വഹിക്കുന്ന ചുമതലകൾ എന്നിവ വ്യക്തമാക്കാമോ; ഡബ്ല്യൂ.ടി.ഓ സെല്ലിൽ എന്തെങ്കിലും പുനസംഘടന നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു രീതിയിലാണ്;ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളുടെ കോപ്പി നല്കാമോ;

(ബി) പ്രസ്തുത സെൽ 2016-2017 വർഷം എന്തെല്ലാം പഠനങ്ങൾ നടത്തി എന്നും എന്തെല്ലാം റിപ്പോർട്ടുകൾ ഗവൺമെന്റിനു സമർപ്പിച്ചു എന്നും വ്യക്തമാക്കാമോ;

(സി) 9-5-2017-ലെ ചോദ്യം 281-ലെ ഉത്തരത്തിൽ സൂചിപ്പിച്ച യൂണിവേഴ്സിറ്റി വിദഗ്ധരും ഡബ്ല്യൂ.ടി.ഓ.സെല്ലും ചേർന്ന് ആർ.സി.ഇ.പി.കരാർ സംബന്ധിച്ച് നടത്തിയ പഠനത്തിന്റെയും ഇത് ബോധ്യപ്പെടുത്തുന്നതിനായി കേന്ദ്രത്തിലേക്ക് സമർപ്പിച്ച ശാസ്ത്രീയ തെളിവുകളുടെയും കോപ്പി ലഭ്യമാക്കാമോ;

(ഡി) 2017 ജൂലൈ മാസത്തിൽ നടത്തുന്ന ആർ.സി.ഇ.പി. മീറ്റിംഗിൽ അവതരിപ്പിക്കാനായി കേരളത്തിന്റെ ആശങ്കകൾ വ്യക്തമാക്കികൊണ്ട് കൃഷി വകുപ്പ് മന്ത്രി കേന്ദ്രത്തിന് നൽകിയ കത്തിന്റെ കോപ്പി, ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി, കൃഷിവകുപ്പ് മന്ത്രി എന്നിവർ മുൻപ് കേന്ദ്രത്തിന് നൽകിയിട്ടുള്ള കത്തുകളുടെ കോപ്പികൾ, ആർ.സി.ഇ.പി കരാർ പ്രകാരം വിളിച്ച് ചേർത്ത പ്രത്യേക മീറ്റിങ്ങിന്റെ മിനുട്സിന്റെ കോപ്പി എന്നിവ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഡോ. എം. എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 14-1-2004-ലെ സ.ഉ.(കൈ) നമ്പർ 3/2004/AD പ്രകാരം മുഖ്യമന്ത്രി ചെയർമാനായും കൃഷി വകുപ്പുമന്ത്രി കോ-ചെയർമാനായും ഒരു ഉന്നതതല സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. മേൽ ഉന്നതതല സ്റ്റാൻഡിംഗ് കമ്മിറ്റിയെ സഹായിക്കുന്നതിനുവേണ്ടി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വേൾഡ് ട്രേഡ് ഓർഗനൈസേഷൻ സെൽ രൂപീകരിക്കുവാനും മേൽ കമ്മീഷൻ റിപ്പോർട്ടിൽ

ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5-6-2004-ലെ സ.ഉ.(കൈ) നമ്പർ 123/2004/എ.ഡി. പ്രകാരം സ്പെഷ്യൽ ഓഫീസർ, അണ്ടർ സെക്രട്ടറി, അസിസ്റ്റന്റ്, സി.എ., പ്യൂൺ എന്നീ തസ്തികകൾ ഉൾപ്പെടുത്തി വേൾഡ് ട്രേഡ് ഓർഗനൈസേഷൻ സെൽ രൂപീകരിച്ച് ഉത്തരവായിരുന്നു. ശ്രീമതി എ. ശ്രീജ, IES, സീനിയർ റിസർച്ച് ഓഫീസർ, പ്ലാനിംഗ് ബോർഡ്, ഡോ. എസ്. റജീന, പ്രൊഫസർ, കാർഷിക സർവ്വകലാശാല ഡോ. പി. വി. ബാലചന്ദ്രൻ, കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ (അഡീഷണൽ ചാർജ്), ശ്രീ. പുഷ്പാംഗദൻ, അഡീഷണൽ ഡയറക്ടർ, ഡോ. രാജുനാരായണ സ്വാമി. ഐ.എ.എസ്. എന്നിവർ ഡബ്ല്യു.റ്റി.ഒ. സെല്ലിലെ സ്പെഷ്യൽ ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി ആർ. പത്മജ, സ്പെഷ്യൽ ഓഫീസർ, കൃഷി ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബി. ഹരികുമാർ, അദർ ഡ്യൂട്ടിയിൽ, ശ്രീ. ഷാജൻ, അണ്ടർ സെക്രട്ടറി, ശ്രീമതി ചിത്രാ നായർ. എ .കെ., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ശ്രീമതി ജി. ഉഷാകുമാരി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ശ്രീ. സതികുമാർ, ഓഫീസ് അറ്റൻഡന്റ് എന്നിവർ സേവനമനുഷ്ഠിച്ചു വരുന്നു. ഈ സെല്ലിന്റെ പൂർണ്ണ ചുമതല അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ നിർവ്വഹിക്കുന്നു.

(ബി-ഡി) 2016-17 കാലഘട്ടത്തിൽ കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് Trade and Intellectual property Rights എന്ന വിഷയം സംബന്ധിച്ച് സദാനന്ദപുരത്തെ ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ വച്ച് ഒരു പരിശീലന പരിപാടിയും Understanding the WTO Agreements and its implications on the Agricultural Sector എന്ന വിഷയം സംബന്ധിച്ച് സമിതിയിൽ വച്ച് മറ്റൊരു പരിശീലന പരിപാടിയും കർഷകർ, ഉദ്യോഗസ്ഥർ, സർവ്വകലാശാല അദ്ധ്യാപകർ എന്നിവർക്ക് വേണ്ടി നടത്തിയിട്ടുണ്ട്. പ്രസ്തുത പരിപാടികളിൽനിന്നും അഭിപ്രായം സ്വരൂപിച്ചും അവ വിശകലനം ചെയ്തുമാണ് അതാതു വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ തയ്യാറാക്കുന്നത്. റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, സെന്റർ ഫോർ ഡബ്ല്യു.റ്റി.ഒ സ്റ്റഡീസ്, സി.ഡി.എസ്, പി.പി.വി.എഫ്.ആർ.എ., ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ എന്നിവരുമായും ആശയവിനിമയം നടത്തിയിരുന്നു. ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവ്വമായ പരിഗണനയ്ക്കും നടപടികൾക്കുമായി 8-7-2016-ന് കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ജനിതകമാറ്റം വരുത്തിയ കടുകിന്റെ കൃഷി നിരോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൃഷി വകുപ്പുമന്ത്രി 26-9-2016-ൽ

കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ആർ.സി.ഇ.പി.-യുമായി ബന്ധപ്പെട്ട് കാർഷിക ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കൽ, താരിഫ് തിട്ടപ്പെടുത്തൽ തുടങ്ങിയവ ചർച്ച ചെയ്യുന്ന വേളകളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായംകൂടി കണക്കിലെടുക്കുവാൻ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 28-9-2016-ൽ കൃഷി വകുപ്പുമന്ത്രി കേന്ദ്ര കൃഷി സഹകരണ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ആർ.സി.ഇ.പി. ചർച്ചാ സംഘത്തിൽ സംസ്ഥാനത്തിന്റെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുവാൻ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി 13-10-2016-ൽ പ്രധാനമന്ത്രിക്ക് കത്ത് അയച്ചിരുന്നു. മേൽപ്പറഞ്ഞ കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

**കർഷകരുടെ പ്രതിശീർഷ വരുമാനം**

56 (5244) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ കർഷകരുടെ പ്രതിശീർഷ വരുമാനം, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മേശപ്പുറത്തുവക്കുമോ ?

<u>ഉത്തരം</u>

(എ) ഉയർന്ന ഉൽപ്പാദനം, കൃഷി ചെയ്യുവാൻ മെച്ചപ്പെട്ട സാഹചര്യങ്ങൾ, മെച്ചപ്പെട്ട വിപണന സാദ്ധ്യതകൾ, ഉയർന്ന ഉൽപ്പന്ന വില, തദ്വാരാ കൃഷിയിൽ നിന്നും മികച്ച വരുമാനം എന്നിവ വിഭാവനം ചെയ്ത് കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെ പ്രധാന വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ നിർണ്ണയിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഇത്തരം 6 പ്രധാന വിളകൾക്ക് പ്രത്യേക കാർഷിക മേഖല (Special Agriculture Zones) നിർണ്ണയിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | വിള | തെരഞ്ഞെടുത്ത പ്രദേശങ്ങൾ |
|---|---|---|
| 1 | നെല്ല് | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്. |
| 2 | പച്ചക്കറി | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട് |
| 3 | വാഴ | തൃശ്ശൂർ |
| 4 | പുഷ്പകൃഷി | വയനാട് |
| 5 | തെങ്ങ് കൃഷി | കോഴിക്കോട് |
| 6 | ആദിവാസി കൃഷി | അട്ടപ്പാടി-പാലക്കാട് |

വിത്ത് മുതൽ വിളവെട്ടപ്പും സംസ്കരണവും വിപണനവും വരെ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും പ്രത്യേക കാർഷിക മേഖലകളിൽ സജ്ജമാക്കാനും ശാസ്ത്രീയവും സുരക്ഷിതവുമായ കാർഷിക പ്രവർത്തനങ്ങളിലൂടെ പരമാവധി ഉൽപ്പാദനം കൈവരിക്കുവാനും അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്ത് കർഷകന് പരമാവധി വരുമാനം നേടിക്കൊടുക്കുവാനും കൃഷി ആദായകരമായ ഒരു വൃത്തിയാക്കി രൂപാന്തരപ്പെടുത്തുവാനും ലക്ഷ്യമിടുന്നു.

(ബി) സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 2013-14 വർഷത്തെ കൃഷിയിൽ നിന്നുള്ള അറ്റ സംസ്ഥാന വരുമാനം (ഇന്നത്തെ വിലയിൽ) 18,29,736 ലക്ഷം രൂപയാണ്. 2013-ലെ കൃഷിക്കാരുടെ എണ്ണം (പ്രൊജക്ട് ചെയ്തത്) 6,60,369 ആണ്. ആയതിനാൽ ലഭ്യമായ സ്ഥിതിവിവര കണക്കനുസരിച്ച് കർഷകരുടെ പ്രതിശീർഷ വരുമാനം 2.77 ലക്ഷം രൂപയായി കണക്കാക്കാം. കർഷകരുടെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല.

## കൃഷി - നാശനഷ്ടങ്ങൾ

57 (5245) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരൾച്ചയെ തുടർന്ന് കൊയിലാണ്ടി മണ്ഡലത്തിലെ കർഷകർക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എന്തെല്ലാം എന്ന് കൃഷി ഭവനുകൾ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

1-1-2016 മുതൽ 12-05-2017 വരെ കൊയിലാണ്ടി മണ്ഡലത്തിലുണ്ടായ കൃഷിനാശത്തിന്റെ കൃഷിഭവൻ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| | | കൃഷിഭവന്റെ പേര് | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വിളകൾ | ചെങ്കോട്ടുകാവ് | ചേമഞ്ചേരി | കൊയിലാണ്ടി | മൂടാടി | തിക്കോടി | പയ്യോളി | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | തെങ്ങ് കായ്ഫലമുള്ളത് | 122 | 38 | 20 | 50 | 1437 | 2969 | 4636 |
| 2 | തെങ്ങ് കായ്ഫലമില്ലാത്തത് | 2 | 2 | ... | ... | 20 | ... | 24 |
| 3 | വാഴ കുലച്ചത് | 242 | 100 | 50 | ... | 1003 | 387 | 1782 |
| 4 | വാഴ കുലയ്ക്കാത്തത് | 17 | 25 | ... | ... | 173 | 1091 | 1306 |
| 5 | കമുക് കായ്ഫലമുള്ളത് | 123 | 15 | 23 | 25 | 331 | 365 | 882 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
|---|---|---|---|---|---|---|---|---|
| 6 | കമുക് കായ്ഫലമില്ലാത്തത് | | 5 | ... | ... | 6 | ... | 11 |
| 7 | വെറ്റില (സെന്റ്) | ... | ... | ... | ... | 4.6 | 14 | 18.6 |
| 8 | ജാതി | 3 | ... | ... | ... | 2 | 5 | 10 |
| 9 | കശുമാവ് കായ്ഫലമുള്ളത് | ... | ... | ... | ... | | 1 | 1 |
| 10 | കുരുമുളക് കായ്ഫലമുള്ളത് | 40 | 110 | 34 | 25 | 46 | 207 | 462 |
| 11 | നെല്ല് (പ്രധാന വിള) (ഹെക്ടർ) | 0.52 | | 0.8 | | 6.56 | | 7.88 |

**ജൈവവളങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും**

58 (5246) ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവൻ മുഖേന നൽകുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവവളത്തിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ജൈവവളങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഗുണനിലവാരമുള്ള ജൈവവളങ്ങൾക്കുമാത്രമാണ് കൃഷി വകുപ്പ് വിൽപ്പനാനുമതിപ്പത്രം നൽകുന്നത്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജൈവവളങ്ങളുടെ സാമ്പിളുകൾ ഫെർട്ടിലൈസർ ഇൻസ്പെക്ടർകൂടിയായ കൃഷി ഓഫീസർമാർ അംഗീകൃത ഡിപ്പോകളിൽനിന്ന് ശേഖരിച്ച് അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) 2016-17 ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ആവിഷ്കൃതമായി കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും എന്ന നിരക്കിൽ 182.50 ലക്ഷം രൂപ ധനസഹായം നൽകി. ഈ സാമ്പത്തിക വർഷത്തിൽ ജൈവവളവും ജൈവ കീടനാശിനികളും കൃഷിയിടത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും 5 യൂണിറ്റുകൾവീതം 146 ബ്ലോക്കുകളിലായി 730 ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി യൂണിറ്റൊന്നിന് 5,000 രൂപ നിരക്കിൽ 36.50 ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ജൈവപച്ചക്കറി കൃഷി**

59 (5247) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി സുജലം സുഫലം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവപച്ചക്കറി കൃഷിയിൽ എല്ലാ കുടുംബങ്ങളെയും പങ്കാളികളാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിവിധ ഏജൻസികളുടെ സ്കീമുകൾ സംയോജിപ്പിച്ച് ഒരു പ്രാദേശിക പച്ചക്കറി സമഗ്ര പദ്ധതിയ്ക്ക് കൃഷിഭവനുകൾ മുഖേന രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായ കൃഷി വികസന പദ്ധതികൾ 'സുജലം സുഫലം' എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജൈവകൃഷി വ്യാപനം, പച്ചക്കറിയിൽ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയാണ് 'സുജലം സുഫലം' പദ്ധതിയുടെ ലക്ഷ്യങ്ങൾ. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടന്ന സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി ഇതര കൃഷികൾ നടപ്പിലാക്കുകയും വഴി പരമാവധി ഉൽപ്പാദനവും ഒപ്പം പരിസര ശുചിത്വവും കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. ഗാർഹിക സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങളെ വളം (കമ്പോസ്റ്റ്) ആക്കി മാറ്റി അവ ഉപയോഗിച്ചും രാസവളം രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ചും പരിസ്ഥിതിക്കിണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിക്കുകയും അതോടൊപ്പം ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യ വസ്തുക്കൾ (സേഫ്-റ്റു-ഈറ്റ്), ഉൽപ്പാദന വർദ്ധനവ് എന്നിവ സാദ്ധ്യമാക്കുക എന്നതും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(ബി) ജൈവ പച്ചക്കറി കൃഷിയിൽ എല്ലാ കുടുംബങ്ങളെയും പങ്കാളികളാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള എല്ലാ വീട്ടുവളപ്പുകളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽത്തന്നെ കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റി അവ ഉപയോഗിച്ച് വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ സുരക്ഷിത മാർഗ്ഗത്തിലൂടെ ഉൽപ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതുവഴി പൊതുജനങ്ങളിൽ കൃഷിയോടുള്ള താൽപ്പര്യം നിലനിർത്തുന്നതിനും പരിസര ശുചിത്വം കൈവരിക്കുവാനും ലക്ഷ്യമിടുന്നു.

(സി) ഉണ്ട്. ഹരിത കേരളം മിഷൻ ആദ്യഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയതിൻപ്രകാരം ഒരു വർഷം മുഴുവനും (52 ആഴ്ച) കേരളത്തിനാവശ്യമായ അത്യാവശ്യ പച്ചക്കറി ഇനങ്ങളുടെ ഉൽപ്പാദനം ഉറപ്പുവരുത്തുന്ന രീതിയിൽ ഒരു പച്ചക്കറി ഉൽപ്പാദന കലണ്ടർ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ കൃഷി ഭവനുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടതാണ്. ഓരോ പ്രദേശത്തെയും താൽപ്പര്യമുള്ള കർഷകർ, സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവരെ സജ്ജരാക്കുന്നതോടൊപ്പം ആവശ്യമായ ഭൂമിയുടെ ലഭ്യത, പച്ചക്കറി വിത്ത്, സാങ്കേതിക പിന്തുണ എന്നിവയ്ക്ക് വിവിധ സ്ഥാപനങ്ങൾ/ഏജൻസികളുടെ പിന്തുണയും ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ സാമ്പത്തിക വിഹിതത്തിനു പുറമെ വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും എം.എൽ.എ./

എം.പി. ഫണ്ടുപോലുള്ള മറ്റ് സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളും ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ആവശ്യകതയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തുതലത്തിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി വിവിധ സ്ഥാപനങ്ങളുടെ/ ഏജൻസികളുടെ/ പൊതുജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**മോര്യാകാപ്പ് പാടശേഖരം**

60 (5248) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ, തിരൂരങ്ങാടി നിയോജക മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 1300 ഏക്കറിലധികം വരുന്ന "മോര്യാകാപ്പ്" പാടശേഖരം കാർഷികയോഗ്യമല്ലാതായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി കാർഷികയോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ആയിരക്കണക്കിന് കർഷകർക്ക് പ്രയോജനം ചെയ്യുന്ന മേൽസൂചിപ്പിച്ച കൃഷിഭൂമി കാർഷിക യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൃഷി വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2017-18-ൽ നെൽ കൃഷിക്കായി അനുവദിച്ച പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി ഭൂമി കാർഷികയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കൃഷിഭൂമികൾ മണ്ണിട്ടു നികത്തുന്നത് തടയൽ**

61 (T*5249) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിമേഖലയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) അനധികൃതമായി കൃഷിഭൂമികൾ മണ്ണിട്ടു നികത്തുന്നത് തടയുന്നതിനുള്ള നടപടികൾ കുറ്റമറ്റതാക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് നടപ്പിലാക്കിയെന്ന് വിശദീകരിക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ മുതലായവയുടെ കൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയിലൂടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് സംയോജിത രോഗ-കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുകയും പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയിലൂടെ ഇക്കോളജിക്കൽ എൻജിനീയറിംഗ് മുതലായ കൃഷി രീതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. കേരളത്തിലെ തനത് നെല്ലിനങ്ങളായ ഞവര, പൊക്കാളി, ജീരകശാല, ഗന്ധകശാല, രക്തശാലി തുടങ്ങിയവയുടെ കൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും 1200 ഹെക്ടറിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനും സസ്യങ്ങൾക്കാവശ്യമായ മൂലകങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി കുമ്മായ വസ്തുക്കളുടെ വിതരണം സബ്സിഡി നിരക്കിൽ തെരഞ്ഞെടുത്ത ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ട്. ജൈവ വളങ്ങളുടെ ഉൽപ്പാദനത്തിനും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരഗ്രാമം, ജൈവകൃഷി പദ്ധതി, പരമ്പരാഗത കൃഷി വികാസ് യോജന മുതലായ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നു. ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസസ് (GAP) കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കാനും ജൈവ കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സേഫ്-റ്റു-ഈറ്റ് പദ്ധതിയിലൂടെ വിഷരഹിത കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തിവരുന്നു. നല്ല കൃഷിമുറകളും ജൈവകൃഷി രീതികളും അവലംബിക്കുന്നതിലൂടെ പ്രകൃതി വിഭവങ്ങളും ജല സ്രോതസ്സുകളും കൃഷിയിലൂടെ മലിനീകരിക്കപ്പെടുന്നത് ലഘൂകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ജലത്തിന്റെയും മറ്റു പ്രകൃതി വിഭവങ്ങളുടേയും സൂക്ഷ്മമായ ഉപഭോഗത്തിന് മുൻഗണന നൽകുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) ഇത്തരത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ്. കൂടാതെ പാരിസ്ഥിതിക പ്രാധാന്യം ഏറെയുള്ള നെൽ വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രായോഗികതലത്തിൽ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കിവരുന്നു.

(ബി) നെൽവയലുകൾ തരം മാറ്റി മണ്ണിട്ട് നികത്തുന്നതു തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. നെൽവയലുകളുടെ അനധികൃത പരിവർത്തനം തടയുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുവരുന്നു. നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതിയുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കി പ്രസിദ്ധീകരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കൃഷി ഭൂമി തരിശിടുന്നതും മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് തടയുന്നതിനുമായി തരിശു നിലങ്ങളിലെ നെല്ല്, പച്ചക്കറി കൃഷി പ്രോൽസാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഒരുപ്പൂ കൃഷി പ്രദേശങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു.

**ജൈവ വൈപ്പിൻ പദ്ധതി**

62 (5250) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് തടസ്സപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത ഉത്തരവ് ജൈവ വൈപ്പിൻ പദ്ധതിക്ക് ആകമാനം ബാധകമായതാണോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക പ്രവൃത്തിക്ക് മാത്രം ബാധകമായതാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിലെ പുത്തൻപാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 2 | എറണാകുളം ജില്ലയിലെ എടവനക്കാട് പഞ്ചായത്തിലെ വടക്കുംഭാഗം പാടശേഖരം, കൊച്ചടപ്പ് പാടശേഖരം-അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 3 | എറണാകുളം ജില്ലയിലെ വലിയകടമക്കുടി, കടമക്കുടി ബണ്ട്, കോലടി എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 4 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 5 | കടമക്കുടി പഞ്ചായത്തിലെ ചെറിയ കടമക്കുടി, പുളിക്കേപ്പുറം, മുറിക്കേക്കര പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 6 | നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെട്ടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 7 | നായരമ്പലം പഞ്ചായത്തിലെ സെൻട്രൽ നെട്ടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 8 | നായരമ്പലം പഞ്ചായത്തിലെ ഈസ്റ്റ് നെട്ടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 9 | നായരമ്പലം പഞ്ചായത്തിലെ ചക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 10 | ജൈവ വൈപ്പിൻ മേഖലയിലെ കനാലുകളുടെ പുനരുദ്ധാരണം |

(ബി) നിലവിൽ പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവൃത്തികളിൽ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഒഴികെ ശേഷിച്ച എല്ലാ പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്.

(സി) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളിൽ വീരംപുഴയിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികളും വലിയ കടമക്കുടി പാടശേഖരങ്ങളുടെ വീരംപുഴയോട് ചേർന്നുള്ള ഭാഗങ്ങൾ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികളും തടസ്സപ്പെട്ടിട്ടുണ്ട്.

(ഡി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ട്.

(ഇ) എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട കൊണ്ടുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ട്.

(എഫ്) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളിൽ വീരംപുഴയിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികളാണ് സ്റ്റേ ചെയ്തിരിക്കുന്നത്. വലിയ കടമക്കുടി പാടശേഖരങ്ങളുടെ വീരംപുഴയോട് ചേർന്നുള്ള ചില ഭാഗങ്ങൾ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികളും തടസ്സപ്പെട്ടിട്ടുണ്ട്.

**അന്താരാഷ്ട്ര മാർക്കറ്റും കാർഷിക ഉൽപ്പന്നങ്ങളും**

63 (5251) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാർ ഇല്ലാതെ വിറ്റഴിക്കാൻ ഒരിടം എന്ന അന്താരാഷ്ട്ര മാർക്കറ്റും കർഷകന് ആശ്വാസമാകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ മാർക്കറ്റിൽ ലേലം ചെയ്യുന്ന മുഴുവൻ കാർഷിക ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പ് വിലയ്ക്ക് എടുത്തിരുന്നെങ്കിലും ഇപ്പോൾ അവർക്ക് ആവശ്യമുള്ളവ മാത്രമേ എടുക്കുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകരെ സഹായിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൂർണ്ണമായും ശരിയല്ല. കൃഷി വകുപ്പിന് കീഴിലുള്ള ആറ് മൊത്ത വ്യാപാര മാർക്കറ്റുകളിലും നിശ്ചിത ദിവസങ്ങളിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുവാൻ അവസരം ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത മാർക്കറ്റുകളിൽ കർഷകർ കൊണ്ടുവരുന്ന മുഴവൻ ഉൽപ്പന്നങ്ങളും ഹോർട്ടികോർപ് വാങ്ങുന്നുണ്ട്. കർഷകർ ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നുണ്ട്.

**നാണ്യവിളകളുടെ ഉൽപ്പാദന വർദ്ധനവ്**

64 (5252) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാണ്യവിളകളുടെ കൃഷി വിസ്തൃതി ആകെ കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് നാണ്യവിള കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നാണ്യവിളകളുടെ ഉല്പാദന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുതകുന്ന വിധത്തിൽ കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് പുതുതായി നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം 2015-16 കാർഷിക വർഷത്തിൽ നാണ്യവിളകളുടെ കൃഷി വിസ്തൃതി ആകെ കൃഷി വിസ്തൃതിയുടെ 86.22 ശതമാനമാണ്.

(ബി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം നാണ്യവിളകളുടെ കൃഷി വിസ്തൃതിയിൽ 2014-15 കാർഷിക വർഷത്തെ അപേക്ഷിച്ച് 2015-16 കാർഷിക വർഷത്തിൽ 244.59 ഹെക്ടർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>നാണ്യവിളകളുടെ ഉൽപ്പാദനം</u>

(വിസ്തൃതി ഹെക്ടറിൽ)

| ക്രമ നമ്പർ | നാണ്യവിളകൾ | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| 1 | ആകെ ഷുഗർ ക്രോപ്സ് | 4844 | 4014.06 | 3871.59 |
| 2 | ആകെ സുഗന്ധ വ്യഞ്ജനങ്ങൾ | 266026 | 265307 | 268222 |
| 3 | ആകെ ഓയിൽ സീഡുകൾ | 810497 | 795369 | 791640 |
| 4 | ആകെ ഫൈബർ ഡ്രഗ്സ്, നർക്കോട്ടിക്സ് | 715 | 633 | 580 |
| 5 | ആകെ പ്ലാന്റേഷൻ വിളകൾ | 677046 | 678702 | 679956 |
| | ആകെ നാണ്യവിളകൾ | 1759128 | 1744025.06 | 1744269.59 |

(സി) സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന പ്രധാന നാണ്യവിളകൾ കുരുമുളക്, കശുമാവ്, കവുങ്ങ്, തെങ്ങ്, റബ്ബർ, തേയില, കാപ്പി, ജാതി, ഏലം, കൊക്കോ, ഗ്രാമ്പു, കറുവപ്പട്ട, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്. ഇവയിൽ കുരുമുളക്, തെങ്ങ്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വികസനത്തിനാണ് 2017-18 സാമ്പത്തിക വർഷത്തിൽ കൃഷിക്കാർക്ക് സഹായങ്ങൾ നൽകുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. നാളികേര വികസന പദ്ധതി.
2. സുഗന്ധവ്യഞ്ജന വിളകളുടെ വികസനം.
3. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.

## മിതമായ നിരക്കിൽ കാർഷിക വായ്പ

65 (5253) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ;

(സി) കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് കാൾസെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഫലപ്രദമാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുതിയ കൃഷിരീതികൾ മനസ്സിലാക്കുന്നതിനായി തല്പരരായവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യുവജനങ്ങൾ, വനിതകൾ തുടങ്ങിയ സംരംഭകർക്ക് പ്രത്യേക ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങളും കാർഷിക കടങ്ങൾക്ക് പ്രത്യേക പലിശ നിരക്കും കൃത്യമായ തിരിച്ചടവിന് 3% അധിക പലിശയിളവും നൽകുന്നുണ്ട്. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണത്തിന് ഊന്നൽ നൽകി കാർഷികോപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ ധനസഹായ തുക വിവിധ പദ്ധതികൾ മുഖാന്തരം നൽകിവരുന്നു. അഗ്രോ സർവീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവ മുഖേന നൈപുണ്യ പരിശീലനം നേടിയ തൊഴിലാളികളുടെ സേവനം മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നു. ഹൈടെക് അഗ്രികൾച്ചർ തുടങ്ങിയ പദ്ധതികളിലൂടെ യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന പദ്ധതിയായ പ്രത്യേക കാർഷിക മേഖല നടപ്പാക്കുന്നതോടുകൂടിയും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ വിഭാവനം ചെയ്യുന്നു.

(ബി) ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്നതിനും ദീർഘകാല വിളകളുടെ വാർഷിക പരിചരണച്ചെലവിനും കൃഷി അനുബന്ധവൃത്തികളായ കാലിവളർത്തൽ തുടങ്ങിയവയുടെ വാർഷിക ആവർത്തനച്ചെലവിനും വ്യക്തിഗത കൃഷിക്കാർക്കും കർഷക കൂട്ടായ്മയായ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും സ്വന്തം കൃഷിയും പാട്ടകൃഷിയും ചെയ്യുവാനും ഹ്രസ്വകാല വായ്പകൾ ലഭ്യമാണ്. വിവിധ ദീർഘകാല വിളകൾ നടുന്നതിനും ഭൂമി പരിചരണത്തിനും കൃഷി അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനും കാർഷിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ദീർഘകാല വായ്പകൾ ലഭ്യമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 7% പലിശയും കൃത്യമായ തിരിച്ചടവിന് 3% പലിശയിളവും നൽകിവരുന്നു.

(സി) ഉണ്ട്. 'കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന പേരിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ ആനയറ കേന്ദ്രമാക്കി കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ 9447051661 എന്ന വാട്ട്സ് ആപ് നമ്പറിലോ കർഷകർക്ക് കോൾ സെന്ററുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിയുവാൻ സാധിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിനായുള്ള കോൾ സെന്റർ 1800-180-1551 എന്ന ടോൾ ഫ്രീ നമ്പറിൽ ബാംഗ്ലൂരു ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. കേരളത്തിന്റെ 'കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന കോൾ സെന്ററിൽ 6 കോൾ സെന്റർ എക്സിക്യൂട്ടീവുമാരെ നിയമിച്ച് കൂടുതൽ കർഷകർക്ക് പ്രയോജനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുതിയ കൃഷി രീതിയിൽ തൽപ്പരരായ കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള 5 പ്രാദേശിക കാർഷിക സാങ്കേതിക വിദ്യാ പരിശീലന കേന്ദ്രങ്ങൾ, രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ, ഓരോ റീജിയണൽ ബയോഗ്യാസ് ഡെമോൺസ്ട്രേഷൻ & ട്രെയിനിംഗ് സെന്റർ, റീജിയണൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ എന്നിവ മുഖേന വിവിധ കാർഷിക വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ കൃഷിഭവനുകൾ മുഖേനയും വിവിധ പദ്ധതികളുടെ ഭാഗമായി ആധുനിക കൃഷി രീതികളെക്കുറിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു.

**നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില**

66 (5254) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇവയുടെ സംഭരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 10-11-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 19/2016 പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില കിലോക്ക് 21.50 രൂപ എന്നത് 22.50 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ബി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യപൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (നിലവിൽ കിലോയ്ക്ക് 14.70 രൂപ) കേരളത്തിലെ ഉൽപ്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്കാണ് (നിലവിൽ കിലോയ്ക്ക് 22.50 രൂപ) നെല്ല് സംഭരിക്കുന്നത്. പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന നെല്ലിന് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതിയിൽ പങ്കെടുക്കുന്നതിന് കർഷകർ വിതച്ചുകഴിഞ്ഞ് രണ്ട് മാസത്തിനുള്ളിൽ ഓൺലൈൻ സംവിധാനത്തിലൂടെ സപ്ലൈകോയിൽ അപേക്ഷ നൽകണം. സപ്ലൈകോയിൽ ഉടമ്പടി വച്ചിട്ടുള്ള മില്ലുകാർ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന നെല്ല് സംഭരിക്കുകയും കർഷകർക്ക് നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും വിതരണം ചെയ്യുകയും ചെയ്യുന്നു. നാളികേരത്തിന് താങ്ങുവില നൽകി കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്ന പദ്ധതി കേരഫെഡ് പുനരാരംഭിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കൃഷിഭവനുകളും സന്നദ്ധരായ കേരഫെഡ് അംഗ സംഘങ്ങൾ വഴിയും നാളികേര ഉൽപ്പാദക കമ്പനികളുംവഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## നെൽകൃഷി

67 (5255) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമക്കുടിയിലും, മെത്രാൻ കായലിലും, ആറൻമുളയിലും ഈ സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നെൽകൃഷിയിൽ എത്ര ക്വിന്റൽ നെല്ല് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു;

(ബി) പ്രസ്തുത സ്ഥലങ്ങളിലെ കൃഷിക്കായി എന്ത് തുക ചെലവായി;

(സി) വരും വർഷങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷി തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടമക്കുടി പഞ്ചായത്തിലെ തരിശുസ്ഥലമായ ചേരിതുരുത്ത് എന്ന സ്ഥലത്ത് 125 ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചിട്ടില്ല. മെത്രാൻ കായൽ പാടശേഖരത്തിൽ 2016-17 പുഞ്ച സീസണിൽ 300 ഏക്കറിൽ നടത്തിയ നെൽകൃഷിയിൽ നിന്ന് 6000 ക്വിന്റൽ നെല്ല് കർഷകർക്ക് ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു. ആറന്മുള പ്രദേശത്ത് 101.02 ഹെക്ടറിൽ പുനരാരംഭിച്ച നെൽകൃഷിയിൽ നിന്നും 5050 ക്വിന്റൽ നെല്ല് കർഷകർ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ നെൽ കൃഷിക്കായി ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കടമക്കുടി :

   തുകയൊന്നും ചെലവാക്കിയിട്ടില്ല.

2. മെത്രാൻ കായൽ :

   പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം (ആർ.കെ.വി.വൈ): 60 ലക്ഷം രൂപ.

   തരിശുനില കൃഷിസഹായം:

   (ആത്മ ജില്ലാ പദ്ധതി): 2,88,000 രൂപ.

   സൗജന്യ വിത്തുവിതരണം (1500 കിലോഗ്രാം) : 60,000 രൂപ

3. ആറന്മുള :

   പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, നിലമൊരുക്കൽ എന്നിവയ്ക്ക് 87.22851 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) വരുംവർഷങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷി തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല കൃഷി ചെയ്യാതെ കിടക്കുന്ന ഇവിടുത്തെ മുഴുവൻ നിലങ്ങളിലും കൃഷി വ്യാപിപ്പിക്കുവാനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി കർഷകരുടെയും ബന്ധപ്പെട്ടവരുടെയും യോഗം ചേരുന്നതിന് കൃഷിഭവനുകൾ നടപടി സ്വീകരിച്ചുവരുന്നു.

## പച്ചക്കറികളുടെ സംഭരണവും വിപണനവും

68 (5256) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷിവകുപ്പ് മുഖേന പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനുമായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം (ആനയറ), നെടുമങ്ങാട്, കൊച്ചി (മരട്), മൂവാറ്റുപുഴ, കോഴിക്കോട് (വേങ്ങേരി), സുൽത്താൻബത്തേരി എന്നീ 6 മൊത്തവ്യാപാര വിപണികളെ കൂടാതെ കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സംഭരണ വിതരണ കേന്ദ്രങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ടി വിപണികളിൽ എത്തിച്ച് നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. ലേലത്തിന് മുന്നോടിയായി ഉൽപ്പന്നങ്ങൾ തരംതിരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നതു മുഖേന ന്യായവില ഉറപ്പാക്കുന്നു. സംസ്ഥാനത്തെ കർഷകരിൽനിന്നും കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവ മുഖേനയും കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിച്ച് പൊതുവിപണി വിലയെക്കാൾ കുറഞ്ഞത് 10 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഹോർട്ടികോർപ് വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഉത്സവ സീസണുകളിൽ സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പും, ഹോർട്ടികോർപും, വി.എഫ്.പി.സി.കെ.യും റീട്ടെയിൽ വിപണികൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കർഷകരിൽനിന്നും നേരിട്ട് പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ 1350 ഓണവിപണികൾ ആരംഭിക്കുകയും പൊതുവിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2017 ഏപ്രിൽ മാസം 12, 13 തീയതികളിലും കൃഷി വകുപ്പ്, ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 1082 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ചുകൊണ്ട് കർഷകരിൽനിന്നും ന്യായമായ വില നൽകി പച്ചക്കറികൾ സംഭരണം നടത്തി പൊതു വിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ നാടൻ ഉൽപ്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ GAP സർട്ടിഫൈഡ് ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. നാഫെഡും അന്യ സംസ്ഥാന മാർക്കറ്റിംഗ് ബോർഡുകളുമായി ബന്ധപ്പെട്ട് കേരളത്തിനു പുറത്തു നിന്നുള്ള ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. കൂടാതെ സംസ്ഥാനത്തെ പച്ചക്കറി വില നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ് മുഖേനയും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നാഫെഡും അന്യ സംസ്ഥാന മാർക്കറ്റിംഗ് ബോർഡുകളുമായി ബന്ധപ്പെട്ട് കേരളത്തിനു പുറത്തുനിന്നുള്ള ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## നാളികേര വികസന ബോർഡ്

69 (5257) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) നാളികേരത്തിനു ആദായകരമായ വില ലഭിക്കുന്നതിനുള്ള മാർഗ്ഗം നിലവിലുണ്ടോ;എങ്കിൽ പ്രസ്തുത മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) കർഷകരെ സഹായിക്കാനായി നാളികേര വികസന ബോർഡ് ഫലവത്തായ ഇടപെടലുകൾ നടത്തി വരുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ ഇതുമായി ബന്ധപ്പെട്ട്സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കു

വാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ വർഷം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷിച്ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. നാളികേരത്തിന് ആദായകരമായി വില ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽനിന്ന് നേരിട്ട് പച്ച നാളികേരം സംഭരണം നടത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള കൃഷി ഭവനുകളും താൽപ്പര്യമുള്ള കേരഫെഡ് അംഗസംഘങ്ങളും നാളികേര ഉൽപ്പാദന കമ്പനികളുംവഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കേരഫെഡ് സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കൃഷി വകുപ്പ് മുഖാന്തരം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം, ഭരണാനുമതി ലഭ്യമാക്കൽ തുടങ്ങിയ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ വിഹിതമായ 3.2 ലക്ഷം രൂപയോടൊപ്പം സംസ്ഥാന വിഹിതമായ 3.2 ലക്ഷം രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മുഖാന്തിരം കോക്കനട്ട് പാം ഇൻഷ്വറൻസ് പദ്ധതി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന കൃഷി ഭവൻ തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് തെങ്ങ് കയറ്റം പരിശീലിപ്പിക്കുന്ന കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" എന്ന പദ്ധതി പ്രകാരം 2012-13 വർഷം പരിശീലനം ലഭിച്ച 82 ട്രെയിനികൾക്ക് ഇരുചക്രവാഹനങ്ങൾ ലോൺ മുഖാന്തരം വാങ്ങുവാൻ 25% സബ്സിഡി (പരമാവധി 12,500) രൂപ നിരക്കിൽ 10.21377 ലക്ഷം രൂപ സംസ്ഥാന വിഹിതമായി 2016-17 വർഷം അനുവദിക്കുകയുണ്ടായി. നടപ്പു സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായി സമഗ്ര തെങ്ങ് പരിപാലന മുറകൾ അവലംബിച്ച് 1000 ഹെക്ടറിൽ പ്രദർശന തോട്ടങ്ങൾ സജ്ജമാക്കുന്ന പദ്ധതി (ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്ട്-LODP) നടപ്പിലാക്കുന്നതിന് 100% കേന്ദ്ര വിഹിതമായ 175 ലക്ഷം രൂപയുടെ പ്രവർത്തനാനുമതി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെൽകൃഷിക്കായുള്ള ധനസഹായം**

70 (5258) ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽപ്പാടങ്ങൾ മറ്റ് വിളകളുടെ കൃഷിക്കും കാർഷികേതര പ്രവർത്തനങ്ങൾക്കും കൂടുതലായി ഉപയോഗിക്കുന്നതുമൂലം നെൽകൃഷി വിസ്തൃതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും;

(ബി) തൊഴിലാളികളുടെ അപര്യാപ്തതയും വേതനത്തിലുള്ള വർദ്ധനവും നെൽകൃഷിക്കായുള്ള ചെലവ് വർദ്ധിക്കാൻ കാരണമാകുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നെൽകൃഷിക്കായുള്ള ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6957 ഹെക്ടർ സ്ഥലത്ത് പുതുതായി നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 വർഷം പ്രത്യേക കാർഷിക മേഖലാ പദ്ധതിയിലുൾപ്പെടുത്തി 7 പ്രത്യേക നെൽകൃഷി മേഖലകളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവ ഉൾപ്പെടെയുള്ള നെൽകൃഷി സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും കരനെൽകൃഷിക്കും ഊന്നൽ നൽകി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18-ൽ 7000 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നെൽവയലുകൾ സംരക്ഷിക്കുന്നതിനും അനധികൃത പരിവർത്തനപ്പെടുത്തലുകൾ തടയുന്നതിനുമായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നു. നെൽകൃഷിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയിൽ കരനെൽകൃഷി തരിശുഭൂമി കൃഷി, ഒരുപ്പൂ കൃഷി, ഇരിപ്പൂ കൃഷിയാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകി നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2016-17 വർഷം നെൽകൃഷിക്കായി 35 കോടി രൂപ വകയിരുത്തിയപ്പോൾ ഈ വർഷം 70 കോടി രൂപയാണ് സമഗ്ര നെൽകൃഷി വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതു കൂടാതെ ആർ.കെ.വി.വൈ., പ്രത്യേക അഗ്രിക്കൾച്ചറൽ സോൺ എന്നീ പദ്ധതികളിലും നെൽകർഷകർക്ക് ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കൽ**

71 (5259) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിന് കൃഷിച്ചെലവ്, പരിശീലനം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി 5,000 രൂപ ധനസഹായം നൽകി, കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളുടെ ക്ലബ് രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പദ്ധതി നിർവ്വഹണത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല വിദ്യാർത്ഥി, അദ്ധ്യാപകൻ/അദ്ധ്യാപിക വിദ്യാലയത്തിന്റെ തലവൻ, കോളേജ്/ വിദ്യാലയം എന്നീ വിഭാഗങ്ങളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്യാഷ് അവാർഡ് നൽകിവരുന്നു.

**ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപ്പനശാല**

72 (5260) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരക കീടനാശിനി പ്രയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകളിൽ വില്പന നടത്തുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതൊഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് കൃഷിവകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഹോർട്ടികോർപ് സംഭരിച്ച് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനകളിൽ മാരക കീടനാശിനികളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഹോർട്ടികോർപ് വിപണിക്ക് പച്ചക്കറി നൽകുന്ന കേരളത്തിലെയും കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും മൈസൂരിലെയും തെരഞ്ഞെടുത്ത പച്ചക്കറി കർഷകരുടെ കൃഷിയിടങ്ങളിൽനിന്ന് നേരിട്ട് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് "സേഫ് ടു ഈറ്റ്" എന്ന ശീർഷകത്തിൽപ്പെടുത്താൻ കഴിയുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം പൊതുവിപണിയിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറികളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പരിശോധനാ ഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

## മൂല്യവർദ്ധിത വസ്തുക്കൾ

73 (5261) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിതവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിതവസ്തുക്കൾ സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) താലൂക്കടിസ്ഥാനത്തിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിതവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള 7 കൃഷി ഫാമുകളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. വിവിധ ഇനം സ്ക്വാഷുകൾ, ജാമുകൾ, ജെല്ലി, മഞ്ഞൾപ്പൊടി, ഏത്തക്കപ്പൊടി, കുവപ്പൊടി, വിവിധയിനം അച്ചാറുകൾ, ചക്ക ചിപ്സ്, കരിക്ക് ഷെയ്ക്ക്, ശർക്കര തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ കാർഷികോൽപ്പ ന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു :

- എറണാകുളം ജില്ലയിൽ തിരുവാണിയൂർ സ്വാശ്രയ കർഷക സമിതിയുടെയും കാഞ്ഞൂർ സ്വാശ്രയ കർഷക സമിതിയുടെയും കീഴിൽ ചിപ്സ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഉൽപ്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് കായ, കപ്പ, ചക്ക എന്നിവയുടെ ചിപ്സ് ഉൽപ്പാദിപ്പിക്കുന്നു.
- കോട്ടയത്ത് കാഞ്ഞിരപ്പള്ളി സമിതിയുടെ കീഴിൽ CTCRI-യുടെ ടെക്നോളജി പ്രകാരം കപ്പയുടെ വിവിധ ഉൽപ്പന്നങ്ങളായ മിക്സ്ചർ, പക്കാവട എന്നിവ ഉൽപ്പാദിപ്പിച്ചുവരുന്നു.
- പത്തനംതിട്ട ജില്ലയിലെ ചിറ്റാർ പഞ്ചായത്തിൽ സ്ക്വാഷ്, ജാം, അച്ചാറുകൾ എന്നിവ സീസണലായി ഉൽപ്പാദിപ്പിച്ചു വരുന്നു.
- എറണാകുളം ജില്ലയിൽ കുവപ്പടി പഞ്ചായത്തിൽ കപ്പ, പപ്പടം യൂണിറ്റ് പ്രവർത്തിക്കുന്നു.
- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കട്ട് വെജിറ്റബിൾ പദ്ധതി നടപ്പിലാക്കുന്നുണ്ട്. (കർഷകരിൽ നിന്ന് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ പാചകത്തിന് എളുപ്പമാകുംവിധം കഴുകി വൃത്തിയാക്കി അരിഞ്ഞ് പായ്ക്കറ്റുകളിലാക്കി നൽകുന്ന പദ്ധതി.)
- ആലപ്പുഴയിൽ ചക്ക സംസ്കരണ യൂണിറ്റിന്റെയും പാലക്കാട് ചിപ്സ് യൂണിറ്റിന്റെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- കോട്ടയം ജില്ലയിൽ പാറത്തോട് ഡിഹൈഡ്രേറ്റഡ് റൈപ്പൻഡ് ബനാന യൂണിറ്റിന്റെ (Dehydrated Ripened Banana Unit) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ട്രയൽ റൺ നടത്തുകയും ചെയ്തു. ജൂൺ മാസത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതാണ്. (നേന്ത്രപ്പഴം നെടുകെ മുറിച്ച് belanching-നുശേഷം 65% പഞ്ചസാര ലായനിയിൽ ഇട്ട് 24 മണിക്കൂറിന് ശേഷം പുറത്തെടുത്ത് ഡ്രയറിൽ വെച്ച് ഉണക്കിയെടുക്കുന്ന ഉൽപ്പന്നം.)

കേരഫെഡിന് കീഴിൽ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ രണ്ടെണ്ണമുണ്ട്. കോഴിക്കോട് നടുവണ്ണൂരിൽ കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നു. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിൽ കേര ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരകിയത്), കേര കോക്കനട്ട് മിൽക്ക് പൗഡർ (തേങ്ങാപ്പാൽപ്പൊടി) എന്നിവ ഉൽപ്പാദിപ്പിക്കുന്നു. കേരഫെഡിന്റെ കീഴിൽ വിതരണ കേന്ദ്രങ്ങൾ നേരിട്ട് 11 എണ്ണമുണ്ട് (ഹെഡ് ഓഫീസ് 1, റീജിയണൽ ഓഫീസ് 3, പ്ലാന്റ് 2, സ്റ്റോക്ക് പോയിന്റ് 5) 120-ഓളം വിതരണക്കാർ മുഖേന കേരളത്തിലും പ്രധാന മെട്രോ സിറ്റികളിലും വിറ്റഴിക്കുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനു (കെയ്ക്കോ) കീഴിൽ കാർഷികോൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

1. പുനലൂരിലെ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ മാങ്ങ, ഓറഞ്ച്, പൈനാപ്പിൾ, മുന്തിരി എന്നീ ഫലങ്ങളിൽ നിന്നും ജ്യൂസ്, സിറപ്പ്, ജാം എന്നിവ നിർമ്മിക്കുന്നു. കൂടാതെ മാങ്ങ, നാരങ്ങ, വെളുത്തുള്ളി ഇവയിൽ നിന്നും അച്ചാറുകളും തേനിൽനിന്നും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നു.

2. അഗ്രോ ഫ്രൂട്ട് പാർക്ക് മാളയിലുള്ള ചക്ക സംസ്കരണ കേന്ദ്രത്തിൽനിന്നും ചക്കയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചു തുടങ്ങി.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം കോഴിക്കോട് തിരുവമ്പാടിയിലെ തേൻ സംസ്കരണ യൂണിറ്റ്, മലപ്പുറത്ത് ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റ്, കാസർഗോഡ് ഗ്രാമലക്ഷ്മി മാർക്കറ്റിംഗ് ഗ്രൂപ്പിന്റെ കുരുമുളക് സംസ്കരണ യൂണിറ്റ് എന്നിവ കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി മൂന്നാറിൽ സ്ട്രോബെറി പ്രോസസ്സിംഗ് യൂണിറ്റും തിരുവനന്തപുരം സംഘമൈത്രിയിൽ ബനാന ചിപ്സ് നിർമ്മാണ യൂണിറ്റും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്.

(സി) മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കൽ**

74 (5262) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കാൻ എന്തൊക്കെ കാര്യങ്ങൾ ആണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത്?

ഉത്തരം

ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ജൈവകാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന് ഘട്ടംഘട്ടമായിട്ടുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2016-17-ൽ നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1000 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവ ഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്രസർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17-ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

**ആസ്തി വികസന ഫണ്ട്**

75 (5263) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തിയായ രാജാസ് കല്ലായി - ഹോമിയോ ഡിസ്പൻസറി കണക്ഷൻ റോഡ് (10 ലക്ഷം), സെള്ളേരി പറമ്പ് - കോട്ടായി കുലോം റോഡ് നവീകരണം (10 ലക്ഷം) എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. ഇനിയും സമർപ്പിച്ചില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി&സി) ഡി.പി.ആർ. അടിയന്തരമായി സമർപ്പിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**ടെക്നിക്കൽ സാംഗ്ഷൻ**

76 (5264) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച ഫ്ലഡ് വർക്കായ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ - കരുംമ്പുംകോണം റോഡിന്റെ ടെക്നിക്കൽ സാംഗ്ഷൻ തിരുവനന്തപുരം നഗരസഭ നൽകാത്തതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കുമോ;

(ബി) ഇത് അടിയന്തരമായി നൽകുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷം തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച ഫ്ലഡ് വർക്കായ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ-കരുംമ്പുംകോണം റോഡിന്റെ ടെക്നിക്കൽ സാംഗ്ഷൻ പ്രൈസ് സോഫ്റ്റ്‌വെയർ വഴി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനിടയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലംമാറി പോയതും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതും ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് കാലതാമസം വരുത്തുവാൻ കാരണമായി.

(ബി) തിരുവനന്തപുരം നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്ട്രീറ്റ് ലൈറ്റ്

77 (5265) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭ ഇടവക്കോട് വാർഡിൽ ഏതൊക്കെ പ്രദേശത്താണ് പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇവിടുത്തെ എസ്റ്റിമേറ്റുകൾ നഗരസഭ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതികൾക്ക് നഗരസഭ പണം അനുവദിച്ചിട്ടുണ്ടോ.; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു; ഈ തുക കെ. എസ്.ഇ. ബി ക്ക് കൈമാറിയിട്ടുണ്ടോ; എസ്റ്റിമേറ്റ് എടുത്ത ഓരോ പ്രദേശത്തിന്റെയും തുക അറിയിക്കാമോ;

(സി) ഇടവക്കോട് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് എസ്റ്റിമേറ്റ് എടുത്ത പ്രദേശങ്ങളിൽ വെളിച്ചമെത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; നഗരസഭ ഫണ്ട് അനുവദിക്കാത്തതാണോ, കെ. എസ്.ഇ. ബി വർക്ക് ചെയ്യാത്തതാണോ ഇതിനു കാരണം എന്നുകൂടി അറിയിക്കാമോ?

ഉത്തരം

(എ) കല്ലംപള്ളി, ഇടവക്കോട്, രാവുർക്കോണം, ശാന്തിനഗർ, കരിമ്പുക്കോണം, പ്രതിഭ നഗർ, കരിയം, ചേന്തി എന്നീ പ്രദേശങ്ങളിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ലൈൻ വലിക്കുന്നതിനും മറ്റുമായി 2,45,025 രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യിൽ നിന്നും ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 2,45,025 രൂപ 31-3-2017-ന് തിരുവനന്തപുരം ജില്ലാ ട്രഷറി മുഖാന്തരം കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കഴക്കൂട്ടം ഡിവിഷൻ പേർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. എസ്റ്റിമേറ്റ് എല്ലാ പ്രദേശങ്ങൾക്കുമായി ഒരുമിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നഗരസഭ കെ.എസ്.ഇ.ബി.-ക്ക് ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി കെ.എസ്.ഇ.ബി. വിവരം നഗരസഭയെ അറിയിച്ചിട്ടില്ലാത്തതാണ്.

**ലൈഫ് ഭവനനിർമ്മാണ പദ്ധതി**

78 (5266) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ "ലൈഫ്" ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ലൈഫ് പദ്ധതി പ്രകാരം നിലവിൽ വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; എത്ര വീടുകളാണ് ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഏതൊക്കെ ഫണ്ടുകളാണ് ലഭ്യമാകുന്നത്; ഇതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവേ പൂർത്തീകരിച്ചിട്ടുണ്ട്. സർവേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ജൂൺ മാസം അവസാനത്തോടെ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് നൽകുന്നതിനായി സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഒരു ഭവനസമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായി. വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു. ആയതിനുശേഷം പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) ഇതുവരെ 'ലൈഫ്' പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല. ഭവനരഹിതരാണെന്ന് കണ്ടെത്തുന്ന എല്ലാവർക്കും ഭവനം നിർമ്മിച്ച് നൽകുന്നതിനും ധനസഹായം നൽകുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവനപദ്ധതി, കേന്ദ്രാവിഷ്കൃത ഭവനപദ്ധതികൾ (എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം)) എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്. ഇതിനുപുറമേ ആവശ്യമായി വരുന്ന തുക സംസ്ഥാന സർക്കാരിന്റെ വിഹിതവും മറ്റ് വിവിധ മാർഗ്ഗങ്ങൾ വഴിയും കണ്ടെത്തുന്നതാണ്. ലൈഫ് മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2016-17-ൽ 6 കോടി രൂപ നീക്കിവച്ചിരുന്നു സർവേ പൂർത്തീകരിച്ച് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തിയശേഷം മിഷന് ആവശ്യമായ അധികതുക കണ്ടെത്തുന്നതാണ്.

**ഫോർ ദ പീപ്പിൾ പരാതി പരിഹാര സംവിധാനം**

79 (5267) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുതിയ പരാതി പരിഹാര സംവിധാനമായ "ഫോർ ദ പീപ്പിൾ" മുഖേന എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പരാതികളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കാമോ?

ഉത്തരം

(എ) 18-5-2017 വരെ 378 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 304 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

## പൊലിവ് പദ്ധതി

80 (5268) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "പൊലിവ്"പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കൃഷി വിപുലീകരണത്തോടൊപ്പം പാരിസ്ഥിതിക ആരോഗ്യ സംരക്ഷണത്തിനും കുടുംബശ്രീയുടെ ഇടപെടൽ കാരണമായിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന "പൊലിവ്"പദ്ധതി എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി "പൊലിവ്" എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുക, പഞ്ചശീലങ്ങൾ വഴി (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കുടുംബശ്രീ 'പൊലിവ്' പദ്ധതി 2016 ജൂലൈ 3 മുതൽ നടപ്പിലാക്കി വരുന്നത്.

(ബി) ഉണ്ട്.

(സി) തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ സംഘകൃഷി ഗ്രൂപ്പുകൾവഴി നടത്തിവരുന്നു. ഓരോ അയൽക്കൂട്ടവും ചുരുങ്ങിയത് 3 സെന്റിൽ എന്ന കണക്കിൽ 18,112 ഗ്രൂപ്പുകൾ പൊലിവ് പദ്ധതിയിലൂടെ കൃഷി ചെയ്തു. നിലവിൽ 7,198.243 ഏക്കറിൽ കൃഷി ചെയ്തു വരുന്നുണ്ട്. ഇതിൽ ഭൂരിഭാഗം പ്രദേശവും തരിശുഭൂമിയോ കൃഷി ചെയ്യാത്തതോ ആയ പ്രദേശങ്ങളാണ്. ഇതിനു പുറമേ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി. പദ്ധതിയിലൂടെ 7,287 ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും 6,938 ഏക്കർ തരിശുസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ഇ-മാലിന്യം

81 (5269) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നഗരസഭകൾ കൈക്കൊണ്ടിരിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ഇ-മാലിന്യ പുനഃചംക്രമണ ഉല്പാദകരും വിതരണക്കാരും പാലിക്കേണ്ടതായ ചട്ടം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇ-മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് നഗരസഭകൾ സ്വീകരിച്ചു വരുന്ന മുൻകരുതലും, ബോധവൽക്കരണവും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2013-ൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും ശേഖരിക്കുകയും പുനഃചംക്രമണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇ-മാലിന്യ സംസ്കരണം നവകേരള മിഷന്റെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ച 2016-ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ഇലക്ട്രോണിക്സ് സാധനങ്ങളുടെ ബ്രാൻഡ് ഓണർമാർ, നിർമ്മാതാക്കൾ, ഉൽപ്പാദകർ, വിതരണക്കാർ എന്നിവർ Extended Producers Responsibility (EPR) വ്യവസ്ഥയ്ക്ക് അധിഷ്ഠിതമായി സ്വമേധയായോ, സർക്കാർ സംവിധാനവുമായി ചേർന്നുകൊണ്ടോ ഇവ ശേഖരിക്കുന്നതിനും പുനഃചംക്രമണം/സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. വിശദാംശമടങ്ങുന്ന ടി ചട്ടത്തിന്റെ പ്രസക്ത ഭാഗം അനുബന്ധമായി* ചേർക്കുന്നു.

(സി) ഇ-മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നഗരസഭാ തലത്തിലും ശുചിത്വമിഷൻ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇ-വേസ്റ്റ്

82 (5270) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-വേസ്റ്റുകൾ സംഭരിക്കുന്നതിന് ശുചിത്വമിഷൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് നടപടി സ്വീകരിക്കുമോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിവരം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഇ-മാലിന്യങ്ങൾ സംഭരിക്കുന്നത് ശുചിത്വമിഷന്റെ ഉത്തരവാദിത്തത്തിൽ പെടുന്ന വിഷയമല്ല.

(ബി) പരിഗണനയിലുണ്ട്.

(സി) വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റുകളുണ്ടാക്കുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ പുനഃചംക്രമണം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവാകുകയും കമ്പനിയുടെ പ്രവർത്തനത്തിലൂടെ നാളിതുവരെ 330 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് അവയുടെ ശാസ്ത്രീയമായ പുനഃചംക്രമണം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ച ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ഇലക്ട്രോണിക്സ് സാധനങ്ങളുടെ ബ്രാൻഡ് ഓണർമാർ, നിർമ്മാതാക്കൾ, ഉൽപ്പാദകർ എന്നിവർ Extended Producers Responsibility (EPR) വ്യവസ്ഥയ്ക്ക് അധിഷ്ഠിതമായി ഇവ സ്വമേധയായോ സർക്കാർ സംവിധാനവുമായി ചേർന്നുകൊണ്ടോ ശേഖരിക്കുന്നതിനും പുനഃചംക്രമണം/സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ കേരളാ മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് സ്വീകരിച്ചുവരുന്നു.

## പി.എം.ഇ.ജി.പി. സബ്സിഡി

83 (5271) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എത്ര രൂപയുടെ പിഎംഇജിപി സബ്സിഡിയാണ് വിതരണം ചെയ്യുവാനുള്ളത്;

(ബി) സബ്സിഡി തുക വിതരണം ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(സി) ഈ സബ്സിഡി തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പി.എം.ഇ.ജി.പി. പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

## ബി.ഡി.ഒ.-മാരുടെ ഒഴിവുകൾ

84 (5272) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളിൽ ബി.ഡി.ഒ. മാരുടെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നത് കാരണം എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പി.എസ്.സി. ശിപാർശ ചെയ്ത 27 ഉദ്യോഗാർത്ഥികൾക്ക് ഇതിനകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഒഴിവുള്ള സെക്രട്ടറിമാരുടെ തസ്തികയിലെ അധികച്ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**രേഖകൾ തിരികെ നൽകൽ**

85 (5273) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ ഭവനപദ്ധതികളിൽ ഗുണഭോക്താക്കൾ അവരുടെ എഗ്രിമെന്റ് റദ്ദുചെയ്ത് ആധാരവും മറ്റ് രേഖകളും തിരികെ ലഭിക്കുന്ന തിനായി അപേക്ഷ നൽകിയതിൽ തീർപ്പായിട്ടില്ലാത്ത എത്ര കേസുകൾ നിലനിൽക്കുന്നു എന്നത് വ്യക്തമാക്കുമോ;

(ബി) തീർപ്പാകാത്ത അപേക്ഷകൾ സമയബന്ധിതമായി എപ്പോൾ തീർപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) തീർപ്പാകാത്ത കേസ്സുകളിൽ കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ട്കാവ്, മൂടാടി, തീക്കോടി പഞ്ചായത്തുകളിൽ നിന്നുള്ള ആരുടെയെല്ലാം അപേക്ഷകളുണ്ട് എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി ഈ അപേക്ഷകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തീർപ്പാക്കിയിട്ടില്ലാത്ത 125 അപേക്ഷകൾ നിലവിലുണ്ട്.

(ബി) ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭാവിയിൽ ഇത്തരം അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) തീർപ്പാക്കാത്ത കേസ്സുകളിൽ കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തീക്കോടി പഞ്ചായത്തുകളിൽ നിന്നുള്ള അപേക്ഷകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പേര് തിരുത്തൽ**

86 (5274) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിൽ പേര് തിരുത്തൽ രണ്ടാമത് കൂടി അനുവദനീ യമാക്കുന്നതിന് വേണ്ട ഉത്തരവ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ലൈഫ് ഭവന നിർമ്മാണ പദ്ധതി**

87 (5275) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സർവ്വേ നടത്തി ഓരോ ജില്ലയിലും കണ്ടെത്തിയ ഭവനരഹിതരുടെ എണ്ണം എത്രയാണ്;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഭവനനിർമ്മാണത്തിനായി വീടൊന്നിന് അനുവദിക്കുന്ന സഹായധനം എത്രയാണ്; എത്ര ശതമാനം പലിശയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്?

<u>ഉത്തരം</u>

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുവാനും എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് എല്ലാവർക്കും സുരക്ഷിത ഭവനം പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം.

താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ.

1. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ

2. ഭവന നിർമ്മാണം ഭാഗികമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ (മുൻകാലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി പൂർണ്ണമായോ ഭാഗികമായോ ധനസഹായം ലഭിച്ചവർ)

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ

4. ഭൂമിയില്ലാത്ത ഭവനരഹിതർ.

ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/ വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് നൽകുന്നതാണ്. മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.

(ബി) ഭൂമിയുള്ള ഭവനരഹിതരെയും ഭൂമിയില്ലാത്ത ഭവനരഹിതരെയും തരംതിരിച്ച്, എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തിയിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നു. അതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) ജനറൽ വിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി/ മത്സ്യത്തൊഴിലാളികൾ/തോട്ടം തൊഴിലാളികൾ എന്നീ മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്ന യഥാർത്ഥ തുകയും നൽകുന്നതാണ്. ലൈഫ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമല്ല. വസ്തു ഉള്ളവർക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം (Subsidy) ആണ് നൽകുന്നത്. വായ്പയല്ലാത്തതിനാൽ പലിശ ബാധകമല്ല.

**ലൈഫ് മിഷൻ**

88 (5276) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷന്റെ ഭാഗമായുള്ള ഭവനരഹിതരായ ആളുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള സർവ്വേ പ്രകാരം എത്ര ഭവനരഹിതരുണ്ടെന്ന കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര ഭവനരഹിതരുണ്ടെന്ന കണക്ക് നഗര / ഗ്രാമങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിൽ ലഭിച്ച അപേക്ഷകൾ എത്ര; പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ട ത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. അതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാകുകയുള്ളൂ.

(സി) ലൈഫിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അപേക്ഷ സ്വീകരിച്ചിരുന്നില്ല. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന സർവേ നടത്തിയിട്ടുണ്ട്. സർവേ പൂർത്തിയായെങ്കിലും അതിന്റെ വെരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. വെരിഫിക്കേഷൻ നടത്തി കരട് പ്രസിദ്ധീകരിച്ച് ആക്ഷേപം കേട്ടശേഷം പട്ടിക അന്തിമമാക്കുന്നതാണ്.

**നൂറ് ശതമാനം പദ്ധതികളും നടപ്പിലാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ**

89 (5277) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2017-ലെ കണക്ക് പ്രകാരം 100% പദ്ധതികളും നടപ്പിലാക്കിയ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ജില്ലാ പഞ്ചായത്തുൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ശതമാനം പദ്ധതികൾ നടപ്പിലാക്കി; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 100% പദ്ധതി തുകയും ചെലവഴിച്ച ജില്ലാ പഞ്ചായത്തുകളില്ല. 6 ഗ്രാമപഞ്ചായത്തുകൾ 31-03-2017-ൽ മുഴുവൻ പദ്ധതി തുകയും ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | അരുക്കുറ്റി | 2. | മുത്തോലി |
| 3. | മുളംതുരുത്തി | 4. | വാളകം |
| 5. | മാറാടി | 6. | ചെമ്പിലോട് |

31-3-2017-ലെ കണക്കുപ്രകാരം 100% പദ്ധതികളും നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾ - കോട്ടയം ജില്ലയിലെ ളാലം ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് എന്നിവയാണ്.

(ബി) പാലക്കാട് ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകൾക്കുമായി അനുവദിച്ച പദ്ധതി തുകയുടെ 60.82% പദ്ധതി തുകയും പാലക്കാട് ജില്ലാ പഞ്ചായത്ത് 51.13% പദ്ധതി തുകയും ചെലവഴിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള 1386 പ്രവൃത്തികളിൽ 780 പ്രവൃത്തികൾ (56.27 ശതമാനം) പൂർത്തീകരിച്ചിട്ടുണ്ട്. 31-3-2017 വരെ പാലക്കാട് ജില്ലയിലെ നഗരസഭകൾ ചെലവഴിച്ച പദ്ധതി വിഹിതത്തിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ചെർപ്പുളശ്ശേരി | - | 94.16% |
| പട്ടാമ്പി | - | 90.71% |
| ഒറ്റപ്പാലം | - | 86.98% |
| ചിറ്റൂർ തത്തമംഗലം | - | 68.87% |
| മണ്ണാർക്കാട് | - | 56.27% |
| പാലക്കാട് | - | 47.55% |

**തീരം ടൂറിസം സഹകരണ സംഘം**

90 (5278) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരസഭയിൽ ഇ.എം.എസ്. സ്റ്റേഡിയത്തിലെ മുറികൾ വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നഗരസഭയുടെ തീരുമാനത്തിലെ അപാകതമൂലം വകുപ്പുമന്ത്രിയ്ക്ക് ലഭിച്ച പരാതികളുടെ മേൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ ഇടയായത് പരിശോധനയിൽ വന്നിട്ടുണ്ടോ;

(സി) വ്യവസ്ഥാപിതമായ കരാറില്ലാതെ തീരം ടൂറിസം സഹകരണ സംഘത്തിന് പ്രസ്തുത സ്ഥാപനത്തിൽ മുറി അനുവദിക്കുകയും, പ്രസ്തുത മുറിയുടെ വാടക നൽകണമെന്ന് നഗരസഭ ആവശ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് സംഘം വകുപ്പുമന്ത്രിക്ക് നൽകിയ പരാതി (E1-18582/16)-യിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പരാതി റിപ്പോർട്ട് നൽകുന്നതിനായി ആലപ്പുഴ നഗരസഭയ്ക്ക് എന്നാണ് അയച്ചുകൊടുത്തത്;

(ഇ) ഇതു സംബന്ധിച്ച് നഗരസഭയിൽ നിന്നും മറുപടി നൽകാതിരുന്നതിനെ തുടർന്ന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നായിരുന്നു; അതിന് മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(എഫ്) വാടക മുൻകൂർ തുക ഒടുക്കിയതിന് ശേഷം വാടക കരാറിൽ എത്തിച്ചേരാൻ കഴിയാതിരുന്നാൽ പ്രസ്തുത മുൻകൂർ തുകയിൽ നിന്ന് വാടക ഈടാക്കണമെന്ന് ഏതു നിയമത്തിലും ചട്ടത്തിലുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) സഹകരണ സംഘത്തിന്റെ അപേക്ഷയാണ് എന്ന പ്രത്യേക പരിഗണന നൽകി, സംഘം നഗരസഭയിൽ അടച്ചിട്ടുള്ള മുൻകൂർ തുക തിരികെ നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരാതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും റിപ്പോർട്ടിനായി നേരിട്ട് നഗരകാര്യ ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ആലപ്പുഴ നഗരസഭയിൽനിന്ന് വിശദാംശങ്ങൾ ലഭ്യമാക്കി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നഗരകാര്യ ഡയറക്ടർ 23-8-2016-ന് ആലപ്പുഴ നഗരസഭയ്ക്ക് അയച്ചു കൊടുത്തു.

(ഇ) 31-12-2016-ലെ ജി1-18630/16 നമ്പരായി ഓർമ്മക്കുറിപ്പ് അയച്ചിരുന്നു. 1-3-2017-ൽ നഗരസഭയിൽനിന്നും നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(എഫ്) നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് മുൻകൂർ തുകയിൽനിന്നും വാടക ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കരാറിൽ എത്തിച്ചേരുന്നതിന് തീരം ടൂറിസം സഹകരണ സംഘത്തിന് കത്ത് അയച്ചിട്ടും എഗ്രിമെന്റ് വച്ചിട്ടില്ല എന്ന് നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) ഇത് നഗരസഭാ കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്.

**ലൈഫ് മിഷൻ പ്രവർത്തനങ്ങൾ**

91 (5279) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി എന്ന് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഭവനരഹിതരായവരുടെ കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുകയും എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നില നിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് എല്ലാവർക്കും സുരക്ഷിത ഭവനം പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം.

താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ.

1. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ
2. ഭവന നിർമ്മാണം ഭാഗികമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ (മുൻകാലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി പൂർണ്ണമായോ ഭാഗികമായോ ധനസഹായം ലഭിച്ചവർ)

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ

4. ഭൂമിയില്ലാത്ത ഭവനരഹിതർ.

ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/ വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് നൽകുന്നതാണ്. മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വെ നടത്തി. സർവ്വെയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നു.

<u>ഗുണഭോക്താക്കളുടെ മുൻഗണന</u>

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരക രോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ
9. എച്ച്.ഐ.വി. +ve ആയവർ

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് "എല്ലാവർക്കും സുരക്ഷിതഭവനം" പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം.

(സി) കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസി പ്പാലിറ്റികളിലുമായുള്ള ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള സർവ്വെ പൂർത്തീകരിച്ചു. സർവ്വെ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. ആയതിനുശേഷം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ട ശേഷം പട്ടിക അന്തിമമാക്കുന്നതാണ്. ആയതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**ലൈഫ് മിഷന്റെ ഭാഗമായി സർവ്വെ**

92 (5280) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതരായിട്ടുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വെ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വെ പ്രകാരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര ഭവനരഹിതരുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഭവനരഹിതരായ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) സർവ്വെ പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വെ നടത്തി. സർവ്വെയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളുടെ യഥാർത്ഥ കണക്ക് വ്യക്തമാകുകയുള്ളൂ. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതുമാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) ലൈഫ് പദ്ധതിയിൻകീഴിൽ ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടില്ല.

**ലൈഫ് സർവ്വേ**

93 (5281) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈഫ് സർവ്വേ പൂർത്തിയാക്കുന്നതിന് സമയം നിശ്ചയിച്ച് നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ ആയതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഏതെങ്കിലും വകുപ്പിലെ ജീവനക്കാർ സർവ്വേയോട് നിസ്സഹകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഫെബ്രുവരി 18, 19 തീയതികളിലായി ലൈഫ് മിഷൻ സർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ട പട്ടിക നൽകുന്നതിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ വരുത്തിയ കാലതാമസവും പരിശോധിക്കേണ്ടവരുടെ എണ്ണം കൂടിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുവേണ്ടി സ്ഥാപനങ്ങളുടെ ജീവനക്കാരെ പൂർണ്ണമായും ഉപയോഗിച്ചതിനാലും സർവ്വേയും മേൽപരിശോധനയും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ജൂൺ മാസം അവസാനത്തോടെ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.

(സി) ഇല്ല.

## താൽക്കാലിക ഫാർമസിസ്റ്റ്

94 (5282) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വിവിധ പഞ്ചായത്തുകളിൽ എൻ.എച്ച്.എം. മുഖേന പ്രവർത്തിക്കുന്ന ആയുർവേദ, ഹോമിയോ, യുനാനി ക്ലിനിക്കുകളിൽ താത്ക്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റുകളുടെ യോഗ്യത എന്താണ്;

(ബി) ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ഫാർമസിസ്റ്റുകളിൽ ഭൂരിഭാഗത്തിനും മതിയായ യോഗ്യത ഇല്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗ്യത ഇല്ലാത്തവരെ ഉടൻ മാറ്റി യോഗ്യതയുള്ളവരെ പരിഗണിക്കുമോ;

(സി) എൻ.എച്ച്.എം. പദ്ധതിയിൽ മറ്റടിസ്ഥാന സൗകര്യങ്ങൾ എല്ലാം പഞ്ചായത്തുകളാണ് ഒരുക്കുന്നത് എന്നതിനാൽ ഫാർമസിസ്റ്റ് ഉൾപ്പെടെയുള്ള തസ്തികകളിൽ താത്ക്കാലിക നിയമനം നടത്തുന്നതിൽ പഞ്ചായത്തുകളുടെ ഇടപെടലും ക്രമക്കേടും ഉള്ളതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്. എൻ.എച്ച്.എം ഡിസ്പെൻസറികളിൽ നിയമനം നടത്തുമ്പോൾ മതിയായ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഹരിതം ഹരിപ്പാട് പദ്ധതി

95 (5283) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിൽ കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുംബശ്രീയുടെ പിന്തുണ ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ വിധത്തിലുള്ള സഹായസഹകരണങ്ങൾ നൽകാൻ കുടുംബശ്രീക്ക് സാധിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുള്ള കത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) കുടുംബശ്രീയുടെ കീഴിലുള്ള പരിശീലനം ലഭിച്ച മാസ്റ്റർ ഫാർമേഴ്സിന്റെ പിന്തുണസഹായം ലഭ്യമാക്കി ഹരിതം ഹരിപ്പാട് എന്ന പദ്ധതി കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുമായി സഹകരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(സി) ഹരിതം ഹരിപ്പാട് പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിപ്പാട് നിയോജക മണ്ഡലത്തിലെ എല്ലാ സി.ഡി.എസ്-കളിലും വിവരങ്ങൾ അറിയിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സി.ഡി.എസ്. ചെയർപേഴ്സൺമാരും ജനപ്രതിനിധികളും അടങ്ങുന്ന യോഗം ചേരുകയും എല്ലാ സി.ഡി.എസ്-കളിലും ജെ.എൽ.ജി.കൾ പുതുതായി രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മാലിന്യനിക്ഷേപ കേന്ദ്രമാകുന്നത് തടയൽ**

96 (5284) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം മാലിന്യനിക്ഷേപകേന്ദ്രമാകുന്നത് തടയുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ശാസ്ത്രീയ മാലിന്യ സംസ്കരണം സംസ്ഥാനത്ത് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ദ്രവമാലിന്യം, ഖരമാലിന്യം, പ്ലാസ്റ്റിക് മാലിന്യം, മെഡിക്കൽ വേസ്റ്റ്, ഇ-വേസ്റ്റ്, ഹസാർഡ്സ് ആന്റ് അദർ വേസ്റ്റ്, കൺസ്ട്രക്ഷൻ വേസ്റ്റ്, കുപ്പിവേസ്റ്റ് എന്നിവ ഒരു മാസം എത്ര അളവ് വീതം സംസ്ഥാനത്തുണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരം മാലിന്യങ്ങളെ ഏതുതരത്തിൽ സംസ്കരിക്കാനാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ശുചിത്വ കേരള പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ മാലിന്യ പരിപാലനം ഗാർഹിക/സ്ഥാപന/പൊതുസ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുവാൻ അനുമതി നൽകിവരുന്നു.

2. സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് വേണ്ട നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യാനുസരണം പുറപ്പെടുവിച്ചുവരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ ചുമത്തേണ്ട ശിക്ഷാ നടപടികളും വ്യക്തമാക്കിയിട്ടുണ്ട്.

3. പൊതുജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്കരണത്തിന് അനുകൂലമായ മനോഭാവം രൂപീകരിക്കുന്നതിനാവശ്യമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു.

4. Reduce, Reuse എന്ന തത്വത്തെ അടിസ്ഥാനമാക്കി ഗ്രീൻ പ്രോട്ടോകോൾ, സ്വാപ്പ് ഷോപ്പ് മേളകൾ എന്നിവ വ്യാപക മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യം വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശഭരണ തലത്തിൽ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഷ്രെഡ്ഡു ചെയ്ത പ്ലാസ്റ്റിക് റോഡ് പണിക്ക് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പൊതു സ്ഥലങ്ങളിലും തടാകങ്ങളിലും മറ്റും മാലിന്യങ്ങൾ വലിച്ചെറിയുന്നത് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാനുള്ള വ്യാപകമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ബി) മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി നിയമപ്രകാരമുള്ള അനുമതികളാണ് ബോർഡുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായുള്ളത്. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ബോർഡിൽ സമർപ്പിച്ച് അനുമതിക്കായി അപേക്ഷി ക്കേണ്ടതാണ്. അപേക്ഷകൾ പരിഗണിച്ച് നിയമപ്രകാരമുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനാ വിധേയമായി സംവിധാനം ഒരുക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ബോർഡിൽ നിന്ന് അനുമതി നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി ചുവടെപറയുന്ന കാര്യങ്ങളിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഖരമാലിന്യ സംസ്കരണം സുരക്ഷിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുവേണ്ടി ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുന്ന പദ്ധതികൾ

2. വീടുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജൈവമാലിന്യം സുരക്ഷിതമായും കാര്യക്ഷമമായും സംസ്കരിക്കുന്നതിനായി കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ.

3. കോളനികൾ, അറവുശാലകൾ, ആശുപത്രികൾ, ലബോറട്ടറീസ്, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനായി സ്വീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള സഹായ പദ്ധതികൾ.

4. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുന:ചംക്രമണത്തിന് കൈമാറുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ.

5. ഖരമാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമാവശ്യമായ പദ്ധതികൾ, മാലിന്യം കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികൾ.

6. അജൈവ മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനായി പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

7. പരിസ്ഥിതി സൗഹൃദവും പുനരുപയോഗസാദ്ധ്യമാകുന്നതുമായ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

8. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾ, ചെറുകിട സംരംഭകർ എന്നിവർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ.

9. പ്ലാസ്റ്റിക് പോലുള്ള അജൈവമാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നൂതനാശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ.

10. മാലിന്യസംസ്കരണ രംഗത്ത് പൊതുജനങ്ങൾക്കാവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

11. ശേഷിവികസന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ.

12. ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനാവശ്യമായ നയം, നിലവാരം, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ.

13. ഗ്യാസ് ക്രിമറ്റോറിയവും അറവുശാലകളും.

14. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭക ർക്ക് പ്രോത്സാഹനം.

15. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ പരിപാലനത്തിന് എക്സ്റ്റൻഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി നിർബന്ധമാക്കുന്നതിനുള്ള നടപടികൾ.

16. ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നയം, തന്ത്രം എന്നിവ രൂപീകരിക്കുക.

17. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ പൊതുവിഹിതം 10%-ഉം നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ പൊതുവിഹിതം 15%-ഉം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.

18. കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് മാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുക.

19. ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണ പ്രവർ ത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഏറ്റെടുത്തു നടപ്പിലാക്കുക.

(ഡി) പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രതിമാസം 2,25,000 മെട്രിക് ടൺ ഖരമാലിന്യം ഉണ്ടാകുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ആകെയുള്ള ഖരമാലിന്യത്തിന്റെ 70% ജൈവമാലിന്യവും 7% പേപ്പർ, 6% പ്ലാസ്റ്റിക്, 1.2% മെറ്റൽ, 1.5% ഗ്ലാസ്സ്, 14.3% കൺസ്ട്രക്ഷൻ & ഡെമോളിഷൻ, ടെക്സ്റ്റൈൽ, റബ്ബർ, ലതർ മുതലായ മാലിന്യവും 1020 മെട്രിക് ടൺ മെഡിക്കൽ മാലിന്യവും നഗര പ്രദേശങ്ങളിൽ 67,560 മില്യൺ ലിറ്റർ ദ്രവ മാലിന്യവുമാണ് പ്രതിമാസം ഉണ്ടാകുന്നത്. ഗ്രാമപ്രദേശങ്ങളിലെ ദ്രവ മാലിന്യത്തിന്റെ അളവ് കണക്കാക്കപ്പെട്ടിട്ടില്ല.

(ഇ) 1. ജൈവ-ഖരമാലിന്യം പരമാവധി വികേന്ദ്രീകൃതമായി ഉറവിടത്തിൽ സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

2. അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പി, പേപ്പർ, മെറ്റൽ തുടങ്ങിയവ) ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് എം.ആർ.എഫ് കേന്ദ്രങ്ങളിൽ എത്തിച്ച് രണ്ടാം തരംതിരിവ് നടത്തിയശേഷം പുന:ചംക്രമണത്തിനായി കൈമാറി ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു.

3. സി&ഡി പിരിവിലെ വേസ്റ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കളാക്കി മാറ്റുന്നതിനുള്ള നടപടികൾ ലക്ഷ്യമിടുന്നു.

4. മെഡിക്കൽ വേസ്റ്റ് ഐ.എം.എ.യുടെ ഉത്തരവാദിത്തത്തിലും ഇൻഡസ്ട്രിയൽ ഹസാർഡസ് വേസ്റ്റ് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിലുമാണിപ്പോൾ സംസ്കരിച്ചു വരുന്നത്.

5. ഗാർഹിക/സ്ഥാപന ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സോക് പിറ്റുകൾ/സെപ്റ്റിക് ടാങ്കുകൾ/ഇരട്ടക്കുഴി സോക് പിറ്റ് സംവിധാനം വഴിയും വ്യവസായ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും ദ്രവമാലിന്യം എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇ.റ്റി.പി), സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ വഴിയും സംസ്കരിച്ചുവരുന്നു. കൂടാതെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനായി തിരുവനന്തപുരം ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ കൊച്ചി ബ്രഹ്മപുരം പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

**ഫോർ ദ പീപ്പിൾ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ**

97 (5285) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പ് ആരംഭിച്ച ഫോർ ദ പീപ്പിൾ എന്ന സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചു; വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾ, നഗരസഭകൾ, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരാസൂത്രണം എന്നീ വകുപ്പുകളിലെ എത്ര പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇവിടങ്ങളിൽ ലഭിച്ച പരാതികളിൽ എത്രയെണ്ണത്തിൽ തീരുമാനമെടുത്തു; പരാതികളുടെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫോർ ദ പീപ്പിൾ പോർട്ടലിൽ 18-5-2017 വരെ 378 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) വിവിധ വകുപ്പുമേധാവികൾക്ക് 18-5-2017 വരെ ലഭിച്ച പരാതികളും തീർപ്പാക്കിയവയും ചുവടെ ചേർക്കുന്നു :

| വകുപ്പുതലവൻമാരുടെ ആഫീസ് | ലഭിച്ചത് | തീർപ്പാക്കിയത് |
|---|---|---|
| നഗരകാര്യ വകുപ്പ് | 32 | 3 |
| പഞ്ചായത്ത് വകുപ്പ് | 308 | 272 |
| തദ്ദേശഭരണ (എഞ്ചിനീയറിംഗ്) വിഭാഗം | 31 | 25 |
| ഗ്രാമവികസന വകുപ്പ് | 6 | 3 |
| നഗരാസൂത്രണ വകുപ്പ് | 1 | 1 |

കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി അന്വേഷിച്ചതിൽ കഴമ്പുണ്ടെന്ന് കണ്ടതിനെത്തുടർന്ന് കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മറ്റ് പരാതികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജില്ലാ പഞ്ചായത്ത് ഫണ്ട്**

98 (5286) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് കൊല്ലം നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2015-16, 2016-17 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന്, റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, മറ്റു പ്രവൃത്തികൾ എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന**

99 (5287) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികൾക്കായി വേണ്ടിവരുന്ന തുകയെത്രയെന്നും അതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനും, കാർഷിക അനുബന്ധ മേഖലകളിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം 581.61 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. (279.7992 കോടി രൂപ കേന്ദ്ര വിഹിതവും 186.5328 കോടി രൂപ സംസ്ഥാന വിഹിതവും)

(ബി) കാർഷിക മേഖലയിലെ ഉൽപ്പാദന വർദ്ധനവിനും കാർഷിക അനുബന്ധ മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടി പദ്ധതി തുകയുടെ 10% നീക്കിവച്ചിട്ടുണ്ട്. ഉൽപ്പാദന വർദ്ധനവിനുള്ള ഇടവിള കൃഷി ജലസേചന മാർഗ്ഗങ്ങളായ drip & sprinkler irrigation, കട്ടുംകൃഷി (ഇന്റൻസീവ് ഫാമിംഗ്) ഒരുപ്പൂ കൃഷി ചെയ്തിരുന്ന നെൽവയൽ ഇരുപ്പൂകൃഷി, മൂന്നാംവിളയായി പച്ചക്കറി കൃഷി, തരിശായിക്കിടക്കുന്ന നെൽവയൽ നെൽ കൃഷി, കൃഷിയിൽ യന്ത്രവൽക്കരണം, രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണം, ജൈവ കൃഷി, ജൈവവള നിർമ്മാണം തുടങ്ങി അനവധി പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. ചെറുകിട സംരംഭങ്ങളായ കാർഷിക വിഭവങ്ങളുടെ മാർക്കറ്റിംഗ്, ഭക്ഷ്യ സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, കാലി വളർത്തൽ, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, മത്സ്യം വളർത്തൽ മുതലായ പ്രവൃത്തികളും ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) പി.എം.കെ.എസ്.വൈ-ഡബ്ല്യൂ.ഡി.സി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം ഇപ്പോൾ പദ്ധതി ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പുതിയ പദ്ധതികൾ അനുവദിക്കുന്ന മുറയ്ക്ക് കൂടുതൽ പ്രദേശങ്ങളിലേക്ക് ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്.

**എഞ്ചിനീയറിംഗ് വിംഗിന്റെ പ്രവർത്തനം**

100 (5288) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിന്റെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗിക്കുന്നതിൽ പുരോഗതി കൈവരിക്കുവാൻ സഹായകരമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഈ പോരായ്മ എങ്ങനെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പദ്ധതി വിനിയോഗം സംബന്ധിച്ച നടപടികളിലുൾപ്പെടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം പല തദ്ദേശഭരണ സ്ഥാപനങ്ങളിലും പൂർണ്ണമായും തൃപ്തികരമല്ല എന്ന ആക്ഷേപം പല കോണുകളിൽനിന്നും ഉയർന്ന് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ പ്രാദേശിക സർക്കാരുകളുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച 2017-18 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**നടപ്പാക്കേണ്ട പദ്ധതികളുടെ മാർഗ്ഗരേഖ**

101 (5289) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട പദ്ധതികളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേവലം പദ്ധതി നിർവഹണം എന്നതിലുപരി സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ വിവിധ മിഷനുകൾ നടപ്പാക്കുന്നതിനും ഭക്ഷ്യവിളകളിൽ സ്വയംപര്യാപ്തത നേടുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ ഊന്നൽ നൽകുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉടർച്ചാസാദ്ധ്യതയുള്ള പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യ നീതി മുറുകെപ്പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഓരോ വികസന മേഖലയിലെയും നിലവിലുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത് വികസന കാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ രൂപപ്പെടുത്തി പ്രോജക്ടുകൾ രൂപപ്പെടുത്തുന്ന രീതി അവലംബിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംയോജന സാദ്ധ്യതകൾ പ്രയോജന പ്പെടുത്തുകയും വേണം. ഇത്തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുകയാണ് ലക്ഷ്യം.

(സി) ഉണ്ട്. മിഷൻ പ്രവർത്തനങ്ങൾ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യവിളകളുടെ വിള വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ പ്രാധാന്യം നൽകി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ഉദ്ദേശ്യത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

**കൊല്ലം കോർപ്പറേഷൻ നടത്തിവരുന്ന പ്രവൃത്തികൾ**

102 (5290) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയമസഭാമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2015-16, 2016-17 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടത്തുന്നതിന് കൊല്ലം കോർപ്പറേഷൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, മറ്റുപ്രവൃത്തികൾ എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം നഗരസഭാ പ്രദേശത്ത് 2015-16, 2016-17 വർഷങ്ങളിൽ കൊല്ലം കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| വർഷം | റോഡ് തുക | കെട്ടിടങ്ങൾ തുക | കുടിവെള്ള പദ്ധതികൾ തുക |
|---|---|---|---|
| 2015-16 | 21,28,73,261 | 7,91,99,475 | |
| 2016-17 | 5,56,27,290 | 5,80,000 | 41,60,000 |

(ബി) എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചുകഴിഞ്ഞതാണ്.

**ത്രിതല പഞ്ചായത്തുകളിലെ തസ്തികകൾ**

103 (5291) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാരുടെ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ സർവ്വീസ് ആക്കി മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഒറ്റ സർവ്വീസ് ആക്കി മാറ്റുന്നതുകൊണ്ട് എന്തൊക്കെ ഗുണങ്ങളാണ് ലഭ്യമാകുക; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വകുപ്പുകളെ സംയോജിപ്പിക്കുന്നതിനും ഒരു പൊതുസർവീസ് രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ 2016 ജനുവരിയിലെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രഖ്യാപിക്കപ്പെട്ട ഈ സർക്കാർ നയം നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് ഒരു പൊതുസർവീസ് രൂപീകരിക്കുന്നതിന് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിലേക്ക് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ, ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായും തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായും അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും മനസ്സിലാക്കാൻ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഏകീകൃത വകുപ്പ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം നേരിട്ട് ലഭ്യമാക്കുക എന്നതാണ് ഒരു പൊതുസർവ്വീസ് ഉണ്ടാക്കുക എന്ന ആശയത്തിന്റെ ലക്ഷ്യം. അധികാര വികേന്ദ്രീകരണത്തിന്റെയും അധികാര കൈമാറ്റത്തിന്റെയും പ്രയോജനം പൂർണ്ണതോതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകും എന്നതാണ് ഇതിന്റെ ഗുണം.

## എൽ.ഡി. ടൈപ്പിസ്റ്റ്

104 (5292) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ ആവശ്യമായ എൽ.ഡി. ടൈപ്പിസ്റ്റുകൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റുകൾ നിലവിലില്ലാത്ത ത്രിതല പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുള്ള പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനുമായി സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ:

(ഡി) മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള, റീ ഡിപ്ലോയ്മെന്റ് വഴി നിയമിക്കുന്ന എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ ;

(ഇ) പ്രസ്തുത തസ്തികകൾ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ നിർത്തലാക്കുന്നതിനും പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. പഞ്ചായത്ത് വകുപ്പിന് കീഴിൽ ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല. ജില്ലാ പഞ്ചായത്തുകളിൽ മാത്രമാണ് ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുള്ളത്. ഗ്രാമവികസന വകുപ്പിന് കീഴിലുള്ള അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുണ്ട്.

(ബി) കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക്, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക്, കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക്, എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക്, കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക്.

(സി) പ്രസ്തുത ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ റീ-ഡിപ്ലോയ്മെന്റ് ക്ലറിക്കൽ തസ്തികയിലെ ഒഴിവ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(ഇ) പി.എസ്.സി. മുഖാന്തരം വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുന്നവർ തന്നെയാണ് റീ-ഡിപ്ലോയ്മെന്റ് ക്ലറിക്കൽ തസ്തികയിൽ മാറ്റി നിയമിക്കപ്പെടുന്നത്.

**ആരോഗ്യ പരിശോധനാ വിഭാഗം**

105 (5293) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ആരോഗ്യ പരിശോധന വിഭാഗം ഹോട്ടലുകളിലും മറ്റ് സ്ഥാപനങ്ങളിലും പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആരോഗ്യ പരിശോധന വിഭാഗം നടത്തിയ പരിശോധനകൾ, കണ്ടെത്തലുകൾ, സ്ഥാപനങ്ങളുടെ പേര് എന്നിവ , ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പഴകിയ ഭക്ഷണങ്ങൾ, വൃത്തിഹീനമായ സാഹചര്യം ഇവ ഉൾപ്പെടുന്ന വീഴ്ചകളുടെ പേരിൽ തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ആരോഗ്യ പരിശോധന വിഭാഗം എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഓരോന്നിൽ നിന്നും ഈടാക്കിയ പിഴ എത്ര രൂപയാണ്; എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കുകയും, വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഡ്രസ്സ് കോഡ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പഴകിയ ഭക്ഷണങ്ങൾ, വൃത്തിഹീനമായ സാഹചര്യം എന്നിവ ഉൾപ്പെടെയുള്ള വീഴ്ചകളുടെ പേരിൽ ഗ്രാമ പ്രദേശത്തുള്ള 794 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 1,34,450 രൂപ പിഴയായി ഈടാക്കുകയും 24 സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭകളിൽ നിന്നുള്ള വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) ഇല്ല.

**എ.ഡി.എഫ്. വർക്കുകൾ**

106 (5294) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജക മണ്ഡലത്തിൽ എൽ.എസ്.ജി.ഡി മുഖേന നടപ്പിലാക്കുന്ന എ.ഡി.എഫ്. വർക്കുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

നെന്മാറ നിയോജക മണ്ഡലത്തിൽ എൽ.എസ്.ജി.ഡി മുഖേന നടപ്പിലാക്കുന്ന എ.ഡി.എഫ് വർക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**അനധികൃത മണലെടുപ്പ്**

107 (5295) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് ജില്ലയിൽ എത്ര മണൽ ലോറികൾ പിടികൂടിയിട്ടുണ്ട്;

(ബി) അനധികൃത മണലെടുപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മണൽകൊണ്ട് വരുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഇതിനായി ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) കാസർകോട് ജില്ലയിലെ മണൽ ക്ഷാമം പരിഹരിക്കുന്നതിന് പുഴകളിൽ നിന്നും 'ഇ-മണൽ' സംവിധാനം വഴി മണൽ വാരുന്നതിന് അനുമതി നൽകുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മണൽ ലോറികൾ പിടികൂടിയിട്ടില്ല.

(ബി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് 2001 പ്രകാരം ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന കടവിലെ അല്ലെങ്കിൽ നദീതീരത്തിലെ മണൽവാരൽ നയന്ത്രിക്കുന്നത് ജില്ലാ കളക്ടർ രൂപീകരിക്കുന്ന കടവുകമ്മിറ്റികളാണ്. ടി കമ്മറ്റിയുടെ തീരുമാനപ്രകാരമുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മണൽ കൊണ്ടു വരുന്നതിന് അനുമതി നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഈ വകുപ്പിന്റെ പരിഗണനയിലില്ല.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നൽകിയ ഇളവുകൾ**

108 (5296) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനായി എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ, ചട്ടങ്ങളിൽ ഇളവ് നൽകിയ കേസുകൾ ഏതെല്ലാമാണ്; ജില്ല തിരിച്ച്, ബിൽഡിംഗ് വിശദാംശം അടക്കം ലഭ്യമാക്കുമോ;

(സി) ഇതിൽ ഹൈറൈസ് ബിൽഡിംഗുകൾ, ഫയർ ആൻഡ് റസ്ക്യൂ NOC ലഭിക്കുന്നതിന് തടസ്സമുണ്ടായിരുന്നവ ഏതെല്ലാമാണ്; അവയ്ക്ക് NOC ലഭിച്ചതിനു ശേഷമാണോ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ആയുർവേദ കോളേജിന്റെ പുതിയ പേ വാർഡ് കെട്ടിടം ഹൈറൈസ് കെട്ടിടമായിരുന്നു. ആയത് കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷൻസ് ഫോർ ഹൈറൈസ് ബിൽഡിംഗ് പ്രത്യേകിച്ചും ചട്ടം 117 പാലിക്കുന്നുണ്ടായിരുന്നില്ല. ഫയർ NOC ലഭിക്കാതെയാണ് കെട്ടിടത്തിന് 27-5-2016-ലെ സ.ഉ. (ആർ.റ്റി) നമ്പർ 1758/2016/തസ്വഭവ. പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിച്ച് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയത്.

## തൊഴിലുറപ്പ് പദ്ധതി

109 (5297) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ 2011-16 കാലയളവിൽ കേന്ദ്രസർക്കാർ കേരളത്തിനായി അനുവദിച്ച തുക എത്രയാണ്;

(ബി) തൊഴിൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപയാണ് തൊഴിലാളികൾക്ക് നൽകുവാൻ കുടിശ്ശികയുള്ളത്;

(സി) കുടിശ്ശികത്തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെന്നും തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-16 കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ചത് ആകെ 665326.04 ലക്ഷം രൂപയാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ 63639.52 ലക്ഷം രൂപയും 2017-18 വർഷത്തെ ഇതേവരെയുള്ള 4892.06 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 68531.58 ലക്ഷം രൂപ തൊഴിലാളികളുടെ കൂലി കുടിശ്ശികയായുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തെ അവിദഗ്ദ്ധ കായിക കൂലിയിനത്തിലെ കുടിശ്ശിക തീർക്കാൻ 75923.31 ലക്ഷം രൂപ ആവശ്യമായിരുന്നെങ്കിലും 12283.79 ലക്ഷം രൂപ മാത്രമാണ് കേന്ദ്ര സർക്കാർ 10-4-2017-ൽ അനുവദിച്ചത്. ശേഷിക്കുന്ന വേതന കുടിശ്ശിക താമസംവിനാ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന മന്ത്രിക്കും 2016-17-ലെ കൂലി കുടിശ്ശികയും 2017-18-ലെ പദ്ധതി തുകയും അടിയന്തരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലും കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് അനുവദിച്ച് കേന്ദ്ര സർക്കാർ ഇതേവരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## മാലിന്യ നിർമ്മാർജ്ജന പദ്ധതി

110 (5298) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഒന്നുംതന്നെ ഫലപ്രദമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫലപ്രദമായി, ജനങ്ങളുടെ ആശങ്ക അകറ്റി മാലിന്യ നിർമ്മാർജ്ജനം, ഫലപ്രദമായി നടത്തുന്നതിന് ഉപയുക്തമായ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അറവുശാല മാലിന്യങ്ങളും, കോഴിക്കടകളിൽ നിന്നുമുള്ള അവശിഷ്ടങ്ങളും, വീട്ടുമാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും രാത്രികാലങ്ങളിൽ പൊതുനിരത്തുകൾ, ഒഴിഞ്ഞപറമ്പുകൾ, ജലാശയങ്ങൾ ഇവയിൽ നിക്ഷേപിക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) കുടിവെള്ള സ്രോതസ്സുകളെപ്പോലും മലിനമാക്കി പകർച്ചവ്യാധികൾക്കിടയാക്കുന്ന ഈ പ്രവണത തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നം ജനപങ്കാളിത്തത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ജൈവമാലിന്യം ഉറവിടങ്ങളിൽതന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ വെർമി കമ്പോസ്റ്റിംഗ്/റിംഗ് കമ്പോസ്റ്റിംഗ്/ബക്കറ്റ് കമ്പോസ്റ്റ്/ കലം കമ്പോസ്റ്റ്/ ബയോബിൻ മുതലായ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്കും ബയോ ഗ്യാസ് പ്ലാന്റ് സംവിധാനങ്ങൾക്കും മുൻതൂക്കം നൽകി നടപ്പിലാക്കിവരുന്നുണ്ട്. നിലവിലുള്ള കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ കുറ്റമറ്റതാക്കുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്. വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഖരമാലിന്യ മാനേജ്മെന്റ് ചട്ടം 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 ഇവയുടെ അടിസ്ഥാനത്തിൽ ബ്രാൻഡ് ഓണർ/ഉൽപ്പാദകർ/ഡീലർമാർ തുടങ്ങിയവർ എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി പ്രകാരം സ്വമേധയായോ

തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടോ എടുക്കേണ്ട ഉത്തരവാദിത്തം നിറവേറ്റപ്പെടുന്നതിനുള്ള പ്രാരംഭ നടപടികളും തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തുതന്നെ റീസൈക്കിൾ വ്യവസായമാരംഭിക്കുന്നതിനുള്ള പ്രോത്സാഹന നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിത കേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമാകുന്ന പരാതികളിൻമേൽ 1994-ലെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നീ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സ്റ്റാറ്റ്യൂട്ടറി നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭകളിലെ ആരോഗ്യവിഭാഗം ജീവനക്കാർ രാത്രികാലങ്ങളിൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ചെറുകിട വ്യാപാരികൾക്കും കടകൾക്കുമുള്ള ലൈസൻസ്**

111 (5299) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ചെറുകിട വ്യാപാരികൾക്കും, കടകൾക്കും ലൈസൻസ് എടുക്കുന്നതിനും, പുതുക്കുന്നതിനും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ലൈസൻസ് പുതുക്കുമ്പോഴുള്ള പുതിയ വ്യവസ്ഥകൾ മൂലം ചെറുകിട കച്ചവടക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിലെ വ്യവസ്ഥകൾ പ്രകാരം ഡി&ഒ ലൈസൻസ് പുതുക്കുമ്പോൾ ചെറുകിട കച്ചവടക്കാർക്ക് പ്രയാസങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സാംസ്കാരിക നിലയത്തിൽ ജിംനേഷ്യം

112 (5300) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ കിഴുവിലം പഞ്ചായത്ത് ഒന്നാം വാർഡിലെ സാംസ്കാരിക നിലയത്തിൽ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; ആരാണ് അത് പ്രവർത്തിപ്പിക്കുന്നത്; വാടക ഈടാക്കുന്നുണ്ടോ;

(ബി) സാംസ്കാരിക നിലയത്തിൽ ജിംനേഷ്യം നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വ്യവസ്ഥകൾ പ്രകാരം; പ്രവർത്തന സമയം ക്രമീകരിച്ചിട്ടുണ്ടോ;

(സി) ഇവിടെ രാപകലെന്യേ നടക്കുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ ക്കുറിച്ച് പോലീസിൽ പരാതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പരിസരവാസികൾക്കാകെ ഭീഷണിയായ ഈ നിലയം പഞ്ചായത്ത് ഏറ്റെടുത്ത് നാട്ടുകാരുടെ സ്വൈര്യജീവിതം ഉറപ്പുവരുത്താനും അതിനെ ഉപകാരപ്രദമായ ആവശ്യത്തിന് ഉപയോഗപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡായ പുരവൂരിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പഞ്ചായത്തിന്റെ സാംസ്കാരിക നിലയം പ്രവർത്തിക്കുന്നു. ഇവിടെ പഞ്ചായത്തിൽനിന്നും ദിവസേന നാല് ദിനപത്രങ്ങൾ നൽകി വരുന്നു. നാട്ടുകാർ പത്രപാരായണത്തിനുവേണ്ടി ഈ കേന്ദ്രം വിനിയോഗിക്കുന്നുണ്ട്. ഈ കെട്ടിടത്തിന് മുകളിൽ രണ്ടാമത് പ്രത്യേകം കെട്ടിയുണ്ടാക്കിയ ഹാളിൽ പഞ്ചായത്ത് 2006-07 വാർഷിക പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് യുവജനങ്ങളുടെ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലണ് ഹെൽത്ത് ക്ലബ്ബ് പ്രവർത്തിക്കുന്നത്. ഇവിടെ പ്രത്യേക വാടകയോ വരിസംഖ്യയോ ഈടാക്കുന്നില്ല. യുവജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി സൗജന്യമായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്.

(ബി) സാംസ്കാരിക നിലയത്തിന്റെ മുകളിലത്തെ ഹാളിൽ പഞ്ചായത്ത് ഹെൽത്ത് ക്ലബ് നടത്തുന്നുണ്ട്. യുവജനങ്ങൾക്ക് സൗജന്യമായാണ് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഹെൽത്ത് ക്ലബിന് പകൽ സമയം (രാവിലെ 6 മുതൽ വൈകുന്നരം 6 വരെ) മാത്രമാണ് പ്രവർത്തനാനുമതി.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പറും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അന്വേഷണം നടത്തുകയും വൈകിട്ട് ആറ് മണിക്കുശേഷവും ഹെൽത്ത് ക്ലബ് പ്രവർത്തിക്കാറുണ്ടെന്ന് സ്ഥലവാസികൾ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ, ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്ന മുകളിലത്തെ ഹാൾ താൽക്കാലികമായി പൂട്ടുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ ബന്ധപ്പെട്ടവരുടെയും സ്ഥലവാസികളുടെയും ഒരു യോഗം വിളിച്ചുചേർത്ത് ഹെൽത്ത് ക്ലബ്ബിന്റെ നടത്തിപ്പിന് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതും സമയക്ലിപ്തത ഉറപ്പു വരുത്തിയശേഷം മാത്രം ഹെൽത്ത് ക്ലബ്ബ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്. കൂടാതെ ടി കെട്ടിടത്തിലെ താഴത്തെ നിലയിൽ ഒന്നാം വാർഡിലെ സേവാഗ്രാം (ഗ്രാമകേന്ദ്രം) ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

**പുതുതായി രൂപീകൃതമായ നഗരസഭകൾ**

113 (5301) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകൃതമായ നഗരസഭകൾക്ക് പ്രത്യേകമായി എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ നഗരസഭക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ നിയമനങ്ങൾ പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തലശ്ശേരിയിലെ പ്രവൃത്തികൾ

114 (5302) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ആണ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണ്;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(സി) ഇനിയും ഡി പി ആർ സമർപ്പിക്കാത്ത എത്ര പ്രവൃത്തികൾ ആണ് ഉള്ളത്; ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തലശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള മുഴവൻ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ളത്.

1. രാജാസ് കല്ലായി ഹോമിയോ ഡിസ്പെൻസറി കണക്ഷൻ റോഡ് നവീകരണം.
2. നെല്ലരിപ്പറമ്പ് കോട്ടായി കുലോം റോഡ് നവീകരണം.
3. 4 ഹൈമാസ്റ്റ് ലൈറ്റ് - തലശ്ശേരിയിലെ വിവിധ സ്ഥലങ്ങൾ

മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി &ഡി) മേൽപ്പറഞ്ഞ 3 പ്രവൃത്തികളുടെയും ഡി.പി.ആർ. അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഒറ്റത്തവണ നന്നാക്കൽ പദ്ധതി**

115 (T*5303) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒറ്റത്തവണ നന്നാക്കൽ പദ്ധതി പ്രകാരം എത്ര ഗ്രാമീണ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(ബി) ഇവയുടെ മണ്ഡലം തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഫണ്ട് അനുവദിച്ചിട്ടില്ല.

**തെരുവുനായ ആക്രമണങ്ങൾ**

116 (5304) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ ആക്രമണങ്ങൾ വീണ്ടും വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ആറ്റിങ്ങലിന് സമീപമുണ്ടായ ആക്രമണത്തിൽ കുഞ്ഞുകൃഷ്ണൻ എന്നയാൾ മരിച്ച സംഭവം തെരുവുനായ നിയന്ത്രണ നടപടികൾ ഫലവത്താവുന്നില്ല എന്നതിന്റെ തെളിവല്ലേ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നിയന്ത്രണ നടപടികളുടെ വിവരവും ചെലവഴിച്ച തുകയുടെ വിവരങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തെരുവുനായ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) അല്ല.

(സി) തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ത്രിതല പഞ്ചായത്തുകളും നഗരസഭകളും സഹകരിച്ച് ജില്ലയിലെ നിശ്ചിത കേന്ദ്രങ്ങളിൽ തെരുവ് നായ്ക്കളെ എത്തിച്ച് വന്ധ്യംകരിച്ച് തിരികെ വിടുന്ന പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ പൊതുനിരത്തുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികളും സ്വീകരിച്ചുവരുന്നു. എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ 11,57,33,289 രൂപ വകയിരുത്തിയിട്ടുള്ളതിൽ 31-3-2017 വരെ 3,01,19,117 രൂപ ചെലവഴിച്ചിട്ടുണ്ട്. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 9,52,31,554 രൂപ വകയിരുത്തിയതിൽ 23,24,202 രൂപ ചെലവഴിച്ചിട്ടുണ്ട്.

**തീരദേശ നിയന്ത്രണ നിയമങ്ങൾ**

117 (5305) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടലും കായലും തോടുകളും നെൽപ്പാടങ്ങളും ഇടകലർന്ന വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണത്തിനും നിലവിലുള്ള ഭവനങ്ങൾ പുതുക്കിപ്പണിയുന്നതിനും തീരദേശ നിയന്ത്രണ നിയമങ്ങൾ ബാധകമായതിനാൽ സാധാരണക്കാർ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വെള്ളം, വൈദ്യുതി, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിനായി താൽക്കാലിക നമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് അധികാരം നൽകി 16-11-2016-ലെ സ.ഉ. (എംഎസ്) നമ്പർ 170/16/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുകൂല തീരുമാനം ലഭിക്കുന്ന മുറയ്ക്ക് അത്തരം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതാണ്.

**പഞ്ചായത്ത്‌രാജ് നിയമങ്ങളിൽ ഭേദഗതി**

118 (5306) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരം പഞ്ചായത്തിലെ വീടുകളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനുള്ള സേവനത്തിന് മിനിമം എത്ര ദിവസങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വസ്തു കൈമാറ്റം സംബന്ധിച്ച രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷവും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം പഞ്ചായത്തു രജിസ്റ്ററുകളിൽ മാറ്റം വരുത്തുന്നതിന് നിലവിലുള്ള പഞ്ചായത്ത് രാജ് നിയമ പ്രകാരം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ പുതുക്കിയ രജിസ്ട്രേഷൻ നിയമ പ്രകാരം വസ്തു കൈമാറ്റം ചെയ്യുമ്പോൾ വ്യക്തികളുടെ ഫോട്ടോ, പാൻകാർഡ് നമ്പർ, വോട്ടർ ഐ.ഡി. നമ്പർ, ആധാർ കാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിനാൽ പഞ്ചായത്തു രേഖകളിൽ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുമോ;

(ഡി) പഞ്ചായത്ത് രാജ് നിയമങ്ങളിൽ ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിൽ ചട്ടം 23 എ(1) പ്രകാരം ഉടമസ്ഥാവകാശം പൂർണ്ണമായും കൈമാറ്റം ചെയ്യുന്നതിനും രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും ഇരുകക്ഷികളും അപേക്ഷ ബോധിപ്പിക്കുകയും അതിലൊരു കക്ഷി രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥനായിരിക്കുകയും ചെയ്യുന്ന പക്ഷം സെക്രട്ടറി രജിസ്റ്റർ പരിശോധിച്ച് കഴിയുന്നത്രവേഗം അതിൽ കൈമാറ്റം രേഖപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കേരളത്തിലെ ശുചിത്വ നഗരങ്ങൾ**

119 (5307) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നഗര വികസന മന്ത്രാലയം നടത്തിയ സർവ്വേയിൽ കേരളത്തിൽ ശുചിത്വനഗരങ്ങളില്ല എന്ന കണ്ടെത്തുകയുണ്ടായോ ;

(ബി) ആദ്യ 250 സ്ഥാനങ്ങളിൽ കേരളത്തിലെ ഒരു നഗരത്തിനും ഉൾപ്പെടാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിൽ കേരളത്തിൽ നിന്ന് ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ച നഗരമേതാണ്; എങ്കിൽ എത്രയാണ് ആ നഗരത്തിന്റെ റാങ്ക്;

(ഡി) തുറസായ സ്ഥലങ്ങളിൽ മല വിസർജനമില്ലാത്ത നഗരങ്ങൾക്കും ശാസ്ത്രീയ ഖരമാലിന്യസംസ്കരണ സംവിധാനമുള്ള നഗരങ്ങൾക്കും സർവ്വേയിൽ ഉയർന്ന റാങ്ക് ലഭിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ മേഖലയിൽ കേരളത്തിന്റെ പരിമിതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കോഴിക്കോട്, റാങ്ക്-254

(ഡി) പരിശോധിച്ചിട്ടുണ്ട്. പരാമർശിത കാര്യങ്ങൾ സർവേയിൽ ഉപയോഗിക്കപ്പെട്ട രണ്ട് സൂചകങ്ങളായിരുന്നു.

(ഇ) സ്വച്ഛ് സർവേക്ഷന്റെ ഭാഗമായി നടത്തപ്പെടുന്ന സർവേയിൽ വിവരം ശേഖരിക്കപ്പെടുന്ന പ്രധാന ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2) വ്യക്തിഗത, കമ്മ്യൂണിറ്റി, പബ്ലിക്ക് ടോയ്‌ലറ്റുകൾ (3) വെളിയിട വിസർജ്ജന രഹിത സിറ്റി (4) വിവര വിജ്ഞാനവ്യാപനം, വിവരസാങ്കേതികവിദ്യ എന്നിവയിലധിഷ്ഠിതമായ സ്വച്ഛതാ ആപ് എന്നീ സേവനങ്ങളുടെ സമയബന്ധിതവും ഗുണപരവുമായ നിർവഹണത്തിലും മാനേജ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും

വ്യക്തിഗത ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 2017-18 വർഷത്തെ പദ്ധതി രൂപീകരണമാർഗ്ഗ നിർദ്ദേശത്തിൽ നഗരസഭകൾ തങ്ങളുടെ വികസന ഫണ്ട് പൊതുവിഹിതത്തിൽ നിന്ന് കുറഞ്ഞത് 15% തുക മാലിന്യ സംസ്കരണമടക്കമുള്ള ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയുടെ ഭാഗമായും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം ജനപങ്കാളിത്തത്തോടെ ചിട്ടയോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി പൊതുജനങ്ങളിൽ വൃത്തി ഒരു സംസ്കാരമാക്കി മാറ്റുവാനും സംസ്ഥാനത്തെ നഗരങ്ങൾ വൃത്തിയുള്ള കേന്ദ്രങ്ങളാക്കുവാനുമാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

## കേരളത്തിലെ ശുചിത്വം

120 (5308) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വൃത്തിയുള്ള നഗരങ്ങളിൽ കേരളം ഏറ്റവും പിൻനിരയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പോരായ്മ തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലുള്ള വിവിധ നഗരങ്ങൾ വൃത്തിയുടെ കാര്യത്തിൽ, വളരെ ശോച്യമാണെന്നതു കണക്കാക്കി, ശുചിത്വമുള്ള നഗരങ്ങളുടെ ലിസ്റ്റിൽ കടന്നു കൂടാൻ എന്തൊക്കെ പദ്ധതികൾ നടപ്പാക്കുമെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) കേന്ദ്ര നഗരവികസന മന്ത്രാലയം അമൃത് (AMRUT) നഗരങ്ങളിൽ നടത്തിയ ശുചിത്വ സർവേ 2017-ൽ കേരളത്തിലെ നഗരസഭകൾക്ക് മെച്ചപ്പെട്ട റാങ്ക് ലഭിച്ചിരുന്നില്ല. റാങ്കിങ്ങിനായി നിർണ്ണയിക്കപ്പെട്ട ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2) വ്യക്തിഗത, കമ്മ്യൂണിറ്റി, പബ്ലിക്ക് ടോയ്‌ലറ്റുകൾ (3) വെളിയിട വിസർജ്ജനരഹിത സിറ്റി ഇവയിൽ പ്രത്യേക ശ്രദ്ധ നൽകി സേവന ഗുണമേന്മ ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ശുചിത്വ മാലിന്യ സംസ്കരണം ഹരിത കേരളം മിഷന്റെ ഭാഗമായ ഒരു ഉപദൗത്യമാണ്. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ തദ്ദേശഭരണ സ്ഥാപന തലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുകയെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനുവേണ്ടിയുള്ള മിഷൻ സംവിധാനവും കർമ്മ സേനയും സംസ്ഥാനതലം മുതൽ തദ്ദേശഭരണ തലം വരെ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശത്തിൽ നഗരസഭകൾ താങ്കളുടെ വികസനഫണ്ട് പൊതുവിഹിതത്തിൽ നിന്ന് കുറഞ്ഞത് 15% തുക മാലിന്യ സംസ്കരണമടക്കമുള്ള ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം ജനപങ്കാളിത്തത്തോടെ ചിട്ടയോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി സംസ്ഥാനത്തെ നഗരങ്ങളും ഗ്രാമങ്ങളും വൃത്തിയുള്ള കേന്ദ്രങ്ങളാക്കുവാനാണ് ശ്രമിച്ചുവരുന്നത്.

**ആസ്തി വികസന ഫണ്ട്**

121 (5309) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ വകുപ്പ് വഴി നടപ്പിലാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ എം.എൽ.എ. മാർ കഴിഞ്ഞ 5 വർഷങ്ങളിലായി എത്ര പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഇതുവരെയായി അഡ്മിനിസ്ട്രേട്റ്റിവ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെയായി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത എത്ര പ്രവൃത്തികൾ ഉണ്ട്; ഈ പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 187 പ്രവൃത്തികൾ.

(ബി) 157 പ്രവൃത്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിക്കാത്ത 30 പ്രവൃത്തികളുണ്ട്. ഇതിൽ 27 പ്രവൃത്തികൾ 2016-17 വർഷത്തിൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച് അടുത്ത കാലത്തായി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 3 പ്രവൃത്തികൾ എം.എൽ.എ.മാർ നിർദ്ദേശിച്ചതിനുശേഷം ഉപേക്ഷിച്ചിട്ടുള്ളതാണ്.

(ഡി) ഭരണാനുമതിക്കായി ലഭിച്ച 39 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി 2016-17-ൽ ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത 59 പ്രവൃത്തികളുണ്ട്. ഈ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതാണ്.

**ഭവനരഹിതർ**

122 (5310) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഭവനരഹിതരുടെ എണ്ണം എത്ര എന്ന് തദ്ദേശ ഭരണസ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കൾക്ക് ഇനിയും കുടിശ്ശിക നൽകാൻ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് ലൈഫ് പദ്ധതിയുടെ ഭാഗമായി, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവേ പൂർത്തീകരിച്ചിട്ടുണ്ട്. സർവേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയായാൽ മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം പുതിയ ഭവന പദ്ധതി (LIFE) പ്രകാരം ആനുകൂല്യം അനുവദിച്ചു തുടങ്ങിയിട്ടില്ല. എന്നാൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ ജില്ലയിലെ ആറ് ബ്ലോക്ക് പഞ്ചായത്തുകളിലുമായി 463 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയിൻകീഴിൽ ധനസഹായം വിതരണം ചെയ്തിട്ടില്ല. 2011-12 മുതൽ 2015-16 വരെ IAY പദ്ധതിയിൽ സംസ്ഥാന സർക്കാർ നൽകാനുള്ള 3,76,61,917 രൂപ കുടിശ്ശികയായി നൽകാനുണ്ട്.

(സി) കുടിശ്ശിക തുക ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്രാമവികസന പദ്ധതികൾ**

123 (5311) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമവികസന പദ്ധതികൾ ഒന്നുകിൽ കേന്ദ്രാവിഷ്കൃത പദ്ധതികളോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളോ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും അനുവദിച്ച കേന്ദ്രസഹായം, പദ്ധതികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ, എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന പദ്ധതികളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാർ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

<u>എൻ.ആർ.എൽ.എം</u> :

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് വരുമാനദായക പ്രവൃത്തികൾക്ക് ആവശ്യമായ പിന്തുണ നൽകിക്കൊണ്ട് അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആരംഭിച്ച പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം). പ്രധാനമായും 4 ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. (1) സംഘടനാ ശാക്തീകരണം, (2) ലഘു സമ്പാദ്യ പദ്ധതി (3) സാമൂഹ്യ ഉൾപ്പെടുത്തൽ (4) ഉപജീവനം, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ്.കളുടെയും സി.ഡി.എസ്.-കളുടെയും ശാക്തീകരണവും കുടുംബശ്രീ സംസ്ഥാന/ജില്ലാ മിഷനുകളുടെ പരിശീലനവും പട്ടികജാതി/തീരദേശ/അംഗ പരിമിതിയുള്ളവരുടെ അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശാക്തീകരണവും ലിംഗനീതി സംബന്ധമായ പ്രവർത്തനങ്ങളും അയൽക്കൂട്ടങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട്/വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്/കമ്മ്യൂണിറ്റി ഇൻവെസ്റ്റുമെന്റ് ഫണ്ട്/ഇന്ററസ്റ്റ് സബ്‌വെൻഷൻ എന്നിവയും സാമ്പത്തിക സാക്ഷരതാ പ്രവർത്തനങ്ങളും വിവിധ ഉപജീവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വർക്കുള്ള വൈദഗ്ദ്ധ്യ പരിശീലനവുമാണ് എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്നത്. എൻ.ആർ.എൽ.എ. പദ്ധതിയുടെ കീഴിൽ ഉപജീവനവുമായി ബന്ധപ്പെട്ട പ്രധാനമായും രണ്ട് പദ്ധതികളാണ് നടത്തപ്പെടുന്നത്. (1) കൃഷി/കൃഷിയിതര മേഖല, മൃഗസംരക്ഷണ മേഖല, വനവിഭവ മേഖല എന്നീ മേഖലകളിലുള്ള ലഘു സംരംഭകർക്ക് വിദഗ്ദ്ധ പരിശീലനങ്ങൾ (സെമിനാറുകൾ, പഠനയാത്രകൾ എന്നിവ ഉൾപ്പെടെ) നൽകപ്പെടുന്നു. (2) കമ്മ്യൂണിറ്റി ഇൻവെസ്റ്റുമെന്റ്/എന്റർപ്രൈസ് ഫണ്ടിന്റെ കീഴിൽ ലഘു സംരംഭങ്ങളും പ്രൊഡ്യൂസർ കമ്പനികളും ശക്തിപ്പെടുത്തുന്ന തിനുള്ള വായ്പാ സഹായം. ഇത്തരം വായ്പകൾ വളരെ മിതമായ പലിശ നിരക്കിൽ സി.ഡി.എസ്.കൾ മുഖേനയാണ് അയൽക്കൂട്ടാംഗങ്ങൾക്ക് വിതരണം ചെയ്യുന്നത്. അയൽക്കൂട്ടാംഗങ്ങൾ വായ്പ തിരിച്ചടയ്ക്കേണ്ടതും സി.ഡി.എസ്.കൾക്കാണ്.

<u>എം.കെ.എസ്.പി.</u>

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപപദ്ധതിയായിട്ടാണ് മഹിളാ കിസാൻ സശാക്തീകരൻ പരിയോജന (എം.കെ.എസ്.പി.) വിഭാവനം ചെയ്തിരിക്കുന്നത്. കൃഷിയിൽ സ്ത്രീപ്രാധാന്യം ഉറപ്പുവരുത്താനും കൂടുതൽ കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര

വികസനം ഉറപ്പുവരുത്താനമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. കേരളത്തിൽ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേനയും ഗ്രാമ വികസന വകുപ്പ് മുഖേനയും പ്രോജക്ടുകൾ നടത്തിവരുന്നു. കുടുംബശ്രീ മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി അടങ്കൽ തുക 79 കോടി രൂപയാണ്. ഇതിൽ കേന്ദ്രവിഹിതം ഒന്നാം ഗഡു 9.03 കോടിയും രണ്ടാം ഗഡു 18.06 കോടിയും സംസ്ഥാന വിഹിതമായി ആദ്യഗഡു 6.960 കോടി രൂപയുമാണ് ലഭ്യമയിട്ടുള്ളത്. 20.12 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കുടുംബശ്രീ എം.കെ.എസ്.പി പദ്ധതി മുഖാന്തരം കേരളത്തിൽ 30,000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ ഒന്നര ലക്ഷത്തിലേറെ സ്ത്രീകളെ സുസ്ഥിര കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഭാഗമായി 65,601 സംഘകൃഷി ഗ്രൂപ്പുകളിലായി 2,88,005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കൂടാതെ 3000 മാസ്റ്റർ കർഷകർ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നുണ്ട്. ഇവരെല്ലാം കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളാണ്.

<u>എം.കെ.എസ്.പി. വാല്യൂ ചെയിൻ</u>

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപപദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൻ പരിയോജന (എം.കെ.എസ്.പി) വഴി കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2017-2019 കാലഘട്ടത്തിൽ എം.കെ.എസ്.പി. വാല്യൂ ചെയിൻ (മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

<u>ഡി.ഡി.യു.ജി.കെ.വൈ.</u>

ദരിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.)ന്റെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.). ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അർഹമായ

തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 21200 പേർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് & പഞ്ചായത്തീരാജ്, ഹൈദരാബാദിന്റെ മേൽനോട്ടത്തിൽ 2014 ഫെബ്രുവരി മാസത്തിൽ 7 ഏജൻസികളുമായി ധാരണാപത്രത്തിൽ ഏർപ്പെടുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗ്രാമ വികസന വകുപ്പിൽ കുടുംബശ്രീ സമർപ്പിച്ച വാർഷിക പദ്ധതിയുടെ ഭാഗമായി 30000 ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള അനുമതി കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27 ഏജൻസികളെ തെരഞ്ഞെടുക്കുകയും 2015 ജൂലൈ മാസം മുതൽ പദ്ധതി നടപ്പിലാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. 2016 ജൂലൈ മാസം മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും കേന്ദ്ര ഗ്രാമ വികസന വകുപ്പ് ഏകോപിപ്പിക്കുകയും 51,200 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള മുഴുവൻ ചുമതലയും കുടുംബശ്രീയെ ഏൽപ്പിക്കുകയും ചെയ്തു. ഗ്രാമ വികസന വകുപ്പുമുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. (എം.ജി.എൻ.ആർ.ഇ.ജി.എ.)
2. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.ജി.)
3. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (എസ്.ബി.എം.ജി.)
4. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)
5. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)
6. നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.)

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ടി പദ്ധതികൾക്ക് താഴെപ്പറയുംപ്രകാരം കേന്ദ്ര സഹായം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

<u>ഡേ-എൻ.ആർ.എൽ.എം</u>:

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുംപ്രകാരം കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വർഷം | തുക (ലക്ഷം) |
|---|---|
| 2012-13 | 2294 |
| 2013-14 | 2620.9 |
| 2014-15 | 1806.29 |
| 2015-16 | 1354.22 |
| 2016-17 | 1968.84 |

എം.കെ.എസ്.പി. :

പ്രസ്തുത പദ്ധതി പ്രകാരം 2011-12-ൽ 9.03 കോടി രൂപയും 2015-16-ൽ 18.06 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

ഡി.ഡി.യു.ജി.കെ.വൈ :

ടി പദ്ധതി അനുസരിച്ച് 2014-15-ൽ 45 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 1.39 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 45 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പുമുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ**
**ജീവനക്കാരെ സസ്പെൻഡ് ചെയ്ത നടപടി**

124 (5312) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ രണ്ട് ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ സസ്പെൻഷന് ചൂണ്ടിക്കാണിച്ച കാരണമെന്തായിരുന്നു; സ്റ്റേ ചെയ്തത് എന്തുകാരണത്താലായിരുന്നു;

(സി) സസ്പെൻഷൻ അനാവശ്യകാരണങ്ങളുടെ പേരിലാണെങ്കിൽ അകാരണ സസ്പെൻഷന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി കോഴിക്കോട് ജില്ലയിലെ കെടവൂർ വില്ലേജിൽ സർവ്വേ നമ്പർ 16/1-ൽപ്പെട്ട നെൽവയൽ തണ്ണീർത്തട ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിലും രാരോത്ത് വില്ലേജിൽ റീ സർവേ നമ്പർ 68/14-ൽപ്പെട്ട നെൽവയൽ തണ്ണീർത്തട ഭൂമിയിൽ 2592 ച. മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിലും ഭൂമി നെൽവയൽ തണ്ണീർത്തട വിഭാഗത്തിൽപ്പെടുന്നതാണെന്ന വസ്തുത മറച്ചുവച്ച് സെക്രട്ടറിയെ തെറ്റിദ്ധരിപ്പിക്കുംവിധം കുറിപ്പെഴുതി ഫയൽ സമർപ്പിച്ചതിനും ആയത് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും അനുബന്ധ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും ചട്ടങ്ങളുടെയും 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സി.എ. നമ്പർ 2749/15 (ആർഡിഒ, ഫോർട്ട് കൊച്ചി V/s ജലജാ ദിലീപ്) എന്ന കേസിലെ 10-3-2015-ലെ വിധിന്യായത്തിന്റെയും ലംഘനമായതിനാലും രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള പങ്കാളിത്തം സംബന്ധിച്ച് വിശദമായ പരിശോധന ഒരിക്കൽകൂടി നടത്തേണ്ടതുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ സർക്കാർ സ്റ്റേ ചെയ്തത്.

(സി) ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി**

125 (5313) ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി ജനോപകാരപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ നിലവിൽ വന്ന ശേഷം പദ്ധതി പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ;

(ബി) വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം ഈ വർഷത്തിൽ ഏതു വിധത്തിൽ ഉപയോഗപ്പെടുത്തി എന്ന് വ്യക്തമാക്കുമോ;

(സി) കയ്യേറി ഉപയോഗശൂന്യമാക്കിയതും മാലിന്യം നിറച്ച് ഉപയോഗ യോഗ്യമല്ലാതാക്കിയതുമായ എത്ര പരമ്പരാഗത ജലസ്രോതസ്സുകൾ ഈ പദ്ധതിയിലൂടെ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കാനായി എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകൾ തൊഴിലുറപ്പ് പദ്ധതി മുഖേന സംരക്ഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇവയിൽ കുളങ്ങളുടെ നവീകരണം, പുഴകളുടെ പുനരുജ്ജീവനം, കിണർ റീ ചാർജിംഗ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ മഴക്കുഴികൾ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം പരമ്പരാഗത പൊതുജല സ്രോതസ്സുകൾ ഉൾപ്പെടെയുള്ള 24247 എണ്ണത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത പൊതുജലസ്രോതസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായുള്ള 5998 പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, തടാകങ്ങൾ എന്നിവയും ഉൾപ്പെടുന്നു. കൂടാതെ 2016-17-ൽ 14924 മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 3698 പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

**തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യം ശേഖരിക്കൽ**

126 (5314) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മാലിന്യശേഖരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ മാലിന്യ ശേഖരണം അനുവദനീയമാക്കുന്നതിന് കേന്ദ്ര നിയമത്തിന്റെ ഭേദഗതിയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം നഗര മാലിന്യശേഖരണത്തിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

**വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ**

127 (5315) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം 16 വയസ്സിൽ കൂടുതലുള്ളവർ 27-6-2013 വരെ നടത്തിയ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സങ്ങളുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ പുതിയ ഉത്തരവുകളോ സർക്കുലറുകളോ ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം വിവാഹങ്ങളുടെ രജിസ്ട്രേഷന് ജില്ലാ രജിസ്ട്രാറുടെ (ഡി ഡി പി) ഓഫീസുകളിൽ അനുമതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഒരു സാമൂഹിക പ്രശ്നമെന്ന നിലയിൽ ആവശ്യമായ സ്പഷ്ടീകരണം നൽകി ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) ആകെ 2807 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 33 |
| 3 | പത്തനംതിട്ട | 45 |

| | | |
|---|---|---|
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 11 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 8 |
| 8 | തൃശ്ശൂർ | 46 |
| 9 | പാലക്കാട് | 176 |
| 10 | മലപ്പുറം | 2155 |
| 11 | വയനാട് | 36 |
| 12 | കോഴിക്കോട് | 30 |
| 13 | കണ്ണൂർ | 92 |
| 14 | കാസർഗോഡ് | 172 |
| | ആകെ | 2807 |

(ഡി) 27-6-2013-ലെ 41832/RC3/2013/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരവും 13-9-2013-ലെ 5059/RC3/2013/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരവും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ**

128 (5316) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും വരുമാനമില്ലാത്ത അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിനെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അതിരപ്പിള്ളി, വാഴച്ചാൽ ടൂറിസ്റ്റ് മേഖലകളിൽ നിന്ന് വനം വകുപ്പ് പ്രവേശനഫീസ്, പാർക്കിംഗ് ഫീസ് എന്നീ ഇനങ്ങളിൽ പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം തുക ഗ്രാമപഞ്ചായത്തിനു വിനോദ നികുതിയായി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരുന്ന ജനറൽ പർപ്പസ് ഫണ്ടിന് പുറമെ 1-2-2016-ലെ സ.ഉ. (ആർ.ടി) 1029/2016/ധന. നമ്പർ ഉത്തരവുപ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് 2015-16 വർഷം ഗ്യാപ് ഫണ്ടായി 96,662 രൂപ നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**റോഡിന്റെ അലൈൻമെന്റ്**

129 (5317) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ പണിപൂർത്തീകരിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതുമായ കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന് സമീപത്ത് നിന്നും ആരംഭിച്ച് ശ്രീകൃഷ്ണ ടെമ്പിൾ റോഡ് വരെയുള്ള റോഡിന്റെ അലൈൻമെന്റിന് ജൻറം പദ്ധതിപ്രകാരമോ മറ്റേതെങ്കിലും പദ്ധതിയിലോ കൊച്ചി നഗരസഭ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തിന് കൊച്ചി നഗരസഭയുടെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വകയിരുത്തിയിട്ടുള്ള തുക എത്ര;

(സി) ഈ പദ്ധതി നഗരസഭയുടെ ഏതെങ്കിലും വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷത്തെ എന്ന കാര്യം വ്യക്തമാക്കാമോ;

(ഡി) അംഗീകാരം നൽകിയ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി നഗരസഭയിൽനിന്നും റിപ്പോർട്ട് ചെയ്തത് അനുസരിച്ച് ജൻറം പദ്ധതിയിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നെങ്കിലും കാലാവധിക്കുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിനാൽ പ്രസ്തുത പദ്ധതി നഗരസഭ ഉപേക്ഷിച്ചിട്ടുള്ളതാണ്.

(ബി) തുക വകയിരുത്തിയിട്ടില്ല.

(സി) പ്രഖ്യാപിച്ചിട്ടില്ല.

(ഡി) അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഈ പദ്ധതി ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്.

**പ്ലാസ്റ്റിക് മാലിന്യ സംസ്കരണം**

130 (5318) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ സർക്കാർ നൽകിവരുന്നത്;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് പ്ലാസ്റ്റിക് സംസ്കരണം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക് സംസ്കരണത്തിന് ഈ സർക്കാർ ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ് സംസ്കരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ മുഖേന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാന പ്ലാനിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തുന്ന ഫണ്ടിൽ നിന്നും പ്ലാസ്റ്റിക് സംസ്കരണത്തിന് സഹായകരമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, റീസൈക്ലിംഗ് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുവാദം നൽകിയിട്ടുണ്ട്. മുൻപറഞ്ഞ പ്രകാരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണയും പ്രോജക്ടുകൾക്കുള്ള സാങ്കേതികാനുമതിയും ശുചിത്വമിഷൻ മുഖേന നൽകിവരുന്നു.

(ബി) 15-2-2016-ലെ 82200/ഡി.സി.1/2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം

- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നിർബന്ധമായും നഗരസഭകൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

- വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കൂടാതെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള സൗകര്യം എന്നിവ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബെയിലിംഗ്, ഷ്രെഡ്ഡിംഗ്, ഡീ-ഡസ്റ്റിംഗ്, വാഷിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

- റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ജില്ലാ പഞ്ചായത്തുകൾക്ക് വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കാവുന്നതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്തുകളും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളും പ്രോജക്ടുകൾ ഏറ്റെടുത്തുവരുന്നു.

(സി) എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ആവശ്യമെങ്കിൽ വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബ്രാൻഡ് ഉടമകൾ/നിർമ്മാതാക്കൾ/ഉൽപ്പാദകർ എന്നിവരുടെ ഉത്തരവാദിത്തത്തിൽ സംസ്ഥാനത്ത് 3 റീജയണുകളിലായി പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഒഴിവുകൾ**

131 (5319) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിനു എന്തൊക്കെ നടപടി സ്വീകരിച്ച് വരുന്നുണ്ട്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഒന്നാംതരം ഓവർസിയർമാരുടെ 225 ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നികത്തിയിട്ടുള്ളതാണ്. 74 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി.യിൽനിന്നും അഡ്വൈസ് നൽകിയിട്ടുണ്ട്. ആയവ ഉടൻതന്നെ നികത്തുന്നതാണ്. 2017 ഡിസംബർ വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ ഒഴിവുകളിലേക്ക് 53 പേരെ ഡി.പി.സി (ലോവർ) സെലക്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് വരുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസിയർ

132 (5320) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എന്ന് നിയമനം നടത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ പളിക്കൽ ഗ്രാമപഞ്ചായത്തിൽ ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി ഒഴിവ് നികത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാംതരം ഓവർസിയർമാരുടെ ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും പ്രൊമോഷൻ വഴിയും നികത്തിവരുന്നു. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തുന്നതിന് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. ടി ഒഴിവ് നികത്താൻ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

**തോടുകളുടെയും കുളങ്ങളുടെയും സംരക്ഷണം**

133 (T* 5321) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോടുകളുടെയും കുളങ്ങളുടെയും അരികിലുള്ള വസ്തുവുടമകൾ സ്ഥലം കയ്യേറി അവയുടെ യഥാർത്ഥ രൂപം നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോടുകളുടെ വീതി സംബന്ധിച്ചുള്ള സ്കെച്ച് ലഭ്യമാണോ; തോടുകളുടെ യഥാർത്ഥ വീതിയിലുള്ള രൂപം കണ്ടെത്താൻ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) തോടുകളുടെ വശങ്ങൾ കയ്യേറിയിട്ടുള്ളത് ഒഴിപ്പിച്ച് തോടുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭ്യമാണ്. തോടുകളുടെ യഥാർത്ഥ വീതിയിലുള്ള രൂപം കണ്ടെത്താൻ സർവേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള തോടുകളുടെ വശങ്ങൾ കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ താലൂക്ക് സർവേയറുടെ സേവനം ആവശ്യപ്പെട്ട് കയ്യേറ്റം കണ്ടെത്തിയാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നുണ്ട്.

**സ്ഥാനക്കയറ്റം**

134 (5322) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, തദ്ദേശസ്വയംഭരണ വകുപ്പിൽ, പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം മുടങ്ങിക്കിടന്നിരുന്ന എത്രപേരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് സ്ഥാനക്കയറ്റം മുടങ്ങികിടക്കാൻ കാരണം എന്തായിരുന്നു; വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 276 അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാരെ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പ് ജീവനക്കാർ, പഞ്ചായത്ത് കോമൺ സർവീസ് ജീവനക്കാർ എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങൾ 1-1-1990 പ്രാബല്യത്തിൽ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു വിഭാഗം ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി/ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഈ ലിസ്റ്റിൽ അപാകതയുണ്ടെന്ന് കാണിച്ച് വിവിധ കാരണങ്ങളാൽ രണ്ടുവിഭാഗം ജീവനക്കാരും കോടതിയെ സമീപിച്ചിരുന്നു. ഡയറക്ടർ പ്രസിദ്ധീകരിച്ച 2010-ലെയും 2014-ലെയും സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട ഹൈക്കോടതിയും റദ്ദാക്കിയതിനെത്തുടർന്ന് ടി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 13-5-2016-ലെ വിധിയിൽ തൽസ്ഥിതി തുടരുവാനും നിർദ്ദേശിച്ചിരുന്നു. അതിനാൽ പ്രൊമോഷനുകൾ തടസ്സപ്പെടുകയായിരുന്നു. തുടർന്ന് 19-10-2016-ന് ചേർന്ന ഉന്നതതലയോഗം സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സിവിൽ അപ്പീൽ പിൻവലിക്കുന്നതിനും സർക്കാർ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കുന്നതിനും തീരുമാനിച്ചു. തുടർന്നുണ്ടായ 29-3-2017-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ഗ്രഡേഷൻ/ സീനിയോറിറ്റി ലിസ്റ്റ് ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഏതെങ്കിലും ജീവനക്കാരന് റിവർഷൻ വരുന്നപക്ഷം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അംഗീകാരം വാങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രധാനമന്ത്രി ആവാസ് യോജന**

135 (5323) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി ഓരോ നഗരസഭകൾക്കും നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതം എത്ര; കേന്ദ്രവിഹിതം എത്ര;

(ബി) ഓരോ നഗരസഭയിലും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി; വ്യക്തമാക്കുമോ;

(സി) കോട്ടക്കൽ നഗരസഭയ്ക്കും വളാഞ്ചേരി നഗരസഭയ്ക്കും എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര വീടുകളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; എത്ര വീടുകൾ പൂർത്തിയായി; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഭാഗമായി 25.25 കോടി രൂപ വിവിധ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നഗരസഭ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം കൊല്ലം നഗരസഭയിൽ 15 വീടും തൃശ്ശൂർ നഗരസഭയിൽ 4 വീടും ഉൾപ്പെടെ 19 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(സി) തുക ലഭിച്ചിട്ടില്ല. കോട്ടയ്ക്കൽ നഗരസഭയിൽ 45 വീടുകളുടെയും വളാഞ്ചേരി നഗരസഭയിൽ 249 വീടുകളുടെയും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

136 (5324) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിലെ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കേരളത്തിലെ ക്ഷീരകർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ക്ഷീരകർഷകർക്ക് ആവശ്യമായ പശുത്തൊഴുത്ത് നിർമ്മാണം പദ്ധതിയിൽ ഏറ്റെടുക്കാൻ അനുമതിയുണ്ട്. പശുപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് മസ്റ്റർറോൾ നൽകി പ്രവൃത്തികൾ ചെയ്യിക്കുവാൻ അനുമതി തേടിയിരുന്നെങ്കിലും കേന്ദ്രസർക്കാരിൽനിന്നും അനുകൂല നടപടി ഉണ്ടായിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ പ്രവൃത്തി**

137 (5325) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഏതെങ്കിലും തൊഴിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 വർഷത്തെ ആന്വൽ മാസ്റ്റർ സർക്കുലർ പ്രകാരം സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തി പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2017-18 വർഷത്തെ പരിഷ്കരിച്ച ആന്വൽ മാസ്റ്റർ സർക്കുലറിൽ 7.2.3.7 (ഇ) ഖണ്ഡികയിലാണ് ഇത് സംബന്ധിച്ച നിർദ്ദേശമുള്ളത്. പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

138 (5326) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു:സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ബി) വെല്ലിംഗ്ടൺ ഐലന്റിൽ കൊച്ചി പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് നിർമ്മിക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പണി പൂർത്തിയായെങ്കിൽ കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റിനായി 2013-2014-ൽ നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ (2217-05-191-42 Waste Treatment) വകയിരുത്തിയ 18 കോടി രൂപയിൽ എത്ര രൂപ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് നൽകിയിട്ടുണ്ട്; ബാക്കി നൽകാനുള്ള തുക എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധിക്ക് അനുസൃതമായി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പാക്കേജ് സെപ്റ്റേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, എറണാകുളം ജില്ലകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊച്ചിയിലെ ബ്രഹ്മപുരത്തെ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വെല്ലിംഗ്ടൺ ഐലന്റിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കി 2017 ജനുവരി 1 മുതൽ കമ്മീഷൻ ചെയ്യാൻ പാകത്തിൽ കിടക്കുകയാണ്. എന്നാൽ കരാറുകാരന് നൽകാനുള്ള പണം നൽകാത്തതിനാലും സ്ഥലത്ത് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കുടിവെള്ള കണക്ഷൻ നൽകാത്തതിനാലും പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(സി) 2013-14 സാമ്പത്തിക വർഷം ഖരമാലിന്യ സംസ്കരണത്തിനായി വകയിരുത്തിയിരുന്ന 18 കോടി രൂപ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി വിനിയോഗിക്കുന്നതിനായി നിർദ്ദേശം ഉണ്ടായി രുന്നുവെങ്കിലും ശുചിത്വ മിഷന്റെ പദ്ധതികൾക്കായി തുക വിനിയോഗിച്ചതുകാരണം 18 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും വക മാറ്റാൻ കഴിയാതെ വന്നിട്ടുള്ളതാണ്. ഈ ആവശ്യത്തിലേക്കായി 553.48 ലക്ഷം രൂപ 2217-05-191-42 എന്ന ശീർഷകത്തിൽ നിന്നും കെ.എസ്.യു.ഡി.പി.-ക്ക് അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ 536.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി ആവശ്യത്തിലേക്ക് ധനപുനർവിനിയോഗം മുഖേന ഫണ്ട് കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല.

**ഇൻഫർമേഷൻ കേരള മിഷൻ**

139 (5327) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) മുഖേന നൽകുന്ന വിവിധ കമ്പ്യൂട്ടർ സേവനങ്ങളുടെ സോഫ്റ്റ് വെയർ സംവിധാന ങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണിക്കുമോ;

(ബി) കെട്ടിട നികുതിയുമായി ബന്ധപ്പെട്ട "സഞ്ചയ" സോഫ്റ്റ്‌വെയർ സംവിധാനത്തിൽ നികുതി കുടിശ്ശിക ,സർവ്വീസ് ടാക്സ്,കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തൽ എന്നിവയിൽ വീഴ്ച സംഭവിച്ചതായുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച സോഫ്റ്റ് വെയർ സംവിധാനത്തിലും ഇതിന്റെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിലും നിരവധി പഞ്ചായത്തുകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ;

(ഇ) ഐ.കെ.എം.-ന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സോഫ്റ്റ്‌വെയർ സംവിധാനം പരിഷ്ക്കരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ജനന-മരണ രജിസ്ട്രേഷൻ വാർഷിക കണക്കുകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ ഇൻഫർമേഷൻ കേരള മിഷൻ മുഖാന്തിരം പരിഹരിച്ചുനൽകിയിട്ടുണ്ട്. കൂടാതെ അപാകതകൾ പരിഹരിക്കുന്നതിന് ബ്ലോക്ക് ടെക്നിക്കൽ ഓഫീസർമാരും ജില്ലാ ടെക്നിക്കൽ ഓഫീസർമാരും തദ്ദേശ യൂണിറ്റുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരും നിലവിലുണ്ട്. എല്ലാ വർഷവും തദ്ദേശ ജനനമരണ രജിസ്ട്രാർക്ക് ചീഫ് രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ ട്രെയിനിംഗും നൽകിവരുന്നു.

(ഇ) ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഉദ്യോഗസ്ഥരുടെ അഴിമതി**

140 (5328) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ എത്ര എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ അഴിമതിയുടെ പേരിൽ നടപടിയ്ക്ക് വിധേയരായിട്ടുണ്ട്; 2016 ജനവരി മുതലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പേരെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു; എത്ര പേർക്കെതിരെ അച്ചടക്ക നടപടി തുടരുന്നുണ്ട്; തിരുവനന്തപുരം നഗരസഭയിൽ ഇത്തരത്തിലുള്ള എത്ര പേർ ജോലി നോക്കുന്നുണ്ട്;

(സി) മിനിസ്റ്റീരിയൽ ജീവനക്കാരിൽ നടപടിയ്ക്ക് വിധേയരായ എത്ര പേർ തിരുവനന്തപുരം നഗരസഭയിൽ ജോലി നോക്കുന്നുണ്ട്; 2016 ജനുവരി മുതലുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സസ്പെൻഷൻ അല്ലാതെ മറ്റ് അച്ചടക്ക നടപടിയ്ക്ക് വിധേയരായ എത്രപേർ നഗരസഭയിൽ ജോലി നോക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഇ) ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന എഞ്ചിനീയറിംഗ് ജീവനക്കാരുടെ പേരിൽ എടുക്കുന്ന നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 141 പേർ.

(ബി) സസ്പെൻഡ് ചെയ്യപ്പെട്ടവരിൽ 7 പേരെ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇതിൽ 5 പേർക്കെതിരെ അച്ചടക്കനടപടി തുടരുന്നു. തിരുവനന്തപുരം നഗരസഭയിൽ ഇത്തരത്തിലുള്ള ആരും തന്നെ ജോലി നോക്കുന്നില്ല.

(സി) അന്വേഷണ വിധേയമായി 3 പേരെ സസ്പെൻഡ് ചെയ്യുകയും ആയതിൽ ഒരാളെ അച്ചടക്ക നടപടി തുടർന്നുകൊണ്ട് സർവീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 3 പേർ.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് 'ഫോർ ദ പീപ്പിൾ' എന്ന പരാതി പരിഹാര സെല്ലിന് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന വിജിലൻസ് വകുപ്പ്, CTP (Vigilance), മറ്റ് വകുപ്പ് മേധാവികൾ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഴിമതി, കാലതാമസം തുടങ്ങിയ ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സർവീസ്**

141 (5329) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സർവ്വീസ് നിലവിൽ വരുമ്പോൾ ഇതിൽ ഉൾപ്പെടുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾ സംരക്ഷിക്കുവാനുള്ള പൊതുനിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകരിക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ പരമാവധി പരിരക്ഷിക്കണം എന്നതാണ് സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ നിയമപരമായി എത്രത്തോളം ചെയ്യാൻ കഴിയുമെന്നുള്ളത് കരട് ചട്ടങ്ങൾ ലഭ്യമാകുന്നതോടെ വ്യക്തമാകുന്നതാണ്.

**പുതിയ തസ്തികകൾ**

142 (5330) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽ ആയിട്ടാണ് ഇത്രയും തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളത്; ഓരോ വിഭാഗങ്ങളിലും സൃഷ്ടിച്ച തസ്തിക പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ 1525 പുതിയി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) നഗരകാര്യവകുപ്പിൽ 1494-ഉം തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വകുപ്പിന്റെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 31-ഉം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

നഗരകാര്യ വകുപ്പ്

| തസ്തിക | എണ്ണം |
|---|---|
| (1) | (2 |
| മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി | 29 |
| അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി | 1 |
| പി.എ. ടു മേയർ | 1 |

| (1) | (2) |
|---|---|
| ഡെപ്യൂട്ടി സെക്രട്ടറി | 1 |
| പി.എ. ടു സെക്രട്ടറി | 1 |
| കൗൺസിൽ സെക്രട്ടറി | 1 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| റവന്യൂ ഓഫീസർ ഗ്രേഡ് I | 1 |
| റവന്യൂ ഓഫീസർ ഗ്രേഡ് II | 5 |
| സൂപ്രണ്ട് | 36 |
| ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ | 33 |
| സീനിയർ ക്ലർക്ക് | 169 |
| ക്ലർക്ക്/ബിൽ കളക്ടർ | 169 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഫെയർകോപ്പി സൂപ്രണ്ട് | 1 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 33 |
| ഓഫീസ് അറ്റൻഡന്റ് | 119 |
| ടെലഫോൺ ഓപ്പറേറ്റർ | 1 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 30 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 3 |

| (1) | (2) |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 33 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 61 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 28 |
| നഴ്സറി സ്കൂൾ ടീച്ചർ | 1 |
| ഡ്രൈവർ എൽ.ഡി.വി. | 35 |
| ഡ്രൈവർ എച്ച്.ഡി.വി. | 1 |
| കണ്ടിജന്റ് വർക്കർ | 428 |
| സാനിട്ടേഷൻ വർക്കർ | 270 |
| ആകെ | 1494 |

തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വകുപ്പ്

| തസ്തിക | എണ്ണം |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ഫെയർകോപ്പി സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 4 |
| ഹെഡ് ക്ലർക്ക് | 22 |
| ആകെ | 31 |

## എഞ്ചിനിയറിംഗ് തസ്തിക

143 (5331) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ പുതുതായി എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## ജലാശയങ്ങൾ വൃത്തിയാക്കൽ

144 (5332) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന മലിനമായി കിടക്കുന്നതും ഉപയോഗശൂന്യമായിരിക്കുന്നതുമായ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും സ്ഥിരമായി വൃത്തിയോടെ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന മലിനമായി കിടക്കുന്നതും ഉപയോഗശൂന്യമായിരിക്കുന്നതുമായ ജലാശയങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയിൽ ജലവിഭവ സംരക്ഷണം ഒരു പ്രധാനഘടകമാണ്. ഹരിതകേരളം പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ ചെളിമാറ്റി ആഴംകൂട്ടി ശുചീകരിക്കുകയുണ്ടായി. ഇതിനായി പ്രാദേശിക സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സേവനം വിനിയോഗിക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പരമ്പരാഗത പൊതുജലസ്രോതസ്സുകൾ ഉൾപ്പെടെ യുള്ളവയുടെ നവീകരണത്തിനായി 24,247 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത പൊതുജലസ്രോതസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി 5998 പ്രവൃത്തികൾ നടന്നുവരുന്നു. 2016-17 സാമ്പത്തിക വർഷം 14924 മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾ നടന്നുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ**

145 (5333) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഉൾപ്പെടെ ഏതെല്ലാം മാലിന്യങ്ങളാണ് നിലവിൽ ശേഖരിച്ചു വരുന്നത്; ഏതെല്ലാം സ്ഥാപനങ്ങൾ എത്ര അളവുവീതം ശേഖരിക്കുന്നുവെന്നും എപ്രകാരമാണ് ഇവ സംസ്കരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ മാലിന്യം സംസ്കരണം, റീസൈക്കിൾ എന്നിവയുൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങൾ നിലവിൽ നടപ്പാക്കി വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) ആക്രിവ്യാപാരികൾ ശേഖരിക്കുന്ന വിപണനയോഗ്യമല്ലാത്ത വേസ്റ്റ്, ഇറച്ചിക്കടകളിലെ വേസ്റ്റ്, വീടുകളിൽനിന്നും ഫ്ലാറ്റുകളിൽനിന്നും ശേഖരിയ്ക്കുന്ന കക്കൂസ് വേസ്റ്റ് എന്നിവ വെളിയിടങ്ങളിൽ മനുഷ്യജീവിതത്തിനു ഹാനികരമാകുന്ന രീതിയിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തിരിച്ചറിയൽ കാർഡും രജിസ്ട്രേഷനും നൽകാനും ഇവരുടെ പ്രവർത്തനം നിരീക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്, ഗ്ലാസ്സ്, പേപ്പർ, മെറ്റൽ, ഇ- വേസ്റ്റ്, ജൈവമാലിന്യം എന്നിവ ശേഖരിച്ചു വരുന്നുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകി വരുന്നത്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ, ക്ലീൻ കേരള കമ്പനി എന്നിവ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്.

1. നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം.
2. ഉറവിട ജൈവമാലിന്യ സംസ്കരണം
3. ദ്രവ മാലിന്യപരിപാലനം (സെപ്റ്റേജ് അടക്കം)

4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതി നുള്ള സൗകര്യം
5. പ്രീ-മൺസൂൺ ക്യാമ്പയിൻ
6. റീസൈക്ലിംഗും പ്രകൃതി സൗഹൃദ വ്യവസായങ്ങളുടെ പ്രോത്സാഹനവും
7. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രോത്സാഹിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
8. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയം സഹായ സംരംഭങ്ങൾക്കും ചെറുകിട സംരംഭക ഗ്രൂപ്പുകൾക്കുമുള്ള പിന്തുണ.
9. ഐ.ഇ.സി. പ്രവർത്തനങ്ങളും ശേഷി വികസന പ്രവർത്തനങ്ങളും
10. പൊതുസ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സ്
11. സുരക്ഷിത സെപ്റ്റേജ് മാനേജ്മെന്റ് യന്ത്രവൽക്കരണം.
12. ഖരമാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികൾ
13. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉൽപ്പന്നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.
14. പോളിസി ഗൈഡ്‌ലൈൻ തയ്യാറാക്കൽ

(സി) മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആക്രി വ്യാപാരികൾക്കും പാഴ്വസ്തു ശേഖരിക്കുന്നവർക്കും തിരിച്ചറിയൽ കാർഡും രജിസ്ട്രേഷനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതാണ്.

**അംഗങ്ങൾക്ക് പരിരക്ഷ**

146 (5334) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ തദ്ദേശസ്വയംഭരണ അംഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പരിരക്ഷകളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തംഗങ്ങൾക്കു പെൻഷൻ നൽകുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കുന്നതിലേക്കായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ കൺവീനറായി ഒരു ഉപസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി പദ്ധതി**

147 (5335) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം മുൻനിർത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പുസാമ്പത്തികവർഷം വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ജനാധിപത്യഭരണ വ്യവസ്ഥയുടെ അവിഭാജ്യഘടകങ്ങളായ സുതാര്യത, ഉത്തരവാദിത്തം, ജനപങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നവിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തുടർച്ചാ സാദ്ധ്യതയുള്ളതും പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതും സാമൂഹ്യനീതിയും സാമൂഹ്യസുരക്ഷയും ഉറപ്പ് വരുത്തുന്നതുമായ സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്ത രമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യത, പരിസ്ഥിതി സുരക്ഷ എന്നിവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനും തീരുമാനിക്കുകയും അപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും

ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. ആയതിലേക്കായി വിവിധ മിഷനുകൾ സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നാടിന്റെ വികസന പ്രക്രിയയിൽ എല്ലാ പൗരന്മാരും തുടർച്ചയായ താൽപ്പര്യമെടുക്കുകയും പങ്കാളികളാവുകയും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി മോണിറ്ററിംഗിന് സോഷ്യൽ ആഡിറ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## അറവുശാലകൾക്ക് ലൈസൻസ്

148 (5336) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ മേഖലകളിലെ അറവുശാലകളിൽനിന്നും വില്ക്കുന്ന മാംസങ്ങൾ മായം കലർന്നിട്ടുള്ളതാണെന്നും, മൃഗങ്ങളെ കൊല്ലുന്നതിന് ദിവസങ്ങൾക്ക് മുൻപ് ഇവയുടെ കിഡ്നി കേടാകുന്നതിനുള്ള കുത്തിവയ്പ്പ് നൽകി, തൂക്കം ഇരട്ടിപ്പിച്ചശേഷം, കൊല്ലുന്നത് കാരണം മനുഷ്യരുടെ കിഡ്നി കേടാകുന്ന മരുന്ന് കലർന്ന മാംസമാണ് അവരെ കഴിപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) നിലവിൽ കേരളത്തിലുള്ള അറവുശാലകൾക്ക് ഒന്നും തന്നെ ലൈസൻസുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം മാത്രമേ ആടുമാടുകളെ കശാപ്പുചെയ്യാവൂ എന്ന നിയമം ഇവിടെ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ 6 അറവുശാലകളും ഗ്രാമപ്രദേശത്ത് സ്വകാര്യ ഉടമസ്ഥതയിൽ ലൈസൻസുള്ള 24 അറവുശാലകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാവേലിക്കര, കൽപ്പറ്റ, കട്ടപ്പന, ആറ്റിങ്ങൽ, തൃശ്ശൂർ എന്നീ നഗരസഭകളിലെ അറവുശാലകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. തിരുവല്ല നഗരസഭയിലെ അറവുശാലയ്ക്ക് മലിനകരണ നിയന്ത്രണ ബോർഡിന്റെ concent to operate certificate-ഉം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയ്ക്ക് നിലവിൽ ലൈസൻസില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസുള്ള അറവുശാലകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ചശേഷം മാത്രമേ മൃഗങ്ങളെ കശാപ്പ് ചെയ്യാവൂ എന്ന വ്യവസ്ഥ പാലിക്കാത്തതിനെക്കുറിച്ച് പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിക്ക് ബാദ്ധ്യതയുണ്ട്.

**വിധവകൾക്കുള്ള ഭവന പദ്ധതി**

149 (5337) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിധവകൾക്കുള്ള ഭവന പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എത്ര തുക നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ ഏത് വകുപ്പാണ് പ്രസ്തുത ഭവന നിർമ്മാണ പദ്ധതി നിർവ്വഹണം നടത്തുന്നത്; ഈ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ &ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പും റവന്യൂ വകുപ്പും ചേർന്നാണ് വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിവാഹങ്ങൾക്ക് ഹരിത പ്രോട്ടോകോൾ

150 (5338) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾക്ക് ഹരിത പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രകൃതി സൗഹൃദ വിവാഹങ്ങൾ എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതി സൗഹൃദമല്ലാത്ത വിവാഹങ്ങൾ എങ്ങനെ പരിശോധിച്ച് കണ്ടെത്തുമെന്നും ആയതിന് എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല. അതേസമയം പൊതു-സ്വകാര്യ ചടങ്ങുകളെല്ലാം ഹരിത പ്രോട്ടോകോൾ പ്രകാരം നടത്തപ്പെടണമെന്ന ശുചിത്വ മിഷന്റെ ആശയപ്രകാരം വിവാഹ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കണമെന്ന് ജില്ലാ കളക്ടർമാർ മുഖേന അഭ്യർത്ഥിച്ചുവരുന്നുണ്ട്.

(ബി) സുരക്ഷിത മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പ്രമാണമായ "റെഡ്യൂസ്-റീയൂസ്-റീസൈക്കിൾ"-ൽ അധിഷ്ഠിതമായി എല്ലാ പൊതു സ്വകാര്യ ചടങ്ങുകളും സംഘടിപ്പിക്കുവാൻ പ്രചോദനം നൽകപ്പെടണം. ഇതിന്റെ ഭാഗമായി വിവാഹ ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സ്റ്റീൽ, ചില്ല്, സെറാമിക്സ് പോലുള്ള കഴുകി വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ ആഹാരവും പാനീയങ്ങളും വിതരണം ചെയ്യുന്നതിന് ഉപയോഗിക്കുക, പുനരുപയോഗം, പുന:ചംക്രമണം എന്നിവയ്ക്ക് വിധേയമാക്കുവാൻ കഴിയാതെ വലിച്ചെറിയുന്ന അലങ്കാര വസ്തുക്കൾക്ക് പകരം പ്രകൃതി സൗഹൃദ വസ്തുക്കൾകൊണ്ട് അലങ്കാര പ്രവൃത്തികൾ ചെയ്യുകയും ആഹാരം പാഴാക്കുന്നത് പരമാവധി ഒഴിവാക്കുകയും മാലിന്യ ഉൽപ്പാദനത്തിന്റെ തോത് കുറയ്ക്കുകയും ചെയ്യുക എന്നതാണ് പ്രകൃതി സൗഹൃദ വിവാഹങ്ങൾ എന്ന ആശയംകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ബാധകമല്ല.

## ഗ്രഡേഷൻ ലിസ്റ്റ്

151 (5339) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക പ്രകാരം 2017 മുതൽ മുന്നോട്ട് അഞ്ചുവർഷക്കാലത്തിൽ ഓരോ വർഷവും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം പട്ടിക അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കരട് ഗ്രഡേഷൻ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ 29-4-2017-ലെ ഇ-8-12264/17 നമ്പർ നോട്ടീസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 2017 മുതൽ മുന്നോട്ട് അഞ്ചു വർഷക്കാലത്തിൽ ഓരോ വർഷവും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2017 | 152 |
| 2018 | 147 |
| 2019 | 113 |
| 2020 | 49 |
| 2021 | 59 |
| 2022 | 48 |

## ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി

152 (5340) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനാഗമമാർഗ്ഗം എങ്ങിനെയാണ് കണ്ടെത്തിയിരിക്കുന്നതെന്ന വിശദീകരിക്കുമോ?

### ഉത്തരം

(എ) വ്യാവസായികാടിസ്ഥാനത്തിൽ ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിവരുന്നില്ല. എന്നാൽ കൊടകര, നരിക്കുനി, വാണിമേൽ, ആമ്പല്ലൂർ, പോത്താനിക്കാട്, കാലടി, നെടുമ്പാശ്ശേരി, ഉദയംപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൈവ ഖര മാലിന്യത്തിൽനിന്നും ചെറിയതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളുണ്ട്. വയനാട്ടിലെ സുൽത്താൻ ബത്തേരിയിലും കൊച്ചിയിലെ ബ്രഹ്മപുരത്തും വ്യാവസാ യികാടിസ്ഥാനത്തിൽ ജൈവ മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്.

(ബി) പബ്ലിക് മാർക്കറ്റുകളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അതിൽനിന്നും ലഭ്യമാകുന്ന വൈദ്യുതി ഉപയോഗപ്പെടുത്തി പബ്ലിക് മാർക്കറ്റ്, അതിനോട് ചേർന്ന ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുമാണ് നിലവിലുള്ള പദ്ധതികൾകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ നിന്നുമാണ് നിലവിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

## പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

153 (5341) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടേയും അവയിലെ ഉദ്യോഗസ്ഥരുടെയും മേലുള്ള ഇരട്ട നിയന്ത്രണം അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതായി കരുതുന്നുണ്ടോ;വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സാഹചര്യങ്ങളിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വകുപ്പ് 181 പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതാത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തവും പഞ്ചായത്തിലെ ഏത് ചുമതലകളും അവരവരുടെ യോഗ്യതയുടെയും പ്രായോഗിക വൈദഗദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഏൽപ്പിച്ചു കൊടുക്കാവുന്നതുമാണ്. എന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് വകുപ്പിൽ നിന്ന് നൽകുന്ന സാഹചര്യത്തിൽ സേവനം പൂർണ്ണമായും പഞ്ചായത്തുകൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

(ബി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## 2016-ലെ കേന്ദ്ര പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ

154 (5343) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2016-ലെ കേന്ദ്ര പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഇതുസംബന്ധിച്ച ബൈലോകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ചുവടെ പറയുന്ന തുടർനടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട് :

1. വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്നും വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.

2. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയിൽ അധിഷ്ഠിതമായി സംസ്ഥാനത്ത് പുന:ചംക്രമണ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബ്രാൻഡ് ഉടമകൾ, നിർമ്മാതാക്കൾ, ഉൽപ്പാദകർ, നിക്ഷേപകർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനായി 13-1-2017-ൽ കൊച്ചിയിൽ വച്ച് നിക്ഷേപകസംഗമം നടത്തുകയുണ്ടായി. തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

3. ഈ വിഷയത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ട ബൈലോയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്.

4. പ്ലാസ്റ്റിക്കിന്റെ തരംതിരിച്ചുള്ള സംഭരണം, ശേഖരണം, പുനഃചംക്രമണത്തിന് കൈമാറ്റം, പുനഃചംക്രമണ വ്യവസായം എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്നതിനുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2017-18-ലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

5. റീസൈക്ലിംഗ് സാദ്ധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി ഉറപ്പാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

6. തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി വേണ്ട യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ശേഖരിച്ച് റോഡുപണിക്കായി കൈമാറുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

7. തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു.

8. സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഇതുസംബന്ധിച്ച ബൈലോകൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II**

155 (5344) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) നിലവിൽ പി.എസ്.സി. തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും, ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി.) പാസ്സായതുമായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഡി.എച്ച്.ഐ.സി. കഴിഞ്ഞ ഉദ്യോഗാർത്ഥികളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാതിരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) <u>വിദ്യാഭ്യാസ യോഗ്യത</u>

1. എസ്.എസ്. എൽ.സി. പാസ്സായിരിക്കണം.
2. ബോംബെ അല്ലെങ്കിൽ മദ്രാസിൽ നിന്നുള്ള സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ് സർട്ടിഫിക്കറ്റോ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റോ

അല്ലെങ്കിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ബോംബെ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റോ നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സിലുള്ള സർട്ടിഫിക്കറ്റോ അല്ലെങ്കിൽ തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിരിക്കണം.

വയസ്സ്

18 വയസ്സിൽ കുറയരുത് 30 വയസ്സ് കവിയുകയുമരുത്

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തി സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചതിനെതിരെ സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ. (ഇ.കെ.എം.) Nos. 1078/16, 1376/16, 1393/16, 1494/16, 1968/16, 2012/16, 2013/16, 2014/16 എന്നിവ ഫയൽ ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 3-10-2016-ലെ ഇടക്കാല ഉത്തരവുപ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ നിർത്തി വച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസിൽ 2nd respondent ആയ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇക്കാര്യത്തിൽ മറുപടി പത്രിക സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ 20-2-2017-ലെ ഉത്തരവുപ്രകാരം പ്രസ്തുത തസ്തികയുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ട്രിബ്യൂണലിൽ നിന്നുള്ള ഉത്തരവിനുശേഷമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(സി) നിലവിലെ സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസ് നടത്തുന്ന ഡി.എച്ച്.ഐ. കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധ കാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഭക്ഷ്യ സംസ്കരണ കേന്ദ്രം**

156 (5345) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിൽ നിലവിൽ ഏതൊക്കെ പരിശീലനങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; ഇവ കാര്യക്ഷമമാണോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യ സംസ്കരണ കേന്ദ്രം നവീകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) ഈ സ്ഥാപനത്തിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ തസ്തിക, വേതനം എന്നിവ അറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി എഫ്.പി.എൻ.ഡി.യിൽ നിലവിൽ പഴം-പച്ചക്കറി സംസ്കരണത്തിൽ 6 ദിവസത്തെ പരിശീലനവും ബേക്കറി ഉൽപ്പന്ന നിർമ്മാണത്തിൽ 5 ദിവസത്തെ പരിശീലനവും നൽകിവരുന്നു.

(ബി) ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നതിന് ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സി)

| | തസ്തിക | വേതനം |
|---|---|---|
| എ. | ഡയറക്ടർ (ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ) | 82,000 |
| ബി. | ടെക്നിക്കൽ അസിസ്റ്റന്റ് | 41,722 |
| സി. | ക്ലാർക്ക് ടൈപ്പിസ്റ്റ് | 22,660 |
| ഡി. | വാച്ച്മാൻ | 19,810 |
| ഇ. | പി.ടി.എസ്. | 10,648 |

**പി.എം.ജി.എസ്.വൈ പദ്ധതി**

157 (5346) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തേക്ക് പി എം ജി എസ് വൈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ടാർജറ്റ് നിശ്ചയിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് 2017-18 വർഷത്തേക്ക് എത്ര കിലോമീറ്ററാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്;

(സി) 2013-ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ടാർജറ്റ് നിശ്ചയിച്ച 570 കി.മീ റോഡ് പ്രകാരം എത്ര കിലോമീറ്റർ പ്രവൃത്തികളുടെ ടെണ്ടർ നടന്നു; ബാക്കി കിലോമീറ്റർ റോഡുകളുടെ ടെണ്ടർ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) 2013-ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ടാർജറ്റ് നിശ്ചയിച്ച 570 കിലോ മീറ്ററിൽ 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയപ്പോൾ 302.03 കിലോ മീറ്റർ ദൈർഘ്യംവരുന്ന 79 റോഡുകൾക്ക് കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കരാർ ഉറപ്പിക്കാൻ കഴിയാത്ത 17.92 കിലോ മീറ്റർ ദൈർഘ്യം വരുന്ന 5 റോഡ് പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അംഗീകൃത ടാർജറ്റിൽ 250 കിലോ മീറ്റർ ബാക്കിയുണ്ടായിരുന്നുവെങ്കിലും സംസ്ഥാനം 277.288 കിലോ മീറ്റർ ദൈർഘ്യം വരുന്ന 70 റോഡുകളുടെയും 4 പാലങ്ങളുടെയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലൈഫ് മിഷൻ**

158 (T* 5347) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിടരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ലൈഫ് മിഷൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ;

* T മാറ്റിവച്ച ചോദ്യത്തോ സൂചിപ്പിക്കുന്നു

(ബി) ഭവന നിർമ്മാണത്തിനായി ഏതൊക്കെ വിഭാഗങ്ങളിലുള്ളവർക്കാണ് പ്രസ്തുത മിഷൻ മുഖേനയുള്ള ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഭവന നിർമ്മാണത്തിനുപരിയായി മറ്റേതൊക്കെ മേഖലകളിലെ വികസനമാണ് ലൈഫ് മിഷൻ മുഖേന ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭവനരംഗത്തെ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ലൈഫ് മിഷൻ പര്യാപ്തമാണ്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിതരായ ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്നതരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) 1. ഭൂമിയുള്ള ഭവനരഹിതർ

2. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസ യോഗ്യമല്ലാത്ത ഭവനമുള്ളവർ.

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ

4. ഭൂരഹിത ഭവനരഹിതർ

ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/ വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് നൽകുന്നതാണ്. മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിടസമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥല ലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.

<u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന</u>

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ

2. അഗതികൾ

3. അംഗവൈകല്യമുള്ളവർ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരക രോഗമുള്ളവർ

6. അവിവാഹിതരായ അമ്മമാർ

7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ

8. വിധവകൾ

9. എച്ച്.ഐ.വി. +ve ആയവർ

(സി) വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

**ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതി**

159 (5348) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ടോ; കഴിഞ്ഞ 5 വർഷം ഐ.എ,വൈ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഐ.എ,വൈ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതിയിൽ നിന്നും ഗുണഭോക്താവിന് വീടുവയ്ക്കുന്നതിന് എത്ര രൂപയാണ് നൽകുന്നത്; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും വിഹിതം എത്രയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതി 1-4-2016 മുതൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ മാറ്റിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷം (നാല് വർഷം ഐ.എ.വൈ പ്രകാരവും ഒരു വർഷം പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരവും) സംസ്ഥാനത്ത് അനുവദിച്ച വീടുകളുടെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബമായിരിക്കണം.
2. ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല അതാത് ഗ്രാമവാസികൾക്കാണ്.
4. ഗുണഭോക്തൃ കുടുംബത്തിലെ അംഗങ്ങൾക്ക് നിലവിൽ വാസ യോഗ്യമായ വീടുണ്ടാകരുത്.

ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി ധനസഹായം 70,000 രൂപയാണ്. ടി തുക ഭവന നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാർ തുക പൊതുവിഭാഗത്തിന് 2 ലക്ഷമായും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗത്തിന് 3.5 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ വീടിനും അധികമായി അനുവദിക്കുന്ന തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ അധിക ധനസഹായമായും എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപവീതം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും നൽകുന്നു. ശേഷിക്കുന്ന തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ അനുവദിക്കുന്നു. പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിൽ വീട് ലഭിക്കുന്നതിന് തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പ്രകാരം അർഹരായ ഗുണഭോക്താക്കളെയാണ്. ഈ പദ്ധതിപ്രകാരം കേന്ദ്ര സംസ്ഥാന വിഹിതമായി 1,20,000 രൂപ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്നു. സംസ്ഥാന സർക്കാർ പി.എം.എ.വൈ. (ജി) ഭവന പദ്ധതിക്ക് 2016-17 കാലഘട്ടത്തിൽ താഴെപ്പറയും പ്രകാരം തുക നൽകുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക

| ഫണ്ടിന്റെ സ്രോതസ്സ് | പൊതു/ന്യൂനപക്ഷ വിഹിതം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| പി.എം.എ.വൈ. (ഗ്രാമീൺ) (കേന്ദ്ര/സംസ്ഥാന വിഹിതം) | 1,20,000 | 1,20,000 | 1,20,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം (അധിക തുകയുടെ 25%) | 20,000 | 20,000 | 32,500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക തുകയുടെ 40%) | 32,000 | 32,000 | 52,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം (അധിക തുകയുടെ 35%) | 28,000 | 28,000 | 45,500 |
| പട്ടികജാതി വികസന വകുപ്പ് | 0 | 1,00,000 | 0 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 0 | 0 | 1,00,000 |
| ആകെ | 2,00,000 | 3,00,000 | 3,50,000 |

**പി.എം.ജി.എസ്.വൈ. പദ്ധതി**

160 (5349) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റാന്നി നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നേരത്തേ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും, നിർമ്മാണത്തിൽ തടസ്സം നേരിട്ടതിനെ തുടർന്ന് നിർമ്മാണം തടസ്സപ്പെട്ടു കിടക്കുന്നതുമായിട്ടുള്ള ഏതെങ്കിലും പദ്ധതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് നിർമ്മാണം മുടങ്ങിയത്; എത്ര കാലമായി മുടങ്ങിക്കിടക്കുന്നു ; ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വീണ്ടും ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റാന്നി നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം മല്ലപ്പള്ളി ബ്ലോക്കിൽ അത്യാൽ-വായ്പൂർ എന്ന റോഡിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ റോഡിന് 329.27 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മല്ലപ്പള്ളി ബ്ലോക്കിൽ കുളങ്ങര-കുമാരമംഗലം റോഡ് ഏറ്റെടുത്ത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 4 വർഷമായി മുടങ്ങിക്കിടക്കുന്നു. ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് ടിയാന്റെ മേൽ റിക്കവറി നടപടികൾ പുരോഗമിക്കുകയാണ്. ഉടൻതന്നെ ബാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമീണറോഡുകളുടെ നവീകരണം**

161 (5350) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ഫണ്ടിൽ നിന്ന് തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വീതിയുള്ള റോഡുകൾ, ഗതാഗത തിരക്കുകൾക്ക് പ്രാധാന്യമുള്ളവ, മറ്റു പ്രധാന റോഡുകളുമായി പരസ്പരം ബന്ധിപ്പിക്കുന്നവ എന്നിവ മെക്കാഡം ടാറിംഗ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി & സി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ്, പദ്ധതി ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. കൂടാതെ പി.എം.ജി.എസ്.വൈ. (പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന)ഫണ്ട് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിക്കാവുന്നതാണ്.

## കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം

162 (T* 5351) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കായുള്ള കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം കേരളത്തിന് നഷ്ടമായെന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ധനസഹായം കേരളത്തിന് ലഭിക്കാതെ പോയതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര ധനസഹായങ്ങൾ നഷ്ടപ്പെടുത്താതെ നേടിയെടുക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പി.എം.ജി.എസ്.വൈ പദ്ധതിക്കുള്ള പ്രത്യേക അധിക ഫണ്ട് (Financial Incentive) അനുവദിച്ചത് 31-12-2016-ലെ പുരോഗതി വിലയിരുത്തിയാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, നോട്ട് അസാധുവാക്കൽ, ജലദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ പ്രതീക്ഷിച്ച നിർവ്വഹണ പുരോഗതി ഇക്കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. പദ്ധതിയുടെ സാമ്പത്തിക/ഭൗതിക പുരോഗതി റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും ടാർജറ്റ് നിശ്ചയിച്ച് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനും പദ്ധതി നടത്തിപ്പിൽ നേരിടുന്ന തടസ്സങ്ങൾ യഥാസമയങ്ങളിൽ വിലയിരുത്തി പരിഹരിക്കുന്നതിനും വേണ്ട കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലിഭാരം

163 ( 5352) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലി ഭാരം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരിശോധനകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിലെ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(സി) വി.ഇ.ഒ മാർക്ക് ക്ലറിക്കൽ അസിസ്റ്റൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സമീപകാലത്തൊന്നും ഇതു സംബന്ധമായ പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) ബാധകമല്ല

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പി.എം.ജി.എസ്.വൈ. രണ്ടാംഘട്ട പദ്ധതി

164 (T*5353) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ പുനരുദ്ധീകരിക്കുന്നതിനാണ് പി. എം. ജി. എസ്. വൈ. രണ്ടാം ഘട്ട പദ്ധതി പ്രകാരം തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളെയാണ് പി. എം. ജി. എസ്. വൈ. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പി.എം.ജി. എസ്.വൈ. രണ്ടാം ഘട്ട പ്രകാരം 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 4.268 കിലോമീറ്റർ ദൈർഘ്യവും 347.61 ലക്ഷം രൂപ അടങ്കൽ തുകയും വരുന്ന മംഗലം വെസ്റ്റ് പുലാപ്പറ്റശ്ശേരി റോഡ് പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റോഡിന് കരാർ ഉറപ്പിച്ച് ഇനിഷ്യൽ ലെവൽസ് എടുക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതികൾ**

165(5354) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും 2015-16 ലും 2016-17 ലും ലഭിച്ച ധനസഹായം എത്രവീതമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പദ്ധതിക്ക് ധനസഹായം കുറഞ്ഞിട്ടുണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം കുടുംബശ്രീ നോഡൽ ഏജൻസിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളും ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളും ചുവടെ ചേർക്കുന്നു.

<u>കുടുംബശ്രീ മുഖേന</u>

1. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.)
2. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി. കെ.വൈ.)
3. മഹിള കിസാൻ സശാക്തീകരൺ യോജന (എം.കെ.എസ്.പി.)

<u>ഗ്രാമവികസന വകുപ്പ് മുഖേന</u>

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ. ആർ.ഇ.ജി.എ.)
2. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി.)

3. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (എസ്.ബി.എം.ജി.)

4. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) വാട്ടർഷെഡ് കമ്പോണന്റ്

5. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)

6. നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം)

(ബി) ടി പദ്ധതികൾക്ക് 2015-16 ലും 2016-17-ലും ലഭിച്ച കേന്ദ്ര ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭാഗമായി 2015-16 സാമ്പത്തിക വർഷം 1354.22 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം 1968.84 ലക്ഷം രൂപയും ധനസഹായം ലഭിച്ചിട്ടുണ്ട്.

എം.കെ.എസ്.പി. പ്രസ്തുത പദ്ധതി പ്രകാരം 2015-16 ൽ 18.06 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷം 1.39 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 45 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്ക് 2015-16 ലും 2016-17-ലും ലഭിച്ച കേന്ദ്ര ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ടി പദ്ധതികൾക്ക് ഒന്നുംതന്നെ ധനസഹായം കുറഞ്ഞുപോയിട്ടില്ല.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ**

166 (5355) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കുടുംബശ്രീ പ്രവർത്തകർക്ക് / അയൽക്കൂട്ടങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ദിശ 2017 എന്ന വിപുലമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. ദിശ ക്യാമ്പയിനിന്റെ ഭാഗമായി 3,998 പൊതുഅയൽക്കൂട്ടങ്ങളും ഭിന്നശേഷിയുള്ളവരുടെ 753 അയൽക്കൂട്ടങ്ങളും വയോജന വിഭാഗങ്ങൾക്കായി 1774 അയൽക്കൂട്ടങ്ങളും ട്രാൻസ് ജെൻഡർ വിഭാഗത്തിനായി 7 അയൽക്കൂട്ടങ്ങളും ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 948 അയൽക്കൂട്ടങ്ങളും എസ്.ടി വിഭാഗങ്ങൾക്കായി 218 അയൽക്കൂട്ടങ്ങളും എസ്.സി. വിഭാഗങ്ങൾക്കായി 1039 അയൽക്കൂട്ടങ്ങളും തീരദേശ വിഭാഗത്തിനായി 311 അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. അയൽക്കൂട്ട ശാക്തീകരണത്തിന്റെ ഭാഗമായി 1,073 സി.ഡി.എസ്.ലെയും ചെയർപേഴ്സൺമാർക്കും 5 ഉപസമിതി കൺവീനർമാർക്കും പരിശീലനം സംഘടിപ്പിച്ചു. 19,854 എ.ഡി.എസ്.കളിലെ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും പരിശീലനം സംഘടിപ്പിച്ചു.

(ബി) കുടുംബശ്രീ പ്രവർത്തകർക്ക്/അയൽക്കൂട്ടങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ താഴെപ്പറയുന്ന സഹായങ്ങൾ/പദ്ധതികളാണ് ലഭ്യമാക്കുന്നത്.

1. പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എൻ.എച്ച്.ജി. ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസ്സായി ലിങ്കേജ് വായ്പ ലഭിച്ചതുമായ അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കുന്നുണ്ട്.

2. ആരംഭിച്ച് 3 മാസം കഴിഞ്ഞ, 75% അംഗങ്ങളെങ്കിലും ബി.പി.എൽ. ആയ ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് എൻ.ആർ.എൽ.എം.ന്റെ ഭാഗമായി റിവോൾവിംഗ് ഫണ്ട് നൽകിവരുന്നു.

3. ഉപജീവനത്തിന്റെ വ്യത്യസ്ത സാദ്ധ്യതകൾ (സൂക്ഷ്മസംരംഭം, കൃഷി, വൈദഗ്ദ്ധ്യ പരിശീലനവും തൊഴിലും) സംബന്ധിച്ച അവബോധ പരിശീലനം സംരംഭകത്വ വികസന പരിശീലനം, സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന മേഖലയിൽ വൈദഗ്ദ്ധ്യ പരിശീലനം എന്നിവ നൽകിവരുന്നു.

4. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന റൂറൽ മൈക്രോ എന്റർപ്രൈസ് (ആർ.എം.ഇ), യുവശ്രീ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹിള കിസാൻ സശാക്തീകരൺ പരിയോജന (കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി), എൻ.യു.എൽ.എം. (ദേശീയ നഗര ഉപജീവന മിഷൻ) എന്നീ സ്വയം തൊഴിൽ പദ്ധതികൾ, ഡി.ഡി.യു.ജി.കെ.വൈ. (വൈദഗ്ധ്യ പരിശീലനവും വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കലും) എൻ.യു.എൽ.എം. EST &P (Employment through skill Training and Placement) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

**നഗര ഗ്രാമ വികസനം**

167 (5356) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗര ഗ്രാമ വികസനവുമായി ബന്ധപ്പെട്ട അംഗീകൃത മാസ്റ്റർ പ്ലാനുകൾ പരിശോധിച്ചിട്ടുണ്ടോ; അവയുടെ പുതുക്കൽ (റിവിഷൻ) ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ആലപ്പുഴ നഗരസഭയുടെ പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മാസ്റ്റർ പ്ലാനുകൾ നടപ്പാക്കുന്നതിനായി ഫണ്ടുകൾ കണ്ടെത്തുന്നതിനും സാങ്കേതിക സഹകരണം ഉറപ്പുവരുത്തുന്നതിനും സഹായം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇവയുടെ പുതുക്കൽ നടത്തിവരുന്നു.

(ബി) കോപ്പി അനുബന്ധമായി* ചേർക്കുന്നു.

(സി) മാസ്റ്റർപ്ലാനുകൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും സാങ്കേതിക സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സെക്യൂരിറ്റി സോണുകൾ

168 (5357) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെക്യൂരിറ്റി സോണുകൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമസഭ, രാജ്ഭവൻ, ഹൈക്കോടതി, സെക്രട്ടേറിയറ്റ് തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ സെക്യൂരിറ്റി സോണുകളാക്കി മാസ്റ്റർ പ്ലാനുകൾ പുതുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിട നിർമ്മാണ അപേക്ഷകൾ ലഭിക്കുമ്പോൾ ഈ പ്രദേശങ്ങളിൽ ഉയരം ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, ഗവർണ്ണർ എന്നിവർ താമസിക്കുന്ന രാജ്ഭവൻ സെക്യൂരിറ്റി സോണിനു ചുറ്റും വൻകിട കെട്ടിടങ്ങൾ ഉയർന്നുവരുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2 (1) (bpa) പ്രകാരം സെക്യൂരിറ്റി സോണുകൾ സംസ്ഥാന ആഭ്യന്തര വകുപ്പ് കാലാകാലങ്ങളിൽ കണ്ടെത്തി അതിർത്തി തിട്ടപ്പെടുത്തി ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് വിജ്ഞാപനം ചെയ്ത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. സമാനമായ വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2(സി.ജി.)-യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സെക്യൂരിറ്റി സോണുകൾ കണ്ടെത്തേണ്ടത് ആഭ്യന്തര വകുപ്പാണ്.

(സി) സെക്യൂരിറ്റി സോണായി കണ്ടെത്തി അത് വിജ്ഞാപനം ചെയ്യുന്നപക്ഷം അത്തരം പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം/ പുനർനിർമ്മാണം/ കൂട്ടിച്ചേർക്കൽ/ മാറ്റം വരുത്തൽ എന്നിവയ്ക്ക് കെട്ടിടത്തിന്റെ മൊത്തം ഉയരം 10 മീറ്ററിലോ അല്ലെങ്കിൽ ജില്ലാ കളക്ടർ നിശ്ചയിക്കുന്നതോ (ഏതാണോ കുറവ് അത്) ആയി നിജപ്പെടുത്താനുള്ള വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 32 (3)-ൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) രാജ്ഭവൻ സെക്യൂരിറ്റി സോൺ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന വിഷയം വകുപ്പിൽ പരിശോധിച്ചു വരികയാണ്.

## മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് അനുമതി

169 (5358) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് നഗരസഭകൾ അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) സുരക്ഷാക്രമീകരണങ്ങൾ പാലിക്കാതെ ഇതരസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നഗരസഭകളിലെ എഞ്ചിനിയറിംഗ് വിഭാഗം മതിയായ പരിശോധനകൾ നടത്താതെ പെർമിറ്റ് നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഡി) മതിയായ പരിശോധനകൾക്ക് ശേഷം മാത്രമേ അനുമതി നൽകാവൂ എന്ന് നഗരസഭകളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് നഗരസഭകൾ അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) മുഖാന്തരം പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാമാനദണ്ഡങ്ങൾ പുലർത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന കെട്ടിടം ഉടമകൾക്കെതിരെ ലേബർ കമ്മീഷണർ നിയമ നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

(സി&ഡി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് മാത്രമേ അനുമതി നൽകാവൂ എന്ന നിർദ്ദേശം നിലവിലുണ്ട്. ഇതിനു വിരുദ്ധമായി പരിശോധന കൂടാതെ പെർമിറ്റ് നൽകിയതായി പരാതി ശ്രദ്ധയിൽപ്പെടുമ്പോഴെല്ലാം ആയത് സർക്കാർ പരിശോധിക്കാറുണ്ട്.

## പ്രാദേശിക വികസന അതോറിറ്റികൾ

170 (5359) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പ്രാദേശിക വികസന അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്; ഓരോന്നിന്റെയും പേരും ,അവയുടെ പ്രവർത്തന പരിധിയും,പ്രവർത്തന ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കാമോ;

(ബി) 2016-2017 സാമ്പത്തിക വർഷം ഈ വികസന അതോറിറ്റികൾക്ക് ഓരോന്നിനും സർക്കാർ നീക്കി വച്ച വിഹിതവും ,അവ സ്വയം ആർജ്ജിച്ച വരുമാനവും എത്രയെന്ന് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2017-2018 സാമ്പത്തിക വർഷം ഈ വികസന അതോറിറ്റികൾക്ക് ഓരോന്നിനും സർക്കാർ നീക്കി വച്ച വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നഗരാസൂത്രണ ആക്ട് പ്രകാരം രൂപീകരിച്ച വിശാല കൊച്ചി വികസന അതോറിറ്റി (GCDA), ഗോശ്രീ വികസന അതോറിറ്റി (GIDA), തിരുവനന്തപുരം വികസന അതോറിറ്റി (TRIDA) എന്നീ വികസന അതോറിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രദേശത്തിന്റെ ആസൂത്രണ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം ഏകോപിപ്പിക്കലാണ് വികസന അതോറിറ്റിയുടെ പ്രാഥമിക ലക്ഷ്യം. ഇതുപ്രകാരം അതോറിറ്റിയുടെ പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഭൂമിയുടെ പുന:ക്രമീകരണമോ Land pooling, Land Banking പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയോ ചെയ്യും. അതോറിറ്റിയുടെ പ്രവർത്തന പരിധിയിലെ പ്രദേശങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി)

| അതോറിറ്റി | സർക്കാർ നീക്കിവച്ച വിഹിതം | സ്വയം ആർജ്ജിച്ച വരുമാനം |
|---|---|---|
| GCDA | 7 കോടി | 28,25,57,026/രൂപ |
| GIDA | തുകയൊന്നും നീക്കി വച്ചിട്ടില്ല | 26,11,83,324 രൂപ |
| TRIDA | 30 കോടി | 4,68,83,132 രൂപ |

(സി)

| അതോറിറ്റി | സർക്കാർ നീക്കിവച്ച വിഹിതം |
|---|---|
| GCDA | 7 കോടി |
| GIDA | തുകയൊന്നും നീക്കി വച്ചിട്ടില്ല |
| TRIDA | 25 കോടി |

**സച്ചാർ കമ്മിറ്റി ശിപാർശ**

171 (5360) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ ശിപാർശയുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശിപാർശകളിൽ എത്രയെണ്ണം നടപ്പാക്കി; മറ്റുള്ളവ ഉടൻ തന്നെ യാഥാർത്ഥ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ അതിന് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ന്യൂനപക്ഷ ക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച 10 കാര്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും

അനുബന്ധമായി* ചേർക്കുന്നു. മറ്റു വകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശിപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിവിധ മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 16 സൗജന്യ പരിശീലന കേന്ദ്രങ്ങളും ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാരിതര സന്നദ്ധ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 20 ഉപകേന്ദ്രങ്ങളും ആരംഭിച്ചു. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ നിശ്ചയിച്ചു.

**ന്യൂനപക്ഷ ക്ഷേമത്തിനായി വികസന പരിപാടികൾ**

172 (5361) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത്തരം പദ്ധതികളുടെ മാർഗരേഖ സംബന്ധിച്ച് എന്തെങ്കിലും പകർപ്പ് ലഭ്യമാണെങ്കിൽ നല്കാമോ;

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇവയുടെ നടത്തിപ്പ് രീതിയും ജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടികളും വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതി മാത്രമാണ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പദ്ധതികൾക്ക് 75:25 എന്ന തോതിലും കുടിവെള്ള മേഖലകളിലെ പദ്ധതികൾക്ക് 50:50 എന്ന തോതിലുമാണ് കേന്ദ്ര-സംസ്ഥാന വിഹിതം അനുവദിച്ചിട്ടുള്ളത്. വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത സ്കൂളുകളിൽ അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം, ആരോഗ്യ മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവിക്കുന്നവർക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു. ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാകളക്ടർ, ജില്ലാ പ്ലാനിംഗ് ആഫീസർ എന്നിവർ മുഖേനയാണ് പദ്ധതി നടത്തിപ്പും മേൽനോട്ടവും നിർവ്വഹിച്ചു വരുന്നത്. ഇതിന്റെ പ്രയോജനം പദ്ധതി പ്രദേശങ്ങളിലെ ന്യൂനപക്ഷ വിഭാഗത്തിന് ലഭ്യമാകുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**വഖഫ് ബോർഡിന്റെ സഹായങ്ങൾ**

173 (5362) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വഖഫ് ബോർഡിന്റെ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ ഉള്ളത്;വിശദീകരിക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിപ്രകാരം വഖഫ് സ്ഥാപനങ്ങളിൽ 10 വർഷക്കാലം ജോലി ചെയ്തിട്ടുള്ള/ചെയ്തു വരുന്ന 60 വയസ്സ് പൂർത്തിയായ അറബി ഭാഷാ പണ്ഡിതൻ, ഇമാം/മദ്രസ്സ അദ്ധ്യാപകൻ, ഖാദിം (മുക്രി) എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിമാസ ധനസഹായവും ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായവും നിലവിൽ നൽകിവരുന്നുണ്ട്. മാനസിക വളർച്ചയില്ലാത്ത 212 വ്യക്തികൾക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അനാഥാലയങ്ങളിൽ താമസിച്ച് പ്രൊഫഷണൽ

കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവരുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് വഖഫ് ബോർഡ് പലിശരഹിത വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എ+ നേടിയ മുഴുവൻ മുസ്ലിം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും ക്യാഷ് അവാർഡ് നൽകിയിരുന്നു. 2016-17 വർഷത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടിയ മുസ്ലീം വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി പ്രകാരമുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫിൽ അംഗമാകണമെന്നും 50,000 രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരായിരിക്കണമെന്നുമാണ് മാനദണ്ഡം. രണ്ടര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവും മുൻ പരീക്ഷയിൽ 75 ശതമാനം മാർക്കോ തത്തുല്യ ഗ്രേഡോ ലഭിക്കണമെന്നുള്ളതുമാണ് പലിശരഹിത വായ്പ നൽകുവാനുള്ള മാനദണ്ഡം. മേൽ പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യത്തീംഖാനകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങുന്നതിനുള്ള ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

174 (5363) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ന്യൂനപക്ഷ സമൂഹങ്ങളുടെ സവിശേഷ സാംസ്കാരിക പാരമ്പര്യം കാത്തു സൂക്ഷിക്കാനായി നടപടികൾ കൈക്കൊള്ളുമോ; ന്യൂനപക്ഷങ്ങളുടെ സാംസ്കാരികത്തനിമ സംരക്ഷിക്കുന്ന 'ഹമാരി ധരോഹർ പദ്ധതി' കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ വനിതകളുടെ നേതൃപാടവവികസനത്തിനായി സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; 'നയി രോഷ്ണി പദ്ധതി' കേരളത്തിൽ നടപ്പാക്കുന്നുണ്ടോ: ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ധനസഹായം നൽകാൻ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കേരളത്തിൽ പാഴ്സി ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ജിയോ പാർസി പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ടോ;

(ഇ) മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ നിലവിൽ കേരളത്തിലെ എത്ര ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലുമാണ് നടപ്പിലാക്കുന്നത്;

(എഫ്) എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചതും അനുവദിച്ചതുമായ പദ്ധതികളുടെ അടങ്കൽ തുക 2012-13 മുതൽ നടപ്പുവർഷം വരെ വാർഷികാടിസ്ഥാനത്തിൽ നൽകാമോ?

<u>ഉത്തരം</u>

(എ) 13-1-2016-ലെ സ.ഉ (സാധാ) 178/2016/പൊ.ഭ.വ. പ്രകാരം മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠനകേന്ദ്രം ട്രസ്റ്റ് വിലയ്ക്കുവാങ്ങിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ 60 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഹമാരി ധരോഹർ പദ്ധതി കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്ന പദ്ധതിയാണ്.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ Parent + പദ്ധതി പ്രകാരം ഒരു കോഴ്സിന് 5 ലക്ഷം രൂപ എന്ന നിരക്കിൽ ലോൺ അനുവദിച്ചുവരുന്നുണ്ട്.

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ മതവിഭാഗങ്ങളുടെ ഉന്നമനത്തിനായിട്ടുള്ളതാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പാഴ്സിക്ക് വരുമാനദായകമായ പദ്ധതിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിലേക്ക് വായ്പാ പദ്ധതികളും വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാഭ്യാസ വായ്പകളും സംരംഭകത്വ വികസനത്തിനായി പരിശീലന പദ്ധതികളും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതിയിൽ നിലവിലുണ്ട്. ജിയോ പാർസി പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് സ്കീം നിലവിൽ കേരളത്തിലെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ എന്നീ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് നടപ്പിലാക്കി വരുന്നത്.

(എഫ്) എം.എസ്.ഡി.പി.-യിൽ പദ്ധതികൾ സമർപ്പിക്കുന്നതും തുക അനുവദിക്കുന്നതും വാർഷികാടിസ്ഥാനത്തിലല്ല, പഞ്ചവൽസര പദ്ധതികളുടെ അടിസ്ഥാനത്തിലാണ്. 2012-13 മുതൽ നടപ്പുവർഷം വരെ സമർപ്പിച്ചതും അനുവദിച്ചതുമായ തുക താഴെ ചേർക്കുന്നു :

| വർഷം | സമർപ്പിച്ച പദ്ധതികളുടെ അടങ്കൽ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2012-13 | - | 37.01 |
| 2013-14 | 8431.00 | 1532.51 |
| 2014-15 | - | 43.95 |
| 2015-16 | 2446.00 | 33.66 |
| 2016-17 | 1810.00 | 725.45 |
| 2017-18 | -- | -- |

**ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷൻ**

175 (T* 5364) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യം കാരണവും ശാരീരിക പ്രശ്നങ്ങൾ കാരണവും ആധാർ എടുക്കാൻ കഴിയാത്തവർക്ക് ആധാറില്ലെന്ന കാരണം പറഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെൻഷനുകൾ നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) കർഷകത്തൊഴിലാളികൾക്കും വിധവകൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധനകുടുംബങ്ങൾക്കും ഇപ്പോൾ പെൻഷനുകൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷനുകൾ അടിയന്തരമായി അനുവദിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രായാധിക്യം, ശാരീരിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ ആധാർ എടുക്കാൻ കഴിയാത്തവർക്ക് ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് തിരിച്ചറിയൽ രേഖയായും സത്യവാങ്മൂലവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നൽകുന്നപക്ഷം പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. ആധാർ ഇല്ലാത്ത കാരണത്താൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കർഷകത്തൊഴിലാളികൾക്കും വിധവകൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധന കുടുംബങ്ങൾക്കും പെൻഷൻ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ധനകാര്യവകുപ്പിന്റെ 21-1-2017-ലെ സ.ഉ. (എംഎസ്) നമ്പർ 34/2017/ധന. ഉത്തരവുപ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ആധാർ എടുക്കാൻ കഴിയാത്തവർക്ക് ഇലക്ഷൻ ഐ.ഡി. കാർഡിന്റെയോ റേഷൻ കാർഡിന്റെയോ പകർപ്പും സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നൽകുന്നപക്ഷം പെൻഷൻ ലഭിക്കുന്നതാണ്.

**തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ**

176 (5365) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുകയെന്ന് വിശദീകരിക്കുമോ;

(സി) ബോട്ട് സർവ്വീസ് നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വിനോദ സഞ്ചാര മേഖലയ്ക്ക് ഊന്നൽ നല്കി ഈ പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ ബോട്ടുകൾ സർവീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിഴിഞ്ഞം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ ബോട്ടുകൾ സർവീസ് നടത്തുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സവീസ് നടത്താനുള്ള വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്.

(സി) പി.പി.പി. വ്യവസ്ഥയിൽ സ്വകാര്യ പങ്കാളികൾ മുഖാന്തരം പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൗതീക സാഹചര്യം ഒരുക്കിനൽകേണ്ടത് സർക്കാരാണ്.

(ഡി) വിനോദ സഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നിവ വിനോദസഞ്ചാരികളെ ലക്ഷ്യം വച്ചുള്ളതാണ്. കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ Water Sports സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## തുറമുഖ വകുപ്പിന്റെ പ്രവൃത്തികൾ

177 (5366) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ എന്തൊക്കെ പ്രവൃത്തികൾ ആണ് പൂർത്തിയാകാൻ ഉള്ളതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് തുറമുഖ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, തുറമുഖ ഗോഡൗണിന്റെ നവീകരണ പ്രവൃത്തി, മാരിടൈം മ്യൂസിയം നിർമ്മാണം എന്നിവയാണ് തലശ്ശേറി നിയോജക മണ്ഡലത്തിലെ തുറമുഖ വകുപ്പിന്റെ പ്രവൃത്തികൾ. ഇതിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം നടന്നുവരുന്നു. ഗോഡൗൺ നവീകരണത്തിന് കരാർ ഒപ്പുവച്ചുകഴിഞ്ഞു. നിർമ്മാണം ഉടൻ ആരംഭിക്കും. മാരിടൈം മ്യൂസിയത്തിന്റെ നിർമ്മാണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ**

178 (5367) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖങ്ങളിൽ വലിയ ചരക്കുകപ്പൽ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആണ് ഒരുക്കിയത്; വിവരിക്കുമോ;

(സി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇവയ്ക്കായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വലിയ കപ്പലുകൾ അടുക്കുന്നതിന് ടഗ്ഗുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്.

(സി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മണ്ണുമാന്തി കപ്പലും കട്ടർ സക്ഷൻ ഡ്രഡ്ജറും വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സിന്ധുരാജ് എന്ന ഡ്രഡ്ജർ കേരളത്തിലെ തുറമുഖങ്ങളിൽ ഉപയോഗിക്കുന്നതിനായി വിട്ടുതന്നിട്ടുണ്ട്. ആലപ്പുഴ, അഴീക്കൽ തുറമുഖങ്ങളുടെ വിസനത്തിനുള്ള പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾക്ക് നിലവിൽ കേന്ദ്രത്തിൽ നിന്ന് ധനസഹായം ഒന്നും അനുവദിച്ചിട്ടില്ല.

## ചരിത്ര മ്യൂസിയം

179 (5368) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലയിലും ഓരോ ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത രീതിയിൽ ചരിത്ര മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) എല്ലാ ജില്ലകളിലും പുരാവസ്തു വകുപ്പിന്റെ കീഴിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന്റെ ആദ്യപടിയായി 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും 7 ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സവിശേഷതകൾ നിറഞ്ഞ ചരിത്ര സാംസ്കാരിക പൈതൃകത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസ്സിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി നൂറ്റാണ്ടുകൾ പഴക്കമുള്ള നാണയങ്ങൾ, പുരാവസ്തുക്കൾ എന്നിവ പരിരക്ഷിച്ച് ശാസ്ത്രീയമായ രീതിയിലുള്ള സജ്ജീകരണങ്ങളോടുകൂടി മതിയായ സുരക്ഷ ഉറപ്പുവരുത്തി മ്യൂസിയം സജ്ജീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## കുണ്ടള ലഹള ആർട്ട് മ്യൂസിയം

180 (T*5369) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷം പിന്നിട്ട നവോത്ഥാനചരിത്രത്തിന്റെ ഭാഗമായ കണ്ടള ലഹളയുടെ ഭാഗമായി തീ കൊളുത്തി നശിപ്പിച്ച ഇന്നത്തെ ഗവൺമെന്റ് യു.പി. സ്കൂളിൽ ആർട്ട് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) കണ്ടള ലഹളയുടെ ഭാഗമായി തീ കൊളുത്തി നശിപ്പിച്ച ഊരുട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിൽ ആർട്ട് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. പുരാവസ്തുവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## മ്യൂസിയം നവീകരണം

181 (5370) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തമായ ആസൂത്രണമില്ലാതെയുള്ള മ്യൂസിയം നവീകരണം സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയം നവീകരണത്തിനായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) തലസ്ഥാനത്തെ മ്യൂസിയം നവീകരണ പ്രവർത്തനങ്ങളിൽ അപാകത യുണ്ടായിട്ടുണ്ടോയെന്നും തന്മൂലം സർക്കാരിന് ധനനഷ്ടമുണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വ്യക്തമായ ആസൂത്രണത്തോടുകൂടിയാണ് പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണങ്ങളും നവീകരണങ്ങളും നടത്തുന്നത്. ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളിൽ വിദഗ്ദ്ധരുടെ വ്യക്തമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി മുൻകൂട്ടിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്താണ് നവീകരിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പിന്റെ കീഴിൽവരുന്ന മ്യൂസിയങ്ങളുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ പറയുന്നു.

1. ജില്ലാ പൈതൃക മ്യൂസിയം, എറണാകുളം- 50,00,000 രൂപ (അൻപത് ലക്ഷം രൂപ മാത്രം)

2. ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ - 1,56,30,000 (ഒരു കോടി അൻപത്തിയാറുലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)

3. ജില്ലാ പൈതൃക മ്യൂസിയം, വയനാട് - 1,27,20,000 (ഒരു കോടി ഇരുപത്തിയേഴ്‌ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)

4. ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട് - 1,48,57,590 (ഒരു കോടി നാൽപ്പത്തിയെട്ടുലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം)

5. ജില്ലാ പൈതൃക മ്യൂസിയം, കോന്നി-61,61,958 (അറുപത്തി യൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി എട്ട് രൂപ മാത്രം)

6. ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി-81,14,440 (എൺപത്തി യൊന്ന് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി നാൽപ്പത് രൂപ മാത്രം)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മ്യൂസിയം മൃഗശാലാ വകുപ്പുകൾ നവീകരിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2016-17 സാമ്പത്തിക വർഷത്തിൽ 18.35 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ മ്യൂസിയങ്ങളുടെ നവീകരണത്തിനായി 9,52,67,591 രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ മ്യൂസിയങ്ങളുടെ നവീകരണത്തിനായി മാത്രം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) തലസ്ഥാനത്തെ മ്യൂസിയം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അപാകതയോ ധനനഷ്ടമോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മ്യൂസിയത്തിനും മൃഗശാലയ്ക്കും അന്താരാഷ്ട്ര നിലവാരം

182 (5371) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന ജില്ലയിലെ മ്യൂസിയവും-മൃഗശാലയും അന്താരാഷ്ട്ര നിലവാര ത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മ്യൂസിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി ടൂറിസം സാധ്യതകൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തലസ്ഥാന ജില്ലയിലെ നേപ്പിയർ മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി, നാച്വറൽ ഹിസ്റ്ററി മ്യൂസിയം എന്നിവ ഉന്നത നിലവാരം പുലർത്തുന്നവയാണ്. അധികമായി വികസന പ്രവർത്തനങ്ങളും ആധുനിക സംവിധാനങ്ങളും ഒരുക്കി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൃഗശാല അന്താരാഷ്ട്ര നിലവാരത്തിൽ ആധുനികവൽക്കരണം നടത്തുന്നതിന് അടുത്ത 20 വർഷത്തെ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ബൃഹത്തായ മാസ്റ്റർ പ്ലാൻ കേന്ദ്രമൃഗശാല അതോറിറ്റിക്ക് കൈമാറുകയും അതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ മാസ്റ്റർ പ്ലാൻ മുഖാന്തരം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി നീർനായയുടെ പരിബന്ധനം, പക്ഷികൾക്ക് സ്വൈര വിഹാരത്തിനും ജലപക്ഷികൾക്കായി അക്വാട്ടിക് ഏവിയറിയും നിർമ്മിച്ചു. കൂടാതെ അക്വേറിയം കൂടുതൽ ആകർഷണീയമാക്കുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനും പുറമേ ഇന്ത്യൻ കാട്ടുപോത്തുകൾക്കായി ആധുനിക നിലവാരത്തിൽ പുതിയ പരിബന്ധനത്തിന്റെ നിർമ്മാണം നടന്നുവരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരം ആധുനിക സംവിധാനത്തിലുള്ള മറ്റ് പരിബന്ധനങ്ങളും രൂപകൽപ്പന ചെയ്തുവരുന്നു. തിരുവനന്തപുരം നേപ്പിയർ മ്യൂസിയം കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനും ലോകോത്തര മാതൃകയിൽ പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ തുടർ നടപടികൾ ത്വരിത ഗതിയിൽ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ നാച്വറൽ ഹിസ്റ്ററി മ്യൂസിയം ആധുനികവൽക്കരണം നടത്തുന്നതിനായി മ്യൂസിയം ആറ് മാസത്തേക്ക് അടച്ചിട്ട് 3 ഡി ഇഫക്ടിലുള്ള പ്രദർശന സംവിധാനങ്ങൾ, സിവിൽ വർക്കുകൾ, എയർ കണ്ടീഷൻ എന്നിവ ഒരുക്കുന്നതിനായി നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ഇതിനുംപുറമെ രാജാരവിവർമ്മയുടെ പെയിന്റിംഗുകളും ചിത്രങ്ങളും മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെ പെയിന്റിംഗുകളും ചിത്രങ്ങളും പ്രദർശിപ്പിച്ചിട്ടുള്ള ശ്രീ. ചിത്രാ ആർട്ട് ഗ്യാലറിയിൽ നിലവിലുള്ള സൗകര്യങ്ങളിൽ കൂടുതൽ ആകർഷണീയത ഒരുക്കിയും ഗ്യാലറി നവീകരണം നടത്തിയിട്ടുണ്ട്. കൂടാതെ ശ്രീചിത്രാ ആർട്ട് ഗ്യാലറി ആധുനിക സമുച്ചയത്തോടെ ലോകോത്തര നിലവാരത്തിൽ നിർമ്മിച്ച് ബൃഹത്തായ ഒരു ഗ്യാലറിയായി തീർക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്.

(സി) തിരുവനന്തപുരത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്നതാണ്. ധാരാളം ടൂറിസ്റ്റുകൾ ദിനംപ്രതി ഇവിടം സന്ദർശിക്കുന്നതിനാൽ ടൂറിസത്തിന്റെ സാദ്ധ്യതകൾകൂടി കണക്കിലെടുത്താണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

## ജില്ലാ പൈതൃക മ്യൂസിയം

183 (5372) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മ്യൂസിയം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ കേരളം മ്യൂസിയം മുഖേനയാണ് നടത്തിവരുന്നത്. ഇതിലേക്ക് 7-3-2014-ൽ 41,07,972 രൂപയും 10-2-2017-ൽ 61,61,950 രൂപയും കേരളം മ്യൂസിയത്തിന് നൽകിയിട്ടുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) സജ്ജീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കി സന്ദർശകർക്ക് തുറന്ന് കൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

## ചരിത്ര സ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും

184 (5373) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യഥാവിധി സംരക്ഷിക്കാത്തതിനാൽ മിക്ക ചരിത്ര സ്മാരകങ്ങളും നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കേരളത്തിലെ പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തെ ചരിത്രസ്മാരകങ്ങളുടെയും ചരിത്ര ശേഷിപ്പുകളുടെയും സംരക്ഷണത്തിനായി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്മാരകത്തിനും സ്മാരകം ആവശ്യപ്പെടുന്ന വിധത്തിലുള്ള സംരക്ഷണ പ്രവൃത്തികൾ, രാസസംരക്ഷണം, ഘടനാപരമായ സംരക്ഷണം, വാർഷിക അറ്റകുറ്റപ്പണികൾ തുടങ്ങിയവ വകുപ്പ് നിർവ്വഹിച്ചുവരുന്നുണ്ട്. നിരന്തര ശ്രദ്ധ ആവശ്യമുള്ള സ്മാരകങ്ങളിൽ ദൈനംദിന മേൽനോട്ടത്തിനായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ അതാത് ജില്ലകളിലെ പൈതൃകശേഷിപ്പുകളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ചരിത്ര സ്മാരകങ്ങളും പൈതൃക ശേഷിപ്പുകളും സംരക്ഷിക്കുന്നതിന് നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

**സംരക്ഷിത മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

185 (5374) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മുനിമട, കുടക്കല്ല് സംരക്ഷിത മേഖലയിൽ എത്ര ദൂര പരിധിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുള്ളത്;

(ബി) ഈ ദൂരപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക അനുമതിക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(സി) മാനദണ്ഡങ്ങളനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസവും പ്രയാസങ്ങളും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നടപടിക്രമങ്ങൾ ലഘൂകരിച്ച് നിലവിലുള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തൃശ്ശൂർ കണ്ടാണശ്ശേരി മുനിമട, കുടക്കല്ല് എന്നിവ സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളല്ലാത്തതിനാൽ സംസ്ഥാന പുരാവസ്തു വകുപ്പ് ഈ മേഖലയിൽ നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

**സംരക്ഷിത സ്ഥാപനങ്ങൾ**

186 (5375) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര സംരക്ഷിത സ്ഥാപനങ്ങളും സ്ഥലങ്ങളുമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നവ ഏതെല്ലാമാണ്;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെയും സ്ഥലങ്ങളുടെയും ടൂറിസം വികസന സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിന് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ കീഴിൽ സ്ഥലങ്ങളടക്കം 180 സംരക്ഷിത സ്മാരകങ്ങളുണ്ട്.

(ബി) മ്യൂസിയങ്ങളും കോട്ടകളും ക്ഷേത്രങ്ങളും പള്ളികളും മഹാശിലായുഗ സ്മാരകങ്ങളും ജനങ്ങളെ ആകർഷിക്കുന്നുണ്ട്.

(സി) വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ ജനകീയ പങ്കാളിത്തം കൂടുതലുള്ളവയിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് വികസന സാദ്ധ്യതയുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. തക്കല പത്മനാഭപുരം കൊട്ടാരത്തിലും മടവൂർപ്പാറയിലും ടൂറിസം വികസന സാദ്ധ്യതകൾ വകുപ്പ് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ എടക്കൽ ഗുഹ സന്ദർശനത്തിനും ടൂറിസം വകുപ്പിന്റെ സഹകരണം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ**

187 (5376) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിവരിക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നശിച്ച കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സാങ്കേത പുരാവശിഷ്ട ആക്ട്, 1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സാങ്കേത പുരാവസ്തുശിഷ്ട ചട്ടങ്ങൾ എന്നിവ അനുശാസിക്കുന്നതുപ്രകാരം സ്മാരകങ്ങളെ സംരക്ഷിക്കൽ, അവയുടെ ഘടനാപരവും രാസപരവുമായ സംരക്ഷണ പണികൾ, ലഭ്യമായ പുരാവസ്തുക്കളുടെ പ്രദർശനം, പ്രാമാണീകരണം, ഉദ്ഖനനം, പുരാതത്വ സർവേ തുടങ്ങിയവയും പുതുതലമുറയെ പൈതൃക ശേഷിപ്പുകളെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും ബോധവാൻമാരാക്കുവാൻ എക്സിബിഷൻ, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കൽ മുതലായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു.

(ബി) ചരിത്ര സ്മാരകങ്ങളും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കുന്നതിനായി കേരളത്തിന്റെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നശിച്ച കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ

188 (5377) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്മനാഭപുരം കൊട്ടാരത്തിന്റെ ഏതെങ്കിലും ഭാഗത്ത് സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരമൊരു വിലക്ക് ഏർപ്പെടുത്തിയതിന്റെ സാഹചര്യം എന്താണ്;

(സി) കൊട്ടാരം സന്ദർശകർക്ക് വിവരണം നൽകുന്നതിലേക്കായി ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കൊട്ടാരം സംരക്ഷിക്കുന്നതിനും സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി ചില ഭാഗങ്ങളിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) പത്മനാഭപുരം കൊട്ടാരത്തിൽ സന്ദർശകർക്ക് വിവരണം നൽകുന്നതിന് നിലവിൽ മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നികത്തേണ്ടതായ ഒഴിവുകളൊന്നും തന്നെ ഇല്ല.

(ഡി) പത്മനാഭപുരം കൊട്ടാരം സംരക്ഷിക്കുന്നതിനും സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചരിത്രാവശിഷ്ടങ്ങൾ സംരക്ഷിക്കൽ

189 (T*5378) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശേരിയിൽ 1519-ൽ നിർമ്മിച്ച പോർച്ചുഗീസ് സെമിത്തേരി, സെന്റ് തോമസ് കൊട്ടാരം, തങ്കശേരി കൊട്ടാരം എന്നിവയുടെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് അവയെ സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) സെമിത്തേരിയിലെ കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) പ്രസ്തുത സ്മാരകങ്ങൾ നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ അല്ല. ഇവ വകുപ്പിന്റെ നിയന്ത്രണത്തിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പുരാരേഖകളുടെ ശാസ്ത്രീയ സംരക്ഷണം**

190 (5379) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുരാരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനായി, ഏതൊക്കെ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് പുരാരേഖ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

സി.എച്ച്.എസ്. (സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്), എൻ.ആർ.എൽ.സി. (നാഷണൽ റിസർച്ച് ലബോറട്ടറി ഫോർ കൺസർവേഷൻ ഓഫ് കൾച്ചറൽ പ്രോപ്പെർട്ടീസ്) എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പുരാരേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനുപുറമേ സി-ഡിറ്റിന്റെ സഹായത്തോടെ പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയും നടത്തി വരുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ സമരം**

191 (5380) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് അധിക രാത്രി ഡ്യൂട്ടി നൽകിയതിൽ പ്രതിഷേധിച്ച് സമരം നടത്തിയ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു;

(ബി) ഈ സമരംമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത്തരം സമരങ്ങൾക്ക് അവസരം നൽകാതെ ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ 313 മെക്കാനിക്കൽ ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മേയ് 1, മേയ് 2 എന്നീ സമരദിവസങ്ങളിൽ യഥാക്രമം 69,41,517-ഉം, 60,20,945-ഉം രൂപയുടെ വരുമാനക്കുറവ് ഉണ്ടായിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിലെ രാത്രികാല ബസ് മെയിന്റനൻസുമായി ബന്ധപ്പെട്ട് ബസിന് ആനുപാതികമായി മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയ ക്രമീകരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗം തൊഴിലാളികൾ അനധികൃതമായി ജോലിക്ക് ഹാജരാകാതെ സമരം ചെയ്യുകയുണ്ടായി. ടി വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2-5-2017-ൽ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുകയും ഡ്യൂട്ടി സമയക്രമീകരണത്തിലെ അപാകതകൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സമരങ്ങൾ ചൂണ്ടിക്കാണിച്ച് നോട്ടീസ് ലഭിച്ചാൽ തൊഴിലാളി സംഘടനാ നേതാക്കളുമായി കോർപ്പറേഷൻതലത്തിലും സർക്കാർതലത്തിലും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

**വിദേശത്ത് ജോലി നോക്കുന്നതിന് മാനദണ്ഡങ്ങൾ**

192 (5381) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജോലി നോക്കുന്ന ജീവനക്കാർ വിദേശത്ത് പോകുന്നതിനും അവിടെ ജോലി നോക്കുന്നതിനും കോർപ്പറേഷന്റെ എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കണമെന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ;

(ബി) കെ.എസ്.ആർ.ടി.സി ആര്യനാട് ഡിപ്പോയിൽ ഡിപ്പോ ഇൻസ്പെക്ടറായി ജോലി നോക്കുന്ന റ്റി. സുരേഷ് കുമാർ സർവ്വീസ് കാലാവധിയിൽ വിദേശത്ത് പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇതിന് കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകാമോ;

(സി) ടി. സുരേഷ് കുമാർ കെ.എസ്.ആർ.ടി.സിയെ രേഖാമൂലം അറിയിക്കാതെ ജോലിക്കായി വിദേശത്ത് പോകുകയും തിരികെ തെറ്റായ രേഖ ഹാജരാക്കി പ്രസ്തുത കാലയളവ് വേതന രഹിത അവധിയാക്കി മാറ്റി പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഈ ഉദ്യോഗസ്ഥന് എതിരെ എന്ത് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഇതിന് കാരണം എന്താണ്;

(ഡി) സാമ്പത്തിക ബാദ്ധ്യത ഉള്ള കോർപ്പറേഷനിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ഇത്തരം ഗുരുതരമായ വീഴ്ചകൾ ഇനിയും ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ. പാർട്ട് I അപ്പന്റിക്സ് - XII-A പ്രകാരം സർക്കാർ അനുശാസിച്ചിട്ടുള്ള നിയമങ്ങൾക്ക് അനുസൃതമായി പരമാവധി 20 വർഷം വരെ ശൂന്യ വേതനാവധി അനുവദിച്ച് വിദേശത്ത് ജോലി സ്വീകരിച്ച് അവിടെ തുടരുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പുനഃപ്രവേശനത്തിനുശേഷം വിദേശത്ത് ചെലവഴിച്ച കാലയളവ് ഗ്രേഡ് പ്രൊമോഷൻ നിയമം അനുസരിച്ച് പരിഗണിക്കുകയും ഇല്ല.

(ബി) ആര്യനാട് ഡിപ്പോയിൽ ഇൻസ്പെക്ടറായി ജോലി നോക്കുന്ന റ്റി. സുരേഷ് കുമാറിന്റെ സർവീസ് ബുക്ക് പരിശോധിച്ചതുപ്രകാരം ടിയാൻ വിദേശത്ത് പോയതായി രേഖപ്പെടുത്തിയിട്ടില്ല. ടിയാന് വിദേശത്ത് പോകുന്നതിനായി കെ.എസ്.ആർ.ടി.സി. അനുമതി നൽകുകയോ, ടിയാൻ വിദേശത്ത് പോകുന്ന വിവരം കെ.എസ്.ആർ.ടി.സി.-യെ രേഖാമൂലം അറിയിക്കുകയോ ചെയ്തിട്ടില്ല.

(സി) റ്റി. സുരേഷ് കുമാർ, ഇൻസ്പെക്ടറിന്റെ സർവീസ് ബുക്ക് പ്രകാരം ടിയാൻ വിദേശത്ത് പോയതായി രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി. വിജിലൻസ് സെക്ഷന്റെ 27-9-2012-ലെ വി.എൽ.എ.1/14210/09 പ്രകാരം ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 17-10-2007 മുതൽ 12-10-2008 വരെയുള്ള കാലയളവ് ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ടിയാന് 4-6-2015-ന് സ്റ്റേഷൻ മാസ്റ്ററായും 21-06-2016 മുതൽ ഇൻസ്പെക്ടറായും പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ടിയാൻ കെ.എസ്.ആർ.ടി.സി.-യുടെ സെൻട്രൽ യൂണിറ്റിലായിരുന്നു.

(ഡി) അനധികൃതമായി ജോലിയിൽനിന്നും വിട്ടു നിൽക്കുന്നവർക്കും അനുമതിയില്ലാതെ വിദേശത്ത് പോകുന്നവർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 30 ദിവസം വരെയുള്ള കേസുകൾ ലീവ് റെഗുലറൈസേഷൻ സെല്ലിൽ

മെരിറ്റ് പ്രകാരം നടപടി സ്വീകരിക്കുന്നതിനും 31-നും 89-നും ദിവസങ്ങൾക്ക് ഇടയിലുള്ള കേസുകൾ ലീവ് റെഗുലറൈസേഷൻ സെല്ലിൽ നിന്നും വിജിലൻസ് സെക്ഷനിൽ നൽകി ആബ്സെന്റ് റിപ്പോർട്ട് ഇല്ലെന്ന് ഉറപ്പുവരുത്തി റെഗുലറൈസേഷൻ സെല്ലിൽ നടപടി സ്വീകരിക്കേണ്ടതും മറിച്ചാണെങ്കിൽ വിജിലൻസ് സെക്ഷനിൽ നിന്നും നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനും 89 ദിവസത്തിനുമുകളിൽ 3 വർഷം വരെയുള്ള കേസുകൾ വിജിലൻസ് സെക്ഷനിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും 3 വർഷത്തിനു മുകളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ജീവനക്കാർക്ക് അടിയന്തരമായി ഹാജരാകണമെന്ന് നിർദ്ദേശിച്ച് നോട്ടീസ് നൽകിയിട്ടും ഹാജരാകാത്തവരെ ലീവ് റെഗുലറൈസേഷൻ സെല്ലിൽ നിന്നും നിയമാനുസൃതം പാലിക്കേണ്ട കീഴ്വഴക്കങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും കോർപ്പറേഷൻ ഉത്തരവായിട്ടുണ്ട്.

## ഗ്യാരേജുകളുടെ നവീകരണം

193 (5382) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഗാരേജുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നത് ;

(ബി) ഗാരേജുകളിലെ മാലിന്യ വസ്തുക്കൾ (ഗ്രീസ്, ഓയിൽ, മലിനജലം, പ്ലാസ്റ്റിക് സാമഗ്രികൾ) ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക്ഷോപ്പ് നവീകരണത്തിനും അടിസ്ഥാന വികസനത്തിനുമായി 2016-17 വാർഷിക പദ്ധതിയിൽ 9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വാഹന പരിപാലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ജീവനക്കാരുടെകൂടി അഭിപ്രായം ആരായുന്നതിനായി മൂന്നു മേഖലാതല മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

(ബി) പുതുതായി നിർമ്മിക്കുന്ന/നവീകരിക്കുന്ന ഗ്യാരേജുകളിലെ മാലിന്യ വസ്തുക്കൾ, മലിനജലം എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം Sewage Treatment Plant-കൾ സ്ഥാപിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ മലിനജലം സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ പുനലൂർ, തിരുവനന്തപുരം സെൻട്രൽ വർക്സ്, എടപ്പാൾ റീജിയണൽ വർക്ഷോപ്പ്, കൊടുങ്ങല്ലൂർ, കാസർഗോഡ്, നെടുമങ്ങാട്, കോഴിക്കോട്/

ആലുവ റീജിയണൽ വർക്ക്ഷോപ്പുകൾ തുടങ്ങി ചുരുക്കം ഡിപ്പോകളിൽ മാത്രമേ സ്ഥാപിതമായിട്ടുള്ളൂ. എല്ലാ യൂണിറ്റുകളിൽ നിന്നും ഓയിൽ, ഗ്രീസ് എന്നിവ ശേഖരിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃത ഇ-ടെണ്ടറിലൂടെ ലേലം ചെയ്ത് വിൽക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ പ്രാദേശികമായി ലേലം ചെയ്ത് വിൽക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തൽ**

194 (5383) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ബസുകളുടെ പ്രതിദിന ശരാശരി കിലോമീറ്റർ, മൈലേജ്, കിലോമീറ്റർ കളക്ഷൻ എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) അതോടൊപ്പം ബസുകളുടെ ബ്രേക്ക് ഡൗൺ റേറ്റ്, മെയിന്റനൻസ് സമയം, അപകട നിരക്ക് എന്നിവ കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് വാഹന നിർമ്മാതാക്കളുടെയും പെട്രോളിയം കൺസർവേഷൻ & റിസർച്ച് അസോസിയേഷന്റെയും (PCRA) ആഭിമുഖ്യത്തിൽ തുടർച്ചയായി പരിശീലനം നൽകിവരുന്നു. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിലുപരി ഒരു അസി. വർക്സ് മാനേജരെ പ്രത്യേകം ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചോ അതിലധികമോ KM/L ലഭിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. ഓഫ്-റോഡ് നിരക്ക് നിയന്ത്രിക്കുന്നതിനായി മൊത്തം ഡിപ്പോകളെ എട്ടായി തിരിച്ച് ഓരോ മേഖലയ്ക്കും പ്രത്യേകം അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ അഞ്ച് മേഖലാ വർക്ക്ഷോപ്പുകളിൽനിന്ന് ദൈനംദിന ഓഫ്-റോഡ് നിരക്ക് വിശകലനം ചെയ്ത് സ്പെയർ പാർട്സുകളുടെയും ബസുകളുടെയും ലഭ്യത പ്രതിദിനം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ 1326 പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ജൻറം പദ്ധതിയിൽപ്പെട്ട 314 ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. ബസുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. ഇതുവഴി ഓഫ്-റോഡ് നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ബസുകളുടെ മെയിന്റനൻസ് മെച്ചപ്പെടുത്തുന്നതിനായി മെക്കാനിക്കുകൾ, ചാർജ്മാൻ, അസി. ഡിപ്പോ എഞ്ചിനീയർമാർ എന്നിവർക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും അപകട നിരക്ക് കുറയ്ക്കുന്നതിന്റെയും ഭാഗമായി കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് വാഹന നിർമ്മാതാക്കളുടെയും പ്രെട്രോളിയം കൺസർവേഷൻ & റിസർച്ച് അസോസിയേഷന്റെയും (PCRA) ആഭിമുഖ്യത്തിൽ തുടർച്ചയായി പരിശീലനം നൽകിവരുന്നു.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

195 (5384) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പെൻഷൻ സ്റ്റാറ്റ്യൂട്ടറിയാണെന്നും അതു നൽകാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ടെന്നും 2014 ഡിസംബർ 10 -ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ നൽകാതിരിക്കുന്ന സാഹചര്യമുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഗൗരവമായി പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് 1984 മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്നതുപോലെ പെൻഷൻ നൽകിത്തുടങ്ങിയെന്ന് കെ.എസ്.ആർ.ടി.സി. പ്രസ്തുത കേസിൽ ഹൈക്കോടതിയെ ബോധിപ്പിച്ചപ്പോൾ ഒരു ക്ഷേമ നടപടി എന്ന നിലയിൽ പെൻഷൻ നൽകുന്നത് നല്ല കാര്യമാണെന്ന് പ്രസ്തുത വിധി ന്യായത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ, വിധി ന്യായത്തിന്റെ തീർപ്പുകൽപ്പിക്കുന്നിടത്ത് പ്രസ്തുത പെൻഷൻ സ്റ്റാറ്റ്യൂട്ടറിയാണെന്ന് വിധിച്ചിട്ടില്ല.

(ബി) ഉണ്ട്. ആയത് ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നതിന് 60 കോടി രൂപ ആവശ്യമാണ്. ടി

തുകയുടെ പകുതിയായ 30 കോടി രൂപ സർക്കാർ വിഹിതമായാണ് അനുവദിച്ചു നൽകുന്നത്. ശേഷിക്കുന്ന തുകയായ 30 കോടി രൂപ നിലവിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കെ.എസ്.ആർ.ടി.സി.ക്ക് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് 2017 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ നൽകാൻ കഴിഞ്ഞിട്ടില്ല.

**ടിക്കറ്റിതര വരുമാനം**

196 (5385) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടിക്കറ്റിതര വരുമാനം കെ.എസ്.ആർ.ടി.സി.-യ്ക്ക് നഷ്ടമാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) കെ.റ്റി.ഡി.എഫ്.സി.-യുടെ സഹകരണത്തോടെ ബി.ഒ.ടി. അടിസ്ഥാനത്തിൽ കേരളത്തിൽ എവിടെയൊക്കെ വാണിജ്യസമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;ജില്ല തിരിച്ച് പേരു സഹിതം വെളിപ്പെടുത്തുമോ;

(സി) ഈ സമുച്ചയങ്ങളിലെ മുറികൾ എല്ലാം വാടകയ്ക്ക് പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ബസുകളിൽ ക്വറിയർ നടത്തിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ലാഭമാണോ നഷ്ടമാണോ;വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടിക്കറ്റിതര വരുമാനം നിലവിൽ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമല്ല. കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ നിർമ്മിച്ച് പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ ഒരു പരിധിവരെ ലൈസൻസിയെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ യഥാക്രമം നടത്തിവരുന്നു. ടിക്കറ്റിതര വരുമാനത്തിൽ സ്ക്രാപ്പ് ബസുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. 1-4-2016 മുതൽ 31-3-2017 വരെ സ്ക്രാപ്പ് സാധനങ്ങൾ ലേലം ചെയ്ത വകയിൽ 6,48,47,166 രൂപ ലഭ്യമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ്ഫലങ്ങൾ പൊതു ലേലം ചെയ്തതിൽ നിന്ന് 1-4-2016 മുതൽ 31-3-2017 വരെ ആകെ 1,97,993 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കെ.റ്റി.ഡി.എഫ്.സി.-യുടെ സഹകരണത്തോടെ ബി.ഒ.ടി. അടിസ്ഥാനത്തിൽ കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ, കോട്ടയം ജില്ലയിൽ തിരുവല്ല, എറണാകുളം ജില്ലയിൽ അങ്കമാലി, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് എന്നീ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽ വ്യാപാര സമുച്ചയങ്ങൾ പണിതിട്ടുണ്ട്.

(സി) ഈ സമുച്ചയങ്ങളിൽ കോഴിക്കോട് ഒഴികെ മറ്റെല്ലായിടങ്ങളിലും കടമുറികൾ ഭാഗീകമായി വാടകയ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) പ്രതിമാസ 2,00,000 (രണ്ട് ലക്ഷം) രൂപ ലൈസൻസ് ഫീസായി കെ.എസ്.ആർ.ടി.സി.-ക്ക് കരാർ ഏറ്റെടുത്തിട്ടുള്ള ഏജൻസി നൽകിവരുന്നു. കൂടാതെ കമ്പനിയുടെ ലാഭം വർദ്ധിപ്പിക്കുന്നതനുസരിച്ച് ലാഭവിഹിതം കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുന്നു.

### കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്

197 (5386) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസ് ലാഭകരമാണോ എന്ന് വെളിപ്പെടുത്തുമോ;

(ബി) 2016-17 വർഷം കൊറിയർ സർവീസിലൂടെ എത്ര വരുമാനം ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലാഭകരമാണ്. പ്രതിമാസം സ്ഥിരമായി 2,00,000 (രണ്ട് ലക്ഷം) രൂപ ലഭിക്കുന്നുണ്ട്.

(ബി) 2016-17 വർഷത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ 24,00,000 (ഇരുപത്തി നാല് ലക്ഷം) രൂപയും കമ്പനിയുടെ ലാഭ വർദ്ധനവ് അനുസരിച്ച് 8,82,331 (എട്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന്) രൂപയും ലഭിച്ചു.

### ജീവനക്കാർക്ക് ജപ്തി നോട്ടീസ്

198 (5387) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ പിടിക്കുന്ന വായ്പാവിഹിതം ധനകാര്യസ്ഥാപനങ്ങളിൽ അടയ്ക്കുന്നതിൽ മാനേജ്മെന്റ് വീഴ്ച വരുത്തിയതുമൂലം ജീവനക്കാർക്ക് ജപ്തി നോട്ടീസ് ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച ഇൻഷ്വറൻസ് പ്രീമീയവും കൃത്യമായി അടയ്ക്കുന്നില്ലായെന്നത് വസ്തുതയോണോ;

(സി) ഇത്തരത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച എത്ര കോടി രൂപയാണ് മാനേജ്മെന്റ് കുടിശ്ശികയാക്കിയിട്ടുള്ളത്. കുടിശ്ശിക തുക കൃത്യമായി അടച്ച് ജീവനക്കാരെ ജപ്തി നടപടികളിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിട്ടുണ്ട്.

(ബി) വസ്തുതയാണ്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2016 നവംബർ മുതൽ 2017 ഫെബ്രുവരി വരെ ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ റിക്കവറി ചെയ്ത തുകയും 2017 ഏപ്രിൽ മാസത്തെ ശമ്പളത്തിൽനിന്നും റിക്കവറി ചെയ്ത തുകയും എൽ.ഐ.സി.-യിൽ ഒടുക്കിയിട്ടില്ല.

(സി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ടി മാസങ്ങളിൽ റിക്കവറി ചെയ്ത 4,78,22,000 രൂപ എൽ.ഐ.സി.-യിൽ ഒടുക്കിയിട്ടില്ല. വിവിധ ധനകാര്യസ്ഥാപനങ്ങളിലേക്ക് ഒടുക്കുന്നതിനായി ജീവനക്കാരുടെ ഏപ്രിൽ മാസത്തെ ശമ്പളത്തിൽ നിന്നും കുറവുചെയ്ത 83,28,000 രൂപ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കാൻ സാധിച്ചിട്ടില്ല. ടി തുക പൂർണ്ണമായും ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**റിസർവ് കണ്ടക്ടർ നിയമനം**

199 (5388) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

31-12-16-ൽ കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർ തസ്തികയിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത 4000 പേരിൽ നിയമന ഉത്തരവ് നൽകാത്തവർക്ക് എപ്പോൾ നിയമന ഉത്തരവ് നൽകുവാൻ കഴിയുമെന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് 31-12-2016-ന് പി.എസ്.സി. ശിപാർശ ചെയ്തിട്ടുള്ള 4051 പേർക്ക് നിയമനം നൽകിയിട്ടില്ല. കെ.എസ്.ആർ.ട.സി.-യെ പുനരുദ്ധരിക്കുന്നതിനായുള്ള റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിട്ടുള്ള പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതാണ്.

## പെൻഷൻ പ്രായം

200 (5389) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ വിരമിക്കൽ പ്രായം 58-ഉം കർണാടകത്തിൽ 60-ഉം ആണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; ഇതിൽ എത്ര പേർ അടുത്ത രണ്ടു വർഷത്തിനുള്ളിൽ വിരമിക്കും;

(സി) ഇവർക്ക് പെൻഷൻ നൽകാൻ എത്ര കോടി രൂപകൂടി കോർപ്പറേഷൻ കണ്ടെത്തേണ്ടിവരും;

(ഡി) ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കോർപ്പറേഷനിൽ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) 56 വയസ്സ് കഴിഞ്ഞ കാഴ്ച കുറവുള്ള ഡ്രൈവർമാരെ മറ്റു ജോലികളിൽ നിയമിക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യിൽ 4/2017 മാസത്തിലെ കണക്കനുസരിച്ച് 34,966 സ്ഥിരം ജീവനക്കാരുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 05/2017 മുതൽ 04/2019 വരെ 2265 പേർ വിരമിക്കും.

| | | |
|---|---|---|
| കണ്ടക്ടർ വിഭാഗം | - | 247 |
| ഡ്രൈവർ വിഭാഗം | - | 1308 |
| മിനിസ്റ്റീരിയൽ വിഭാഗം | - | 187 |
| മെക്കാനിക്കൽ വിഭാഗം | - | 162 |
| SM, Inspector, VS & HVS | - | 311 |
| ഹയർ ഡിവിഷൻ വിഭാഗം | - | 50 |
| ആകെ | - | 2265 |

(സി) പ്രതിമാസം 3 കോടി 78 ലക്ഷം രൂപ വേണ്ടിവരും. കൂടാതെ, ഏതാണ്ട് 144 കോടി രൂപ ടിയാളുകളുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കണ്ടെത്തേണ്ടതുണ്ട്.

(ഡി) ശ്രീ. സുശീൽ ഖന്നയുടെ പ്രാഥമിക നിഗമനത്തിൽ ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്. തീരുമാനമെടുത്തിട്ടില്ല

(ഇ) നിലവിൽ പരിഗണനയിലില്ല.

**സ്വത്തുവകകൾ സംരക്ഷിക്കേണ്ട ചുമതല**

201 (5390) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സ്വത്തുവകകൾ സംരക്ഷിക്കേണ്ട ചുമതല കോർപ്പറേഷനിലെ ഏതു വിഭാഗമാണ് നിർവ്വഹിക്കുന്നത് എന്നും, കോർപ്പറേഷന്റെ കയ്യിലുള്ള സ്വത്തുവകകൾ എത്ര എന്നും അന്യാധീനപ്പെട്ടു കിടക്കുന്നവ എത്ര എന്നും ഇതു സംരക്ഷിക്കാൻ എന്തു പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) തമ്പാനൂർ ബസ് സ്റ്റാന്റിൽ ചുറ്റുമതിൽ കെട്ടണമെന്ന ഹൈക്കോടതി ഉത്തരവുപാലിക്കാനായി നാളിതുവരെ എന്തു നടപടി കോർപ്പറേഷൻ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;വിധി പകർപ്പു ലഭ്യമാക്കുമോ;

(സി) സ്വകാര്യ വാണിജ്യ സമുച്ചയത്തിന് സാമ്പത്തിക നേട്ടമുണ്ടാക്കാനുള്ള കെ.എസ്.ആർ.ടി.സി. എസ്റ്റേറ്റ് വിഭാഗത്തിന്റെ കൂട്ടുനിൽക്കലാണ് പ്രസ്തുത ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുണ്ടെങ്കിലും ഉത്തരവ് നടപ്പാക്കാത്തത് എന്നത് പരിശോധിക്കാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) ഹൈക്കോടതി നിർദ്ദേശം എന്നത്തേക്ക് പാലിക്കാനാണ് കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നത്;വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൈകാര്യം ചെയ്യുന്നതും സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതും എസ്റ്റേറ്റ് സെക്ഷൻ മുഖേനയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കൈവശം സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 172.90 ഹെക്ടർ സ്ഥലമാണുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള സ്ഥലങ്ങൾ അന്യാധീനപ്പെട്ട് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്യേറ്റ സാദ്ധ്യത ഒഴിവാക്കുന്നതിനായി സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ/മുള്ളുവേലി കെട്ടി സംരക്ഷിച്ച് വരികയാണ്.

(ബി) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് ചുറ്റമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ കെ.എസ്.ആർ.ടി.സി.-യോ കെ.റ്റി.ഡി.എഫ്.സി.-യോ കക്ഷിയായി കേസുകൾ ഒന്നും നിലവിലില്ല.

(സി &ഡി) ബി പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

202 (5391) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ മാസവും 5-ാം തീയതിക്കകം പെൻഷൻ നൽകുമെന്ന വാഗ്ദാനം പാലിക്കുവാൻ ഈ സർക്കാർ നിലവിൽ വന്ന ശേഷം കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

എല്ലാ മാസവും 5-ാം തീയതിക്കകം പെൻഷൻ നൽകിയിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി യഥാസമയം പെൻഷൻ നൽകാനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

**ബസ് ഉടമകളായ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ**

203 (5392) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് മുതലാളിമാരായ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ, കെ.എസ്.ആർ.ടി.സി.-ക്ക് ഇതേവരെ ഉണ്ടാക്കിയിട്ടുള്ള നഷ്ടത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ എത്രപേർ ബസ് ഉടമകളാണെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ചീഫ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അധികാര ദുർമോഹവും സ്ഥാപനത്തിന് വരുത്തിവച്ചിട്ടുള്ള നഷ്ടത്തെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൽസംബന്ധമായി കെ.എസ്.ആർ.ടി.സി.-ക്ക് ഇതേവരെ ഉണ്ടാക്കിയിട്ടുള്ള നഷ്ടത്തെക്കുറിച്ച് പരിശോധിക്കുന്നതിലേക്കായി വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള നഷ്ടത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ ബസ് ഉടമകളായിട്ടുള്ളവരുടെ കണക്ക് ശേഖരണം പൂർത്തിയായിട്ടില്ല.

(സി) നഷ്ടം സംബന്ധിച്ച് വിശദാംശം ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ബസ് ബോഡി നിർമ്മാണം**

204 (5393) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബസ് ബോഡി നിർമ്മാണത്തിന് എത്ര മനുഷ്യാദ്ധ്വാന ദിനങ്ങളാണ് ഇപ്പോൾ വേണ്ടിവരുന്നത്;

(ബി) ഇതു സംബന്ധിച്ച ദേശീയ ശരാശരി എത്രയാണ്;

(സി) ദേശീയ ശരാശരിയെക്കാൾ കൂടുതൽ മനുഷ്യാദ്ധ്വാനദിനങ്ങൾ കെ.എസ്.ആർ.ടി.സിയുടെ ബസ് ബോഡി നിർമ്മാണത്തിന് എടുക്കുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് ദേശീയ ശരാശരിക്ക് ഒപ്പമാക്കി കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും ഒരു പരിധിവരെയെങ്കിലും കരകയറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബസ് ബോഡി നിർമ്മാണത്തിന് ശരാശരി ഓർഡിനറി/ഫാസ്റ്റ് പാസഞ്ചർ ബസിന് 341-ഉം, സൂപ്പർ ഫാസ്റ്റ് ബസിന് 358-ഉം മനുഷ്യാദ്ധ്വാന ദിനങ്ങൾ വേണ്ടിവരുന്നുണ്ട്.

(ബി) 200-225 മനുഷ്യാദ്ധ്വാന ദിനങ്ങളാണ് ബസ് ബോഡി നിർമ്മാണത്തിന് ദേശീയ ശരാശരിയായി കണക്കാക്കിയിട്ടുള്ളത്.

(സി) കെ.എസ്.ആർ.ടി.സി. നിർമ്മിക്കുന്ന ബസുകളിൽ (ഡീലക്സ് ഒഴികെയുള്ളവ) സീറ്റ് അസംബ്ലിംഗ്, വിൻഡോ പാനലിംഗ് എന്നിവ കെ.എസ്.ആർ.ടി.സി.-യുടെ തന്നെ വർക്ഷോപ്പുകളിലാണ് നിർമ്മിക്കുന്നത്. ഇതിലേക്കായി അധികം മനുഷ്യദ്ധ്വാന ദിനങ്ങൾ വേണ്ടി വരുന്നുണ്ട്. കൂടാതെ ബസ് ബോഡി നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലും മനുഷ്യാദ്ധ്വാന ദിനങ്ങൾ കൂടുതലാകുന്നുണ്ട്. ബസ് ബോഡി നിർമ്മാണത്തിന്റെയും വാഹന ഭാഗങ്ങളുടെയും വിവിധ റിപ്പയർ ജോലികളുടെയും നിലവിലെ മനുഷ്യാദ്ധ്വാന ദിനങ്ങൾ ശാസ്ത്രീയമായി വിശകലനം നടത്തി പുനരവലോകനം ചെയ്യുന്നതിനായി സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ സമീപിച്ചിട്ടുണ്ട്.

## റോഡ് സുരക്ഷാ അതോറിറ്റി

205 (T*5394) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിക്ക് സംസ്ഥാന സർക്കാർ നൽകിയ 173 കോടി രൂപ ധൂർത്തടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകുന്ന ധനസഹായം ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിക്ക് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും പ്രസ്തുത അതോറിറ്റിക്ക് ലഭിച്ച ധനസഹായവും ആയത് ചെലവഴിച്ചതെങ്ങനെയെന്നുമുള്ള വിവരങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ഡി) ധനവിനിയോഗം സംബന്ധിച്ച് റോഡ് സുരക്ഷാ അതോറിറ്റിയുടെ അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 വകുപ്പ് 13 അനുസരിച്ച് റോഡ് സുരക്ഷാ ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായാണ പയോഗിക്കേണ്ടത്:

(i) റോഡ് സുരക്ഷാ പരിപാടികൾക്ക്

(ii) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(iii) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്

(iv) റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്

(v) ട്രോമ കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും

(vi) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്

(vii) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്

(viii) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിന്

(സി) കേരള റോഡുസുരക്ഷാ അതോറിറ്റിക്ക് കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പു സാമ്പത്തിക വർഷവും റോഡ് സുരക്ഷാ ഫണ്ടിലേക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മുൻ വർഷത്തെ നീക്കിയിരുപ്പിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2016-17

| | | |
|---|---|---|
| ജീവനക്കാരുടെ വേതനം | - | 35,30,257 രൂപ |
| ഇലക്ട്രിസിറ്റി ടെലിഫോൺ ചാർജ്ജ് | - | 1,55,079 രൂപ |
| ഓഫീസ് ചെലവ് | - | 88,282 രൂപ |
| ഇൻകം ടാക്സ് | - | 2,31,636 രൂപ |
| വാടക | - | 4,82,366 രൂപ |

<u>റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും നൽകിയ തുക</u>

| | | |
|---|---|---|
| പോലീസ് | - | 1,43,65,515 രൂപ |
| മോട്ടോർ വാഹന വകുപ്പ് | - | 1,04,46,400 രൂപ |
| പൊതുമരാമത്ത് വകുപ്പ് | - | 34,73,479 രൂപ |
| ആരോഗ്യ വകുപ്പ് | - | 12,03,167 രൂപ |
| ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ | - | 1,80,46,859 രൂപ |

| | | |
|---|---|---|
| നാറ്റ്പാക് | - | 1,00,00,000 രൂപ |
| മാധ്യമങ്ങൾ | - | 45,49,067 രൂപ |
| മറ്റുള്ളവർ | - | 9,45,972 രൂപ |
| 2017-18 | | |
| ജീവനക്കാരുടെ വേതനം | - | 3,02,908 രൂപ |
| ഇലക്ട്രിസിറ്റി ടെലിഫോൺ ചാർജ്ജ് | - | 22,765 രൂപ |
| ഓഫീസ് ചെലവ് | - | 5,267 രൂപ |
| ഇൻകം ടാക്സ് | - | 7,500 രൂപ |
| പോലീസ് വകുപ്പിന് നൽകിയ തുക | - | 13,92,087 രൂപ |

(ഡി) റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും ശിപാർശകൾക്ക് ഗതാഗത വകുപ്പുമന്ത്രി ചെയർമാനും പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ചീഫ് സെക്രട്ടറി, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റോഡ് സുരക്ഷാ കമ്മീഷണർ, പോലീസ് ഡയറക്ടർ ജനറൽ തുടങ്ങിയവർ ഉൾപ്പെട്ടുകയും ചെയ്യുന്ന അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായാണ് ഫണ്ട് അനുവദിക്കുന്നത്. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന തുകകൾ നൽകുന്നതിന് ഫയൽ ചീഫ് സെക്രട്ടറിക്ക് മുൻപാകെ സമർപ്പിക്കാറുണ്ട്. ഇതിനുപുറമെ അതോറിറ്റിയുടെ വരവുചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാണ്. 2015-16 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുമുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് സർവീസ്**

206 (5395) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന തൃശ്ശൂർ-പെരിന്തൽമണ്ണ റൂട്ടിലെ ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) തൃശ്ശൂർ - വടക്കാഞ്ചേരി - ഷൊർണൂർ - ഒറ്റപ്പാലം - ചെർപ്പുളശ്ശേരി - പെരിന്തൽമണ്ണ റൂട്ടിൽ നിർത്തിവച്ച ബസ് സർവ്വീസ് അടിയന്തരമായി പുനരാരംഭി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. തൃശ്ശൂർ യൂണിറ്റിൽ നിലവിലുള്ള ശരാശരി ഓപ്പറേറ്റിംഗ് ഷെഡ്യൂൾ 75 എണ്ണം ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യത്തിനുള്ള ജീവനക്കാരെ ടി യൂണിറ്റിൽ നിയമച്ചിട്ടുണ്ടെങ്കിലും അനധികൃതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാത്തതിനാൽ ജീവനക്കാരുടെ അഭാവംമൂലം സർവീസ് ക്യാൻസൽ ചെയ്യേണ്ട സ്ഥിതിവിശേഷമുണ്ട്.

(ബി) ജീവനക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ടി സർവീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**രാത്രികാലത്ത് ബസ് സർവീസ്**

207 (5396) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും താനൂർ തിരൂർ ചമ്രവട്ടം വഴി എറണാകുളം ഭാഗത്തേക്ക് രാത്രികാലത്ത് ബസ് സർവ്വീസ് വളരെ കുറവായതുകാരണം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച റൂട്ടിൽ രാത്രികാലങ്ങളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസുകളുടെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത റൂട്ടിൽ പുതിയ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ബസ് ടെർമിനൽ**

208 (5397) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള പണി പൂർത്തീകരിച്ച് ബസ് ടെർമിനൽ എന്നത്തേക്ക് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ ടെർമിനൽ യാഥാർത്ഥ്യമായാൽ ലഭ്യമാകുന്ന സൗകര്യങ്ങൾ വിശദീകരിക്കാമോ;

(ഡി) രണ്ടാം ഘട്ടത്തിൽ കൂടുതൽ പദ്ധതികൾ ബസ് ടെർമിനലിനോടനുബന്ധിച്ച് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സിവിൽ സ്ട്രക്ചറൽ ജോലികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) സിവിൽ ജോലികൾ പൂർത്തീകരിച്ച കഴിഞ്ഞാൽ മാത്രമേ ഇലക്ട്രിക്കൽ, ഫയർ, എസ്.ടി.പി. തുടങ്ങിയ പ്രവൃത്തികളുടെ ടെണ്ടർ നടപടികളിലേക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. ആയതുകൂടി പൂർത്തീകരിച്ച് 2018 മാർച്ചോടുകൂടി ബസ് ടെർമിനൽ തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) യാത്രക്കാർക്ക് മെച്ചപ്പെട്ട വിശ്രമസൗകര്യം, മികച്ച രീതിയിലുള്ള ശൗചാലയം, റസ്റ്റ് റൂം, വെയിലും മഴയും ഏൽക്കാതെ ബസിൽ കയറുന്നതിനും ഇറങ്ങുവാനുമുള്ള സൗകര്യം, ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ വരുന്നതോടെ യാത്രക്കാർക്കും മറ്റും മെച്ചപ്പെട്ട ഷോപ്പിംഗ് അനുഭവം എന്നിവ പ്രദാനം ചെയ്യുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

(ഡി) ഒന്നാംഘട്ടം പൂർത്തീകരിച്ച് വിജയകരമായാൽ മാത്രമേ രണ്ടാം ഘട്ടത്തെക്കുറിച്ച് പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

**കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ**

209 (5398) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി ഡിപ്പോകളാണ് നിലവിലുള്ളത്; ഓരോ ഡിപ്പോകളിലും എത്ര ബസ്സുകളാണുള്ളത്; എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) കണ്ണൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി.ക്ക് 3 ഡിപ്പോകളാണ് നിലവിലുള്ളത്. കണ്ണൂർ ജില്ലയിലെ ഡിപ്പോകളുടെ ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം താഴെപ്പറയും പ്രകാരമാണ്.

കണ്ണൂർ

| | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ഡീലക്സ് | 3 | 9 |
| എക്സ്പ്രസ് | 3 | 6 |
| സൂപ്പർ ഫാസ്റ്റ് | 4 | 9 |
| ഫാസ്റ്റ് | 8 | 17 |
| ഓർഡിനറി | 77 | 79 |
| ജൻറം | 7 | 7 |
| ആകെ | 102 | 127 |

പയ്യന്നൂർ

| | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| എക്സ്പ്രസ് | 2 | 5 |
| സൂപ്പർ ഫാസ്റ്റ് | 2 | 8 |
| ഫാസ്റ്റ് | 1 | 5 |
| ഓർഡിനറി | 70 | 70 |
| ജൻറം | 5 | 5 |
| ആകെ | 80 | 93 |

തലശ്ശേരി

| | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ഡീലക്സ് | 1 | 2 |
| എക്സ്പ്രസ് | 1 | 2 |
| സൂപ്പർ ഫാസ്റ്റ് | 1 | 2 |
| ഫാസ്റ്റ് | 8 | 14 |
| ഓർഡിനറി | 50 | 53 |
| ജൻറം | 3 | 4 |
| ആകെ | 64 | 77 |

(ബി) കണ്ണൂർ ജില്ലയിലെ ഡിപ്പോകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 ജൻറം ബസുകൾ ഉൾപ്പെടെ 53 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ഡിപ്പോയിൽ ജൻറം പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന 12 ബേ ഗ്യാരേജിന്റെയും ഗ്യാരേജ് യാർഡിന്റെ നവീകരണ പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ഏകദേശം 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**കോതമംഗലം ഡിപ്പോയിലെ ബസുകൾ**

210 (5399) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം ഡിപ്പോയ്ക്ക് പുതുതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം യൂണിറ്റിൽ 42 ആർ.ടി.സി. ഷെഡ്യൂളുകളും 11 ജൻറം സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി സർവീസുകൾ നടത്തുന്നതിനായി 48 ആർ.ടി.സി. ബസുകളും 11 ജൻറം ബസുകളും അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം ഡിപ്പോക്ക് പുതുതായി 4 ബസുകൾ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ബസുകൾ എറണാകുളം-മൂന്നാർ, തൃശ്ശൂർ-പാലക്കാട്, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിൽ സർവീസ് നടത്തിവരുന്നു.

**ഡിപ്പോ നവീകരണം**

211 (5400) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ ചുമതല ഏറ്റെടുത്ത കോൺട്രാക്ടർ പിന്മാറിയതിനെ തുടർന്ന് പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ കുറഞ്ഞ രണ്ടാമത്തെ തുക ക്വാട്ട് ചെയ്ത വ്യക്തിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്ക് വിധേയമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

**രൂപമാറ്റം വരുത്തിയ ബസുകൾ**

212 (5401) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺ എ.സി. ബസ്സുകൾ രൂപമാറ്റം വരുത്തി എ.സി. ഘടിപ്പിച്ച് നിരത്തിലിറക്കുന്നത് അപകടകരമാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വസ്തുതകൾ വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ രൂപമാറ്റം വരുത്തിയ ബസ്സുകൾ കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ നിന്ന് ഇതരസംസ്ഥാനങ്ങളിലേക്ക് ഡെയിലി ട്രിപ്പ് നടത്തുന്ന ഇത്തരം വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;വിശദീകരിക്കുമോ?

ഉത്തരം

(എ) ഒരു നോൺ എ.സി. ബസ്, എ.സി. ഘടിപ്പിച്ച് നിരത്തിലിറക്കുന്നത് മോട്ടോർ വാഹന നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനമായി കണക്കാക്കാനാവില്ല

(ബി) എ.സി. ഘടിപ്പിച്ച വാഹനങ്ങൾ ചിലയിടത്ത് സർവീസ് നടത്തി വരുന്നു.

(സി) കരാറിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പ്രകാരം മാത്രം സർവീസ് നടത്താൻ അനുമതിയുള്ളവയാണ് കരാർ വാഹനങ്ങൾ. കരാർ വ്യവസ്ഥയിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ലെന്നും വ്യക്തികളിൽനിന്നും ഒറ്റയ്ക്കൊറ്റയ്ക്കായി ചാർജ് ഈടാക്കരുതെന്നുമാണ് കരാറിലെ പ്രധാന വ്യവസ്ഥ. സംസ്ഥാനത്ത് അനധികൃത സർവീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.-മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബംഗളൂരു, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനധികൃത സർവീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

**സർവീസുകളുടെ പ്രതിദിന വരുമാനം**

213 (5402) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും പാലക്കാട്, കോഴിക്കോട്, മൂന്നാർ, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് പുതുതായി അനുവദിച്ച ബസ് സർവീസുകളുടെ ഇതുവരെയുള്ള ഏറ്റവും കൂടിയ പ്രതിദിന വരുമാനവും ഏറ്റവും കുറഞ്ഞ പ്രതിദിന വരുമാനവും എത്രയൊക്കെയെന്നും ഏതു ദിവസങ്ങളിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

1. ഷെഡ്യൂൾ നം. 91

| | | |
|---|---|---|
| നോർത്ത് പറവൂർ-മുനമ്പം | - | തിരുവനന്തപുരം (S/F) |
| ഏറ്റവും കൂടിയത് | - | 5-10-2016 |
| വരുമാനം | - | 28514 രൂപ |
| ഏറ്റവും കുറഞ്ഞത് | - | 11-10-2016 |
| വരുമാനം | - | 10415 രൂപ |

2. ഷെഡ്യൂൾ നം. 92

| | | |
|---|---|---|
| നോർത്ത് പറവൂർ-വൈപ്പിൻ | - | പാലക്കാട് (FP) |
| ഏറ്റവും കൂടിയത് | - | 23-2-2017 |
| വരുമാനം | - | 19901 രൂപ |
| ഏറ്റവും കുറഞ്ഞത് | - | 21-9-2016 |
| വരുമാനം | - | 6262 രൂപ |

3. ഷെഡ്യൂൾ നം. 93

നോർത്ത് പറവൂർ-ചെറായി-മൂന്നാർ (TT)

| | | |
|---|---|---|
| ഏറ്റവും കൂടിയത് | - | 2-5-2017 |
| വരുമാനം | - | 12386 രൂപ |
| ഏറ്റവും കുറഞ്ഞത് | - | 4-11-2016 |
| വരുമാനം | - | 4789 രൂപ |

4. ഷെഡ്യൂൾ നം. 95

നോർത്ത് പറവൂർ-എറണാകുളം-കോഴിക്കോട് (FP)

| | | |
|---|---|---|
| ഏറ്റവും കൂടിയത് | - | 26-11-2016 |
| വരുമാനം | - | 21929 രൂപ |
| ഏറ്റവും കുറഞ്ഞത് | - | 10-11-2016 |
| വരുമാനം | - | 6819 രൂപ |

## കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

214 (5403) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതിയും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണവും വിശദമാക്കുമോ?

ഉത്തരം

(എ) സ്ട്രക്ചറൽ വർക്കുകളുടെ പണി പൂർത്തീകരിച്ചു. മലിനീകരണ നിയന്ത്രണ സംവിധാനത്തിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. അഗ്നിസുരക്ഷാ സംവിധാനത്തിന്റെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണങ്ങൾ 2018 ജനുവരിയോടുകൂടി പൂർത്തിയാക്കാൻ കഴിയും.

(സി) Price Software ഉപയോഗിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് വിശദമായ സ്ട്രക്ചറൽ ഡിസൈൻ ആവശ്യമായതിനാൽ ആർക്കിടെക്ട് സമർപ്പിച്ച ഡിസൈൻ തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ DPR സമർപ്പിക്കുവാൻ സാധിക്കും.

## അന്തർ സംസ്ഥാന ബസുകൾ

215 (5404) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) പ്രസ്തുത സർവ്വീസ് നടത്തുന്നതിന് ഏത് തരത്തിലുള്ള പെർമിറ്റാണ് നൽകിയിട്ടുള്ളത്;

(സി) കോൺട്രാക്ട് കാരിയേജ് പെർമിറ്റ് ഉള്ള അന്തർ സംസ്ഥാന ബസ്സുകൾ പെർമിറ്റ് നിബന്ധന ലംഘിച്ച് സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) നിബന്ധനകൾ ലംഘിച്ച് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ കെ.എസ്.ആർ.ടി.സി-യ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്ക് അന്തർ സംസ്ഥാന സർവീസുകൾ നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.ക്ക് 469 ബസുകൾ നിലവിലുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര മോട്ടോർവാഹന നിയമം 88 (8), (9) എന്നിവ പ്രകാരം പെർമിറ്റ് എടുത്ത് കേരളത്തിൽ സർവീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി&സി) ഒരു കരാർ വ്യവസ്ഥയിൽ അനുശാസിക്കുന്ന പ്രകാരം മാത്രം സർവീസ് നടത്താൻ അനുമതിയുള്ളവരാണ് കരാർ വാഹനങ്ങൾ. എന്നാൽ അവ കരാർ വ്യവസ്ഥകളല്ലാതെ സമാന്തര സ്റ്റേജ് ക്യാരേജ് സർവീസ് നടത്തുന്നുവെന്നതാണ് പലപ്പോഴും ഉണ്ടാകാറുള്ള പരാതി. കരാറിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ല എന്നും വ്യക്തികളിൽനിന്നും ഒറ്റയ്ക്കൊറ്റയ്ക്കായി ചാർജ് ഈടാക്കരുതെന്നുമാണ് നിയമത്തിലെ പ്രധാന വ്യവസ്ഥ. ഇത്തരം വാഹനങ്ങൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുക എന്നുള്ളത് പലപ്പോഴും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. സംസ്ഥാനത്ത് അനധികൃത സർവീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബംഗളൂരു, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനധികൃത സർവീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

(ഡി) ഉണ്ട്. ഇത്തരം അനധികൃത സർവീസുകൾക്കെതിരെ മോട്ടോർ വാഹനവകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സുശീൽ ഖന്ന റിപ്പോർട്ട്

216 (5405) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കാലത്ത് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ നടപടി ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് എടുത്തിട്ടുള്ളതാണോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത/രജിസ്റ്റേർഡ് തൊഴിലാളി സംഘടന നേതാക്കളുമായി 1-4-2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശിപാർശകളോട് പൊതുവായി അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശിപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കുശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിക്കുകയുണ്ടായി.

## വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

217 (5406) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ വാഹന അപകടങ്ങളിൽ എത്ര പേരാണ് മരിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) അപകട മരണങ്ങളില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഗതാഗത വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പരിഷ്ക്കാരങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2016-17-ൽ (1-4-2016 മുതൽ 31-3-2017 വരെ) സംസ്ഥാനത്ത് 4059 പേർ വാഹനാപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്.

(ബി) അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന ചെക്കിംഗുകളിലും ഓഫീസുതലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്ക് ഒരു ദശകം എന്ന ലോകാരോഗ്യസംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ റോഡുകളെ ആസ്പദമാക്കി ഒരു റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും റോഡ് സേഫ്റ്റി പോളിസിയും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് തയ്യാറാക്കി റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അവ നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. നാറ്റ്പാക് സമർപ്പിച്ച പഠന റിപ്പോർട്ടുകൾ 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സർവീസ്

218 (5407) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും പുതുതായി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സർവ്വീസുകളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പുതിയ സർവ്വീസുകൾക്കുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ചിറ്റൂർ, വടക്കാഞ്ചേരി എന്നീ യൂണിറ്റുകളിൽ നിന്നും ഓരോ ഓവർ സർവീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നിർത്തലാക്കിയ സർവീസുകൾ**

219 (5408) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽനിന്നും മാവേലിക്കര-ബാംഗ്ലൂർ, മാവേലിക്കര-കുമളി, മാവേലിക്കര-കണ്ണൂർ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തിനാൽ മാവേലിക്കര-ബാംഗ്ലൂർ സർവീസ് ആരംഭിക്കുവാൻ കഴിയുകയില്ല. മാവേലിക്കര-കണ്ണൂർ, മാവേലിക്കര-കുമളി എന്നീ സർവീസുകൾ പുതുതായി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അന്തർ സംസ്ഥാന സർവീസുകൾ**

220 (5409) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നിലവിൽ സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന റൂട്ടുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സർവ്വീസുകളുടെ പ്രതിദിന ശരാശരി കളക്ഷൻ എത്ര രൂപയാണ്;

(സി) ഡിപ്പോയിൽനിന്നും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചനയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 14.30 കൊട്ടാരക്കര-ബാംഗ്ലൂർ

20.00 കൊട്ടാരക്കര-കൊല്ലൂർ-മൂകാംബിക

07.50 കൊട്ടാരക്കര-കോയമ്പത്തൂർ

15.15 കൊട്ടാരക്കര- കോയമ്പത്തൂർ

17.15 കൊട്ടാരക്കര-കോയമ്പത്തൂർ

21.30 കൊട്ടാരക്കര-കോയമ്പത്തൂർ

05.00 കൊട്ടാരക്കര- തെങ്കാശി

05.30 കൊട്ടാരക്കര-തെങ്കാശി

06.30 കൊട്ടാരക്കര-തെങ്കാശി

07.30 കൊട്ടാരക്കര-തെങ്കാശി

06.10 കൊട്ടാരക്കര-നാഗർകോവിൽ

07.15 കൊട്ടാരക്കര-പഴനി

07.40 കൊട്ടാരക്കര-പുനലൂർ-തിരുനെൽവേലി

(ബി)

| സർവീസ് | വരുമാനം |
|---|---|
| (1) | (2) |
| 14.30 കൊട്ടാരക്കര-ബാംഗ്ലൂർ, S/DLX | 47,024 |
| 20.00 കൊട്ടാരക്കര-കൊല്ലൂർ-മൂകാംബിക, S/DLX | 27,566 |
| 07.50 കൊട്ടാരക്കര-കോയമ്പത്തൂർ, SFP | 25,325 |
| 15.15 കൊട്ടാരക്കര- കോയമ്പത്തൂർ, SFP | 26,942 |
| 17.15 കൊട്ടാരക്കര-കോയമ്പത്തൂർ, SFP | 24,579 |
| 21.30 കൊട്ടാരക്കര-കോയമ്പത്തൂർ, SFP | 27,322 |
| 05.00 കൊട്ടാരക്കര- തെങ്കാശി, FP | 25,396 |
| 05.30 കൊട്ടാരക്കര-തെങ്കാശി, FP | 21,858 |
| 06.30 കൊട്ടാരക്കര-തെങ്കാശി, FP | 20,430 |

| (1) | (2) |
|---|---|
| 07.30 കൊട്ടാരക്കര-തെങ്കാശി, FP | 17,824 |
| 06.10 കൊട്ടാരക്കര-നാഗർകോവിൽ, FP | 15,149 |
| 07.15 കൊട്ടാരക്കര-പഴനി, LSFP | 26,935 |
| 07.40 കൊട്ടാരക്കര-പുനലൂർ-തിരുനെൽവേലി, FP | 16,104 |

(സി) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ സർവീസുകൾ**

221 (5410) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലൂടെ ഓടിക്കൊണ്ടിരുന്ന നിരവധി കെ.എസ്.ആർ.ടി.സി. ബസ്സുകൾ കഴിഞ്ഞ കുറെ മാസങ്ങളായി നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രാക്ലേശം നിമിത്തം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ ഈ ബസ് സർവീസുകൾ അടിയന്തരമായി പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവീസുകളുടെ ട്രിപ്പുകളാണ് പുന:ക്രമീകരിച്ചത്. ടി സർവീസുകൾ അടിയന്തരമായി പുന:സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഗതാഗത അക്കാദമി**

222 (5411) ശ്രീ. വി. എസ്.ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴിലെ വെയിലൂരിൽ ഗതാഗത അക്കാദമി സ്ഥാപിക്കുവാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) സുരക്ഷിതമായ ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിന് ഉതകുന്നവിധത്തിൽ ഗതാഗത അക്കാദമി സ്ഥാപിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വം തീരുമാനമെടുക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പരിശീലന സ്ഥാപനം സംബന്ധിച്ച ഒരു നിർദ്ദേശം ഗതാഗത കമ്മീഷണറിൽ നിന്നും ലഭിച്ചിരുന്നു. വിശദമായ പരിശോധനകൾക്കുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

**ബോധവൽക്കരണ പദ്ധതി**

223 (5412) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവാഹനങ്ങളിൽ സഞ്ചരിക്കുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ളവർ വിവിധ തരം ലൈംഗികചൂഷണങ്ങളിൽപ്പെടുന്നതും, സ്ത്രീ യാത്രക്കാരോട് ഡ്രൈവർമാരും മറ്റ് ടാക്സി ജീവനക്കാരും മോശമായി പെരുമാറുന്നതും തടയുവാൻ സ്ത്രീയാത്രക്കാരോട് പെരുമാറേണ്ട രീതികൾ , വാഹനം ഓടിക്കുമ്പോൾ റോഡിൽ പാലിക്കേണ്ട നിയമങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവകളെക്കുറിച്ച് ബോധവൽക്കരണം നടത്താൻ ഗതാഗത വകുപ്പ് മുൻകൈ എടുത്ത് പദ്ധതി നടപ്പാക്കുമോ; വിവരിക്കുമോ;

(ബി) ഈ ബോധവൽക്കരണ പദ്ധതിയിൽ പോലീസ് വകുപ്പിനെയും ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ബോധവൽക്കരണ ക്ലാസ്സിൽ എല്ലാ ഡ്രൈവർമാരും വാഹനത്തിലെ മറ്റ് ജീവനക്കാരും നിർബന്ധമായി പങ്കെടുക്കാൻ നടപടി സ്വീകരിക്കുമോ; ഇതിൽ പങ്കെടുക്കുന്നവർക്കുമാത്രമേ ഡ്രൈവിംഗ് ലൈസൻസ് മുതലായവ പുതുക്കി കൊടുക്കു എന്നുള്ള നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പുതുതായി ലൈസസൻസിന് അപേക്ഷിക്കുന്ന വ്യക്തി വാഹനമോടിച്ചു കാണിക്കാനുള്ള പ്രായോഗിക പരീക്ഷയ്ക്കുമുൻപായി മോട്ടോർ വാഹന വകുപ്പ് നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. ഈ പരിശീലന പരിപാടിയിൽ സുരക്ഷിതമായ ഡ്രൈവിംഗ് സംസ്കാരത്തെക്കുറിച്ചും വാഹനത്തിൽ കയറുന്ന മറ്റ് യാത്രികരോടുള്ള മാന്യവും കുലീനവുമായ പെരുമാറ്റ രീതികളെക്കുറിച്ചും പഠിപ്പിക്കാറുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം വിവിധതരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് വകുപ്പ് നൽകുന്ന പരിശീലന പരിപാടികളിലും ഇത്തരം വിവരങ്ങൾ പകർന്നു നൽകാറുണ്ട്.

(ബി) ഇത്തരം ബോധവൽക്കരണ പരിപാടികൾ പോലീസും നടത്തി വരുന്നുണ്ട്.

(സി) ഡ്രൈവിംഗ് ലൈസൻസ് പുതുക്കി നൽകുന്നതിനുമുൻപ് ഇത്തരം പരിശീലന പരിപാടികൾ നിർബന്ധമാക്കണമെങ്കിൽ കേന്ദ്ര സർക്കാർ തലത്തിൽ നിയമഭേദഗതികൾ ആവശ്യമായേക്കാം. നിലവിൽ പുതിയ ലൈസൻസ് എടുക്കുന്നവർക്കാണ് ഇത്തരത്തിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നത്. ഇതിലൂടെ ഡ്രൈവർമാരുടെ പെരുമാറ്റരീതിയിൽ കാര്യമായ മാറ്റം വരുത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

**വാഹനങ്ങളുടെ ആൾട്ടറേഷൻ**

224 (5413) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനി ഷോറൂമുകളിൽ നിന്നും ലഭിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും നാലു ചക്ര വാഹനങ്ങൾക്കും ആൾട്ടറേഷൻ വരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകാറുണ്ടോ;എന്തൊക്കെ സാഹചര്യങ്ങളിലാണ് ഇത്തരത്തിൽ ആൾട്ടറേഷൻ അനുമതി ലഭ്യമാക്കുന്നത്;ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇരുചക്രവാഹനങ്ങളുടെ സൈലൻസറിൽ മാറ്റം വരുത്തി ശബ്ദമലിനീകരണം ഉണ്ടാക്കുന്നതും വാഹനത്തിന്റെ ബാലൻസ് നഷ്ടപ്പെടുന്ന രീതിയിൽ ഹാൻഡിൽ ബാറുകൾ മാറ്റുന്നതും കണ്ണഞ്ചിപ്പിക്കുന്ന ലൈറ്റ് സംവിധാനങ്ങൾ പിടിപ്പിക്കുന്നതും വളരെ ശബ്ദമുള്ള ഹോണുകൾ പിടിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അനാവശ്യമായി വാഹനങ്ങളിൽ ആൾട്ടറേഷൻ നടത്തുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേക പരിശോധന മോട്ടോർ വാഹന വകുപ്പ് നടത്തുമോ?

<u>ഉത്തരം</u>

(എ) കമ്പനി ഷോറൂമുകളിൽ നിന്നും നിർമ്മാണം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വാഹനങ്ങളിൽ ആൾട്ടറേഷൻ നടത്താൻ സാധാരണ ഗതിയിൽ വകുപ്പ് അനുമതി നൽകാറില്ല. എന്നാൽ ശാരീരിക വൈകല്യം അനുഭവിക്കുന്ന വ്യക്തികൾ അവരുടെ ഉപയോഗത്തിനായി വാങ്ങി രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾക്ക് അനുമതി നൽകാറുണ്ട്. ഇത്തരം നാലുചക്രവാഹനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ള വർക്ക്ഷോപ്പുകളിൽ രൂപമാറ്റം വരുത്താവുന്നതാണ്. ഇരുചക്ര വാഹനങ്ങളാണെങ്കിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വാഹനം പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തി മാത്രമാണ് ഇത്തരം രൂപമാറ്റങ്ങൾ അനുവദിക്കാറുള്ളത്.

(ബി) ഇരുചക്രവാഹനങ്ങളുടെ സൈലൻസർ, ഹാൻഡിൽ ബാർ എന്നിവിടങ്ങളിലെ അനധികൃത രൂപമാറ്റവും അമിത ശബ്ദമുള്ള ഹോണുകൾ പ്രവർത്തിപ്പിക്കുന്നതും നിയമവിരുദ്ധമാണ്. ഇത്തരം സംഭവങ്ങളിൽ വാഹനം കസ്റ്റഡിയിലെടുത്ത് അനധികൃത ആൽട്ടറേഷനുകൾ നീക്കം ചെയ്യാനും അതിനുശേഷം മാത്രം വിട്ടുനൽകാനും ബഹു. ഹൈക്കോടതി ഈയടുത്ത കാലത്ത് ഉത്തരവായിരുന്നു. കഴിഞ്ഞ വർഷം ഇത്തരം സംഭവങ്ങളിൽ 7496 വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ വകുപ്പ് കർശനമായ പരിശോധനകൾ നടത്തിവരുന്നു. അനധികൃതമായി മാറ്റം വരുത്തിയ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ശരിയായ രൂപത്തിൽ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്.

**വാഹന പുക പരിശോധന**

225 (5414) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന പുക പരിശോധന സർട്ടിഫിക്കറ്റിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രീകൃത സംവിധാനത്തിലൂടെ വാഹനങ്ങളുടെ മലിനീകരണതോത് കണക്കാക്കി സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിക്ക് എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ; എങ്കിൽ അത് തരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ എന്താണ്?

<u>ഉത്തരം</u>

(എ) ഇക്കാര്യം പരിഗണനയിലുണ്ട്.

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പുക പരിശോധന കേന്ദ്രം സംഘടനകൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ എന്നിവയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ സാങ്കേതിക പരിശോധനയും മറ്റു കാര്യങ്ങളും പരിഗണിച്ചശേഷമേ ഇത് നടപ്പിൽ വരുത്താൻ കഴിയൂ.

**ഓൺലൈൻ സംവിധാനം**

226 (5415) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ മോട്ടോർ വാഹനങ്ങൾക്കും നികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിലുണ്ടോ; ഓൺലൈനായി എന്തെല്ലാം സേവനങ്ങളാണ് മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന സമ്പ്രദായം പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയ പരിഷ്കാരം എന്നു മുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) എല്ലാത്തരം വാഹനങ്ങൾക്കും ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലവിൽ മോട്ടോർ വാഹന വകുപ്പിൽനിന്നും ഓൺലൈനായി നൽകുന്ന സേവനങ്ങളുടെ വിവരം ചുവടെ പറയുന്നു.

ലൈസൻസ്

1 ഡ്രൈവിംഗ് ടെസ്റ്റിന്റെ തീയതി മാറ്റൽ

2 പുതിയ ലേണേഴ്സ് ലൈസൻസ് നൽകുക

3 ലൈസൻസ് പർട്ടിക്കുലേഴ്സ് അപേക്ഷ

4 ലൈസൻസിൽ വിലാസം മാറ്റുന്നതിനുള്ള അപേക്ഷ

5 ബാഡ്ജിനുള്ള അപേക്ഷ

6 ഡ്യൂപ്ലിക്കേറ്റ് ലൈസൻസിനുള്ള അപേക്ഷ

7 ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ

8 അന്യ സംസ്ഥാന ലൈസൻസുകളിൽ വിലാസം മാറ്റുന്നതിനുള്ള ഫീസ് അടയ്ക്കൽ

9 ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റിനുള്ള ഫീസ് അടയ്ക്കൽ

വാഹനം

1 ആർ.സി. പർട്ടിക്കുലേഴ്സിനുള്ള അപേക്ഷ

2 ഡ്യൂപ്ലിക്കേറ്റ് ആർ. സി. ക്കുള്ള അപേക്ഷ

3 രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ

4 ഹൈപ്പോത്തിക്കേഷൻ ചേർക്കുന്നതിനുള്ള അപേക്ഷ

5 ഹൈപ്പോത്തിക്കേഷൻ മാറ്റുന്നതിനുള്ള അപേക്ഷ

6 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ

7 എൻ.ഒ.സി. നൽകുന്നതിനുള്ള അപേക്ഷ

8 ആർ.എം.എ.ക്കുള്ള അപേക്ഷ

9 സി.എഫ്. ടെസ്റ്റിനുള്ള അപേക്ഷ

10 ഓൺലൈൻ നികുതി അടയ്ക്കുന്നത്

11 ഇ-ടാക്സ് ടോക്കൺ എടുക്കുന്നതിന്

12 ബാക്കി ഫീസ്/മറ്റു ഫീസുകൾ അടയ്ക്കുന്നതിന്

13 ക്യാമറയിലൂടെ കണ്ടുപിടിക്കുന്ന കുറ്റങ്ങളുടെ പിഴ അടയ്ക്കുന്നതിന്

STA യുമായി ബന്ധപ്പെട്ടവ

1 പുതിയ പെർമിറ്റിന് അപേക്ഷിക്കുവാൻ

2 പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ

3 ഓതറൈസേഷൻ പുതുക്കൽ

4 പെർമിറ്റ് ട്രാൻസ്ഫർ

5 പെർമിറ്റ് റദ്ദ് ചെയ്യുന്നതിന്

(ബി) സംസ്ഥാനത്ത് പുതിയ തരത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗതാഗത കമ്മീഷണറുടെ സർക്കുലർ 05/2017 പ്രകാരമാണ് സംസ്ഥാനത്ത് പുതിയ തരത്തിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. അർഹതപ്പെട്ടവർക്ക് മാത്രം ലൈസൻസ് ലഭിക്കുന്ന തരത്തിൽ പുതിയ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പുതിയ സമ്പ്രദായം കാലതാമസംകൂടാതെ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അനധികൃത സർവീസ്**

227 (5416) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീസൺ സമയങ്ങളിൽ ടൂറിസ്റ്റ് ബസ്സുകൾ അനധികൃതമായി അന്തർ സംസ്ഥാന റൂട്ടുകളിലടക്കം സർവ്വീസ് നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കുന്നതായുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കരാർ വ്യവസ്ഥയിൽ അനുശാസിക്കുന്ന പ്രകാരം മാത്രം സർവീസ് നടത്താൻ അനുമതിയുള്ളവയാണ് കരാർ വാഹനങ്ങൾ. എന്നാൽ അവ കരാർ വ്യവസ്ഥകളിലല്ലാതെ സമാന്തര സ്റ്റേജ് ക്യാരേജ് സർവീസ് നടത്തുന്നുവെന്നതാണ് പലപ്പോഴും ഉണ്ടാകാറുള്ള പരാതി. കരാറിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ലെന്നും വ്യക്തികളിൽനിന്നും ഒറ്റയ്ക്കൊറ്റയ്ക്കായി ചാർജ് ഈടാക്കരുതെന്നുമാണ് നിയമത്തിലെ പ്രധാന വ്യവസ്ഥ. ഇത്തരം വാഹനങ്ങൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുക എന്നുള്ളത് പലപ്പോഴും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. സംസ്ഥാനത്ത് അനധികൃത സർവീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ.മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 14-2-2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽനിന്നും ബംഗളൂരു, കോയമ്പത്തൂർ,

ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനധികൃത സർവീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200 രൂപ പിഴയായി ഈടാക്കുകയും 98,700 രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) മോട്ടോർവാഹന വകുപ്പ് നടത്തുന്ന പരിശോധനകളിലൂടെ ഇത്തരം അനധികൃത സർവീസുകളെ കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ട്.

**രജിസ്റ്റർ ചെയ്ത വാഹനങ്ങൾ**

228 (5417) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ, ആർ.ടി.ഒ. ഓഫീസ് തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഓരോ മാസവും രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ, ആർ.ടി.ഒ. ഓഫീസ് തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം | |
|---|---|---|---|
| | | കാസർഗോഡ് | കാഞ്ഞങ്ങാട് |
| (1) | (2) | (3) | (4) |
| 1 | 2007-08 | 5554 | 5460 |
| 2 | 2008-09 | 5885 | 5938 |
| 3 | 2009-10 | 7842 | 7903 |
| 4 | 2010-11 | 9599 | 10181 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 2011-12 | 13287 | 12874 |
| 6 | 2012-13 | 14861 | 14105 |
| 7 | 2013-14 | 14909 | 14091 |
| 8 | 2014-15 | 13936 | 13811 |
| 9 | 2015-16 | 15107 | 14527 |
| 10 | 2016-17 | 14958 | 15553 |

(ബി)

| ക്രമ നമ്പർ | മാസം, വർഷം | രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം | |
|---|---|---|---|
| | | കാസർഗോഡ് | കാഞ്ഞങ്ങാട് |
| (1) | (2) | (3) | (4) |
| 1 | ഏപ്രിൽ 2016 | 1275 | 1093 |
| 2 | മേയ് 2016 | 956 | 1439 |
| 3 | ജൂൺ 2016 | 1218 | 1324 |
| 4 | ജൂലൈ 2016 | 1200 | 1242 |
| 5 | ആഗസ്റ്റ് 2016 | 1474 | 1362 |
| 6 | സെപ്റ്റംബർ 2016 | 1691 | 1776 |
| 7 | ഒക്ടോബർ 2016 | 1584 | 1698 |

| (1) | (2) | (4) | (5) |
|---|---|---|---|
| 8 | നവംബർ 2016 | 1187 | 1274 |
| 9 | ഡിസംബർ 2016 | 732 | 822 |
| 10 | ജനുവരി 2017 | 1151 | 1291 |
| 11 | ഫെബ്രുവരി 2017 | 1157 | 1127 |
| 12 | മാർച്ച് 2017 | 1333 | 1105 |
| 13 | ഏപ്രിൽ 2017 | 1169 | 1174 |

**ലൈസൻസിന് അപേക്ഷിക്കുന്ന വികലാംഗർ**

229 (5418) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസിന് അപേക്ഷിക്കുന്ന വികലാംഗർക്ക് ലേണേഴ്സ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുമോ;ഇവർക്ക് കമ്പ്യൂട്ടർ സഹായത്തോടെയുള്ള പരീക്ഷയാണോ നടത്തിവരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) കമ്പ്യൂട്ടർ സഹായത്തോടെയുള്ള പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് ബുദ്ധിമുട്ടുള്ള വികലാംഗർക്ക് വാചാ പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയതായി വാഹനം ഓടിക്കാൻ പഠിക്കുന്നതിനുമുൻപായി അപേക്ഷകൻ പഠന ലൈസൻസ് നേടിയിരിക്കേണ്ടതാണ്. നിലവിൽ ഇതിനായി കമ്പ്യൂട്ടറൈസ്ഡ് പരീക്ഷയാണ് നടത്തിവരുന്നത്. ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് വാഹനമോടിക്കാൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിലാണ് പഠന ലൈസൻസിനുള്ള പരീക്ഷയ്ക്ക് അനുമതി നൽകുന്നത്.

(ബി) വിശദാംശങ്ങൾ പരിശോധിച്ചശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

## ബീക്കൺ ലൈറ്റുകൾ

230 (5419) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിമാർ ഉൾപ്പെടെയുള്ളവർ വാഹനങ്ങളിലെ ബീക്കൺ ലൈറ്റുകൾ പൂർണ്ണമായും മാറ്റിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർക്കും ബാധകമാണോ;നിലവിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അവരുടെ വാഹനങ്ങളിൽ രാത്രി സമയങ്ങളിൽ കാഴ്ചക്ക് തന്നെ തകരാറാകുന്ന തരത്തിലുള്ള വിവിധ നിറത്തിലുള്ള എൽ.ഇ.ഡി ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവർ ബീക്കൺ ലൈറ്റ് എടുത്ത് മാറ്റിയ സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ബീക്കൺ ലൈറ്റുകളും എടുത്ത് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ അനുവദനീയമല്ലാത്ത വാഹനങ്ങളിൽ ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ കഴിയില്ല. ഇതു സംബന്ധിച്ച് ഒരു പ്രത്യേക പരിശോധന നടത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല.

(ബി) ബാധകമാണ്. കാഴ്ചയ്ക്ക് തകരാറാകുന്ന തരത്തിലുള്ള ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 29-4-2017-ലെ സ.ഉ. (എംഎസ്) 46/2017/ഗതാ. നമ്പർ പ്രകാരം ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ് മുതലായ അവശ്യ സർവീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

## വാഹനങ്ങളിലെ ലൈറ്റുകളും ശബ്ദ സംവിധാനങ്ങളും

231 (5420) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ടൂറിസ്റ്റ് ബസുകളും ശക്തികൂടിയ ലേസർ ലൈറ്റുകൾ ഘടിപ്പിച്ചും അനിയന്ത്രിതമായ ശബ്ദ സംവിധാനങ്ങളോടെയും റോഡിലൂടെ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യാത്ര പലപ്പോഴും അപകടങ്ങളും മറ്റ് യാത്രക്കാർക്ക് ബുദ്ധിമുട്ടും ഉണ്ടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തീവ്ര പ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്ന ബൈക്കുകൾ ഉൾപ്പടെയുള്ള വാഹനങ്ങൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീവ്ര പ്രകാശം പരത്തുന്നതും നിയമ വിരുദ്ധമായ രീതിയിൽ ഘടിപ്പിച്ചിരിക്കുന്നതുമായ ലൈറ്റുകളുമായി ടൂറിസ്റ്റ് ബസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) നിയമവിരുദ്ധമായ ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്താറുണ്ട്. 16-5-2017-ന് രാത്രി നടത്തിയ പരിശോധനയിൽ 1501 വാഹനങ്ങൾ പിടികൂടുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി ഘടിപ്പിച്ചിരിക്കുന്ന ലൈറ്റുകൾ അഴിച്ചുമാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടുവെന്ന് മോട്ടോർ വാഹന വകുപ്പിന്റെ തുടർ പരിശോധനകളിലൂടെ ഉറപ്പുവരുത്തുവാനും കഴിയും.

**വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക**

232 (5421) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഗതാഗതവകുപ്പിൽ നിലവിലുള്ള വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക ഇല്ലാതാകുമോ;

(ബി) നിലവിലുള്ള എം.വി.ഐ തസ്തികയിലേക്കുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) ബിൽ നിയമമായിട്ടില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക സംബന്ധിച്ച് പ്രത്യേക തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 551/2014 ആയി വിജ്ഞാപനം ചെയ്തതിന്റെ തെരഞ്ഞെടുപ്പ് നടപടികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**വാഹന പരിശോധന**

233 (5422) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ എത്ര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് നിലവിൽ വാഹന പരിശോധക സംഘമുള്ളത്;

(ബി) ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതിനാൽ മോട്ടോർ വാഹനവകുപ്പിന്റെ പരിശോധന പലയിടത്തും മുടങ്ങുന്നതായും, ഇതുമൂലം നികുതിയിനത്തിൽ കോടികളുടെ നഷ്ടം ഉണ്ടാകുന്നുവെന്നതും വസ്തുതയാണോ;

(സി) സ്ക്വാഡില്ലാത്ത സബ് ഓഫീസുകളിൽ ജീവനക്കാരെ നിയോഗിച്ച് വാഹന പരിശോധന ഊർജ്ജിതമാക്കുവാനും, അതിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് നിലവിൽ വാഹന പരിശോധക സംഘമുള്ളത്.

(ബി) നികുതിയിനത്തിൽ കുറവ് വരുന്നതായി കാണുന്നില്ല. കൂടുതൽ വാഹനങ്ങളും ഉദ്യോഗസ്ഥരെയും ഉപയോഗപ്പെടുത്തിയാൽ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. നികുതി പിരിവിന്റെ കാര്യത്തിൽ അലംഭാവം ഉള്ളതായി കരുതുന്നില്ല.

**മത്സരയോട്ടംമൂലം വാഹനാപകടങ്ങൾ**

234 (5423) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യബസ്സുകൾ, ടിപ്പർ ലോറികൾ ,സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾ എന്നിവയുടെ മത്സരയോട്ടംമൂലം വാഹനാപക ടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് സ്വകാര്യവാഹനങ്ങൾ രൂപമാറ്റം വരുത്തുന്നതും ഡ്രൈവറുടെ ശ്രദ്ധ നഷ്ടപ്പെടാനിടയാക്കുംവിധം ഉന്നത ശബ്ദത്തിലുള്ള സൗണ്ട് സിസ്റ്റം വാഹനങ്ങളിൽ ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാഹനാപകടങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കുന്ന പ്രസ്തുത കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രാത്രി സമയങ്ങളിൽ അനുവദനീയമായതിലധികം പ്രകാശ തീവ്രതയുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതും ലൈറ്റുകൾ ഡിം ചെയ്യാത്തതും കാൽനടയാത്രക്കാർക്കും മറ്റു ചെറുവാഹനങ്ങൾ ഓടിക്കുന്നവർക്കും ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതായും ഉയർന്ന ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണങ്ങൾ വാഹനങ്ങളിൽ നിയമവിരുദ്ധമായി ഘടിപ്പിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത ഒഴിവാക്കുന്നതിനായി ഇത്തരം വാഹനങ്ങൾക്കെതിരെ പരിശോധന കർശനമാക്കിയിട്ടുണ്ട്.

(സി) അനധികൃതമായ ലൈറ്റ് ഉപയോഗത്തിനെതിരെ മോട്ടോർ വാഹനവകുപ്പ് പരിശോധന നടത്തുന്നുണ്ട്. 16-5-2017-ന് രാത്രിയിൽ ഇത്തരം വാഹനങ്ങൾക്കെതിരെ സംസ്ഥാനമൊട്ടാകെ നടത്തിയ പരിശോധനയിൽ 1501 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും അനധികൃത ലൈറ്റുകൾ അഴിച്ചുമാറ്റാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് തുടർപരിശോധനകളിലൂടെ മോട്ടോർ വാഹന വകുപ്പിന് ഉറപ്പുവരുത്തുവാൻ കഴിയും.

**അമിത ശബ്ദമുണ്ടാക്കുന്ന ഹോൺ**

235 (5424) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതശബ്ദമുണ്ടാക്കുന്ന ഹോണുപയോഗിക്കുന്നവരിൽനിന്നും പിഴയീടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം ഏത് യോഗത്തിലാണെടുത്തതെന്നും ആരൊക്കെയാണ് യോഗത്തിൽ പങ്കെടുത്തതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിന്റെയും അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) നിയമാനുസൃതമല്ലാതെയുള്ള ഹോൺ ഉപയോഗത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകൾ ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് ആവശ്യമില്ല. ബോധവൽക്കരണത്തിന്റെ ഭാഗമായി നോ ഹോൺ ഡേ ആചരിച്ചിട്ടുണ്ട്. അനുവദനീയമല്ലാത്ത ശബ്ദമുള്ള ഹോണുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഒഴിവാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**ബോട്ട് സർവീസുകൾ**

236 (5425) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പ് എത്ര ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) അവ ഏതെല്ലാം ജെട്ടികളിൽ നിന്നാണെന്നും ഓരോന്നും ലാഭത്തിലാണോ നഷ്ടത്തിലാണോ എന്നും വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര ബോട്ടുകളാണ് വകുപ്പ് വാങ്ങിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ജല ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ജലഗതാഗത വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ;

(ഇ) റോഡിലെ തിരക്കും അപകടങ്ങളും കുറയ്ക്കുന്നതിനും ചരക്ക് നീക്കം ജലമാർഗ്ഗമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജല ഗതാഗതവകുപ്പ് 52 ബോട്ട് സർവീസുകൾ നടത്തുന്നുണ്ട്.

(ബി) വകുപ്പിന്റെ കീഴിലുള്ള 14 സ്റ്റേഷനോഫീസുകൾ കേന്ദ്രീകരിച്ച് സർവീസുകൾ നടത്തിവരുന്നു.

| ക്രമ നമ്പർ | സ്റ്റേഷന്റെ പേര് | ഷെഡ്യൂളുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ആലപ്പുഴ | 7 |

| (1) | (2) | (3) |
|---|---|---|
| 2 | കോട്ടയം | 2 |
| 3 | പുളിങ്കുന്ന് | 3 |
| 4 | നെടുമുടി | 4 |
| 5 | എടത്വാ | 2 |
| 6 | കൊല്ലം | 4 |
| 7 | കാവാലം | 3 |
| 8 | ചങ്ങനാശ്ശേരി | 2 |
| 9 | മുഹമ്മ | 3 |
| 10 | പാണാവള്ളി | 6 |
| 11 | എറണാകുളം | 9 |
| 12 | വൈക്കം | 4 |
| 13 | പയ്യന്നൂർ | 2 |
| 14 | പറശ്ശിനിക്കടവ് | 1 |
| | ആകെ | 52 |

വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതും മറ്റ് ഗതാഗത മാർഗ്ഗങ്ങളൊന്നുമില്ലാത്തതുമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുറംലോകവുമായി ബന്ധപ്പെടുത്തുന്നതിന് ചെലവ് കുറഞ്ഞ യാത്രാ മാർഗ്ഗവുമായ വകുപ്പിന്റെ സർവീസുകൾ ലാഭം പ്രതീക്ഷിക്കാതെ നടത്തുന്നുണ്ട്.

(സി) ഇന്ത്യയിൽ ആദ്യമായി സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് പണി കഴിപ്പിച്ച് നീറ്റിലിറക്കി. 5 റെസ്ക്യൂ ബോട്ടുകൾ, 2 പാസഞ്ചർ കം ടൂറിസ്റ്റ് സർവീസ് ബോട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ആധുനിക രീതിയിലുള്ള 14 കറ്റാമറൈൻ, സിംഗിൾ ഹൾ വെസ്സൽ എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആയതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വാട്ടർ ടാക്സി ക്രൂയിസ് വെസ്സൽ, സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സൽ എന്നിവയ്ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമേ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസ്സഞ്ചർ കം വെഹിക്കിൾ ക്യാര്യർ ബോട്ടുകൾ സർവീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസ്സഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയിസ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ചുപ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവീസ് നടത്തിവരുന്നു.

(ഇ) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം- തവണക്കടവ്, ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവീസുകൾ ഇതിനുദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമെ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൾ ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവീസ് വകുപ്പ് നടത്തിവരുന്നു. ഫോർട്ട് കൊച്ചി, വൈപ്പിൻ, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് വകുപ്പിന്റെ സർക്കുലർ സർവീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയം കൊണ്ട് ഇൻഫോ പാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക്

കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് ബോട്ട് സർവീസുകൾ സഹായിക്കുന്നു. ഒരേ സമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസ്സഞ്ചർ കം വെഹിക്കിൾ ക്യാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള വകുപ്പിന്റെ സർവീസുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്. സംസ്ഥാന ജല ഗതാഗത വകുപ്പ് നിലവിൽ യാത്രാ ബോട്ടുകൾ മാത്രമാണ് നടത്തിവരുന്നത്. ചരക്ക് നീക്കത്തിന് യോജിച്ച വിധത്തിലുള്ള യാനങ്ങളോ, സൗകര്യങ്ങളോ നിലവിൽ വകുപ്പിൽ ലഭ്യമല്ല.

## ബോട്ട് സർവ്വീസ്

237 (5426) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തി നടത്തിവന്ന ബോട്ട് സർവ്വീസ് തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് തുടരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ?

### ഉത്തരം

(എ) തടസ്സപ്പെട്ടിട്ടില്ല. അവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തുന്ന എറണാകുളം-വരാപ്പുഴ ബോട്ട് സർവീസ് നടത്തിവരുന്നുണ്ട്.

(ബി&സി) നിവേദനം ലഭിച്ചിട്ടുണ്ട്. എറണാകുളം-വരാപ്പുഴ സർവീസ് തുടരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച കത്ത് വൈപ്പിൻ എം.എൽ.എ. ശ്രീ. എസ്. ശർമ്മ, കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ പക്കൽ നിന്നും ലഭിച്ചിട്ടുണ്ട്. വകുപ്പ് അവധി ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും കടമക്കുടി ദ്വീപ് സമൂഹത്തെ ബന്ധപ്പെടുത്തുന്ന എറണാകുളം-വരാപ്പുഴ ബോട്ട് സർവീസ് നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ആയത് മുടക്കംകൂടാതെ നടത്തിവരികയും ചെയ്യുന്നു. എം.എൽ.എ.യുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും കത്തുകളുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ട്രാഫിക് സൂപ്രണ്ട് (ഇൻ-ചാർജ്), എറണാകുളത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5342-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. അറിയിപ്പ്

മി. സ്പീക്കർ: ഇന്നും നാളെയും ബില്ലുകളുടെ പരിഗണനയുള്ളതുകൊണ്ട് ഉച്ചയ്ക്കുശേഷവും ഇരിക്കേണ്ടിവരുമെന്ന് അംഗങ്ങൾക്ക് എല്ലാപേർക്കുമറിയാം. സാധാരണ ഗതിയിൽ സമയനിഷ്ഠ പാലിക്കണമെന്ന് പറഞ്ഞാലും ചെയറിനെ സമ്മർദ്ദത്തിലാക്കിയും ചെയറിനോട് പോരാടിയും പരമാവധി സമയം ദീർഘിപ്പിക്കുന്നതിലാണ് ഇവിടെ മത്സരം നടക്കുന്നത്. ഉച്ചയ്ക്കുശേഷം രണ്ടുമണി കഴിയുന്നതോടുകൂടി അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യും. ഇന്ന് ഉച്ചവരെ മൂന്നുമണിക്കൂർ ചർച്ച കഴിഞ്ഞതിനു ശേഷമാണ് ബിൽ പരിഗണിക്കേണ്ടത്. സമയബന്ധിതമായി തീർക്കാൻ എല്ലാവരും സഹകരിക്കണം. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതി തേടിയുള്ള പ്രസംഗമുൾപ്പെടെയുള്ള കാര്യങ്ങളിൽ സമയം പരമാവധി ചുരുക്കി ഇന്ന് സഹകരിച്ചില്ലെങ്കിൽ വിഷമമുണ്ടാകും. അംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കുമുള്ള ഉച്ചഭക്ഷണം പ്രത്യേകമായി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. രാവിലെ പതിനൊന്നര മുതൽ ഉച്ചയ്ക്കുശേഷം ഒന്നര വരെ ക്യാന്റീൻ പ്രവർത്തിക്കുന്നതല്ല.

## III. അടിയന്തരപ്രമേയം

### പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

മി. സ്പീക്കർ: 450-ൽപ്പരം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതുമൂലം കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ദുരിതപൂർണ്ണമായ അവസ്ഥയും പ്രസ്തുത ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ യാതൊരു ഇടപെടലും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതുമൂലവും സംജാതമായിട്ടുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. പി. ടി. തോമസ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇവിടെ ഉന്നയിക്കപ്പെട്ട അടിയന്തരപ്രമേയത്തിൽ വസ്തുതാപരമായ കാര്യങ്ങൾ പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ടുമുമ്പുള്ള എട്ട് മാസം പൊതുമേഖലാ സ്ഥാപനങ്ങൾ തുടർച്ചയായി അടഞ്ഞു കിടക്കുകയായിരുന്നു. സ്വകാര്യ ഫാക്ടറികൾ ഇടയ്ക്ക് തുറക്കുകയും അടയ്ക്കുകയും ചെയ്യുമായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ അടഞ്ഞുകിടന്നതുമൂലം തൊഴിലാളികളുടെ

ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും കുടിവറുപ്പ് വ്യാപകമാകുകയും ചെയ്തിരുന്ന സാഹചര്യമുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പിന്റെയും അതിശക്തമായ ഇടപെടൽമൂലം പൊതുമേഖലയിൽ നാൽപ്പത് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. അത് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഓണംവരെ പ്രവർത്തിപ്പിക്കാനുള്ള തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ളതിനാൽ തുടർച്ചയായി പ്രവർത്തിക്കും. ആദ്യം ഫാക്ടറി തുറന്നിട്ട് ഇടയ്ക്ക് ഒരു ഗ്യാപ്പുണ്ടായിരുന്നെങ്കിലും ഇപ്പോൾ തുടർച്ചയായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. ആകെ 894 സ്വകാര്യ ഫാക്ടറികളാണ് കേരളത്തിലുള്ളത്. അതിൽ 428 ഫാക്ടറികളും ഇപ്പോൾ തുറന്ന് പ്രവർത്തിക്കുകയാണ്. ബാക്കിയുള്ളത് അൻപതും എഴുപതും തൊഴിലാളികളുമായി പ്രവർത്തിക്കുന്ന ചെറുകിട ഫാക്ടറികളാണ്. പ്രമുഖ വ്യവസായികളിൽ രണ്ട് മാനേജ്മെന്റുകൾ മാത്രമേ തുറക്കാതെയുള്ളൂ. വി.എൽ.സി. (Vijayalaxmi Cashew Company)-യുടെ പത്ത് ഫാക്ടറികളും കെ.പി.പി. (K. Parameswaran Pillai) മാനേജ്മെന്റിന്റെ മൂന്ന് ഫാക്ടറികളുമാണ് തുറക്കാനുള്ളത്. വി.എൽ.സി. തുറക്കാനായി തൊഴിലാളി യൂണിയനുകളുമായി കരാറുണ്ടാക്കിയെങ്കിലും തുറന്നിട്ടില്ല. കെ.പി.പി. തുറക്കാത്ത സാഹചര്യത്തിൽ ഏറ്റെടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോദ്ധ്യപ്പെടുത്തണമെന്ന് പറഞ്ഞ് സർക്കാർ നോട്ടീസ് നൽകി. ഇനിയും തുറക്കാതെ അടച്ചിട്ടിരുന്നാൽ ഏറ്റെടുക്കേണ്ടിവരുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ മറുപടി നൽകിയിട്ടുണ്ട്. ഈ മാസം കെ.പി.പി. ഗ്രൂപ്പിന്റെ മൂന്ന് ഫാക്ടറികൾ തുറക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. പ്രമുഖ വ്യവസായികളിൽ വി.എൽ.സി. മാനേജ്മെന്റിന്റെ പത്ത് ഫാക്ടറികൾ മാത്രമാണ് ഇപ്പോൾ അടച്ചിട്ടിരിക്കുന്നത്. ബാക്കി എല്ലാ പ്രമുഖ വ്യവസായികളുടെയും സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്നിട്ടുണ്ട്. ചെറുകിട വ്യവസായികൾ മാത്രമാണ് ഇപ്പോൾ ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നത്. അത് ചെറുകിട വ്യവസായികളുടെ പ്രശ്നമല്ല, തോട്ടണ്ടി ലഭ്യതയുടെ പ്രശ്നമാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ എക്സൈസ് ഡ്യൂട്ടിയുടെ ഫലമായി തോട്ടണ്ടിയുടെ വില വളരെ വർദ്ധിച്ചു. അങ്ങനെ വർദ്ധിച്ച സാഹചര്യത്തിൽ, ചെറുകിട വ്യവസായികൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, അവർക്ക് പ്രവർത്തനമൂലധനമായി രണ്ടുകോടി രൂപവരെയാണ് പല ബാങ്കുകളും നൽകുന്നത്; എന്നാൽ നൂറ്റിയൻപത് ടൺ തോട്ടണ്ടി എടുക്കണമെങ്കിൽ മൂന്നോ നാലോ കോടി രൂപ വേണം. അവരുടെ ക്രെഡിറ്റിൽ നിൽക്കുന്ന തുക രണ്ട് കോടി രൂപയാണ്. കഴിഞ്ഞ കുറെ നാളുകളായി അടഞ്ഞുകിടന്നതുകൊണ്ട് പലിശയെല്ലാംകൂടി അവർക്ക് വലിയ ബാദ്ധ്യതയാണ്. ഇക്കാര്യത്തിൽ ചെറുകിട വ്യവസായികളെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമുണ്ട്. ബാങ്കുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് പ്രാവശ്യവും

ഞാൻ നാല് പ്രാവശ്യവും യോഗം വിളിച്ചിരുന്നു. ഏറ്റവും ഒടുവിൽ വിളിച്ച യോഗത്തിൽ ബാങ്കുകൾ ജനവിനായിട്ടുള്ള സ്വകാര്യ മുതലാളിമാർക്ക് റീഫൈനാൻസിംഗ് നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. അങ്ങനെ ഇരുപത്തിയഞ്ചോളം ഫാക്ടറികൾ തുറക്കുന്ന തരത്തിലേയ്ക്ക് കഴിഞ്ഞ ഒരു മാസത്തിനിടയിലാണ് ചർച്ച നടന്നത്. അവർ രൂപ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ ബാങ്കുകളുടെ പലിശ ഡ്യൂ ആകുമ്പോൾ പതിനെട്ട് ശതമാനം മുതൽ ഇരുപതു ശതമാനം വരെ പലിശ ആകുകയാണ്. അക്കാര്യത്തിൽ ഒരു പോസിറ്റീവായ നിലപാട് ചെറുകിട വ്യവസായികളോട് ബാങ്കുകൾ സ്വീകരിക്കേണ്ടതുണ്ട്. കൊള്ളപ്പലിശയാകുമ്പോൾ അവരുടെ എമൗണ്ട് വല്ലാതെ കൂടുന്നു. അതിൽ അവരെ സഹായിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കി സർക്കാർകൂടി ഇടപെട്ടതനുസരിച്ച് ബാങ്കുകൾ അത് കൺസിഡർ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. അതിലേയ്ക്കുള്ള ചർച്ച നടക്കുകയാണ്. ചെറുകിട വ്യവസായികൾ നേരിടുന്ന മറ്റൊരു പ്രശ്നം, ട്രേഡർമാർ അൻപതോ നൂറോ ടൺ തോട്ടണ്ടി അവർക്ക് വലിയ വിലയ്ക്കായിരിക്കും നൽകുന്നത്; അവർക്കത് താങ്ങാനാകില്ല. കടമായി നൽകുകയാണെങ്കിൽ പരിപ്പ് ഇവർക്കുതന്നെ കിട്ടണം. തോട്ടണ്ടിക്ക് വില കൂട്ടലും പരിപ്പിന് വില കുറച്ചും ചെറുകിട വ്യവസായികളെ കൊള്ളയടിക്കുന്ന ട്രേഡേഴ്സ് വിംഗ് വളർന്നുവരുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ് അടിയന്തരപ്രമേയം കൊണ്ടുവന്നതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം സർക്കാർ എന്തൊക്കെയാണ് ചെയ്തതെന്ന് കൃത്യമായി പറയാനുള്ള അവസരമുണ്ടായി. ഇപ്പോൾ സർക്കാർ കൃത്യമായി ഇടപെട്ടുകൊണ്ട് ചെറുകിട വ്യവസായികളുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേരളത്തിൽ ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചു. കൊല്ലം ആസ്ഥാനമായി ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നത് കഴിഞ്ഞ കാൽ നൂറ്റാണ്ടായി കേരള സർക്കാർ കക്ഷിരാഷ്ട്രീയ ഭേദമെന്യേ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന കാര്യമാണ്. അന്ന് ഭരണത്തിലുണ്ടായിരുന്ന യു.പി.എ. ഗവൺമെന്റും ഇപ്പോഴത്തെ എൻ.ഡി.എ. ഗവൺമെന്റും കശുവണ്ടിത്തൊഴിലാളികളോട് പോസിറ്റീവായ നിലപാടല്ല സ്വീകരിക്കുന്നത്. അവർ ബോർഡ് രൂപീകരിക്കാൻ സന്നദ്ധമല്ലാത്ത സാഹചര്യത്തിൽ ഈ പ്രതിസന്ധി നേരിടാൻ കേരള സർക്കാർ ഇപ്പോൾ സന്നദ്ധമായിരിക്കുകയാണ്. അതിന്റെ ഭാഗമായി തോട്ടണ്ടി വാങ്ങി ചെറുകിട മുതലാളിമാർക്കുകൂടി നൽകണം. പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം പ്രവർത്തിച്ചാൽ പോരാ എന്ന നിലയിലുള്ള ഒരിടപെടൽ ചരിത്രത്തിലാദ്യമായി ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായി. ചെറുകിട വ്യവസായികളെക്കൂടി സംരക്ഷിക്കാൻ എന്തുചെയ്യണമെന്ന് ആലോചിച്ചുകൊണ്ട് ഒരു എസ്.പി.വി. (Special Purpose Vehicle) രൂപീകരിക്കാൻ

ക്യാബിനറ്റിൽ തീരുമാനമെടുത്തു. അതിന്റെ ഭാഗമായി ഇപ്പോൾ ചർച്ച നടക്കുകയാണ്. റെഗുലേറ്ററി സ്വഭാവത്തോടുകൂടി ചെറുകിട മുതലാളിമാർക്കുകൂടി തോട്ടണ്ടി നൽകുന്നതിനെപ്പറ്റി ആലോചിക്കുകയും സർക്കാർ ആ തീരുമാനമെടുക്കുന്നതിനുമുമ്പ് ഐ.ആർ.സി. (Industrial Relations Committee) വിളിക്കുകയും ചെയ്തു. സാധാരണ ഐ.ആർ.സി. കൂടുന്നത് തൊഴിലാളികളുടെ കൂലിയുമായി ബന്ധപ്പെട്ടോ ബോണസ് ചർച്ചയ്ക്കോ മാത്രമാണ്. ഇപ്പോൾ വ്യവസായപ്രശ്നം ചർച്ച ചെയ്യാൻ ഐ.ആർ.സി. കൂടി. എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും വ്യവസായ പ്രമുഖന്മാരുമായും കൂട്ടായി ആലോചിച്ചപ്പോൾ സർക്കാർ രൂപീകരിക്കുന്ന കാഷ്യൂ ബോർഡിനോട് പ്രമുഖ വ്യവസായികളെല്ലാം സഹകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചു. കമ്പനി ആക്ടനുസരിച്ചാണ് എസ്.പി.വി. രൂപീകരിക്കുന്നത്. അവർകൂടി ഷെയർ എടുത്തുകൊണ്ട് സർക്കാരും സ്വകാര്യ മുതലാളിമാരുമായി ചേർന്ന് ന്യായമായ വിലയ്ക്ക് തോട്ടണ്ടി വാങ്ങാൻ കഴിയുമോ എന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. അതിന്റെ ഭാഗമായി എസ്.പി.വി.യുടെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. 16-5-2017-ലാണ് ഐ.ആർ.സി. കൂടിയത്. ഐ.ആർ.സി.-യുടെ തീരുമാനത്തെത്തുടർന്ന് പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ)യെയും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിനെയും പ്രമുഖ വ്യവസായികളെയും ബാങ്കുകളെയുമെല്ലാം ഉൾപ്പെടുത്തി രണ്ട് ദിവസംമുമ്പ് ഒരു യോഗം ചേർന്നിരുന്നു. കാഷ്യൂ ബോർഡിന്റെ രൂപീകരണത്തെപ്പറ്റി ക്യാബിനറ്റ് തീരുമാനിച്ചെങ്കിലും അതിന്റെ മറ്റ് വിശദാംശങ്ങൾ ചർച്ചയിലിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലെ രണ്ട് സ്ഥാപനങ്ങൾക്കുകൂടി കഴിഞ്ഞ വർഷം 80 കോടി രൂപ നൽകി. ഈ വർഷം വീണ്ടും ബഡ്ജറ്റിൽ 70 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷന് ദീർഘകാലമായുണ്ടായിരുന്ന 80 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് കൊടുത്തുതീർത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ സാമ്പത്തികമായി നല്ല നിലയിലാണ്. അയ്യായിരം ടൺ തോട്ടണ്ടി നിലവിൽ കാഷ്യൂ കോർപ്പറേഷന്റെ കയ്യിലുള്ളതുകൊണ്ട് ഓണംവരെ തുടർച്ചയായി പ്രവർത്തിക്കാൻ കഴിയും, കാപ്പെക്സും തുറന്ന് പ്രവർത്തിക്കുന്നതായിരിക്കും. സ്വകാര്യ മേഖലയുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ കൃത്യമായി ഇടപെടുകയാണ്. അതുകൊണ്ട് ഇപ്പോൾ അടിയന്തരമായി സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ ഏകദേശം രണ്ടര ലക്ഷത്തിലധികം വരുന്ന കശുവണ്ടി തൊഴിലാളികൾ മഹാദുരിതത്തിലാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് ക്ഷേമനിധിയിൽ പണമടയ്ക്കുന്ന 834-ഓളം ഫാക്ടറികളിൽ ഏകദേശം പകുതിയോളം അടഞ്ഞ് കിടക്കുകയാണ്. ഈ ഫാക്ടറികളിലെ തൊഴിലാളികളിൽ മഹാഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാളികളുടെ സ്ഥിതി വളരെ

ദയനീയമാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കാഷ്യൂ വർക്കേഴ്സ് കോൺഗ്രസ്സിന്റെ ഒരു സമരം സെക്രട്ടേറിയറ്റിനു മുന്നിൽ നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. ഏകദേശം 400-450 ഓളം ഫാക്ടറികൾ അടഞ്ഞ് കിടക്കുകയാണ്. അതുപോലെ തുറക്കാത്ത ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകിയത് നല്ലകാര്യം തന്നെയാണ്; അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ദീർഘകാലം അടച്ചിട്ട ഫാക്ടറികളിലെ തൊഴിലാളികൾക്ക് അവരുടെ കൂലിയുടെ 40 ശതമാനം ലേ ഓഫ് കോമ്പൻസേഷനോ അല്ലെങ്കിൽ ക്ലോഷർ കോമ്പൻസേഷനോ നൽകണമെന്ന ആവശ്യം സർക്കാർ ശ്രദ്ധിച്ചിട്ടില്ല. അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ നൽകാൻ കഴിയാതെ പോയ 2,500 രൂപയുടെ ആനുകൂല്യവും സൗജന്യ റേഷനും ഈ നിമിഷം വരെ നൽകിയിട്ടില്ല. ഇ.എസ്.ഐ. എല്ലാവിധ ചികിത്സാ സഹായങ്ങളും നിഷേധിച്ചിരിക്കുകയാണ്; പ്രത്യേകിച്ച് സൂപ്പർ സ്പെഷ്യാലിറ്റി. മാരകരോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ എന്നിവ നൽകുന്നില്ല. കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ. കോർപ്പറേഷന് ഒരു നയമുണ്ട്. പക്ഷേ അതിൽ ഫലപ്രദമായി സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിഞ്ഞിട്ടില്ല. തുറന്ന ഫാക്ടറികളെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. 39 ഹാജർ ഉണ്ടെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കും എന്നതിന്റെ സ്ഥാനത്ത്, രണ്ട് 78 വീതം, നൂറ്റി അൻപത്തിയാറ് ഹാജർ ഉണ്ടെങ്കിൽ മാത്രമേ ആ ചികിത്സാസൗകര്യം ലഭിക്കൂ എന്നതുകാരണം വലിയൊരു ദുരിതമാണ് തൊഴിലാളികൾക്കുണ്ടായത്. മാരക രോഗങ്ങൾ, അപകടങ്ങൾ എന്നിവമൂലം ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത ഗുരുതരമായ സാഹചര്യമാണ് ഇന്നുള്ളത്. അതുപോലെ പാരിപ്പള്ളി മെഡിക്കൽ കോളേജിനോട് ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. അതും ഈ മേഖല അനുഭവിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പ്രോവിഡന്റ് ഫണ്ടും പെൻഷനും പത്തു കൊല്ലം സർവീസും എന്നുള്ളത് 3,650 ഹാജർ എന്ന് മാറ്റിയപ്പോൾ ഏകദേശം 30 വർഷം ജോലി ചെയ്തെങ്കിൽ മാത്രമേ അത്രയും ഹാജർ ലഭിക്കൂ എന്ന നിലവന്നു. അതോടൊപ്പം ബേസിക് സാലറിയുടെ 12 ശതമാനം പി.എഫ്.-ഉം 4.75 ശതമാനം ഇ.എസ്.ഐ.-യും. ഇതൊന്നും തുറന്നു പ്രവർത്തിക്കുന്ന ഫാക്ടറികൾ നൽകുന്നില്ല എന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന വസ്തുതയാണ്. ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നിവയിൽ ഒരു ഡി.എ. 23.93 രൂപയാണെന്നിരിക്കെ 8 രൂപയും 10 രൂപയുമൊക്കെ നൽകുന്ന ഫാക്ടറികളാണ് മഹാഭൂരിപക്ഷവും. അതോടൊപ്പം ഷെല്ലിംഗിന് 36.19 രൂപയ്ക്കുപകരം 25-ഉം 26-ഉം രൂപയാണ് നൽകുന്നത്. തല്ലുപടി ഒരു കിലോയ്ക്ക് 31.63 രൂപയാണുള്ളത്. എന്നാൽ 25 രൂപപോലും നൽകുന്നില്ല. അതുപോലെ 6 ദിവസത്തെ തൊഴിലിന് രണ്ടോ മൂന്നോ ഹാജരാണ് ഇപ്പോൾ

നൽകിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ ഈ മേഖല വല്ലാത്തൊരു പ്രതിസന്ധി നേരിടുകയാണ്. ഞാൻ പഴയ ഒരു ഡോക്ടറുടെ പ്രസ്താവന വായിക്കാം. " രാവിലെ ഏഴ് മണിയോടെ സ്ത്രീ തൊഴിലാളികളുടെ വരവായി. വീട്ടിലിരുന്നാൽ ഒരു മഴയുടെ ആരവം പോലെയുള്ള ശബ്ദപ്രതീതി തോന്നും. ആർത്തലച്ചുവരുന്ന കാലവർഷംപോലെ; പിന്നൊരു ഒഴുക്കാണ്. റോഡ് നിറഞ്ഞുകവിഞ്ഞ് ഈ ഒഴുക്ക് എട്ട് മണിയോടെ അവസാനിക്കും. പുള്ളിക്കൈലി ഉടുത്ത് നിറം മങ്ങിയ ബ്ലൗസിട്ട് റോഡ് നിറഞ്ഞ് തിക്കിത്തിരക്കിയുള്ള ആ പോക്ക്..." ആ പോക്ക് അവസാനിച്ചില്ലേ കൊല്ലത്ത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നാട്ടിൽ ഈ പോക്കിപ്പോൾ കാണാനുണ്ടോ; എത്രയോ ലക്ഷം തൊഴിലാളികളാണ് പട്ടിണി കിടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കുറേ കാര്യങ്ങൾ പറഞ്ഞു. 2016-ലെ ബോണസ് പ്രഖ്യാപിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ 20 ശതമാനം ബോണസും 2.5 രൂപ എക്സ്ഗ്രേഷ്യയും പ്രഖ്യാപിച്ചിരുന്നു. ഈ സർക്കാരിന് ബോണസ് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ സർക്കാർ കശുവണ്ടി നയം പ്രഖ്യാപിച്ചോ; തെരഞ്ഞെടുപ്പിൽ 100 ശതമാനം വിജയം നേടിത്തന്നില്ലേ; ഒരു ശതമാനം ആനുകൂല്യമെങ്കിലും പാവപ്പെട്ട തൊഴിലാളിക്ക് നൽകണ്ടേ? സർക്കാർ അടച്ചിട്ട കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്നു എന്നത് നല്ല കാര്യം തന്നെയാണ്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. അത് സർക്കാരിന്റെ കടമയാണ്. പക്ഷേ സ്വകാര്യ മുതലാളിമാരോട് എന്ത് നിലപാടാണ് നിങ്ങളെടുത്തത്? 25,000 ഏക്കറിൽ കൃഷി വ്യാപിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചില്ലേ. എന്ത് നടപടിയുണ്ടായി? ഇവിടത്തെ വ്യവസായങ്ങൾ ഒന്നൊന്നായി ആന്ധ്രാ പ്രദേശിലേയ്ക്ക് പോകുകയാണ്. ആന്ധ്രാ പ്രദേശിലെ ഒരു മന്ത്രി കൊല്ലത്തുവന്ന് വ്യവസായികളെ ക്ഷണിച്ചുകൊണ്ടുപോയി. എത്ര പേർ പോയെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ. പെൻഷൻ ഏകീകരിച്ചതിന്റെ ഫലമായി ഓരോ കശുവണ്ടി തൊഴിലാളിക്കും 400 രൂപ വീതം നഷ്ടമാണ്. പെൻഷൻ ഏകീകരിച്ചതിലൂടെ വികലാംഗർ, വൃദ്ധർ, വിധവകൾ എന്നിവരുടെ ആനുകൂല്യത്തിലാണ് കയ്യിട്ടുവാരിയത്. അത് മടക്കിക്കൊടുക്കാൻ നിങ്ങൾ തയ്യാറാകുമോ; നേരത്തെ കാഷ്യൂ ബോർഡിനെക്കുറിച്ച് പറഞ്ഞു. കാഷ്യൂ ബോർഡിൽ എന്തെങ്കിലും നടപടി ഉണ്ടായോ? വി.എൽ.സി. അടക്കമുള്ള ഫാക്ടറികൾക്കെതിരെ ഞങ്ങൾ നടപടി സ്വീകരിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇത് (ഒരു കടലാസ് ഉയർത്തിപ്പിടിച്ച്) ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ സി.ഐ.ടി.യു. നടത്തിയ സമരം പിൻവലിച്ചുകൊണ്ടുള്ള വരുമാനമാണ്. വി.എൽ.സി. ഫാക്ടറികൾ തുറക്കാൻ ധാരണ. കശുവണ്ടി തൊഴിലാളികളുടെ ഐതിഹാസിക സമരത്തിന് സമ്പൂർണ്ണ വിജയം. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി നടത്തിയ ചർച്ചയെത്തുടർന്ന് സംസ്ഥാനത്തെ 15 ഫാക്ടറികളും

മാർച്ച് 15-നുശേഷം തുറക്കുമെന്ന് ഉറപ്പ്. ആ ഉറപ്പുതന്നെയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വീണ്ടും പറഞ്ഞിരിക്കുന്നത്. 100 ശതമാനവും ഈ പ്രശ്നം പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല എന്നല്ല ഞാൻ കുറ്റപ്പെടുത്തുന്നത്. 50 ശതമാനംപോലും പരിഹരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ല എന്നുള്ളതാണ്. അതേസമയം സെന്റ് മേരീസ്, പ്രശാന്തി, ടേസ്റ്റ്നട്ട്, മാർക്ക് തുടങ്ങിയ ഫാക്ടറികൾ അവിടെ നന്നായി പ്രവർത്തിക്കുന്നുണ്ട്. ആ പ്രധാന ഫാക്ടറികൾക്ക് പ്രവർത്തിക്കാൻ സ്വാധീനമുള്ളപ്പോൾ പാവപ്പെട്ട തൊഴിലാളികളുള്ള ബാക്കി ഫാക്ടറികൾ എന്തുകൊണ്ടാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്; സർക്കാരിന് ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കാത്തത്? കോൺഗ്രസ്സിന് മുൻതൂക്കമുള്ള 1969-ലെ അച്യുതമേനോൻ സർക്കാരാണ് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ധീരമായ തീരുമാനമെടുത്ത് 36 ഫാക്ടറികൾ ദേശസാൽക്കരിച്ചത്. ആ നടപടിയിലേയ്ക്ക് പോകാൻ നിങ്ങൾ തയ്യാറുണ്ടോ; ഇന്നും അതിന്റെ മേനി നടിക്കുകയല്ലാതെ പുതിയതായി എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? അതുപോലെ 1969-ൽ യശഃശരീരനായ സി. എം. സ്റ്റീഫൻ കൊണ്ടുവന്ന പദ്ധതിയെപ്പറ്റി അന്ന് നിങ്ങൾ അവിടെ മുഴുവൻ മുദ്രാവാക്യം വിളിച്ചു. സ്റ്റീഫൻ പദ്ധതി അറബിക്കടലിൽ എന്നാണ് മുദ്രാവാക്യം വിളിച്ചത്. പക്ഷേ ആ പദ്ധതികളൊക്കെയാണ് ഇന്ന് വിജയിച്ചിട്ടുള്ളത്. കശുവണ്ടി സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിനായി ജില്ലതോറും കാഷ്യൂ ബൂത്തുകൾ ആരംഭിക്കുമെന്ന് പറഞ്ഞു. അത് ആരംഭിക്കാൻ സാധിച്ചോ; അവിടെനിന്ന് 10 ശതമാനം അംഗീകാരം കിട്ടി, ട്രേഡ് യൂണിയൻ രംഗത്തെ മന്ത്രി വന്നു. എന്ത് നേട്ടമുണ്ടായി; കേരളത്തിൽ എൽ.ഡി.എഫ്.ന്റെ രണ്ട് സർക്കാരിന്റെ ഭരണകാലത്തും ധാരാളം കശുമാവിൻ തൈ വിതരണം ചെയ്തു. എവിടെപ്പോയി തോട്ടങ്ങൾ; അതിന് ചെലവഴിച്ച പണം തിരികെ ലഭിക്കുന്നുണ്ടോ; പുതിയ എന്തെങ്കിലും പദ്ധതിയുണ്ടോ? ഈ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തതയോടെയുള്ള സമീപനമുണ്ടാകണം. ഈ വിഷയം അവതരിപ്പിച്ചതിലൂടെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ സന്തോഷമേയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാനതിനെ സ്വാഗതം ചെയ്യുന്നു. നമുക്കിതൊരു ചർച്ചയാക്കി മാറ്റാം. എന്തുകൊണ്ട് ഒരു ചർച്ച പാടില്ല; ഇത്രയും ഗുരുതരമായ പ്രശ്നമാണല്ലോ? പാവപ്പെട്ട തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കുന്നു. മിനിമം കൂലി നൽകുന്നില്ല. തൊഴിലാളികളെ പുറത്ത് നിർത്തിയിരിക്കുന്നു. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ശ്രീ. പി. ടി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ പലതും, ഇ.എസ്.ഐ., പി.എഫ്. എന്നിവ, ഈ സർക്കാരിന്

ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. ഇ.എസ്.ഐ.-യുടെ കാര്യത്തിൽ ഇപ്പോൾ പുതിയൊരു ഭേദഗതി വന്നിട്ടുണ്ട്. തുടർച്ചയായി 78 ദിവസം ജോലി ചെയ്യുന്നവർക്ക് 156 അറ്റൻഡൻസ് എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയല്ല ഇപ്പോൾ വന്നിട്ടുള്ളത്. തുടർച്ചയായി രണ്ട് വർഷം നാല് ടേൺ, ഇ.എസ്.ഐ. അടയ്ക്കുന്ന നാല് ടേണുണ്ട്, ആ നാല് ടേണിൽ 200 അറ്റൻഡൻസ് ഉള്ളവർക്കേ ഇ.എസ്.ഐ. ആനുകൂല്യമുള്ളൂ എന്നാണ് ഇപ്പോൾ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിർദ്ദേശം. ഏറ്റവും ഒടുവിൽ വന്നിട്ടുള്ള നിർദ്ദേശം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടില്ല എന്നുള്ളതാണ് വസ്തുത. കേന്ദ്ര സർക്കാർ തൊഴിലാളി വിരുദ്ധമായി അടിക്കടി തീരുമാനങ്ങളെടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പി.എഫ്.ന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞ 3650 ദിവസം എന്നത് ശരിയാണ്. പി.എഫ്.ന്റെ കാര്യത്തിൽ 10 വർഷം സർവീസുള്ളവർ പെൻഷന് അർഹരാണ് എന്നതായിരുന്നു നേരത്തെ ഉണ്ടായിരുന്ന വ്യവസ്ഥ. ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന തീരുമാനപ്രകാരം 10 വർഷം പോര, 3650 ദിവസവും വേണം. 3650 ദിവസമെന്നു പറഞ്ഞാൽ വർഷത്തിൽ 365 ദിവസവും പണിയെടുത്താലേ പി.എഫ്. ഉള്ളൂ എന്നാണ്. ഒരു വർഷത്തിൽ ഞായറാഴ്ചതന്നെ 52 ദിവസമുണ്ട്. പിന്നെ നാഷണൽ ഹോളിഡേയ്സ് എല്ലാംകൂടി വരുമ്പോൾ ഒരിക്കലും സാദ്ധ്യമല്ല. 3650 ദിവസത്തെ അറ്റൻഡൻസ് എന്നുപറഞ്ഞാൽ 10 വർഷമല്ല, അങ്ങ് പറഞ്ഞതുപോലെ മുപ്പതോ മുപ്പത്തിയഞ്ചോ വർഷം തൊഴിൽ ചെയ്തവർ മാത്രമേ പി.എഫ്. പെൻഷന് അർഹരാകൂ എന്നതാണ് പുതിയ വ്യവസ്ഥ. ഇപ്പോൾ പി.എഫ്.ലും ഇ.എസ്.ഐ.യിലുമൊക്കെ തൊഴിലാളിക്ക് അനുകൂലമായി മാറ്റങ്ങൾ വരുന്നു എന്നാണ് ഓരോ ദിവസവും ദിനപ്പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്ത. തൊഴിലാളികളെ എങ്ങനെ തകർക്കാം, നിലനിൽക്കുന്ന ആനുകൂല്യങ്ങളെ എങ്ങനെ മാറ്റാം എന്നതാണ് കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന മാറ്റം. അത് ഇവിടെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമല്ല. പ്രതിപക്ഷവും അക്കാര്യത്തിൽ സഹകരിക്കണം. നമുക്ക് ഒറ്റക്കെട്ടായി കേന്ദ്ര സർക്കാരിന്റെ ഈ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചെങ്കിൽ മാത്രമേ കേരളത്തിലെ കശുവണ്ടി തൊഴിലാളിക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ തൊഴിലാളികൾക്കും പിടിച്ചുനിൽക്കാൻ കഴിയൂ എന്നതാണ് വസ്തുത. ആ പ്രശ്നമാണ് അങ്ങ് ഉന്നയിച്ചത്. സംസ്ഥാന സർക്കാരിന്റെ പരിമിതി അങ്ങ് മനസ്സിലാക്കുമെന്ന് ഞാൻ കരുതുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ പെൻഷനിൽ കുറവ് വരുത്തിയിട്ടില്ല. പി.എഫ്. പെൻഷൻ ലഭിക്കുന്ന തൊഴിലാളിക്കും കേരളത്തിലെ ക്ഷേമനിധി പെൻഷനുണ്ട്. ക്ഷേമനിധി പെൻഷൻ 600 രൂപയേയുള്ളൂ എന്ന് യു.ഡി.എഫ്. പറഞ്ഞു പ്രചരിപ്പിച്ചു. അതിനെതിരെ ചിലർ സമരത്തിന് വന്നു. ഇപ്പോൾ ഞങ്ങൾ ക്ഷേമനിധി ബോർഡിന്റെ പെൻഷൻ തുകയായ 1100 രൂപയും നൽകിക്കഴിഞ്ഞു. യു.ഡി.എഫ്. സർക്കർ അധികാരത്തിലുള്ളപ്പോൾ

ഉണ്ടായിരുന്ന 600 രൂപ ഞങ്ങൾ 1000 രൂപയാക്കുകയും പിന്നെ അത് 1100 രൂപയാക്കുകയും ചെയ്തു. 1000 രൂപ വരെയുള്ള പെൻഷൻ ഇപ്പോൾ നൽകിക്കഴിഞ്ഞു, 1100 രൂപ ഏപ്രിൽ മാസം മുതലേ വരികയുള്ളൂ. നേരത്തെ തെറ്റിദ്ധരിപ്പിച്ചു നടത്തിയ പ്രചാരവേല വസ്തുതയല്ലെന്ന് പെൻഷൻ കിട്ടിയതോടുകൂടി ഇപ്പോൾ തൊഴിലാളികൾക്ക് ബോദ്ധ്യമായി. മൂന്നാമത്തെ പെൻഷൻ 600 രൂപയാണ്. ഒരു തൊഴിലാളിക്ക് രണ്ടു പെൻഷൻ പോരേ? രണ്ടു പെൻഷൻ ലഭിക്കുന്നതു കൂടാതെ മൂന്നാമതൊരു പെൻഷൻ കൂടി വരുമ്പോൾ, ഞങ്ങൾ അത് നിഷേധിച്ചിട്ടില്ല, അത് പഴയത് തന്നെ ഇരിക്കട്ടെ എന്നു തീരുമാനിച്ചു. മൂന്നാമത്തെ പെൻഷനാണ് കശുവണ്ടിത്തൊഴിലാളിക്ക് 600 രൂപയാകുന്നത്. ഇപ്പോൾ പി.എഫ്. പെൻഷനുണ്ട്, കേരളത്തിന്റെ ക്ഷേമനിധി പെൻഷൻ 1000 രൂപയുണ്ട്, മൂന്നാമതൊന്നുകൂടി ഉണ്ടെങ്കിലും അത് കട്ട് ചെയ്തിട്ടില്ല എന്നേയുള്ളൂ, അത് 600 രൂപ എന്ന് നിൽക്കുന്നതേയുള്ളൂ. അതുകൊണ്ട് അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് വസ്തുതയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് പുറത്ത് ഒരു സമരം നടക്കുന്നുണ്ട്, ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ യൂണിയൻ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. അതിനുവേണ്ടി തൊഴിലാളികളെ ഇറക്കാൻ രാവിലെ കാപെക്സിൽ പോയി. തൊഴിലാളികൾ ഇറങ്ങാൻ സന്നദ്ധമായില്ല, പണിമുടക്കി ഇവിടെ വരണമെന്നാണ്, ഫാക്ടറി തുറക്കണമെന്നതാണ് ഡിമാന്റ്. തുറന്ന ഫാക്ടറികൾ അടപ്പിച്ച് എന്തിനാണ് ആളെ കൊണ്ടുവരുന്നത്? നിങ്ങൾ അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളെ സംഘടിപ്പിച്ച് സമരം ചെയ്തോളൂ. അതാണ് നല്ലത്. മറിച്ച് തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറി അടച്ച് ഇവിടെ വരണമെന്ന് പറഞ്ഞ് പെരിനാട്, ചാത്തനാകുളം കാപ്പെക്സിന്റെ ഫാക്ടറിക്കു മുൻപിൽ ഐ.എൻ.ടി.യു.സിക്കാർ ചെന്നു, തൊഴിലാളികൾ ഇറങ്ങാൻ സന്നദ്ധമായില്ല, അവിടെ ബഹളമായി പോലീസ് വന്നു, ഇപ്പോൾ അവിടെ ഫാക്ടറി അടച്ച് ആരും അകത്ത് കയറാതിരിക്കാനുള്ള നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിധത്തിലാണോ സമരം ചെയ്യേണ്ടത്? തുറക്കണമെന്ന് പറഞ്ഞ് സമരം ചെയ്യുന്നത് എനിക്ക് മനസ്സിലാകും, തുറന്നിരിക്കുന്ന ഫാക്ടറിയെ അടപ്പിച്ചിട്ട് ഇവിടെ വന്ന് സമരം ചെയ്യണമെന്നു പറഞ്ഞാൽ അതിലുള്ള വൈരുദ്ധ്യം യു.ഡി.എഫ്. മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതാണ് ഇന്ന് കൊല്ലത്ത് ഒരു ഫാക്ടറിയിൽ നടക്കുന്ന സംഘർഷം. അതുകൊണ്ട് അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഈ സർക്കാരിന് സാദ്ധ്യമായതെല്ലാം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കാഷ്യൂ കോർപ്പറേഷന്റെ സ്ഥിതിയെന്തായിരുന്നു? 8 മാസം തുടർച്ചയായി അടഞ്ഞു കിടന്നപ്പോൾ, അന്ന് ഞങ്ങളൊക്കെ സമരം ചെയ്തതിന്റെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രി അവസാനത്തെ മൂന്നു മാസം ഈ ഫാക്ടറി തുറക്കാൻ ഭഗീരഥപ്രയത്നം നടത്തി, മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തു, തോട്ടണ്ടി ലഭിച്ചില്ല, കാഷ്യൂ കോർപ്പറേഷന്റെ അഴിമതിയും കെടുകാര്യസ്ഥതയുംമൂലം ഒരാളും

തോട്ടണ്ടി നൽകാൻ സന്നദ്ധമല്ലാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് മാസം ഞങ്ങൾ അനുഭവിച്ച പ്രയാസം അതാണ്; ഒരാളും തോട്ടണ്ടി തരില്ല, വിശ്വാസമില്ല, തന്നാൽ വില നൽകുകയില്ല എന്ന സ്ഥിതി വന്നു. ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ മൂന്ന് മാസത്തിനുള്ളിൽ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വളരെ പ്രയാസപ്പെട്ടു. ധനകാര്യവകുപ്പ് രൂപ തരിക മാത്രമല്ല ചെയ്തത്; അതിന് അവരെ അങ്ങേയറ്റം അഭിനന്ദിക്കണം. ഇ-ടെണ്ടറിന്റെ പ്രോസസിംഗ് സുതാര്യമാക്കാൻ, ക്യാബിനറ്റിലടക്കം ഫയൽ കൊണ്ടുവന്ന്, ക്യാബിനറ്റ് അംഗീകരിച്ച് ഗൈഡ് ലൈൻ പുറപ്പെടുവിച്ച് തോട്ടണ്ടി ലഭ്യമാക്കിയാണ് കശുവണ്ടി വികസന കോർപ്പറേഷൻ കാപെക്സ് തുറന്നത്. അക്കാര്യത്തിലുള്ള അസൂയ ഇവിടെ എങ്ങനെയാണ് പ്രതിഫലിച്ചതെന്ന് നമ്മളെല്ലാവരും കണ്ടതാണ്. ആ വിധത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ഞങ്ങൾ തുറന്നതും സംരക്ഷിച്ചതും. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഓണം വരെ തുറന്ന് പ്രവർത്തിക്കും. അയ്യായിരത്തിലേറെ ടൺ തോട്ടണ്ടി അവരുടെ കൈവശമുണ്ട്.

അങ്ങ് പറഞ്ഞ സ്വകാര്യമേഖലയുടെ കാര്യത്തിൽ സർക്കാർ കൃത്യമായ ഇടപെടൽ നടത്താൻ പോകുകയാണ്. അതിനാണ് കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. അതിന് പ്രമുഖ വ്യവസായികൾ സന്നദ്ധമാണ്. അങ്ങ് പറഞ്ഞ വി.എൽ.സി മാത്രമാണ് ഇപ്പോൾ തുറക്കാത്തത്. വി.എൽ.സി. തുറന്ന് പ്രവർത്തിപ്പിക്കാൻ ഞങ്ങൾ ഒന്നുകൂടി പരിശ്രമിക്കുകയാണ്, അവർ സർക്കാരിനെ വെല്ലുവിളിക്കുകയാണെങ്കിൽ എന്തു ചെയ്യണമെന്ന് ആലോചിക്കും. കോമ്പൻസേഷൻ നൽകേണ്ടത് ആവശ്യമാണ്, അക്കാര്യത്തിലും നടപടി സ്വീകരിക്കാൻ പോകുകയാണ്. ഒരു മുതലാളിയോടും അനാവശ്യമായ സന്ധിയും പിൻതുണയും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. ന്യായമായി പ്രവർത്തിക്കുന്ന മുഴുവൻ മുതലാളിമാർക്കും പിൻതുണ നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയം. അതുകൊണ്ടാണ് സംസ്ഥാനത്തെ, പ്രമുഖ വ്യവസായികളിൽ ഒരാളൊഴിച്ച്, ബാക്കിയെല്ലാവരും ഫാക്ടറികൾ തുറന്നതും ഇന്ന് പ്രവർത്തിക്കുന്നതും. മുന്നൂറ്റി ചില്വാനം ഫാക്ടറികളാണ് അടഞ്ഞ് കിടക്കുന്നത്. അത് അൻപതും എഴുപത്തഞ്ചും തൊഴിലാളികൾമാത്രം പണിയെടുക്കുന്ന ചെറുകിട ഫാക്ടറികളാണ്. അവരുടെ പ്രശ്നമാണ് ഞങ്ങൾ അഡ്രസ്സ് ചെയ്യുന്നത്, സർക്കാർ മുമ്പ് അത് ചെയ്യാത്തതാണ്. സർക്കാർ ഇപ്പോൾ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികളിലേക്ക് പോകുകയാണ്. അങ്ങ് ഇപ്പോൾ മാത്രമാണ് അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഈ സർക്കാർ അടിയന്തര ശ്രദ്ധയോടുകൂടിയാണ് ഒരു വർഷക്കാലംകൊണ്ട് ഇക്കാര്യങ്ങൾ ചെയ്തു വന്നത്. കക്ഷിഭേദമെന്യ ഐ.ആർ.സി.-യിൽ ട്രേഡ് യൂണിയനുകളും വ്യവസായികളുമെല്ലാം സർക്കാരിന്റെ ഈ നീക്കത്തിന് പിൻതുണയാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ഇവിടെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഹിന്ദു ദിനപ്പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ ബഹുമാന്യയായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. Crisis in cashew sector goes from back towards.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇക്കാര്യത്തിൽ അങ്ങയുടെ പിന്തുണയും വേണം. ഈ വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തോട്ടണ്ടി ലഭ്യമല്ല എന്നുള്ളതാണ്. ആഫ്രിക്കൻ രാജ്യങ്ങളെ മാത്രം ആശ്രയിച്ച് ഭാവിയിൽ ഇവിടെ വ്യവസായം നടത്താൻ കഴിയില്ല. ഡ്രം റോസ്റ്റിംഗ് ആയിരുന്നു കൊല്ലം ജില്ലയുടെ പ്രത്യേകത. ഏത് രാജ്യത്ത് പോയാലും തിരിച്ച് ഇവിടെ വന്നാലേ ഫൈനൽ പ്രോസസിംഗ് നടക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ മെക്കനൈസേഷൻ വന്നതോടുകൂടി കേരളത്തിൽ മാത്രം വ്യവസായം നിൽക്കുന്ന സ്ഥിതിയല്ല. ആന്ധ്രാ പ്രദേശ്, തമിഴ്നാട്, വിയറ്റ്നാം, ആഫ്രിക്ക തുടങ്ങി ലോകത്തെവിടെയുമാകാം. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാൻ പഴയതുപോലെ വിദേശ രാജ്യങ്ങളെ മാത്രം ആശ്രയിച്ചാൽ ഈ വ്യവസായം നിലനിൽക്കില്ല എന്ന ഗൗരവകരമായ പ്രശ്നമാണ് ഇന്ന് നേരിടുന്നത്. ശ്രീ. പി. ടി. തോമസിന് വ്യവസായ പ്രശ്നങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടാണ് ആ വിഷയത്തെക്കുറിച്ച് പറയാതിരുന്നത്. കശുവണ്ടി വ്യവസായം ഇന്ന് നേരിടുന്ന ഗൗരവകരമായ പ്രശ്നം തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ്. അതിന് സർക്കാർ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുകയാണ്. ഇതിനായി ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ഗവൺമെന്റ് അതിൽ ഗൗരവകരമായി ഇടപെടുകയാണ്. കശുമാവ് കൃഷി വികസിപ്പിക്കാൻ പ്രതിപക്ഷത്തിന്റെയടക്കം അകമഴിഞ്ഞ സഹായം ആവശ്യമാണ്. മംഗലാപുരത്തെ ഐ.സി.എ.ആർ. (Indian Council of Agricultural Research) സ്ഥാപനം, ഒരു വർഷം കൊണ്ട് കായ്ക്കുന്ന പുതിയ ഇനം കശുമാവ് കണ്ടുപിടിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തിലാണ് ഐ.സി.എ.ആർ.-ന്റെ അപ്രൂവൽ അതിന് ലഭിക്കാൻ പോകുന്നത്. അപ്രൂവൽ ലഭിച്ചുകഴിഞ്ഞാൽ അത് ലോഞ്ച് ചെയ്യും. ബുഷ് ടൈപ്പ് കശുമാവാണ്; അത് വ്യാപകമായി കേരളത്തിൽത്തന്നെ കൃഷി ചെയ്യേണ്ടതുണ്ട്. ആ പ്രശ്നത്തിൽ എല്ലാവരുടെയും പിൻതുണ വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കശുമാവ് കൃഷിയുടെ കാര്യത്തിൽ ഞങ്ങളുടെ സഹായമുണ്ടാകും. പക്ഷേ, ഇവിടെ കശുവണ്ടി മേഖലയിൽ എല്ലാം ഭദ്രമാണ് എന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം തികച്ചും വസ്തുതാപരമല്ല. കാരണം

ഇവിടെ സ്വകാര്യ ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയാണ്. സ്വകാര്യ ഫാക്ടറികളിലെ തൊഴിലാളികൾക്ക് യാതൊരു സംരക്ഷണവുമില്ല. നോട്ടീസിൽ പറഞ്ഞതുപോലെ സ്കൂളുകൾ തുറക്കാൻ പോകുന്നു, കശുവണ്ടിത്തൊഴിലാളികളുടെ കുട്ടികൾക്ക് യാതൊരു വിധത്തിലുള്ള സഹായവും സർക്കാർ പ്രഖ്യാപിക്കുന്നില്ല എന്നതാണ് ഇവിടുത്തെ പ്രശ്നം. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലത്ത് ഫാക്ടറികൾ അടച്ചിട്ടു എന്നത് ശരിയാണ്. കാഷ്യൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായിരുന്നു. ഞങ്ങൾ 2,000 രൂപ ആനുകൂല്യവും അതോടൊപ്പം ആ തൊഴിലാളികൾക്ക് സൗജന്യറേഷനും പ്രഖ്യാപിച്ചിരുന്നു, എന്നാൽ തെരഞ്ഞെടുപ്പ് ആയതുകൊണ്ട് അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അത് നൽകേണ്ട സമയമാണെന്നാണ് എന്റെ വിശ്വാസം. കൊല്ലം ജില്ലയിൽ മാത്രമല്ല, ആലപ്പുഴ, പത്തനംതിട്ട ഉൾപ്പെടെയുള്ള ജില്ലകളിലെ രണ്ടരലക്ഷത്തോളം വരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞ് കിടക്കുകയാണ്. അതൊന്നും വലിയ മുതലാളിമാരുടെ ഫാക്ടറികളല്ല. ഇടത്തരക്കാരായ ആളുകളുടെ ഫാക്ടറികളാണ് അടഞ്ഞുകിടക്കുന്നത്. 1974-ലെ കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട് അനുസരിച്ച് ഫാക്ടറികൾ ഏറ്റെടുക്കാൻ കഴിയുമോ എന്നത് സർക്കാർ ആലോചിക്കേണ്ട കാര്യമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എല്ലാ കശുവണ്ടി ഫാക്ടറികളും തുറക്കുമെന്നായിരുന്നു വാഗ്ദാനം നൽകിയത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 75 ദിവസം മാത്രമാണ് തൊഴിൽ നൽകാൻ കഴിഞ്ഞതെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ വർഷത്തിൽ 288 ദിവസം ജോലി നൽകിയിരുന്നു. തുറക്കാത്ത കാഷ്യൂ ഫാക്ടറികൾ എങ്ങനെ തുറന്ന് പ്രവർത്തിക്കാം, തൊഴിലാളികൾക്ക് എങ്ങനെ ജോലി കൊടുക്കാം എന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ബഹുമാന്യയായ മന്ത്രിയെ ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കുകയാണ്. എല്ലാ ദിവസവും ഉദ്ഘാടനത്തിനുവേണ്ടി മന്ത്രിയെ കൊണ്ടുപോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് മനസ്സിലാക്കാതെയാണ് പറഞ്ഞത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2016 ജൂൺ 15-ന് ഫാക്ടറികൾ അടച്ചു. വീണ്ടും തുറന്ന് ഉദ്ഘാടനം നടത്തി. പിന്നെയും അടച്ചു. തൊഴിലാളികൾക്ക് ബോണസ് കൊടുക്കുന്നതിന് ഉദ്ഘാടനം നടത്തുന്നത് എന്തിനാണ്? ബോണസ് എപ്പോഴും നൽകുന്നതല്ലേ? എത്രയോ തവണ ബോണസ് നൽകിയിരിക്കുന്നു. തോട്ടണ്ടി പ്രോസസ് ചെയ്താൽ ഉദ്ഘാടനം, തോട്ടണ്ടിയുമായി ലോറി വന്നാൽ ഉദ്ഘാടനം, ലോറികൾ ലോഡുമായി പോയാൽ ഉദ്ഘാടനം. എന്റെ ബഹുമാന്യയായ സുഹൃത്തുകൂടിയായ ശ്രീമതി മേഴ്സിക്കുട്ടി അമ്മ എന്തിനാണ് ഇത്രയുമധികം ഉദ്ഘാടനത്തിന് പോകുന്നത്; ഇങ്ങനെ ഉദ്ഘാടനം നടത്തിയാൽ ആളുകൾക്ക് ഇത് മനസ്സിലാകുകയില്ലേ? ഇത്തരം ഉദ്ഘാടനങ്ങൾകൊണ്ട് എന്തു നേട്ടമാണുള്ളത്? കൊല്ലത്തു മാത്രമല്ല ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം

അവരുടെ ജീവിതം കൂടുതൽ ദുസ്സഹമാകുന്ന എന്നുള്ള കാര്യം സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. അങ്ങ് 2016-ലെ തെരഞ്ഞെടുപ്പുകാലത്ത് സ്വകാര്യ ഫാക്ടറികൾ തുറക്കാത്തതിന്റെ ഉത്തരവാദിത്വം യു.ഡി.എഫ് സർക്കാരിനാണെന്നാണ് പറഞ്ഞത്; യു.ഡി.എഫ്. സർക്കാർ സ്വകാര്യ ഫാക്ടറി ഉടമകളുമായുണ്ടാക്കിയ കൂട്ടുകെട്ടാണെന്നാണ് പ്രചരിപ്പിച്ചത്. മാത്രമല്ല മിനിമം കൂലി നൽകാതിരിക്കാനാണ് ഈ കൂട്ടുകെട്ടെന്നു പറഞ്ഞു. തെരഞ്ഞെടുപ്പുകാലത്ത് സ്വകാര്യ മുതലാളിമാരുമായി യു.ഡി.എഫ്. സർക്കാരുണ്ടാക്കിയ കൂട്ടുകെട്ടുകൊണ്ടാണ് ഫാക്ടറികൾ തുറക്കാത്തതെന്നു പറഞ്ഞവർ എന്തുകൊണ്ടാണ് ഒരു വർഷമായിട്ടും ഫാക്ടറികൾ തുറക്കാത്തത്. അന്ന് എല്ലാ ഫാക്ടറികളും തുറക്കാമെന്ന് വാഗ്ദാനം നൽകിയതല്ലേ? സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ 58 ദിവസമാണ് ഫാക്ടറി പടിക്കൽ സമരം നടത്തിയത്. ബഹുമാന്യയായ മന്ത്രിയുടെ ഭർത്താവാണ് ഒരു ഫാക്ടറിയുടെ മുൻപിൽ സമരം നടത്തിയത്. 58 ദിവസം സമരം നടത്തിയിട്ടും എന്തുകൊണ്ടാണ് ഫാക്ടറികൾ തുറക്കാത്തത്? മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയ്ക്കുശേഷം കൊല്ലത്ത് എല്ലായിടത്തും ആഹ്ലാദ പ്രകടനമായിരുന്നു. പിന്നെ എന്തുകൊണ്ട് ഫാക്ടറികൾ തുറന്നില്ല; ഇത് തൊഴിലാളികളെ പറ്റിക്കുന്ന നടപടിയല്ലേ? വിധവാ പെൻഷൻ സംബന്ധിച്ച് ശ്രീ. പി. ടി. തോമസ് പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. കശുവണ്ടി തൊഴിലാളികൾക്ക്, കോരന് കുമ്പിളിൽ കഞ്ഞി എന്ന സ്ഥിതി തുടരുകയാണ്. ബഹുമാന്യയായ മന്ത്രിയെ പല കാര്യങ്ങളിലും ഇവർ തെറ്റിദ്ധരിപ്പിക്കുകയാണ്. നേരിട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുമെന്ന് പറഞ്ഞിട്ട് ലോക്കലായിട്ടാണ് ഇപ്പോൾ വാങ്ങുന്നത്.

10.00 AM]

3000 മെട്രിക് ടൺ ഐവറി കോസ്റ്റ് തോട്ടണ്ടി ടണ്ണിന് 2090 ഡോളറിനാണ് ഇപ്പോൾ പർച്ചേസ് നടത്തിയത്. കൊല്ലത്തെ ഏതെങ്കിലും സ്വകാര്യ ഫാക്ടറി മുതലാളി 1800 ഡോളറിന് മുകളിൽ ഈ സീസണിൽ തോട്ടണ്ടി വാങ്ങിയിട്ടുണ്ടോ എന്ന് ഞാൻ ബഹുമാന്യയായ മന്ത്രിയോട് ചോദിക്കുകയാണ്. ഇതൊക്കെ ചെയ്യുന്ന ഉദ്യോഗസ്ഥരെ മന്ത്രി നിലയ്ക്കുനിർത്തണം. റിട്ടയർ ചെയ്യാൻ പോകുന്ന എം.ഡി.ക്ക് എക്സ്റ്റൻഷൻ നൽകുന്നതായുള്ള വാർത്തകൾ പുറത്തു വരുന്നുണ്ട്; കാര്യക്ഷമതയോടെയല്ലാതെ പ്രവർത്തിക്കുന്നവരാണിവർ. 290 ഡോളർ അധികം നൽകിയാണ് കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി വാങ്ങുന്നത്. ഇതെല്ലാം ഗുരുതരമായ പ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉന്നയിച്ച ഇഷ്യൂ ഇപ്പോൾ വിജിലൻസിന്റെ പരിഗണനയിലാണ്. കോടതിയിലുള്ള വിഷയമായതിനാൽ ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. തോട്ടണ്ടി വാങ്ങുന്നതിലുണ്ടായ ഗുരുതരമായ ക്രമക്കേടുകൾ പരിശോധിക്കാൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുന്നില്ല? തോട്ടണ്ടിയുടെ ക്വാളിറ്റി പരിശോധിക്കാനുള്ള അനുവാദം എം.ഡി. പറയുന്ന

ഏജൻസിക്കാണ് നൽകിയിരിക്കുന്നത്. ആർ.ബി.എസ്. എന്നൊരു പാർട്ടിയെ നിയമിച്ചിരിക്കുകയാണ്. തെറ്റായ ക്വാളിറ്റി റിപ്പോർട്ടാണ് എം.ഡി.-മാരുടെ സമ്മർദ്ദംമൂലം അവർ നൽകുന്നത്. ആർ.ബി.എസ്. എന്ന ഏജൻസിയെ അവരുടെ ക്രെഡിബിലിറ്റി പ്രകാരം നിയമിച്ചതാണെന്നാണ് നേരത്തേ ഇവിടെ സൂചിപ്പിച്ചത്. എന്ത് ക്രെഡിബിലിറ്റിയാണ് ഇവർക്കുള്ളത്? സ്വകാര്യമേഖലയ്ക്ക് മാതൃകയാകേണ്ട പൊതുമേഖലാ സ്ഥാപനങ്ങൾ കെടുകാര്യസ്ഥതമൂലം നശിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കശുവണ്ടിത്തൊഴിലാളികൾ അനുഭവിക്കുന്ന ഈ ഗുരുതരമായ പ്രശ്നം ഗൗരവമായി സർക്കാർ പരിഗണിക്കണം. ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മുൻ സർക്കാർ നൽകിയതുപോലെ ഇവർക്കുവേണ്ട ആശ്വാസ പദ്ധതികൾ ഈ സർക്കാരും നൽകണം. ഇങ്ങനെ ചെയ്യാത്ത സാഹചര്യത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന ഒരു മേഖലയായി കശുവണ്ടി മേഖല മാറിയിരിക്കുകയാണ്. ആന്ധ്രാ പ്രദേശിൽനിന്ന് ഭൂമി ലഭിക്കും, അവിടെ കശുമാവ് കൃഷി തുടങ്ങും എന്നൊക്കെ ബഹുമാന്യയായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞിരുന്നു. ഭൂമി കിട്ടിയോ, കൃഷി തുടങ്ങിയോ എന്നൊന്നും എനിക്കറിയില്ല, തുടങ്ങിയാൽ നല്ല കാര്യമാണ്. ഞങ്ങളാരും അതിനെ എതിർക്കുന്നില്ല, സ്വാഗതം ചെയ്യുകയാണ്. കേരളത്തിൽ ഇന്ന് ആകെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി നമ്മുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. ഇന്ത്യയിലാകെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിപോലും കേരളത്തിലെ ആവശ്യത്തിന് പര്യാപ്തമല്ല. അതുകൊണ്ടാണല്ലോ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നത്. ബഹുമാനപ്പെട്ട മന്ത്രികൂടി ഇവിടെ ഉന്നയിച്ച ആശങ്കകൾ നിലനിൽക്കുമ്പോൾ തന്നെ ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. അങ്ങനെ ചെയ്യുന്നില്ല എന്നതാണ് ഞങ്ങളുടെ പരാതി. ഒരു വർഷമായി, പ്രത്യേകിച്ച് സ്വകാര്യ മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സർക്കാർ കണക്കിലെടുക്കേ ണ്ടതായിട്ടുണ്ട്. നിലവിൽ 5000 ടൺ കശുവണ്ടിയുണ്ടെന്നാണ് പറഞ്ഞത്, എന്നാൽ 1000 ടൺ മാത്രമാണ് ഇപ്പോൾ കോർപ്പറേഷന്റെ കൈവശമുള്ളതെന്നാണ് എനിക്ക് ലഭിച്ച വിവരം. അങ്ങനെയെങ്കിൽ ഓണം ഉൾപ്പെടെയുള്ള ഉത്സവ സീസൺ വരുമ്പോൾ തൊഴിലാളികൾക്ക് പണി ലഭിക്കുമോ എന്ന ആശങ്കയും നിലവിലുണ്ട്. ഈ കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ കശുവണ്ടിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നത്. കശുവണ്ടിത്തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും; അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും; കേരളത്തിൽ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാതെ ഈ വ്യവസായത്തെ നിലനിർത്താനാകില്ല; ഇതിന് ഉൽപ്പാദനക്ഷമത കൂടിയതും പന്തലിച്ച് വളരാത്തതുമായ കശുമാവ് ഇനങ്ങൾ പ്രോത്സാഹിപ്പിക്കണം; ഇറക്കുമതിയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അനാവശ്യ പ്രവണതകൾ ഒഴിവാക്കും. ഈ പറഞ്ഞ കാര്യങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് പരിശോധിച്ചാൽ കശുവണ്ടി മേഖലയിലെ ഇന്നത്തെ അവസ്ഥ മനസ്സിലാകും. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളെ നമ്മൾ എതിർക്കണം. തൊഴിലാളികളുടെ ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രം സ്വീകരിച്ച തെറ്റായ നയങ്ങൾക്കെതിരെ നമുക്ക് ഒരുമിച്ചുനിന്ന് പോരാടാം. അക്കാര്യങ്ങളിൽ ഏതറ്റംവരെയും ഭരണപക്ഷത്തോടൊപ്പം നിൽക്കാനും പോരാടാനും പ്രതിപക്ഷം തയ്യാറാണ്. പക്ഷേ ഇവിടെ നമ്മൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യുണ്ടോ? ആഫ്രിക്കയിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടാണ് ഈ മേഖലയിൽ കാര്യങ്ങൾ നടത്തുന്നതെന്ന് ഇവിടെ പറഞ്ഞു. എത്ര മെട്രിക് ടൺ കശുവണ്ടി ഒരു ദിവസത്തേയ്ക്ക് വറുക്കാൻ ആവശ്യമുണ്ടെന്ന് നോക്കണം. ഏകദേശം 2500 മെട്രിക് ടൺ ആവശ്യമായി വരും. ഇതിൽ നമുക്ക് എത്ര സംഭരിക്കാൻ കഴിഞ്ഞു; സംഭരിച്ചതിന്റെ അവസ്ഥ എന്തായിരിക്കും? സംഭരിച്ച തോട്ടണ്ടികൾ അവിടെത്തന്നെ കിളിർക്കുന്നുണ്ടോയെന്ന് ആദ്യം പരിശോധിക്കണം. എത്ര ലക്ഷം തൊഴിലാളികളാണ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതെന്ന് കണക്കാക്കണം. നേരത്തേ യു.എസ്.എ., യു.കെ., ഗൾഫ് രാജ്യങ്ങളിലേയ്ക്കൊക്കെ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിരുന്നത് കേരളത്തിൽ നിന്നായിരുന്നുവെങ്കിൽ ഇന്ന് വിയറ്റ്നാമിൽ നിന്നാണ് കശുവണ്ടിയുടെ കയറ്റുമതി നടക്കുന്നത്. കശുവണ്ടി വ്യവസായ മേഖലയിൽ കേരളത്തിന് മുമ്പുണ്ടായിരുന്ന ആധിപത്യം നഷ്ടമായത് നമ്മൾ വേണ്ടവിധത്തിൽ ഈ മേഖലയെ ശ്രദ്ധിക്കാത്തതു കൊണ്ടാണ്. ഇന്ന് ഈ മേഖല നിരവധി പ്രശ്നങ്ങളിലേയ്ക്ക് പോകുകയാണ്. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദാനം വർദ്ധിപ്പിക്കുന്നതിനായി വനം വകുപ്പ് ചില കാര്യങ്ങളിൽ വാക്കുകൊടുത്തിരുന്നു. പാട്ടത്തിന് ഭൂമി തരാമെന്നും അവിടെ കൃഷി ചെയ്യാമെന്നുമൊക്കെ പറഞ്ഞിരുന്നു. ആന്ധ്രാ പ്രദേശിൽ നക്സലിസം ഇല്ലാതാക്കാൻ ആ പ്രദേശത്തെ നക്സലൈറ്റുകളെയടക്കം പങ്കാളികളാക്കിക്കൊണ്ട് അവിടെനിന്ന് തോട്ടണ്ടി ഉൽപ്പാദിപ്പിച്ച് കൊണ്ടുവരാമെന്നും പറഞ്ഞിരുന്നു. ആന്ധ്രാ പ്രദേശിൽ എത്ര ടൺ തോട്ടണ്ടി ഉൽപ്പാദിപ്പിച്ചു; എത്ര കൊണ്ടുവന്നു? തോട്ടണ്ടി ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാനുള്ള ഒരു നടപടിയും സർക്കാർ കൈക്കൊള്ളുന്നില്ല. ഇപ്പോഴത്തെ

സാഹചര്യത്തിൽ ഈ തൊഴിൽ മേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പര്യാപ്തമാണോ, തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കും, ഇതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഗവൺമെന്റ് മുൻകയ്യെടുത്തതെങ്ങനെ തുടങ്ങിയ വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യേണ്ടതായിരുന്നു. കൊല്ലം ജില്ലയിലെ എം.എൽ.എ.-മാരും മന്ത്രിയും ഒപ്പം നമുക്കുംകൂടി അവിടെ പോയി വസ്തുതകൾ മനസ്സിലാക്കിയശേഷം ചർച്ച വേണമോ എന്ന കാര്യം തീരുമാനിച്ചാൽ മതി. ഇതൊന്നും തീരുമാനിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോവുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കശുവണ്ടി മേഖലയിലെ വിഷയങ്ങൾ ഗുരുതരമായി നിലനിൽക്കുകയാണ്. കേരളത്തിൽ കാഷ്യൂ ക്രൈസിസ് വളരെ വർദ്ധിതമായ നിലയിലാണ് മുന്നോട്ടുപോകുന്നത്. ഈ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അതിനെയൊന്നും ചെറുതായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ ഇടപെടലുകളൊന്നും ഫലപ്രാപ്തിയിലെത്തുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. പൊതുമേഖലയിൽ ആകെയുള്ള 40 കമ്പനികളിൽ എല്ലാംതന്നെ തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 460-ഓളം സ്വകാര്യ ഫാക്ടറികൾ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒന്നരലക്ഷത്തോളം തൊഴിലാളികൾ ദുരിതമനുഭവിക്കുകയാണ്. സ്കൂളുകൾ തുറക്കുന്ന സന്ദർഭത്തിൽ സ്വാഭാവികമായും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവരെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. ഇ.എസ്.ഐ. ആനുകൂല്യത്തിന്റെ കാര്യത്തിൽ സർക്കാരിനുള്ള പ്രശ്നങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഒരാനുകൂല്യവും ലഭിക്കാത്ത സാഹചര്യമാണുള്ളത്. പനി പടർന്നു പിടിക്കുന്ന അവസ്ഥയിൽ അവരുടെ ചികിത്സാ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കുകയാണ്. അവിടെ സൗജന്യ റേഷൻ നൽകണമെന്നും കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങളെങ്കിലും ചെയ്യണമെന്നുമുള്ള ആവശ്യംപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് യഥാർത്ഥ വസ്തുതയാണ്. ഇവിടെയുള്ള പ്രശ്നങ്ങളെ ചെറുതായി കാണുന്നില്ല, ചെയ്ത കാര്യങ്ങളെല്ലാം പൂർണ്ണതയിലെത്തിയെന്ന് ഗവൺമെന്റ് കരുതുന്നുവെങ്കിൽ അത് മൗഢ്യമാണ്. ഒരു കാര്യം പ്രത്യേകമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ച ബോണസുപോലും നൽകാത്ത സ്വകാര്യ മുതലാളിമാരുണ്ട് എന്നുള്ള പരാതി ഉയരുകയാണ്. കൊല്ലം, ആലപ്പുഴ

ജില്ലകളിലെ കശുവണ്ടി മേഖലയിൽ ഇത്തരം പ്രശ്നങ്ങൾ വ്യാപകമാകുകയാണ്, ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടേണ്ടതാണ്. അടഞ്ഞുകിടന്നതിൽ ഇതുവരെ തുറക്കാൻ കഴിയാതിരുന്ന ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുക്കണം. നോട്ടീസ് കൊടുത്തുവെന്ന് പറഞ്ഞു, തീർച്ചയായും തുടർ നടപടികൾ അതിവേഗതയിലുണ്ടാകണം. ഏറ്റെടുക്കേണ്ട ഫാക്ടറികൾ ഏറ്റെടുക്കുന്നതിനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരശ്രദ്ധ പതിപ്പിക്കുമെന്നാണ് പറയുന്നത്. അനേകം ഫാക്ടറികൾ സ്വകാര്യ മേഖലയിൽ അടഞ്ഞുകിടക്കുന്നു, ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നു, തുറന്ന ഫാക്ടറികളാണെങ്കിൽപ്പോലും വേതനമില്ല, കഴിഞ്ഞ 11 മാസത്തോളമായി നിത്യദുരിതത്തിലാണ് തൊഴിലാളികൾ. ഗവൺമെന്റ് ഇത് കണ്ടില്ലെന്ന് നടിക്കരുത്. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കണം. അതുപോലെ തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ കൃത്യമായി വേതനം നൽകാനുള്ള സംവിധാനമൊരുക്കണം; തൊഴിലാളികളെ സംരക്ഷിക്കണം.അതിനുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാത്ത ഈ ഗവൺമെന്റിന്റെ നയങ്ങളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) മത്സ്യ അനുബന്ധ മേഖലകളിലെ പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ അവഗണിക്കപ്പെട്ട ഒരു വിഭാഗം തൊഴിലാളികളാണ് മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾ. ഇന്നിപ്പോൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധത്തൊഴിലാളികളുടെ എണ്ണം 77,694 മാത്രമാണ്. എന്നാൽ ക്ഷേമനിധിയിലൊന്നും രജിസ്റ്റർ ചെയ്യാത്ത പതിനായിരക്കണക്കിന് തൊഴിലാളികൾ അനുബന്ധ മേഖലയിൽ പണിയെടുക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ഇന്നത്തെ ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും വളരെ ചുരുക്കി അവതരിപ്പിക്കണം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, വളരെ ചുരുക്കിപ്പറയാം. അനുബന്ധ മേഖലയിലെ തൊഴിലെന്ന് പറയുന്നതിൽ ഒന്ന് പീലിംഗാണ്. അത് വളരെ വിദഗ്ദ്ധമായി ചെയ്യേണ്ട ഒരു തൊഴിലാണ്. ചെമ്മീൻ കിള്ളുക എന്നാണ് ഞങ്ങളുടെ നാട്ടിൽ പറയുന്നത്. അത് കൃത്യമായി കിള്ളി തൂക്കം കുറയാതെ എടുക്കുന്നത് വളരെ വൈദഗ്ദ്ധ്യമേറിയൊരു തൊഴിലാണ്. അതുപോലെ കൂന്തൽ ക്ലീൻ ചെയ്യുമ്പോൾ അതിന്റെ മഷി മാംസത്തിൽ പിടിക്കാതിരിക്കാനുള്ള വൈദഗ്ദ്ധ്യമുണ്ടാകണം. അത്തരത്തിൽ വിദഗ്ദ്ധമായ തൊഴിലാണ് ഈ രംഗത്തുള്ള തൊഴിലാളികൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. കൊല്ലം ജില്ലയിലും ആലപ്പുഴ ജില്ലയുടെ വടക്കൻ മേഖലയിലും എറണാകുളം ജില്ലയിലെ തീരപ്രദേശങ്ങളിലുമൊക്കെയാണ് ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ ജീവിക്കുന്നത്. വളരെ ദുരിതപൂർണ്ണമായ സാഹചര്യങ്ങളിലാണ് അനുബന്ധമേഖലയിലെ തൊഴിലാളികൾ പണിയെടുക്കുന്നത്. അവർക്ക് കൃത്യമായ സേവന-വേതന വ്യവസ്ഥകളൊന്നുമില്ല. കൃത്യമായ തൊഴിൽ എപ്പോൾ ലഭിക്കുമെന്ന് ഉറപ്പില്ല. ചരക്ക് വന്ന് അത് ഇടനിലക്കാരൻ വാങ്ങി, പീൽ ചെയ്യാൻ പീലിംഗ് ഷെഡ്ഡിൽ എത്തിക്കുമ്പോൾ മാത്രമാണ് അവർക്ക് ജോലി ലഭിക്കുന്നത്. ലഭിക്കുന്ന ജോലി കൃത്യസമയത്തിന് ചെയ്ത് തീർക്കണം. അത് ചിലപ്പോൾ രാവിലെ മുതൽ പാതിരാത്രിവരെയാകാം അല്ലെങ്കിൽ പിറ്റേന്നുവരെയാകാം. ഈ മത്സ്യം ചീത്തയാകുന്നതിനുമുമ്പുതന്നെ നന്നാക്കിയെടുത്തുകൊടുക്കുക എന്നുള്ളതാണ് തൊഴിൽ. വളരെ മോശപ്പെട്ട സാഹചര്യമാണ്. ഈ ജോലി കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സമൂഹം വളരെ മോശമായാണ് കാണുന്നത്. ദുർഗന്ധംമൂലം ഇവരുടെ അടുത്തേയ്ക്കൊന്നും ആരും വരില്ല. അത്തരത്തിൽ ജോലി ചെയ്യുന്ന, അനുബന്ധ മേഖലയിലെ പ്രധാനപ്പെട്ട തൊഴിലാളികളാണ് പീലിംഗ് തൊഴിലാളികൾ.

രണ്ടാമത്, മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുണ്ട്. മൈനസ് 20-22 ഡിഗ്രിവരെ തണുപ്പുള്ള ഫ്രീസിംഗ് പ്ലാന്റിനകത്ത് പണിയെടുക്കുന്ന തൊഴിലാളികളുണ്ട്. ഇപ്പോൾ കണ്ടുവരുന്നൊരു പ്രത്യേകത, കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ സമുദ്രോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങളിലെ ഫ്രീസിംഗ് പ്ലാന്റുകളിലും പണിയെടുക്കുന്നത് ഇതരസംസ്ഥാന തൊഴിലാളികളാണ്. അവരെ വല്ലാതെ ചൂഷണം ചെയ്യുകയാണ്. ഓരോ ആറ് മാസം കൂടുമ്പോഴും ഇതര സംസ്ഥാനങ്ങളിൽനിന്ന് 40-ഉം 50-ഉം ആളുകളെ കങ്കാണിമാർ കൊണ്ടുവന്ന് ഭക്ഷണം നൽകി കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. ചിലയിടങ്ങളിൽ അമോണിയ ലീക്കുണ്ടായി അപകടമരണമുണ്ടാകുന്ന സാഹചര്യം

വരെ ഉണ്ടായിട്ടുണ്ട്. പീലിംഗ് തൊഴിലാളികളെപ്പോലെതന്നെ ദുരിതം അനുഭവിക്കുന്നവരാണ് ഫ്രീസിംഗ് പ്ലാന്റിലും ഐസ് പ്ലാന്റിലും പണിയെടുക്കുന്ന തൊഴിലാളികൾ. ഐസ് ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവ് ആ രംഗത്ത് നേരിടുന്നുണ്ട്. ഇന്ന് ഏറ്റവും പ്രധാനപ്പെട്ടത്, നമ്മുടെ സ്ഥാപിതശേഷി ഉപയോഗിക്കാൻ സമുദ്രോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങൾക്ക് കഴിയാതെവരുന്നു എന്നുള്ളതാണ്. അതിനുള്ള കാരണം മത്സ്യ ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവാണ്. പിന്നീട് അത് നികത്തുന്നത്, ഇതര സംസ്ഥാനങ്ങളിൽനിന്നും രാജ്യത്തിനുപുറത്തുനിന്നും മത്സ്യം ഇറക്കുമതി ചെയ്ത്, ഇവിടെ പീലിംഗ് ചെയ്ത്, സംസ്കരിച്ചെടുത്ത് വീണ്ടും അത് കയറ്റുമതി ചെയ്താണ്. അങ്ങനെ ഇത് കയറ്റുമതി ചെയ്യുന്നതിന്റെ ഫലമായാണ് ഇന്നുള്ള തൊഴിലെങ്കിലും നിലനിന്നുപോകുന്നത്. കേരളം മത്സ്യോൽപ്പാദനത്തിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് രണ്ടാം സ്ഥാനത്ത് ആയിരുന്നെങ്കിൽ 2014-15 ആയപ്പോൾ അഞ്ചാം സ്ഥാനത്തേയ്ക്ക് മാറി. അതിനുള്ള കാരണം, ആന്ധ്രാ പ്രദേശ് പോലുള്ള സംസ്ഥാനങ്ങൾ മത്സ്യോൽപ്പാദനത്തിൽ വലിയ വർദ്ധനവുണ്ടാക്കിയതാണ്. ഉൽപ്പാദനത്തിലെ വർദ്ധനവെന്ന് പറയുമ്പോൾ, അതിന്റെ 65 ശതമാനവും ഇന്ത്യക്കകത്തുള്ള മത്സ്യ കൃഷിയിൽനിന്നുമാണുണ്ടാകുന്നത്. കടൽ മത്സ്യോൽപ്പാദനം കുറയുകയും മത്സ്യകൃഷിയിലൂടെയുള്ള ഉൽപ്പാദനം കൂടുകയുമാണ്. എന്നാൽ കേരളത്തിൽ കാണുന്നൊരു പ്രത്യേകത, കേരളത്തിലെ ഭൂരിപക്ഷം മത്സ്യങ്ങളും ഉൾനാടൻ കായലുകളിൽ നിന്നും കടലിൽനിന്നും പിടിക്കുന്നതാണ്. കൃഷിയിൽനിന്നുള്ള ഉൽപ്പാദനമെന്ന് പറയുന്നത് വളരെ കുറവാണ്. കൃഷിയിലൂടെയുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ തീരദേശ മേഖലയിൽ വനാമി ചെമ്മീൻ അടക്കമുള്ളവ കൂടുതലായി കൃഷി ചെയ്യണം. അങ്ങനെ കൃഷി ചെയ്താൽ പീലിംഗ് തൊഴിലാളികൾക്കടക്കം കൂടുതൽ ജോലി കിട്ടുകയും അവരുടെ കുടുംബം പുലർത്താൻ കഴിയുകയും ചെയ്യും. വളരെ ദുരിതപൂർണ്ണമായ സാഹചര്യത്തിൽ ജീവിക്കുന്ന ഈ തൊഴിലാളികൾക്ക് ക്ഷേമപ്രവർത്തനങ്ങൾ കൊണ്ടുവരാനും കഴിയും. മത്സ്യസംസ്കരണ മേഖലയിൽ 4,644 കോടി രൂപയാണ് കേരളം ഒരു വർഷം നേടിയിട്ടുള്ളത്. ആ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കേരളത്തിൽ 10.47 ലക്ഷം മത്സ്യത്തൊഴിലാളികളും 77,694 അനുബന്ധത്തൊഴിലാളികളും മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്നു. മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്ത അനുബന്ധ തൊഴിലാളികൾ, ബീച്ച് വർക്കർമാർ-4081, ചെറുകിട മത്സ്യ വിതരണക്കാർ - 22567, മത്സ്യം ഉണക്കുന്നവർ - 17944, പീലിംഗ് വർക്കേഴ്സ് - 33102 എന്നിങ്ങനെ പ്രധാനമായും നാലു വിഭാഗങ്ങളാണുള്ളത്. അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന 77694 പേരിൽ 61495 പേർ വനിതകളാണ്. കാലാവസ്ഥാ വ്യതിയാനവും അമിത

മത്സ്യചൂഷണവും ചെറുമീനുകളുടെ നശീകരണവുംമൂലം മത്സ്യബന്ധന മേഖല ഏറെ പ്രശ്നങ്ങൾ നേരിടുകയാണ്. ഇത് മത്സ്യ ഉൽപ്പാദനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന അനുബന്ധ മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ചെറുതല്ല. ആദിവാസികൾ കഴിഞ്ഞാൽ പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ പിന്നിൽ നിൽക്കുന്ന സമൂഹമാണ് ഇവർ. സ്വന്തമായി ഭൂമി, പട്ടയം, കുടിവെള്ളം, ശുചിമുറി എന്നിവയില്ലാത്ത വിഭാഗം. അതോടൊപ്പം നിരക്ഷരതയും മതിയായ വിദ്യാഭ്യാസവുമില്ലാത്തതിനാൽ ഏതൊരു തൊഴിൽ മേഖലയേയുംപോലെ ഏറെ ചൂഷണം അനുഭവിക്കുന്ന മേഖലയാണ് മത്സ്യ അനുബന്ധ മേഖലയും. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ ഏറിയപങ്കും സ്ത്രീകൾ കൂടിയാകുമ്പോൾ പ്രശ്നങ്ങളുടെ തീവ്രത വർദ്ധിക്കുന്നു. തൊഴിലിടങ്ങളിലെ തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നില്ല. ഇതുമൂലം ആരോഗ്യപ്രശ്നങ്ങൾ വർദ്ധിക്കുന്നു. ഇവരിൽ ഭൂരിഭാഗത്തിന്റെയും പാർപ്പിടങ്ങൾ വാസയോഗ്യമല്ലാത്തതും കടലാക്രമണ ഭീഷണി നേരിടുന്നവയുമാണ്. ആയിരക്കണക്കിന് സ്ത്രീകൾ മത്സ്യ സംസ്കരണ മേഖലയിലും പീലിംഗ് രംഗത്തും പണിയെടുക്കുന്നു. ഇവരുടെ അദ്ധ്വാനത്തിന്റെ ഫലംകൊണ്ട് വൻകിട കമ്പനികൾ കയറ്റുമതിയിലൂടെ ലാഭം നേടുമ്പോഴും ഇവർ 12 മുതൽ 15 മണിക്കൂർ വരെയാണ് പണിയെടുക്കേണ്ടി വരുന്നത്. ചെമ്മീൻ അളന്നു നൽകുന്നതിലും വൃത്തിയാക്കി തിരിച്ചെടുക്കുന്നതിലും കൃത്യത പാലിക്കാറില്ല. വൃത്തിഹീനമായ സാഹചര്യത്തിലാണ് പലപ്പോഴും ജോലി ചെയ്യേണ്ടിവരുന്നത്. ഈ പ്രശ്നങ്ങളെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. അതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. സമയപരിമിതിയുള്ളതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ചില്ലറ വിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിപക്ഷംപേർക്കും തൊഴിലിനാവശ്യമായ പണം കണ്ടെത്താൻ കഴിയുന്നില്ല. ജാമ്യം നൽകാൻ ഒന്നുമില്ലാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങൾ വായ്പകളും നൽകുന്നില്ല. തന്മൂലം ഇവർക്ക് കൊള്ളപ്പലിശയ്ക്ക് പണം കടമെടുക്കേണ്ടിവരുന്നു. മത്സ്യ അനുബന്ധ മേഖലയിൽ പണിയെടുക്കുന്ന ഇത്തരം ജനവിഭാഗങ്ങളുടെ ദുരിതമകറ്റുന്നതിനുതകുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എല്ലാവർക്കും മിനിമം വേജസ് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മിനിമം വേജസ് നിയമാനുസൃതമാക്കാത്ത സ്ഥലങ്ങളിൽ തൊഴിൽ വകുപ്പുമായി ചേർന്ന് മിനിമം വേജസും ജോലിസ്ഥിരതയും ഉറപ്പാക്കുന്നതിന് നടപടിയെടുത്തുവരുന്നു. സ്ത്രീ സൗഹൃദ മാർക്കറ്റുകൾ ആരംഭിക്കുന്നതിനും നടപടിയെടുക്കുന്നതാണ്. മത്സ്യഫെഡുമായിച്ചേർന്ന് ഹാർബറുകളിൽനിന്ന് മത്സ്യം നേരിട്ട് മത്സ്യമാർക്കറ്റുകളിൽ എത്തിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. വിൽപ്പനയ്ക്കുശേഷം ബാക്കിവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മാർക്കറ്റുകളിൽ ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും മുന്തിയ പരിഗണന നൽകും. ഹാർബറുകളിൽനിന്നും ശീതീകരിച്ച വാനുകളിൽ മാർക്കറ്റുകളിൽ മത്സ്യം

എത്തിക്കുന്നത് വ്യാപകമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. മത്സ്യ വിൽപ്പനക്കാരായ അനുബന്ധ തൊഴിലാളികൾക്ക് മത്സ്യവിപണനത്തിന് ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ബാക്കിവരുന്ന മത്സ്യങ്ങൾ സൂക്ഷിക്കാൻ ഫിഷ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും നടപടിയെടുത്തുവരുന്നു. അനുബന്ധ തൊഴിലാളികളുടെ അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 2017 ഡിസംബർ മുതൽ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായും അനുബന്ധത്തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ 600 രൂപയിൽനിന്നും 1100 രൂപയായും വർദ്ധിപ്പിച്ചു. പീലിംഗ് തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായും എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരികയാണ്. ഫിഷറീസ് ഡയറക്ടർ അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ യോഗം ചേർന്ന് നടപടി കൈക്കൊണ്ടുവരുന്നു. അനുബന്ധ തൊഴിലാളികൾ മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകുന്ന ധനസഹായം കൂടാതെ മത്സ്യബോർഡ് താഴെപ്പറയുന്ന ധനസഹായങ്ങൾ മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് നൽകിവരുന്നു. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, രോഗ ചികിത്സാ സഹായം, അനുബന്ധ തോഴിലാളികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, കുടുംബ സഹായ പദ്ധതി, ബോർഡിന്റെ പ്രത്യേക സഹായം, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി. ചുരുക്കിപ്പറഞ്ഞാൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അനുബന്ധ തൊഴിലാളികൾക്കും ഉറപ്പാക്കുന്നതിന് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, വനാമി ചെമ്മീനുൾപ്പെടെ ഉൽപ്പാദിപ്പിച്ച് മത്സ്യ കൃഷി വ്യാപിപ്പിക്കാൻ തീരദേശ മേഖലയിൽ പ്രത്യേകമായൊരു നയം ആവിഷ്കരിക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഞാൻ അക്കാര്യം മറുപടിയിൽ പറഞ്ഞിരുന്നു. പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് അറുപത്തി എട്ടായിരത്തിലേറെ ഹെക്ടർ ജലാശയങ്ങളുണ്ട്. അതിൽ 6000 ഹെക്ടർ ജലാശയങ്ങൾ മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളൂ. കൂടാതെ കുളങ്ങളും ജലാശയങ്ങളും ധാരാളമായുണ്ട്. രണ്ടുമൂന്ന് വർഷത്തിനുള്ളിൽ അക്വാ കൾച്ചർ 80000 ടൺ ആയി വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വനാമി ചെമ്മീൻ സീറോ വാട്ടറിലാണ് ഉൽപ്പാദിപ്പിക്കേണ്ടതെങ്കിലും അതുൾപ്പെടെ ഈ വർഷം ഉൽപ്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചുവരികയാണ്.

(2) ഡാറ്റാ ബാങ്കും പാരിസ്ഥിതികാവസ്ഥ സംബന്ധിച്ച ധവളപത്രവും

ശ്രീ. വി. ടി. ബൽറാം: സർ, 'A White paper will be issued within six months after the advent of power about the present status of environment. All the anti-environment and anti people orders will be re-examined.

As stipulated in the Kerala Conservation of Paddy and Wet Land Act, data banks will be created and published within six months with the help of satellite mapping facility.' അധികാരമേറ്റ് ഒരു വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷ പരിപാടികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാർ പ്രകടന പത്രികയിലൂടെ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിലെ 71, 72 ഖണ്ഡികകളാണ് ഞാൻ വായിച്ചത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ സമഗ്രമായ ധവളപത്രം 6 മാസത്തിനകം പുറപ്പെടുവിക്കുമെന്നാണ് ഈ സർക്കാർ അധികാരമേറ്റെടുക്കുന്ന അവസരത്തിലും അതിനുമുമ്പ് തെരഞ്ഞെടുപ്പ് വേളയിലും പ്രഖ്യാപിച്ചിരുന്നത്. ഒരു വർഷം തികയുന്ന ഈ സാഹചര്യത്തിലും അക്കാര്യത്തിൽ കൃത്യമായ റിസൾട്ടുണ്ടായിട്ടില്ല എന്നതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മാർച്ച് മാസം 14-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്, പരിസ്ഥിതി ധവളപത്രം തയ്യാറായി, അത് ഉടൻ പ്രസിദ്ധീകരിക്കുമെന്നാണ്. മാർച്ച് മാസം 15-ാം തീയതിയിലെ ദേശാഭിമാനി ദിനപ്പത്രത്തിലുൾപ്പെടെ അത് വലിയ രീതിയിൽ വാർത്തയായി വരികയും ചെയ്തു. ഇപ്പോൾ രണ്ടരമാസം കഴിയുകയാണ്, ഇപ്പോഴും ആ കരട് ധവളപത്രം എന്തായി എന്നോ അത് എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നോ ഉള്ള അവ്യക്തത നിലനിൽക്കുകയാണ്. ഈ ധവളപത്രത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുതന്നെ വലിയ ആക്ഷേപമോ സംശയങ്ങളോ നിലനിൽക്കുകയാണ്. കാരണം ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ പഠനമോ വിവിധ വകുപ്പുകൾ തമ്മിലുള്ള ആശയവിനിമയമോ നടന്നിട്ടില്ല എന്നതാണ് പ്രാഥമികമായി മനസ്സിലാക്കുന്നത്. പഞ്ചായത്തുകളുമായോ എം.എൽ.എ.-മാരുമായോ ബന്ധപ്പെട്ട് ഓരോ പ്രദേശത്തിന്റെയും സാഹചര്യം എന്തൊക്കെയാണ്; ഓരോ പ്രദേശത്തെയും പാരിസ്ഥിതികമായ പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നറിയുകയോ പഠിക്കുകയോ ചെയ്തതായി നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഈ പരിസ്ഥിതി ധവളപത്രത്തിന്റെ കരട് എത്രയുംവേഗം പ്രസിദ്ധീകരിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾക്ക് തുടക്കം കുറിക്കാനും അന്തിമ ധവളപത്രം എത്രയും പെട്ടെന്ന് പുറത്തുകൊണ്ടുവരാനും സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുതന്നെയാണ് 72-ാം ഖണ്ഡികയിൽ സൂചിപ്പിച്ച നെൽവയൽ ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ടുള്ളതും. ഉപഗ്രഹ ചിത്രത്തോടുകൂടിയുള്ളത് 6 മാസത്തിനകം പുറത്തുകൊണ്ടുവരുമെന്നാണ്

പറഞ്ഞിട്ടുള്ളത്. അതിനുവേണ്ടി ബജറ്റിൽ ചെറിയ തുക നീക്കിവയ്ക്കുകയും ചെയ്തു. Kerala State Remote Sensing and Environment Centre-നെ തുക ഏൽപ്പിച്ചിട്ടുണ്ടെന്നും മാർച്ച് മാസത്തിൽ ധവളപത്രം പുറത്തുവരുമെന്നും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 2016 ഡിസംബർ 2-ന് നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ ഇതുവരെ ആ നിലയിലുള്ള നീക്കമൊന്നുമുണ്ടായിട്ടില്ല. ആദ്യം എറണാകുളത്തെ മരട് പഞ്ചായത്തും തിരുവനന്തപുരത്തെ കഴക്കൂട്ടം പഞ്ചായത്തുമാണ് നിശ്ചയിച്ചിരുന്നത്. പിന്നീട് അത് ആറ്റിപ്രയും വേങ്ങൂരുമാക്കി മാറ്റി. 5 കോടി രൂപയുടെ പ്രവർത്തനം നടത്തിയെന്നതല്ലാതെ കേരളത്തിലെ 960-ഓളം പഞ്ചായത്തുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ഏകദേശം 30 കോടിയോളം രൂപ മാത്രമാണ് ഇതിന് ചെലവ് വരുന്നതെന്നാണ് അറിയാൻ സാധിക്കുന്നത്. അതുപോലെ ഇതേ പ്രകടനപത്രികയിലെ 77-ാം ഖണ്ഡികയിൽ മൈനിംഗ് പോളിസിയുമായി ബന്ധപ്പെട്ടുള്ള ചില സൂചനകളുണ്ട്. ഇത് പൊതുമേഖലയിലേയ്ക്ക് കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുണ്ട്. 2017 ഏപ്രിൽ മാസം 25-ാം തീയതി മുക്കുന്നിമലയുമായി ബന്ധപ്പെട്ട ഹൈക്കോടതിയുടെ ഒരു വിധിയുണ്ട്. This Court is of the opinion that the time has probably come for the State government to reconsider its policy with regard to grant of mining or quarrying leases and permits. ഇക്കാര്യത്തിൽ സർക്കാർ നോക്കുകുത്തിയായി നിൽക്കരുത്, ഇപ്പോഴുള്ള രീതിയിൽ മൈനിംഗ് പ്ലാൻ ബന്ധപ്പെട്ട കക്ഷികൾ സമർപ്പിക്കുമ്പോൾ അതിനടിയിൽ ഒപ്പിട്ടുകൊടുക്കുന്ന രീതി മാറണം, ഒരു പ്രാക്ടിക്കൽ അപ്രോച്ച് ഗവൺമെന്റ് സ്വീകരിക്കണം. Doctrine of public trust ഉൾപ്പെടെയുള്ള ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തണമെന്നുള്ള കോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ കാര്യംകൂടി ബന്ധപ്പെടുത്തി സമഗ്രമായുള്ള പരിസ്ഥിതി നയം രൂപീകരിക്കാനും കേരളത്തിന്റെ ഇന്നത്തെ പാരിസ്ഥിതികമായുള്ള തകർച്ചയെക്കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാനും നെൽവയൽ ഡാറ്റാ ബാങ്കുൾപ്പെടെയുള്ള കാര്യങ്ങളിൽ കൃത്യത വരുത്തി അത് എത്രയും പെട്ടെന്ന് പുറത്തുകൊണ്ടുവരാനും സർക്കാർ തയ്യാറാകണം. അതോടൊപ്പം കാർഡമം ഹിൽ റിസർവ് ഉൾപ്പെടെ റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനുള്ള ചില നയവ്യതിയാനങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അക്കാര്യത്തിലും ഇടപെട്ട് നാടിന്റെ പരിസ്ഥിതി സംരക്ഷിക്കണം. വലിയ രീതിയിലുള്ള വരൾച്ചയെയും വേനലിനെയും കാലാവസ്ഥാ വ്യതിയാനത്തെയും കേരളം അഭിമുഖീകരിക്കുമ്പോൾ പശ്ചിമഘട്ടമുൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷിക്കുക എന്ന അതീവ പ്രാധാന്യത്തോടെയുള്ള അജണ്ട ഈ സർക്കാർ ഏറ്റെടുക്കുമോ? ഹരിത കേരളംപോലുള്ള പദ്ധതികൾ നാമമാത്രമായി ഒരു ഭാഗത്ത് പ്രഖ്യാപിച്ച് മുന്നോട്ടുപോകുമ്പോൾ പ്രസക്തമായ ഇടപെടലുകൾ പലപ്പോഴും കാണാനില്ല എന്നുപറയുന്ന യാഥാർത്ഥ്യം നിലനിൽക്കുന്ന

സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തരമായ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് സർക്കാരിനെ സഹായിക്കുന്ന തരത്തിലുള്ള ശ്രദ്ധ ക്ഷണിക്കലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസിദ്ധീകരിച്ച പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത് നടപ്പാക്കുന്നതിൽ കാലതാമസം വരുന്നത് ഓർമ്മപ്പെടുത്തുന്നത് വളരെ സഹായകരമായ കാര്യമാണ്. അതിലൊന്നാണ് ഇവിടെ പറഞ്ഞ പരിസ്ഥിതി സംബന്ധിച്ച ധവളപത്രത്തിന്റെ കാര്യം. ആ ധവളപത്രത്തിന്റെ കരട് തയ്യാറായിട്ടുണ്ട് എന്നത് വസ്തുതയാണ്. അത് പ്രസിദ്ധീകരിക്കത്തക്ക അവസ്ഥയിലെത്തിയിട്ടുണ്ട്; കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്ന അവസ്ഥയുണ്ടാകും. 2008-ൽ പ്രാബല്യത്തിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതാണ്. ഇതനുസരിച്ച് പ്രാദേശികതല നിരീക്ഷണ സമിതിയാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും ഉൾപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച സർവേ നമ്പറുകളും വിസ്തൃതിയും ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്ക് തയ്യാറാക്കിയത്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നിയമത്തിൽ വിവക്ഷിക്കുംപ്രകാരം ഉപഗ്രഹ ചിത്രത്തെ അടിസ്ഥാനപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുപകരം ഭൗതിക പരിശോധനയുടെയും റവന്യൂ രേഖകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. ഇത് ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ വിശകലനം ചെയ്ത് അപാകതകൾ നീക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനും ഉതകുംവിധമുള്ള രേഖകൾ തയ്യാറാക്കുന്നതിന് കേരള സംസ്ഥാന വിദൂര സംവേദന സാങ്കേതിക പരിസ്ഥിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക പാരിസ്ഥിതികാവസ്ഥ കണക്കിലെടുത്ത് ആരോഗ്യമുള്ള ജനതയെയും പരിസ്ഥിതിയെയും സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ നിലവിലുള്ള പാരിസ്ഥിതികാവസ്ഥ, പാരിസ്ഥിതിക പ്രാധാന്യം എന്നിവ നേരിടുന്നതിനും വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗത്തിനും പരിപാലനത്തിനുമായുള്ള പദ്ധതികൾ, ജനങ്ങളും പരിസ്ഥിതിയുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം ഇവ ഉൾപ്പെടുത്തിയാണ് നേരത്തെ പ്രസ്താവിച്ച പരിസ്ഥിതിയെ സംബന്ധിച്ചുള്ള ധവളപത്രത്തിന്റെ കരടുരൂപം തയ്യാറാക്കിയിട്ടുള്ളത്. സുസ്ഥിര വികസനമെന്ന സർക്കാരിന്റെ ലക്ഷ്യം യാഥാർത്ഥ്യമാക്കണമെങ്കിൽ കൂട്ടായ പ്രയത്നം അനിവാര്യമാണ്. പാരിസ്ഥിതിക പ്രശ്നങ്ങളെന്ന വെല്ലുവിളിയെ നേരിടുന്നതിനും പ്രകൃതിയും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശാക്തീകരിക്കുന്നതിനും അതിലൂടെ ഹരിത കേരളമെന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുമാണ് ഈ ധവളപത്രത്തിലൂടെ ഉദ്ദേശിക്കുന്നത്. പൊതുമേഖലയിൽ

മൈനിംഗ് നടത്തണമെന്നതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതുമായി ബന്ധപ്പെട്ട ചില ചർച്ചകൾ നടന്നുകഴിഞ്ഞു. ഹരിത കേരളം മിഷൻ എന്നത് ഒരു നാമമാത്രമായ പരിപാടിയല്ല. നമ്മുടെ നാടിനെ വലിയ രീതിയിൽ മാറ്റിത്തീർക്കുന്നതിനുതകുന്ന ഒരു പരിപാടിയാണ്. അത് ഗൗരവമായിത്തന്നെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം എനിക്ക് ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, നദികളുടെ അവസ്ഥയും വളരെ പരിതാപകരമാണെന്നുള്ളതാണ്. നദികളുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുണ്ട്. നദികളിലെ മണൽ റവന്യൂ വകുപ്പിനും ജലം ജലവിഭവ വകുപ്പിനും അവകാശപ്പെട്ടതാണ്. കെ.എസ്.ഇ.ബി.-ക്കും പഞ്ചായത്തുകൾക്കും അതിൽ അവകാശമുണ്ട്. നിരവധി വകുപ്പുകളാണ് നദികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. എന്നാൽ ഉത്തരവാദിത്വത്തിന്റെ കാര്യം വരുമ്പോൾ ഇവരെല്ലാം ഒഴിഞ്ഞുമാറുകയാണ്. അതുകൊണ്ട് നദികളുടെ സമഗ്രമായ സംരക്ഷണത്തിനുവേണ്ടി വൃഷ്ടിപ്രദേശം മുതൽ അഴിമുഖം വരെയുള്ള നദീതടം സമഗ്രമായി കണ്ടുകൊണ്ട് അതിന്റെ സംരക്ഷണം ഉറപ്പുവരുത്താൻ ജുഡീഷ്യൽ അധികാരമുള്ള River Basin Authority രൂപീകരിക്കണമെന്നുള്ളത് കാലങ്ങളായി നിലനിൽക്കുന്ന ആവശ്യമാണ്. ഈ സർക്കാർ അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; ആ നിലയിൽ ജുഡീഷ്യൽ അധികാരമുള്ള റിവർ ബേസിൻ അതോറിറ്റി രൂപീകരണം ഉടനുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നദികളെ സംരക്ഷിക്കുകയെന്നുള്ളത് ഒഴിച്ചുകൂടാനാകാത്ത കാര്യമാണ്. അതിനുതകുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശങ്ങളടക്കം പരിഗണിക്കുകയും ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

## V സബ്മിഷൻ

### (1) ജിഷ്ണു പ്രണോയിയുടെ ബന്ധുക്കളുടെ നിരാഹാര സമരം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സമീപകാലത്ത് കേരളം കണ്ട ഏറ്റവും വലിയ സഹനസമരമായിരുന്നു ജിഷ്ണു പ്രണോയിയുടെ അമ്മ ശ്രീമതി മഹിജ നടത്തിയ സമരം. കേരളം ഒറ്റക്കെട്ടായി ആ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയുണ്ടായി. ആ അമ്മ മെഡിക്കൽ കോളേജിൽ അഞ്ച് ദിവസത്തെ നിരാഹാര സമരമാണ് നടത്തിയത്. അതേസമയം അവരുടെ മകൾ അവിഷ്ണ സ്വന്തം വീട്ടിൽ നിരാഹാര സമരം നടത്തി. കേരളം ഏറ്റുവാങ്ങിയ സമരമായിരുന്നു അത്. മകൻ നഷ്ടപ്പെട്ട വേദനയിൽ ഒരമ്മ നടത്തിയ

സമരവും അതിനോട് പോലീസ് നടത്തിയ കിരാതമായ നടപടികളും കേരളം മുഴുവൻ കണ്ടതാണ്. ആ സമരത്തിന്റെ ഒരു ഘട്ടത്തിൽ സമരം കൂടുതൽ ആളിക്കത്തുമെന്ന് കണ്ടുകൊണ്ട് അഡ്വ. സി. പി. ഉദയഭാനുവും സ്റ്റേറ്റ് അറ്റോർണി ജനറൽ ശ്രീ. കെ. വി. സോഹനും ഇടപെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിപ്പിച്ച് 10 വ്യവസ്ഥകളടങ്ങുന്ന ഒരു കരാർ ഒപ്പിട്ടുവെന്നാണ് മാധ്യമങ്ങളിൽ നിന്ന് മനസ്സിലായത്. 10 കൽപ്പനപോലെ 10 നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ അടങ്ങുന്ന കരാറിന്റെ കോപ്പി ആ കുടുംബത്തിന് ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ് ശ്രീജിത്തും മഹിജയും പറയുന്നത്. കരാറിൽ പറഞ്ഞിട്ടുള്ള 10 നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ എന്തുകൊണ്ടാണ് സർക്കാർ ഇതുവരെ പാലിക്കാത്തത്? 17-5-2017-ൽ ശ്രീ. ഷാഫി പറമ്പിലിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി, ജിഷ്ണു പ്രണോയിയുടെ കേസന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽ വീഴ്ചകളൊന്നും കണ്ടെത്തിയില്ലെന്നാണ്. ജിഷ്ണുവിന്റെ ശരീരത്തിലെ മർദ്ദനപ്പാടുകൾ എഫ്.ഐ.ആർ.-ൽ പോലീസ് രേഖപ്പെടുത്താതിരുന്നത്, ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടും ഫോറൻസിക് സർജനെക്കൊണ്ട് മൃതദേഹം പരിശോധിപ്പിക്കാതിരുന്നത്, ഇടിമുറി എന്ന പേരിലുള്ള മുറിയിൽ രക്തക്കറ കണ്ടത് ശ്രദ്ധിക്കാതിരുന്നത്, കുളിമുറിയിലെ രക്തക്കറ കഴുകി മാറ്റിയതിൽ അന്വേഷണം നടത്താതിരുന്നത് ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങളിൽ വീഴ്ച വന്നത് പുറത്തുവന്ന കാര്യമാണ്. എന്നിട്ടും അന്വേഷണത്തിൽ ഒരു വീഴ്ചയുമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ മറുപടി നൽകിയത്. അന്ന് ശ്രീമതി മഹിജയെ പോലീസ് വലിച്ചിഴയ്ക്കുന്നതും ദേഹോപദ്രവം ഏൽപ്പിക്കുന്നതും കേരളം മുഴുവൻ ചാനലുകളിലൂടെ ലൈവായി കണ്ടതാണ്. ഇത്രയും കരളലിയിപ്പിക്കുന്ന ഒരു സംഭവമുണ്ടായതിനുശേഷം 10 വ്യവസ്ഥകളുണ്ടാക്കി ഒത്തുതീർപ്പുണ്ടാക്കിയിട്ടും അതിന്റെ ഒരു കോപ്പിപോലും ആ കുടുംബത്തിന് നൽകാതിരിക്കുകയാണ് ചെയ്തത്. ഈ സംഭവവുമായി ബന്ധപ്പെട്ട് ഒരു നടപടിയും സർക്കാർ ഇതുവരെ എടുത്തില്ലെന്നുള്ളതു കൊണ്ടാണ് അവർ നാളെ വീണ്ടും ഡി.ജി.പി.-യെ കാണാൻ വരുന്നത്. ഡി.ജി.പി.-യിൽ നിന്ന് നീതി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ആ കുടുംബം വരുന്നത്. "പച്ചമരത്തോട് ഇങ്ങനെയാണെങ്കിൽ ഉണക്കമരത്തോട് നിങ്ങൾ എന്തൊക്കെ ചെയ്യില്ല" എന്ന് ലൂക്കാ: അദ്ധ്യായം 23: വാചകം 31 ആയി ബൈബിളിലുണ്ട്. പച്ചമരത്തോട് ചെയ്തത് കേരളം കണ്ടതാണ്. ഒരു കമ്മ്യൂണിസ്റ്റ് കുടുംബത്തോട് ഇതാണ് ചെയ്തതെങ്കിൽ മറ്റുള്ളവരുടെ സ്ഥിതി എന്താകും? 10 കൽപ്പനപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫോണിൽ സംസാരിച്ച് തയ്യാറാക്കിയ കരാറിന്റെ പകർപ്പ് നൽകിയില്ലെന്നു മാത്രമല്ല, ആ കരാർ നടപ്പാക്കാത്തത് കേരളത്തിലെ ജനങ്ങളോട് ചെയ്ത അപരാധമായിത്തന്നെ ഞാൻ കണക്കാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിലൂടെ കേരളത്തിലെ ജനങ്ങളെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജിഷ്ണു പ്രണോയിയുടെ അമ്മ ശ്രീമതി മഹിജ നിരാഹാര സമരം നടത്തിയിരുന്ന ഘട്ടത്തിലാണ് അവരുടെ ബന്ധുക്കളുമായി സ്റ്റേറ്റ് അറ്റോർണി ജനറൽ ശ്രീ. കെ. വി. സോഹനും ജിഷ്ണു കേസിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. സി. പി. ഉദയഭാനുവും സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടിയാലോചന നടത്തി ചില ധാരണകളിലെത്തുകയും അക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തത്. സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന ഇന്റേണൽ അസസ്സ്മെന്റ് തുടങ്ങി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് വൈസ് ചാൻസിലർമാർ മാത്രമടങ്ങുന്ന സമിതിയും ഭാവിയിൽ ജിഷ്ണുവിന് സംഭവിച്ചതുപോലുള്ള ദുരനുഭവം ഒരു വിദ്യാർത്ഥിക്കും ഉണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുള്ളതിനാൽ ഈ രംഗത്തെ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. കെ. ദിനേശന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. കേസന്വേഷണത്തിൽ പാളിച്ച സംഭവിച്ചിട്ടുണ്ടോയെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അപാകത കടന്നുകൂടിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതാണ്. നിലവിൽ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തെ വിപുലീകരിക്കും. ഇതെല്ലാം ചർച്ചയെത്തുടർന്ന് എടുത്ത തീരുമാനങ്ങളായിരുന്നു. ഇക്കാര്യങ്ങളിൽ സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ട നടപടികളെല്ലാം ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ ധാരണ അനുസരിച്ചാണ് ജിഷ്ണു പ്രണോയിയുടെ കുടുംബം നാളിതുവരെ സർക്കാരിനോട് സഹകരിക്കുകയും പോലീസ് അന്വേഷണത്തിൽ പൊതുവിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. ചർച്ചയിൽ നിന്നുണ്ടാക്കിയ ധാരണയിൽനിന്ന് സർക്കാരോ കുടുംബമോ ഒരു ഘട്ടത്തിലും പിന്നോട്ട് പോയിട്ടില്ല. ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്ന സംഭവങ്ങളിൽ ഉന്നതതല അന്വേഷണത്തിനായി എ.ഡി.ജി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച സർക്കാർ നിലപാട് സുവ്യക്തമാണ്. യാതൊരുവിധ ആശങ്കയ്ക്കും ഇടനൽകാതെ സർക്കാരിന്റെ നടപടി തുടരുകതന്നെ ചെയ്യും. ഇനിയും ഇത്തരം സഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉതകുംവിധം സർക്കാർ സജീവമായിത്തന്നെ പ്രശ്നത്തെ സമീപിക്കും. ഈ സംഭവത്തിൽ നീതി ഉറപ്പുവരുത്തുന്ന നടപടി സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവായതുകൊണ്ടാണ് സമയം കൂടുതൽ അനുവദിച്ചത്. നേരത്തെയുള്ള തീരുമാനപ്രകാരം ബാക്കി മെമ്പർമാർ ഒരു മിനിട്ടിനുള്ളിൽ സബ്മിഷൻ അവതരിപ്പിക്കണം.

## (2) കോസ്റ്റ് ഗാർഡ് അക്കാദമി

ശ്രീ. റ്റി. വി. രാജേഷ്: സർ, തീരദേശ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര സർക്കാർ കണ്ണൂർ ജില്ലയിലെ ഇരിണാവിൽ ഒരു കോസ്റ്റ് ഗാർഡ് അക്കാദമി സ്ഥാപിക്കുന്നതിനായി 2011 മേയ് 28-ാം തീയതി അന്നത്തെ പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി തറക്കല്ലിട്ടിരുന്നു. 30 വർഷം മുമ്പ് താപവൈദ്യുതി നിലയം പണിയുന്നതിനായി അവിടത്തെ കർഷകരിൽ നിന്ന് സർക്കാർ വില കൊടുത്ത് വാങ്ങിയതാണ് ആ സ്ഥലം. എന്നാൽ താപവൈദ്യുതി നിലയവുമായി ബന്ധപ്പെട്ട് ചില പ്രതിഷേധങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ ആ ഭൂമി പിന്നീട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്രയിലാണ് നിക്ഷിപ്തമായത്. കിൻഫ്രയാണ് കോസ്റ്റ് ഗാർഡ് അക്കാദമിക്കുവേണ്ടി കേന്ദ്ര പ്രതിരോധ വകുപ്പിന് 164 ഏക്കർ ഭൂമി കൈമാറിയത്. തറക്കല്ലിട്ടിട്ട് ഏതാണ്ട് 5 വർഷം പിന്നിട്ടെങ്കിലും അവിടെ അതുമായി ബന്ധപ്പെട്ട യാതൊരു പ്രവൃത്തികളും നടത്തിയില്ല. കുറച്ചുഭാഗത്തെ ചതുപ്പുനിലം മണ്ണിട്ടുയർത്തി ചുറ്റും കമ്പിവേലിയും ഒരു ഗേറ്റും ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാദമി എന്ന ബോർഡും സ്ഥാപിച്ച് കാവലിന് ഒരു സെക്യൂരിറ്റിയെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഏഷ്യയിലെ ഏറ്റവും വലിയ കോസ്റ്റ് ഗാർഡ് അക്കാദമിയായിരിക്കും ഇതെന്നാണ് തറക്കല്ലിടൽ ചടങ്ങിൽ അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി വ്യക്തമാക്കിയത്. കൂടാതെ സി.ഐ.എസ്.എഫ്., മറൈൻ പോലീസ്, സി.ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങൾക്കുള്ള പരിശീലനവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നു. കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ലെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് സംസ്ഥാന സർക്കാർ ആ ഭൂമി കേന്ദ്ര സർക്കാരിൽനിന്ന് തിരിച്ചെടുക്കാനും അവിടെ ഒരു പ്രോജക്ട് ആരംഭിക്കാനും നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ജില്ലയിലെ ഇരിണാവിൽ കിൻഫ്ര ഏറ്റെടുത്ത 164.22 ഏക്കർ ഭൂമി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള തീരദേശ സംരക്ഷണ സേനയ്ക്ക് അക്കാദമി സ്ഥാപിക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാദമി ഭൂമിയുടെ ലീസ് പ്രീമിയം തുക മുഴുവൻ അടയ്ക്കുകയും കോസ്റ്റ് ഗാർഡ് അക്കാദമിക്ക് തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേയ്ക്കുള്ള റോഡ് വീതികൂട്ടുന്നതിനും അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുമായി 0.8985 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയിൽനിന്നും പിൻമാറുന്നത് സംബന്ധിച്ച് കോസ്റ്റ് ഗാർഡിൽനിന്നും ഔദ്യോഗിക അറിയിപ്പൊന്നും സംസ്ഥന സർക്കാരിന് ലഭിച്ചിട്ടില്ല. ലീസ് പ്രീമിയം തുക മുഴുവൻ അടച്ചിട്ടുള്ള സ്ഥിതിക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി മേൽപ്പറഞ്ഞ പദ്ധതി തീരദേശ സംരക്ഷണ സേന നടപ്പാക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(3) കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. വി. ജോയി: സർ, വർക്കല നിയമസഭാ മണ്ഡലത്തിലെ നാവായിക്കുളം വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന നൈനാംകോണം കോളനിയിലെ പട്ടയപ്രശ്നമാണ് എന്റെ സബ്മിഷന് ആധാരമായിട്ടുള്ള വിഷയം. മൂന്ന് തലമുറകളായി അവിടെ നാനൂറോളം കുടുംബങ്ങൾ താമസിച്ചുവരികയാണ്. അവരുടെ പട്ടയ പ്രശ്നം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ 9-11-2016-ൽ ഒരു യോഗം വിളിക്കുകയും അതിനാവശ്യമായ കാര്യങ്ങൾ—ചെയ്യുന്നതിന് ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇവർക്ക് റേഷൻ കാർഡും വൈദ്യുതി കണക്ഷനുമുണ്ട്, മൂന്ന് തലമുറകളായി അവിടെ താമസിക്കുന്ന അവർ പട്ടയം ലഭിക്കാത്തതിന്റെ പേരിൽ വലിയ ദുരിതമാണ് അനുഭവിക്കുന്നത്. ആ പ്രവർത്തനങ്ങൾ അടിയന്തരമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് അങ്ങ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വർക്കല താലൂക്കിൽ നാവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിൽ താമസിക്കുന്ന നാനൂറിലധികം പേർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-11-2016-ൽ കൂടിയ യോഗ തീരുമാനത്തിന്റെ തുടർച്ചയായി ആ പ്രദേശം സർവ്വേ ഉദ്യോഗസ്ഥർ അളന്ന് തിട്ടപ്പെടുത്തുന്ന നടപടി 20-3-2017-ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. നൈനാംകോണം കോളനി പ്രദേശത്ത് 33 ഏക്കറോളം ഭൂമിയുണ്ട്. ശ്രീ. മുഹമ്മദ് ഹനീഫ എന്ന ആളിൽനിന്ന് ഏറ്റെടുക്കുന്നതിന് ഉത്തരവായ 12.91 ഏക്കർ സ്ഥലം നിലവിലുള്ള കൈവശക്കാരിൽനിന്നും അപേക്ഷ സ്വീകരിച്ച് ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പതിച്ചു നൽകുന്നതിനുള്ള നടപടികൾ താലൂക്ക് തലത്തിൽ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 20 ഏക്കറിലധികം ഭൂമിയുടെ അടിസ്ഥാന ആധാരങ്ങളിൽ ലഭ്യമായവ പരിശോധിച്ച് കരമടച്ച് നൽകാവുന്നതും അല്ലാത്തവയ്ക്ക് ലാൻഡ് ട്രിബ്യൂണൽവഴി പട്ടയം നൽകാവുന്നതുമാണ്. സർവേ നടപടികളുടെ തുടർച്ചയായി കൈവശക്കാരുടെ ലിസ്റ്റ് താലൂക്കുതലത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(4) ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ

ശ്രീ. എസ്. ശർമ്മ: സർ, കേരള സ്റ്റേറ്റ് ആശാ വർക്കേഴ്സ് ഫെഡറേഷൻ സി.ഐ.ടി.യു.-വിന്റെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ ഇന്നുമുതൽ അനിശ്ചിതകാല രാപ്പകൽ സമരം ആരംഭിക്കുകയാണ്. കേരളത്തിലെ ആരോഗ്യമേഖലയിൽ വളരെ തുച്ഛമായ ആനുകൂല്യത്തിൽ പണിയെടുക്കുന്ന 'ആശാ' പ്രവർത്തകർക്ക് ജീവിക്കാനുള്ള

യാതൊരു വരുമാനവും ലഭിക്കുന്നില്ല. നാമമാത്രമായ വേതനത്തിലാണ് ജോലി ചെയ്യുന്നത്. ഈ വിഭാഗത്തെ തൊഴിലാളികളായി അംഗീകരിക്കാത്തതിനാൽ മറ്റ് തൊഴിലാളികൾക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ആനുകൂല്യങ്ങളും 'ആശാ' വർക്കർമാർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് മിനിമം വേതനം നടപ്പിലാക്കുക, ഉപാധിരഹിതമായി വേതനം വിതരണം ചെയ്യുക, 'ആർദ്രം' പദ്ധതിയിൽ 'ആശാ' വർക്കർമാരെ ഉൾപ്പെടുത്തുക, റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുക, സർക്കാർ ജീവനക്കാരായി അംഗീകരിക്കുക, ഇൻസെന്റീവുകൾ ഏകീകരിച്ച് വിതരണം ചെയ്യുക, സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആനുകൂല്യങ്ങൾ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അവരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കണമെന്നും താൽപ്പര്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിൽ 'ആശാ' പദ്ധതി 2007 മുതലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ മേഖലയിലെ ഒരു വോളണ്ടറി ഓർഗനൈസേഷനായാണ് 'ആശാ' പദ്ധതി നടപ്പിലാക്കിവരുന്നത്. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യ സേവനങ്ങൾ നേടിയെടുക്കാൻ അവരെ സഹായിക്കുക, പ്രാദേശികാരോഗ്യ കേന്ദ്രങ്ങളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ ജനങ്ങളോടൊപ്പം പ്രവർത്തിക്കുക, കൊതുകുനിവാരണം, പകർച്ചവ്യാധി നിയന്ത്രണം പോലുള്ള പ്രവർത്തനങ്ങളിൽ ജനങ്ങളോടൊപ്പംനിന്ന് അവരെ സഹായിക്കുക എന്നിവയാണ് 'ആശാ' പ്രവർത്തകരുടെ ഉത്തരവാദിത്വം. കേരളത്തിൽ 26,526 'ആശാ' പ്രവർത്തകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 'ആശാ' പ്രവർത്തകർക്ക് വിവിധ പദ്ധതികളിൽനിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളാണ് കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകുന്നത്. കൂടാതെ, സംസ്ഥാന സർക്കാർ മാസംതോറും അവർക്ക് ഓണറേറിയം നൽകിവരുന്നു. ഇതുവരെ 1,000 രൂപയായിരുന്നു 'ആശാ' പ്രവർത്തകരുടെ ഓണറേറിയം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് 1,500 രൂപയായി ആദ്യത്തെ തവണ വർദ്ധിപ്പിച്ചു. ഇത്തവണ അവരുടെ ഓണറേറിയം 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17-ൽ 48.74 കോടി രൂപ ഓണറേറിയം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2017 ഫെബ്രുവരി വരെയുള്ള ഓണറേറിയം 'ആശാ' പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ആരോഗ്യ പ്രവർത്തകരുടെയും 'ആശാ' പ്രവർത്തകരുടെയും സേവനങ്ങളാണ് താഴെത്തട്ടിൽ ഉപയോഗിക്കുന്നത്. ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾക്ക് സ്തുത്യർഹമായ

സേവനമാണ് 'ആശാ' പ്രവർത്തകർ നൽകിവരുന്നത്. ജില്ലകളിൽ പ്രാദേശികമായുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളിലും മറ്റും സജീവമായി പ്രവർത്തിച്ചുവരുന്ന ഇവർക്ക് 'ആശാ കിരണം' എന്ന പേരിൽ ഒരു ഇൻഷ്വറൻസ് പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. അതുപ്രകാരം 80 രൂപ വാർഷിക പ്രീമിയത്തിൽ 2 ലക്ഷം രൂപ അപകടമരണത്തിനും 2 ലക്ഷം രൂപ പൂർണ്ണ അംഗവൈകല്യം സംഭവിച്ചവർക്കും ഒരു ലക്ഷം രൂപ ഭാഗിക അംഗവൈകല്യത്തിനും നൽകുന്നതോടൊപ്പം അപകടത്തോടനുബന്ധിച്ച് ആശുപത്രിച്ചെലവിന് 10,000 രൂപയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2,000 രൂപയും സ്വാഭാവിക മരണ സംസ്കാരകർമ്മത്തിന് 50,000 രൂപയുമാണ് ലഭ്യമാക്കുന്നത്. ഇതുപ്രകാരം 48 പേർക്ക് ഇൻഷ്വറൻസിന്റെ ആനുകൂല്യം നൽകിയിട്ടുണ്ട്. 'ആശാ' പ്രവർത്തകരുടെ പ്രവർത്തന നിലവാരം പരിശോധിക്കുകയും വേണ്ട രീതിയിലുള്ള പങ്കാളിത്തവും കാര്യക്ഷമതയും ഇല്ലാത്തവരെ അവ മെച്ചപ്പെടുത്തി പ്രവർത്തന നിരതരാക്കുന്നതിനും മുഖ്യപ്രവർത്തന മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ആശാ' പ്രവർത്തകരുടെ പ്രവർത്തനം പുനർനിർവ്വചിച്ചുകൊണ്ട് അവർക്കായി ഒരു പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് അവരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 2,000 രൂപയ്ക്കുപുറമേ ഇൻസെന്റീവുകൂടി വർദ്ധിക്കുമ്പോൾ കുറേക്കൂടി മെച്ചപ്പെട്ട ഒരവസ്ഥയുണ്ടാകും. കേന്ദ്ര ഗവൺമെന്റ് അവർക്ക് 600 രൂപ ഇൻസെന്റീവ് നൽകുന്നത് ഒരു ഗർഭിണിയെ പ്രസവിക്കാൻ ആശുപത്രിയിലെത്തിക്കുമ്പോഴാണ്. നോർത്ത് ഇന്ത്യൻ മാനദണ്ഡമനുസരിച്ചാണ് ഇപ്രകാരം നൽകുന്നത്. എന്നാൽ ഇവിടെ 'ആശാ' പ്രവർത്തകർ ഇടപെട്ട് അവരെ ആശുപത്രിയിലെത്തിക്കേണ്ടതായിട്ടില്ല. അതിനാൽ ഞങ്ങളത് പുനർനിർവ്വചനം ചെയ്തുകൊണ്ട് ഗർഭാവസ്ഥയിലുള്ള ഒരു സ്ത്രീയുടെ പരിചരണവും മറ്റും നടത്തി അവരുടെ ബി.പി., മറ്റ് ആരോഗ്യ കാര്യങ്ങൾ എന്നിവ നോക്കുന്നതിനുമായി ഈ പണം നൽകണമെന്നുള്ള രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. അതുകൊണ്ട് ആ ഇൻസെന്റീവ് അവർക്ക് കൃത്യമായി ലഭിക്കാൻ ഇടവരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതുപോലെ 'ആശാ' വർക്കർമാരെ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യവുമായി അവരുടെ സംഘടന സമരത്തിലാണ്. അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തി അവർക്ക് കൂടുതലായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഈ സർക്കാർ ആലോചിക്കുന്നതാണ്.

### (5) 'സ്നേഹപൂർവ്വം' പദ്ധതി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളത്തിലെ മാതാപിതാക്കളെയോ അതിലൊരാളെയോ നഷ്ടപ്പെട്ട കുട്ടികൾക്ക് വർഷങ്ങളായി ധനസഹായം ലഭിച്ചുകൊണ്ടിരുന്ന ഒരു പദ്ധതിയാണ് 'സ്നേഹപൂർവ്വം' പദ്ധതി. ആ പദ്ധതിയനുസരിച്ച് പഠിക്കാനുള്ള

ഒരു ചെറിയ സഹായം എല്ലാവർഷവും നൽകാറുണ്ട്. 2015-16 വരെ അത് കൃത്യമായി നൽകിയിരുന്നു. എന്നാൽ 2016-17-ൽ ഒരു വിദ്യാർത്ഥിക്കുപോലും അത് ലഭിച്ചിട്ടില്ല. 80,000-ലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ അച്ഛനും അമ്മയുമില്ലാത്ത കുട്ടികൾ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എ പ്ലസ് നേടിയാൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്ത് ഏർപ്പെടുത്തിയിരുന്നു. ഈ രണ്ട് പദ്ധതിയും ഇപ്പോൾ നിലച്ചിരിക്കുകയാണ്. വളരെ ഔദാര്യപൂർവ്വമായ ഒരു നിലപാടെടുത്ത് ആ പദ്ധതി കൃത്യമായി നടത്തുകയും ഫണ്ട് റിലീസ് ചെയ്യുകയും ചെയ്യണമെന്ന് വളരെ സ്നേഹപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട് പോകുകയോ അഥവാ ഒരാൾ മരണപ്പെടുകയോ ജീവിച്ചിരിക്കുന്നവർക്ക് സ്വന്തം ഭവനങ്ങളിൽ കുട്ടികളെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുകയോ ചെയ്യുന്ന അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ധനസഹായ പദ്ധതിയാണ് 'സ്നേഹപൂർവ്വം' പദ്ധതി. സർക്കാർ എയിഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി പ്രൊഫഷണൽ ക്ലാസ്സുവരെ പഠിക്കുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. 26,000-ലധികം വിദ്യാർത്ഥികൾക്കാണ് നേരത്തെ ധനസഹായം നൽകിക്കൊണ്ടിരുന്നത്. ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓൺലൈൻ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷകൾ സ്വീകരിക്കാനുള്ള അവസാന തീയതി 2016 ഒക്ടോബർ 31-ൽ നിന്നും 2016 ഡിസംബർ വരെയും വീണ്ടും വിദ്യാർത്ഥികളുടെ അഭ്യർത്ഥന പ്രകാരം 2017 ജനുവരി 15 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. അതിനെത്തുടർന്ന് 68788 അപേക്ഷകൾ ലഭിച്ചു. ജനുവരി 15-ന് ശേഷം മാത്രമാണ് സ്ഥാപന മേധാവികളിൽനിന്നും കമ്പ്യൂട്ടർ ജനറേറ്റർ പ്രിന്റൗട്ട് സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭ്യമായത്. ലഭ്യമായ അപേക്ഷകളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. അപേക്ഷിച്ച എല്ലാ കുട്ടികൾക്കും ഈ പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതമായ 18 കോടി രൂപ തികയാതെ വന്നതുകാരണം ഉപധനാഭ്യർത്ഥനയിലൂടെ 20 കോടി രൂപകൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിൽ ലഭ്യമായ തുക ഡി.ബി.ടി. (Direct Benefit Transfer)-യായി ക്രെഡിറ്റ് ചെയ്യുന്നതിന് വെയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭ്യമായത് 2017 മെയ് 17-ാം തീയതിയാണ്. 2014-15 വർഷം

ധനസഹായത്തിന് അർഹരായ 2810 പേർക്കും 2015-16 വർഷം ധനസഹായത്തിന് അർഹരായ 26650 പേർക്കും 2016-17 വർഷം അപേക്ഷിച്ച 26831 പേർക്കും ഉൾപ്പെടെ ഈ വർഷം ആകെ 56291 പേർക്ക് 28,94,08,400 രൂപ വിതരണം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കികഴിഞ്ഞു. സർക്കാർ തുക നിക്ഷേപിച്ചുകഴിഞ്ഞതിനാൽ അർഹരായ എല്ലാവരുടെയും ബാങ്ക് അക്കൗണ്ടിൽ രണ്ടാഴ്ചയ്ക്കുള്ളിൽ ധനസഹായം എത്തും. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ ഇരട്ടി ആളുകൾക്ക് ഇത്തവണ ധനസഹായം ലഭ്യമാകും.

(6) ഫാം ഡി കോഴ്സും ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികയും

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പതിറ്റാണ്ടുകളായി പൊതുജനാരോഗ്യ രംഗത്ത് കേരളത്തിന് ഒരു മാതൃക സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. എന്നാൽ അശാസ്ത്രീയമായ മരുന്നുപയോഗംമൂലം നമ്മുടെ സംസ്ഥാനം ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ട്. അതിൽ ഏറ്റവും ഗൗരവതരമായി പരിഗണിക്കേണ്ടത്, മരുന്നുകൾ ഉപയോഗിക്കുന്നത് എന്തിനുവേണ്ടിയാണ്, എന്ത് മരുന്നാണ് ഉപയോഗിക്കുന്നത് എന്നിവയാണ്. ഉപയോഗിക്കുന്ന മരുന്നിന്റെ പാർശ്വഫലത്തെ സംബന്ധിച്ച് അറിവില്ലാതെയാണ് പലപ്പോഴും രോഗികൾ മരുന്നുകൾ കഴിക്കേണ്ടിവരുന്നത്. അവനവന്റെ ആരോഗ്യത്തെ സംബന്ധിച്ച് പലപ്പോഴും ആളുകൾക്ക് വേണ്ടത്ര ധാരണയില്ലാതെ മരുന്നുകഴിക്കുന്നതുകൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങളും ധാരാളമുണ്ട്. കേരളത്തിനകത്തും പുറത്തും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ആറ് വർഷ കോഴ്സായ 'ഫാം ഡി' ബിരുദധാരികളുടെ സേവനം പ്രാഥമിക ചികിത്സ, സാന്ത്വനം ചികിത്സാ രംഗങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് സാധിക്കും. ഗുണനിലവാരമുള്ള മരുന്നുകളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കാൻ കഴിയുന്ന ഡ്രഗ് ഇൻഫർമേഷൻ സെന്ററുകൾ, രോഗികളുടെ ആരോഗ്യത്തെക്കുറിച്ചുള്ള അറിവ് നൽകുന്ന പേഷ്യന്റ് കൗൺസിലിംഗ് സെന്റർ എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു മികച്ച ഫാർമസി സേവനം ഉറപ്പുനൽകുന്ന മാതൃകാ സംസ്ഥാനമായി കേരളത്തെ മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശം അംഗീകരിച്ച് ഫാം ഡി കോഴ്സ് ആരംഭിക്കുകയും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെയുള്ള സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ച് ഫാം ഡി ബിരുദധാരികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ എം.ബി.ബി.എസ്., എം.ഡി., എം.എസ്., സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ

ഉള്ളവരാണ്. ഏത് രോഗത്തിന് എന്ത് മരുന്ന് എങ്ങനെ നിർദ്ദേശിക്കണമെന്നത് പഠനകാലയളവിലെ പഠനവിഷയമാണ്. കൂടാതെ വാർഡ് പരിശീലനത്തിനിടയിൽ എങ്ങനെ പ്രായോഗികമായി ഇത് നടപ്പിലാക്കാമെന്ന് വിശദമായി മനസ്സിലാക്കി അഞ്ച് വർഷത്തെ പഠനവും ഒരു വർഷം വിവിധ വിഷയങ്ങളിൽ ഹൗസ് സർജൻസിയും കഴിഞ്ഞതിനുശേഷമാണ് അലോപ്പതി ഡോക്ടർമാർക്ക് രോഗികളെ ചികിത്സിക്കാനുള്ള രജിസ്ട്രേഷൻ നൽകുന്നത്. എം.ഡി., എം.എസ്. ഡോക്ടർമാർക്ക് മൂന്നുവർഷംകൂടി നിശ്ചിത വിഷയത്തിൽ ഉപരിപഠനം നടത്തി എം.ഡി., എം.എസ്. ഡിഗ്രികൾ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ അവർ ഉപരിപഠനം നടത്തിയ വിഷയത്തിൽ പ്രാക്ടീസ് ചെയ്യാനുള്ള അനുമതി ലഭിക്കുകയുള്ളൂ. ഡി.എം. ഡിഗ്രിക്കുവേണ്ടി വീണ്ടും മൂന്നുവർഷം പഠനം നടത്തേണ്ടിവരുന്ന ശരീരത്തിന്റെ അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ വിഷയങ്ങളിൽ അറിവ് നേടിയതിനുശേഷം ഫാർമക്കോളജിയും ക്ലിനിക്കൽ വിഷയങ്ങളും ഇവർ പഠനവിധേയമാക്കുന്നു. ശരിയായ അറിവോടെയും ശാസ്ത്രീയവുമായാണ് ഡോക്ടർമാർ ചികിത്സ നടത്തുന്നത്. മരുന്ന് കുറിച്ച് നൽകുന്നതിനുമുമ്പുതന്നെ പാർശ്വഫലങ്ങളെപ്പറ്റിയും മുൻപ് മരുന്ന് ഉപയോഗിച്ചുണ്ടായ ശാരീരികാസ്വാസ്ഥ്യങ്ങൾ, ഡ്രഗ് അലർജി എന്നിവ മനസ്സിലാക്കിക്കൊടുത്തുമാണ് മരുന്നുകൾ നിർദ്ദേശിക്കുന്നത്. മരുന്ന് കഴിക്കുന്നവിധം പറഞ്ഞ് മനസ്സിലാക്കിക്കൊടുത്താണ് മരുന്നുകൾ രോഗികൾക്ക് എഴുതി നൽകുന്നത്. ഈ മരുന്നുകൾ ഫാർമസി വഴി വിതരണം ചെയ്യുകയോ മറ്റ് മരുന്ന് സ്റ്റോറുകളിൽനിന്നോ രോഗി വാങ്ങുകയോ ചെയ്യുന്നു. അപ്പോഴും മരുന്ന് കഴിക്കുന്ന വിധം എഴുതിയാണ് ഫാർമസിസ്റ്റുകൾ മരുന്ന് നൽകുന്നത്. പ്രസ്തുത സാഹചര്യത്തിൽ ഡോക്ടർമാർക്കും ഫാർമസിസ്റ്റുകൾക്കുമിടയിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് എന്ന തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാക്കുന്നു എന്നതുകൂടി പരിഗണിച്ച് ഇപ്പോൾ ഈ കാര്യം ആലോചനയിലില്ല. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ വളരെ പോസിറ്റീവായിട്ടാണ് ഇക്കാര്യം അവതരിപ്പിച്ചത്. അതേക്കുറിച്ച് നമുക്കൊരു ചർച്ച നടത്താവുന്നതാണ്. പക്ഷേ ഇപ്പോൾ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന കാര്യം ഞാൻ ഖേദപൂർവ്വം അറിയിക്കുകയാണ്.

## (7) വിധവകളുടെ സംരക്ഷണം

ശ്രീ. പി. സി. ജോർജ്: സർ, തങ്ങളുടേതല്ലാത്ത കാരണങ്ങൾകൊണ്ടും തങ്ങൾ ഒരു പാപവും ചെയ്യാതിരുന്നിട്ടും വൈധവ്യം അനുഭവിക്കേണ്ടിവന്ന ലക്ഷക്കണക്കിന് വരുന്ന സ്ത്രീസമൂഹത്തിന്റെ വിഷയമാണ് അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. അവർക്കുവേണ്ടി ആകെയുള്ളത് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന 859/11 ആയി രജിസ്റ്റർ ചെയ്ത കേരള വിധവ സംഘമെന്ന ഒറ്റ സംഘടനയാണ്. 11.6 ശതമാനം വിധവകളും അഗതികളും ഉണ്ടെന്നാണ് 2010-ൽ സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച കണക്ക്. 30 ലക്ഷത്തോളം വിധവകൾ ഈ

സംസ്ഥാനത്തുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. എന്റെ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം പഞ്ചായത്തിൽ മാത്രം 1200 വിധവകളാണുള്ളത്. അവർ ഒരു പാപവും ചെയ്തിട്ടില്ല. ഭർത്താക്കന്മാർ മരണപ്പെട്ടതോ അല്ലെങ്കിൽ കാപാലികൻമാരാൽ കൊല്ലപ്പെട്ടതോ മദ്യപാനികളായ ഭർത്താക്കന്മാർ ഉപേക്ഷിച്ചുപോയതോ ആയ വിധവകളാണിവർ. ഇവരെ സഹായിക്കാൻ എന്താണ് മാർഗ്ഗം? സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരും അല്ലാത്തവരുമായി അനേകം വിധവകളുണ്ട്. അവർക്ക് ഒരു സഹായവുമില്ലെന്ന സത്യം നമ്മുടെ മുന്നിലുള്ളപ്പോൾ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ഒരു വനിതാ മന്ത്രിതന്നെ ഈ വകുപ്പ് കൈകാര്യം ചെയ്യുകയാണ്. അതുകൊണ്ട് സംസ്ഥാനത്തെ വിധവ സമൂഹത്തെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്താൻ ഒരു കമ്മീഷനെ നിയമിക്കണമെന്നാണ് എന്റെ അഭിപ്രായം. അകാലത്തിൽ ഭർത്താവ് മരണമടഞ്ഞ് വിധവയാകേണ്ടി വന്ന സ്ത്രീക്കും അവരുടെ കുടുംബത്തിനും സംരക്ഷണം നൽകാൻ തൊഴിൽ അല്ലെങ്കിൽ ജീവനാംശം നൽകുന്ന ഒരു പദ്ധതി ഈ സർക്കാർ നടപ്പാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വിധവകൾ ഗൃഹനാഥയായ കുടുംബങ്ങളെ ബി.പി.എൽ. കുടുംബങ്ങളായി സംസ്ഥാനതലത്തിൽ പ്രഖ്യാപിക്കാൻ ഈ സർക്കാർ ഒരു മടിയും വിചാരിക്കേണ്ട കാര്യമില്ല. വിധവാ പെൻഷൻ ജീവനാംശമായി കണക്കാക്കി 2000 രൂപയായി വർദ്ധിപ്പിക്കണം, നിലവിലുള്ള വിധവാ ആനുകൂല്യ പദ്ധതികളുടെ അപാകതകൾ പരിഹരിച്ച് കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കണം, അറുപത് വയസ്സുകഴിഞ്ഞവരെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇവരുടെ പൂർണ്ണ സംരക്ഷണം സർക്കാർ ഏറ്റെടുക്കുകയും വേണം, സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത എല്ലാ വിധവകൾക്കും പ്രത്യേക പാക്കേജ് കൊണ്ടുവരണം. ഇത്രയും കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ടൊരു സാമൂഹ്യ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് വിധവകളായ സ്ത്രീകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുണ്ട്. വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സ്ത്രീകൾ എന്നിവരെ സംരക്ഷിക്കുന്നതിന് ഇടുക്കി ജില്ല ഒഴികെ എല്ലാ ജില്ലകളിലും ഇപ്പോൾ മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗം സ്ത്രീകളെ ഇവിടെ പാർപ്പിച്ച് സംരക്ഷണമേകുന്നതോടൊപ്പം വിവിധതരം തൊഴിൽ പരിശീലനം നൽകി സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ട പരിശ്രമങ്ങളും നടത്തിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് നാല് കാറ്റഗറികളിലായി പ്രതിമാസം യഥാക്രമം 300, 500, 750,

1000 രൂപ എന്നിങ്ങനെ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈയിനത്തിൽ ബഡ്ജറ്റ് വിഹിതമായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിധവകളായ സ്ത്രീകൾക്ക് അവസാന നാളുകളിൽ ആരും രക്ഷിക്കാനില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് വിധവാ വിവാഹ പ്രോത്സാഹന പദ്ധതിയിലൂടെ (മംഗല്യ പദ്ധതി) 25,000 രൂപയുടെ സഹായം അനുവദിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളിലെ വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനായി ഒറ്റത്തവണ ധനസഹായമായി 30,000 രൂപ നൽകിവരുന്നു. അഭയസ്ഥാനം ഇല്ലാത്തവരും ആലംബഹീനരുമായ വിധവകളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ സഹായം നൽകുന്ന 'അഭയകിരണം' എന്ന പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവരുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വയംതൊഴിൽ പരിശീലനം നൽകി, സ്വയംതൊഴിൽ യൂണിറ്റുകളാരംഭിക്കുന്ന ഒരു പദ്ധതിയും ഈ സർക്കാർ ഇപ്പോൾ പൈലറ്റായി കോഴിക്കോട് ജില്ലയിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവർക്ക് ഭക്ഷണം, താമസം, വസ്ത്രം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സ്വാധാർ സ്കീം' സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വിധവാ പെൻഷനും നൽകിവരുന്നുണ്ട്. 2017-18-ൽ 55 വയസ്സുവരെയുള്ള വിധവകൾക്കുവേണ്ടി പത്ത് സ്ഥലങ്ങളിലായി സംരഭകത്വ പരിശീലന പരിപാടി (വിധവകൾക്ക്) എന്ന പദ്ധതി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തയ്യാറാക്കിയ വിവരവും സന്തോഷത്തോടെ അറിയിക്കുകയാണ്. വിധവകളുടെ പ്രശ്നം പ്രത്യേകം പരിഹരിക്കാൻ സാമൂഹ്യനീതി വകുപ്പ് ചർച്ച നടത്തി നിരവധി തീരുമാനങ്ങൾ കൈക്കൊള്ളുകയാണ്. ഒരുകാര്യംകൂടി എനിക്ക് പറയാനുണ്ട്. ഇവർക്ക് സംഘടനയുണ്ടാകുന്നത് നല്ലതാണ്. ഞാൻ മഹിളാ അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറിയായ സമയത്ത് വിധവകൾക്കുവേണ്ടി കേരള വിധവാ സംഘം എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വയംതൊഴിൽ പരിശീലനമടക്കം അവർ ധാരാളം കാര്യങ്ങൾ നടത്തുന്നുണ്ട്. അങ്ങ് പറഞ്ഞ സംഘടനയും നന്നായി പ്രവർത്തിക്കട്ടെ. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം കൂടുതൽ പഠിക്കുന്നതിനുവേണ്ടി വകുപ്പിനെ ചുമതലപ്പെടുത്താം. അതിന്റെ രീതി എന്താണെന്ന് ഞാൻ പിന്നീട് പറയാം. എന്തായാലും കൂടുതൽ പരിഗണന അർഹിക്കുന്ന വിഭാഗമാണിവർ. അങ്ങയുടെ സബ്മിഷനെ വളരെ നല്ല രീതിയിൽ കാണുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുന്നതാണ്.

11.00 AM]

(8) സംഭരിച്ച നെല്ലിന്റെ വില

ശ്രീ. സി. എഫ്. തോമസ്: സർ, ഇന്നലെ ധനകാര്യ ബില്ലിന്റെ ചർച്ചാ വേളയിൽ ശ്രീ. കെ. കൃഷ്ണൻകുട്ടി നെൽകർഷകരുടെ അവസ്ഥ സംബന്ധിച്ച് വിവരിക്കുകയുണ്ടായി. അവർ കണ്ണീരിലാണ്, നെല്ലെടുത്തിട്ട് രണ്ട് മാസമായി. അതിന്റെ പണം ചോദിച്ചപ്പോൾ പലിശ നൽകാമെന്ന് പറയുന്നു. ഇക്കാര്യത്തിലൊരു വ്യക്തതയില്ല. നെല്ലിന്റെ വില എന്ന് കൊടുക്കും? ഞാൻ ഭക്ഷ്യ വകുപ്പുമന്ത്രിയെ കുറ്റം പറയുന്നില്ല. അദ്ദേഹം നിസ്സഹായനാണ്; പണം ലഭിക്കണ്ടേ? കൃഷി വകുപ്പുമന്ത്രിയും എപ്പോഴും ആവേശത്തോടെ നെൽകർഷകരുടെ കാര്യം പറയുന്നയാളാണ്. മാർച്ച് മാസത്തിൽ കൃഷിക്കാർക്ക് പി.ആർ.എസ്. കൊടുത്തതാണ്. ഇപ്പോൾ മേയ് 23 ആയി. നാളെ കഴിഞ്ഞാൽ നിയമസഭാ സമ്മേളനം അവസാനിക്കും. ഈ നിയമസഭാ സമ്മേളനത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായ പ്രഖ്യാപനമുണ്ടാകുമെന്നാണ് നെൽകർഷകർ വിചാരിക്കുന്നത്. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇന്നലെ കേന്ദ്ര ഗവൺമെന്റ് നൽകിയ 130 കോടി രൂപ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു; പക്ഷേ, ഇതിലുള്ള സംസ്ഥാന വിഹിതം എവിടെയാണ്? ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നെല്ലെടുത്ത് പത്ത് ദിവസത്തിനകം കൃഷിക്കാർക്ക് പണം നൽകുമെന്ന് പറഞ്ഞതാണ്. ഈ ക്യാബിനറ്റിലുള്ള എത്രയോ മന്ത്രിമാർ നെൽകർഷക മേഖലയിൽ നിന്നുള്ളവരാണ്. ഇക്കാര്യത്തിൽ സുവ്യക്തമായ ഒരു പ്രഖ്യാപനം എന്നുണ്ടാകും? ചെറിയ കർഷകരെന്ന് പറഞ്ഞാൽ പാവപ്പെട്ടവരാണ്. പണ്ട് വലിയ മുതലാളിമാരായാണ് അവരെ ചിത്രീകരിച്ചിരുന്നത്. ഇവരെല്ലാം 10-20 പറ നെൽവയൽ മാത്രമുള്ളവരാണ്. അദ്ധ്വാനിക്കുന്ന വിഭാഗമാണ്. കടം വാങ്ങിയും പണയം വച്ചുമാണ് അവർ കൃഷിയിറക്കിയത്. അതിന്റെ പണം നൽകുന്ന കാര്യം ക്യാബിനറ്റിൽ ചർച്ച ചെയ്യണ്ടേ? ഭക്ഷ്യ വകുപ്പുമന്ത്രിയെ മാത്രം ഈ ചുമതല ഏൽപ്പിച്ചാൽ ബുദ്ധിമുട്ടാണ്. കൃഷി വകുപ്പുമന്ത്രിയുടെ വാക്കുകളിൽ എപ്പോഴും നെൽകർഷകരുടെ കാര്യത്തിൽ അത്യാവേശം കാണുന്നുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ടെന്നുള്ളത് ആശ്വാസകരമാണ്. അദ്ദേഹം ആലപ്പുഴ ജില്ലക്കാരനാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി ഞാൻ ഇന്നലെ രാത്രി ടെലിഫോണിൽ സംസാരിക്കുകയുണ്ടായി. മാർച്ച് 18-ന് മുമ്പ് പി.ആർ.എസ്. കൊടുത്തവർക്ക് കാശ് കിട്ടിയിട്ടില്ലെന്ന് അറിഞ്ഞു. റബ്ബറിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാരിനെതിരായി നമ്മൾ ഒന്നിച്ചുനിൽക്കുന്നുണ്ട്. നെൽകർഷകരുടെ കാര്യത്തിൽ ഈ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. കർഷകരുടെ പണം എന്നത്തേയ്ക്ക് നൽകുമെന്നുള്ളത് പറയണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, 1-10-2016 മുതൽ 22-5-2017 വരെ ആകെ 4.51 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. സംഭരിച്ച നെല്ലിന്റെ വില 1015.13 കോടി രൂപയാണ്. രണ്ട് ദിവസങ്ങൾക്ക് മുമ്പുവരെ വിതരണം ചെയ്തത് 798.59 കോടി രൂപയാണ്. ബാക്കി നൽകാനുള്ളത് 216.54 കോടി രൂപയാണ്. നെല്ലിന്റെ സംഭരണ വിലയിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു. അടിസ്ഥാന താങ്ങുവില കേന്ദ്ര സർക്കാർ നൽകിവരുന്നു. നിലവിൽ ഇത് കിലോഗ്രാമിന് 14.70 രൂപയും പ്രോത്സാഹന ബോണസ് കിലോഗ്രാമിന് 7.80 രൂപയുമാണ്. പ്രോത്സാഹന ബോണസ് സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകിവരുന്നു. ഈ രണ്ട് ഘടകങ്ങളും ചേർത്ത് നിലവിൽ നെല്ലിന്റെ വിലയായി കിലോഗ്രാമിന് 22.50 രൂപയാണ് നൽകുന്നത്. 22-4-2017 വരെ സംഭരിച്ച നെല്ലിന്റെ പ്രോത്സാഹന ബോണസും 27-3-2017 വരെയുള്ള നെല്ലിന്റെ അടിസ്ഥാന താങ്ങുവിലയും വിതരണം ചെയ്തിട്ടുണ്ട്. 27-3-2017 വരെയുള്ള കേന്ദ്ര വിഹിതമാണ് നമുക്ക് ലഭിച്ചത്. അതും വിതരണം ചെയ്തിട്ടുണ്ട്. 23-4-2017 മുതൽ 15-5-2017 വരെ സംഭരിച്ച നെല്ലിന്റെ പ്രോത്സാഹന ബോണസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വളരെ വേഗം സംസ്ഥാന സർക്കാർ ആ തുക നൽകും. അത് നമുക്ക് വിതരണം ചെയ്യാൻ കഴിയും. ജനുവരി മുതൽ മാർച്ച് വരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുകയുടെ പ്രൊവിഷണൽ ക്ലെയിമായ 238.23 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതും താമസിയാതെ ലഭിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. 14-3-2017, 16-3-2017 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം കർഷകർ നെല്ല് നൽകിയതിന്റെ രസീത് ഹാജരാക്കുമ്പോൾ ബാങ്കിൽനിന്നും നെല്ലിന്റെ വില കർഷകർക്ക് ഉടൻതന്നെ നൽകുന്നതിനും സപ്ലൈകോ കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് പലിശ വിഹിതം ബാങ്കുകൾ കർഷകരുടെ അക്കൗണ്ടിൽ അടയ്ക്കുന്നതിനുതകുന്ന പി.ആർ.എസ്. ലോൺ സംവിധാനം ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടിയും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വേഗം ആ സ്കീം നടപ്പിലാക്കാൻ കഴിയും. അത് നടപ്പിലാക്കിയാൽ കൃഷിക്കാർ നെല്ല് മില്ലുകാരെ ഏൽപ്പിക്കുമ്പോൾ നൽകുന്ന പി.ആർ.എസ്. ബാങ്കിൽ നൽകിയാൽ പണം ലഭിക്കുന്ന പദ്ധതി വളരെ വേഗം നടപ്പിലാകും. അതിന്റെ എല്ലാ ആലോചനകളും പൂർത്തിയായി അവസാന ഘട്ടത്തിലേയ്ക്ക് എത്തുകയാണ്. ഇനി 216.54 കോടി രൂപയേ നൽകാനുള്ളൂ. ബാക്കി തുക നൽകിക്കഴിഞ്ഞിട്ടുണ്ട്.

## (9) കേരള യോഗ അസോസിയേഷൻ

ശ്രീ. പി. ടി. തോമസ്: സർ, ശരീരമാദ്യം ഖലു ധർമ്മ സാദനം-എന്ത് ജോലി ചെയ്യണമെങ്കിലും ശരീരമാദ്യം വേണം; ആ ശരീരത്തിന് ജോലി ചെയ്യണമെങ്കിൽ പ്രാണൻ വേണം-ആ തത്വത്തെ അടിസ്ഥാനമാക്കിയാണ് യോഗ പരിശീലിക്കുന്നത്.

ഇതിന് മതമോ ജാതിയോ രാഷ്ട്രീയകക്ഷി ഭേദമോ ഇല്ല. സംസ്ഥാനത്ത് യോഗയുടെ ഉന്നമനത്തിനായി കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് 1986 മുതൽ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് കേരള യോഗ അസോസിയേഷൻ. എന്നാൽ ഇപ്പോൾ ഈ അസോസിയേഷനെ തകർക്കാൻ ശ്രമം നടക്കുകയാണ്. ശ്രീ. ആനയറ ശ്രീകുമാർ പ്രസിഡന്റും ശ്രീ. കെ. പി. ഭാസ്കര മേനോൻ സെക്രട്ടറിയുമായ ഈ സംഘടന എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. യോഗയെ ഒരു സ്പോർട്സ് ഇനമായി അംഗീകരിക്കുന്നതിന് വർഷങ്ങളായി ശ്രമിക്കുന്ന ഒരു സംഘടനയാണിത്. യോഗ ആയുഷ് വകുപ്പിന് കീഴിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈ സംഘടനയ്ക്ക് അംഗീകാരം നൽകുകയോ സഹായം നൽകുകയോ ചെയ്യുന്നില്ല. എന്നാൽ 2016-ൽ യോഗ അസോസിയേഷൻ എന്ന പേരിൽ കണ്ണൂരിൽ രജിസ്റ്റർ ചെയ്ത ഒരു സംഘടനയ്ക്ക് കേരള സർക്കാർ അംഗീകാരം നൽകിയിരിക്കുകയാണ്. മിനിമം മൂന്ന് വർഷത്തെ പ്രവർത്തനം നോക്കി മാത്രമേ അംഗീകാരം നൽകാവൂ എന്നതാണ് ചട്ടം. അതിന് വിരുദ്ധമായാണ് രാഷ്ട്രീയ താൽപ്പര്യത്തിന്റെ പേരിൽ പുതിയ സംഘടനയ്ക്ക് അംഗീകാരം നൽകിയിരിക്കുന്നത്. ഈ പുതിയ സംഘടനയിൽ ഇടതുപക്ഷക്കാരെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സംഘടന സി.പി.ഐ. (എം.)-കാരെ മാത്രം സംഘടിപ്പിച്ചുകൊണ്ട് 2017 ഫെബ്രുവരിയിൽ കൊല്ലത്ത് ഒരു യോഗാ ചാമ്പ്യൻഷിപ്പ് നടത്തുകയുണ്ടായി. ഇതിനായി സർക്കാർ ഏകദേശം ഒരു കോടി രൂപയോളം ചെലവഴിച്ചുവെന്നാണ് അറിയുന്നത്. എന്നാൽ കേരള യോഗാ അസോസിയേഷൻ 2012-ൽ സ്പോൺസറിംഗ് വഴി കൊച്ചി വിദ്യോദയയിൽ ഫെഡറേഷൻ കപ്പ് നടത്തുകയുണ്ടായി. ഇതിനാകെ 9 ലക്ഷം രൂപ മാത്രമാണ് ചെലവായത്. അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്ന, തികച്ചും രാഷ്ട്രീയാടിസ്ഥാനത്തിൽ രൂപീകരിച്ച ഒരു സംഘടനയ്ക്ക് അംഗീകാരവും സഹായവും നൽകുന്നത് വർഷങ്ങളായി സുതാര്യമായി പ്രവർത്തിക്കുന്ന ഒരു സംഘടനയെ തകർക്കാൻ ശ്രമിക്കുന്നതിന് തുല്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി വേണ്ട നടപടി സ്വീകരിക്കുമെന്ന് വിചാരിക്കുന്നു. യോഗ ആരംഭിച്ച കാലംമുതൽ അതിനുവേണ്ടി പ്രവർത്തിക്കുന്ന പ്രതിഭാധനരായ ആളുകളുടെ നേതൃത്വത്തിലാണ് കേരള യോഗ അസോസിയേഷന്റെ പ്രവർത്തനം മുന്നോട്ടു പോകുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരള യോഗ അസോസിയേഷൻ എന്ന പേരിൽ ഒരു സംഘടനയ്ക്ക് കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത സംഘടനയ്ക്ക് കൗൺസിലിൽനിന്നും ധനസഹായമൊന്നും അനുവദിച്ചിട്ടില്ല. ദേശീയ

യോഗ ഫെഡറേഷന്റെ അംഗീകാരം ലഭിച്ച അഡ്വ. ബി. ബാലചന്ദ്രൻ പ്രസിഡന്റും ഡോ. ഇ. രാജീവ് സെക്രട്ടറിയും ഡോ. രാജഗോപാലൻ ട്രഷററുമായ യോഗ അസോസിയേഷൻ ഓഫ് കേരളയ്ക്ക് കേരള സ്പോർട്സ് കൗൺസിൽ 2017-ൽ അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകൃത സ്പോർട്സ് അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന നാഷണൽ ചാമ്പ്യൻഷിപ്പുകൾക്ക് പ്രത്യേകമായി ഗ്രാന്റ് അനുവദിക്കാറുണ്ട്. ആയത് പരിഗണിച്ചാണ് 2017 മാർച്ച് 24 മുതൽ 26 വരെ വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് സംഘടിപ്പിച്ച ഫസ്റ്റ് ഫെഡറേഷൻ കപ്പ് യോഗ നാഷണൽ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പിലേക്കായി 26-4-2017-ലെ സർക്കാർ ഉത്തരവുപ്രകാരം യോഗാ അസോസിയേഷൻ ഓഫ് കേരളയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ധനസഹായം നൽകിയിട്ടുള്ളത്. ഏതെങ്കിലുമൊരു സംഘടനയെ പ്രത്യേകമായി അവഗണിക്കാനോ ആരെയെങ്കിലും പ്രത്യേക താൽപ്പര്യത്തോടുകൂടി സംരക്ഷിക്കാനോ ഉള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. യോഗയുടെ പ്രചാരണത്തിനുവേണ്ടി സമീപിക്കുന്ന എല്ലാ സംഘടനകളെയും സഹായിക്കുന്ന നിലപാട് തന്നെയാണ് സ്പോർട്സ് കൗൺസിൽ സ്വീകരിക്കുന്നത്.

(10) പ്രമാണങ്ങൾ തിരികെ ലഭ്യമാക്കൽ

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലുള്ള 38 കുടുംബശ്രീ യൂണിറ്റംഗങ്ങൾ 2008-09-ൽ ഭവനശ്രീ പദ്ധതിപ്രകാരം കോർപ്പറേഷൻ ബാങ്കിൽനിന്ന് വായ്പയെടുത്തിരുന്നു. അതിൽ മൂന്നുപേർ പണം തിരിച്ചടച്ച് പ്രമാണം തിരികെ വാങ്ങി. 2010-ൽ സർക്കാർ ഈ പദ്ധതിപ്രകാരമുള്ള തുക എഴുതിത്തള്ളി ഉത്തരവായി. ബാക്കിയുള്ള ബാങ്കുകളെല്ലാം പ്രമാണങ്ങൾ തിരിച്ചുകൊടുത്തെങ്കിലും കോർപ്പറേഷൻ ബാങ്കിലുള്ള ബാക്കി 35 പേരുടെ പ്രമാണങ്ങൾ ഇതുവരെ തിരിച്ചുകിട്ടിയിട്ടില്ല. അതുകൊണ്ട് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അവർക്ക് നൽകിക്കൊണ്ട് പ്രമാണങ്ങൾ തിരിച്ച് കിട്ടാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2005-ൽ കുടുംബശ്രീ സി.ഡി.എസ്. മുഖാന്തരം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഭവനശ്രീ വായ്പകൾ സർക്കാർ ഏറ്റെടുക്കുന്നതായി 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ബാങ്കുകളിൽനിന്ന് കുടുംബശ്രീ ശേഖരിച്ച് സമർപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭവനശ്രീ അക്കൗണ്ടുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. എന്നാൽ ചില ബാങ്കുകൾ കുടുംബശ്രീക്ക് സമർപ്പിച്ച ലിസ്റ്റിൽ മുഴുവൻ ഭവനശ്രീ അക്കൗണ്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

എസ്.എൽ.ബി.സി. തീരുമാനപ്രകാരം ഇത്തരത്തിൽ വിട്ടുപോയ ഭവനശ്രീ അക്കൗണ്ടുകളുടെ വിവരം വീണ്ടും ബാങ്കുകളിൽനിന്നും ശേഖരിക്കുകയും അവ സർക്കാർ ഏറ്റെടുത്ത് ഉത്തരവാകുകയും ചെയ്തിരുന്നു. മേൽ രണ്ട് ഘട്ടങ്ങളിലും ചില ബാങ്കുകളിലെ ഭവനശ്രീ അക്കൗണ്ടുകൾ ലിസ്റ്റിൽപെടാതെ പോയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം അക്കൗണ്ടുകളുടെ ക്രോഡീകരിച്ച പട്ടിക കുടുംബശ്രീ മിഷൻ മൂന്നാംഘട്ടമായി സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കോർപ്പറേഷൻ ബാങ്കിൽനിന്നുള്ള ഭവനശ്രീ അക്കൗണ്ടുകളും ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതും അതനുസരിച്ചുള്ള ആശ്വാസം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതുമാണ്.

(11) തദ്ദേശഭരണ സ്ഥാപനങ്ങളിലെ യോഗം

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുചേർക്കാൻ പ്രത്യേക നിയമങ്ങളും മാനദണ്ഡങ്ങളുമുണ്ട്. പക്ഷേ ഇപ്പോൾ പഞ്ചായത്തുകൾ യോഗങ്ങൾ വിളിച്ചുചേർക്കുമ്പോൾ അജണ്ടയിൽ ചേർക്കാത്ത കാര്യങ്ങൾ പിന്നീട് യോഗതീരുമാനങ്ങളായി നടപ്പിലാക്കുകയാണ്. ഇന്നലെ തൃശ്ശൂർ കോർപ്പറേഷനിൽ പ്രത്യേകമായ നോട്ടീസ് നൽകി യോഗം വിളിക്കുകയുണ്ടായി. അജണ്ടയിലില്ലാത്ത കാര്യങ്ങൾ എഴുതിച്ചേർത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിഷയമാണ്. അത് ആ യോഗത്തിൽ ചർച്ച ചെയ്യണമെന്നും വോട്ടെടുപ്പ് വേണമെന്നും ആവശ്യപ്പെട്ടു. എന്നാൽ വോട്ടെടുപ്പ് നടത്താതെ ഏകപക്ഷീയമായി യോഗം പിരിച്ചുവിട്ടിരിക്കുകയാണ്. അതിനെത്തുടർന്ന് ഉച്ചയ്ക്കുശേഷം 3.30 മുതൽ സ്ത്രീകൾ ഉൾപ്പെടെയുള്ള കോൺഗ്രസ്സ് അംഗങ്ങൾ ഇപ്പോഴും ആ ഹാളിൽനിന്നും പുറത്തുപോയിട്ടില്ല. പ്രാഥമികാവശ്യത്തിനുപോലും പോകാതെ കോർപ്പറേഷനിലെ ഭൂരിഭാഗം ജനപ്രതിനിധികളും അവിടെയിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് എല്ലാം ഏകോപിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇപ്പോൾ മന്ത്രിതലത്തിൽ മാത്രമാണ് ശക്തിപ്പെട്ടിട്ടുള്ളത്. താഴെത്തട്ടിൽ അധികാരം കേന്ദ്രീകരിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. നിയമങ്ങൾ മുഴുവൻ കാറ്റിൽ പറത്തുകയാണ്. ചട്ടപ്രകാരം യോഗം വിളിച്ചുചേർക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രത്യേക നിർദ്ദേശം നൽകണമെന്നാണ് ഈ സബ്മിഷൻ വഴി ഉന്നയിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അർബൻ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻതന്നെ നിയമപരമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇക്കാര്യത്തിൽ നേരത്തെ പറഞ്ഞതിനുപുറമെ, ബി.ജെ.പി.യുടെ ആറ് അംഗങ്ങളും ഇന്നലെ രാത്രി മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ ഉപവാസമിരിക്കുകയാണ്. ഇത് ഗൗരവമായിട്ടുള്ള പ്രശ്നമാണ്. ഭൂരിപക്ഷ വികാരങ്ങളെ മറികടന്നുകൊണ്ട് നിയമവിരുദ്ധമായ രീതിയിൽ കോർപ്പറേഷൻ പ്രവർത്തിക്കുന്നു. അതിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് 1 പ്രകാരമുള്ള കടലാസ്സുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2015-16 | പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് | അല്ല. |

### (2) ചട്ടം 236 (5) അനുസരിച്ചുള്ള കടലാസുകൾ (ലിസ്റ്റ് 2 പ്രകാരം)

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| X- വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും | 2015-16 | 5 | 16, 17, 18, 19, 20 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2015-16 | 5 | 23, 24 |

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 22 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII- വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2014-15 | 4 | 28 |

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2014-15 | 4 | 44 |
| | 2015-16 | 5 | 33, 34 |

(3) ചട്ടം 236 (6) അനുസരിച്ചുള്ള കടലാസുകൾ (ലിസ്റ്റ് 3 പ്രകാരം)

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-(സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ) | 2014-15 | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും | 2016-17 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| XVII-(വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം) | 2015-16 | ശാസ്ത്ര സാങ്കേതിക വകുപ്പ് |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-(സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ) III(നീതിന്യായനിർവ്വഹണം) | 2015-16 | നിയമ വകുപ്പ് |

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI-പെൻഷനും പലവകയും | 2016-17 | ആഭ്യന്തര (എഫ്) വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2013-14 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനി |
| | 2014-15 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | 2015-16 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനി |
| | | കാഡ്കോ, എച്ച്.ഡി.സി.കെ., കെ.എസ്.ബി.സി, സുരഭി |
| | | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXII-ക്ഷീരവികസനം | 2015-16 | ക്ഷീര വികസന വകുപ്പ് |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-(കൃഷി) | 2013-14 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

## VII ബഡ്ജറ്റ് പ്രസംഗത്തിലെ തിരുത്ത്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 191, 209 ഖണ്ഡികകളിലെ വർക്കുകളുടെ പേരിലുള്ള അച്ചടി പിശക് തിരുത്തിക്കൊണ്ടുള്ള താഴെപ്പറയുന്ന സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| ഖണ്ഡിക 191 - ക്രമ നമ്പർ 18 | ഖണ്ഡിക 191 - ക്രമ നമ്പർ 18 |
| മൊഗ്രാൽ ഗവൺമെന്റ് എച്ച്.എസ്. എസ്. | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, മൊഗ്രാൽ |

പ്രസ്തുത ഭാഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ താഴെകൊടുക്കുംപ്രകാരം നൽകാവുന്നതാണ് :

| Existing | To be Modified |
|---|---|
| Para 191 - Sl. No. 18 | Para 191 - Sl. No. 18 |
| Mogral Govt. H.S.S. | Government Vocational Higher Secondary School, Mogral |

ഖണ്ഡിക 209

| നിലവിലുള്ളത് | മാറ്റം വരുത്തേണ്ടത് |
|---|---|
| Kayyur Varshika Kalapa Museum | Kayyur Karshika Kalapa Museum |

## VIII റിപ്പോർട്ട് സമർപ്പണം

### (1) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

### (3) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

## (4) 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

## (5) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

## (6) സബ്ജക്ട് കമ്മിറ്റി X-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ചെയർമാനായ ഞാൻ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

## (7) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (8) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. രാജു എബ്രഹാം : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(9) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

### (1) 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ ഭരണസംവിധാനവും അതുവഴി സാമൂഹിക ജീവിതവും ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും ഉതകുന്ന പരിപാടികളും പദ്ധതികളും ദീർഘ വീക്ഷണത്തോടെ ഏറ്റെടുത്തുകൊണ്ടാണ് ഈ സർക്കാർ മുന്നേറുന്നത്. അടുത്ത പതിറ്റാണ്ടുകളിൽ കേരളം നേരിടേണ്ടിവരുന്ന ഗൗരവതരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന നിരവധി പദ്ധതികളാണ് സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പദ്ധതികളുടെ സുഖകരമായ നടത്തിപ്പിനും വിജയകരമായ പൂർത്തീകരണത്തിനും വേണ്ടിയുള്ളതാണ് ബഡ്ജറ്റും അതുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലും.

ഐക്യകേരളത്തിന്റെ വജ്ര ജൂബിലി ആഘോഷിക്കുന്ന കാലമാണിത്. കേരളപ്പിറവിക്കുശേഷം നടന്ന പ്രഥമ പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ അധികാര ത്തിലേറ്റിയത് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

ഗവൺമെന്റിനെയായിരുന്നു. ഏറെ പറഞ്ഞ് പഴകിയതാണെങ്കിലും പറയാതിരിക്കാൻ കഴിയില്ല. 1957-ലെ ഗവൺമെന്റായിരുന്നു കേരളത്തിന്റെ സാമൂഹിക വികസനത്തിന് ദിശാസൂചിക നൽകിയത്. ആ ഗവൺമെന്റിന്റെ സുസ്ഥിരമായ നിലനിൽപ്പ് സ്ഥാപിത താൽപ്പര്യക്കാർക്കും ചൂഷകർക്കും അലോസരമുണ്ടാക്കുന്നതുകൊണ്ടാണല്ലോ അത്തരക്കാർ വിമോചന സമരത്തിനെതിരെ അട്ടിമറി സമരം നടത്തിയതും ഇ.എം.എസ്. ഗവൺമെന്റിനെ ഇല്ലാതാക്കിയതും. ആ പാപത്തിന്റെ കറ അപ്പുറത്തിരിക്കുന്ന സ്നേഹിതന്മാരായ പലരുടെയും കൈകളിൽ ഇപ്പോഴും കാണുന്നുണ്ട്. ഇക്കാര്യം സൂചിപ്പിച്ചത്, കമ്മ്യൂണിസ്റ്റ് സർക്കാരും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നേതൃത്വം നൽകുന്ന സർക്കാരുകളും ജനക്ഷേമകരമായി മുന്നോട്ടുപോകുമ്പോൾ അതിനെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ ജനവിരുദ്ധ ശക്തികളുടെ ഭാഗത്തുനിന്ന് എല്ലാക്കാലത്തും ഉണ്ടാകുമെന്ന് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ്. അതിപ്പോഴും യു.ഡി.എഫ്. പരീക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അവരുടെ ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ലായെന്നതാണ് സത്യം. വജ്രജൂബിലി ആഘോഷങ്ങൾ പൂർത്തിയാകുന്നതോടെ കേരളത്തിന് പുതിയ രൂപഭാവങ്ങൾ നൽകാനുള്ള ശ്രമങ്ങളാണ് എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസന മുന്നേറ്റത്തെ അതിന്റെ സാകല്യാവസ്ഥയിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. നവകേരള മിഷൻ എന്ന പേരിൽ പ്രഖ്യാപിച്ചിട്ടുള്ള ബൃഹത്തായ പദ്ധതികളെല്ലാം കേരളത്തെ പുതിയ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ ലക്ഷ്യം വച്ചിട്ടുള്ളതാണ്.

എൽ.ഡി.എഫ്. സർക്കാർ ഇത്തവണത്തെ ബജറ്റ് അവതരിപ്പിച്ചത് കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിലാണ്. പ്രതിസന്ധിയിലാഴ്ത്തിയ ഇത്തരമൊരു ഘട്ടത്തിൽ കേരളത്തെ മുന്നോട്ട് നയിക്കാനുതകുന്ന ബഡ്ജറ്റ് അവതരിപ്പിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അത് വളരെ സമർത്ഥമായാണ് ഡോ. ടി. എം. തോമസ് ഐസക് കൈകാര്യം ചെയ്തിരിക്കുന്നത്. നോട്ട് നിരോധനം സൃഷ്ടിച്ച പ്രശ്നങ്ങളും പ്രതിസന്ധികളുമെല്ലാം 50 ദിവസംകൊണ്ട് മാറ്റുമെന്നാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി പറഞ്ഞിരുന്നത്. 50 ദിവസം കൊണ്ട് പ്രശ്നം പരിഹരിച്ചില്ലെങ്കിൽ തന്നെ പരസ്യമായി തൂക്കിക്കൊന്നോളൂ എന്നുവരെ ശ്രീ. നരേന്ദ്ര മോഡി പറഞ്ഞു. ഇപ്പോൾ 50 ദിവസത്തിന്റെ സ്ഥാനത്ത് 200 ദിവസത്തിനോട് അടുക്കുകയാണ്. ശ്രീ. മോഡിയുടെ വാക്കും പഴഞ്ചാക്കും ഒരുപോലെ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. കേരളത്തെ ശ്വാസംമുട്ടിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ എല്ലാ കുത്സിത ശ്രമങ്ങളെയും ധീരമായി നേരിട്ട് മുന്നോട്ടു പോകാൻ ഈ സർക്കാരിന് കഴിയുന്നുണ്ട്. കേരളത്തിന്റെ സ്വന്തം ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ കേന്ദ്ര സർക്കാർ ഇല്ലാതാക്കി. അത് നേരിടാൻ

കേരളം സ്വന്തമായി ബാങ്ക് തുടങ്ങാൻ പോകുകയാണ്. സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകളുടെ ക്ഷേമ പെൻഷനുകൾ വീടുകളിലെത്തിച്ച് നൽകുന്നതിന് ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതാണ് ഈ സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധത. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 20 മാസംവരെ കുടിശ്ശികയായിരുന്ന ക്ഷേമ പെൻഷനുകളാണ് ഇപ്പോൾ യഥാസമയം ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.ന് സ്വപ്നം കാണാൻ കഴിയാത്ത കാര്യമാണിത്. 1957-ൽ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ കൈക്കൊണ്ട ധീരമായ നടപടികളെ ഓർമ്മിപ്പിക്കുന്ന തരത്തിലാണ് ഇപ്പോഴത്തെ സർക്കാർ ഭവനരഹിതരില്ലാത്ത കേരളം പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇനിയും ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടി സർക്കാർ ആരംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഇടുക്കിയിൽ 5,500-ലേറെ കുടുംബങ്ങൾക്ക് പട്ടയം നൽകി. ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലും പരിസ്ഥിതി സംരക്ഷണ രംഗത്തുമൊക്കെ സമാനമായ പദ്ധതികളുമായാണ് എൽ.ഡി.എഫ്. സർക്കാർ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ മുന്നേറ്റത്തിനിടയിൽ വല്ലപ്പോഴുമൊക്കെ വീണുകിട്ടുന്ന എന്തെങ്കിലുമൊക്കെ ഊതിപ്പെരുപ്പിച്ച് ബഹളം വയ്ക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന് നേതൃത്വം നൽകുന്ന കോൺഗ്രസ്സിന്റെ കാര്യം കട്ടപ്പുറത്തല്ലേ? കോൺഗ്രസ്സുകാർ അടക്കിവാണിരുന്ന സംസ്ഥാനങ്ങളിൽ ഇപ്പോൾ ബി.ജെ.പി. ഭരണമല്ലേ; എങ്ങനെയാണ് ഇത് സംഭവിച്ചത്? ഉറങ്ങാൻ കിടക്കുന്ന കോൺഗ്രസ്സ് നേതാക്കൾ പലരും ഉണരുമ്പോൾ ബി.ജെ.പി.ക്കാരായി മാറുന്ന മാജിക്കല്ലേ രാജ്യത്തുടനീളം കാണുന്നത്. ഉത്തർപ്രദേശിൽ റീത്ത ബഹുഗുണ, ജഗദംബിക പാൽ ഹരിയാനയിൽ ഇന്ദ്രജിത്ത് സിംഗ് ചൗധരി, ഉത്തരാഖണ്ഡിൽ വീരേന്ദ്ര സിംഗ്, വിജയ് ബഹുഗുണ എന്നിവർ ഇപ്പോൾ ബി.ജെ.പി.-യിലാണ്. കോൺഗ്രസ്സിന്റെ മുൻ മുഖ്യമന്ത്രിമാരും മന്ത്രിമാരും പ്രസിഡന്റുമാരുമൊക്കെ ആയിരുന്ന ഇവരിൽ പലരും വിവിധ ബി.ജെ.പി. സർക്കാരുകളിൽ മന്ത്രിമാരാണ്. ഉത്തരാഖണ്ഡിൽ കോൺഗ്രസ്സിന്റെ അഞ്ച് പ്രമുഖരിപ്പോൾ ബി.ജെ.പി. മന്ത്രിസഭയിലെ അംഗങ്ങളാണ്. മുൻ വിദേശകാര്യ വകുപ്പുമന്ത്രിയും കർണ്ണാടക മുഖ്യമന്ത്രിയും മഹാരാഷ്ട്ര ഗവർണ്ണറുമൊക്കെയായിരുന്ന എസ്. എം. കൃഷ്ണ ഇപ്പോൾ ബി.ജെ.പി.യിലാണ്. ഇവരൊക്കെ ചില്ലറക്കാരാണോ? ഇന്നലെവരെ ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കുമൊപ്പമിരുന്ന് കമ്മിറ്റി കൂടിയിരുന്നവർ കമ്മിറ്റി കഴിഞ്ഞ് ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റും കണ്ണുതുറന്ന് നോക്കിയപ്പോൾ അവരെല്ലാം ബി.ജെ.പി.യുടെ കൂടാരത്തിനകത്തിരിക്കുന്നു. ഇനി എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമൊക്കെ കാവിക്കൊടി പിടിക്കുന്നതെന്നേ അറിയാനുള്ളൂ. മുൻപ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് പ്രവീൺ തൊഗാഡിയയെ പുഷ്പംപോലെ മാറാട് ക്രിമിനൽ കേസിൽനിന്ന് രക്ഷപ്പെടുത്തിയ

ആളല്ലേ ശ്രീ. ഉമ്മൻ ചാണ്ടി. അങ്ങനെ ബി.ജെ.പി.-യിലേയ്ക്ക് ഒരു പാലം പണ്ടേതന്നെ ഒരുക്കിയിട്ടുള്ളതാണ്. അദ്ദേഹത്തെ ബി.ജെ.പി.യിലേക്ക് കൊണ്ടുപോകാൻ ഒരു ദൂതൻ വന്നിരുന്നുവെന്ന് കുറച്ചുദിവസം മുമ്പ് ഒരു കോൺഗ്രസ്സ് നേതാവ് പറയുന്നത് കേട്ടു. ആ ദൂതൻ ഇപ്പോൾ ശാസ്തമംഗലത്തും കന്റോൺമെന്റ് ഹൗസിന്റെ പരിസരങ്ങളിലും ചുറ്റി നടക്കുന്നുവെന്നാണ് കേൾക്കുന്നത്. മോഡി-യോഗിമാർ തീവ്രഹിന്ദുത്വം അഴിച്ചുവിട്ട് രാജ്യത്ത് സംഘർഷമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവരുടെ ഈ നീക്കങ്ങൾക്കെതിരെ ഒന്ന് ഉറക്കെ മൂളാൻപോലും കോൺഗ്രസ്സിന് കഴിയുന്നുണ്ടോ? കോൺഗ്രസ്സ് എങ്ങനെ ബി.ജെ.പി.-യെ നേരിടുമെന്നാണ് പറയുന്നത്; രാജ്യത്ത് എവിടെയാണിപ്പോൾ കോൺഗ്രസ്സുള്ളത്; പഞ്ചാബും കർണ്ണാടകവും കഴിഞ്ഞാൽ പിന്നെ എവിടെയാണ് കോൺഗ്രസ്സുള്ളത്? കോൺഗ്രസ്സിന് ദേശീയ പാർട്ടിയുടെ പദവിതന്നെ നഷ്ടപ്പെടുമോയെന്ന സ്ഥിതിയാണ്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പുകൂടി കഴിയുമ്പോൾ ഇത് സംഭവിച്ചാലും അത്ഭുതപ്പെടാനില്ല. കമ്മ്യൂണിസ്റ്റുകാർ സോണിയ ഗാന്ധിക്ക് സിന്ദാബാദ് വിളിക്കുമെന്ന് കുറച്ചുദിവസം മുമ്പ് ശ്രീമാൻ എ. കെ. ആന്റണി പറയുന്നത് കേട്ടു. ശ്രീ. എ. കെ. ആന്റണി ബഹുതമാശക്കാരനാണെന്ന് പണ്ടേ തെളിഞ്ഞിട്ടുള്ളതാണല്ലോ. മാർക്സിസ്റ്റുകാർ നൂറ് വർഷത്തേയ്ക്ക് അധികാരത്തിൽ വരില്ലെന്ന് വളരെ കൃത്യമായി പ്രവചിച്ച ആളാണല്ലോ മി. എ. കെ. ആന്റണി. ഇതൊക്കെയാണ് രാജ്യത്തെ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങൾ.

ബി.ജെ.പി.-യുടെയും സംഘ് പരിവാറിന്റെയും ഭീഷണികൾ നേരിടാൻ കമ്മ്യൂണിസ്റ്റുകാർക്കും ഇടതുപക്ഷക്കാർക്കും മാത്രമേ കഴിയൂ. കോൺഗ്രസ്സ് വല്ലാതെ മെലിഞ്ഞുണങ്ങിപ്പോയില്ലേ; ആന കോട്ടുവാ ഇടുന്നതുപോലെ അണ്ണാൻ കോട്ടുവാ ഇട്ടിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് ഇടതുപക്ഷ മതനിരപേക്ഷ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടേണ്ടത് രാജ്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഭരണരംഗത്ത് അതിന് കരുത്ത് പകരുന്ന തരത്തിൽ എൽ.ഡി.എഫ്. സർക്കാർ മുന്നേറേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് സഹായകരമാണ് ഈ ധനവിനിയോഗ ബിൽ. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, 2017-ലെ കേരള ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്റെ ദീർഘമായ പ്രസംഗത്തിൽ കോൺഗ്രസ്സ് - ബി.ജെ.പി. ബന്ധം ആരോപിച്ച് സംതൃപ്തിയടഞ്ഞു. നിയമസഭയിലെ അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളും കേട്ടിട്ടുള്ള ആളാണ് ഞാൻ. ഇന്ന് ആദ്യമായിട്ടാണ് അദ്ദേഹം അഴിമതിയെക്കുറിച്ച് ഒന്നും പറയാതിരുന്നത്. അദ്ദേഹം എഴുന്നേറ്റാലുടനെ യു.ഡി.എഫ്.നെതിരായ അഴിമതി ആരോപണങ്ങൾ ഉന്നയിക്കും. ഇന്നലെ അദ്ദേഹം സബ്മിഷനിലൂടെ വിഴിഞ്ഞത്തെക്കുറിച്ചുമാത്രമേ

പറഞ്ഞുള്ളൂ. ഇന്ന് അഴിമതിയെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. കാരണം ദീർഘകാലമായി നിയമപോരാട്ടം നടത്തി അദ്ദേഹം ജയിലിലാക്കിയ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹവും മാത്രമാണ് ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ ക്യാബിനറ്റ് റാങ്ക് പദവിയുള്ള രണ്ടു പേർ. ജയിലിൽ കയറ്റിയ ശ്രീ. വി. എസ്. അച്യുതാനന്ദനും ജയിലേക്കുപോയ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ഒരേ സ്റ്റാറ്റസിലെത്തിയെന്നുള്ളതാണ് ഈ ഒരു വർഷത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. 2014 മാർച്ച് മാസം 12-ാം തീയതിയാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ സഭയിൽ ഏറ്റവും കൂടുതൽ ഉറങ്ങിയ ദിവസം. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി മാർച്ച് മാസം 13-ാം തീയതി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുമ്പോൾ അത് തടയാൻവേണ്ടി പ്രായംപോലും വകവയ്ക്കാതെ അദ്ദേഹം ഈ സഭയ്ക്കകത്ത് കിടന്നുറങ്ങിയ ഒരു ദിവസമായിരുന്നു അത്. മാർച്ച് മാസം 13-ാം തീയതി ഈ സഭയിലുണ്ടായ സംഭവങ്ങളെക്കുറിച്ച് അദ്ദേഹംതന്നെ ചോദിച്ചു, ബഡ്ജറ്റ് അവതരിപ്പിച്ചോ; കെ. എം. മാണി എന്തോ വിളിച്ചുപറയുന്നു, കുറേ ആളുകൾ തുള്ളിച്ചാടുന്നു എന്നുപറഞ്ഞ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പാർട്ടിയാണ് കോട്ടയം ജില്ലാ പഞ്ചായത്തിൽ ശ്രീ. കെ. എം. മാണിയുമായി ചേർന്ന് സഖ്യമുണ്ടാക്കിയിട്ടുള്ളത്. ഇതൊരു പുതിയ ബന്ധത്തിന്റെ തുടക്കമാണ്. അതെന്തുമാകട്ടെ, യു.ഡി.എഫ്.-ന്റെ കൂടെ നിൽക്കുന്നവരെല്ലാം കുറ്റക്കാരും അവരെ എൽ.ഡി.എഫ്. തൊട്ടാൽ അവരൊക്കെ ശുദ്ധന്മാരുമാകുന്ന രീതി വളരെ ദൗർഭാഗ്യകരമാണ്. പറഞ്ഞതെല്ലാം വിഴുങ്ങേണ്ടി വരികയല്ലേ? കോൺഗ്രസ്സുകാരൊക്കെ ബി.ജെ.പി. ആകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ഡൽഹി സന്ദർശന വേളയിൽ കേരള ഹൗസിൽ ചെന്ന് ശ്രീ. അരവിന്ദ് കേജരിവാളിനെ വിളിച്ച് ഇഡ്ഡലിയും ദോശയും പുട്ടും കടലയുമൊക്കെ കൊടുത്തു. അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർ ഡൽഹിയിൽ വിജയിച്ച ബി.ജെ.പി. കൗൺസിലർമാരെ വിളിച്ച് ഇതേ വസ്തുക്കൾതന്നെ കൊടുത്തു എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരള മുഖ്യമന്ത്രി ബി.ജെ.പി. വിരുദ്ധനായ മുഖ്യമന്ത്രിയെ സൽക്കരിക്കുമ്പോൾ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർ ബി.ജെ.പി.-ക്കാരെ സൽക്കരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. എന്തിനാണ് ഇവർ കർണ്ണാടകയിലേയ്ക്കും പഞ്ചാബിലേയ്ക്കും പോകുന്നത്? തിരുവനന്തപുരം നഗരസഭാ മേയർ മാർക്സിസ്റ്റ് പാർട്ടിക്കാരനാണല്ലോ. നൂറ് അംഗങ്ങളുള്ള തിരുവനന്തപുരം കോർപ്പറേഷനിൽ മാർക്സിസ്റ്റ് ഉൾപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 44 സീറ്റാണ്. ബി.ജെ.പി.ക്ക് 35-ഉം യു.ഡി.എഫ്.ന് 21-ഉം സീറ്റാണുള്ളത്. സ്വാഭാവികമായും 35-ഉം 21-ഉം ചേർന്നാൽ 56 അല്ലേ? 56-നേക്കാൾ വലുതല്ലല്ലോ 44. 44 പേരുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒന്നര വർഷംകൊണ്ട് ഈ കോർപ്പറേഷൻ ഭരിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? ഒരു സന്ദർഭത്തിൽപ്പോലും 21

അംഗങ്ങളുള്ള യു.ഡി.എഫ്. 35 അംഗങ്ങളുള്ള ബി.ജെ.പി.യുമായി കൂട്ടുകൂടിയിട്ടില്ലെന്ന് വളരെ അഭിമാനത്തോടെ ഞാൻ പറയുന്നു. ബഡ്ജറ്റിലൊക്കെ വരുമ്പോൾ ഞങ്ങൾക്ക് പ്രയാസമുണ്ട്. ബി.ജെ.പി.-യുമായി ചേർന്ന് ഒരു ഭരണത്തെ അട്ടിമറിക്കാൻ ഞങ്ങൾ തയ്യാറല്ല എന്നുള്ളതുകൊണ്ടാണ് തിരുവനന്തപുരം കോർപ്പറേഷനിൽ ഞങ്ങൾ ശക്തമായ നിലപാട് സ്വീകരിച്ചത്. തൊട്ടടുത്ത നേമത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ ബി.ജെ.പി.-യോടൊപ്പം ചേർന്നാണ് മാർക്സിസ്റ്റ് പാർട്ടി താഴെയിറക്കിയത്. ശ്രീ. ഐ. ബി. സതീഷിന്റെ നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ യു.ഡി.എഫ്.-ഉം മാർക്സിസ്റ്റ് പാർട്ടിയും ചേർന്ന് ബി.ജെ.പി.ക്കാരനായ പഞ്ചായത്ത് പ്രസിഡന്റിനെ താഴെയിറക്കി. വൈസ് പ്രസിഡന്റ് കോൺഗ്രസ്സുകാരനായിരുന്നു. മാർക്സിസ്റ്റ് പാർട്ടി ബി.ജെ.പി.-യുടെ കൂടെച്ചേർന്ന് കോൺഗ്രസ്സുകാരനായ വൈസ് പ്രസിഡന്റിനെ താഴെയിറക്കി. ഇപ്പോൾ അവിടെ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും ബി.ജെ.പി. ആണ്. കാരണം ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ആയി മത്സരിച്ചപ്പോൾ രണ്ടുപേർക്കും തുല്യ വോട്ട് ലഭിച്ചു. നറുക്കെടുപ്പിൽ ബി.ജെ.പി.-ക്ക് പ്രസിഡന്റ് സ്ഥാനവും വൈസ് പ്രസിഡന്റ് സ്ഥാനവും ലഭിച്ചു. പിന്നെ എന്തിനാണ് പഞ്ചാബിലേയ്ക്കും കർണ്ണാടകയിലേയ്ക്കും പോകുന്നത്? ഈ നിയമസഭാ മന്ദിരം നിലനിൽക്കുന്ന തിരുവനന്തപുരം കോർപ്പറേഷനിൽ ഞങ്ങൾ ഇടതുപക്ഷ ഭരണം നിലനിർത്താൻ സഹായിക്കുന്ന നിലപാട് സ്വീകരിച്ചപ്പോൾ തൊട്ടടുത്തുള്ള പഞ്ചായത്തിൽ ഞങ്ങളെ താഴെയിറക്കാനുള്ള സമീപനം നടക്കുന്നു. ഇതാണോ ബി.ജെ.പി.-കോൺഗ്രസ്സ് ബന്ധമെന്ന് പറയുന്നത്? പശ്ചിമ ബംഗാളിൽ ഞങ്ങളുടെ അഖിലേന്ത്യാ നേതൃത്വം അറിഞ്ഞുകൊണ്ടുതന്നെയാണ് മാർക്സിസ്റ്റ് പാർട്ടിയുമായി സഖ്യമുണ്ടാക്കിയത്. മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥികൾക്കുവേണ്ടി ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി സോണിയാ ഗാന്ധിയും വരെ വോട്ട് പിടിച്ചിട്ടുണ്ട്. അത് വർഗ്ഗീയകക്ഷികളെ താഴെയിറക്കാനുള്ള ഞങ്ങളുടെ പ്രഖ്യാപിത നയംതന്നെയാണ്. അതിനുവേണ്ടി മാർക്സിസ്റ്റ് പാർട്ടികയുൾപ്പെടെയുള്ളവരെ ഞങ്ങൾ സഹകരിപ്പിച്ചിട്ടുണ്ട്. വരാൻ പോകുന്ന രാഷ്ട്രപതി തെരഞ്ഞെടുപ്പിലും ഞങ്ങളുടെ നിലപാട് അതുതന്നെയാണ്. അതുകൊണ്ട് ബി.ജെ.പി.ക്കെതിരായിട്ടുള്ള സമരത്തിൽ കോൺഗ്രസ്സിന് മറ്റാരുടെയും സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. ഞാൻ അതുമാത്രമേ പറയുന്നുള്ളൂ.

ഈ ഗവണ്മെന്റിന്റെ ഒരു വർഷത്തെ ഭരണത്തിൽ ഇപ്പോഴും യു.ഡി.എഫ്.-നെ വിമർശിക്കുകയല്ലാതെ എന്ത് നേട്ടമുണ്ടാക്കാനാണ് കഴിഞ്ഞത്? ചില ഇടതുപക്ഷ മെമ്പർമാർ ഇപ്പോഴും കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണമെന്ന് പറയുന്നുണ്ട്; കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിൽ 4 വർഷമേ ഞങ്ങൾക്കുള്ളൂ; അവസാനത്തെ ഒരുവർഷം ഇടതുപക്ഷ ഭരണമാണ്. ഇപ്പോഴും പഴയ പല്ലവിയാണ്. കഴിഞ്ഞ വർഷത്തെ അതേ പല്ലവിതന്നെയാണ് ഇപ്പോഴും പാടിക്കൊണ്ടിരിക്കുന്നത്. ഇവിടെ വികസനത്തെ

കുറിച്ച് സൂചിപ്പിച്ചു. ഇവിടത്തെ പോലീസ് വകുപ്പിന്റെ സ്ഥിതി എന്താണ്? അധികാരത്തിൽ വന്നതിന്റെ അഞ്ചാം ദിവസം ഡി.ജി.പി.-യെ മാറ്റി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി അതിനെ ന്യായീകരിച്ചു. അതുസംബന്ധിച്ച് 11 മാസക്കാലം കേസ് നടത്തി. ആ കേസ്സിൽ തോറ്റ് തുന്നംപാടി, അവസാനം പിഴയൊടുക്കേണ്ടി വന്നു. അത് പിഴയല്ല; ഒരു ചാരിറ്റബിൾ സൊസൈറ്റിക്ക് സുപ്രീംകോടതി ആവശ്യപ്പെട്ട് സംഭാവന നൽകിയതാണെന്ന് പറഞ്ഞു. ഞാൻ ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങൾ പിഴയിട്ടിട്ടുമില്ല; മാപ്പു പറഞ്ഞിട്ടുമില്ല. അതിവിടെ പ്രസംഗിക്കുമ്പോഴാണ് ഇവിടത്തെ ചീഫ് സെക്രട്ടറി സുപ്രീംകോടതിയിൽ പോയി സമസ്താപരാധം ക്ഷമിക്കണമെന്നു പറഞ്ഞത്. ഞങ്ങൾക്ക് തെറ്റുപറ്റി; ഞങ്ങൾക്ക് മാപ്പ് നൽകണമെന്നു പറഞ്ഞു. ഇത് പറഞ്ഞില്ലായിരുന്നുവെങ്കിൽ പിറ്റേദിവസം അവർക്ക് എന്ത് സംഭവിക്കുമായിരുന്നു? അതുപോലെതന്നെ ഇവിടെ ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആയി നിയമിച്ചു. ഇപ്പോൾ എന്താണ് നടക്കുന്നത്; ദിവസേന ദിനപ്പത്രത്തിൽ വരുന്ന വാർത്തയെന്താണ്? ടി. പി. സെൻകുമാറിന് ഒരു ക്ലാർക്കിനെപ്പോലും മാറ്റാനുള്ള അവകാശമില്ല. ഇവിടെ ഏത് സർക്കാർ അധികാരത്തിൽ വന്നാലും സർക്കിൾ ഇൻസ്പെക്ടർ മുതലുള്ള ട്രാൻസ്ഫറാണ് സർക്കാർ ഇടപെട്ട് നടത്താറുള്ളത്. പോലീസ് വകുപ്പിലെ സർക്കിൾ ഇൻസ്പെക്ടർക്കുതാഴെയുള്ള എസ്.ഐ.-മാരുടെയും പ്യൂണിന്റെയും ക്ലാർക്കുമാരുടെയുമൊക്കെ കാര്യങ്ങളിൽ സർക്കാർ ഇടപെടാറില്ല. തങ്ങൾക്കിഷ്ടമില്ലാത്ത ഒരാൾ ഡി.ജി.പി.-യുടെ കസേരയിൽ വന്നിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം ചെയ്യുന്നതിനെയെല്ലാം എതിർക്കുകയാണ്. അതിന്റെ പരിണിതഫലം പോലീസിലും ചക്കളത്തിൽപ്പോരാട്ടം തുടങ്ങി എന്നുള്ളതാണ്. മാസങ്ങൾക്കുമുമ്പ് ഇവർ കുറ്റപ്പെടുത്തിയ അഡീഷണൽ ഡി.ജി.പി., ശ്രീ. ടോമിൻ തച്ചങ്കരിയെയാണ് ഇന്ന് പോലീസിൽ മുഖ്യമന്ത്രിയുടെ കാര്യങ്ങൾ നടപ്പാക്കാൻവേണ്ടി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡി.ജി.പി. എന്ത് ചെയ്താലും അതിനെ എതിർക്കുകയെന്നുള്ളതാണ് അദ്ദേഹത്തിന്റെ ജോലി. അവസാനം ദിനപ്പത്രത്തിൽ വന്ന വാർത്ത, ഡി.ജി.പി.-യും അഡീഷണൽ ഡി.ജി.പി.-യും തമ്മിൽ തല്ലിന്റെ വക്കുവരെയെത്തി; മറ്റ് ഉദ്യോഗസ്ഥർ വന്ന് പിടിച്ചുമാറ്റിയെന്നാണ്. ഇത്രയും നാണംകെട്ട ഒരവസ്ഥയുണ്ടായിട്ടുണ്ടോ? മറ്റൊരു അഡീഷണൽ ഡി.ജി.പി., നമ്മുടെ പഴയ തത്ത, അദ്ദേഹം ഇപ്പോൾ ഒരു പുസ്തകം എഴുതിയെന്ന് പറഞ്ഞു. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ ധാരാളം പുസ്തകങ്ങൾ എഴുതാറുണ്ട്. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. കാരണം റിട്ടയർ ചെയ്തുകഴിഞ്ഞാൽ പിന്നെ അവർക്ക് നിയമങ്ങൾ ബാധകമല്ല. 'സർവീസ് സ്റ്റോറി' എന്നൊക്കെപ്പറഞ്ഞ് മുൻ ചീഫ് സെക്രട്ടറിമാർ, റിട്ടയേർഡ് ഡി.ജി.പി.മാരുൾപ്പെടെ ആത്മകഥകൾ എഴുതിയിട്ടുണ്ട്, ഓരോ മുഖ്യമന്ത്രിമാരുടെ കൂടെയും പ്രവർത്തിച്ചതിനെക്കുറിച്ചൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും സർവീസിലുള്ള, ഐ.പി.എസ്. ഉദ്യോഗം വഹിക്കുന്ന ഒരാൾ,

ചിലരെയൊക്കെ മാന്യന്മാരായും ചിലരെയൊക്കെ മോശക്കാരായും ചിത്രീകരിച്ച് 'സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ' എന്നുപറഞ്ഞ് പുസ്തകം എഴുതിയാൽ അതിന് സർവീസ് ചട്ടങ്ങളൊക്കെ ബാധകമല്ലേ? എന്നിട്ട് അത് ഉദ്ഘാടനം ചെയ്യാൻവേണ്ടി മുഖ്യമന്ത്രിയെ ക്ഷണിക്കുക! ഏതായാലും അതിൽ മുഖ്യമന്ത്രി പങ്കെടുത്തില്ല; അതൊരു നല്ല കാര്യംതന്നെ. ഒരുദ്യോഗസ്ഥന് എന്തും വിളിച്ചുപറയാമോ? എന്തിനധികം പറയുന്നു, മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾപോലും അഴിമതിയാരോപണം ഉന്നയിക്കാതിരുന്ന ശ്രീ. സി. ദിവാകരനെക്കുറിച്ചുവരെ അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതി എന്നാണ് പറയുന്നത്. ഇങ്ങനെ ആർക്കും എന്തും പറയാമെന്നാണോ? അങ്ങനെ ഒരു ഉദ്യോഗസ്ഥനെ കയറൂരി വിട്ടാൽ, സർക്കാരിന് ഇഷ്ടമില്ലാത്ത ഉദ്യോഗസ്ഥർക്ക് രക്ഷയില്ല; അങ്ങനെ ഉദ്യോഗസ്ഥരുടെ ഇടയിൽ രണ്ട് വിഭാഗമായില്ലേ? ഇന്നത്തെ ദിനപ്പത്രത്തിൽ കണ്ടു, തിരുവനന്തപുരത്തെ മുൻ ജില്ലാ കളക്ടറായിരുന്ന ബിജു പ്രഭാകറിന് സർവീസ് മതിയായി 'ഞാൻ ഇത് നിർത്തിപ്പോകുകയാണ്, ഒന്നും ചെയ്യാത്തവർക്ക് മാർക്കറ്റുള്ള ഒരു സ്ഥലത്ത് ഞാനും അങ്ങനെ പോകുന്നതാണ് നല്ലത് എന്നുപറഞ്ഞ് ഇടതുപക്ഷത്തിനുപോലും സ്വീകാര്യനായിരുന്ന ബിജു പ്രഭാകർപോലും സർവ്വീസ് വിടാൻ പോകുകയാണ്.

നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ, ധാരാളം സഹകാരികളുള്ള സംസ്ഥാനമല്ലേ കേരളം. സഹകരണ പ്രസ്ഥാനത്തെ തൊടാൻ കേന്ദ്രസർക്കാർ വന്നപ്പോൾ ഈ ഭാഗത്തും ആ ഭാഗത്തുമിരിക്കുന്നവരൊക്കെ എല്ലാംമറന്ന് ഒരുമിച്ച് പോരാടിയതല്ലേ; ഇപ്പോൾ ആ സഹകരണ പ്രസ്ഥാനത്തെ തകർക്കുകയല്ലേ ചെയ്യുന്നത്? സഹകരണ നിയമം മാറ്റിക്കോളൂ, അതിൽ ഞങ്ങൾക്കൊന്നും പരാതിയില്ല. കാരണം നമ്മളൊക്കെ അധികാരത്തിൽ വരുമ്പോൾ നിയമങ്ങളിൽ ചില ഭേദഗതികൾ വരുത്താറുണ്ട്. അതനുസരിച്ച് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ എൽ.ഡി.എഫ്.ഉം യു.ഡി.എഫ്. ഭരിക്കുമ്പോൾ യു.ഡി.എഫ്.-ഉം സഹകരണ ബാങ്കുകൾ ഭരിക്കാറുണ്ട്. ഇന്ന് ആ സംവിധാനം ഇല്ലാതാവുകയല്ലേ; ഇന്ന് ജില്ലാ സഹകരണ ബാങ്കുണ്ടോ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് ..... കൺക്ലൂഡ്.

ശ്രീ. കെ. മുരളീധരൻ: സർ, അങ്ങേയ്ക്കറിയാമല്ലോ, ഞാൻ അങ്ങനെ ദീർഘമായി സംസാരിക്കാത്തതാണ്, കൺക്ലൂഡ് ചെയ്യാം. നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമധികം അഭിമാനിച്ചിരുന്ന സഹകരണപ്രസ്ഥാനം ഇല്ലാതാവുകയല്ലേ? സഹകരണബാങ്കായിരുന്ന സമയത്തുതന്നെ ഇൻകം ടാക്സുകാർ വന്ന് എപ്പോഴും റെയ്ഡ് ചെയ്യുമായിരുന്നില്ലേ; ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ സഹകരണബാങ്ക് പ്രസിഡന്റായിരുന്ന ആളാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ വെള്ളിയാഴ്ച ഉച്ചവരെ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി. കേരള ബാങ്ക് ആകുമ്പോൾ ഇത് സഹകരണ

ബാങ്കൊന്നുമല്ല; ഇത് ഞങ്ങളുടെ പൂർണ്ണമായിട്ടുള്ള നിയന്ത്രണത്തിലാണെന്ന് പറഞ്ഞ് കേരള ബാങ്കിനെയും തകർക്കാൻ ഇൻകം ടാക്സുകാർ ശ്രമിക്കും. അതിന് ശ്രീ. നരേന്ദ്ര മോഡിയുടെ പിന്തുണയുമുണ്ടാകും. ഇത് വെറുതെ വടികൊടുത്ത് അടി വാങ്ങുകയല്ലേ; മാത്രമല്ല, ഭരണമാറ്റമുണ്ടായാൽ ഈ സ്ട്രക്ച്ചറിൽ നിന്ന് പുറത്തുകടക്കാൻ കഴിയുമോ? ചുരുക്കിപ്പറഞ്ഞാൽ കിഫ്ബിയെ രക്ഷിക്കാൻവേണ്ടി, കിഫ്ബി ഒരു കൈവിട്ട കളിയാണ്, ധനകാര്യ വകുപ്പുമന്ത്രിക്ക് കോൺഫിഡൻസുണ്ടെങ്കിൽ ആയിക്കോട്ടെ; ഞങ്ങൾ തടസ്സം നിൽക്കുന്നില്ല; നേട്ടങ്ങളുണ്ടെങ്കിൽ നമുക്ക് ഷെയർ ചെയ്യാം, സമ്മതിച്ചു; ആ കൈവിട്ട കളിക്ക് വരുമാനമുണ്ടാക്കാൻ ഒരു സഹകരണ പ്രസ്ഥാനത്തെ തകർക്കേണ്ട കാര്യമുണ്ടോ?

ഇവിടെ ക്ഷേമപെൻഷനെക്കുറിച്ച് പറഞ്ഞു, ആദ്യത്തെ ഒരാവേശത്തിൽ കൊടുത്തതിനുശേഷം ഇപ്പോൾ ക്ഷേമപെൻഷൻ ഇല്ലെന്നുമാത്രമല്ല, തൊഴിലുറപ്പ് പദ്ധതിയുടെ കാശുപോലും കിട്ടുന്നില്ല. കെ.എസ്.ആർ.ടി.സി.-യിൽ ഒരു മാസം പെൻഷൻ മുടങ്ങിയപ്പോൾ എന്തൊരു ബഹളമായിരുന്നു? ഇപ്പോൾ പെൻഷനില്ലാതെയായിട്ട് മൂന്നുമാസമായി. എനിക്ക് ഇനിയും പറയാൻ കുറേയുണ്ട്; അങ്ങ് ഇടയ്ക്കിടയ്ക്ക് ഇടപെടുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. ബാക്കിയൊക്കെ ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ പറയുമെന്നുള്ളതുകൊണ്ട് ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ കഴിഞ്ഞ ഒരു വർഷത്തെ ഭരണത്തെക്കുറിച്ച് മനഃസാക്ഷിയോടുകൂടി മാർക്കിടുകയാണെങ്കിൽ 20 ശതമാനത്തിൽ കൂടുതൽ മാർക്കിടാൻ കഴിയില്ല. സമ്പൂർണ്ണമായി പരാജയപ്പെട്ട, പരിപൂർണ്ണമായി പരാജയപ്പെട്ട ഒരു സർക്കാരാണിത്. ഞാൻ നിർത്തുന്നു

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്]

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> സർ, 2017-18 സാമ്പത്തിക വർഷത്തെ ധനവിനിയോഗ ബില്ലിനെ സന്തോഷപൂർവ്വം ഞാൻ സ്വാഗതം ചെയ്യുകയാണ്. ലോകത്ത് സാമ്പത്തിക മേഖലയിൽ ആകെയൊരു മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. വലതുപക്ഷ നയങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന കേന്ദ്രഗവൺമെന്റിന് ഈ നയങ്ങളോട് ഒത്തുനിന്ന് ഇന്ത്യയിലെ സാധാരണ ജനങ്ങളെ സംരക്ഷിക്കാനാവുകയില്ല. ഇവിടെയാണ് ഒരു ബദൽ സാമ്പത്തിക രാഷ്ട്രീയനയത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. അതിനുള്ള ശ്രമമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര കമ്പോളത്തെ ജനങ്ങൾക്കുവേണ്ടി സംരക്ഷിക്കുകയെന്നതാണ് ഈ നയത്തിന്റെ ഉദ്ദേശ്യം. വിദേശകമ്പോളം അധിക സാദ്ധ്യതകൾ ഇല്ലാതാക്കുന്ന ഈ കാലത്ത് ആഭ്യന്തര കമ്പോളത്തിലെ സാദ്ധ്യതകൾ വിദേശ കുത്തകകൾക്ക് തുറന്നുകൊടുക്കുകയും അതിന്റെ ശിക്ഷ ജനങ്ങൾ അനുഭവിക്കുകയും

ചെയ്യുന്ന നയമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതിനുദാഹരണമാണ് കേന്ദ്രം സ്വീകരിക്കുന്ന റബ്ബർ നയം. 47-ഓളം വരുന്ന ടയർ മുതലാളിമാരെ സംരക്ഷിക്കുകയും 13 ലക്ഷം കർഷകരെയും 10 ലക്ഷം അനുബന്ധ ജോലി ചെയ്തു ജീവിക്കുന്നവരെയും ദുരിതത്തിലാഴ്ത്തുകയും ചെയ്യുന്ന നയമാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. ഈ കോർപ്പറേറ്റ് ചൂണ്ടകളിൽ കൊരുത്തെടുക്കുന്ന ഇരകളായി കർഷകരും തൊഴിലാളികളും മാറുമ്പോൾ ഈ നയം തിരുത്തുന്നതിനുള്ള ഒരു സംസ്ഥാനത്തിന്റെ പരിമിതമായിട്ടുള്ള അധികാര അവകാശങ്ങൾക്കകത്ത് നിന്നുള്ള ശ്രമമാണ് കേരളം നടത്തുന്നത്. വലതുപക്ഷ കോർപ്പറേറ്റ് നയങ്ങൾ ലോകത്താകെയുള്ള തൊഴിൽമേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ലോകത്ത് വിശേഷിച്ച് ഗൾഫിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. നമ്മുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് ആഭ്യന്തര കമ്പോളം വികസിപ്പിച്ചെങ്കിൽമാത്രമേ ഇതിന്റെ ആഘാതത്തിൽ നിന്ന് നമുക്ക് രക്ഷ നേടാൻ കഴിയുകയുള്ളൂ. ഇതിനാണ് വിദ്യാഭ്യാസ മേഖലയെ ആവശ്യമായ അളവിൽ ആധുനികവൽക്കരിച്ചും മലയാളഭാഷയെ വികസിപ്പിച്ചും നമ്മുടെ പ്രകൃതിയെ സംരക്ഷിച്ചും ജലത്തെ ശുദ്ധീകരിച്ചും സൂക്ഷിച്ചും മുന്നോട്ടു പോകുന്നത്.

ഒരു ബദൽ പരീക്ഷണത്തിനാണ് കേരളം ഒരുങ്ങുന്നത്. ഇതിനുവേണ്ടിയുള്ള വിഭവങ്ങൾ പരമ്പരാഗത രീതിയിൽ സമാഹരിക്കാൻ കഴിയാത്തതുകൊണ്ടാണ് കിഫ്ബിയിലൂടെ പുതിയ വഴികൾ തുറന്നുകാണിച്ചത്. പ്രതിസന്ധി ഘട്ടത്തിൽ പ്രതീക്ഷ പുലർത്താൻ കഴിഞ്ഞുവെന്നതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. പാവപ്പെട്ട മനുഷ്യർക്ക് വീടും വെളിച്ചവും വെള്ളവും തൊഴിലും ആരോഗ്യവും നൽകാൻ കഴിയണമെങ്കിൽ നമുക്ക് ചില മിഷനുകൾ മുന്നോട്ട് വയ്ക്കാൻ കഴിയണം. അതിനാണ് കേരളം ഇടതുപക്ഷ ജനകീയ നയങ്ങളുടെ തുടർച്ചയായി ലൈഫ് പദ്ധതി, ആർദ്രം പദ്ധതി, ഹരിത കേരളം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് മിഷനുകൾ മുന്നോട്ട് വച്ചത്. ഭൂമിയില്ലാത്ത, വീടില്ലാത്ത, ഭൂമിയും വീടും ഇല്ലാത്ത നാല് ലക്ഷത്തോളം പേർ ഇന്ന് കേരളത്തിലുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീട് ഇല്ലാത്തവർക്ക് വീടും ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുവാനുള്ള ഏറ്റവും നല്ലൊരു പ്രവർത്തനവുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. 1957 മുതൽ ഇ.എം.എസ്. ഗവൺമെന്റ് നടപ്പാക്കിയ നയങ്ങൾ പിൻതുടർന്നു കൊണ്ടുതന്നെയാണ് ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. എം. എൻ. ഗോവിന്ദൻ നായരുടെ ലക്ഷംവീട് പദ്ധതിയും ഇ.എം.എസ്. ഭവന പദ്ധതിയും ഉൾപ്പെടെ പാവപ്പെട്ടവരെയും അടിസ്ഥാന ജനവിഭാഗങ്ങളെയും

പൊതുധാരയിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ചെറിയ കൂരകളും ആസ്ബറ്റോസ് ഷീറ്റ് വിരിച്ച വീടുകളും ഓടിട്ട വീടുകളും നാം കണ്ടിട്ടുണ്ട്. എം. എൻ ലക്ഷ്യം വച്ചതും ഇന്ന് ഇടതുപക്ഷപ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നതും ഫ്ലാറ്റ് എന്നുള്ള രീതിയാണ്. അടിസ്ഥാന ജനവിഭാഗങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിനും വ്യത്യസ്തതയ്ക്കും വേണ്ടിയുള്ള ലക്ഷ്യമാണ് വീട് എന്നുപറയുന്നത്. ആ ലക്ഷ്യമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അഞ്ച് വർഷംകൊണ്ട് ലൈഫ് പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. രോഗികളും സമൂഹവും തമ്മിലുള്ള അകൽച്ച മാറ്റിക്കൊണ്ട് സാധാരണക്കാരെ ചൂഷണം ചെയ്യുന്ന സ്വകാര്യ ആശുപത്രികളിൽ നിന്നെല്ലാം വിടുതൽ നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ആർദ്രം പദ്ധതി നടപ്പാക്കുന്നത്. ഇന്ന് കിഡ്നി, ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു ലക്ഷത്തോളം വരുന്ന രോഗികളാണ് ആർ.സി.സി.യിൽ വന്നുകൊണ്ടിരിക്കുന്നത്. സാധാരണക്കാർക്ക് കയറിച്ചെല്ലാൻ സാധിക്കുന്നൊരു ഇടമാക്കി സർക്കാർ ആശുപത്രികളെ (സി.എച്ച്.സി.കൾ, പി.എച്ച്.സി.കൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ) മാറ്റുന്നതിനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പച്ചക്കറിയും അരിയും ഉൾപ്പെടെ വിഷലിപ്തമായിട്ടുള്ള ഭക്ഷണ സാധനങ്ങളാണ് ഇന്ന് നമ്മുടെ നാട്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. അത് കഴിച്ചുണ്ടാകുന്ന ക്യാൻസർപോലുള്ള മാരകരോഗങ്ങൾക്ക് ചികിത്സിക്കാൻപോലും കഴിയാത്ത സാഹചര്യമുണ്ട്. നമ്മുടെ സമ്പത്തിന്റെ 70 ശതമാനം ചികിത്സയ്ക്ക് വേണ്ടിവരുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. അതിനെല്ലാം ഒരു ബദൽ സംവിധാനമാണ് നമുക്ക് രൂപപ്പെടുത്തിയെടുക്കേണ്ടത്. കാർഷിക മേഖലയിൽ വ്യക്തമായിട്ടുള്ള ഇടപെടലിലൂടെ പച്ചക്കറി ഉൽപ്പാദനത്തിലും തരിശുഭൂമിയിൽ കർഷകർക്ക് കൃഷി ചെയ്യാനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊണ്ടും കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനുമുള്ള ശ്രമമാണ് കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളം സ്വയംപര്യാപ്തതയിലേയ്ക്കും പച്ചപ്പിലേയ്ക്കും മാലിന്യവിമുക്തമാകുന്ന രീതിയിലേയ്ക്കും രോഗികളില്ലാത്ത ഒരു സമൂഹത്തെ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങളിലേയ്ക്കുമാണ് ഹരിത കേരളം പദ്ധതിയിലൂടെ പോയിക്കൊണ്ടിരിക്കുന്നത്.

ഒരു മതേതര സമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കുന്നത്. ഇത് ചരിത്രം മാറ്റി എഴുതാനുള്ള ശ്രമമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. വർഗ്ഗീയ ചിന്താഗതികൾ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളാണ് നാളെകളിൽ വരാൻ പോകുന്നത്. ഇന്നുകാണുന്ന ചരിത്രമായിരിക്കില്ല നാളെകളിൽ കാണാൻ പോകുന്നത്.

കേന്ദ്ര സർക്കാരിന്റെ ഇന്നത്തെ വിദ്യാഭ്യാസ നയത്തിലൂടെ ഇന്ത്യയെ വർഗ്ഗീയവൽക്കരണത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുപോകുന്നതിന് ചെറുപ്പത്തിൽത്തന്നെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന രീതിയിൽ പാഠപുസ്തകങ്ങൾ മാറ്റപ്പെടുമ്പോൾ നമുക്ക് നമ്മുടേതായ സാക്ഷര കേരളത്തിന്റെ മതേതരത്വ സ്വഭാവം ഉയർത്തിപിടിക്കുന്നതിന് വേണ്ടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസം സാധാരണക്കാരിൽ എത്തിക്കുന്ന രീതിയിലേയ്ക്കുള്ള ഒരു വിദ്യാഭ്യാസ നയമാണ് രൂപീകരിക്കുന്നത്. ഇന്ന് കാണുന്നതായിരിക്കില്ല നാളെകളിൽ കാണാൻ പോകുന്ന വിദ്യാർത്ഥി സമൂഹമെന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയോടുകൂടി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും ഒരുക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ് ആക്കുന്നതിനും എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും അവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുമുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ വിദ്യാർത്ഥിക്കും അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് അതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ വിദ്യാർത്ഥിയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുമ്പോൾ ഏത് സംസ്ഥാനത്തായാലും ഏത് രാജ്യത്തായാലും അവന്റെ വ്യക്തിത്വ രൂപീകരണത്തിൽ, അവൻ ഏത് മേഖലയിലാണ് തൊഴിലെടുക്കുന്നത്, ഏത് വിദ്യാഭ്യാസ മേഖലയിലേയ്ക്കാണ് ആ വിദ്യാർത്ഥി പോകുന്നത് എന്ന് മനസ്സിലാക്കി അവരോടൊപ്പം നിൽക്കുന്ന സാഹചര്യം ഒരുക്കുന്ന രീതിയിലേക്ക് സ്കൂളുകളെ കൊണ്ടെത്തിക്കുകയെന്ന ലക്ഷ്യത്തോടെയും മതേതരത്വ സ്വഭാവം സമൂഹത്തിൽ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ നാല് മിഷനോടുകൂടി കേരളത്തിന്റെ മുഖച്ഛായ മാറ്റപ്പെടുന്ന രീതിയിലേയ്ക്ക് വരുന്നുവെന്നുള്ളതാണ് നമ്മൾ കാണാൻ പോകുന്നത്. കേരളത്തിൽ പുതിയൊരു സംസ്കാരം ഉടലെടുക്കുന്നുണ്ടെന്നും ആ സംസ്കാരത്തെ ഒരു മതേതരത്വ സംസ്കാരത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ കഴിയുമെന്നുമുള്ള ഉത്തമവിശ്വാസം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുണ്ട്. അതുപോലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുമുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആരോഗ്യമേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും വാണിജ്യവൽക്കരണം ഒഴിവാക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ആരോഗ്യമേഖലയിൽ സ്വകാര്യ ആശുപത്രികളും ഹൈടെക് ആശുപത്രികളും സാധാരണക്കാരെ ചൂഷണം ചെയ്യുന്ന രീതിയിലേയ്ക്കാണ് ഇന്ന് പോയിക്കൊണ്ടിരിക്കുന്നത്. അതിനെയെല്ലാം ഇല്ലായ്മ ചെയ്യുന്നതിന് ഒരു ബദൽ സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. തീർച്ചയായും വലതുപക്ഷ നയം സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിനുള്ള കേരളത്തിന്റെ മറുപടിയാണ് ഈ നാല് മിഷനുകളെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

നമ്മുടെ സാമ്പത്തിക ഭദ്രത നിലനിർത്തിക്കൊണ്ട് സാമൂഹികക്ഷേമ പദ്ധതികൾക്ക് വർദ്ധിച്ചതോതിൽ സാമ്പത്തികസഹായം നൽകുന്ന ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എന്നാൽ അധിക വിഭവസമാഹരണം കണ്ടെത്താനാകാതെ ഇക്കാര്യത്തിൽ അധികകാലം മുന്നോട്ടുപോകാൻ കഴിയുമോ; സാധാരണക്കാർക്ക് ദോഷകരമല്ലാതെ അധികനികുതി നിർദ്ദേശങ്ങൾ കൊണ്ടുവരാൻ കഴിയുമോ എന്നുകൂടി ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ നയങ്ങൾ കോൺഗ്രസ്സ് മനസ്സിലാക്കേണ്ടതാണ്. 1993 മുതലുള്ള സാമ്പത്തിക നയങ്ങളാണ് കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങൾക്കും തിരിച്ചടിയായിട്ടുള്ളതെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയെ വർഗ്ഗീയവൽക്കരണത്തിലേയ്ക്കും സാമ്പത്തികപരമായ അടിമത്വത്തിലേയ്ക്കും നയിച്ചത് ആരാണെന്ന് ചോദിച്ചാൽ അതിനുള്ള ഉത്തരവാദിത്വം കോൺഗ്രസ്സുകാർക്കാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക നയത്തിൽനിന്നും വിഭിന്നമായി പി. വി. നരസിംഹറാവു, ശ്രീ. മൻമോഹൻ സിംഗ് എന്നിവരിലൂടെ കോൺഗ്രസ്സുകാർ കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയമാണ് സാമ്രാജ്യത്വ ശക്തികളെ ഇന്ത്യയിലേയ്ക്ക് കൊണ്ടുവന്നതും ആണവ കരാറിലൂടെയും ആസിയാൻ കരാറിലൂടെയും 10 ശതമാനം വരുന്ന കുത്തകകളുടെ കൈകളിലേയ്ക്ക് ഇന്ത്യയുടെ സമ്പത്ത് കേന്ദ്രീകരിക്കുന്നതിന് അവസരമൊരുക്കിയതും എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. 10 ശതമാനം കുത്തകകളുടെ കൈകളിലേക്ക് ഇന്ത്യയുടെ സമ്പത്ത് മുഴുവൻ കേന്ദ്രീകരിക്കുന്നതിനും 90 ശതമാനം ജനവിഭാഗങ്ങളെ പട്ടിണിയിലേയ്ക്ക് എത്തിക്കുന്നതിനും അവസരമൊരുക്കിയത് കോൺഗ്രസ്സ് സർക്കാരാണ്. ആ നയങ്ങൾ തന്നെയാണ് മോഡി സർക്കാരും പിൻതുടരുന്നതെന്ന് മനസ്സിലാക്കേണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാതാക്കുകയും ചെറുകിട മേഖല, കാർഷിക മേഖല, വിദ്യാഭ്യാസ മേഖല, റെയിൽവേ, ഇൻഷ്വറൻസ് മേഖല, പുഴകൾ, മാധ്യമ മേഖല, ഇലക്ട്രിസിറ്റി തുടങ്ങിയ സർവ്വ മേഖലകളെയും സ്വകാര്യ മേഖലക്ക് തീറെഴുതി, സംവരണം പോലുമില്ലാതാകുന്ന വിധത്തിലേയ്ക്ക് പോകുന്നുവെന്നത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ചെറുകിട മേഖലയെ വാൾമാർട്ടുകാരന് പൂർണ്ണമായി നൽകിക്കൊണ്ട്, നമ്മൾ ഇന്ന് എന്ത് ഭക്ഷണം കഴിക്കണമെന്നും നമ്മൾ ഏത് വസ്ത്രം ധരിക്കണമെന്നും അവർ തീരുമാനിക്കുന്ന രീതിയിലേയ്ക്ക്, വാൾമാർട്ടുകാരനും ആമസോൺകാരനും ഇന്ത്യയിലേയ്ക്ക് കടന്നുവരുന്നതിനുള്ള അവസരം ഒരുക്കിക്കൊടുത്തത് കഴിഞ്ഞകാല കോൺഗ്രസ്സ് സർക്കാരാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അതിന്റെ പിൻതുടർച്ച എന്ന നിലയിൽ സാമ്പത്തികപരമായി സാമ്രാജ്യത്വശക്തികൾക്കും സ്വകാര്യ കുത്തകകൾക്കുമെല്ലാം അടിയറ വയ്ക്കുന്ന അതേ നയങ്ങൾ തന്നെയാണ് ബി.ജെ.പി. സർക്കാരും പിൻതുടർന്നുകൊണ്ടിരിക്കുന്നത്. മാധ്യമ മേഖലയുൾപ്പെടെ സർവ്വമേഖലകളും പൂർണ്ണമായി വിട്ടുകൊടുക്കുന്നതുവഴി ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന പ്രാദേശിക ചാനലുകൾ ഉൾപ്പെടെയുള്ള മാധ്യമ ശൃംഖലകളെയെല്ലാം വിഴുങ്ങാൻ

പോകുന്നത് മെർഡോക് എന്ന വിദേശ കുത്തക കമ്പനിയാണെന്നുള്ളത് നാം തിരിച്ചറിയേണ്ടതാണ്. ആരാണ് ഇതിന് അവസരമൊരുക്കിക്കൊടുത്തത്? നമ്മൾ ഏത് സംഗീതവും പരസ്യവും വാർത്തയും കേൾക്കണമെന്നും ഏത് സോപ്പ് ഉപയോഗിക്കണമെന്നും ആരുടെ സിനിമ കാണണമെന്നുമടക്കമുള്ള നമ്മുടെ ചിന്തകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ, നമ്മുടെ ചിന്താമണ്ഡലങ്ങളെ പരസ്യ വിപണിയിലേയ്ക്ക് ആകർഷിക്കത്തക്ക രീതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇതുവഴി ഭാവിയിൽ വരാൻ പോകുന്നത്. മുതലാളിത്ത സംസ്കാരം ഇന്ത്യയിലേയ്ക്ക് കൊണ്ടുവന്നതുകൊണ്ട് നാളെ നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് മാധ്യമ ഭീമനായ മർഡോക്കാണെന്ന രീതിയാണ് അവർ ഇവിടേയ്ക്ക് കടന്നുവരുമ്പോഴുണ്ടാകാൻ പോകുന്നത്. നമ്മുടെ ചാനലുകൾ ഇല്ലാതാകുന്നതോടുകൂടി മുതലാളിത്തത്തിനുവേണ്ടി പരസ്യവിപണിക്കാർ വിറ്റഴിക്കുന്ന സാധനങ്ങൾ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവർ പറയുന്ന വില കൊടുത്ത് വാങ്ങാൻപോലും കഴിയാത്ത സാഹചര്യമാണ് ഭാവിയിലുണ്ടാകാൻ പോകുന്നത്. ചെറിയ വസ്തുക്കൾക്കുപോലും വലിയ വില നൽകേണ്ട അവസ്ഥ വരുമ്പോൾ ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗങ്ങളെല്ലാം പട്ടിണിയിൽ നിന്ന് കൂടുതൽ പട്ടിണിയിലേയ്ക്ക് പോകുന്ന സാഹചര്യമാണ് ഭാവിയിലുണ്ടാകാൻ പോകുന്നത്. ഇതിനെല്ലാം അടിത്തറയിട്ടത് കോൺഗ്രസ്സ് സർക്കാരാണ്. ഇതിൽ നിന്നും അൽപ്പംപോലും മാറിനിൽക്കാൻ അവർക്ക് കഴിയില്ല. എല്ലാ മേഖലകളെയും സ്വകാര്യവൽക്കരണത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുപോയതും കാർഷികമേഖലയെ മൊൺസാന്റോ അടക്കമുള്ള വിദേശ സ്വകാര്യകുത്തകൾക്ക് വിട്ടുകൊടുത്തതും കോൺഗ്രസ്സുകാരാണ്. പെട്രോൾ, ഡീസൽ വില വർദ്ധിപ്പിക്കാനുള്ള അധികാരം റിലയൻസ് അടക്കമുള്ള കമ്പനികൾക്ക് പൂർണ്ണമായി വിട്ടുകൊടുത്തതിനും ഇന്ന് കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ഭക്ഷ്യവസ്തുക്കൾക്കും വിലകൂട്ടുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്തതിനും കേരള ജനതയെ കൂടുതൽ ദരിദ്രരാക്കി മാറ്റിയതിനും ഉത്തരവാദി കോൺഗ്രസ്സ് ഗവൺമെന്റാണ്.

മി. ചെയർമാൻ: പ്ലീസ്........കൺക്ലൂഡ്.........

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പെപ്സി, കൊക്കകോള കമ്പനികൾക്ക് നമ്മുടെ കുടിവെള്ളം വിറ്റഴിക്കുന്ന, ജലചൂഷണം ചെയ്യുന്ന രീതിയിലേയ്ക്ക്, വിജയമല്ല്യ മദ്യത്തിൽ നിന്ന് കുപ്പിവെള്ളത്തിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ആരുടെ കൈകളിലാണെന്ന് മനസ്സിലാക്കണം. ഇലക്ട്രിസിറ്റി, റെയിൽവെ, കോടിക്കണക്കിന് രൂപ ആസ്തിയുള്ള ഇൻഷ്വറൻസ് മേഖല തുടങ്ങിയവയെല്ലാം വിറ്റഴിക്കപ്പെട്ടത് സ്വകാര്യ വിദേശ കുത്തക കമ്പനികൾക്കുവേണ്ടിയാണ്. സിറ്റി ബാങ്കും ആക്സിസ് ബാങ്കും എച്ച്.ഡി.എഫ്.സി. ബാങ്കും നമ്മുടെ സഹകരണമേഖലയെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. സഹകരണ മേഖലയിൽ കള്ളപ്പണമുണ്ടെന്ന പ്രചരണം

നടത്തുന്നത് ഇത്തരം ബാങ്കുകൾക്കുവേണ്ടിയാണ്. നമ്മുടെ സാമ്പത്തിക മേഖലയെ ഇത്രയും അടിത്തറയില്ലാതാക്കിത്തീർത്തതിന് ഉത്തരവാദികൾ കോൺഗ്രസ്സും ബി.ജെ.പി.-യുമാണ്. അതിനൊരു ബദൽ സംവിധാനമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ മുന്നിൽവച്ചിട്ടുള്ളത്. അതിന് എല്ലാവിധ അഭിനന്ദനങ്ങളും നേർന്നുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഈ ധനവിനിയോഗ ബിൽ ഒരു ഷട്ടറാണ്. ഒരു തുള്ളി വെള്ളമില്ലാത്ത ഡാമിന്റെ ഷട്ടർ. മഴയെ നിയന്ത്രിക്കുന്ന കടൽ ജല പ്രവാഹത്തെ കുറിച്ച് 'El Nino', 'La Nina' എന്ന പല പേരിലും വാർത്തകൾ വരാറുണ്ട്. നമ്മുടെ സർക്കാരിന്റെ ധനകാര്യ ഡാമിൽ വെള്ളം (ഫണ്ട്) വരണമെങ്കിൽ കിഫ്ബി എന്ന കടൽ ജലപ്രവാഹം കനിയണം. വിദേശ രാജ്യങ്ങളുടെ മനസ്സ് തണുത്ത് ആ പണം രാജ്യത്ത് എത്തി കിഫ്ബിയിൽ നിക്ഷേപിക്കണം. സേ പരീക്ഷ എഴുതുന്ന വിദ്യാർത്ഥിക്ക് എ പ്ലസ് ആശംസിക്കുന്നതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഞാൻ എല്ലാ ആശംസകളും നേരുന്നു. 'ഉണ്ണുന്ന നിലം വിറ്റ് വിത്തുകാളയെ വാങ്ങിച്ചു' എന്നൊരു ചൊല്ലുണ്ട്. ചരക്ക് സേവന നികുതിയും കിഫ്ബിയും കണ്ട് ധനകാര്യ വകുപ്പുമന്ത്രി നികുതികളൊന്നുമില്ലാത്ത ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. നാടോടിക്കാറ്റ് എന്ന സിനിമയിൽ മോഹൻലാലും ശ്രീനിവാസനും അവതരിപ്പിച്ച ദാസന്റെയും വിജയന്റെയും കഥപോലെയായി ധനകാര്യ വകുപ്പുമന്ത്രിയുടെ സ്ഥിതി. "വിജയാ, നമുക്കെന്തേ ഈ ബുദ്ധി നേരത്തെ തോന്നാത്തത് " എന്ന് ചോദിച്ചപ്പോൾ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ഒരു ലിറ്റർ പാലും പിടിച്ച് പിണ്ണാക്കും പരുത്തിക്കുരുവും വാങ്ങാൻ പണമില്ലാതെ നിൽക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. ബഡ്ജറ്റിന് പുറത്ത് വിഭവ സമാഹരണം നടത്തുന്നതിനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മാന്ത്രിക വടിയായിരുന്നു കിഫ്ബി. ആദ്യ ബോർഡ് യോഗം ചേരുന്നതിനുമുമ്പുതന്നെ നാൽപ്പത്തൊൻപത് പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി എത്തിയെന്ന് 5-8-2016-ലെ മാതൃഭൂമി ദിനപ്പത്രത്തിലുണ്ടായിരുന്നു. കിഫ്ബിയും ചരക്കു സേവന നികുതിയും കണ്ട് ഏതാണ്ട് നികുതിരഹിത ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കിഫ്ബിയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച് ഒരു ധവളപത്രം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വയ്ക്കണം. കെ.എസ്.എഫ്.ഇ.യുമായി ചേർന്ന് നടത്തുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പ്രവാസി ചിട്ടിവഴി എത്ര കോടി രൂപ സമാഹരിച്ചു? കിഫ്ബിയുടെ ശരിയായ അവസ്ഥ അറിയണമെങ്കിൽ കിഫ്ബിയുടെ വെബ്സൈറ്റ് നോക്കിയാൽ മതി. ഞാൻ ഇന്നലെ അത് നോക്കി, അതിന്റെ സ്ഥിതിയെന്താണ്? കിഫ്ബിയുടെ വെബ്സൈറ്റ് എല്ലാവരുമൊന്ന്

നോക്കണം. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രോജക്ടുകളോ ബന്ധപ്പെട്ട വിവരങ്ങളോ ഈ വെബ്സൈറ്റിലില്ല. അങ്ങ് ഇതൊക്കെ നോക്കുന്ന ആളാണല്ലോ? പ്രോജക്ടുകളെന്ന് പറഞ്ഞ് കൊടുത്തിരിക്കുന്നത്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ സന്തതികളായ വിഴിഞ്ഞം, കൊച്ചി മെട്രോ, ലൈറ്റ് മെട്രോ എന്നിവയാണ്. അതുമാത്രമല്ല ഇതിനൊക്കെ കിഫ്ബിയിൽനിന്നും എത്ര രൂപ നൽകി? കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനായി മുൻ സി &എ. ജി. വിനോദ് റായ് അദ്ധ്യക്ഷനായ ഉപദേശക കമ്മീഷനെ നിയമിച്ചിരുന്നല്ലോ, ആ ഉപദേശക കമ്മീഷന്റെ വിലയിരുത്തൽ റിപ്പോർട്ട് പുറത്തുവിടുമോ; പ്രവർത്തനം തൃപ്തികരമാണെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. ബിൽ അവതരിപ്പിക്കുന്ന സമയത്ത് അതിനെ ശക്തമായി പിന്താങ്ങി. അങ്ങയുടെ സാമ്പത്തിക വൈദഗ്ദ്ധ്യത്തെയും കഴിവിനെയുമൊന്നും ഞാൻ കുറച്ചുകാണുന്നില്ല. അന്ന് നിങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി ഇതിലെ പല പോരായ്മകളും ചൂണ്ടിക്കാട്ടി ശക്തമായ വിമർശനം കമ്മിറ്റികളിലൊക്കെ നടത്തിയിരുന്നു. പക്ഷേ നിങ്ങൾ അതിനെയൊക്കെ കൗണ്ടർ ചെയ്തിട്ട് ചരക്കു സേവന നികുതി വന്നാൽ നമുക്ക് ധാരാളം നേട്ടങ്ങളുണ്ടാകുമെന്നും സാമ്പത്തിക സ്ഥിതി മെച്ചമാകുമെന്നും പറഞ്ഞു. 18-5-2017-ന് ഞാനും ശ്രീ. പി. സി. ജോർജ്ജും ചോദിച്ച ഒരു ചോദ്യമുണ്ടായിരുന്നു. ഇത് സംസ്ഥാനത്തിന് ദോഷം ഉണ്ടാക്കില്ല; ചരക്കുസേവന നികുതി പ്രാപിത സ്ഥാനത്ത് ലഭിക്കുമെന്നതിനാലും സേവനങ്ങളിന്മേൽ നികുതി പിരിക്കുമെന്നുള്ളതിനാലും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നഷ്ടമുണ്ടാകാൻ സാദ്ധ്യതയില്ല എന്നാണ് അങ്ങ് 26-4-2017-ലെ ചോദ്യം നമ്പർ 455-ന് എനിക്ക് തന്ന മറുപടി. സമാനമായ മറുപടി തന്നെയാണ് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. എം. മാണിക്കും ശ്രീ. പി. സി. ജോർജിനും അങ്ങ് നൽകിയത്. ഇപ്പോൾ നിങ്ങൾ പറയുന്നു, ഒരു ലക്ഷം കോടി രൂപ നഷ്ടമുണ്ടാകുമെന്ന്. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയെ മാത്രമേ വിശ്വസിക്കാൻ കഴിയൂ. വേറെ ആർക്കും കിഫ്ബിയെക്കുറിച്ച് അറിയില്ല; അദ്ദേഹത്തിന് മാത്രമേ അറിയുകയുള്ളൂ; നമ്മൾ അദ്ദേഹത്തിന്റെ പോരായ്മകളിൽ നിന്നാണ് ഇതൊക്കെ എടുക്കുന്നത്; അത് നിങ്ങൾ മനസ്സിലാക്കണം. അദ്ദേഹംതന്നെ പറഞ്ഞു, ഞാൻ അദ്ദേഹത്തെ അനുസരിക്കുന്ന മനുഷ്യനാണെന്ന്. കാരണം ഞാൻ പഞ്ചായത്ത് മെമ്പർ ആയതുമുതൽ അദ്ദേഹം പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നപ്പോൾ എല്ലാ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച ഒരു വ്യക്തിയാണ്. അന്ന് അദ്ദേഹത്തിന് ഇത്ര വിവരമില്ലെങ്കിലും അനുഭവത്തിൽ നിന്നും കുറേ പാഠങ്ങൾ പഠിച്ച ആളാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മനസ്സിൽ ലഡ്ഡുപൊട്ടിച്ചുകൊണ്ടുള്ള ഒരു സംഗതിയായിട്ടാണ് ചരക്കു സേവന നികുതിയെ അന്ന് കണ്ടത്. കേരളത്തിലെ എല്ലാ സാമ്പത്തിക

പരാധീനതകൾക്കും ചരക്കുസേവന നികുതി പരിഹാരമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. 20-5-2017-ലെ മാതൃഭൂമി ദിനപ്പത്രത്തിലൂടെ ചരക്കുസേവന നികുതി കോർപ്പറേറ്റുകളെ മാത്രമേ സഹായിക്കൂ എന്നുപറഞ്ഞ അദ്ദേഹമിപ്പോൾ തിരുത്തിപ്പറയുന്നു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, നിങ്ങൾ കിഫ്ബിയിൽ കുറേ പ്രോജക്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്, ഏതിന്റെയെങ്കിലും ഒരു ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള ഫണ്ട് നിങ്ങൾ നൽകിയോ; ഞാൻ എന്റെ മണ്ഡലത്തിലെ രണ്ട് പ്രോജക്ടുകൾ കൊടുത്തു. ചോദിച്ചപ്പോൾ ഇൻവെസ്റ്റിഗേഷന് ഫണ്ടില്ല എന്നാണ് പറയുന്നത്. ഞങ്ങൾ പ്രതിപക്ഷത്തുനിന്ന് പറയുന്നതിന്റെ ശരിയായ വശങ്ങളും പ്രായോഗിക സമീപനങ്ങളും നിങ്ങൾ സ്വീകരിക്കണം. ഒന്നിനും ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള ഫണ്ട് നിങ്ങൾ കൊടുത്തിട്ടില്ല.

ശ്രീ. വി. എസ് അച്ചുതാനന്ദൻ പറഞ്ഞത് സംബന്ധിച്ച് ഞാൻ മറുപടി പറയുന്നില്ല. നിങ്ങൾ എത്ര കാലമായി കോൺഗ്രസ്സിനെ കുറ്റം പറഞ്ഞുകൊണ്ട് നടക്കുന്നു. ഇതാണോ പശ്ചിമ ബംഗാളിലെ സ്ഥിതി. അവിടെ മമതാ ബാനർജിയോട് പിടിച്ചു നിൽക്കുന്നതിനുവേണ്ടി ശ്രീമതി സോണിയാ ഗാന്ധിയുടെ പിന്തുണ തേടിയില്ലേ? പിന്നെ എന്തിനാണ് നിങ്ങൾ കോൺഗ്രസ്സിനെ കുറ്റം പറയുന്നത്? നിങ്ങൾ എന്താണ് ബി.ജെ.പി.യെ പറയാത്തത്; നിങ്ങൾ എവിടെയാണുള്ളത്; പുതിയ പാർട്ടികളുണ്ടാകുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും കോൺഗ്രസ്സ് പാർട്ടിയിൽനിന്നുമൊക്കെയാണ് ആളുകൾ അതിലേക്ക് പോകുന്നത്. അല്ലാതെ വേറെ പാർട്ടിയുണ്ടാവില്ലല്ലോ. പണ്ടുകാലത്ത് ഇവിടെ കോൺഗ്രസ്സ് ഒറ്റയ്ക്കല്ലായിരുന്നോ. ഇ.എം.എസ് മുമ്പ് കോൺഗ്രസ്സല്ലായിരുന്നോ; ഇപ്പോൾ നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്? നമ്മുടെ കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്നാണ് പറയുന്നത്. നമ്മൾ അതിൽ അഭിമാനിക്കണം. എന്നാൽ ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? ഒറ്റപ്പെട്ട നാടായി മാറിയിരിക്കുകയാണ്. കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം, ഒറ്റപ്പെട്ട സംഭവമായിരിക്കുന്നു......(ബഹളം)..... കുനിയിൽ കൊലപാതകം സംബന്ധിച്ച് ഞാൻ മറുപടി തരാം. അതുസംബന്ധിച്ച് എന്നെക്കുറിച്ച് എപ്പോഴും പറയുന്നുണ്ടല്ലോ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ നിങ്ങൾക്ക് സ്വീകാര്യനായ അഡ്മിനിസ്ട്രേറ്റീവ് ഐ.ജി. ആയിരുന്ന ശ്രീ. എസ്. ഗോപിനാഥിന്റെ നേതൃത്വത്തിലുള്ള ഡിവൈ.എസ്.പി.യും 12 പോലീസ് ഓഫീസർമാരുമടങ്ങുന്ന പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ശരിക്കും അന്വേഷണം നടത്തി. എഫ്. ഐ. ആർ. എടുക്കുമെന്ന് കരുതി നിങ്ങളെപ്പോലെ മുൻകൂർ ജാമ്യമെടുക്കുന്ന വ്യക്തിയൊന്നുമല്ല ഞാൻ. കണ്ണൂരിലെ കൊലപാതകം - ഒറ്റപ്പെട്ട സംഭവം; ജിഷ്ണു പ്രണോയിയുടെ മരണം - ഒറ്റപ്പെട്ട സംഭവം, ഡി.ജി.പി. -യുടെ കാര്യത്തിലെ സുപ്രീംകോടതി വിധി - ഒറ്റപ്പെട്ട സംഭവം. അതുകൊണ്ടാണ് ഞാൻ നമ്മുടെ നാടിനെ ഒറ്റപ്പെട്ട നാടെന്ന്

പറയുന്നത്. പല കാര്യങ്ങളിലും നമ്മുടെ സർക്കാരിന് വല്ലാത്ത വേദനയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇതിനൊരു ഉദാഹരണമാണ്. ഇവരുടെ ശമ്പളത്തിൽനിന്നും ഇൻഷ്വറൻസിന്റെ തുക ഈടാക്കണമെന്ന് ഏപ്രിൽ മാസത്തിൽ നിങ്ങൾ ഉത്തരവ് പുറപ്പെടുവിച്ചു. മേയ് മാസം മുതൽ ശമ്പളത്തിൽനിന്ന് പണം ഈടാക്കാൻ തുടങ്ങി. ഏത് കമ്പനി വഴിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതെന്ന് നിങ്ങൾ പറഞ്ഞിട്ടില്ലല്ലോ? സർക്കാർ തുക നിശ്ചയിച്ച് ശമ്പളത്തിൽനിന്ന് ഈടാക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ അതും ആലോചിക്കണ്ടേ?

പൊതു വിദ്യാഭ്യാസ യജ്ഞം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകി എന്ന് പറഞ്ഞു. നിങ്ങൾക്കിത് പറയാൻ ലജ്ജയില്ലേ? കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ശ്രീ. രമേശ് ചെന്നിത്തല എന്നിവരൊക്കെയുണ്ടായിരുന്ന മന്ത്രിസഭ ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം കൊടുത്തിരുന്നു. നിങ്ങൾ അത് നിർത്തിയില്ലേ? അന്ന് സൗജന്യ യൂണിഫോം നൽകിയതിന് കേന്ദ്ര ഗവൺമെന്റ് 37 കോടി രൂപ തന്നിരുന്നു. .... (ബഹളം)... അനുഭവത്തിൽ നിന്നാണ് ഇതൊക്കെ പറയുന്നത്. ഇതെല്ലാം ചെയ്ത സർക്കാരായിരുന്നു അത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമുക്ക് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുകയിൽനിന്നും ഒരു വിദ്യാർത്ഥിക്ക് 100 രൂപ വച്ച് കൊടുക്കുന്നു; അതോടുകൂടി തീർന്നു. അതിനുപകരം ഇവിടെ തുണി നെയ്ത് കൊടുക്കുമ്പോൾ ചെലവ് 400 രൂപ വരും. അതാണ് വ്യത്യാസം.

ശ്രീ. പി. കെ. ബഷീർ: സർ, യു.ഡി.എഫ്.ന്റെ ഭരണകാലത്ത് 81 കോടി രൂപ ഒന്നു മുതൽ എട്ടാം ക്ലാസ്സുവരെയുള്ള സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി നൽകിയിരുന്നു. നിങ്ങളിപ്പോൾ അഞ്ച് കോടി രൂപ കൊടുക്കുന്നത് അഞ്ചാം ക്ലാസ്സിലാണ്. ഞങ്ങൾ എട്ടാം ക്ലാസ്സുവരെയാണ് കൊടുത്തത്. നിങ്ങൾ സർക്കാർ സ്കൂളുകളിൽ മാത്രമേ കൊടുക്കുന്നുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, തുണി നെയ്ത് തീരാത്തതുകൊണ്ട് അവർക്ക് മുൻകാലത്ത് നൽകിയ രൂപയേ നൽകുകയുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ, കൈത്തറിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം, ഇവിടെയുള്ള കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനാണ് നമ്മുടെ കുട്ടികൾക്ക് കൈത്തറിത്തുണി നൽകുന്നത്.

എന്നാൽ ഇത് ചൈനയിൽനിന്നാണോ കൊണ്ടുവരുന്നതെന്ന് നിങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് ഞാൻ പറയുന്നതല്ല, ഇന്നലത്തെ ദിനപ്പത്രത്തിലുള്ളതാണ്. സർക്കാരിന്റെ ഒരു വർഷത്തെ നേട്ടങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഒരു പ്രസ്താവന നടത്തിയിരുന്നു. അല്ലെങ്കിൽത്തന്നെ മുഖ്യമന്ത്രിയുടെ ഉപദേശകരെപ്പറ്റി ധാരാളം പരാതികളുണ്ട്. പക്ഷേ രണ്ട് ദിവസംകൊണ്ട് അവരുടെ കഴിവ് അവർ തെളിയിച്ചു. ഈ സർക്കാരിന്റെ ഒരു വർഷത്തെ ഭരണനേട്ടം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സാധാരണ ഭരണകക്ഷി സഖാക്കളൊന്നും ഭരണത്തിന്റെ നേട്ടങ്ങളെ ഇങ്ങനെ കാതുകൂർപ്പിച്ച് കേൾക്കാൻ നിൽക്കാറില്ല. മുഖ്യമന്ത്രിയുടെ പത്രസമ്മേളനം നടത്താൻ എല്ലാവരും ഉഷാറായി നിന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാഷ്ട്രീയം ശുദ്ധീകരിച്ച് എന്നുപറഞ്ഞു. ഞാൻ ആലോചിച്ചു; ഒന്നാമതായി ശ്രീ. ഇ. പി. ജയരാജനെ ശുദ്ധീകരിച്ചു; ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ എന്നിവരേയും ശുദ്ധീകരിച്ചു. ശ്രീ. എ. കെ. ബാലന്റെ കാര്യം പോട്ടെ; അദ്ദേഹത്തിന് നിയമസഭയിൽ വച്ച് ചെറിയൊരു ഉപദേശം കൊടുത്തുവെന്നേയുള്ളൂ. ഇങ്ങനെ സ്വന്തം പാർട്ടിക്കാരെ ഉപദേശിച്ചുവെന്നേയുള്ളൂ. രണ്ടാം വാർഷികത്തിലെങ്കിലും മുഖ്യമന്ത്രി ഒരു നേട്ടം പറയും. അത് എന്താണെന്ന് ഇപ്പോൾത്തന്നെ നമുക്ക് പറയാം; അത് ആത്മ ശുദ്ധീകരണമെന്നായിരിക്കും. കാരണം ഇപ്പോൾ രാഷ്ട്രീയമല്ലേ ശുദ്ധീകരിച്ചിട്ടുള്ളൂ. രാഷ്ട്രീയം ശുദ്ധീകരിച്ചതു കൊണ്ടാണല്ലോ അഴിമതിക്ക് ശിക്ഷിക്കപ്പെട്ട, ഞങ്ങളുടെ കൂടെ നിന്നപ്പോൾ ഞങ്ങൾ മുന്നോക്ക സമുദായ കോർപ്പറേഷന്റെ ചെയർമാൻ സ്ഥാനം കൊടുത്ത ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ നിങ്ങൾ ക്യാബിനറ്റ് റാങ്ക് നൽകി നിയമിച്ചത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മുഖത്തിട്ട് ഒരു അടി കൊടുക്കാൻ വേണ്ടി നിങ്ങൾ ചെയ്ത പണിയല്ലേ ഇത്? നിങ്ങൾ ശുദ്ധീകരിച്ചതല്ലേ? നിങ്ങൾക്ക് ആത്മശുദ്ധീകരണമാണ് വേണ്ടത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരാളെ മാത്രമേ പ്രശംസിച്ചിട്ടുള്ളൂ. അതിപ്പോൾ ഇവിടെ പറയാൻ കഴിയില്ല; എന്നാലും ആ പെൺകുട്ടിയെ ഒന്ന് ആശംസിച്ചു. സ്കൂളുകൾ തുറക്കാൻ പോകുകയാണ്. സ്കൂൾ തുറക്കുമ്പോൾ എല്ലായിടത്തും ഫണ്ട് പിരിവ് നടക്കുന്നു. മലയാള മനോരമ, മാതൃഭൂമി ദിനപ്പത്രങ്ങളിലൊക്കെ അതുസംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്. ആർ. കെ. മിഷൻ, കോഴിക്കോട് സെന്റ് ജോസഫ് തുടങ്ങിയ സ്കൂളുകളിലൊക്കെ 1000, 2000, 3000 രൂപയൊക്കെയാണ് ഫണ്ട് പിരിവ് നടത്തുന്നത്. ഇതിനെപ്പറ്റി എന്താണ് പറയാനുള്ളത്? പി.ടി.എ. ഫണ്ട് എന്നുംപറഞ്ഞ് രണ്ടായിരവും മൂവായിരവുമൊക്കെ വാങ്ങാം; ഇത് അതൊന്നുമല്ല. ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെയില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഫണ്ട് നൽകാൻ കണ്ണൂർ ജില്ലാ ബാങ്കിന്റെയും

കോഴിക്കോട് ജില്ലാ ബാങ്കിന്റെയും മലപ്പുറം ജില്ലാ ബാങ്കിന്റെയും പ്രതിനിധികളെ വിളിച്ച് ഒരു കൺസോർഷ്യം നൽകേണ്ട ആവശ്യമെന്താണ്; 50 കോടി രൂപയുടെ പ്രോജക്ടിന് അവരുണ്ടാക്കുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിൽ ടെണ്ടറില്ലാതെ വർക്ക് കൊടുക്കേണ്ട ആവശ്യമെന്താണ്? ഈ അപാകതകൾ തിരുത്തുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഡിപ്പാർട്ടുമെന്റാണ്. ഇവരുടെ കൺസൾട്ടന്റിനെ വച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയില്ല. ഇവിടെ ഒരു പി.ഡബ്ല്യു.ഡി. മാന്വൽ ഇല്ലേ; സാധാരണക്കാർക്ക് ലോൺ നൽകാനൊന്നും ഇങ്ങനെ കൺസോർഷ്യം രൂപീകരിക്കുന്നില്ലല്ലോ. നമ്മൾ വിജയ് മല്യയെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ, അതുപോലെയാവില്ലേ ഇതിന്റെയൊക്കെ സ്ഥിതി. കണ്ണൂരും കോഴിക്കോട്ടും ബാങ്കുകൾ പിരിച്ചുവിട്ടപ്പോൾ ഇത്തരത്തിൽ ഒരു പ്രത്യേക കമ്പനിക്ക് ലോൺ നൽകുന്നതിനുവേണ്ടി കൺസോർഷ്യം രൂപീകരിച്ച നടപടി ശരിയാണോ എന്നതുസംബന്ധിച്ച് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം തികയുന്ന സന്ദർഭത്തിലാണ് സഭ ചേർന്നുകൊണ്ടിരിക്കുന്നത്. 60 വർഷക്കാലത്തെ കേരളത്തിലെ ഭരണകാര്യങ്ങളെക്കുറിച്ച് നമ്മൾ കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്തു. 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്.-ന്റെ സർക്കാരും അതിനുശേഷം മാറിമാറിവന്ന യു.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ്. സർക്കാരും കൂടി കേരളത്തിൽ ചെയ്ത കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. നമ്മുടെ നാട്ടിലെ കാർഷിക, തൊഴിൽ, വ്യവസായ, വിദ്യാഭ്യാസ മേഖലകളെയാണ് ചർച്ചയ്ക്ക് വിധേയമാക്കിയത്. എന്നാൽ രാജ്യത്തുണ്ടാകുന്ന പല പ്രശ്നങ്ങളും പറയുമ്പോൾ നമ്മുടെ നാട്ടിലെ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചാണ് എല്ലാവരും സംസാരിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്-ഉം തമ്മിലുള്ള ശത്രുതയാണ് നമ്മുടെ നാട്ടിലെ വികസനത്തിന് തടസ്സമായിട്ടുള്ള പ്രധാനപ്പെട്ട ഘടകം എന്നാണ് പറയുന്നത്. അതൊരു തെറ്റായ ധാരണയാണ്. കമ്മ്യൂണിസ്റ്റ് സർക്കാരുകൾ കൊണ്ടുവന്ന എല്ലാ നല്ല കാര്യങ്ങളെയും ഇല്ലായ്മ ചെയ്യുന്ന നടപടികളാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എല്ലാകാലത്തും കൊണ്ടുവന്നിരുന്നത്. അത് ഒറ്റയടിക്ക് മാറ്റാൻ കഴിയാതിരിക്കുമ്പോൾ പലതരത്തിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് അതിനെ ഇല്ലായ്മ ചെയ്യുന്ന നടപടി സ്വീകരിക്കും. അങ്ങനെയാണ് കേരളം കോൺഗ്രസ്സും ബി.ജെ.പി.-യുമില്ലാത്ത ഒരു സ്ഥിതിയിലേയ്ക്ക്

മാറിയത്. ഒരു ബ്ലോക്ക് പഞ്ചായത്തിൽ കോൺഗ്രസ്സിന്റെ ഭരണം ഇല്ലായ്മ ചെയ്യാൻ എൽ.ഡി.എഫ്. ബി.ജെ.പി.ക്കാരോടൊപ്പം കൂടിയെന്ന് ബഹുമാനപ്പെട്ട കെ. മുരളീധരൻ നേരത്തെ പ്രസംഗത്തിനിടയിൽ പറഞ്ഞു. അക്കാര്യം ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ശ്രീ. കെ. മുരളീധരനോടും യു.ഡി.എഫ്.-നോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും എനിക്ക് പറയാനുള്ളത്, എന്റെ മണ്ഡലത്തിലെ കിഴക്കേയറ്റത്തുള്ള കുറ്റിക്കോൽ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചത് എൽ.ഡി.എഫ്. ആയിരുന്നു. രണ്ടുപേർക്കും തുല്യമായി സീറ്റ് ലഭിച്ചുവെങ്കിലും എൽ.ഡി.എഫ്.-ന് ഭരണം ലഭിച്ചു. എൽ.ഡി.എഫ്. ഒരു വർഷം ഭരിച്ചപ്പോൾ അവരെ പുറത്താക്കുന്നതിനുവേണ്ടി ബി.ജെ.പി.-യെയുംകൂട്ടി അവിടത്തെ കോൺഗ്രസ്സുകാർ മുന്നണിയുണ്ടാക്കി. എൽ.ഡി.എഫ്.-ന്റെ ഭരണം ഇല്ലായ്മ ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം.

ശ്രീ. എം. വിൻസെന്റ്: സർ, തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിൽ യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും ഒരേ സീറ്റാണ്. ബി.ജെ.പി.-ക്ക് രണ്ട് സീറ്റ് ലഭിച്ചു. അവരുടെ സഹായം കൂടാതെ യു.ഡി.എഫ്. ഭരണകൂടത്തെ അവിശ്വാസത്തിലൂടെ പുറത്താക്കാൻ കഴിയില്ല എന്നിരിക്കെ സി.പി.എം. അവിടെ അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി ബി.ജെ.പി.യുടെ സഹായത്തോടുകൂടി കോൺഗ്രസ്സിന്റെ ഭരണസമിതിയെ പുറത്താക്കിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, അക്കാര്യം നിങ്ങൾ തിരുവനന്തപുരത്ത് ചർച്ച ചെയ്യണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ശ്രീ. എം. വിൻസെന്റ്, അങ്ങ് മാറനല്ലൂരിൽ സംഭവിച്ചതുകൂടി പറയണമായിരുന്നു.

മി. ചെയർമാൻ: ശ്രീ. കെ. കുഞ്ഞിരാമൻ അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ വഴങ്ങുന്നില്ല. അങ്ങനെ കുറ്റിക്കോൽ പഞ്ചായത്തിൽ ഇപ്പോൾ ഭരണം നടത്തുന്നത് കോൺഗ്രസ്സാണ്; അവിടത്തെ വൈസ് പ്രസിഡന്റ് ബി.ജെ.പി. അംഗമാണ്; അവർ നല്ലൊരു മുന്നണിയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കഥയാണിത്. കോൺഗ്രസ്സുകാർ കേരളത്തിലാകെ എങ്ങനെയാണെന്നുള്ളത് നിങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതി. കോൺഗ്രസ്സ് തകരുന്നതിനെ ഞങ്ങളാരും അനുകൂലിക്കുന്നില്ല. ഇന്ത്യയിൽ ഓരോ സംസ്ഥാനത്തും കോൺഗ്രസ്സ് തകരുന്നുവെന്ന് പറഞ്ഞാൽ ഞങ്ങൾ അതിനെ അനുകൂലിക്കുന്നില്ല. ഒരു മതേതര പാർട്ടി എന്നുള്ള നിലയിലാണ് കോൺഗ്രസ്സിനെ ഞങ്ങൾ വിശ്വസിക്കുന്നത്. അപാകതയും പോരായ്മയും പറയാതിരിക്കാൻ കഴിയില്ലെങ്കിലും

കോൺഗ്രസ്സ് നിലനിൽക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് ഇല്ലായ്മ ചെയ്യുന്നത് ഇടതുപക്ഷമാണോ എന്ന് നിങ്ങൾ പരിശോധിക്കണം. നരേന്ദ്ര മോഡി ഗവൺമെന്റിന്റെ പല തരത്തിലുള്ള വർഗ്ഗീയ വിരുദ്ധ നയങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കപ്പെടുമ്പോൾ അതിനെ ചെറുത്തുനിർത്താൻ ഇടതുപക്ഷമുണ്ടായി; അത് മലപ്പുറം തെരഞ്ഞെടുപ്പ് നോക്കിയാൽ മനസ്സിലാകും. മലപ്പുറം തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് വോട്ട് വർദ്ധിക്കുകയും ബി.ജെ.പി.-ക്ക് വോട്ട് വർദ്ധിക്കാതിരിക്കുകയും ചെയ്തതിനുള്ള ഒറ്റക്കാരണം ഇടതുപക്ഷം വളരെ ശക്തമായി നിന്നതുകൊണ്ടാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മലപ്പുറത്ത് എൽ.ഡി.എഫ്.-ന് 30000 വോട്ട് കുറയുകയാണ് ചെയ്തത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഇ. അഹമ്മദിന് ലഭിച്ച വോട്ട് കോൺഗ്രസ്സിന് ലഭിച്ചിട്ടുണ്ടോ; അദ്ദേഹത്തിന് ലഭിച്ചതിനെക്കാൾ ഇരുപതിനായിരം വോട്ട് കുറച്ചാണ് നിങ്ങൾക്ക് ലഭിച്ചത്. മലപ്പുറത്ത് മതേതരത്വത്തെ സംരക്ഷിക്കാനും ബി.ജെ.പി.യെ തടയാനും കഴിഞ്ഞത് എൽ.ഡി.എഫ്.നാണ്. എൽ.ഡി.എഫ്.ന്റെ വോട്ട് വർദ്ധിപ്പിക്കാനും ബി.ജെ.പി.-യുടെ വോട്ട് കുറയ്ക്കാനും കഴിഞ്ഞു. യു.ഡി.എഫ്.-ന് വോട്ട് കുറയുകയും ചെയ്തു. ഇന്ത്യയിലാകെ ഇടതുപക്ഷ പ്രസ്ഥാനത്തോടൊപ്പം കോൺഗ്രസ്സും തകർന്നു കൊണ്ടിരിക്കുന്നു. കോൺഗ്രസ്സ് തകരാൻ പാടില്ല എന്നതാണ് ഞങ്ങൾ പറയുന്നത്. അത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പറയുമ്പോൾ ഞങ്ങൾക്കെതിരെ നിങ്ങൾ ആക്ഷേപം ഉന്നയിക്കുകയാണ്. അത് ശരിയല്ല എന്നാണ് പറഞ്ഞത്. നിങ്ങൾ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പാർട്ടി നേതൃത്വത്തെ പരിശോധിച്ച് നോക്കണം. ഇവിടെ പ്രസംഗിക്കുന്ന പ്രധാനപ്പെട്ട നേതാക്കളായ ശ്രീ. പി. ടി. തോമസിനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. സി. ജോസഫിനും അങ്ങോട്ട് പോയിക്കൂടേ; ഇവിടെ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. വി. ഡി. സതീശനുമൊക്കെ പോരേ? ഇവരൊക്കെ അവിടെപ്പോയി കോൺഗ്രസ്സിനെ നന്നാക്കാൻ ശ്രമിക്കേണ്ടതാണ്. എല്ലാവരും എന്തിനാണ് ഞങ്ങൾക്കെതിരെ കുതിരകയറുന്നത്? വേണമെങ്കിൽ ശ്രീ. രാഹുൽ ഗാന്ധിയെ നന്നാക്കാൻ ശ്രീ. വി. ഡി. സതീശനും പൊയ്ക്കോട്ടെ. അങ്ങോട്ട് പോയി അവരെയൊക്കെ ഉപദേശിച്ച് കോൺഗ്രസ്സിനെ നന്നാക്കി വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെങ്കിലും ഇന്ത്യയിലാകെ കോൺഗ്രസ്സിന് നല്ല പെർഫോമൻസ് കാഴ്ചവയ്ക്കാൻ കഴിയുമെങ്കിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഞങ്ങളാരും അതിനെ എതിർക്കില്ല.

ശ്രീ. കെ. ആൻസലൻ: സർ, മണിപ്പൂരിലെ ഇലക്ഷനിൽ കോൺഗ്രസ്സ് ഏറ്റവും വലിയ ഒറ്റകക്ഷിയായെങ്കിലും ഭരണം ലഭിച്ചില്ല. ശ്രീ. രമേശ് ചെന്നിത്തലയ്ക്കുപകരം ശ്രീ. ഉമ്മൻ ചാണ്ടിയെ അയച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഭരണം ലഭിക്കുമായിരുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, അതിനെക്കുറിച്ച് ഞാൻ പറയാൻ പോകുകയാണ്. കോൺഗ്രസ്സ് അങ്ങനെ തകരുന്നതിൽ ഞങ്ങൾക്ക് സന്തോഷമില്ല എന്നുമാത്രമല്ല ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.പി.യിലാണ് അവർക്ക് വലിയ തകർച്ച നേരിട്ടതും ബി.ജെ.പി.ക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞതും. മണിപ്പൂരിലും പഞ്ചാബിലുമൊക്കെ കോൺഗ്രസ്സിന് ഒറ്റയ്ക്ക് ജയിക്കാൻ കഴിഞ്ഞു. അതുപോലെ ഗോവയിലും കോൺഗ്രസ്സിന് ഒറ്റക്കക്ഷി എന്ന നിലയിൽ ഭൂരിപക്ഷം നേടാൻ കഴിഞ്ഞു. പക്ഷേ രണ്ട് സ്ഥലത്തും അവർക്ക് മന്ത്രിസഭയുണ്ടാക്കാൻ കഴിഞ്ഞില്ല; അതിന് കാരണം കേന്ദ്ര കോൺഗ്രസ്സ് നേതൃത്വത്തിന്റെ കഴിവുകേടും അവരുടെ ഇടപെടൽ ഇല്ലായ്മയുമാണെന്ന് അവർ പരസ്യമായി പറഞ്ഞു. അത് തന്നെയാണ് ഞങ്ങളും നേരത്തേ ശ്രീ. വി. എസ്. അച്ചുതാനന്ദനും പറഞ്ഞത്. അല്ലാതെ കോൺഗ്രസ്സിനെ ആക്ഷേപിക്കാൻ വേണ്ടി പറഞ്ഞതല്ല. നിങ്ങളുടെ കേന്ദ്രനേതൃത്വം ബി.ജെ.പി.ക്ക് അടിയറവ് വയ്ക്കുന്നു. അത് നിങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കണം എന്നുമാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ പഞ്ചാബിൽ ഒറ്റയ്ക്ക് ജയിച്ചു. ഗോവയിലും മണിപ്പൂരിലും ഒറ്റക്കക്ഷിയാകാൻ കഴിഞ്ഞു. എന്നാൽ ബി.ജെ.പി.-യുടെ ഇടപെടൽമൂലം നിങ്ങൾക്ക് അവിടെ ഭരിക്കാൻ കഴിഞ്ഞില്ല എന്നത് സത്യമാണ്. അത് പരിശോധനയ്ക്ക് വിധേയമാക്കി ഭാവിയിലെങ്കിലും തിരുത്താൻ തയ്യാറാകണമെന്ന് മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളൂ. നമ്മുടെ രാജ്യത്ത് ബി.ജെ.പി. വരുത്തിവയ്ക്കുന്ന ആപത്തിനെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞുതരേണ്ട ആവശ്യമില്ല. അത് ഇവിടെ എല്ലാവർക്കും അറിയാം. ആപത്ത് തടയാൻ അപ്പുറത്തും ഇപ്പുറത്തും ഇരുന്നതുകൊണ്ട മാത്രം കഴിയില്ല എന്നറിയാം. അതിന് ഇന്ത്യയിലെ മതേതര കക്ഷികളെയെല്ലാം കൂട്ടിയോജിപ്പിക്കണം. അതിന് കോൺഗ്രസ്സ് മുൻകയ്യെടുക്കണമെന്നുള്ളത് കൊണ്ടാണ് ഞങ്ങൾ ഇക്കാര്യം പറയുന്നത്. ബഡ്ജറ്റിൽ അവതരിപ്പിച്ച കാര്യങ്ങളിൽ ഏതിനെയാണ് നമുക്ക് എതിർക്കാൻ കഴിയുന്നത്; ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്തിയ കാര്യങ്ങളെക്കുറിച്ച് ഒരു പ്രധാനപ്പെട്ട വാർത്തയുണ്ട്. അത് ഈ ഗവൺമെന്റിനെ സംബന്ധിച്ചുള്ളതാണ്. ഈ ഗവൺമെന്റിന്റെ ഒന്നാം വാർഷികം ആഘോഷിക്കുന്ന ദിവസം നമ്മുടെ നാട്ടിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ, പ്രത്യേകിച്ച് അരിയുടെ വില പിടിച്ചുനിർത്താൻ സർക്കാർ കാണിച്ച ശുഷ്കാന്തിയെക്കുറിച്ചാണ് മാതൃഭൂമി ദിനപ്പത്രത്തിൽ ഇന്ന് എഴുതിയിരിക്കുന്നത്. അതിനെയാണോ നിങ്ങൾ എതിർക്കുന്നത്; എന്തിനാണ് നിങ്ങൾ എതിർക്കുന്നത്? നിത്യോപയോഗ സാധനങ്ങളുടെ വില രൂക്ഷമായ സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അധികാരത്തിൽ വന്നപ്പോൾ ചേർന്ന നിയമസഭാ സമ്മേളനത്തിൽ നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾക്ക് ഓർമ്മയുണ്ട്. രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ആ അഭിപ്രായ വ്യത്യാസം പരിഹരിക്കാൻ കഴിയാത്ത അവസരത്തിൽ ഈ

സർക്കാർ ശക്തമായി ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെയും അരിയുടെയും വില കുറയ്ക്കാൻ കഴിഞ്ഞതിൽ ഒന്നാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അത് നമ്മുടെ നാട്ടിലെ ദിനപ്പത്രക്കാരെല്ലാം പറഞ്ഞുകൊണ്ടിരിക്കുകയാണ്.

വികസന രംഗത്തുണ്ടായ നേട്ടത്തെക്കുറിച്ച് പരിശോധിച്ച് നോക്കണം. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചേർന്നെടുത്ത തീരുമാനത്തിന്റെ ഫലമായി ധാരാളം റോഡും പാലങ്ങളും നമ്മുടെ നാട്ടിൽ വന്നു. കഴിഞ്ഞ സർക്കാർ ഒന്നും ചെയ്തില്ലെന്ന് ഞങ്ങൾ പറയുന്നില്ല. കഴിഞ്ഞ സർക്കാർ റോഡും പാലങ്ങളും നിർമ്മിച്ചതിന്റെ തുടർച്ചയാണിത്. പക്ഷേ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറി എത്ര റോഡുകളും പാലങ്ങളും നമ്മുടെ നാട്ടിൽ നിർമ്മിച്ചുവെന്ന കാര്യം നിങ്ങളെല്ലാം ഓർക്കേണ്ടതാണ്. 3000 കോടി രൂപയാണ് കരാറുകാർക്ക് നൽകാനുണ്ടായിരുന്നത്. കഴിഞ്ഞ ഡിസംബർ 31 വരെയുള്ള എല്ലാ കുടിശ്ശികയും കൊടുത്തുതീർത്തു. അതിനുശേഷമുള്ള തുക ബജറ്റ് സമ്മേളനം കഴിഞ്ഞയുടനെ നൽകുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരസ്യമായി പറഞ്ഞത്. കരാറുകാർ സന്തോഷിക്കുകയാണ്. കരാറുകാർ മന്ത്രിമാരെ കാണാൻ പോകുകയാണ്. എന്നാൽ ധനകാര്യ വകുപ്പുമന്ത്രിയായാലും പൊതുമരാമത്ത് വകുപ്പുമന്ത്രിയായാലും കരാറുകാരുമായി ബന്ധമില്ലാത്തതുകൊണ്ട് അവരെ കാണാൻ ഇഷ്ടപ്പെടുന്നില്ല. ഒറ്റക്കരാറുകാർക്കും കുടിശ്ശിക വയ്ക്കില്ല എന്നുപറഞ്ഞിരിക്കുകയാണ്. നിങ്ങൾ ഭരിച്ച കാലത്ത് എന്തായിരുന്നു നമ്മുടെ നാട്ടിലെ അവസ്ഥ; പട്ടയ മേളയുടെ കാര്യം എടുത്താൽ മതി. ഇന്നലെ ഇടുക്കിയിൽ അയ്യായിരത്തിൽപ്പരം ആളുകൾക്ക് പട്ടയം കൊടുത്തു. കഴിഞ്ഞയാഴ്ച എന്റെ ജില്ലയായ കാസർഗോഡ് 2900-ൽപ്പരം ആളുകൾക്ക് പട്ടയം കൊടുത്തു. അത് നിങ്ങൾ കൊടുത്തതുപോലെയല്ല. നിങ്ങൾ അന്ന് എറണാകുളത്തും പത്തനംതിട്ടയിലും തിരുവനന്തപുരത്തും കാസർഗോഡുമുള്ള 4000 പേർക്ക് പട്ടയം കൊടുത്തു. ഭൂമിയെവിടെ, ആളെവിടെ എന്നുചോദിച്ചാൽ ആർക്കുമറിയില്ല. എന്നാൽ മിനിഞ്ഞാന്ന് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കാസർഗോഡ് വന്ന് മൂവായിരം പേർക്ക് അവർ വീട് കെട്ടി താമസിക്കുന്ന സ്ഥലത്തിന്റെ പട്ടയമാണ് കൊടുത്തത്. വർഷങ്ങളായി അവിടെ താമസിക്കുന്നവർക്ക് പട്ടയമില്ലാതെ ഒരു കാര്യവും നടത്താൻ കഴിയുന്നില്ല. അങ്ങനെയുള്ള അവസരത്തിൽ പട്ടയം ലഭിച്ചതിൽ അവർക്ക് തൃപ്തിയായി. ഇന്നലെ ഇടുക്കിയിൽ കൊടുത്തതും നാളെ കണ്ണൂരിൽ കൊടുക്കുന്നതും അങ്ങനെ തന്നെയാണ്. ഇടുക്കിയിൽ നാലേക്കർ ഭൂമിയുടെ പട്ടയം ഒരാൾക്ക് നൽകി. വർഷങ്ങളായി അവരത് പാരമ്പര്യമായി കൈവശം വച്ചിരുന്ന ഭൂമിയായിരുന്നു. യു.ഡി.എഫ്.

സർക്കാരിന് ഒരാൾക്കുപോലും പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. പട്ടയമേള നടത്തി ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകി; പക്ഷേ പട്ടയമല്ലാതെ ഭൂമിയില്ല. റോഡോ പാലങ്ങളോ ഒന്നും നോക്കാതെ എല്ലായിടത്തും പട്ടയം കൊടുത്തുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ നാട്ടിലെ ആളുകൾക്ക് ഭൂമിയില്ല എന്നത് പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. ഭൂമി ലഭിക്കുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷമുണ്ട്. അവർ എൽ.ഡി.എഫ്. സർക്കാരിനെ ശ്ലാഘിക്കുകയാണ്.

ആരോഗ്യ രംഗത്തെ സംബന്ധിച്ച് നിങ്ങൾ രണ്ട് അടിയന്തരപ്രമേയം കൊണ്ടുവന്നു. ആരോഗ്യ രംഗത്തെ വലിയ കാര്യങ്ങളെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. 42 പേർ മരിച്ചുപോയി എന്നാണ് ഇന്നലത്തെ അടിയന്തരപ്രമേയത്തിൽ പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അഞ്ച് കൊല്ലം കൊണ്ട് കേരളത്തിൽ ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവ വന്ന് മരിച്ചവരുടെ കണക്ക് എന്റെ കയ്യിലുണ്ട്. നൂറുകണക്കിനാളുകൾ മരിച്ച സംഭവം നമ്മുടെ നാട്ടിലുണ്ടായപ്പോൾ 42 പേർ മരിച്ചതിൽ സന്തോഷമല്ല, അത് ഏറ്റവും വലിയ ദുഃഖം തന്നെയാണ്; അത് ഇല്ലായ്മ ചെയ്യേണ്ടതായിരുന്നു; പക്ഷേ നമ്മുടെ നാട്ടിൽ നൂറുകണക്കിനാളുകൾ മരിച്ച സാഹചര്യത്തിൽനിന്നും മരണം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. അങ്ങനെ നമ്മുടെ നാട് നന്നാക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചത് എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കൊരു കാര്യം പറയാനുള്ളത്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന് സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിനും അപേക്ഷ നൽകിയെങ്കിൽ മാത്രമേ അംഗീകാരം ലഭിക്കുവെന്നതാണ് പ്രധാനപ്പെട്ട ഒരു വസ്തുത. ഇത് ഏറ്റവും വലിയ ദുരിതമാണ്. 10 കോടി രൂപ വരെയുള്ള എം.പി. ഫണ്ടിന് എ.എസ്. നൽകാനുള്ള അധികാരം ജില്ലാ കളക്ടർക്കാണ്. അതുപോലെ എം.എൽ.എ. ഫണ്ടിനും എ.എസ്. നൽകാൻ ജില്ലാ കളക്ടർക്ക് അധികാരം കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 5 കോടി രൂപയാണ് എം.എൽ.എ.-മാർക്ക് 20 വർക്കുകൾക്കായി നൽകുന്നത്. ഓരോ വർക്കിനും ശരാശരി 25 ലക്ഷം രൂപയാണ്. 25 ലക്ഷം രൂപയുടെ വർക്കിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് അവസാനം ധനകാര്യ വകുപ്പ് എന്നിവിടങ്ങളിലൊക്കെ കയറിയിറങ്ങണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ പറഞ്ഞ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി ജില്ലാതലത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള തീരുമാനം എടുത്തുവെന്ന് ഇവിടെ പറഞ്ഞതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ആസ്തി വികസന ഫണ്ടിൽ 20 പ്രോജക്ടുകളാണ് നൽകുന്നത്. അത് 30 പ്രോജക്ടുകളായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് തൽക്കാലം ഉദ്ദേശിക്കുന്നില്ല. കൊച്ചുകൊച്ചു പ്രവൃത്തികൾ എന്നുള്ളതല്ല, 5 കോടി രൂപയുടെ പ്രവൃത്തിയാണ് അനുവദിക്കുന്നത്. അത് 5 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്നാക്കി മാറ്റേണ്ട. ഓരോ വർഷം കഴിയുന്തോറും കൂട്ടിക്കൂട്ടി ഇവിടെയെത്തി. തൽക്കാലം ഇവിടെ നിൽക്കട്ടെ.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ജില്ലാതലത്തിൽ അനുമതി നൽകുന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിശോധിച്ചാൽ മതി. ശ്രീ. കെ. എം. മാണിയാണല്ലോ മുൻപ് നമുക്കിത് നൽകിയത്. ഞങ്ങൾ അത് ഓർക്കുന്നു. പക്ഷെ, അത് ഡോ. ടി. എം. തോമസ് ഐസക്കും നന്നായി നടത്തുന്നുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ തകർന്ന വ്യവസായ രംഗം പുഷ്ടിപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ ചെയ്തു? 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. അതൊക്കെ പ്രധാനപ്പെട്ട കാര്യമല്ലേ? എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട വ്യവസായമായ ടെക്സ്റ്റൈൽ മിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ പൂട്ടിയതാണ്. അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും കണ്ട് ഞാൻ എത്രയോ പ്രാവശ്യം ആ സ്ഥാപനം തുറക്കണമെന്ന് ആവശ്യപ്പെട്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വ്യവസായ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും കണ്ട് ആവശ്യപ്പെട്ടതിനെത്തുടർന്ന് ആ സ്ഥാപനം തുറക്കാൻ തീരുമാനിച്ചു. ഓണത്തിനുമുമ്പ് അത് തുറക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലും പിണറായിയിലുമുള്ള ടെക്സ്റ്റൈൽ മില്ലുകളും തുറക്കുമെന്നാണ് പറഞ്ഞത്. അങ്ങനെ വ്യവസായ രംഗം, തൊഴിൽ മേഖല, ആരോഗ്യ മേഖല, പാർപ്പിട മേഖല തുടങ്ങിയ എല്ലാ രംഗവും പുഷ്ടിപ്പെടുത്തുന്ന ഒരു സർക്കാരാണ് ഇത്. ഞാൻ നിർത്തുന്നു

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിയമസഭ പാസ്സാക്കുന്ന ധനം ചെലവിടുന്ന കാര്യത്തിൽ യാതൊരു തത്വദീക്ഷയും പാലിക്കാത്ത ഒരു സർക്കാരാണിത്. കർഷകരുടെ താൽപ്പര്യങ്ങൾ ഈ സർക്കാർ പരിഗണിക്കുന്നില്ല. കടുത്ത അവഗണനയാണ് കർഷകർക്കുനേരെ ഉണ്ടായിട്ടുള്ളത്. ഇരവിപുരം എം.എൽ.എ. ശ്രീ. എം. നൗഷാദ് ഭംഗ്യന്തരേണ എനിക്കെതിരെ പറയുകയുണ്ടായി. കർഷകർക്കുനേരെ മുതലക്കണ്ണീർ പൊഴിക്കുക

മാത്രമാണ് 13 ബജറ്റ് അവതരിപ്പിച്ചവർ നടത്തിയിട്ടുള്ളതെന്ന് പറഞ്ഞു. ഞാൻ കർഷകർക്കുവേണ്ടി മുതലക്കണ്ണീരൊന്നും പൊഴിച്ചിട്ടില്ല. ഞാൻ യഥാർത്ഥത്തിൽ കർഷകരെ സഹായിച്ചൊരു വ്യക്തിയാണ്. മന്ത്രിയായിരിക്കെ കർഷകർക്ക് ചെയ്യാവുന്ന മുഴുവൻ ഉപകാരങ്ങളും ചെയ്തതിൽ എനിക്ക് വലിയ സംതൃപ്തിയുണ്ട്. അതൊക്കെ ഇരവിപുരം എം.എൽ.എ.യൊക്കെ പഠിച്ചാൽ നന്നായിരിക്കും. ഞാൻ ഉപദേശിക്കുകയല്ല; ഞാൻ ഈ സഭയിൽ കഴിഞ്ഞ 50 വർഷക്കാലം ശബ്ദം മുഴക്കിയത് കൃഷിക്കാർക്കുവേണ്ടിയായിരുന്നു. 1980-ൽ ഇന്ത്യയിലാദ്യമായി കർഷകത്തൊഴിലാളി പെൻഷൻ നൽകി. അതിനുശേഷമുള്ള 32 വർഷത്തിനിടയ്ക്ക് എത്രയോ ഗവൺമെന്റുകളുണ്ടായെങ്കിലും കർഷകരെ പരിഗണിച്ചില്ല. 32 വർഷത്തിനുശേഷം 2012-ൽ കർഷക പെൻഷൻ നൽകാൻ ഞാൻ വീണ്ടും ധനകാര്യ വകുപ്പുമന്ത്രിയായി വരേണ്ടിവന്നു. ഇന്നും ആ 1,000 രൂപ അനുവദിച്ചത് കർഷകർ നന്ദിയോടെ സ്മരിക്കുന്നുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കർഷക പെൻഷൻ ശ്രീ. മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ്.

ശ്രീ. കെ. എം. മാണി: സർ, കർഷക പെൻഷനെ സംബന്ധിച്ച് എനിക്ക് അഭിമാനമുണ്ട്. ശ്രീ. മുല്ലക്കര രത്നാകരനും അതിന്റെ കോൺട്രിബ്യൂഷനുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പ്ലാന്റേഷൻ ടാക്സ് എടുത്തുകളഞ്ഞതും കാർഷിക വരുമാനത്തിന്മേൽ ആദായ നികുതിയുണ്ടായിരുന്നത് ഒഴിവാക്കിയതും റബ്ബർ വില 85 രൂപയിലേക്ക് താഴ്ന്നപ്പോൾ 65 രൂപ സബ്സിഡി നൽകിക്കൊണ്ട് 150 രൂപ മിനിമം വില പ്രഖ്യാപിച്ച് റബ്ബർ വില സ്ഥിരതാ പദ്ധതി നടപ്പിലാക്കിയതും ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. ഇന്ന് രാവിലെ കശുവണ്ടി വ്യവസായത്തെ പറ്റിയായിരുന്നല്ലോ ചർച്ച. ശ്രീ. എം. നൗഷാദ് ഒരു കാര്യമോർക്കണം, അങ്ങയുടെ പ്രദേശത്തെ പ്രധാന വിളയായ കശുവണ്ടി വ്യവസായത്തിലുണ്ടായ തകർച്ച. പ്ലാന്റേഷൻ സ്റ്റാറ്റസ് എടുത്തുകളഞ്ഞിരുന്നു. പി. ടി. ചാക്കോ 1960-ലെ കാർഷിക പരിഷ്കരണ നിയമത്തിൽ കശുവണ്ടിയെ പരിധിയിൽ നിന്നൊഴിവാക്കി. 1969-ലെ മാർക്സിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ ആ എക്സംപ്ഷൻ റദ്ദാക്കി. പിന്നീട് നിയമ പരിഷ്കരണ കമ്മീഷന്റെ ചെയർമാനെന്നുള്ള നിലയിൽ ഞാൻ മുന്നോട്ടുവച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ നിയമം കൊണ്ടുവന്ന് വീണ്ടും കശുമാവ് കൃഷിയെ പരിധിയിൽ നിന്നൊഴിവാക്കുകയുണ്ടായി. ഇക്കാര്യങ്ങളൊക്കെ ശ്രീ. എം. നൗഷാദ് പഠിച്ചാൽ കൊള്ളാം. നാണ്യവിള കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ 5 ശതമാനം വിസ്തൃതിയിൽ മറ്റ് കൃഷി ചെയ്യാൻ അനുവദിച്ചതും വളത്തിന് കേന്ദ്ര സബ്സിഡി പിൻവലിച്ചപ്പോൾ Value Added Tax (VAT) ഒഴിവാക്കിക്കൊടുത്തതും നാളികേര കർഷകരെ സഹായിക്കാൻ

കൊപ്രയുടെയും വെളിച്ചെണ്ണയുടെയും മേലുണ്ടായിരുന്ന VAT ഒഴിവാക്കിക്കൊടുത്തതും നെൽകർഷകരെ സഹായിക്കാൻ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചതും ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. നിങ്ങൾ സംഭരണവില നാളിതുവരെയായി മുടക്കിയിട്ടിരിക്കുകയാണ്. എത്രയോ മാസങ്ങളായി സംഭരണ വില നൽകിയിട്ടില്ല. ക്ഷേമ പെൻഷൻ, നെല്ല് സംഭരണം, മാർക്കറ്റ് ഇന്റർവെൻഷൻ എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കൊക്കെ തുക വകയിരുത്തിയിട്ടുണ്ടോ? ബഡ്ജറ്റിൽ കമ്മി കുറച്ചുകാണിക്കാൻവേണ്ടി ആവശ്യമായ തുക വകയിരുത്തുകയില്ല. ഇപ്പോൾ 362 കോടി രൂപയുടെ ഉപധനാഭ്യർത്ഥന വന്നിട്ടുണ്ട്. കമ്മി കുറച്ചുകാണിക്കാൻവേണ്ടി ഒറിജിനൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയില്ല. പിന്നീട് സപ്ലിമെന്ററിയായി കൊണ്ടുവരികയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. പ്രവാസി ചിട്ടിയുടെ സെക്യൂരിറ്റി തുക കിഫ്ബിയിൽ നിക്ഷേപിക്കുമെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവന. 2015-ൽ പ്രവാസി ചിട്ടി നടത്താനുള്ള അനുവാദം ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് സമ്പാദിച്ചത്. മറ്റെല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിരുന്നു. എന്നാൽ ഇവിടെ കിഫ്ബി നിക്ഷേപത്തിന് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങിയോ; വാങ്ങിയിട്ടില്ല. അതിന് സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനിക്കാത്ത കുഞ്ഞിന്റെ ജാതകമെഴുതിയിട്ട് എന്തെങ്കിലും കാര്യമുണ്ടോ? റിസർവ് ബാങ്കിന്റെ അനുവാദം വാങ്ങാതെയാണ് ഈ വലിയ പ്രഖ്യാപനങ്ങളൊക്കെ നടത്തുന്നത്. നമ്മുടെ സ്കൂളുകളൊക്കെ ഹൈടെക്ക് ആക്കാനുള്ള ചെലവിലേയ്ക്ക് കിഫ്ബി വഴി 1000 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി വകയിരുത്തിയിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സ്കൂളുകളും ഹൈടെക്ക് ആക്കുന്നതിന് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ട്. അത് മറന്നുപോയോ; ആ കേന്ദ്രാവിഷ്കൃത പദ്ധതിയിൽക്കൂടി നമുക്കാവശ്യമായ തുക വാങ്ങിയെടുത്ത് പ്രയോജനപ്പെടുത്തുന്നതിനുപകരം 1000 കോടി രൂപ വായ്പയെടുക്കു മെന്നൊക്കെ എന്തിനാണ് പറയുന്നത്? ഇങ്ങനെയൊക്കെയുള്ള സ്വപ്ന പദ്ധതികളൊക്കെ കാണുമ്പോൾ വാസ്തവത്തിൽ അത്ഭുതം തോന്നിപ്പോകുകയാണ്. ജി.എസ്.ടി. നിയമം ഇന്ത്യയിലെ പത്തോളം സംസ്ഥാനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. അത് പാസ്സാക്കാൻ വേണ്ടിയാണ് സഭ അടുത്ത മാസം 8-ാം തീയതി കൂടുന്നത്. അങ്ങനെയിരിക്കെ ജി.എസ്.ടി. നടപ്പിലാക്കാൻ സഭ കഴിഞ്ഞ് ഞങ്ങളൊരു ഓർഡിനൻസ് കൊണ്ടുവരുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത് വളരെ മോശമല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. ഞാനത് എവിടെ, എപ്പോൾ പറഞ്ഞുവെന്ന് അങ്ങ് വ്യക്തമാക്കിയാൽ കൊള്ളാം.

<u>ശ്രീ. കെ. എം. മാണി:</u> സർ, വസ്തുതാ വിരുദ്ധമാണെങ്കിൽ ഞാനത് പിൻവലിക്കാം. ഇത് കഴിഞ്ഞാൽ ഓർഡിനൻസായി കൊണ്ടുവരുമെന്ന് പത്രത്തിൽ റിപ്പോർട്ട് കണ്ടു. സഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറയാൻ പാടില്ല. അങ്ങനെ അങ്ങ് പറഞ്ഞിട്ടില്ലെങ്കിൽ എനിക്ക് സന്തോഷമേയുള്ളൂ. ഞാനത് പിൻവലിക്കുന്നു. അങ്ങനെ പറഞ്ഞതായി ദിനപ്പത്രത്തിലുണ്ട്. എനിക്ക് തെറ്റൊന്നും പറ്റിയിട്ടില്ല. അങ്ങേയ്ക്ക് തെറ്റ് പറ്റിയിട്ടുണ്ടോയെന്ന് ആലോചിച്ചുനോക്കുക. ജി.എസ്.ടി. സഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് ജനങ്ങളുടെ, പ്രത്യേകിച്ച് വ്യാപാരി-വ്യവസായികളുടെ അഭിപ്രായങ്ങൾ കേട്ട് അവരുടെ ആശങ്കകൾ പരിഹരിച്ചുവേണം നടപ്പിലാക്കാനെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട കെ. മുരളീധരൻ ഉന്നതമായ രാഷ്ട്രീയ സദാചാരത്തെപ്പറ്റി ഇവിടെ സംസാരിക്കുകയുണ്ടായി. ഞങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുമായി കോട്ടയം ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തൊട്ടുപോയിയെന്ന്. ബഹുമാനപ്പെട്ട കെ. മുരളീധരന് പഴയ ഡി.ഐ.സി. (Democratic Indira Congress [Karunakaran])-യുടെ ചരിത്രമൊക്കെ ഓർമ്മയുണ്ടല്ലോ; അതിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ ഓർത്താൽ മതിയെന്ന് മാത്രമേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളൂ. വാകത്താനത്ത് പഞ്ചായത്ത് പ്രസിഡന്റിനെ സി.പി.ഐ.യുമായി ചേർന്ന് അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കിയ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെപ്പറ്റിയാണ് പറയുന്നത്. അന്നേ ദിവസം എന്റെ നിയോജക മണ്ഡലത്തിലെ മൂന്നിലവിൽ സി.പി.ഐ.-യുമായി ചേർന്ന് ഞങ്ങളുടെ വൈസ് പ്രസിഡന്റിനെ താഴെയിറക്കുകയും സി.പി.ഐ.-യുടെ പ്രസിഡന്റിനെ വാഴിക്കുകയും ചെയ്ത കോൺഗ്രസ്സ് പാർട്ടി ഞങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുമായി തൊടുന്നതിനെ പരിഹസിക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോകുകയാണ്. ഇതൊക്കെ കണ്ട് വേദനിച്ച, പ്രത്യേകിച്ച് കോട്ടയം ഡി.സി.സി.-യുടെ പ്രകോപന പ്രസംഗങ്ങൾ കേട്ട് വേദനപൂണ്ട ജില്ലാ പഞ്ചായത്തംഗങ്ങൾ ഒരു തിരിച്ചടി നൽകിയെന്ന് മാത്രമേയുള്ളൂ. അത് വേണ്ടായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. നിർഭാഗ്യകരമായിപ്പോയെന്ന് ഞാൻ പറഞ്ഞു. പക്ഷേ അവർ ഒരു തിരിച്ചടി നൽകി. ഇത് കോൺഗ്രസ്സിനിരിക്കട്ടെയെന്ന്, അവർ നമ്മളെ അടിക്കുമ്പോൾ ഒരു തിരിച്ചടി. എനിക്ക് കോൺഗ്രസ്സിനോട് ഒരു വിരോധവുമില്ല; സമദൂരം സമസൗഹൃദം. മാർക്സിസ്റ്റ് പാർട്ടിയുമായും കോൺഗ്രസ്സുമായും എല്ലാവരുമായും സമസൗഹൃദം. നല്ലതിനെ നല്ലതായും ചീത്തയെ ചീത്തയായും പറയും. ശരിയുടെ ഭാഗത്ത് കേരള കോൺഗ്രസ്സ് എപ്പോഴും നിൽക്കും. ഇതാണ് ഞങ്ങളുടെ രാഷ്ട്രീയ നിലപാട് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള]

ശ്രീ. കെ. ദാസൻ : സർ, നാലുകോടി മലയാളികളുടെ പ്രതീക്ഷയും പ്രത്യാശയും അഭിമാനവുമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. വിവാദങ്ങൾ തീരെ ശ്രദ്ധിക്കാതെ ജനപക്ഷത്തുനിന്നുകൊണ്ട് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വിവാദങ്ങളുടെ പെരുമഴ സൃഷ്ടിച്ച് ജനകീയ പ്രശ്നങ്ങളിൽനിന്നും ശ്രദ്ധ തിരിച്ചുവിടാനുള്ള നീക്കമാണ് യു.ഡി.എഫ്.ന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. പക്ഷേ, കേരളത്തിലെ മുഖ്യമന്ത്രിയും സർക്കാരും ഒരു വർഷംകൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; ആ മാറ്റങ്ങൾ സംബന്ധിച്ച് വളരെ ശ്രദ്ധാപൂർവ്വംതന്നെ കേരളത്തിലെ ജനങ്ങളുടെമുമ്പിൽ പത്ര സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും അതിൽ ഏതെങ്കിലും ഒന്നിനെ ഖണ്ഡിക്കാനോ ഏതിനെങ്കിലുമെതിരെ നിഷേധക്കുറിപ്പിറക്കാനോ കഴിഞ്ഞിട്ടില്ല. മറ്റ് ചില അവ്യക്തമായ കാര്യങ്ങൾ മാത്രമാണ് അവർ പറഞ്ഞത്. ഈ സർക്കാരിനെ സംബന്ധിച്ച് കേരളത്തിലെ ചില മാധ്യമങ്ങൾ വേണ്ടരീതിയിൽ വാർത്തകൾ നൽകിയില്ലെങ്കിലും സർക്കാരിന്റെ നേട്ടങ്ങൾ മൂടിവയ്ക്കാൻ അവർ പരിശ്രമിച്ചെങ്കിലും കേരളത്തിന് പുറത്തുള്ള ഇംഗ്ലീഷ് ദിനപ്പത്രങ്ങളും വിദേശ രാജ്യങ്ങളിലുള്ള ദൃശ്യമാധ്യമങ്ങളുമെല്ലാം വലിയ വാർത്താ പ്രാധാന്യത്തോട് കൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പിന്നിട്ട ഒരു വർഷക്കാലത്തെ ഭരണത്തിന്റെ ബാലൻസ് ഷീറ്റ് ഓരോന്നും അക്കമിട്ട് നിരത്തിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ളത്. അവയിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ചാണ്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ കിഫ്ബിയെക്കുറിച്ച് വലിയ വാർത്തയാണ് ബി.ബി.സി. നൽകിയിട്ടുള്ളത്. അവർ വലിയ വാർത്ത നൽകിയെന്ന് മാത്രമല്ല, അത് ലോകത്തുള്ള എല്ലാവരുടെയിടയിലും വലിയ ചർച്ചാവിഷയമാക്കാനും സാധിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ശ്രീ. റ്റി. പി. രാമകൃഷ്ണൻ നേതൃത്വം നൽകുന്ന, ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടത്തിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ദിനപ്പത്രങ്ങൾ വലിയ പ്രാധാന്യം കൊടുത്തുകൊണ്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട ദിനപ്പത്രങ്ങളാണ് ഈ വാർത്തകൾ നൽകിയിട്ടുള്ളത്. കൊച്ചി മെട്രോയിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെ നിയമിക്കാനുള്ള കേരള സർക്കാരിന്റെ നീക്കത്തെ അതിശക്തമായാണ് ബ്രിട്ടീഷ് മാധ്യമങ്ങളെല്ലാം പ്രകീർത്തിച്ചിട്ടുള്ളത്. മാത്രമല്ല ബ്രിട്ടീഷ് പത്രങ്ങൾക്കെല്ലാം കൂടുതൽ സർക്കുലേഷനുണ്ട്. അതിൽ പ്രമുഖ ദിനപ്പത്രമായ 'ദി ഗാർഡിയൻ'-ൽ വലിയ വാർത്തയാണ് അതിന്റെ ഭാഗമായി

നൽകിയിട്ടുള്ളത്. പക്ഷേ കേരളത്തിലെ ചില ദിനപ്പത്രങ്ങൾ വാർത്തകൾ വേണ്ട രീതിയിൽ പ്രസിദ്ധീകരിച്ചില്ല. മാത്രമല്ല, ഞാൻ ഒരു വാർത്ത ശ്രദ്ധിച്ചിട്ടുണ്ട് - കൺസ്യൂമർഫെഡിന്റെ നേട്ടങ്ങളെ സംബന്ധിച്ച വാർത്ത 'അങ്ങാടി നിലവാര'ത്തിന്റെ താഴെ ഒരു ചെറിയ വക്കിലാണ് നല്ല സർക്കുലേഷനുള്ള ചില പ്രധാനപ്പെട്ട ദിനപ്പത്രങ്ങൾ പ്രസിദ്ധീകരിച്ചത്. പക്ഷേ എന്തോ ഭാഗ്യത്തിന് 'മലയാള മനോരമ'- ചാനലിൽ 'പറയാതെ വയ്യ' എന്ന ഒരു പരിപാടിയിൽ പറയുന്നുണ്ട്, ഒന്നാം വാർഷികം ആചരിക്കുമ്പോൾ ഈ സർക്കാരിനെതിരായി കയ്യടിയാണോ കല്ലേറാണോ വേണ്ടതെന്ന്. അപ്പോൾ അവർ പറയുകയാണ്, ഈ ഒരു വർഷത്തെ ഭരണം വലിയ ഇച്ഛാശക്തിയോടുകൂടിയുള്ള ഭരണമാണെന്നാണ് വിലയിരുത്തുന്നത്. സർക്കാർ ഒരു നിലപാടെടുത്താൽ അതിൽ ഉറച്ച് നിൽക്കും. മറ്റെന്ത് വാദമുയർത്തിയാലും നിലപാടിനൊത്ത ഇച്ഛാശക്തിയുള്ള സർക്കാരാണ്. ആ രീതിയിലാണ് സർക്കാർ മുന്നോട്ട് പോയിട്ടുള്ളത്. മാത്രമല്ല, ഭരണരംഗത്ത് ഒരു രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒരു വർഷത്തെ ഭരണത്തിന് കഴിഞ്ഞിട്ടുണ്ടെന്നാണ് 'മലയാള മനോരമ' ചാനൽ പ്രക്ഷേപണം ചെയ്തത്. എന്റെ ഫെയ്സ് ബുക്ക് പോസ്റ്റിൽ മലയാള മനോരമ ചാനലിലെ ആ പരിപാടിയുണ്ട്. ...(ബഹളം)... ആരുപറഞ്ഞാലും അംഗീകരിക്കും. മലയാള മനോരമ അങ്ങനെ പറഞ്ഞുവെന്ന് പറയാൻ കാരണം ആ ദിനപ്പത്രം ഞങ്ങളെ ശക്തമായി എതിർക്കുന്ന പത്രമായതുകൊണ്ടാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ എം.എൽ.എ. അദ്ദേഹത്തിന്റെ കഴിഞ്ഞ പ്രസംഗത്തിൽ 'മലയാള മനോരമ'-യിൽ വന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നാണ് വളരെ വിമർശനാത്മകമായി പറഞ്ഞത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നെല്ലാം സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ആയിട്ടുണ്ടോ അന്നെല്ലാം 'മിന്നൽ പിണറായി' എന്ന് ബാനർ ഹെഡ്ഡിംഗ് എഴുതുന്നവരാണ് മലയാള മനോരമ. അതുപോലെതന്നെ ബഹുമാനപ്പെട്ട ഇ.എം.എസ്. നമ്പൂതിരിപ്പാടിനെക്കൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിത്വ വൈശിഷ്ട്യങ്ങൾ ഏറെ പ്രകടിപ്പിച്ചിട്ടുള്ള ഒരു ദിനപ്പത്രമാണ് മലയാള മനോരമ. എന്നിട്ടും തൃപ്പൂണിത്തുറ അംഗം വളരെ ദീർഘമായിത്തന്നെ മലയാള മനോരമ ദിനപ്പത്രത്തെ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ചു. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u> : സർ, അതാണ് കമ്മ്യൂണിസ്റ്റുകാരുടെ പ്രത്യേകത. ഞങ്ങൾ വളരെ ഹൃദയശുദ്ധിയുള്ളവരാണ്. സത്യം ആര് പറഞ്ഞാലും, അത് ശ്രീ. എം. വിൻസെന്റ് പറഞ്ഞാലും ഞങ്ങൾ അംഗീകരിക്കും.

<u>ശ്രീ. കെ. ദാസൻ</u> : സർ, ഏതായാലും കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചത് അഴിമതിരഹിതമായ പുതിയൊരു സംസ്കാരം ഇവിടെ വളർന്നുവന്നിട്ടുള്ളതിനെയാണ്. ഈ സഭാസമ്മേളനം ആരംഭിച്ചിട്ട് ഒരു മാസത്തോളമായി, പക്ഷേ അഴിമതിയെ സംബന്ധിച്ച് ഒരു ആക്ഷേപം ഉന്നയിക്കാൻ പ്രതിപക്ഷ ബഞ്ചിന് കഴിഞ്ഞിട്ടുണ്ടോ? ഈ നിയമസഭയിൽ വാക്കൗട്ടുകൾ നടത്തിയിട്ടുണ്ടെങ്കിലും എന്തെങ്കിലും കാര്യമായ വിഷയം സഭയിൽ ഉന്നയിച്ചതായി എനിക്ക് തോന്നുന്നില്ല. ഉന്നയിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മാൻഹോൾ അകടത്തിൽപ്പെട്ട നൗഷാദിന്റെ ഭാര്യ ഈയിടെ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. 'ഞാനും എന്റെ കുടുംബവും ഈ ഗവൺമെന്റിനോട് എന്നും കടപ്പെട്ടിരിക്കുകയാണ്, എന്റെ ജീവനുള്ള കാലംവരെ ഈ ഗവൺമെന്റിനെ ഞാൻ സ്വീകരിക്കും, അംഗീകരിക്കും' എന്നാണ് അവർ പറഞ്ഞിട്ടുള്ളത്. അത് കാണിക്കുന്നത്, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം സാധാരണ ജനങ്ങളുടെ ജീവിത വൈഷമ്യങ്ങളെന്തെല്ലാമാണോ അതെല്ലാം വിലയിരുത്തി അതിനുള്ള പരിഹാര നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എന്നാണ്.

നാല് വർഷത്തിനുശേഷമാണ് കേരളത്തിൽ കശുവണ്ടി മേഖല സജീവമായിട്ടുള്ളതും പുതിയൊരു ഉണർവുണ്ടായിട്ടുള്ളതും. പതിനായിരക്കണക്കിന് തൊഴിലാളികൾ അവരുടെ ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നത് ഈ സർക്കാരിന്റെ ഇടപെടൽകൊണ്ടാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തെ കഴിഞ്ഞ നാല് വർഷവും അടച്ച് താഴിട്ട് പൂട്ടിയപ്പോൾ, അത് തുറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്രയധികം പ്രക്ഷോഭങ്ങളും സമരങ്ങളുമാണ് ഈ കേരളത്തിൽ അലയടിച്ചുവന്നത്. അതിനെയെല്ലാം മുഖവിലയ്ക്കെടുക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞോ? അത്തരമേതെങ്കിലുമൊരു നിലപാട് സ്വീകരിച്ചോ; മന്ത്രിമാർക്ക് അവരുമായി ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞോ? ഒന്നും ചെയ്യാതെ ഈ തൊഴിലാളികളെ മുഴുവൻ ജോലിയിൽനിന്നും പുറത്താക്കാൻ തീരുമാനിച്ചപ്പോൾ അതിൽനിന്നും വ്യത്യസ്തമായൊരു സമീപനം സ്വീകരിച്ച, കഴിഞ്ഞ നാല് മാസത്തിനുള്ളിൽ കേരളത്തിലെ കശുവണ്ടി മേഖലയിൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച സർക്കാരാണ് ഇതെന്ന് നമ്മൾ കാണണം. മാത്രമല്ല കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും കശുമാവ് കൃഷി വികസിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോകുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിനെ ജനങ്ങളും തൊഴിലാളികളും സ്വീകരിക്കുന്നുണ്ട്.

മറ്റൊരു കാര്യം, പരമ്പരാഗത വ്യവസായങ്ങളിൽ നാളിതുവരെ ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലില്ലാതെ പുറത്തുപോയിട്ടുണ്ട്. കുടിൽ വ്യവസായവുമായി വന്നവരാണ്, പ്രത്യേകിച്ച് കൈത്തറി നെയ്ത്തുകാർ. കുഴിത്തറിയിൽ ജനിച്ച് കുഴിത്തറിയിൽത്തന്നെ മരിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ മനുഷ്യരാണ്

കൈത്തറി നെയ്ത്തുകാർ. അവർക്കൊരു ജീവിതമുണ്ടായിരുന്നില്ല. ഇവിടെ ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഒരു ജോഡി യൂണിഫോം കൊടുക്കാൻ തീരുമാനിച്ചപ്പോൾ 3,000 തറികളാണ് പ്രവർത്തിച്ചത്. മണിക്കൂറുകളോളം തൊഴിലാളികൾ ജോലി ചെയ്യേണ്ടിവന്നു. തൊഴിലാളികളെ ലഭിക്കാത്ത പ്രശ്നങ്ങൾ അഭിമുഖീകരിച്ചിട്ടുണ്ട്. അടുത്ത വർഷം എട്ടാം ക്ലാസ്സ് വരെ കൈത്തറി തുണി നൽകാനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് സർക്കാർ പറഞ്ഞിട്ടുണ്ട്. നൂല് ചുറ്റുന്നവനും പാവ് ഉണക്കുന്നവനും പാവ് ഞരടുന്നവനും പാവ് കയറ്റുന്നവനും കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് നിൽക്കുന്നവനുമെല്ലാം ചോര തുപ്പി മരിക്കുന്നവനായിരുന്നു, ദീനം പിടിച്ചവനായിരുന്നു, പേക്കോലം പിടിച്ചവനായിരുന്നു, കൈത്തറി വസ്ത്രങ്ങൾ ഓരോ മുക്കിലും മൂലയിലും കൊണ്ടുപോയി കൈത്തറി തുണി വേണോ എന്ന് ചോദിക്കുന്നവനായിരുന്നു. അത് ആ വ്യവസായത്തെയാകെ തകർത്തുകളഞ്ഞു. കഴിഞ്ഞ അഞ്ച് കൊല്ലക്കാലവും കൈത്തറി രംഗത്ത് ഏതെങ്കിലുമൊരു മഗ്ഗം പ്രവർത്തിച്ചതായി നമുക്ക് കാണാൻ കഴിയുമോ; തറികൾ നിശ്ശബ്ദമായിട്ടില്ലേ? മരിച്ചുപോയ ആ തറികളെ സജീവമാക്കിയത് ഈ സർക്കാരാണ്. നമ്മുടെ സംസ്ഥാനത്ത് കയർ മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവരെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളുണ്ട്. കയർ മേഖലയിൽ പുതിയൊരു ഉണർവുണ്ടാക്കാൻ പര്യാപ്തമായ ഈ മണ്ണിനെ സംരക്ഷിച്ച്, പിടിച്ചുനിർത്താൻവേണ്ടി കയർനെറ്റുകൾ ഉപയോഗിക്കാനാവശ്യമായ നിലപാട് സർക്കാർ സ്വീകരിച്ചു; കയർ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ശ്രമിച്ചു. അതിന്റെ ഭാഗമായി പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന് പുതിയ വെളിച്ചം നൽകാൻ ഈ സർക്കാർ ശ്രമിച്ചു.

തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മാറ്റങ്ങളുണ്ടാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ തീരത്തുള്ള മത്സ്യത്തൊഴിലാളികൾ അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുന്ന ഈ സർക്കാരിനെ സ്നേഹിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിലെ കടലോരങ്ങളിൽ വിജയം വരിച്ചിട്ടുണ്ട്. ഞാൻ കടലോര മേഖലയിൽ പ്രവർത്തിക്കുകയും അങ്ങനെ ഒരു മണ്ഡലത്തിൽനിന്ന് ജയിച്ചുവരികയും ചെയ്ത ആളാണ്. ആ കടലോര മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമാണ് ഇപ്പോൾ വിജയം കൈവരിക്കുന്നത്. എന്തുകൊണ്ടാണത്? തീരദേശത്തെ ജനത ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് ആഭിമുഖ്യം കാണിക്കുന്നതുകൊണ്ടാണ്? ഒരു വർഷംകൊണ്ട് കേരളത്തിലെ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് കാണാൻ കഴിയുന്നുണ്ട്. ആ മാറ്റങ്ങളിലാണ് ഞങ്ങൾ അഭിമാനംകൊള്ളുന്നത്. കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ പ്രതിപക്ഷ നേതാവായ ശ്രീ. രമേശ് ചെന്നിത്തല

അഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന സമയത്താണ് കേരളത്തിൽ 85 ശതമാനവും UAPA (Unlawful Activities (Prevention) Act) ചുമത്തിയിരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്നുണ്ടായ നാൽപ്പത്തിയഞ്ചോളം കേസ്സുകൾ പരിശോധിച്ച് UAPA പിൻവലിക്കാനാവശ്യമായ നിലപാട് സ്വീകരിക്കുകയും കോടതിയോട് പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ കരിനിയമം സാധാരണ സാമൂഹ്യ പ്രവർത്തകരെയും പൊതു പ്രവർത്തകരെയും കയ്യാമം വയ്ക്കാനും അവരെ കാരാഗൃഹത്തിൽ അടയ്ക്കാനുമല്ല ഉപയോഗിക്കേണ്ടത് എന്നുള്ള നിലപാട് സ്വീകരിച്ച സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം ആളുകൾക്ക് റേഷൻ കാർഡ് ഉണ്ടായിരുന്നോ? ഇപ്പോൾ റേഷൻ കാർഡ് നൽകാൻ തീരുമാനിച്ചു. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം തകർക്കുന്നതിന് പ്രൊഫസർ കെ. വി. തോമസ് ഭക്ഷ്യ സഹമന്ത്രിയായിരുന്നപ്പോൾ 2 ലക്ഷം മെട്രിക് ടൺ അരിയാണ് വെട്ടിക്കുറച്ചത്. വെട്ടിക്കുറച്ച അരി പുനഃസ്ഥാപിക്കണമെന്ന് യു.ഡി.എഫ്. സർക്കാർ ആവശ്യപ്പെട്ടോ; അതിനൊരു നിലപാട് കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടയിൽ സ്വീകരിച്ചോ; മൂന്ന് കൊല്ലക്കാലം ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാതെ പോയില്ലേ? എന്നാൽ കേരളത്തിലെ ഇപ്പോഴത്തെ സർക്കാർ റേഷൻ കാർഡ് നൽകാൻ തീരുമാനിച്ചു. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ ഒരു പ്രതിസന്ധിയുമില്ലാതെ, രണ്ട് ലക്ഷം മെട്രിക് ടൺ അരി വെട്ടിക്കുറച്ചപ്പോഴും റേഷനിംഗിന് ഒരു ബുദ്ധിമുട്ടുമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞു. കേരളത്തിലെ മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എല്ലാം കൃത്യമായി പ്രവർത്തിപ്പിക്കാൻ, വിലനിലവാരം പ്രദർശിപ്പിക്കാൻ, 13 ഇനം സാധനങ്ങൾക്ക് അഞ്ച് കൊല്ലത്തിനിടയിൽ വില വർദ്ധിപ്പിക്കില്ലെന്ന് പ്രഖ്യാപിക്കാൻ ഒരു സർക്കാർ കേരളത്തിലുണ്ട്. ജനപക്ഷത്തുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന ആ സർക്കാരിന്റെ നിലപാടിനെയാണ് നാം അംഗീകരിക്കുന്നത്. കഴിഞ്ഞ കാലത്തെ ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്; മുമ്പ് മാവേലി സ്റ്റോർ ആരംഭിച്ചപ്പോൾ വാമന സ്റ്റോറുകൾ രൂപീകരിക്കാൻ തീരുമാനിച്ചത് ആരാണ്? ഇന്ന് പ്രതിപക്ഷത്തിരിക്കുന്നവരാണ്. അന്ന് പ്രതിപക്ഷ നേതാവായിരുന്ന സാക്ഷാൽ കെ. കരുണാകരന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ വാമന സ്റ്റോറുകൾ ആരംഭിക്കാൻ വ്യാപാരികളെ ക്ഷണിച്ചു. മാവേലിയെ ചവിട്ടി താഴ്ത്തിയത് വാമനനായതുകൊണ്ട് വാമന സ്റ്റോർ ആരംഭിക്കുക. മാവേലി സ്റ്റോറുകളില്ലാതാക്കാൻ ആവശ്യമായ നടപടി അന്നുതന്നെ തുടങ്ങിയതാണ്. കേരളത്തിലെ ജനങ്ങൾ ചോരയും നീരും ഊറ്റി അധികാരത്തിൽ കൊണ്ടുവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ടാണ് പ്രവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് സന്തോഷവും സംതൃപ്തിയുമുണ്ട്. കാരണം ബഹുമാന്യനായ കെ. എം. മാണി ഇന്ന് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നുവെന്ന് പറയാനുള്ള മര്യാദ കാണിച്ചു. സാധാരണ ആ പാർട്ടി ഈ സഭയിൽ എതിർക്കുന്നുമില്ല, അനുകൂലിക്കുന്നുമില്ല എന്നാണ് പറയാറുള്ളത്. ഏതായാലും അദ്ദേഹം സന്മനസ്സ് കാണിച്ചതിന് നന്ദി. പക്ഷേ ഒരു കാര്യമുണ്ട്, അദ്ദേഹം എതിർക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഡോ. ടി. എം. തോമസ് ഐസക് വിഷമിക്കേണ്ട കാര്യമില്ല. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക വിദഗ്ദ്ധൻ അദ്ദേഹമാണെന്നാണ് അദ്ദേഹത്തിന്റെ വിചാരം. ഡോ. ടി. എം. തോമസ് ഐസക് നല്ലൊരു സാമ്പത്തിക വിദഗ്ദ്ധനാണെന്ന് കേരളത്തിൽ തെളിയിച്ച് കഴിഞ്ഞു. അദ്ദേഹം മിടുക്കനാണെന്ന് പറയാൻ ശ്രീ. കെ. എം. മാണി തയ്യാറാകുമോ? ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബില്ലായതുകൊണ്ടാണ് ശ്രീ. കെ. എം. മാണി എതിർത്തത്. സഭയിൽ പറയുമ്പോൾ സത്യം പറയണ്ടേ? അദ്ദേഹം ഇവിടെ പറഞ്ഞതെന്താണ്, മൂന്നിലവ് പഞ്ചായത്തിലെ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് വാരി എന്നാണ് പറഞ്ഞത്. എന്നാൽ സത്യമെന്താണ്; മൂന്നിലവ് പഞ്ചായത്തിലെ മെമ്പറായിരുന്ന ബേബി എന്നയാൾ ആന്റോ ആന്റണി എം.പി.യുടെ ചേട്ടനാണ്. അദ്ദേഹം മരിച്ചപ്പോൾ അവിടെ ബൈ-ഇലക്ഷനുണ്ടാവുകയും ബൈ-ഇലക്ഷനുണ്ടായപ്പോൾ അവിടെ ശ്രീ. കെ. എം. മാണി സ്വന്തം പാർട്ടിയിലെ മണ്ഡലം പ്രസിഡന്റിനെ മത്സരിപ്പിക്കുകയും സി.പി.ഐ.(എം)-ന്റെ പിന്തുണയോടെ കഷ്ടിച്ചു ജയിക്കുകയും ചെയ്തു. ആ ജയത്തിന്റെ പേരിൽ ആര് ആരെയാണ് വഞ്ചിച്ചത്? കോൺഗ്രസ്സിന്റെ സിറ്റിംഗ് സീറ്റിലാണ് ശ്രീ. കെ. എം. മാണി മണ്ഡലം പ്രസിഡന്റിനെ നിർത്തി തോൽപ്പിച്ചത്. എന്നിട്ടാണ് ഇവിടെ വന്ന് കോൺഗ്രസ്സ് വാരി എന്നും അതുകൊണ്ടാണ് ഞങ്ങളും വാരിയത് എന്നും പറയുന്നത്. ഇത്തരം പ്രചരണത്തോട് എനിക്ക് യോജിപ്പില്ലാത്തതുകൊണ്ട് ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രാഷ്ട്രീയമനുസരിച്ച് പോകാം; എനിക്ക് തർക്കമില്ല.

ഡോ. ടി. എം. തോമസ് ഐസക്കിനോട് ഒരുകാര്യം പറയാനുണ്ട്. ഡോ. ടി. എം. തോമസ് ഐസക് മാത്രമല്ല, ഈ സഭയിൽ പ്രസംഗിച്ച എല്ലാവർക്കും സ്വർണ്ണ കച്ചവടക്കാരോട് എന്താണ് ഒരു സ്നേഹം? നിങ്ങളാരെങ്കിലും സ്വർണ്ണ കച്ചവടക്കാരന്റെ പണം വാങ്ങിക്കൊണ്ടാണെന്നൊന്നും ഞാൻ പരാതി പറയില്ല, അങ്ങനെ വിശ്വസിക്കുന്നുമില്ല. പക്ഷേ സ്വർണ്ണക്കടക്കാർ പാവങ്ങൾ എന്നാണ് ഇവിടെ പറഞ്ഞത്. സ്വർണ്ണക്കടക്കാർ പാവങ്ങളാണോ. യഥാർത്ഥത്തിൽ വാദിയോടും പ്രതിയോടും കാശ് വാങ്ങുന്ന മൂന്നാംകിട വക്കീലിന്റെ ജോലിയല്ലേ

സ്വർണ്ണക്കടക്കാർക്കുള്ളത്? അവർ സ്വർണ്ണം വാങ്ങുമ്പോഴും വിൽക്കുമ്പോഴും ലാഭമെടുക്കും. അങ്ങനെയുള്ള സ്വർണ്ണക്കടക്കാരൻ പാവമാകുന്നത് എങ്ങനെയാണ്? പാവമല്ല, പാപം എന്നുപറഞ്ഞാൽ സമ്മതിക്കാം. അതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്, നിങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനമെടുത്തോ; ഞാൻ എതിർക്കുന്നില്ല. പക്ഷേ അവർ പാവമാണെന്ന കമന്റ് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ എല്ലാവരും സംസാരിച്ചത് ഞാൻ കേട്ടതാണ്. ഒരു കാര്യംകൂടി പറയാനുണ്ട്; ഈ ടോൾ പിരിവ് നിർത്തണ്ടേ? അഞ്ച് വാഹനത്തിൽക്കൂടുതൽ വന്നാൽ ഓപ്പൺ ചെയ്തു കൊടുക്കണമെന്നല്ലേ നിയമം? പക്ഷേ എവിടെയെങ്കിലും ചെയ്യുന്നുണ്ടോ? തൃശ്ശൂർ പാലിയേക്കര ടോളിൽ നടന്നുകൊണ്ടിരിക്കുന്നത് മനുഷ്യാവകാശ ലംഘനമാണ്. നിയമങ്ങൾ കാറ്റിൽപ്പറത്തി സൗകര്യംപോലെ ചെയ്യുകയാണ്. ജനങ്ങളെ കൊള്ളയടിക്കുകയല്ലേ? ആ ടോളിൽ വച്ചുണ്ടായ ദുരനുഭവം ദേശീയ അവാർഡ് ജേതാവ് ശ്രീമതി സുരഭി ലക്ഷ്മിയുടെ പ്രസ്താവനയിൽ വന്നിട്ടുണ്ട്. അവർ സോഷ്യൽ മീഡിയയിലൂടെ അത് വിവരിക്കുന്നത് കാണാനിടയായി. രോഗികളുമായി വരുന്ന വാഹനങ്ങൾ, ആംബുലൻസുപോലും പിടിച്ചുനിർത്തി പണം പിരിക്കുന്ന ഈ കശ്മലക്കൂട്ടത്തോട് ശക്തമായി പ്രതികരിക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. ഈ ടോൾ പിരിവ് അവസാനിപ്പിക്കണം. അഞ്ച് വാഹനത്തിൽ കൂടുതൽ വന്നാൽ ടോൾ പിരിക്കാതെ നിർബന്ധമായി വാതിൽ തുറന്നുകൊടുക്കേണ്ടതാണ്. അര മണിക്കൂറൊക്കെയാണ് പാവപ്പെട്ട മനുഷ്യരെ ടോളിൽ ഇട്ടിരിക്കുന്നത്. അതുകൊണ്ട് തൃശ്ശൂർ പാലിയക്കര ടോളിന്റെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ചുരുക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ധനവിനിയോഗ ബില്ലിനെ ശക്തമായി പിന്തുണയ്ക്കുന്നു. ഒരു വർഷം തികയുന്ന സർക്കാരിനെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. എം. സ്വരാജ് ദേശീയ മാധ്യമങ്ങളെയും സാർവ്വദേശീയ മാധ്യമങ്ങളെയും ക്വാട്ട് ചെയ്തപ്പോൾ സഖാവ് കെ. ദാസൻ മലയാള മനോരമ ദിനപ്പത്രത്തെ സൂചിപ്പിച്ചുകൊണ്ടായിരുന്നു പ്രസംഗിച്ചത്. ശ്രീമതി ഷാനി പ്രഭാകരൻ പല ഘട്ടങ്ങളിലും ഞങ്ങളെ വിമർശിക്കുന്ന മാധ്യമ പ്രവർത്തകയാണ്. 'പറയാതെ വയ്യ' എന്ന പരിപാടിയിൽ ഇടതുപക്ഷ സർക്കാരിനെ അനുകൂലിച്ചുകൊണ്ട് സംസാരിക്കാൻ

അവർ നിർബന്ധിതയായി. ശുദ്ധീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു; ശുദ്ധീകരണ പ്രക്രിയ അരങ്ങേറിയില്ലേ? ഇന്ന് മന്ത്രിമാരുടെ ഓഫീസിൽ ഏത് മാന്യന്മാർക്കും പോകാം, സ്ത്രീകൾക്ക് പോകാം. ഒരുകാലത്ത് പോകാൻ സാധിക്കുമായിരുന്നോ; പറ്റില്ലല്ലോ. ജിക്കു, ജോപ്പൻ എന്നൊക്കെ പറഞ്ഞ് കുറേ ആളുകൾ ഫോൺ നമ്പരെടുത്ത് വിളിയായിരുന്നില്ലേ? അതിൽനിന്ന് വ്യത്യസ്തമായി ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ ഒരു ശുദ്ധീകരണ പ്രക്രിയയുണ്ടായി. ഈ സർക്കാരിന്റെ നവകേരള മിഷന്റെ സ്ഥിതിയെന്താണ്? നാട്ടിലെങ്ങും ഉത്സവമാണ്. കാര്യങ്ങളൊക്കെ നടക്കുന്നുണ്ടെന്ന് യു.ഡി.എഫ്.കാരും സ്വകാര്യം പറയുന്നു. എന്താണ് ഹരിത കേരളം? ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഉത്സവങ്ങൾ നടക്കുന്നു. പഞ്ചായത്തുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ജനങ്ങൾ ഒറ്റക്കെട്ടായി ഇറങ്ങുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ജനങ്ങളെ ഒറ്റക്കെട്ടായി ഇറക്കാൻ നവകേരള മിഷനിലൂടെ സാധിച്ചു. ആരോഗ്യ മേഖലയിലെ പുതിയ പദ്ധതിയാണ് ആർദ്രം. നല്ല പിന്തുണയാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ലൈഫ് പദ്ധതിയിലൂടെ വീടില്ലാത്തവരായി ഒരാളും ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്ന് മുഖ്യമന്ത്രി ഇച്ഛാശക്തിയോടെ വിളിച്ചുപറയുന്നു. അത് നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള വിശ്വാസം ഈ സർക്കാരിനുണ്ട്. അതാണ് നവ കേരള മിഷൻ. 48.5 ലക്ഷം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകാൻ ഞങ്ങൾക്ക് സാധിച്ചു, അത് നേട്ടമല്ലേ? സർക്കാർ പോക്കാണെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. കഴിഞ്ഞദിവസം ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞു, സർക്കാർ പോക്കാണെന്ന്. ശ്രീ. കെ. എസ്. ശബരീനാഥന്റെ നിയോജക മണ്ഡലത്തിൽ ഞാൻ ഒരു പരിപാടിക്ക് പോയപ്പോൾ അദ്ദേഹത്തിന്റെ ഫ്ലെക്സ് തെങ്ങിന്റെ മുകളിൽ വച്ചിരിക്കുകയാണ്. കൈ ഉയർത്തിപിടിച്ച് ഇത്ര കോടി രൂപ ലഭിച്ചിരിക്കുന്നുവെന്ന് കാണിച്ചുള്ള ഫ്ലെക്സാണ്. നെഞ്ചത്ത് കൈവച്ച് യു.ഡി.എഫ്.-ന് പറയാൻ സാധിക്കുമോ? 100 കോടി രൂപയിൽ കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭിക്കാത്ത ഏതെങ്കിലും എം.എൽ.എ. യു.ഡി.എഫ്.ന്റെ ഭാഗത്തുണ്ടോ? 100 കോടി രൂപയിലേറെ വാങ്ങിയിട്ടാണ് പറയുന്നത് 'അയ്യോ, ഈ സർക്കാർ പോക്കാണേ' എന്ന്. എന്തിനാണ് ഈ വിമർശനം? അതുമാത്രമല്ല ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യം നേരത്തെ സൂചിപ്പിച്ചു. 50,000 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ തുടക്കം കുറിച്ചിരിക്കുന്നു. ഗെയിൽ പദ്ധതി ഇച്ഛാശക്തിയോടെ മുന്നോട്ടുകൊണ്ടുപോകാൻ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് കഴിഞ്ഞുവെന്ന് കേന്ദ്ര സർക്കാർപോലും സമ്മതിച്ചു. ശ്രീ. നിതിൻ ഗഡ്കരിയെപ്പോലെയുള്ള ആളുകൾക്ക് അത് സമ്മതിക്കേണ്ടി വന്നു. കേരളത്തെ കണ്ടുപഠിക്കണം, ഇച്ഛാശക്തിയോടെ മുന്നോട്ട് പോകാൻ ഈ സർക്കാരിനാകുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്.

ദേശീയപാത 4 വരിയും 6 വരിയുമല്ല അതിനപ്പുറത്തേയ്ക്ക് വികസിപ്പിക്കണമെന്ന നിലയിലുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഞങ്ങളെ ഇങ്ങനെ കുറ്റം പറഞ്ഞ് നടക്കേണ്ട കാര്യം എന്താണ്? നിങ്ങൾ പുറത്ത് കുറ്റം പറയുമെങ്കിലും സൗഹൃദക്കൂട്ടായ്മയിൽ കുറേ കാര്യങ്ങളൊക്കെ സർക്കാർ ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ പറയും. ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളും പണവും എന്ന വിഷയത്തിൽ ഗവേഷണം നടത്തിയ വെർജീനിയ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് മേധാവി Prof. John Echeverri Gent-ന്റെ ഒരു കണ്ടെത്തലുണ്ട്; എന്തുകൊണ്ട് കോൺഗ്രസ്സ് തകർന്നു; എന്തുകൊണ്ട് കോൺഗ്രസ്സിനകത്ത് നെഹ്റു-ഗാന്ധി കുടുംബത്തിന് ആധിപത്യമുണ്ടായി; കോൺഗ്രസ്സിന്റെ ഇലക്ഷൻ ഫണ്ടും പൊളിറ്റിക്കൽ ഫണ്ടും കൈകാര്യം ചെയ്യുന്നവരായി ഇവർ മാറിയതുകൊണ്ടാണ് കോൺഗ്രസ്സ് രാഷ്ട്രീയ പാർട്ടിക്കകത്ത് ഈ കുടുംബത്തിന് ഇത്രയും ആധിപത്യമുണ്ടാകാനിടയായത്. ഇത് ഞാൻ പറയുന്ന കാര്യമല്ല, Prof. John Echeverri Gent എന്ന വെർജീനിയ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ കണ്ടെത്തിയ നിഗമനങ്ങളാണ്. അത് കോൺഗ്രസ്സിന്റെ നേതാക്കൻമാർക്ക് ഗൂഗിളിൽ സെർച്ച് ചെയ്ത് നോക്കാം. ഞാൻ പറഞ്ഞത് കള്ളമാണെങ്കിൽ നാളെ നിങ്ങൾക്ക് നിഷേധിക്കാം, ഇത് അദ്ദേഹത്തിന്റെ കണ്ടെത്തലാണ്. കോൺഗ്രസ്സ് ഈ നാടിനെ എവിടെ എത്തിച്ചു? കോൺഗ്രസ്സെന്നു പറയുന്ന രാഷ്ട്രീയ പാർട്ടിയിലെ ഒരു പക്ഷം Psychopaths-ന്റെ പാർട്ടിയായി മാറി. ശ്രീമതി സോണിയാ ഗാന്ധിയോട് മുഖസ്തുതി പറഞ്ഞ്, പൊക്കിപ്പറഞ്ഞ് കോൺഗ്രസ്സിന്റെ കുറ്റങ്ങളെ, പോരായ്മകളെ ചൂണ്ടി കാണിക്കാതെ, കോൺഗ്രസ്സ് ഇന്ത്യയിൽ തകർന്നുപോയി. ഇന്ന് കോൺഗ്രസ്സ് ഫാമിലി എന്റർപ്രൈസസാണ്. ഒരു ഫാമിലി എന്റർപ്രൈസസായി കോൺഗ്രസ്സ് ചുരുങ്ങാൻ കാരണമെന്താണ്? അത് കോൺഗ്രസ്സ് സ്വീകരിച്ച സമീപനത്തിന്റെ ഭാഗമാണ്. 30 വർഷത്തിനിടയിൽ കോൺഗ്രസ്സ് ജനാധിപത്യത്തെ കോർപ്പറേറ്റ് ഒലിഗാർക്കിയിലേയ്ക്ക് റീപ്ലെയ്സ് ചെയ്തു. ആരാണ് ഈ രാജ്യത്തെ കോർപ്പറേറ്റ് ഒലിഗാർക്കിയിലേയ്ക്ക് റീപ്ലെയ്സ് ചെയ്തത്? അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്, ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഒരു പൊളിറ്റിക്കൽ കോർപ്പറേറ്റ് കോംപ്ലക്സാണ്. ആ നിലയിലേയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന രാഷ്ട്രീയ പാർട്ടി മാറി. ഇവിടെ നേരത്തെ ശ്രീ. കെ. മുരളീധരൻ ഞങ്ങളെ വിമർശിച്ചു. എന്താണ് പറഞ്ഞത്? വർഗ്ഗീയതയെ ഞങ്ങൾ പ്രോൽസാഹിപ്പിക്കുന്നു, ബി.ജെ.പി.-യെ ഞങ്ങൾ പ്രോൽസാഹിപ്പിക്കുന്നു എന്ന്. ഇന്ത്യയുടെ മണ്ണിൽ ബി.ജെ.പി. മുന്നോട്ടുവയ്ക്കുന്ന വർഗ്ഗീയ രാഷ്ട്രീയത്തിന് വളരാൻ അവസരമൊരുക്കിയത് ആരാണ്? ചരിത്രം തേടിപ്പോകുമ്പോൾ രാഷ്ട്രീയ വിദ്യാർത്ഥിക്ക് മനസ്സിലാക്കാൻ സാധിക്കും അത് ഷാബാനു കേസ്സാണെന്ന്. ഷാബാനു കേസ്സിലെ മുസ്ലീം മതപണ്ഡിതൻമാരെ തൃപ്തിപ്പെടുത്താൻ വേണ്ടി നിങ്ങൾ അതിൽ മാറ്റം വരുത്തി. അതിനുശേഷം ഹിന്ദു ഫണ്ടമെന്റലിസ്റ്റുകളെ

തൃപ്തിപ്പെടുത്താൻവേണ്ടി നിങ്ങൾ ബാബറി മസ്ജിദിനകത്ത് ശില സ്ഥാപിച്ചു. അതിലൂടെയാണ് ഈ രാജ്യത്ത് ഹിന്ദുത്വശക്തികൾക്ക് വളരാൻ അവസരമൊരുക്കിയത്. അതിനുത്തരവാദി ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയാണെന്ന കാര്യം നിഷേധിക്കാൻ അദ്ദേഹത്തിന്റെ അനുയായികൾക്കുപോലും സാധിക്കുമോ എന്ന് എനിക്കറിയില്ല. നിങ്ങൾ എത്ര കലാപങ്ങൾ പ്രോൽസാഹിപ്പിച്ചു; നിങ്ങൾ ഇപ്പോൾ കണ്ണൂരിനെക്കുറിച്ചും രാഷ്ട്രീയ അക്രമങ്ങളെക്കുറിച്ചും വിലപിക്കുമ്പോൾ നിങ്ങളല്ലേ സിക്ക് കൂട്ടക്കൊല നടത്തിയത്? സിക്ക് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയത് എച്ച്.കെ.എൽ. ഭഗത്, സജൻകുമാർ, ജഗദീഷ് ടൈറ്റ്ലർ എന്നിവരാണ്. ഇവരൊക്കെ ആരായിരുന്നു; കോൺഗ്രസ്സിന്റെ നേതാക്കളല്ലേ? പലപ്പോഴും വർഗ്ഗീയ ശക്തികളെ ഈ രാജ്യത്ത് വളരാൻ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. അതുമാത്രമല്ല ലീഗ് ഇപ്പോൾ കോൺഗ്രസ്സിന്റെകൂടെ ചേർന്നുനിൽക്കുകയാണ്. മുസ്ലീങ്ങൾക്ക് എന്താണ് കോൺഗ്രസ്സ് നൽകിയത്? രജീന്ദർ സച്ചാർ കമ്മീഷന്റെ റിപ്പോർട്ടിൽ ദളിതരുടെ ജീവിതത്തെക്കാൾ പുറകിലാണ് ഇന്ത്യൻ മുസ്ലീങ്ങളുടെ സ്ഥിതിയെന്നാണ് പറയുന്നത്. എന്നിട്ട് കോൺഗ്രസ്സ് ഞങ്ങൾക്ക് വാരിക്കോരി തന്നുവെന്ന് ലീഗ് പറയുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രതീകമായ ബാബറി മസ്ജിദ് തച്ചുതകർക്കുമ്പോൾ പതിനാറ് ഭാഷകൾ അറിയുന്ന നരസിംഹറാവു, ഏതെങ്കിലും ഒരു ഭാഷയിൽ അരുതെന്ന് പറഞ്ഞോ? ഇല്ല. ഇപ്പോൾ എന്താണ് യു.പി.യിൽ ഇങ്ങനെ ആയിപ്പോയത്? ഞാൻ യു.പി. തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ, യു.പി. ബോർഡറിലൂടെ സഞ്ചരിച്ചിരുന്നു. അവിടെ മനോഹരമായ ഒരു പോസ്റ്റർ കണ്ടു, പരസ്യം കണ്ടു, എന്താണെന്നോ? 'യു.പി. കോ യെ സാഥി ബഹുത് പസന്ത് ഹെ', അഖിലേഷ് യാദവിന്റേയും രാഹുൽ ഗാന്ധിയുടേയും ചിത്രമായിരുന്നു. യു.പി.ക്ക് ഈ കൂട്ടുകെട്ട് ഇഷ്ടപ്പെട്ടിരിക്കുന്നു. രാഹുൽ ഗാന്ധി ഒരു മാൻഡ്രേക്കാണ്, രാഹുൽ ഗാന്ധി ആരുടെ കയ്യിൽ പോകുന്നുവോ, ആ പാർട്ടി തകർന്നു പോകും. ജൂനിയർ മാൻഡ്രേക്ക് അതാണ് യഥാർത്ഥത്തിൽ ചേരുന്ന പദം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. കോൺഗ്രസ്സിന്റെ ഉപാദ്ധ്യക്ഷനായ ശ്രീ. രാഹുൽ ഗാന്ധിയെപ്പറ്റി വളരെ മര്യാദയില്ലാത്ത ഭാഷയിൽ സംസാരിക്കുന്നത് ഓർഡറിലാണോ, അങ്ങ് ഇത് പരിശോധിക്കണം, രേഖയിൽ നിന്ന് നീക്കം ചെയ്യണം.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, അത് പരിശോധിക്കേണ്ട കാര്യമൊന്നുമില്ല, ജൂനിയർ മാൻഡ്രേക്ക് ഒരു പ്രയോഗമാണ്, ശ്രീ. കെ. സി. ജോസഫിന് അത് അറിയാത്തതുകൊണ്ടാണ്; അദ്ദേഹം സിനിമയൊന്നും കണ്ട് ശീലമില്ലാത്തത് കൊണ്ടാണ്. പശ്ചിമ ബംഗാളിനെക്കുറിച്ച് ഞങ്ങൾക്ക് തിരിച്ചടി കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു, ഞങ്ങൾ ഇല്ലെന്നുപറയുന്നില്ല; ഞങ്ങളുടെ തിരിച്ചടിയുടെ ആഴം വർദ്ധിപ്പിച്ചത്

പശ്ചിമ ബംഗാളിൽ കോൺഗ്രസ്സ് ക്ലടിപ്പോയതുകൊണ്ടാണ്. അതുകൊണ്ട് നിങ്ങൾ ആലോചിക്കേണ്ട കാര്യം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്നു പറയുന്ന രാഷ്ട്രീയപാർട്ടി ഈ രാജ്യത്ത് സ്വീകരിച്ച സമീപനങ്ങൾ എന്താണെന്നാണ്. ഈ രാജ്യത്തിന്റെ തകർച്ചയ്ക്ക് കോൺഗ്രസ്സ് പലഘട്ടങ്ങളിലും സ്വീകരിച്ച സമീപനങ്ങൾ എന്താണ്? കോൺഗ്രസ്സ് ഈ രാജ്യത്ത് തകർന്നിരിക്കുന്നു. കോൺഗ്രസ്സുകാർ ഞങ്ങളെ കളിയാക്കുന്നു, ഞങ്ങളെ കളിയാക്കി ഞങ്ങളുടെ കുറ്റവും നോക്കി നടന്നത് കൊണ്ട് കാര്യമില്ല, നിങ്ങളെങ്കിലും രക്ഷപ്പെടാൻ നോക്ക് എന്നാണ് പറയാനുള്ളത്. മുസ്ലീങ്ങൾക്ക് ഒരു വിശ്വാസമുണ്ട്, മരിച്ചാൽ മയ്യത്തിൽ നിന്ന് പേൻ ഇറങ്ങുമെന്ന്. കോൺഗ്രസ്സിൽനിന്നും കൂട്ടത്തോടെ ആളുകൾ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്, എൻ. ഡി. തിവാരി മൂന്ന് തവണ ഉത്തർ പ്രദേശിൽ മുഖ്യമന്ത്രിയായി. മൂന്ന് തവണ മുഖ്യമന്ത്രിപദവും കേന്ദ്ര മന്ത്രിപദവും അലങ്കരിച്ച എൻ.ഡി. തിവാരി ഇന്ന് ആരുടെ കൂടെയാണ്? വിദേശകാര്യ മന്ത്രി എസ്. എം. കൃഷ്ണ ഇന്ന് ആരുടെ കൂടെയാണ്? റീത്താ ബഹുഗുണ ജോഷി ആരുടെ കൂടെയാണ്? എന്തിനേറെ പറയുന്നു. കഴിഞ്ഞ നിയമസഭാ സെഷൻ നടക്കുന്ന ഘട്ടത്തിൽ യു. പി. ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നിരുന്നു. ഒരു യുവ നേതാവ് പ്രസംഗിച്ചു, ഇനി പിണറായിക്ക് മണിപ്പൂരിൽ പോകാം, ഇനി പിണറായിക്ക് ഗോവയിൽ പോകാമെന്ന്. ഇപ്പോൾ എവിടെയെത്തി? ഈ അഹങ്കാരവും അഹന്തയുമാണ് നിങ്ങളുടെ തകർച്ചയ്ക്ക് കാരണം, നിങ്ങൾ തോറ്റല്ലോ. ഇനി തിരിച്ചുവരാൻ സാധിക്കാത്ത രീതിയിലേയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പാർട്ടി ഈ രാജ്യത്ത് തകർന്ന ടിഞ്ഞിരിക്കുന്നു. ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ ഞങ്ങൾ കൂട്ടിയില്ലേ എന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ മനസ്സിലാക്കേണ്ടത്, അദ്ദേഹം ഉൾപ്പെടെയുള്ളവരുടെ പിൻതുണയോടുകൂടിയാണ് ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ജനങ്ങൾ ഞങ്ങൾക്ക് മാൻഡേറ്റ് നൽകി; അതിന്റെ ഭാഗമായി ഞങ്ങൾ ഇന്ന് ഭരിക്കുന്നു. ഞങ്ങളുടെ പ്രതിബദ്ധത ജനങ്ങളോടാണ്, ഞങ്ങൾക്ക് ജനങ്ങളോട് മാത്രമേ പ്രതിബദ്ധതയുള്ളൂ എന്ന കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ഇവിടെ സ്വാശ്രയത്തെക്കുറിച്ച് ഘോരഘോരം പ്രസംഗങ്ങൾ നടത്തി. സ്വാശ്രയം നിങ്ങളുടെ കുട്ടിയാണ്, അനിവാര്യമായ തിൻമ എന്ന നിലയിൽ കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസത്തെ ചില ഘട്ടങ്ങളിലെങ്കിലും ഞങ്ങൾ സ്വാഗതം ചെയ്തിട്ടുണ്ട്. നിങ്ങളല്ലേ കുട്ടിയെ ഉൽപ്പാദിപ്പിച്ചത്. ഇപ്പോൾ വന്ന് കരയുകയാണ്. പക്ഷേ ശ്രീ. ഉമ്മൻ ചാണ്ടി സമ്മതിച്ചു നിങ്ങൾ സ്വീകരിച്ച നിലപാടാണ് ശരിയെന്ന്. സ്വാശ്രയത്തിനെതിരെ നിങ്ങൾക്ക് ഒരു അക്ഷരംപോലും മിണ്ടാൻ അവകാശമില്ല എന്നുപറയാൻ ആഗ്രഹിക്കുന്നു. ഇവിടെ സമരം നടത്തി; ലാത്തിയും വടിയും കണ്ടിട്ടുള്ളവർ കോൺഗ്രസ്സിനകത്തുള്ള യുവ എം.എൽ.എ.മാരിൽ എത്ര പേരുണ്ട്? ശ്രീ. ഹൈബി ഈഡന് ഒന്നോ രണ്ടോ അടി കിട്ടിയിട്ടുണ്ട്. വേറെ എത്ര

ആൾക്കാർക്കാണ് കിട്ടിയത്? ഫെയ്സ്ബുക്കിൽ ലാത്തി കണ്ടവരാണ് ഞങ്ങളെ ആക്ഷേപിക്കുന്നത്; ഫെയ്സ്ബുക്കിനകത്തു മാത്രം കണ്ടവർ. കെ.എസ്.യു.-വിന്റെ പുതിയ മുദ്രാവാക്യമെന്താണ്? ഞങ്ങൾ വിളിച്ച മുദ്രാവാക്യം, 'അടിയുടെ ഇടിയുടെ വെടിയുടെ മുന്നിൽ അടി പതറാതെ നിൽക്കും ഞങ്ങൾ' എന്നതാണ്. കെ.എസ്.യു.വോ, 'അടിയുടെ ഇടിയുടെ വെടിയുടെ മുന്നിൽ അടിപതറാതെ ഓടും ഞങ്ങൾ' എന്നാണ്. കേവലം പോലീസ് വാഹനത്തിന്റെ ഹോൺ ശബ്ദം കേട്ട് ഓടുന്ന കെ.എസ്.യു.-വിന് നല്ല തീച്ചൂളയിൽ ഉയർന്നുവന്നാൽ മാത്രമേ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കോൺഗ്രസ്സിന്റെ സീനിയർ നേതാക്കളോട് പറയാനുള്ളത്, പുതുതലമുറയെ രാഷ്ട്രീയം പഠിപ്പിക്കണമെന്നാണ്; പുതുതലമുറയെ രാഷ്ട്രീയം പഠിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാനാകണം. ലീഗ് ഇപ്പോൾ എവിടെയെത്തി? ലോകത്ത് എത്രയെത്ര പാർട്ടിയെ നമ്മൾ കണ്ടിരിക്കുന്നു. ലോകത്ത് എവിടെയെങ്കിലും ഇങ്ങനെയൊരു പാർട്ടിയുണ്ടോ? അഖിലേന്ത്യാ പ്രസിഡന്റിനെ സംസ്ഥാന പ്രസിഡന്റ് തെരഞ്ഞെടുക്കുന്ന പാർട്ടി. ഇത് ചരിത്രത്തിലെ ഏക പാർട്ടിയാണ്. ലോകചരിത്രത്തിലാദ്യമായി അഖിലേന്ത്യാ പ്രസിഡന്റിനെ സംസ്ഥാന പ്രസിഡന്റ് തെരഞ്ഞെടുക്കുന്ന പാർട്ടിയുണ്ടെങ്കിൽ അത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. നിങ്ങളുടെ പാർട്ടി എന്താണ്? രണ്ടാണോ ഒന്നാണോ വലുത് എന്നു ചോദിച്ചാൽ ഞങ്ങൾ പറയും രണ്ടാണെന്ന്. ലീഗിനോട് ചോദിച്ചാൽ ലീഗ് പറയും ഒന്നാണെന്ന്, അതാണ് വ്യത്യാസം. മലപ്പുറത്ത് നിങ്ങൾ ജയിച്ചുവെന്നു പറയുന്നത് ശരിയാണ്. നിങ്ങൾ ജയിച്ചുവെന്ന് പറയുമ്പോഴും ഞങ്ങൾക്ക് ഒരു ലക്ഷം വോട്ടുകളുടെ വർദ്ധനവുണ്ടായി. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് രണ്ട് ഘട്ടം തെരഞ്ഞെടുപ്പ് നടന്നല്ലോ, അപ്പോഴൊക്കെയും വ്യക്തമായ മേധാവിത്വം ഞങ്ങൾക്കുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മുന്നേറാൻ കഴിഞ്ഞു, അത് ഞങ്ങൾക്ക് ജനം നൽകുന്ന അംഗീകാരമാണ്. മലപ്പുറത്ത് ഒരു ലക്ഷത്തിലേറേ വോട്ടിന്റെ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു, അതും ജനങ്ങൾ ഞങ്ങൾക്ക് നൽകുന്ന അംഗീകാരമാണ്. മുസ്ലീംലീഗ് ശ്രീമതി ഖമറുന്നിസ അൻവറിനെ പുറത്താക്കി. ശ്രീമതി ഖമറുന്നിസ അൻവർ ബി.ജെ.പി.യുടെ പരിപാടിക്ക് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ അനുമതിയോടെയാണ് പോയതെങ്കിലും അദ്ദേഹത്തിനെതിരെ ഒരു നടപടിയുമില്ല; ഇതെന്ത് പാർട്ടിയാണ്? നിങ്ങളുടെയുള്ളിൽ ഒരു സ്ത്രീ വിരുദ്ധതയുണ്ട്. എപ്പോൾ അവസരം ലഭിച്ചാലും അപ്പോൾ നിങ്ങൾ സ്ത്രീകളെ തട്ടിക്കളയും, അതുകൊണ്ടാണ് ശ്രീമതി ഖമറുന്നീസ അൻവറിനെതിരെ നടപടി സ്വീകരിച്ചത്. ശ്രീമതി ഖമറുന്നീസ അൻവറിനോട് നിങ്ങൾ ഫണ്ട് നൽകിയോ എന്ന് ചോദിച്ച ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെതിരെ നടപടി സ്വീകരിക്കാനുള്ള കരുത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനില്ല. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഒരു വർഷം

തികയുമ്പോൾ, വളരെ അഭിമാനത്തോടെ ഞങ്ങൾ പറയുന്ന, എല്ലാത്തിലും എ പ്ലസ് നേടി മുന്നോട്ടുപോകുന്ന ഒരു സർക്കാരാണിത്. ഈ സർക്കാർ അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ ജനങ്ങൾക്കെന്താണോ വാഗ്ദാനം നൽകിയത്, അത് നിർവ്വഹിച്ച് മുന്നോട്ടുപോകും. ഞാൻ നേരത്തേ സൂചിപ്പിച്ച, ഞങ്ങളുടെ ലക്ഷ്യം 2021 അല്ല, 2016 മുതലുള്ള ഒരു തുടർഭരണമാണ്. ആ തുടർഭരണത്തിലേയ്ക്ക് ശ്രീ. പിണറായിയും സംഘവും മുന്നോട്ടുപോകും. ഇത് തടയാൻ ഒരു വലതുപക്ഷ രാഷ്ട്രീയത്തിനും സാധിക്കില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. മുരളി പെരുനെല്ലി: സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏത് രീതിയിൽ പരിശോധിച്ചാലും കേരളത്തിലെ എൽ.ഡി.എഫ് ഭരണം വളരെ മുന്നിലാണെന്ന് കാണാൻ കഴിയും. എന്നാൽ യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തെക്കുറിച്ച് നേരത്തേ അംഗങ്ങൾ പറഞ്ഞതാണ്, ആ ഭരണം പരിശോധിച്ചാൽ മനസ്സിലാകും വളരെ മോശമായ കാര്യങ്ങളാണ് ആ കാലഘട്ടത്തിൽ നടന്നത്, അത് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ആ സമയത്ത് നമ്മുടെ നാട്ടിൽ കാര്യമായ ഉൽപ്പാദനങ്ങളൊന്നും നടന്നിരുന്നില്ല. വയലുകളെല്ലാം ഓരോന്നോരോന്നായി നികന്നുകൊണ്ടിരിക്കുകയും കുന്നുകൾ ഇല്ലാതാവുകയും ചെയ്തു. നമ്മുടെ പ്രധാന മേഖലയായിരുന്ന കാർഷിക മേഖല പൂർണ്ണമായും തകർച്ച നേരിട്ടുകൊണ്ടിരുന്നു, തത്ഫലമായി നമ്മുടെ തൊഴിലവസരങ്ങൾ കുറയുന്ന സ്ഥിതിവിശേഷമുണ്ടായി. അതുപോലെ വ്യവസായശാലകളുടെ വാതിലുകളോരോന്നും അന്ന് അടഞ്ഞുകൊണ്ടിരുന്നു. പണത്തിന്റെ ഒഴുക്കിനും കൈമാറ്റത്തിനും സമ്പന്നർക്ക് യാതൊരു പഞ്ഞവുമില്ലാത്ത കാലമായിരുന്നു, എന്നാൽ ദരിദ്രർ തൊട്ടതിനൊക്കെ കടം വാങ്ങേണ്ട അവസ്ഥയുമുണ്ടായി. അങ്ങനെ പണം തിരിച്ചു നൽകാൻ കഴിയാതെ കടംകയറി ആത്മഹത്യയെപ്പറ്റി യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കർഷകർ ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൽ എല്ലാം ശരിയാകുന്ന അവസ്ഥ കേരളത്തിൽ വന്നിരിക്കുകയാണ്. ഓരോ മേഖലയായി എടുത്ത് പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. ഈ ഒരു വർഷംകൊണ്ട് ആയിരം നാവുള്ള അനന്തനുപോലും വിവരിക്കാൻ കഴിയാത്തവിധം നിരവധി പദ്ധതികളാണ് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയത്. ഏതൊരു ചെറിയ പരിപാടിക്കും ആസൂത്രണം അനിവാര്യമാണെന്ന് നമുക്ക് കാണാൻ കഴിയും. നമ്മുടെ വീട്ടിൽ ഒരു കാര്യം നടക്കുമ്പോൾപോലും

നമ്മൾ ആസൂത്രണം ചെയ്യാറുണ്ട്. എന്നാൽ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ ആസൂത്രണമേ വേണ്ട എന്ന നിലപാട് സ്വീകരിച്ചിരിക്കുന്നു. ആ നിലപാടിന് വിരുദ്ധമായി ഇടതുപക്ഷ സർക്കാർ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തി, ഈ ഒരു വർഷം കൊണ്ടുതന്നെ വികസന രംഗത്ത് പുത്തൻ വിസ്മയങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകണ്ട് പ്രതിപക്ഷം വലിയ വിഭ്രാന്തിയിൽപ്പെട്ടിരിക്കുകയാണ്. ആ വിഭ്രാന്തിയിൽ നിന്നും സൃഷ്ടിക്കപ്പെട്ട ഓരോ കോപ്രായങ്ങൾ അവർ ഈ സഭയിൽ നടത്തി കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ സമരാഭാസങ്ങളെല്ലാം ജനങ്ങൾ നോക്കിക്കാണുന്നുണ്ട്. എൽ.ഡി.എഫ്.-ന്റെ തകർച്ച കാണാൻ ധൃതി കൂട്ടുന്ന യു.ഡി.എഫ്.-നെ കാണുമ്പോൾ എനിക്കോർമ്മ വരുന്നത് ഒരു സിക്ക് നർമ്മ കഥയാണ്. സിനിമ കാണാൻ പോയ സിക്കുകാരന്റെ കഥയാണ്. സിനിമയിൽ ഒരു നടി നദിയിൽ കുളിക്കുന്ന രംഗമുണ്ട്, ആ നടി തന്റെ ശരീരത്തിൽനിന്നും ഓരോ വസ്ത്രങ്ങളായി അഴിച്ചുകൊണ്ടിരിക്കുന്ന രംഗം വന്നുകൊണ്ടിരിക്കുകയാണ്. കാണികളെ മുൾമുനയിൽ നിർത്തിക്കൊണ്ട് സംവിധായകൻ രംഗം കൊഴുപ്പിക്കുകയാണ്. സെൻസർ ബോർഡിന്റെ കത്രികയിൽനിന്ന് രക്ഷപ്പെടാൻ സംവിധായകൻ അപ്പോൾ കട്ട് പറഞ്ഞു. കട്ട് എന്ന് കേൾക്കുമ്പോൾ ബി.ജെ.പി.ക്കാർക്കും സ്വാമിമാർക്കും ഇപ്പോൾ വിഷമമുള്ള കാലമാണല്ലോ! തുടർന്ന് സിനിമയിൽ നമ്മൾ കാണുന്നത് ഈ നദിക്കരയിലെ റെയിൽപാളത്തിലൂടെ തീവണ്ടി പോകുന്നതാണ്. തീവണ്ടി പോകുന്നതോടെ ആ സീൻ അവിടെ അവസാനിക്കുകയാണ്. പക്ഷേ ഈ സിനിമ കണ്ട് പുറത്തിങ്ങിയ സിക്കുകാരൻ ഈ കുളി സീൻ മുഴുവനായും കണ്ടതിനുശേഷമേ ഇനി മറ്റ് കാര്യങ്ങളുള്ളു എന്ന് തീരുമാനിച്ചു മുന്നോട്ടുപോയി. അതിന്റെ ഭാഗമായി മോണിങ്ങ് ഷോ കണ്ടു, നൂൺ ഷോ കണ്ടു, തുടർന്ന് മാറ്റിനിക്ക് കയറി, പിന്നീട് അന്നുതന്നെ ഫസ്റ്റ് ഷോയ്ക്കും സെക്കന്റ് ഷോയ്ക്കും കയറി. അങ്ങനെ സെക്കന്റ് ഷോ കണ്ടിറങ്ങിയപ്പോൾ, നീയെന്തിനാണ് ഈ സിനിമ അഞ്ച് തവണ കണ്ടതെന്ന് സിക്കുകാരനോട് സുഹൃത്ത് ചോദിച്ചു. അതിന്റെ മറുപടി നൽകിയത് 'ഇതിലെ കുളി സീൻ സമയത്ത് കടന്നുപോകുന്ന തീവണ്ടി കാരണം ആ സീൻ പൂർണ്ണമായും കാണാൻ കഴിഞ്ഞില്ല. നമ്മുടെ തീവണ്ടി വൈകിയോടുന്നത് പതിവാണല്ലോ, എപ്പോഴെങ്കിലും തീവണ്ടി വരാൻ വൈകുകയാണെങ്കിൽ ഈ കുളി സീൻ മുഴുവനായും കാണാമല്ലോ' എന്നാണ്. ആ സിനിമയിലെ തീവണ്ടി വൈകിവരുന്നതും കാത്തിരിക്കുന്നത് പോലെയാണ് ഇപ്പോഴത്തെ പ്രതിപക്ഷം കാത്തിരിക്കുന്നത്. ഒരിക്കലും സിനിമയിലെ തീവണ്ടി വൈകി ഓടാനും പോകുന്നില്ല, ആ സീൻ ആരും കാണാനും പോകുന്നില്ല. അതുപോലെയാണ് പ്രതിപക്ഷത്തിന്റെ അവസ്ഥ. എൽ.ഡി.എഫ്. സർക്കാരിന്റെ തകർച്ച നോക്കി വെള്ളമിറക്കാമെന്നല്ലാതെ പൂതി നടക്കാൻ പോകുന്നില്ല എന്ന

യാഥാർത്ഥ്യം കണ്ടുതന്നെ പോകണം. ഈ സർക്കാരിന്റെ നടപടികളിൽ കേരള ജനത പൂർണ്ണ സംതൃപ്തിയിലാണ്, അവർ വളരെ സന്തോഷത്തിലുമാണ്. ഇത് യു.ഡി.എഫ്.-ന്റെ അഴിമതിക്കും കൊള്ളരുതായ്മയ്ക്കും എതിരെ നടന്ന സമരത്തീച്ചൂളയിൽനിന്ന് ഉയർന്നുവന്ന സർക്കാരാണ്. സാക്ഷാൽ ദുർവ്വാസാവായ ശ്രീമാൻ എ. കെ. ആന്റണി ശ്രമിച്ചിട്ടുപോലും വെയിലത്ത് വാടാത്ത സർക്കാരാണിതെന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും. ഒരു വർഷം എന്നത് സുദീർഘമായ കാലയളവല്ലെങ്കിലും ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കറിയാം. കേരളം എങ്ങോട്ട് നീങ്ങുന്നുവെന്നതിന്റെ ദിശ സൂചിപ്പിക്കുന്നതും അതിന് ദൃഢമായ അടിത്തറ പാകുന്നതുമായ നടപടികളാണ് ഈയൊരു വർഷംകൊണ്ട് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേരളം മാതൃകയാണെന്നാണ് ബാംഗ്ലൂർ ആസ്ഥാനമായ പബ്ളിക് അഫയേഴ്സ് സെന്റർ പുറത്തിറക്കിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പൊതുഭരണ നിർവ്വഹണത്തിലും സാമൂഹ്യ വികസന സൂചികകളിലും കേരളം ഈ ഭരണത്തിൻകീഴിൽ വീണ്ടും ഒന്നാമതെത്തി നിൽക്കുകയാണ്. വിദ്യാഭ്യാസ-ആരോഗ്യ-ശിശു സംരക്ഷണ സൂചികകളിൽ കേരളം ലോകരാജ്യങ്ങൾക്കൊപ്പം നിൽക്കുന്നുണ്ട്. മാനവശേഷി വികസന കാര്യത്തിലും കേരളം മുന്നിലാണ്. അടിസ്ഥാന സൗകര്യ വികസനം, മനുഷ്യവിഭവ വികസനത്തിനുള്ള സഹായം, സാമൂഹ്യ സുരക്ഷ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമം, കുറ്റകൃത്യങ്ങളിലെ കുറവ്, ക്രമസമാധാനം, നീതിനിർവ്വഹണം, പരിസ്ഥിതി, സുതാര്യത, സാമ്പത്തിക സുരക്ഷ, സാമ്പത്തിക സ്വാതന്ത്ര്യം തുടങ്ങിയവ പരിശോധിച്ചശേഷമാണ് ഇത്തരമൊരു പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ പത്ത് കാര്യങ്ങളിലും കേരളം മുന്നിലാണെന്നുള്ളതാണ് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനം നൽകുന്നത്. ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാൻ ഈ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു. ഇക്കാലയളവിൽ 6471 ഗുണ്ടകളെയാണ് ഈ സർക്കാർ അറസ്റ്റ് ചെയ്തത്. യു.ഡി.എഫ്. ഭരണ കാലഘട്ടത്തിൽ കേരളം ഗുണ്ടകളുടെ നാടായി മാറിയിരുന്നു. മുഖ്യമന്ത്രിയുടെ ആഫീസുപോലും അത്തരക്കാരുടെ കേന്ദ്രമായി മാറുന്ന അവസ്ഥയുണ്ടായിരുന്നു. കാര്യമായ ക്രമസമാധാന പ്രശ്നങ്ങളൊന്നും ഇപ്പോൾ സംസ്ഥാനത്തില്ലെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ഈ സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നിവ ശ്രദ്ധേയമായ കാര്യങ്ങളാണ്. ഇപ്പോൾത്തന്നെ ഒരു ലക്ഷത്തിലധികം സ്ത്രീകൾക്ക് സ്വയംരക്ഷയ്ക്ക് പരിശീലനം നൽകിക്കഴിഞ്ഞു. യുവതലമുറയെ ഒന്നിനും കൊള്ളാത്തവരും പ്രതികരണശേഷി ഇല്ലാത്തവരുമാക്കുന്ന മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ ഇവയുടെ വ്യാപനം തടയുന്നതിനായി ഒരു ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ആന്റി നർക്കോട്ടിക് സെൽ ഈ സർക്കാർ ശക്തിപ്പെടുത്തി.

പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായും സർക്കാർ ശ്രദ്ധാപൂർവ്വം ഇടപെടുന്നുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന പദവി കേരളം നേടിയിരിക്കുകയാണ്, ഇതൊരു വലിയ നേട്ടമാണ്.

കിഴക്കോട്ടൊഴുകുന്ന 3 നദികൾ, പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികൾ-ജലസമൃദ്ധിയുടെ സംസ്ഥാനം എന്ന അഹന്തയിലായിരുന്നു നമ്മുടെ കേരളം. ആ അഹന്തയുടെ മുഖത്തേറ്റ അടിയാണ് ഈ നൂറ്റാണ്ട് കണ്ടിട്ടില്ലാത്ത ഏറ്റവും രൂക്ഷമായ വരൾച്ച. അതിനെ നേരിടാൻ ശക്തമായ നടപടികളാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രൊഫഷണൽ മാനേജ്മെന്റിലൂടെ പൊതുമേഖലയെ ലാഭത്തിലെത്തിക്കുന്നതിന് സുതാര്യവും ഫലപ്രദവുമായ നടപടിയെടുത്ത് ടി.ടി.പി, ടി.സി.സി., എസ്.ഐ.എഫ്.എൽ., ടെൽക്ക് എന്നിവയെ ലാഭത്തിലാക്കിയ വ്യവസായ വകുപ്പുമന്ത്രിയാണ് ശ്രീ. എ. സി. മൊയ്തീൻ. അദ്ദേഹത്തോട് കെ.പി.സി.സി. അദ്ധ്യക്ഷ പദവിയിലിരിക്കുമ്പോൾ വൈദ്യുതി മന്ത്രിസ്ഥാനം ഏറ്റെടുത്ത് തൃശ്ശൂരിലെ വടക്കാഞ്ചേരി മണ്ഡലത്തിൽ വന്ന് മത്സരിച്ച് അതിദയനീയമായി പരാജയപ്പെട്ട ശ്രീ. കെ. മുരളീധരൻ, ഇരുപത് ശതമാനം മാർക്ക് മാത്രമേ ഈ സർക്കാരിന് നൽകാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞതിൽ ഒരു കാര്യവുമില്ല. കേരളത്തിലെ ജനങ്ങൾ 100% മാർക്കും നൽകിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിലയിരുത്തുന്നത് എന്ന കാര്യം നമ്മൾ വിസ്മരിച്ചുകൂടാ.

യു.ഡി.എഫ്. കാലഘട്ടത്തിൽ കരിമ്പിൻകാട്ടിൽ കടന്ന മദയാനയെപ്പോലെയാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ചവിട്ടി മെതിച്ച് മുന്നോട്ട് കൊണ്ടുപോയിരുന്നത്. ആ മേഖലയെ സംരക്ഷിക്കാനായി ഒരു മഹായജ്ഞമാണ് ഇടതുപക്ഷ സർക്കാർ കേരളത്തിൽ നടപ്പാക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന ഈ മഹായജ്ഞത്തിന്റെ ഗുണഫലങ്ങൾ പ്രതിപക്ഷത്തിന് ലഭിക്കുന്നില്ലേ? അവർ അത് വേണ്ടെന്ന് പറയുമോ? 45,000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുകയാണ്. 140 നിയോജക മണ്ഡലങ്ങളിലെയും ഓരോ ഹയർ സെക്കൻഡറി സ്കൂളിനെ അന്താരാഷ്ട്ര പദവിയിലേയ്ക്ക് സർക്കാർ ഉയർത്തുകയാണ്. ഭരണപക്ഷത്ത് മാത്രമല്ല, പ്രതിപക്ഷത്തും അത് കാണാൻ കഴിയുന്നില്ലേ? ആരോഗ്യ മേഖലയിൽ വൻതുക ചികിത്സയ്ക്കായി ചെലവഴിക്കേണ്ടി വരുന്ന പാവങ്ങൾക്ക് ആശ്വാസം നൽകിക്കൊണ്ട് ആർദ്രം പദ്ധതി നടപ്പാക്കി. അതിന്റെ ഗുണഭോക്താക്കളിൽ പ്രതിപക്ഷമില്ലേ? എന്തുകൊണ്ട് ഈ സർക്കാരിനെ എതിർക്കുന്നുവെന്നുള്ളത് കൃത്യമായും പറയണം.

ഇപ്പോൾ പാടങ്ങൾ വീണ്ടും കതിരണിഞ്ഞുകൊണ്ടിരിക്കുകയാണ്. കർഷകന്റെ ദുരിതക്കണ്ണീർ വീണ് മുങ്ങിയ കൃഷിയിടങ്ങളിൽ ഇന്ന് കന്നുപൂട്ടലിന്റെയും കൊയ്ത്തു പാട്ടിന്റെയും ആരവങ്ങൾ, ആ ഈണങ്ങൾ വീണ്ടും നമ്മുടെ പാടങ്ങളിൽ, കൃഷിയിടങ്ങളിൽ ഉയർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. കാർഷികരംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ ആവശ്യമായ ഇടപെടലുകളാണ് ഈ സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കി മെച്ചപ്പെട്ട റോഡുകൾ വന്നുതുടങ്ങുന്ന ഒരു കാലമാണ് ഇപ്പോൾ കേരളത്തിലുള്ളത്. അതുപോലെ കോടികളുടെ അഴിമതിയുടെ കേന്ദ്രമായ അടാട്ട് ബാങ്കുപോലെയായിരുന്നു സഹകരണ മേഖല. കോടികളുടെ അഴിമതികളാണ് അടാട്ട് ബാങ്കിൽ നടന്നത്. യു.ഡി.എഫ്. ഭരണകാലത്ത് നിരവധി സഹകരണ സ്ഥാപനങ്ങളിൽ കോടികളുടെ അഴിമതികളാണ് നടന്നിരുന്നത്. കേരളത്തിന്റെ സഹകരണ മേഖലയിൽ അഴിമതി വ്യാപകമാക്കിയ ആ കാലഘട്ടത്തിന് അറുതി വരുത്തിക്കൊണ്ട് കേരളത്തിന്റെ സഹകരണ മേഖലയെ ജനങ്ങളുടെ ഉത്തമ സുഹൃത്താക്കി മാറ്റാനാവശ്യമായ അതിശക്തമായ ഇടപെടലുകളാണ് കേരളത്തിൽ ഇപ്പോൾ നടന്നുവരുന്നത്. പ്രതിപക്ഷത്തിന്റെ സമരാഭാസങ്ങളെല്ലാം കേരളം നല്ലതുപോലെ കണ്ടുപോകുന്നുണ്ട്. ഇതൊക്കെ നടപ്പാക്കിക്കൊണ്ട്, ഈ ഒരു വർഷംകൊണ്ട് കേരളത്തിന് വമ്പിച്ച മുന്നേറ്റം കൈവരിക്കാൻ സാധിച്ചു. ഈ ഒരു വർഷം കേരളത്തിന്റെ ദിശ എങ്ങോട്ടാണ് പോകുന്നതെന്ന് കൃത്യമായി കാണാൻ കഴിയുന്നുണ്ട്. തകർന്നടിഞ്ഞ കേരളത്തെ അങ്ങനെ മുന്നോട്ട് നയിക്കാനാവശ്യമായ, കർക്കശമായ കർമ്മപദ്ധതികളുമായി ഈ സർക്കാർ ഏറ്റെടുത്തിരിക്കുന്ന നടപടികൾ നല്ലതുപോലെ കണ്ടുപോകേണ്ടതുണ്ട്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, 5 വർഷത്തേതിൽനിന്നും തീർത്തും വ്യത്യസ്തമായി കേരളത്തിൽ വമ്പിച്ച മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. ശ്രീ. ബാബു പോളിനെ പോലെയുള്ള ആൾക്കാരും ഒരു ഹാപ്പി ബർത്ഡേ ആശംസിക്കുകയാണ്. കേരള സമൂഹം ഒന്നടങ്കം ഒരു വയസ്സ് പൂർത്തീകരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്, സമസ്ത മേഖലയിലും ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ട് പോകുന്ന, ആ സർക്കാരിന് ഒരു ഹാപ്പി ബർത്ഡേ ആശംസിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോഴുണ്ടാകുന്ന വെപ്രാളമാണ് പ്രതിപക്ഷഭാഗത്തുനിന്നും കാണാൻ സാധിക്കുന്നത്. ആ വെപ്രാളങ്ങൾക്കിടയിലും ഈ സർക്കാർ ജനങ്ങളുടെ പിൻബലം നേടിക്കൊണ്ട് മുന്നോട്ടുപോകുന്നു. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2017-ലെ ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. വികസനത്തിന്റെ വെള്ളിവെളിച്ചം എല്ലാവരിലേയ്ക്കും

എത്തിക്കുക, ഏറ്റവും പാവപ്പെട്ടവന്റെ ആവശ്യങ്ങൾ നിറവേറ്റുക, സംസ്ഥാനത്തിന്റെ സന്തുലിത വികസനം സാദ്ധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും ഹൃദയപൂർവ്വം ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് കേരള ജനത ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങിക്കഴിഞ്ഞു. കാർഷിക മേഖലയിലും ആരോഗ്യ മേഖലയിലും അടിസ്ഥാന സൗകര്യവികസനത്തിൽ, വിദ്യാഭ്യാസ പുരോഗതിയിൽ എല്ലാംതന്നെ വൻമുന്നേറ്റമാണ് കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് സംസ്ഥാനം നേടിയത്. ഏറെ സംതൃപ്തിയോടെ ജനങ്ങൾ ഈ സർക്കാരിനെ ഹൃദയത്തിലേറ്റിക്കഴിഞ്ഞുവെന്നതിന് തെളിവാണ് അടുത്ത കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുമുന്നണി നേടിയ മുന്നേറ്റം. 2017-18-ലെ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നമ്മുടെ രാജ്യം ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധികളെ നേരിടുകയായിരുന്നു. തലതിരിഞ്ഞ സാമ്പത്തിക പരിഷ്ക്കാരങ്ങളും നോട്ട് നിരോധനമേൽപ്പിച്ച ആഘാതങ്ങളും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ബാധിച്ചു. സമസ്ത മേഖലകളും സ്തംഭിച്ചു. ജനം പെരുവഴിയിൽ ക്യൂ നിന്ന് വലഞ്ഞു. പലരും ആത്മഹത്യയിൽ അഭയം തേടി. ചികിത്സയ്ക്കുപോലും പണം കണ്ടെത്താൻ കഴിയാതെ പലരും മരിച്ചു. സ്വന്തം അദ്ധ്വാനത്തിന്റെ മിച്ചം നിക്ഷേപിച്ച ബാങ്കുകളിൽനിന്നും പണമെടുക്കാൻ കഴിയാതെ ജനം പ്രതിസന്ധിയിലായി. ഇവിടെ പലതും ദീർഘവീക്ഷണത്തോടെ നടപ്പിലാക്കേണ്ടിയിരുന്നു. ജനങ്ങളിലേയ്ക്ക് അമിത നികുതി അടിച്ചേൽപ്പിക്കാൻ കഴിയില്ല എന്ന വസ്തുത ഉൾക്കൊണ്ട് നികുതിയേതര മാർഗ്ഗങ്ങളിലൂടെ വിഭവസ്വരൂപണം നടത്തി അടിസ്ഥാന വികസനം നടപ്പിലാക്കേണ്ടിയിരുന്നു. ആ ദിശയിൽതന്നെ ചിന്തിക്കുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇതിൽ കിഫ്ബി കാലാനുസൃതമായൊരു കണ്ടെത്തലാണ്. ഇതിലൂടെ 182 റോഡുകളുടെ വികസനത്തിന് 5628 കോടി രൂപയും 69 പാലങ്ങളുടെ നിർമ്മാണത്തിനായി 2557 കോടി രൂപയും നീക്കി വച്ചിരിക്കുന്നു. സംസ്ഥാനത്തെ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് വിനിയോഗം കൂടിയാകുമ്പോൾ 13,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനകംതന്നെ നിർമ്മാണാനുമതി നൽകിക്കഴിഞ്ഞു.

യു.ഡി.എഫ്. ഭരിച്ച അഞ്ച് വർഷക്കാലം നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വികസനത്തെ പെരുവഴിയിലാക്കി അഴിമതിയും ധൂർത്തും കൊട്ടുകുത്തിവാണ കാലത്ത് സംസ്ഥാനത്തിന്റെ ബഡ്ജറ്റുപോലും കച്ചവടച്ചരക്കായിരുന്നു. അവശ്യസാധനങ്ങളുടെ വില വർദ്ധനവിന് സഹായിക്കുന്ന തരത്തിൽ നികുതി വർദ്ധിപ്പിച്ച് സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി. എല്ലാ സർക്കാർ സേവനങ്ങളുടെയും ഫീസ് വർദ്ധിപ്പിച്ചു. കെട്ടിട നികുതി, രജിസ്ട്രേഷൻ നികുതി ഉൾപ്പെടെയുള്ള എല്ലാ നികുതികളും വർദ്ധിപ്പിച്ചു. ഭരണത്തിന്റെ

അകത്തളങ്ങളിൽനിന്ന് ചീഞ്ഞളിഞ്ഞ അഴിമതിയുടെ കഥകൾമാത്രം പുറത്തുവന്നു. അഴിമതിരഹിതവും സുതാര്യവുമായ ഒരു ഭരണം ജനം സ്വപ്നം കണ്ടു. ആ സ്വപ്ന സാക്ഷാൽക്കാരമാണ് ഇപ്പോൾ നടപ്പിലാകുന്നത്. ഇതിന് പിന്തുണ നൽകുന്നതിന് യു.ഡി.എഫ്.-ൽ വിശ്വസിച്ചവർപോലും മുന്നോട്ട് വന്നുതുടങ്ങിയിരിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിടുന്ന മലയോര-തീരദേശ ഹൈവേകൾ ഈ നാടിന്റെ സ്വപ്നമാണ്. ഇതെല്ലാം നടപ്പിലാക്കുന്നതിന് ഇച്ഛാശക്തിയുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേരളജനത നെഞ്ചേറ്റിയ നവകേരള മിഷനിലെ ഓരോ പദ്ധതിയും നടപ്പിലായിത്തുടങ്ങിയതിന്റെ ഗുണഫലങ്ങൾ സമൂഹത്തിൽ ദൃശ്യമാണ്. ഹരിത കേരളം പദ്ധതി മാലിന്യസംസ്കരണത്തിന് പുതിയ സംസ്കാരം സൃഷ്ടിച്ചു. എല്ലാവരെയും കൃഷി പഠിപ്പിച്ചു. തരിശ്ശായ പാടങ്ങൾ കതിരണിഞ്ഞു. നശിപ്പിച്ച പാടങ്ങളിൽനിന്ന് നൂറുമേനി കൊയ്തു. മെത്രാൻ കായലിലും ആറന്മുളയിലും സംതൃപ്തരായ കർഷകന്റെ ഹൃദയങ്ങളിൽനിന്ന് കൊയ്ത്തുപാട്ടിന്റെ ഈരടികൾ ഉയരുകയായിരുന്നു. കേരളത്തിലെ നാല് ലക്ഷത്തിലധികം വരുന്ന ഭവനരഹിതർക്ക് വീട് നൽകുന്നതിന് വിപുലമായ പദ്ധതി തയ്യാറായിക്കഴിഞ്ഞു. ഈ വർഷംതന്നെ ഒരു ലക്ഷം പേർക്ക് വീട് നൽകുന്ന പദ്ധതി നടപ്പിലാക്കുമെന്നതിന് സംശയമില്ല. വിദ്യാഭ്യാസ മേഖല കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കടുത്ത അനിശ്ചിതാവസ്ഥയിലായിരുന്നു; വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ശനിദശയായിരുന്നു. എന്നാൽ പുതിയ അദ്ധ്യയന വർഷത്തെ ഉൽസാഹത്തോടെ വരവേൽക്കാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും തയ്യാറായിക്കഴിഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി ഒരു നൂതന ആശയംതന്നെയാണ്. തകരുന്ന കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഇത് സഹായിക്കുമെന്നതിന് ഒരു സംശയവുമില്ല. പൊതുമേഖലാ വ്യവസായങ്ങളോടുള്ള ഈ സർക്കാരിന്റെ കരുതൽ വ്യവസായ മേഖലയിലെ ഒരു പുതുയുഗപ്പിറവിയെയാണ് സൂചിപ്പിക്കുന്നത്. എല്ലാം വിറ്റ് തുലയ്ക്കുന്ന സാമ്പത്തിക നയങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോകുമ്പോൾ അതിജീവനത്തിനുപോലും ബുദ്ധിമുട്ടുന്ന തൊഴിലാളികൾ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിലെ സ്ഥിരം കാഴ്ചയായി മാറുകയാണ്. യു.പി.എ. സർക്കാർ നടപ്പിലാക്കുന്ന തീവ്ര മുതലാളിത്ത നയങ്ങൾക്കെതിരെ ശക്തമായ സമീപനങ്ങളിലൂടെ കേരളത്തിലെ സർക്കാർ നടപ്പിലാക്കുന്ന വ്യവസായ നയം ലോകത്തിന് മാതൃകയാണ്. കേരള ബഡ്ജറ്റ് എന്നത് കേരളത്തിന്റെ മാത്രം രാഷ്ട്രീയ-സാമ്പത്തിക സാഹചര്യത്തിന്റെ സൃഷ്ടിയാകുന്നില്ല. അതുകൊണ്ട് പലവിധ ഘടകങ്ങളെ ആഴത്തിലുള്ള വിശകലനത്തിന് വിധേയമാക്കിയാൽ മാത്രമേ ബഡ്ജറ്റിന്റെ ഉള്ളടക്കത്തിലെ ശരിതെറ്റുകളെ വിലയിരുത്താൻ കഴിയുകയുള്ളൂ. ദേശീയ സാഹചര്യങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിനുള്ള സ്വാധീനം അവഗണിക്കാനാകുന്നതല്ല. കേന്ദ്രസർക്കാരിന്റെ നയസമീപനങ്ങളിലെ തുടർച്ചയും മാറ്റവും ആഴത്തിൽ സ്വാധീനിക്കുന്ന ഘടകമായിത്തീരുന്നു. കോൺഗ്രസ്സ് തുടക്കം കുറിച്ചതും

ബി.ജെ.പി. ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമാണ് ഇന്നത്തെ നവ ഉദാരവൽക്കരണ സാമ്പത്തിക നയം. ബി.ജെ.പി.യുടെയും കോൺഗ്രസ്സിന്റെയും നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകൾ പ്രസ്തുത നയത്തെ വിമർശനങ്ങളേതുമില്ലാതെ നടപ്പിലാക്കുകയാണ്. മറ്റ് പ്രാദേശിക കക്ഷികളുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളും പ്രസ്തുത നയം നടപ്പിലാക്കാനുള്ള വ്യഗ്രതയിലാണ്. അതിലൂടെ ഒരു ന്യൂനപക്ഷത്തിന്റെ സമ്പത്ത് അത്ഭുതകരമായ നിലയിൽ വർദ്ധിക്കുന്നു. ആന്ധ്രാ പ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിന്റെ മകൻ നാരാ ലോകേഷിന്റെ ആസ്തി 5 മാസംകൊണ്ട് 21 മടങ്ങ് വർദ്ധിച്ചതും അനിൽ അംബാനിയുടെയും ഗൗതം അദാനിയുടെയും ആസ്തികളിലെ കുതിച്ചുചാട്ടവും ഈ നയത്തിന്റെ പ്രതിഫലനമാണ്. ലോകത്തിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകളുടെ സമ്പത്ത് മറുഭാഗത്തെ 99 ശതമാനത്തിന്റെ ആകെ സമ്പത്തിനെക്കാൾ അധികമാണെന്ന കണക്ക് വിസ്മരിക്കരുത്. കേരളത്തെ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എടുത്തെറിഞ്ഞുകൊണ്ടാണ് കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ യു.ഡി.എഫ്. ഭരണം അവസാനിപ്പിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് വലിയ തോതിൽ വായ്പകൾ വാങ്ങിക്കൂട്ടി ബഡ്ജറ്റ് നിർദ്ദേശങ്ങൾപോലും പരിഗണിക്കാതെ ക്രമവിരുദ്ധമായാണ് ചെലവഴിച്ചത്. ധനക്കമ്മി 3 ശതമാനത്തിലെത്തിച്ചു; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനത്തെയാകെ താളം തെറ്റിക്കുകയാണ് അതുവഴി ചെയ്തത്. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾപോലും കച്ചവടക്കാർക്ക് ചോർത്തിക്കൊടുത്ത് പണം സമ്പാദിച്ചുവെന്ന ഗൗരവതരമായ ആക്ഷേപങ്ങൾ ഉയർന്നുവരികയുണ്ടായി. കെടുകാര്യസ്ഥത സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വലിയ തടസ്സമായി മാറി. ക്ഷേമ പെൻഷനുകൾ വിതരണം നടത്താതെയും കരാർ പണികളുടെ തുക നൽകാതെയും ബാക്കിവച്ച വലിയൊരു കുടിശ്ശിക ഈ സർക്കാരിന് കൊടുത്തുതീർക്കേണ്ടതായിവന്നു. പിണറായി വിജയൻ സർക്കാരിന്റെ പിന്നിട്ട ദിനങ്ങളിലെ പ്രവർത്തനങ്ങൾ നൽകിയ സാമ്പത്തിക അച്ചടക്കത്തിന്റെ കരുത്തിലാണ് ഈ ബഡ്ജറ്റ് രൂപം കൊണ്ടതെന്ന് മനസ്സിലാക്കണം. കേരളീയ സാമൂഹ്യ സാഹചര്യത്തെ യാഥാർത്ഥ്യബോധത്തോടെയാണ് സമീപിച്ചതെന്ന് ബജറ്റിന്റെ ഉള്ളടക്കം സാക്ഷ്യപ്പെടുത്തുന്നു. ഉൽപ്പാദന വ്യവസായ നിർമ്മാണ മേഖലകൾക്ക് ആവശ്യമായ പരിഗണന ബജറ്റിൽ കാണാൻ കഴിയും. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ കേരളം ആർജ്ജിച്ച കരുത്തിനെ ശക്തിയോടെ മുന്നോട്ട് നയിക്കുന്നതിന് സഹായകരമായ സമീപനവും ബഡ്ജറ്റിന്റെ സവിശേഷതയായി കാണാൻ കഴിയും.

കഴിഞ്ഞ സാമ്പത്തിക വർഷാന്ത്യത്തിൽ സംസ്ഥാനത്തിന്റെ ട്രഷറി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ പ്രതിഫലനമാണ്. 13,000 കോടി രൂപയുടെ ബാദ്ധ്യതകളാണ്

വർഷാന്ത്യത്തിൽ ഏറ്റെടുക്കേണ്ടതായി വന്നതെങ്കിലും ഒരു വിധത്തിലുമുള്ള ട്രഷറി നിയന്ത്രണവും കേരളത്തിലുണ്ടായില്ല എന്നതിൽ ധനകാര്യ വകുപ്പുമന്ത്രി പ്രത്യേക പ്രശംസ അർഹിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 9500 കോടി രൂപയുടെ വരെ ബില്ലുകൾ മാറാൻ നടപടി സ്വീകരിച്ചു. ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനുമായി 3500 കോടി രൂപ കൃത്യമായി വിതരണം ചെയ്തു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിവിധ ട്രഷറി നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചിരുന്നു. കൊടുത്തുതീർക്കാനുള്ള പണം അടുത്ത വർഷത്തേയ്ക്ക് മാറ്റി വയ്ക്കുന്ന പ്രവണതയിലും ഇന്ന് മാറ്റം വരുത്തി. ഉന്നത വിദ്യാഭ്യാസം സാധാരണക്കാർക്ക് ലഭ്യമാക്കാനും പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിച്ച് പുതിയ വ്യവസായങ്ങളാരംഭിക്കാനും ഐ. ടി. അനുബന്ധ ജൈവ സാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിനും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. പരമ്പരാഗത തൊഴിൽ മേഖലയിലുള്ളവർക്ക് സമ്പൂർണ്ണ സംരക്ഷണമുറപ്പാക്കി സമഗ്ര സാമൂഹിക സുരക്ഷിതത്വമാണ് എൽ.ഡി.എഫ്. സർക്കാർ ലക്ഷ്യമാക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ വാണിജ്യവൽക്കരണം അംഗീകരിക്കാനാവില്ല. മികച്ച ചികിത്സയ്ക്ക് സ്വകാര്യമേഖലയെന്ന വാദത്തിനൊപ്പം കൂടിയാൽ ജനങ്ങൾക്ക് ചികിത്സാച്ചെലവ് താങ്ങാനാവില്ലെന്ന അമേരിക്കൻ അനുഭവം നമ്മുടെ മുന്നിലുണ്ട്. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യ ചികിത്സ ഉറപ്പാക്കാൻ 5000 കോടി രൂപയാണ് നിക്ഷേപിക്കുന്നത്. താലൂക്ക്-ജില്ല-ജനറൽ-മെഡിക്കൽ കോളേജ് ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് തുല്യമായോ അതിനുമുകളിലോ എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രതീക്ഷയ്ക്ക് വക നൽകുന്ന കാര്യമാണ്. രോഗപ്രതിരോധം ഉറപ്പാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സജ്ജമാക്കാനുള്ള നീക്കം പ്രശംസനീയമാണ്. സംസ്ഥാനത്ത് ശരാശരി 35 ലക്ഷം വീടുകളിലേയ്ക്ക് വർഷം 17,000 രൂപവരെ പെൻഷൻ ലഭ്യമാക്കുന്നു. ഇത്രയും വിപുലമായ സാമൂഹ്യ പരിരക്ഷ ഏത് കാലഘട്ടത്തിലാണ് നടപ്പിലാക്കി യിട്ടുള്ളതെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം മറ്റൊരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പുതിയതായി പ്രവർത്തനം തുടങ്ങുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ കാർഗോ യൂണിറ്റ് രൂപീകരിക്കുന്നതിന് വിമാനത്താവള കമ്പനി ക്ഷണിച്ച ടെണ്ടറിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളിൽ നല്ല രീതിയിൽ കാർഗോ പ്രവർത്തനങ്ങൾ നടത്തിവരുന്ന Kerala State Industrial Enterprises Limited (KSIE)-ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലും ഈ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടത്താൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ പുരോഗതിക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ക്രിയാത്മകമായ ധനവിനിയോഗമാണ് ഈ ധനവിനിയോഗ ബില്ലിലൂടെ നിർദ്ദേശിക്കുന്നത്. ഞാൻ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ മറുപടി പറഞ്ഞപ്പോൾ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉൽപ്പാദനമേഖലയിൽ നടത്തുന്നതുപോലെതന്നെ സേവന മേഖലയിലും 5, 12, 18, 28 എന്നീ സ്ലാബുകളിലായി തരംതിരിച്ച് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. പുതിയ ഘടനയനുസരിച്ച് ആദ്യ ഇനങ്ങളിൽ ഉൾപ്പെടുന്ന 43 ശതമാനം ചരക്കുകൾക്കും 18 ശതമാനം നികുതി ചുമത്തുന്നുണ്ട്. 17 ശതമാനത്തിന് 12 ശതമാനവും 14 ശതമാനത്തിന് 5 ശതമാനവും നിരക്കിലാണ് നികുതി ചുമത്താൻ പോകുന്നത്. ഇങ്ങനെ നോക്കുമ്പോൾ ചരക്കുകൾ 19 ശതമാനവും 28 ശതമാനവും നികുതിയുള്ളവയായി മാറുകയാണ്. ഈ ഉൽപ്പന്നങ്ങളൊക്കെ ഇടത്തരക്കാരുടെ നിത്യചെലവുകളിൽ ഉൾപ്പെടുന്നവയുമാണ്. ഉയർന്ന വിലയുടെ വലിയൊരു ഭാരം ഇതിനാൽ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കേണ്ട അവസ്ഥാവിശേഷം ജി.എസ്.ടി. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പരിണതഫലമായിരിക്കും. നിലവിൽ ഇന്ത്യയിലും കേരളത്തിലും സേവന നികുതി മൊത്തം നികുതി വരുമാനത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ്. കേരളത്തിന്റെ പങ്ക് വെറും രണ്ട് ശതമാനത്തിൽ താഴെമാത്രമാണ്. 20 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കും നികുതിയിളവുള്ളതിനാൽ കേരളത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും നികുതിയിനത്തിൽനിന്ന് ഒഴിവാകുകയും ചെയ്യുന്നതാണ്. കേരളത്തിൽ സ്വകാര്യ മേഖലയിൽ ശക്തമായ വ്യവസായ നയമില്ലാത്തത് നമുക്ക് തിരിച്ചടിയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമെന്ന് പറയുന്ന ധനകാര്യ വകുപ്പുമന്ത്രിതന്നെ അവലോകന റിപ്പോർട്ടിൽ ധനപ്രതിസന്ധി പരിഹരിക്കാൻ യാതൊരു നടപടിയും നിർദ്ദേശിക്കുന്നില്ല. സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന അടിസ്ഥാന ഘടക പദ്ധതികൾക്കും മറ്റ് വികസന പദ്ധതികൾക്കും ബഡ്ജറ്റിന് പുറത്ത് കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് എന്ന സ്ഥാപനംവഴി പണം സമാഹരിക്കുകയെന്ന നയമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. 2017-18-ൽ കിഫ്ബി വഴി 25,000 കോടി രൂപ സമാഹരിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് വിഭവങ്ങളുടെ പിൻബലമില്ലാതെയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോൾ പല വകുപ്പുകളും പദ്ധതിവിഹിതത്തിന്റെ മൂന്നിലൊന്ന് മാത്രമാണ് ചെലവഴിച്ചത് . തദ്ദേശ സ്വയംഭരണ വകുപ്പിന് 5635.55 കോടി രൂപ ബജറ്റിൽ നീക്കി വച്ചുവെങ്കിലും ജനവരി മാസം വരെ വിനിയോഗിച്ചത് 1531.36 കോടി രൂപ മാത്രമാണ്. ഇത് വർഷാവസാനമായപ്പോൾ 70 ശതമാനമായി ഉയരുകയും ചെയ്തു. എന്നിരുന്നാലും 1690 കോടി രൂപയോളം ചെലവഴിക്കാതെതന്നെ ഈ വകുപ്പിന് കീഴിലുണ്ട്. ഇപ്പോൾ കേരളത്തിൽ കമ്മി വർദ്ധിക്കുന്നതിനനുസരിച്ച് കേരള സർക്കാരിന്റെ പൊതുകടവും വർദ്ധിക്കുകയാണ്.

2015-16-ൽ ആകെ കടബാദ്ധ്യത 1,66,538 കോടി രൂപയായിരുന്നു. 2016-17-ൽ കടബാദ്ധ്യത 1,98,085 കോടി രൂപയായി. ഒരു കേരളീയന്റെ ശരാശരി കടം 55614 രൂപയാകും. ഇന്ത്യൻ സംസ്ഥാനങ്ങളുടെ ആകെ കടത്തിന്റെ 5.6 ശതമാനം ജനസംഖ്യയിൽ 2.6 ശതമാനം മാത്രമുള്ള കേരളത്തിന്റേതാണ്. 2017-18-ലെ കടബാദ്ധ്യത ഏകദേശം 2,50,824 കോടി രൂപയായി വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. ഈ രീതിയിൽ പോയാൽ 2020-21 ആകുമ്പോൾ കേരളത്തിന്റെ കടം 2.87 ലക്ഷം കോടി രൂപയായി ഉയരും. കൂടാതെ തുകയും പലിശയും തിരിച്ചുനൽകേണ്ടതായും വരും. കേരളത്തെ കടക്കെണിയിൽനിന്നും കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുന്ന ഒരവസ്ഥാവിശേഷം കൂടിയുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട സുസ്ഥിര നഗരവികസന പദ്ധതികൾക്കായി സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകൾക്കുവേണ്ടി 1422.50 കോടി രൂപ വായ്പയായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും എടുത്തിട്ട് ചെലവാക്കിയത് 573.2 കോടി രൂപ മാത്രമാണ്. അതിൽത്തന്നെ 86.77 കോടി രൂപ നിഷ്ഫലമായി. 5 വർഷം കൊണ്ട് പൂർത്തിയാകേണ്ട പ്രവൃത്തികൾക്ക് 9 വർഷമായിട്ടും 51.48 ശതമാനം മാത്രമാണ് വിനിയോഗിച്ചത്. 25 വർഷംകൊണ്ട് വായ്പയും പലിശയും തിരിച്ചടയ്ക്കണം. അഞ്ച് നഗരസഭകളിലായി തുടങ്ങിയ 24 പദ്ധതികളിൽ 7 എണ്ണം മാത്രമാണ് പൂർത്തിയായത്. നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാത്ത പദ്ധതികളുടെ വായ്പാഭാഗം റദ്ദാക്കുന്നതിലെ വീഴ്ചമൂലം 43.68 കോടി രൂപ പിഴ അടയ്ക്കേണ്ടി വന്നിട്ടുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് വിജ്ഞാപനം ചെയ്യുന്നതിന് 18 വർഷം വരെ എടുത്തുവെന്ന കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ തയ്യാറാക്കിയ റിപ്പോർട്ട് സംബന്ധിച്ച് ഇന്നലത്തെയും ഇന്നത്തെയും മാതൃഭൂമി, മാധ്യമം ഉൾപ്പെടെയുള്ള ദിനപ്പത്രങ്ങളിൽ വാർത്ത വന്നിട്ടുള്ളതാണ്. സർക്കാർ വകുപ്പുകളിലും വിവിധ സ്ഥാപനങ്ങളിലുമായി 452 തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ, വിജ്ഞാപനം പ്രസിദ്ധീകരിക്കൽ, വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണം എന്നിവയിൽ വീഴ്ചയുള്ളതായി സി.ആൻഡ് എ.ജി. തന്നെ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ വിനോദസഞ്ചാര മേഖലയ്ക്ക് 168 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചെങ്കിലും വർഷാവസാനം ചെലവാക്കിയത് 65 കോടി രൂപ മാത്രമാണ്. അതേസമയം സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ നമുക്ക് കാണാവുന്നതാണ്. വിദേശ വിനോദ സഞ്ചാരികൾ കേരളത്തെ ഒഴിവാക്കി മറ്റ് കേന്ദ്രങ്ങളെ ആശ്രയിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രൊപ്പോസലിലുള്ളതും സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളെ 2017-18 ബഡ്ജറ്റിൽ നിന്നും ഒഴിവാക്കിയതായി കാണാവുന്നതാണ്. ഇത്തരം

പ്രവൃത്തികൾ ഒഴിവാക്കിയത് ധനകാര്യ വകുപ്പിന്റെ പോരായ്മയായി കാണുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ സ്ഥിരമായി അപകട മരണങ്ങൾ സംഭവിക്കുന്ന വട്ടപ്പാറ വളവിലെ അപകടങ്ങൾ ഒഴിവാക്കാൻ നടത്തിയ പഠനങ്ങളുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കാനും റോഡ് നിർമ്മാണത്തിനുമായി 18 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി നടന്നുവരികയുമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 37.5 കോടി രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പ്രവൃത്തി ഒഴിവാക്കിയതായി കാണുകയാണ്. ആ പദ്ധതിയുടെ തുടർ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. രജിസ്ട്രേഷൻ വകുപ്പിൽ ഇ-സ്റ്റാമ്പിംഗിന്റെ പരിഷ്കരണം വളരെ നല്ലതാണ്. ഇതുമൂലം കേരളത്തിലെ പതിനായിരക്കണക്കിന് സ്റ്റാമ്പ് വെണ്ടർമാരുടെയും അനുബന്ധ ജോലിക്കാരുടെയും തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക അവരുടെ ഭാഗത്തുണ്ട്. അതുകൊണ്ട് ബ്രിട്ടീഷ് കാലഘട്ടം മുതൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാമ്പ് വെണ്ടർമാരെ ഇ-സ്റ്റാമ്പിംഗ് മേഖലയിൽ പ്രാപ്തരാക്കാൻ കഴിയുന്ന നിലയിൽ ട്രെയിനിംഗ് നൽകാൻ തയ്യാറാകണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. സർക്കാർ ഓഫീസുകളിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ലക്ഷ്യമിട്ട് നടത്തിയ ഇ-ഡിസ്ട്രിക്ട് പദ്ധതിയും പൊതുജനങ്ങളുടെ അനുഭവങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അപേക്ഷ സമർപ്പിക്കുന്നവരിൽനിന്നും അമിത ഫീസ് ഈടാക്കുന്നതായും പരാതിയുണ്ട്. ജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽനിന്ന് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന വരുമാനം, ജാതി തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾവഴി ലഭിക്കുന്നതിന് ഫീസ് നൽകേണ്ട അവസ്ഥയാണുള്ളത്. ഈ ഓഫീസിലെ സോഫ്റ്റ്‌വെയറിന്റെ തകരാറും ഉദ്യോഗസ്ഥരുടെ അഭാവവും പ്രസ്തുത മേഖലകളിൽ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഹയർ സെക്കണ്ടറി മേഖലകളിൽ അദ്ധ്യാപക തസ്തിക നിർണ്ണയം നടത്താത്തതും കോളേജുകളിൽ പോസ്റ്റ് ക്രിയേഷൻ നടത്താത്തതും വിദ്യാഭ്യാസ മേഖലയെ പരിതാപകരമായ അവസ്ഥാവിശേഷത്തിലേയ്ക്ക് കൊണ്ടുപോകുകയാണ്. ഫീസ് വർദ്ധനയുടെ കാര്യം രണ്ടുദിവസം മുമ്പ് അടിയന്തരപ്രമേയ വേളയിൽ ചർച്ച ചെയ്തതാണ്. ഫീസ് വർദ്ധനവിനോടനുബന്ധിച്ച് മുസ്ലീം വിദ്യാർത്ഥി ഫെഡറേഷൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ സമരവുമായി ബന്ധപ്പെട്ട് പോലീസ് കിരാതമായ അക്രമം നടത്തുകയും രണ്ടു കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും നിരവധി കുട്ടികളുടെ പേരിൽ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സമരങ്ങളോടുള്ള സർക്കാരിന്റെ നയം വല്ലാതെ മോശമായ രൂപത്തിലാണ് കാണുന്നത്. സാധാരണ വരുമാനം സംബന്ധിച്ച് ടാക്സ് വരുമാനത്തിന്റെ കേന്ദ്ര വിഹിതം എത്രയെന്ന് കേന്ദ്ര

ബജറ്റിൽ ഏകദേശ രൂപം ലഭ്യമാകാറുണ്ട്. ചരക്ക് സേവന നികുതി 1-7-2017 മുതൽ നിലവിൽ വരുമെന്നാണ് ഇപ്പോൾ പറയുന്നത്. ജി.എസ്.ടി. ഏർപ്പെടുത്തിയാൽ ടാക്സ് വരുമാനത്തിൽ ഏതൊക്കെ തരത്തിൽ മാറ്റമുണ്ടാകുമെന്നത് സംബന്ധിച്ച് ഏകദേശ കണക്കുമാത്രമല്ല ഊഹാപോഹങ്ങൾ പോലുമില്ലാത്ത അവസ്ഥയാണെന്ന് മനസ്സിലാകും. ബഡ്ജറ്റുതന്നെ ഊഹത്തിന്റെ കണക്കിലാണ് തയ്യാറാക്കിയിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ]

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. അഴിമതി രഹിതമായ ഭരണത്തിന്റെ ഒരു വർഷം പൂർത്തിയാക്കുന്ന എൽ.ഡി.എഫ്. സർക്കാരിന് എന്റെ ഹൃദയാഭിവാദനങ്ങൾ അർപ്പിക്കുന്നു. ഭരണ നിർവ്വഹണത്തിൽ കാതലായ മാറ്റത്തിന്റെ സന്ദേശം മുന്നോട്ട് വയ്ക്കുന്നതാണ് പ്രഥമ വർഷത്തെ ഇടതുപക്ഷ ഭരണം. കറുത്ത ചരിത്രമാണ് കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിലേത്. തൊട്ടതെല്ലാം പൊന്നാക്കുന്ന ചൈതന്യവത്തായ മനുഷ്യരെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ തൊട്ടതെല്ലാം അഴിമതിക്കുള്ള വഴിയായി ഉപയോഗിച്ച ഭരണമായിരുന്നു യു.ഡി.എഫ്.ന്റേത്. സരിതയും സലിംരാജും ജോപ്പനും ജിക്കുവുമെല്ലാം ഇടനാഴികളിലെ ചില കഥാപാത്രങ്ങൾ മാത്രം. മലീമസമായ അക്കാല കഥകൾ മറക്കാൻ സമയമായിട്ടില്ല. കഴിഞ്ഞ ഒരു വർഷം അഴിമതിരഹിതമായ ഭരണം നടത്താനായി എന്നതുതന്നെയാണ് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടം. വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ്. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ മേഖലയിലുള്ള ഇടപെടലുകളുടെ ഏറ്റവും നല്ല ഉദാഹരണം പാഠപുസ്തക വിതരണം നടത്തിയതാണ്. പാഠപുസ്തക വിതരണം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുത്തഴിഞ്ഞ നിലയിലായിരുന്നു. എന്നാൽ സമയബന്ധിതമായും കാര്യക്ഷമമായും പുസ്തക വിതരണം നടത്തുന്നതിന് ഈ സർക്കാർ പദ്ധതി തയ്യാറാക്കി. ഒന്നു മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം സർക്കാർ നൽകുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി, രക്ഷിതാക്കൾ മരണപ്പെട്ടാൽ കുട്ടിക്ക് സ്ഥിരനിക്ഷേപമായി 25,000 രൂപ തുടങ്ങി നവീനങ്ങളായ പദ്ധതികൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തി. മലയാളം പഠനം 10-ാം ക്ലാസ്സുവരെ നിർബന്ധമാക്കുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചു; മലയാളം നിർബന്ധമാക്കി. മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ അവതരിപ്പിച്ചത് അഭിമാനകരമാണ്. ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ന് മാതൃഭൂമി ദിനപ്പത്രം എഴുതിയ മുഖപ്രസംഗത്തിൽ "സ്വന്തം ഭാഷ പഠിക്കുന്നതിനെ എതിർക്കുന്ന മറ്റൊരു ജനതയും ലോകത്ത് ഉണ്ടാകുമെന്ന് തോന്നുന്നില്ല. പെറ്റമ്മയേക്കാൾ വലുത് പോറ്റമ്മയാണെന്ന് പറയുന്ന സമ്മർദ്ദ തന്ത്രക്കാരെയും

വിദ്യാഭ്യാസ കച്ചവടക്കാരെയും തിരുത്താനും എതിർക്കാനുമുള്ള ബാദ്ധ്യത നിയമ സഭാംഗങ്ങൾക്കുണ്ട്. മാതൃഭാഷയായ മലയാളത്തിൽ വോട്ട് ചോദിച്ച് ജയിച്ചവനു് ജനങ്ങളുടെ പ്രശ്നങ്ങൾ മലയാളത്തിൽത്തന്നെ സഭയിൽ അവതരിപ്പിക്കുന്നവർ മലയാളത്തിന് വേണ്ടിക്കൂടി സംസാരിക്കണം" എന്നാണ് പറയുന്നത്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ആയിരുന്നു കേരളത്തിൽ മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഏറ്റവും ഫലപ്രദമായിട്ടുള്ള നടപടി സ്വീകരിച്ചത്. 'കേരളം - മലയാളികളുടെ മാതൃഭൂമി' എന്ന സുപ്രസിദ്ധമായ ഗ്രന്ഥം അദ്ദേഹത്തിന്റെ ഭാഷാഭിമാനത്തിന്റെ ഏറ്റവും മികച്ച തെളിവായിരുന്നു. മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിൽ സബ്ജക്ട് കമ്മിറ്റി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. എങ്ങനെ കൂട്ടിച്ചേർക്കലുകളുണ്ടായാലും അതിന്റെ സമഗ്രമായ കാഴ്ചപ്പാടിന് ഭംഗം വരാത്ത രീതിയിലായിരിക്കണം ആ നിയമം നടപ്പിലാക്കേണ്ടതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലയാളം ഔദ്യോഗിക ഭാഷയായിട്ട് അര നൂറ്റാണ്ട് പിന്നിട്ടെങ്കിലും ഇന്നത്തെ സ്ഥിതിയിൽ ഔദ്യോഗിക ഭാഷയായി മലയാളം പ്രയോഗിക്കുന്നതിൽ എന്തെല്ലാം കുറവുകളുണ്ടെന്നത് സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തേണ്ടതുണ്ട്. സെക്രട്ടേറിയറ്റിലെ ഉത്തരവുകൾ 100 ശതമാനവും മലയാളത്തിലാക്കാൻ കഴിഞ്ഞിട്ടില്ല. കീഴ്ക്കോടതികളിൽപ്പോലും വ്യവഹാര ഭാഷ മലയാളമല്ല. മലയാള നാട്ടിലും മലയാളം മോശമാണെന്ന ധാരണ നിലനിൽക്കുന്നത് ഒട്ടും അഭിലഷണീയമല്ല. വാമൊഴി ഭംഗിയും അതിന്റെ വൈവിദ്ധ്യവുംകൂടി നിലനിർത്തേണ്ടതുണ്ട്. ഭാഷ എന്നുപറയുമ്പോൾ പ്രാദേശികമായി വ്യത്യസ്തമായ രീതികളിലാവാം ഉപയോഗിക്കുന്നത്. പ്രാദേശികമായി വ്യത്യസ്തമായ രീതികളിൽ ഉപയോഗിക്കുന്നത് മോശമാണെന്ന് ഒരിക്കലും പറയാൻ കഴിയില്ല. അതിന് ഏറ്റവും നല്ല ഉദാഹരണം വൈക്കം മുഹമ്മദ് ബഷീർ തന്നെയാണ്. "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു"എന്ന് അദ്ദേഹം എഴുതി, പ്രസ്സിൽ അച്ചടിക്കാൻ പോയപ്പോൾ അവരത് തിരുത്താൻ കൊടുത്തു. ഇത് മലയാള ഭാഷയല്ലെന്നും 'എന്റെ ഉപ്പുപ്പാക്കൊരാനയുണ്ടായിരുന്നു' എന്ന് തിരുത്താനും ആവശ്യപ്പെട്ടു. അങ്ങനെയാണെങ്കിൽ എന്റെ പുസ്തകം പ്രസിദ്ധീകരിക്കേണ്ടതില്ലെന്നാണ് അദ്ദേഹം അന്ന് പറഞ്ഞത്. വാമൊഴിയുടെ ഭംഗി ഏറ്റവും നന്നായി ഉപയോഗിച്ച വൈക്കം മുഹമ്മദ് ബഷീർ; ഏറ്റവും ഒടുവിൽ ശ്രീമതി സാറാ ജോസഫ് "ആലാഹയുടെ പെൺമക്കൾ" എന്ന നോവലിൽ തൃശ്ശൂരിന്റെ ഗ്രാമ്യഭാഷ വളരെ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്. ഇന്ന് മലയാളം ടെലിവിഷൻ ചാനലുകൾ വന്നതിനെത്തുടർന്ന് ഭാഷയിലെ വൈവിധ്യം ഏകീകരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകുന്നുണ്ട്. അതിൽ നല്ല കാര്യങ്ങളും ഭാഷ മോശമായി ഉപയോഗിക്കുന്ന ചാനലുകളും ഉണ്ടെന്നുള്ളത് ഞാൻ മറക്കുന്നില്ല. അതോടൊപ്പം മലയാള ഭാഷ ശക്തമായി പ്രചരിപ്പിക്കുന്നതിന് ഭാഷാ ചാനലുകളുടെ പ്രശ്നങ്ങളുമുണ്ട്. അതുകൂടി പരിഹരിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. സൗജന്യമായി പ്രേക്ഷകർക്ക് നൽകുന്ന ചാനലുകളുടെ പ്രശ്നങ്ങൾ പ്രത്യേകമായി

ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സമീപകാലത്ത് പ്രാദേശിക ഭാഷാ വൈവിദ്ധ്യങ്ങളിലൂന്നിയുള്ള നിരവധി സിനിമകൾ മലയാളത്തിലുണ്ടായി. അതെല്ലാം നല്ല വിജയം നേടുകയും ചെയ്തു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ ചില രാഷ്ട്രീയ പ്രശ്നങ്ങൾകൂടി പറയേണ്ടതുണ്ട്. യു.ഡി.എഫ്. കഴിഞ്ഞ ഒരു വർഷമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ സമരം നടത്തുകയാണ്. പക്ഷെ ഒരു സമരത്തെയും ക്ലച്ചപിടിപ്പിക്കാൻ കഴിഞ്ഞില്ല. യു.ഡി.എഫ്. സമരങ്ങൾ ചീറ്റിപ്പോകുന്നുവെന്ന് പ്രതിപക്ഷ നേതാവിനുതന്നെ സമ്മതിക്കേണ്ടിവന്നു. അതിനർത്ഥം ഒരു സമരത്തിനും ആളെ ലഭിക്കുന്നില്ല എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കുന്ന ശ്രദ്ധേയമായ പദ്ധതികൾ ജനങ്ങൾ അംഗീകരിക്കുന്നുവെന്നുള്ളതിന്റെ ഒരു തെളിവുകൂടിയാണത്. പ്രതിപക്ഷ സമരംകൊണ്ട് ഒറ്റ ഗുണംമാത്രമേ ഉണ്ടായിട്ടുള്ളൂ, എം.എസ്.എഫ്.ന്റെ പ്രവർത്തകരും കെ.എസ്.യു. സ്നേഹിതരും എങ്ങനെയാണ് 'നന്നായി ഓടേണ്ടത്' എന്ന് മലയാളികളെ പഠിപ്പിച്ചു; അതാണുണ്ടായത്. സമരം ചെയ്യുമ്പോൾ എങ്ങനെയാണ് സമരം ചെയ്യേണ്ടതെന്നല്ല എങ്ങനെയാണ് ഓടേണ്ടത് എന്ന് 'ഒരു ഇന്ത്യൻ പ്രണയകഥ' എന്ന സിനിമയിൽ 'ഫഹദ് ഫാസിൽ' അവതരിപ്പിച്ച നായകവേഷം കാണിച്ചതുപോലെ സമരത്തിലൂടെ അവർ കാണിക്കുകയാണ്. ഇവിടെ ശ്രീ. കെ. മുരളീധരൻ ബി.ജെ.പി.-യെ ഇടതുപക്ഷം സഹായിക്കുന്നുവെന്ന് പ്രസംഗിച്ചു. ഇവിടെ 'കോലീബി' (കോൺഗ്രസ്സ്, ലീഗ് ബി.ജെ.പി.) സംഖ്യമുണ്ടായ കാര്യം അദ്ദേഹം ഓർക്കാതെയാണോ സംസാരിച്ചതെന്ന് ഞാൻ സംശയിക്കുകയാണ്. ഈ കേരളത്തിൽ കോൺഗ്രസ്സും ലീഗും ബി.ജെ.പി.-യും ഒരേ മുന്നണിയിൽ മത്സരിച്ചതിന്റെ അനുഭവങ്ങൾ നമുക്കുണ്ട്. അത് മറന്നുകൊണ്ടാണ് ശ്രീ. കെ. മുരളീധരൻ ഇവിടെ സംസാരിച്ചത്. അതു മാത്രമല്ല ദേശീയതലത്തിൽ ഭാരതീയ ജനതാ പാർട്ടിക്ക് ശക്തിയുണ്ടാക്കിക്കൊടുത്ത ദശാസന്ധികളുണ്ടാക്കിയതും കോൺഗ്രസ്സായിരുന്നുവെന്ന കാര്യവും അദ്ദേഹം വിസ്മരിക്കുകയാണ്. വി. പി. സിംഗ് പ്രധാനമന്ത്രി സ്ഥാനത്ത് വിശ്വാസ പ്രമേയം അവതരിപ്പിക്കുന്ന ഘട്ടത്തിൽ അദ്ദേഹം രാഷ്ട്രത്തോട് നടത്തിയ ഒരു പ്രസംഗമുണ്ടായിരുന്നു, ഞാൻ പ്രധാനമന്ത്രിയായ ഈ സർക്കാരിന്റെ നിലപാടിന്റെ ഭാഗമായാണ് ബി.ജെ.പി. നേതാവ് ശ്രീ. എൽ. കെ. അദ്വാനി നയിച്ച ജാഥ നടത്തിയവരെ അറസ്റ്റ് ചെയ്തത് എന്നാണ് അദ്ദേഹം പറഞ്ഞത്. ബി.ജെ.പി. അന്നത്തെ വി. പി. സിംഗ് സർക്കാരിനുള്ള പിന്തുണ പിൻവലിച്ചു. എന്തായിരുന്നു കോൺഗ്രസ്സ് സ്വീകരിച്ച നിലപാട്? ഭാരതീയ ജനതാ പാർട്ടിയുടെ വർഗ്ഗീയ പ്രചരണ സംവിധാനങ്ങളെ ശക്തിയായി എതിർത്ത വി. പി. സിംഗ് സർക്കാരിനെ നിലനിർത്തുന്നതിനുപകരം വി. പി. സിംഗിനെതിരെ ബി.ജെ.പി.-യോടൊപ്പം ചേർന്ന് വോട്ട് ചെയ്തവരാണ് നേമം ബ്ലോക്ക് പഞ്ചായത്തിൽ വോട്ടുചെയ്തുവെന്ന് ഇന്നിവിടെ വിലപിക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, നേമം ബ്ലോക്ക് പഞ്ചായത്തിൽ സി.പി.ഐ. (എം) കോൺഗ്രസ്സിനെതിരായി അവിശ്വാസ പ്രമേയം നൽകി; ബി.ജെ.പി.-ക്കാരും കൂടെച്ചേർന്നു. അവിടെ തെരഞ്ഞെടുപ്പൊന്നും നടന്നിട്ടില്ല. കള്ള പ്രചരണമാണ് നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇവിടെ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും കാര്യം പറഞ്ഞു. ഞാൻ വരുന്നത് ചാവക്കാട് നിന്നാണ്. ചാവക്കാട് നഗരസഭയിൽ കോൺഗ്രസ്സിന്റെ ചെയർമാനും ബി.ജെ.പി.-യുടെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമൊക്കെയുള്ള 'കോലീബി' സഖ്യമുണ്ടായിരുന്നു; അതൊന്നും മറക്കാറായിട്ടില്ല. എന്നിട്ടും ശ്രീ. കെ. മുരളീധരനെപ്പോലുള്ള ഒരാൾ നിയമസഭയിൽ ഇങ്ങനെ പറഞ്ഞത് അത്ഭുതമുണ്ടാക്കുന്ന കാര്യമാണ്. അദ്ദേഹം കേരളത്തിലെ പോലീസിനെ സംബന്ധിച്ച് പറഞ്ഞു. പോലീസ് ആസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ തമ്മിൽ ഒരു പ്രശ്നവുമില്ല. വളരെ ഭംഗിയായി കേരളത്തിലെ പോലീസ് ഭരണം മുന്നോട്ടുപോവുകയാണ്. ശ്രീ. കെ. മുരളീധരൻ ഓർക്കേണ്ടത് അദ്ദേഹത്തിന്റെ പിതാവ് ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ രണ്ട് ഡി.ജി.പി.-മാർ തമ്മിൽ അടിയായിരുന്നില്ലേ; ഒരു ഡി.ജി.പി.ക്ക് എതിരായ അന്വേഷണ റിപ്പോർട്ട് മറ്റൊരു ഡി.ജി.പി. ദിനപ്പത്രങ്ങൾക്ക് നൽകി പ്രസിദ്ധീകരിച്ചത് കേരളത്തിലുണ്ടായ കാര്യമാണ്. അതൊന്നും മറക്കാറായിട്ടില്ല. പക്ഷേ, അദ്ദേഹം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ ആക്ഷേപിക്കുന്നതിനുവേണ്ടി ഇക്കാര്യങ്ങൾ പറയുകയാണ്. ഒന്നും വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് സേനയെ സ്മാർട്ടാക്കുന്നതിന് വളരെ വിദഗ്ദ്ധമായ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. 30 കോടി രൂപയാണ് ബഡ്ജറ്റിൽ പോലീസ് സേനയുടെ നവീകരണത്തിന് നൽകിയിട്ടുള്ളത്. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും CUG (Closed User Group) സ്കീം ഏർപ്പെടുത്തുകയുണ്ടായി. ചെറു പട്ടണങ്ങളിൽപ്പോലും കൺട്രോൾ റൂമുകൾ ആരംഭിച്ചു. സ്ത്രീ-സൗഹൃദ പോലീസ് സ്റ്റേഷനുകൾ കേരളത്തിൽ ആരംഭിച്ചു. സമഗ്രവും ഫലപ്രദവുമായി പോലീസിംഗ് നടത്തുകയാണ്. മയക്കുമരുന്നിന് എതിരെ സംയുക്തമായ നീക്കം ഈ സർക്കാർ ആരംഭിച്ചു. അത്തരത്തിൽ എല്ലാ മേഖലകളിലും ഫലപ്രദമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇവിടെ പ്രവാസി ക്ഷേമ പദ്ധതി ഫലപ്രദമായി സർക്കാർ നടപ്പിലാക്കി. പ്രവാസികളുടെ പെൻഷൻ മൂന്നിരട്ടിയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. വൻകിട പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, ഗെയിൽ, വിഴിഞ്ഞം പോർട്ട് എന്നീ വൻകിട പദ്ധതികൾ നല്ലനിലയിൽ പുരോഗമിക്കുകയാണ്. ഇടുക്കിയിൽ 5500 പേർക്ക് പട്ടയം നൽകുന്നതിനും ഗവൺമെന്റിന് കഴിഞ്ഞു. ഒരു സർക്കാരിന് ഒരു വർഷംകൊണ്ട് എല്ലാ കാര്യങ്ങളും

ചെയ്യാനാവില്ല. പക്ഷേ ഒരു വർഷത്തിനുള്ളിൽ എല്ലാ വകുപ്പുകളും നല്ല നിലയിൽ കാര്യങ്ങൾ ചെയ്യുന്ന, ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്ന, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി. 23,197 വീടുകൾക്ക് 177 കോടി രൂപ നൽകുകയുണ്ടായി. ആ തരത്തിൽ എല്ലാ മേഖലകളിലും സമഗ്രമായ പുരോഗതി പ്രാവർത്തികമാക്കുന്ന ഈ സർക്കാരിനെ ശ്ലാഘിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കഴിഞ്ഞ വർഷം ഇതുപോലെ ഈ സഭയിൽ ചർച്ച നടത്തി പാസ്സാക്കിയ ബഡ്ജറ്റിന്റെ വിനിയോഗത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയെങ്കിലും സംതൃപ്തനാണോ; എത്രമാത്രം നമുക്കത് നടപ്പിലാക്കാൻ സാധിച്ചു? പ്ലാൻ എക്സ്പെൻഡീച്ചർ ഫെബ്രുവരി 28 വരെ 59 ശതമാനമായിരുന്നു. 11 മാസംകൊണ്ട് 53 ശതമാനം, പന്ത്രണ്ടാമത്തെ മാസം 29% അങ്ങനെ 82% എന്ന് കണക്കുണ്ട്. പക്ഷേ, അതിൽ നമുക്ക് സംതൃപ്തിയടയാൻ കഴിയുമോ? തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം 72 ശതമാനത്തിൽ നിൽക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞ ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായി അങ്ങ് പറഞ്ഞത് കിഫ്ബിയെക്കുറിച്ചാണ്. കിഫ്ബിയിൽക്കൂടിയുള്ള 40,000 കോടി രൂപയിൽ ഒരു രൂപയെങ്കിലും നിങ്ങൾക്ക് ചെലവഴിക്കാൻ സാധിച്ചോ; ഒരു രൂപ പുതിയതായി സമാഹരിക്കാൻ സാധിച്ചോ? കിഫ്ബിയിൽ 1602 കോടി രൂപയുണ്ട് എന്നുപറഞ്ഞു. എങ്ങനെയാണ്? യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പെട്രോൾ സെസ് 448 കോടി രൂപ, പരമ്പരാഗതമായി നിൽക്കുന്ന മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 10 ശതമാനം 281 കോടി രൂപ, വലിയ പദ്ധതിക്കുവേണ്ടി കഴിഞ്ഞ സർക്കാർ മാറ്റിവച്ച തുകയിൽ ബാക്കിവന്ന 873 കോടി രൂപ അങ്ങനെ 1602 കോടി രൂപയുണ്ട്. പക്ഷേ അതിനകത്തുനിന്ന് ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. ഒരു കാര്യത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, കാരണം, നമ്മുടെ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ബഡ്ജറ്റിതര ഫണ്ടിംഗുണ്ടായാലേ മതിയാകുകയുള്ളൂ. നമ്മുടെ വികസന പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ആ യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. ഇന്നിപ്പോൾ നിങ്ങൾ ആ യാഥാർത്ഥ്യം അംഗീകരിച്ചതിൽ വളരെ സന്തോഷമുണ്ട്. എ.ഡി.ബി. വായ്പയെയും വേൾഡ് ബാങ്കിന്റെ വായ്പയെയും നിങ്ങൾ എതിർത്തു. അങ്ങേക്കറിയാമല്ലോ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനത്തോളം പോകുന്നത് ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കാണ്. പിന്നെ ഇവിടെ വികസനം വേണമെങ്കിൽ, ജനങ്ങളാഗ്രഹിക്കുന്ന രീതിയിൽ ഒരു സർക്കാരിന് പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ ബഡ്ജറ്റിതര സോഴ്സുകൾ കണ്ടെത്തിയേ മതിയാകൂ. അതിന് നിങ്ങൾ തയ്യാറാകുന്നുവെന്നുള്ളതാണ് കിഫ്ബിയുടെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നത്. ഏതായാലും ആ അർത്ഥത്തിൽ

നല്ലതാണെങ്കിലും കഴിഞ്ഞ ഒരു വർഷം നമുക്ക് പാഴായി. യാഥാർത്ഥ്യം അംഗീകരിക്കണം. ഒരു പദ്ധതിക്കും തുടക്കമിടാനോ തുക ചെലവാക്കാനോ സാധിച്ചില്ല. അത് ഏതായാലും വളരെ ദൗർഭാഗ്യകരമായ ഒന്നായിപ്പോയി.

എനിക്ക് പറയാനുള്ളത്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യത്തെ ക്യാബിനറ്റിലെടുത്ത തീരുമാനം യു.ഡി.എഫ്. സർക്കാരിന്റെ അവസാന നാളുകളിലെ തീരുമാനങ്ങൾ മുഴുവൻ അഴിമതി നിറഞ്ഞതാണെന്നും അതുമുഴുവൻ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുമെന്നുമായിരുന്നു. അതിന് ശ്രീ. എ. കെ. ബാലൻ കൺവീനറായ ഒരു ഉപസമിതിയെ ചുമതലപ്പെടുത്തി. ജനുവരി ഒന്നുമുതലുള്ള മൂന്നുമാസത്തെ തീരുമാനങ്ങളായ എഴുന്നൂറോളം ഫയലുകൾ പരിശോധിച്ച് അതിൽ നിന്ന് 115 ഫയലുകൾ തെരഞ്ഞെടുത്തു. അതുസംബന്ധിച്ച് പല പ്രാവശ്യം ചർച്ച നടത്തി. അവസാനം ക്യാബിനറ്റ് ആ ഉപസമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു. ക്യാബിനറ്റ് അംഗീകരിച്ച വിവരംപോലും നിങ്ങൾ പത്രക്കാരോട് പറഞ്ഞില്ല. യു.ഡി.എഫ്.-ന് എതിരായി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ ഏറ്റവും അധികം പ്രചരിപ്പിച്ചത് അഴിമതിയാണ്. എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ പറഞ്ഞു. അതുസംബന്ധിച്ച് ഈ ഉപസമിതിയുടെ റിപ്പോർട്ട് എന്തുകൊണ്ട് ഇവിടത്തെ ജനങ്ങളുടെ മുമ്പിൽ വച്ചില്ല; അത് പബ്ലിഷ് ചെയ്യേണ്ടതല്ലേ? ഒരു കമ്മീഷൻ വച്ചാൽപോലും റിപ്പോർട്ട് വരുമ്പോൾ അതിന്റെ പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ പുറത്തുപറയും. എന്നാൽ ഇവിടെ ക്യാബിനറ്റ് തീരുമാനിച്ചിട്ടുപോലും നിങ്ങൾ അക്കാര്യം പറഞ്ഞില്ല; നിങ്ങൾ ആ റിപ്പോർട്ട് പബ്ലിഷ് ചെയ്തില്ല. 'ക്യാബിനറ്റ് അതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ' എന്ന് ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെയൊരു ചോദ്യം ചോദിച്ചപ്പോഴാണ് ഈ സംഗതി പുറത്തുവരുന്നതും ഞാൻ പോലും ആ റിപ്പോർട്ട് കാണുന്നതും. 115 ഫയലുകളുടെ കാര്യത്തിൽ നിങ്ങളെടുത്ത തീരുമാനം ഞാൻ പരിശോധിച്ചു. അതെല്ലാം വ്യക്തതയില്ലാത്ത രീതിയിലുള്ളതാണ്. 115 കേസുകളിൽ ഒരേയൊരു കാര്യത്തിന് മാത്രമാണ് പുതിയതായി നിങ്ങൾ വിജിലൻസ് അന്വേഷണം വേണമെന്ന് പറയുന്നത്. അതുതന്നെ പറയുന്നത് 'ഈ തീരുമാനം പുനഃപരിശോധിച്ച് റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുക, ബ്രാക്കറ്റിൽ വിജിലൻസ് ഉൾപ്പെടെ ' എന്ന്. പൂർണ്ണ ധൈര്യമുണ്ടെങ്കിൽ വിജിലൻസ് അന്വേഷണം നടത്താൻ പറഞ്ഞാൽപോരെ. അതിനകത്ത് മാത്രമാണ് വിജിലൻസ് എന്നൊരു റെക്കമെന്റേഷൻ വന്നിരിക്കുന്നത്. ഇത് ഏതാണെന്നുള്ളത് ഈ സഭ അറിയണം. കരമന-കളിയിക്കാവിള റോഡിന്റെ വികസന പ്രവർത്തനം നടക്കുന്ന സമയത്ത് തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ക്വാറികളും കോടതി സ്റ്റേ ചെയ്തു. ഒരു ലോഡ് പാറപോലും ലഭിക്കാതെ ആ പണി ഇടയ്ക്കുവച്ച് നിൽക്കുമെന്ന് കണ്ടപ്പോൾ ഞാൻ യോഗം വിളിച്ചു. 2015 മാർച്ച് മാസത്തിലാണ് ആ യോഗം

വിളിച്ചുകൂട്ടിയത്. നിങ്ങൾ 2016 ജനവരി ഒന്ന് മുതലുള്ള തീരുമാനങ്ങളെക്കുറിച്ചാണ് അന്വേഷണം ആരംഭിച്ചത്. ജനവരി ഒന്ന് മുതലുള്ള തീരുമാനങ്ങളിൽ തൃപ്തിയാകാതെയായിരിക്കാം 25-3-2015-ന് ഞാൻ വിളിച്ചുകൂട്ടിയ യോഗത്തിന്റെ തീരുമാനംകൂടി അന്വേഷണവിധേയമാക്കിയത്. പണി നിർത്തിവയ്ക്കാൻ കഴിയില്ല, പണി നടക്കണം, പാറ എവിടെനിന്ന് കിട്ടിയാലും കൊണ്ടുവരണമെന്ന് ഞങ്ങൾ ആ യോഗത്തിൽ തീരുമാനിച്ചു. അല്ലെങ്കിൽ അവിടെ പണി നടക്കില്ലായിരുന്നു. അതുകൊണ്ടാണ് ഇന്ന് ആ റോഡ് മനോഹരമായി കിടക്കുന്നത്. ഇതാണ് നിങ്ങൾ കണ്ടുപിടിച്ച തെറ്റെങ്കിൽ ഞാൻ നൂറ് യോഗങ്ങൾ നടത്തിയ കാര്യം അങ്ങോട്ട് പറയാം. കാരണം, ഇന്ന് പണി നടക്കണമെങ്കിൽ ഇത് പഴയ കാലമല്ല, ഞാൻ എം.എൽ.എ. ആകുന്ന കാലത്ത് എ.എസ്. ലഭിച്ചാൽപ്പിന്നെ എം.എൽ.എ. ഒന്നും അറിയേണ്ട. കുറച്ചുനാൾ കഴിഞ്ഞപ്പോൾ എ.എസ്. മാത്രം പോര, ടി.എസ്. കൂടി വേണം, പിന്നെ സ്പെഷ്യൽ സാംഗ്ഷൻ വേണം. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ടെണ്ടർ ക്ഷണിച്ചാലും ഫണ്ട് അലോട്ട് ചെയ്തില്ലെങ്കിൽ ഇടയ്ക്കുവച്ച് പണി നിൽക്കും. ഇപ്പോൾ ഫണ്ട് അനുവദിച്ചാലും നമ്മുടെ വികസന പ്രവർത്തനത്തിനാവശ്യമായ നിർമ്മാണ സാധനങ്ങൾ ലഭിക്കുന്നില്ല; മണ്ണില്ല, പാറയില്ല, മണലില്ല. ഞാൻ റെയിൽവേയ്ക്കുവേണ്ടി എത്ര യോഗങ്ങൾ നടത്തിയെന്നറിയാമോ; ബജറ്റ് അലോക്കേഷൻ തുക ലാപ്സാകാൻ പോകുന്നുവെന്ന് റെയിൽവേ മന്ത്രാലയത്തിൽനിന്ന് അറിയിച്ചു. ആലപ്പുഴ ജില്ലയിലെ പണിക്ക് മണ്ണ് കിട്ടുന്നില്ല, ആലപ്പുഴയിൽനിന്ന് മണ്ണെടുക്കാൻ സാധിക്കുമോ? പത്തനംതിട്ട, കോട്ടയം ഭാഗത്തുനിന്നാണ് മണ്ണെടുക്കേണ്ടത്. നിർമ്മാണ വസ്തുക്കളില്ലാതെ നമ്മുടെ വികസന പ്രവർത്തനങ്ങൾ മുടങ്ങുന്ന സാഹചര്യമാണ്. ഞാൻ ഈ സഭയിലെ എം.എൽ.എ.-മാരോട് പറയുന്നു, ഇതാണ് സമീപനമെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് കാര്യമായ വർക്കുകളൊന്നും നടക്കില്ല. കാരണം, ഇന്ന് നിർമ്മാണ വസ്തുക്കളുടെ കാര്യത്തിൽ വലിയ പ്രശ്നമാണ്. പണ്ടൊക്കെ പണമുണ്ടെങ്കിൽ സർക്കാർ തീരുമാനമെടുത്താൽ ഏത് വർക്കും നടക്കും. ഇപ്പോൾ അതല്ലാതെ വന്നിരിക്കുകയാണ്. ഈ പറഞ്ഞതാണ് നിങ്ങളെടുത്ത ഒരു കേസ്. രണ്ടാമത്തെ കേസ്, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അറിഞ്ഞുകൊണ്ടൊരു തീരുമാനമെടുത്തു. ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും കൊച്ചുകൊച്ച് സമുദായങ്ങൾക്കും ഒരു കോളേജുമില്ലാത്ത സാഹചര്യത്തിൽ ഞങ്ങൾ ആദ്യം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കോളേജ് കൊടുക്കാൻ തീരുമാനിച്ചു. മൂന്ന് പേർക്ക് കോളേജ് അനുവദിച്ചു. ഇപ്പോൾ നിങ്ങൾ കണ്ടുപിടിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നാണ്. ശരിയാണ്, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല; ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല; ഇതിൽ ഞങ്ങളും കുറ്റക്കാരാണ്; നിങ്ങളും ഞങ്ങളും കൂടിച്ചേർന്ന് 155 എയ്ഡഡ് കോളേജുകൾ കേരളത്തിൽ അനുവദിച്ചു. അതിൽ ഒരൊറ്റ കോളേജുപോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കില്ല; കുറ്റപ്പെട്ട

ത്താനൊക്കില്ല; കാരണം, അപേക്ഷപോലുമില്ല. ഈ വിഭാഗക്കാർക്ക് കോളേജില്ലെന്നല്ല, കോളേജിന് അപേക്ഷിക്കാനുള്ള അർഹതയില്ല; കാരണം, നിബന്ധനകളുണ്ട്. കോളേജ് വേണമെങ്കിൽ സ്ഥലം വേണം, അവർക്ക് സാമ്പത്തികമായ കഴിവുണ്ടെന്ന് തെളിയിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ഒരൊറ്റ കോളേജില്ലാത്ത സാഹചര്യത്തിലാണ് ഒരു കണ്ടീഷനും നോക്കാതെ മൂന്ന് കോളേജുകൾ അനുവദിച്ചത്. അപ്പോഴാണ് രണ്ട് കോളേജുകാർ തങ്ങൾക്ക് സ്ഥലമില്ലെന്ന് പറയുന്നത്. ഞങ്ങൾ അവർക്ക് സ്ഥലം നൽകി. ഒരു കോളേജിന് വണ്ടൂര് വനഭൂമി അനുവദിച്ചു. പത്തനാപുരത്ത് സർക്കാർ വ്യവസായ വികസനത്തിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഒന്നിച്ചിരുന്ന് തീരുമാനിച്ച് അവർക്ക് നൽകി. മൂന്നാമത്തെ കോളേജുകാർ പറഞ്ഞു, ഞങ്ങൾക്ക് സ്ഥലമുണ്ട്, പണമില്ലായെന്ന്. ഞങ്ങൾ ഒരു കോടി രൂപ അവർക്ക് നൽകാൻ തീരുമാനിച്ചു. ഇപ്പോൾ ആ ഒരു കോടി രൂപ കൊടുക്കുന്നത് തടഞ്ഞുവയ്ക്കാനാണ് തീരുമാനം. ആ കോളേജ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പോയി ഉദ്ഘാടനം ചെയ്തു. അവർ അപ്പോൾ കുറച്ച് കൂടുതൽ സഹായങ്ങൾ ചോദിച്ചിട്ടുണ്ട്. ഇപ്പോൾ മുഖ്യമന്ത്രി ഇവിടെയില്ല. എനിക്ക് ശ്രീ. എ. കെ. ബാലനോട് പറയാനുള്ളത്, മുഖ്യമന്ത്രിയോട് പറയണം ഒരു കോടി രൂപകൂടി അവർക്ക് നൽകണമെന്ന്. കാരണം ഞങ്ങൾ രണ്ട് കോടി രൂപ കൊടുക്കാനാണ് തീരുമാനിച്ചത്. പക്ഷെ അന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഒരു കോടി രൂപ കൊടുത്തിട്ട് ബാക്കി പിന്നെയാകാമെന്ന് പറഞ്ഞു. അവർക്ക് രണ്ട് കോടി രൂപ കൊടുത്താൽ മാത്രമേ ആ കോളേജ് നടത്തിക്കൊണ്ടുപോകാൻ സാധിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷമായി. അവിടെ വലിയ ജനക്കൂട്ടവും അവിടത്തെ ജനങ്ങൾക്കൊരു ഉത്സവപ്രതീതിയുമായിരുന്നു ഉണ്ടായിരുന്നത്. കോട്ടയം ജില്ലയിലെ അമരയിലെ പി.ആർ.ഡി.എസ്. (Prathyaksha Raksha Daiva Sabha) കാർക്ക് അനുവദിച്ച കോളേജാണത്. പക്ഷേ ഈ ഉപസമിതി റിപ്പോർട്ടനുസരിച്ച് ഞങ്ങൾ അനുവദിച്ച ഒരു കോടി രൂപതന്നെ കൊടുക്കാതെ നിർത്തിവയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. അത് ഒരിക്കലും ശരിയാകുമെന്ന് എനിക്ക് തോന്നുന്നില്ല. ബാക്കി ഒരു കോടി രൂപ കൂടി കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സ്വാശ്രയ കോളേജ് ഫീസിന്റെ കാര്യത്തിൽ കഴിഞ്ഞ ദിവസം ഇവിടെ സജീവമായ ചർച്ച വന്നതാണ്. ഒരു വലിയ വർദ്ധനവാണുണ്ടായത്. സ്വാശ്രയ കോളേജ് ആരംഭിച്ചതുമുതൽ നിങ്ങളും ഞങ്ങളും സ്വീകരിച്ച നിലപാട് സാമൂഹിക പ്രതിബദ്ധതയോടുകൂടിയ തീരുമാനം വേണമെന്നാണ്. അങ്ങനെയാണ് എപ്പോഴും തീരുമാനങ്ങളെടുത്തിട്ടുള്ളത്. പക്ഷെ ഇപ്രാവശ്യം അവർ ചോദിച്ച ഫീസ് അംഗീകരിച്ചു.

അപ്പോൾ പിന്നെ പാവപ്പെട്ടവർ പഠിക്കുന്നതെങ്ങനെയാണ്? അതേ സമീപനമാണ് എം.ബി.ബി.എസ്.-ൽ സ്വീകരിക്കാൻ പോകുന്നതെങ്കിൽ ഇവിടെ ഉണ്ടാകുന്ന ബുദ്ധിമുട്ട് എന്താണെന്ന് പറയാൻ കഴിയില്ല. അത്രമാത്രം നിരാശയും മാനസികമായ സംഘർഷവുമായിരിക്കും ഇവിടത്തെ വിദ്യാർത്ഥികൾക്കുണ്ടാകുന്നത്. ഇപ്പോൾത്തന്നെ അവർ മാർക്കൊക്കെ നോക്കി വച്ചിരിക്കുകയാണ്. ഇത്ര മാർക്ക് ലഭിച്ചാൽ നമുക്ക് ജയിക്കാൻ കഴിയും, നമുക്ക് സീറ്റ് ലഭിക്കും എന്നാണ് പലരും കണക്കുകൂട്ടിയിരിക്കുന്നത്. ഇതുപോലൊരു സാഹചര്യം യു.ഡി.എഫ്. സർക്കാരിന് നേരിടേണ്ടിവന്നു. ഒരു സെറ്റ് മാനേജ്മെന്റ് പറഞ്ഞു, ഞങ്ങൾ ക്രോസ്സ് സബ്സിഡി സമ്മതിക്കില്ല, ഞങ്ങൾക്ക് ഒരേ ഫീസാണെന്ന്. പക്ഷെ അവർ പറയുന്നിതിൽ കുറച്ച് ന്യായമുണ്ട്. അവർ പറയുന്നത്, 'ഞങ്ങൾ ഒറ്റ സീറ്റുപോലും മാനേജ്മെന്റ് സീറ്റായി എടുക്കുന്നില്ല. നൂറ് സീറ്റിൽ എൻ.ആർ.ഐ-യുടെ 15 സീറ്റ് ഒഴിച്ച് ബാക്കി 85 സീറ്റും ഞങ്ങൾ മെരിറ്റ് നോക്കി എടുക്കും' എന്നാണ്. 85 കുട്ടികളുടെ ഫീസ് മറ്റുള്ളവരുടെ ഫീസിനെക്കാൾ ഒരു രൂപയെങ്കിലും കുറച്ചുവച്ചു; പക്ഷേ ക്രോസ്സ് സബ്സിഡി കൊടുക്കുകയില്ല എന്നുവരുമ്പോൾ സർക്കാരിന്റെ ഫീസിൽ നിന്നും വലിയ തുകയാണ് വർദ്ധിക്കാൻ പോകുന്നത്. നിങ്ങൾ സബ്സിഡിയും സ്കോളർഷിപ്പും കൊടുക്കണമെന്നാണ് ഞങ്ങൾ അപ്പോൾ പറഞ്ഞത്. അവരെക്കൊണ്ട് സ്കോളർഷിപ്പ് കൊടുപ്പിക്കാമെന്ന് സമ്മതിപ്പിച്ച ശേഷമാണ് അന്ന് ആ എഗ്രിമെന്റുമായി ഞങ്ങൾ മുന്നോട്ടുപോയത്. ഇത് പറയുമ്പോൾ കഴിഞ്ഞ വർഷത്തെ ഒരനുഭവം കൂടിയുണ്ട്, അത് വരുമ്പോഴാണ് സംശയങ്ങൾ വർദ്ധിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് 47,000 രൂപയാണ് സർക്കാർ മെരിറ്റ് സീറ്റിൽ വർദ്ധിച്ചത്. ആദ്യത്തെ കൊല്ലം ഞങ്ങൾക്ക് പഠിക്കാനൊന്നും സമയം കിട്ടാത്തതിനാൽ കഴിഞ്ഞ വർഷത്തെ ഫീസെന്ന് പറഞ്ഞ് അവരെക്കൊണ്ട് ഒരു കൊല്ലംകൂടി 1,38,000 രൂപ ഫീസായി നിശ്ചയിച്ചു; നിങ്ങൾ നിശ്ചയിച്ച അതേ ഫീസ്. പിന്നീട് 12,000, 15,000, 10,000, 10,000 രൂപ വീതമാണ് ഞങ്ങൾ വർദ്ധിപ്പിച്ചത്. 47,000 രൂപയാണ് അഞ്ച് വർഷംകൊണ്ട് വർദ്ധിപ്പിച്ചത്. അതിന് സർക്കാർ നേരിടേണ്ടിവന്ന സമരങ്ങൾ എത്രയാണ്; എത്ര കോടി രൂപയുടെ പൊതുമുതൽ നശിപ്പിച്ചു; എത്ര ബന്ദ് നടത്തി; എത്ര പോലീസുകാർക്ക് പരിക്കുപറ്റി; എന്തെല്ലാം പ്രശ്നങ്ങൾ വന്നു? നിങ്ങൾ കഴിഞ്ഞ ഒരു വർഷം ഒറ്റയടിക്ക് കൂട്ടിയത് 65,000 രൂപയാണ്. മാനേജ്മെന്റുകളോട് ഇത് ശരിയല്ലെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അവർ പറഞ്ഞത് ഞങ്ങൾ കുറയ്ക്കണമെങ്കിൽ കുറയ്ക്കാമെന്നാണ്. ഉടനെ തന്നെ അവർ ആരോഗ്യ വകുപ്പുമന്ത്രിയെയും സെക്രട്ടറിയെയുമെല്ലാം കണ്ട് സംസാരിച്ച് മുഖ്യമന്ത്രിയുടെ അടുത്തുചെന്നപ്പോൾ പഴയ ഫീസ് തന്നെ. ഫീസ് കുറയ്ക്കാമായിരുന്നിട്ടും കുറയ്ക്കാതെ അഞ്ച് വർഷംകൊണ്ട് ഞങ്ങൾ വർദ്ധിപ്പിച്ചതിനെക്കാൾ കൂടിയ ഫീസ് ഒറ്റ വർഷംകൊണ്ട് നൽകിയാണ് നിങ്ങൾ

ഇപ്രാവശ്യവും അവർ പറഞ്ഞ ഫീസ് അംഗീകരിച്ചത്. എന്നാൽ സർക്കാർ ക്വാട്ടയിൽ വരുന്നവർക്ക് ഒരു സ്കോളർഷിപ്പുപോലും നിങ്ങൾ ആലോചിച്ചിട്ടില്ല. അത് വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം, ശ്രീ. കെ. വി. അബ്ദുൾ ഖാദറെങ്കിലും ഇതുസംബന്ധിച്ച് പറയുമെന്ന് ഞാൻ വിചാരിച്ചു, ഇന്നിപ്പോൾ സൗദി അറേബ്യയിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ സർക്കാരും നോർക്ക വകുപ്പും മാത്രമാണ് ഇത് സംബന്ധിച്ച് അറിയാത്തത്. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയിരുന്നു. അവിടത്തെ സർക്കാർ ഇന്ത്യക്കാർക്കുവേണ്ടി പ്രത്യേക സൗകര്യം ചെയ്തിരിക്കുകയാണ്. ഇന്ത്യൻ എംബസി അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഇതുപോലൊരു അവസരം വന്നപ്പോൾ ആവശ്യമുള്ള മുഴുവൻ മലയാളികൾക്കും സർക്കാർ ചെലവിൽ ടിക്കറ്റെടുത്തു നൽകി. ഇപ്രാവശ്യം അതായിട്ടില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നിതാഖത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ യാത്രാസൗകര്യം ഏർപ്പെടുത്തിയെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, ആ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിഞ്ഞത് കേവലം 100-ൽ താഴെ ആളുകൾക്കാണെന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 342 പേർക്ക് ഞങ്ങൾ ടിക്കറ്റ് നൽകി. സർക്കാർ ടിക്കറ്റ് നൽകാൻ തുടങ്ങിയപ്പോൾ പല സംഘടനകളും വ്യക്തികളും മുന്നോട്ടുവന്നു. 100 ടിക്കറ്റുകൾവരെ നൽകിയ മലയാളികളുണ്ട്. വിവിധ സംഘടനകളും അസോസിയേഷനുകളും വന്നു. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ലെന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്.

ഇന്നലെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സംസാരിച്ചപ്പോൾ വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് പറഞ്ഞു. നിലവിലെ വിഴിഞ്ഞം കരാർ ക്യാൻസൽ ചെയ്തശേഷം പുതിയ കരാർ വേണമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് എനിക്ക് അറിയില്ല. പക്ഷേ ഒന്ന് ഞാൻ പറയാം, നമ്മൾ വളരെ വർഷങ്ങളായി കാത്തിരുന്ന പദ്ധതിയാണ് വിഴിഞ്ഞം. വിഴിഞ്ഞം കേരളത്തിലല്ലായിരുന്നെങ്കിൽ 25 കൊല്ലംമുമ്പ് യാഥാർത്ഥ്യമാകുമായിരുന്നുവെന്ന് ഞാൻ പലയിടത്തും പറഞ്ഞിട്ടുണ്ട്. വിഴിഞ്ഞത്തിനുവേണ്ടി ആദ്യം ടെണ്ടർ ക്ഷണിച്ചത് 2005-ൽ ഞാൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അന്ന് ടെണ്ടറെല്ലാം കിട്ടി, എല്ലാം ശരിയായി വന്നപ്പോൾ സെക്യൂരിറ്റി ക്ലിയറൻസ് ലഭിച്ചില്ല. അതിലെ മെയിൻ പാർട്ട്ണർ നമുക്ക് അംഗീകരിക്കാൻ കഴിയാത്ത ഒരു രാജ്യത്ത് നിന്നാണെന്നതിന്റെ പേരിൽ അത് തള്ളിപ്പോയി. വളരെയധികം ശ്രമിച്ചുനോക്കിയെങ്കിലും നടന്നില്ല. പിന്നീട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇതിനുവേണ്ടി ശ്രമിച്ചു. അദ്ദേഹം ഒരു കരാറിന്റെ

ഡ്രാഫ്റ്റ് തയ്യാറാക്കി ഒപ്പിടുകയും ചെയ്തു. അന്ന് ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരാളേ വന്നുള്ളൂ. അതുകൊണ്ട് അതുംപോയി. പിന്നീട് ഞങ്ങളുടെ ഭരണകാലത്ത് അഞ്ചുപേർ ക്വാളിഫൈഡായി. മൂന്ന് പേർ മാത്രമാണ് അതിന്റെ പേപ്പേഴ്സ് വാങ്ങിയത്; ഒരാൾ മാത്രമാണ് ടെണ്ടർ നൽകിയത്. ആൾ ഇന്ത്യാ നോംസ് അനുസരിച്ച് ഇത് മൂന്നാമത്തെ ടെണ്ടറായതുകൊണ്ട് നമുക്ക് വേണമെങ്കിൽ ചെയ്യാം. അങ്ങനെ അവരെ നിർബന്ധിച്ച് വരുത്തി നെഗോഷ്യേറ്റ് ചെയ്ത് ഒപ്പുവച്ചതാണ്. ഇതിൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്വേഷിക്കൂ. ഇന്നത്തെ കരാറും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് നടത്തിയ ടെണ്ടറിന്റെ കരാറും തമ്മിൽ പരിശോധിച്ച് ഏതാണ് സംസ്ഥാന താൽപ്പര്യത്തിന് യോജിച്ചതെന്ന് ഈ സർക്കാരിന് തീരുമാനിക്കാവുന്നതാണ്. അതിലൊരു കുഴപ്പവുമില്ല, ഞങ്ങളാരും അതിനെതിരല്ല. പക്ഷേ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകണമെന്ന ദൃഢനിശ്ചയത്തോടെയുള്ള സർക്കാരിന്റെ പ്രവർത്തന ഫലമായാണ് അതുണ്ടായത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലെ സീനിയറായ ഒരാൾ പറയുമ്പോൾ തള്ളിക്കളയാൻ കഴിയുമോ? അദ്ദേഹം ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം ടെണ്ടർ ക്ഷണിച്ചെങ്കിലും നടന്നില്ല. അതുകൂടി നോക്കി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മൾ വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട ഒന്നുരണ്ട് പ്രശ്നങ്ങളുണ്ട്. അതിലൊന്ന് രാഷ്ട്രീയ രംഗത്തെ അക്രമ സാഹചര്യങ്ങൾ, കൊലപാതക രാഷ്ട്രീയം; രണ്ട്, നമുക്കാർക്കും ഒരുവിധത്തിലും അംഗീകരിക്കാൻ കഴിയാത്ത രൂപത്തിൽ നമ്മുടെ കലാലയങ്ങളിൽ നടക്കുന്ന വേദനാജനകമായ അനിഷ്ടസംഭവങ്ങൾ. ഇക്കാര്യം പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, തൊടുപുഴ ന്യൂമാൻസ് കോളേജ് എന്നിവിടങ്ങളിലെല്ലാം നടന്ന അക്രമങ്ങൾ നമുക്കാർക്കെങ്കിലും അംഗീകരിക്കാൻ കഴിയുമോ? അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർതന്നെ മുൻകയ്യെടുക്കണം. അക്രമ രാഷ്ട്രീയം അനുവദിക്കാനാകില്ല. അതുപോലെ തന്നെയാണ് നമ്മുടെ കലാലയങ്ങളിലെ സ്ഥിതിയും. അല്ലെങ്കിൽ ഇത് നമ്മുടെ കൈവിട്ടുപോകും. അക്രമംകൊണ്ട് ഒരിക്കലും ശാശ്വതമായ നേട്ടമുണ്ടാകാൻ പോകുന്നില്ല. പശ്ചിമ ബംഗാളിലെ അനുഭവം നിങ്ങൾക്കറിയില്ലേ? ജനങ്ങളുടെ ഇടയിൽനിന്ന് ജനങ്ങൾക്കുവേണ്ടി നല്ലത് ചെയ്ത് അവരുടെ മനഃസാക്ഷിയുടെ അംഗീകാരം വാങ്ങുക, അതിലൂടെ മാത്രമേ ശാശ്വതമായ വിജയമുണ്ടാകൂ. അതുകൊണ്ട് വളരെ അപകടകരമായ ഈ ട്രെന്റ് അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആരോഗ്യകരമായ രാഷ്ട്രീയ സംസ്കാരം ഈ ഒരു വർഷംകൊണ്ട് ഇവിടെ വന്നുവെന്നുള്ള മുഖ്യമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് കണ്ടു. ഈ നാട്ടിലെ ഒരു കൊച്ചുകുട്ടിപോലും ഇത് വിശ്വസിക്കുമോ? കഴിഞ്ഞ ഒരു വർഷക്കാലത്തെ സംഭവ വികാസങ്ങൾ, സർക്കാരിലും മുന്നണിയിലും

നടന്നത്, നമ്മുടെ സമൂഹത്തിൽ നടന്ന കാര്യങ്ങൾ, രാഷ്ട്രീയ രംഗത്തുള്ള കാര്യങ്ങൾ ഇതെല്ലാം നമുക്കൊരിക്കലും അഭിമാനിക്കാൻ കഴിയുന്നവയല്ല. ശ്രീ. പിണറായി വിജയൻ കള്ളം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ അദ്ദേഹം ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. എന്റെ നിഗമനം, അദ്ദേഹമിപ്പോൾ നല്ല സ്വപ്നങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നുവെന്നതാണ്. അദ്ദേഹം കണ്ട നല്ലൊരു സ്വപ്നമാണ് ഈ രാഷ്ട്രീയ സംസ്കാരം. അദ്ദേഹം കണ്ട ഈ നല്ല സ്വപ്നം യാഥാർത്ഥ്യമാക്കാനാണ് ഈ സർക്കാർ പ്രവർത്തിക്കുന്നതെങ്കിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ പിന്തുണയുണ്ടാകും. പക്ഷെ, ഇന്നത്തെ സാഹചര്യം നമുക്ക് ഒട്ടും മെച്ചമല്ല. കഴിഞ്ഞ ഒരു വർഷക്കാലം എല്ലാ കാര്യത്തിലും നമുക്ക് നഷ്ടപ്പെട്ടുപോയ വർഷമല്ലേ? കിഫ്ബിയുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിതന്നെ അത് അംഗീകരിക്കുമെന്ന് എനിക്കറിയാം. എല്ലാ കാര്യത്തിലും നഷ്ടപ്പെട്ടുപോയ ഒരു വർഷമാണെണ് കഴിഞ്ഞുപോയതെന്ന് ചിന്തിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കഴിഞ്ഞ ഒരു വർഷം വലിയൊരു കുതിച്ചുചാട്ടത്തിന് അടിത്തറ പാകിയ വർഷമാണ്. ഒറ്റവർഷംകൊണ്ട് 50,000 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികളുടെ പ്രഖ്യാപനമാണ് നടത്തിയത്. അതിനായി ഒരു സ്ഥാപനമുണ്ടാക്കി മുഴുവൻ നടപടിക്രമങ്ങളും അംഗീകരിച്ചു; അതിനായി സോഫ്റ്റ്വെയറുണ്ടാക്കി; അതിനുള്ള ബോർഡുണ്ടാക്കി 15,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുകയാണ്. ഇത് നേട്ടമല്ലേ? ബാക്കിയുള്ളതിന് കാലതാമസമുണ്ടാകും. കാരണം വലിയ പ്രോജക്ടാകുമ്പോൾ ഇൻവെസ്റ്റിഗേഷൻ നടത്തണം. ഇൻവെസ്റ്റിഗേഷന് പണമില്ലെന്ന് ഇവിടെ ശ്രീ. പി. കെ. ബഷീർ പറയുകണ്ടായി. എസ്.ഡി.ജി.-യിൽ 100 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുറത്തുള്ള കൺസൾട്ടന്റുമാർക്ക് നിലവിൽ നൽകുന്നതിനെക്കാൾ ഒന്നോ രണ്ടോ ശതമാനം കുറച്ചാണ് വച്ചിരിക്കുന്നത്. കാരണം അത്ര വലിയ തുകയ്ക്കുള്ള പ്രോജക്ടുകളാണ്. അത് കിഫ്ബിയിൽ നിന്നല്ല. ബന്ധപ്പെട്ട എസ്.പി.വി.ക്ക് നൽകാൻവേണ്ടി ബഡ്ജറ്റിൽനിന്ന് 100 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. ഇതിനെക്കാൾ വേഗത്തിൽ പോകണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഇവിടെ എ.ഡി.ബി. പ്രോജക്ടിന്റെയും കെ.എസ്.യു.ഡി.പി. (The Kerala Sustainable Urban Development) പ്രോജക്ടിനെയും കുറിച്ച് പറഞ്ഞല്ലോ. രണ്ടുപേരും ഭരിച്ചിരുന്നപ്പോഴുള്ള കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്; വലിയ പ്രോജക്ടുകൾ എങ്ങനെ പോകുന്നുവെന്നുള്ളത്. പ്രോജക്ടിനുവേണ്ടി കൺസൾട്ടേഷൻസും ഡി.പി.ആർ.-ഉം തയ്യാറാക്കാൻ രണ്ടു മൂന്നുവർഷം കാലതാമസം വരുന്നു. 6,000 കോടി രൂപയുടെ ഇലക്ട്രിസിറ്റി ട്രാൻസ്മിഷൻ ഗ്രിഡിനുള്ള പ്രോജക്ട് ഒരു വർഷം

കൊണ്ട് അംഗീകരിച്ച് അതിന്റെ പണം കൈമാറാൻ പോകുകയാണ്. ഇതിൽ തൃപ്തനാണോയെന്ന് അങ്ങ് എന്നോട് ചോദിച്ചു, ഇത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞല്ലോ എന്നുള്ളതാണ്. ഈ ഒരു വർഷം വലിയൊരു ആത്മവിശ്വാസമാണ് നൽകുന്നത്. തുടങ്ങുമ്പോൾ ഒരു സ്വപ്നമായിരുന്നു, ഇങ്ങനെ ചെയ്യാൻ കഴിയുമോ എന്നുള്ളതായിരുന്നു. ഇന്ന് സ്വപ്നമല്ല, ഉറച്ച ആത്മ വിശ്വാസത്തിലാണ്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കെ.എസ്.എഫ്.ഇ.-യുടെ ഫണ്ടിൽ നിന്ന് എങ്ങനെയാണ് ഇതിലേയ്ക്ക് പണം വരികയെന്ന് ശ്രീ. പി. കെ. ബഷീർ പിന്നെയും ചോദിച്ചു. സെക്യൂരിറ്റി തുകയുടെ കാര്യം ശ്രീ. കെ. എം. മാണി പറഞ്ഞു, ഒരു മാസത്തെ സെക്യൂരിറ്റി തുകയുണ്ട്. നറുക്ക് വീണാലും ഒന്നര മാസം കഴിഞ്ഞിട്ടേ പണം നൽകേണ്ടി വരികയുള്ളൂ. ചുരുങ്ങിയത് പകുതി പേരെങ്കിലും, NRI-ക്കാരാണെങ്കിൽ പണം പിൻവലിക്കാതെ, അവിടെത്തന്നെ നിക്ഷേപിച്ച് അതിന്റെ പലിശകൊണ്ട് അടച്ചോളാമെന്നാണ് അവർ പറയാൻ പോകുന്നത്. നമ്മുടെ ഒരു വർഷത്തെ വരുമാനത്തിന്റെ മൂന്നിലൊന്ന് ഫ്ലോട്ടിംഗ് മണിയായി വെറും 4 ശതമാനം പലിശയ്ക്ക് ലഭിക്കുകയാണ്. ഇത് പൂർണ്ണമായിട്ടും ഉപയോഗിക്കുമെന്ന് ഞാൻ ഇന്ന് സഭയിൽ പറയുന്നു. അതിന്റെ സോഫ്റ്റ്‌വെയർ കംപ്ലീറ്റ് ചെയ്തശേഷം ട്രയൽ റൺ നടത്തേണ്ട കാര്യമേയുള്ളൂ. വിദേശത്തുനിന്ന് ഒരാൾ ഓൺലൈനായി പണം നിക്ഷേപിച്ചാൽ ആ നിമിഷം ബോണ്ട് കൺവർട്ടർ ഒരു ദിവസത്തെ കോൾ ഓപ്ഷൻ വച്ച് അതിനെ കിഫ്ബി ബോണ്ടിലേയ്ക്ക് മാറ്റും. എപ്പോൾ വേണമെങ്കിലും ആ പണം തനത് അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതാണ്. ഫ്രീ ഫ്ലോട്ട് ഇവിടെയുണ്ടാകും. ഇതൊക്കെ വളരെ ഇന്നവേറ്റീവായിട്ടുള്ള ഫൈനാൻഷ്യൽ രീതികളാണ്. ഇത് ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് തൃപ്തിയുണ്ട് എന്നുമാത്രമല്ല, 50,000 കോടി രൂപയുടേതിൽ ചിലതൊക്കെ നടപ്പാകില്ല. എങ്കിലും 40,000 കോടി രൂപയുടെ പദ്ധതികൾ ഒന്നോ രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ കേരളത്തിൽ യാഥാർത്ഥ്യമാകുമ്പോൾ ഈ നാട്ടിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് അഭിമാനവും സന്തോഷവും തൃപ്തിയുമുണ്ട്. പ്ലാൻ ഫണ്ടിന്റെ 29 ശതമാനം ഒരു മാസം കൊണ്ട് ചെലവായതിൽ എനിക്കും തൃപ്തിയുണ്ട്. അത് പുതിയ കാര്യമല്ല; അതിനെ ന്യായീകരിച്ച് നടക്കലല്ല ഞങ്ങളുടെ നിലപാട്. അതുകൊണ്ടാണ് ഈ വർഷത്തെ ബഡ്ജറ്റ് മാർച്ച് മാസത്തിൽത്തന്നെ വേണ്ടിവരുമെന്ന് തീരുമാനിച്ചത്. അഞ്ചിലൊന്ന് പ്രവൃത്തികൾക്കെങ്കിലും മുൻകൂട്ടി എ.എസ്. ഇല്ലാതെ ഏപ്രിൽ ഒന്ന് മുതൽ നടപ്പാക്കാൻ സാധിക്കുന്ന രീതിയിലാകണം. സാമ്പത്തിക വർഷത്തിന്റെ ഒന്നാം മാസത്തിൽതന്നെ പ്ലാൻ നടത്തിപ്പ് സംബന്ധിച്ച് റിവ്യൂ നടത്തിയ ഏത് കാലമുണ്ട്? ഇക്കാര്യത്തിൽ നമ്മൾ തമ്മിൽ വലിയ വ്യത്യാസമില്ല എന്നാണ് അങ്ങ് പറഞ്ഞത്. പക്ഷേ അത് മാറണമെന്ന് പറഞ്ഞതിനോട് യോജിപ്പാണ്. മാറാനുള്ള നടപടി സ്വീകരിക്കുകയാണ്.

ഒരു വർഷത്തിനുള്ളിൽ നമ്മുടെ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ വരുന്ന മാറ്റം കാണണം. അത് കിഫ്ബിയുടെ ഫണ്ടാകാം. ഈ ഇൻവെസ്റ്റ്മെന്റ് പാക്കേജ് യാഥാർത്ഥ്യമാകുകയാണെങ്കിൽ നമ്മുടെ ത്രിതല സെക്ടറിൽ ജീവിതശൈലീ രോഗങ്ങൾക്ക് മുഴുവൻ ചികിത്സാ സൗകര്യങ്ങളുണ്ടാകുകയാണ്. ഇന്ന് സാമാന്യ രോഗങ്ങൾക്ക് പി.എച്ച്.സി.യിലും മറ്റും ലഭിക്കുന്നതുപോലുള്ള ചികിത്സ പബ്ലിക് ഹെൽത്ത് സിസ്റ്റത്തിൽ ലഭിക്കുകയില്ല. അത് മുഴുവൻ ലഭ്യമാക്കാൻ പോകുകയാണ്. അത് കേരളത്തിനു മുന്നിൽ വലിയ സാദ്ധ്യത തുറക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇത് സ്വപ്നമാണോ? കമ്പ്യൂട്ടറിന്റേത് റോൾ ഔട്ട് തുടങ്ങിയല്ലോ. ഈ പറയുന്ന 40000 ക്ലാസ്സ് മുറികൾ ഈ ഓണത്തിന് മുമ്പ് വരുമോ; അതിലെന്താണ് ഒരു അമാന്തം? കാരണം മാസ്റ്റർ പ്ലാനുണ്ടാകണം. കെട്ടിടം പണിയാനുള്ള പ്ലാനല്ല. അക്കാദമിക് നിലവാരമുയർത്താൻ സ്കൂളിൽ എന്തുചെയ്യാമെന്ന് പി.ടി.എ.യും അദ്ധ്യാപകരും അടക്കം ഒരു പ്ലാനുണ്ടാക്കിയതിന്റെ ഫലമായിട്ടാണ് ഇത് വന്നത്. അത് നമുക്ക് വേണ്ടേ? ഇതുപോലെ ഓരോ മേഖലയിലും വേണം. ചില കാര്യങ്ങളിലൊക്കെ നിങ്ങൾ നൽകിയ ഊന്നൽ വലിയ തോതിൽ ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. അതിൽ ഭിന്നശേഷിക്കാർക്കുള്ളത്, ക്ഷേമപെൻഷനുകൾ, എല്ലാവർക്കും വീട് നൽകാനുള്ള 'ലൈഫ്' സ്കീം ഇതൊക്കെയുണ്ട്. ഞങ്ങൾ എന്തിനാണ് നാണിച്ച് നിൽക്കേണ്ടത്; ഒരു വർഷം തീർന്നില്ലെന്നതുകൊണ്ടാണോ? ഞങ്ങൾ അഞ്ചുവർഷം ഭരിക്കാനാണ് വന്നിരിക്കുന്നത്, അതിനുള്ള അടിത്തറ ഞങ്ങൾ ഈ വർഷമിട്ടു എന്നാണ് കേരളത്തോട് പറയുന്നത്. പെൻഷൻ 5,500 രൂപ എന്നുള്ളത് ഇനിയും വർദ്ധിപ്പിക്കും. അതുപോലെ വീട്, ആ വീട്ടിൽ വെളിച്ചം ഞങ്ങൾ നൽകിയിട്ടുണ്ട്, ഇനി വെള്ളവുംകൂടി നമുക്ക് നൽകാൻ സാധിക്കണം. ഇന്നിപ്പോൾ കൈത്തറിയെക്കുറിച്ച് ചർച്ച നടന്നല്ലോ. എന്താണ് ആ മേഖലയിൽ ചെയ്യാൻ ശ്രമിക്കുന്നത്? സർക്കാരിന് 100 രൂപ കൊണ്ട് തീർക്കാവുന്ന കാര്യം 300 രൂപ കൂടി അഡീഷണലായി കൈത്തറി തൊഴിലാളിക്ക് നൽകി 200 ദിവസത്തെ പണി നൽകുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. 60 കോടി രൂപയുടെ കയർ സ്റ്റോക്കുണ്ട്. അത് വിൽക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർത്തൊഴിലാളികളോട് പറയുന്നത്, നിങ്ങൾ കയർ പിരിച്ചോളൂ; 200 ദിവസത്തെ തൊഴിൽ നൽകാനാണ് ഞങ്ങൾ ശ്രമിക്കുന്നത് എന്നാണ്. കശുവണ്ടി മേഖലയിലും ഈ ബാദ്ധ്യത ഏറ്റെടുക്കുകയാണ്. ഇവിടത്തെ പാവപ്പെട്ടവർക്ക് പണി ചെയ്യുന്നതിനായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇന്ന് നമ്മുടെ വ്യവസായ മേഖലയിൽ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന രണ്ട് മേഖലകളാണ് കശുവണ്ടിയും ടെക്സ്റ്റൈൽസും. ഈ രണ്ടു മേഖലകളിലും അടിയന്തര ഇടപെടലുകളുണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയില്ല, ടെക്സ്റ്റൈലിനായി 50 കോടി രൂപ നൽകിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ടെക്സ്റ്റൈലിന് 51 കോടി രൂപ എന്ന് ബഡ്ജറ്റിലുണ്ട്? എന്തെങ്കിലും നക്കാപിച്ചാ നൽകി അതിനെ രക്ഷിക്കാൻ സാധിക്കുകയില്ല. അതിൽ പലതിലും ടെക്നോളജി മാറ്റേണ്ടതുണ്ട്. വില കുറഞ്ഞിരിക്കുമ്പോൾ പഞ്ഞി മേടിക്കണം എന്നുമാത്രമല്ല, പ്രൊഡക്ടിവിറ്റി വർദ്ധിക്കുകയും വേണം. എന്തുകൊണ്ടാണ് ഈ പണം ദീവാളി കുളിക്കാത്തതെന്ന് അറിയാമോ? ഒത്തുതീർപ്പുണ്ടാകണം; ഞങ്ങൾ ഈ മെഷീൻ ഇന്ന കാര്യം ചെയ്യുമ്പോൾ പ്രൊഡക്ടിവിറ്റി വർദ്ധിക്കുമെന്ന് തൊഴിലാളികളും ഏൽക്കണം; ഈ വർഷം നമ്മുടെ ടെക്സ്റ്റൈലുകൾ ടേൺ എറൗണ്ട് ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്റെ മണ്ഡലത്തിലുമുണ്ട്, അവിടെയും പ്രശ്നമുണ്ട്. പൊതുമേഖലയെന്ന് പറഞ്ഞ് വെറുതെ നൽകാനാകില്ല, ഒരു പാക്കേജുണ്ടാകണം; ഇത് ലാഭത്തിലാക്കാൻ വേണ്ടി തന്നെയാണ്. കശുവണ്ടിയുടെ കാര്യം അങ്ങ് പറഞ്ഞു. ഇന്ന് രാവിലെ ചർച്ച നടന്നതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കശുവണ്ടി ലഭിക്കുക എന്നുള്ളതാണ് പ്രധാനം. കാരണം സർക്കാർ വാങ്ങുമ്പോൾ അതിന്റേതായ ധാരാളം പരിമിതികളും പ്രശ്നങ്ങളുമെല്ലാം വരുന്നുണ്ട്. എന്നാൽ സ്വകാര്യ പങ്കാളിത്തവും കൂടിയുള്ള ഒരു കമ്പനിയായിക്കോട്ടെ, അർദ്ധ സിയാൽ മോഡലിലുള്ള ഒരു കമ്പനി, അതിലേയ്ക്ക് നമ്മൾ നീങ്ങുകയാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞതുപോലെ ഞങ്ങൾക്ക് മനഃപ്രയാസമില്ല. വളരെ അഭിമാനത്തോടുകൂടിയാണ് ഞങ്ങൾ ജനങ്ങളെ അഭിമുഖീകരിക്കുന്നത്. ചില പ്രശ്നങ്ങളൊക്കെയുണ്ട്. പക്ഷേ ചെയ്ത കാര്യങ്ങളെ കുറിച്ച് വളരെയധികം അഭിമാനമാണ് തോന്നുന്നത്. ശ്രീ. കെ. മുരളീധരൻ സഹകരണ ബാങ്കിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 1993-94-ൽ നിങ്ങളുടെ ഭരണകാലത്ത് നിയോഗിച്ച രഞ്ജിത് കമ്മിറ്റിയുടെ റിപ്പോർട്ട് എന്തായിരുന്നു? ടൂ ടയർ സിസ്റ്റമാക്കണമെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. ഏതാനും വർഷം മുമ്പുള്ള റിസർവ് ബാങ്കിന്റെ പഠനമനുസരിച്ച് കേരളം പോലെയുള്ള ചെറു സംസ്ഥാനത്ത് ടൂ ടയർ സിസ്റ്റം മതി, ത്രീ ടയർ സിസ്റ്റം വേണ്ട എന്നുള്ളതാണ്. അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ കേന്ദ്രസർക്കാരിന്റെ ടാസ്ക് ഫോഴ്സുകൾ കേരളം പോലുള്ള ചെറുസംസ്ഥാനങ്ങളിൽ ത്രീ ടയർ വേണ്ട, ടൂ ടയർ സിസ്റ്റം വേണമെന്നല്ലേ പറയുന്നത്. ഇവിടെ ചെയ്യാൻ ശ്രമിക്കുന്നതെന്താണ്? രണ്ട് തട്ട് സഹകരണ പ്രസ്ഥാനങ്ങളുണ്ടാക്കലാണ്. ആ രണ്ട് തട്ടാകുമ്പോഴേക്കും മുകളിലത്തെ തട്ടിന്റെ വലിപ്പം വളരെ കൂടുതലാകുകയും എൻ.ആർ.ഐ. ഡെപ്പോസിറ്റ് എടുക്കാൻ കഴിയുകയും ചെയ്യും. ഇന്ന് എൻ.ആർ.ഐ. ഡെപ്പോസിറ്റിനുള്ള അവകാശമില്ല. അതടക്കമുള്ള അവകാശങ്ങൾ വന്നുകഴിഞ്ഞാൽ വിഭവസമാഹരണ കഴിവിൽ എത്ര വലിയ മാറ്റമാണ് വരുന്നത്! പ്രാഥമിക സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് ഇത്തരത്തിലുള്ള കവചം കൂടിയേ തീരൂ. ഇതാണ് നോട്ട് നിരോധന കാലത്തെ

അനുഭവത്തിൽ നിന്ന് ഞാൻ പഠിച്ച പാഠം. അത്തരത്തിലുള്ള പുതിയ സാങ്കേതിക വിദ്യകൾ, ഡിജിറ്റൽ വിദ്യകൾ തുടങ്ങിയ സേവനങ്ങളൊക്കെ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ ലഭ്യമാക്കണമെങ്കിൽ ഇങ്ങനെയുള്ള ഒരു ബാങ്ക് വേണം. ഇതിന്റെ എക്സസ്/സർപ്ലസ് ഫണ്ട് വന്നാൽ എന്ത് ചെയ്യണം? കേരളത്തിനകത്ത് കൂടുതൽ വായ്പ നൽകാൻ കഴിയും. അതുമല്ലെങ്കിൽ കിഫ്ബിയിൽ വേണമോയെന്നുള്ളത് അന്ന് തീരുമാനിക്കേണ്ട കാര്യമാണ്, അത് നമ്മൾ ഇന്നേ ചർച്ച ചെയ്യേണ്ട കാര്യമല്ല. കിഫ്ബി കണ്ടിട്ടൊന്നുമല്ല, തികച്ചും സ്വതന്ത്രമായി തന്നെയാണ് ഇക്കാര്യങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഒരു സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കാൻ എങ്ങനെ കഴിയുമെന്ന് ജെ & കെ ബാങ്കിന്റെ കാര്യം പരിശോധിച്ചാൽ മതി. കാശ്മീരിൽ ഏത് സ്ഥലത്ത് പോയാലും ചെറിയ ക്യൂബിക്കുകൾപോലെ ജെ & കെ ബാങ്കിന്റെ ബ്രാഞ്ച് കാണാൻ കഴിയും. സർക്കാരിന്റെ വികസന ഡിപ്പാർട്ടുമെന്റിനേക്കാൾ വലിയ പ്രാധാന്യം ആ ബാങ്കിനുണ്ട്. അവിടത്തെ വികസന നയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും ആ ബാങ്ക് പങ്ക് വഹിക്കുകയാണ്. നമ്മുടെ സഹകരണ മേഖലയെ ഇത്തരത്തിൽ പരിഷ്കരിച്ചാൽ സാദ്ധ്യതകൾ വർദ്ധിച്ചുവരും. സർക്കാരുകൾ മാറിമാറി വരും. നമ്മൾ അത് ചെറിയ ദൃഷ്ടികൊണ്ട് നോക്കണ്ട. അത് എങ്ങനെ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്നുള്ള കാര്യത്തെക്കുറിച്ച് ഇനിയും വിശദമായി ചർച്ച ചെയ്യുന്നതിന് സന്ദർഭമുണ്ടാകും. ജി.എസ്.ടി.യെക്കുറിച്ച് ഇന്നലെ വിശദമായി പറഞ്ഞുകഴിഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏത് കമ്പനിക്കാണ് നൽകുന്നതെന്നത് സംബന്ധിച്ച് ചോദ്യമുണ്ടായി. കമ്പനി തീരുമാനിച്ചിട്ടില്ല, ടെണ്ടർ ക്ഷണിക്കണം. ഇന്ന് 300 രൂപ മതിപ്പടിസ്ഥാനത്തിൽ നീങ്ങുന്നു. പ്രീമിയം വർദ്ധിക്കുകയാണെങ്കിൽ സർക്കാരിന്റെ കോൺട്രിബ്യൂഷൻ ആവശ്യമാണോ ജീവനക്കാരിൽ നിന്ന് ഈടാക്കണമോ തുടങ്ങിയ കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാം. ടെണ്ടർ ക്ഷണിക്കാതെ ആരോഗ്യ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതല്ല. കൃഷിക്കാരോട് അവഗണനയാണെന്ന് ശ്രീ. കെ. എം. മാണി പറഞ്ഞു. മാണി സാറിന് കൃഷിക്കാരോട് പ്രതിബദ്ധതയുണ്ടെന്നുള്ള കാര്യത്തിൽ ഞങ്ങൾ തർക്കിക്കുന്നില്ല, ഇല്ലെന്നും വാദിക്കുന്നില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് 35 ശതമാനമാണ് പദ്ധതി അടങ്കലിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇത് ചെറിയ കാര്യമാണോ? അതാണ് ഞങ്ങളുടെ മുൻഗണന. ഇന്ന് അംഗീകരിക്കാൻ പോകുന്ന ധനവിനിയോഗ ബില്ലിൽ വലിയൊരു പരിഗണനയുണ്ട്. അദ്ദേഹം റബ്ബർ കൃഷിക്കാരെക്കുറിച്ച് പറഞ്ഞു. എന്തെങ്കിലും കുടിശ്ശിക ബാക്കിയുണ്ടെങ്കിൽ നൽകുന്നതിന് ഒരു തടസ്സവുമില്ല. അഞ്ച് വർഷം ഭരിച്ചിട്ട് അവസാന വർഷമല്ലേ നിങ്ങൾക്ക് വിലസ്ഥിരതാ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞത്? അതിന് മുമ്പുള്ള നാല് വർഷവും റബ്ബർ കൃഷിക്കാർ

ഭയങ്കര സുഖത്തിലായിരുന്നോ? ഇവിടെ നടന്ന ചർച്ച വിലയിരുത്തണം. മാർക്കറ്റ് വിലയേക്കാൾ ഒരു രൂപ കൂടുതൽ നൽകി ഞങ്ങൾ സംഭരിക്കും എന്നല്ലേ ഒന്നാം വർഷം പറഞ്ഞത്. ആ വിലയിൽനിന്ന് മാറി ഇന്നത്തെ സംഭരണ വിലയിലേക്ക് വരാൻ നാല് വർഷം വേണ്ടിവന്നില്ലേ? നല്ല കാര്യമാണ്, അതുകൊണ്ടാണ് ഞങ്ങൾ തുടരുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഏറ്റവും ഗുരുതരമായ, പ്രതിസന്ധിയുണ്ടായ ഘട്ടത്തിലാണ് വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് വരുന്നത്. അതിനുമുമ്പ് രണ്ട് വർഷവും റബ്ബർ പ്രതിസന്ധി വന്നപ്പോൾ എൽ.ഡി.എഫ്. സർക്കാർ നേരത്തേ ചെയ്തിട്ടുള്ളത് പോലെ റബ്ബർ സംഭരണത്തിന് തയ്യാറായി. റബ്ബർ സംഭരണം പരാജയപ്പെട്ടപ്പോൾ പരിഹാരം എന്താണെന്നുള്ളത് എല്ലാവരുംകൂടി ആലോചിച്ചിട്ടാണ് ഈ പദ്ധതിയിലേക്ക് വന്നത്. അതിന് രൂപം നൽകിയശേഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആ വർഷംതന്നെ നടപ്പിലാക്കാനുള്ള നടപടിയെടുക്കുകയും ചെയ്തു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ നാല് വർഷംകൊണ്ട് നിങ്ങൾ സംഭരണത്തിനും മറ്റുള്ളവയ്ക്കുമായി റബ്ബർ കൃഷിക്കാർക്കുവേണ്ടി 50 കോടിയിലധികം രൂപ ചെലവാക്കിയിട്ടില്ല. അഞ്ചാമത്തെ വർഷം 350 കോടി രൂപ നൽകിയിട്ടുണ്ടെന്നുള്ളത് സമ്മതിച്ചു. ബാക്കി നാല് വർഷം കൂടി 50 കോടി രൂപ ചെലവാക്കിയിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. എഫ്. തോമസ്: സർ, റബ്ബറിന് 65-70 രൂപ വരെ സബ്സിഡിയാണ് ഞങ്ങൾ നൽകിയത്. ഇന്ന് നൽകാൻ തയ്യാറുണ്ടോ? ഇന്നുള്ള അടിസ്ഥാന വില 200 രൂപയായി വർദ്ധിപ്പിക്കുകയാണെങ്കിൽ കർഷക സ്നേഹമുണ്ടെന്ന് പറയാം. അങ്ങനെ ചെയ്യാൻ തയ്യാറാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയും പറയാം, എനിക്ക് ഇങ്ങനെയും പറയാം. നിങ്ങൾ 350 കോടി രൂപ നീക്കിവച്ചതിൽ 150 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് നൽകിയത്. ഞങ്ങൾ ഈ വർഷം 500 കോടി രൂപയാണ് നൽകിയിട്ടുള്ളത്, ആ വ്യത്യാസമുണ്ട്. ഒരു കിലോ റബ്ബറിന് എത്ര രൂപ വച്ച് നൽകുന്ന എന്നുള്ളത് കണക്കുകൂട്ടി നിങ്ങൾക്ക് പറയാം. ഞാൻ പറയുന്നത്, നിങ്ങളുടെ അവസാന ഒരു വർഷക്കാലത്ത് ചെലവാക്കിയിട്ടുള്ളത് 250 കോടി രൂപയിൽ താഴെയാണെന്നാണ്. 350 കോടി രൂപയുടെ ബാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയതാണ്. അതാണ് നിങ്ങൾ ചെലവാക്കിയത്. 500 കോടി രൂപയാണ് 2016-17 കാലഘട്ടത്തിൽ ചെലവാക്കിയിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ്: സർ, കൊയ്ത്തുകഴിഞ്ഞ് നെല്ല് സംഭരിച്ച് പി.ആർ.എസ്.-ന് നൽകിക്കഴിഞ്ഞാൽ പത്ത് ദിവസത്തിനകം വില നൽകുമെന്നാണ് ഈ സർക്കാരിന്റെ രണ്ട് മന്ത്രിമാർ പ്രഖ്യാപിച്ചത്. രണ്ട് മാസത്തെ കുടിശ്ശികയായ നെല്ലിന്റെ വില എന്ന് നൽകുമെന്ന് അങ്ങേയ്ക്ക് ഇപ്പോൾ പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബാങ്കുകളോട് ഇത് ചർച്ച ചെയ്യണ്ടേ; പി.ആർ.എസ്. നൽകിക്കഴിഞ്ഞാൽ ഓട്ടോമാറ്റിക്കായി അതിന്റെ പലിശ സർക്കാർ നൽകും. പലിശയുടെ റേറ്റ് തുടങ്ങിയ കാര്യങ്ങൾ സഹകരണ ബാങ്കുകളുമായി ചർച്ച ചെയ്ത് ധാരണയിൽ എത്തണ്ടേ? തത്വത്തിൽ ഇത് എടുത്തിരിക്കുന്നു; ചർച്ച ചെയ്തിരിക്കുന്നു; അടുത്ത സീസണിൽ പൂർണ്ണമായും ഇങ്ങനെ തന്നെയായിരിക്കും. നെല്ല് എടുത്തതിന്റെ വില, പത്ത് ദിവസം വേണ്ട, ഒരാഴ്ചയ്ക്കുള്ളിൽ നൽകും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് അടുത്ത സീസണിലെ കാര്യമാണ് പറയുന്നത്. ഈ സീസണിൽ പണം കിട്ടാത്ത കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും ആളുകളുടെ പ്രശ്നം എന്താണ്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ സീസണിലും, എല്ലാ സീസണിലും കേന്ദ്ര സർക്കാരിൽനിന്നും പണം ലഭിക്കുമ്പോഴാണ് അവർക്ക് കൊടുക്കുന്നത്. എപ്പോഴും ബാലൻസ് അവിടെയുണ്ടാകും. കേന്ദ്ര സർക്കാരിൽ നിന്ന് 238 കോടി രൂപ ലഭിക്കാനുണ്ടെന്ന കാര്യം ഇന്ന് രാവിലെ മന്ത്രി പറഞ്ഞിരുന്നു. ആ തുക ലഭിക്കാൻ വൈകുകയാണെങ്കിൽ ആ കാലതാമസം എങ്ങനെ ഒഴിവാക്കിത്തീർക്കാൻ പറ്റുമെന്നതിനെ സംബന്ധിച്ച് പരിശോധിക്കാനായി നാളെ ഞങ്ങൾ യോഗം ചേരുന്നുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, നെല്ലിന്റെ വില നൽകാൻ സമയം വൈകുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് ആദ്യമായിട്ടുണ്ടായ കാര്യമല്ല. ഇപ്പോൾ ഏപ്രിൽ മാസത്തെ തുകയാണ് കുടിശ്ശികയായിട്ടുള്ളത്. ഇരുന്നൂറ്റി ചില്വാനം രൂപ കൊടുക്കാനുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് വിഹിതം ലഭിക്കുന്നതനുസരിച്ചാണ് ആ തുക നൽകുന്നത്. ഞാൻ നെൽകൃഷി മേഖലയിൽനിന്നും വരുന്ന എം.എൽ.എ. ആണ്. മൂന്ന്-നാല് മാസത്തെ കുടിശ്ശിക ഇവിടെ ഉണ്ടായിരുന്നുവെന്ന ചരിത്രം മറന്നുപോകരുത്. അതിനുള്ള ശാശ്വത പരിഹാരത്തിനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ചേർന്ന് തീരുമാനമെടുത്തിരിക്കുന്നത്. അടുത്ത സീസൺ മുതലെങ്കിലും നെല്ലിന്റെ വില കൃഷിക്കാർക്ക് അപ്പോൾത്തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരാവുന്ന രീതിയിലുള്ള ട്രൈപാർട്ടി എഗ്രിമെന്റ് വയ്ക്കാൻ

സർക്കാർ തീരുമാനിച്ചത് ആദ്യമായിട്ടാണ്. നാളെ അതിന്റെ അന്തിമ തീരുമാനമെടുക്കാൻ പോകുകയാണ്. ഒരിക്കലും വരാത്തതിനേക്കാൾ നല്ലത് വൈകി വരിക എന്നുള്ളതാണ്. ഇതിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ കേന്ദ്രത്തിൽനിന്ന് മാർച്ച് 27 വരെയുള്ള നെല്ലിന്റെ വില ലഭിച്ചത് വിതരണം ചെയ്തുകഴിഞ്ഞു. സംസ്ഥാന സർക്കാർ ഏപ്രിൽ 23 വരെ നൽകാനുള്ളതും നൽകിക്കഴിഞ്ഞു. കഴിഞ്ഞ മാസം സംഭരിച്ച നെല്ലിന്റെ വിലയായ 216 കോടി രൂപയാണ് ഇനി നൽകാനുള്ളത്. കഴിഞ്ഞ സർക്കാർ സംഭരിച്ച നെല്ലിന്റെ വിലയിൽ 400 കോടിയിലധികം രൂപ ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷമാണ് നൽകിയത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞ മൂന്ന് കാര്യങ്ങൾക്കുകൂടി മറുപടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, ഫീസ് സംബന്ധിച്ച അടിയന്തര പ്രമേയം ഇവിടെ ഉണ്ടായിരുന്നു. അങ്ങ് അടിയന്തര പ്രമേയത്തിന് ഉന്നയിച്ച വാദങ്ങൾ തന്നെയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി വിശദമായി അതിനുള്ള മറുപടിയും നൽകിക്കഴിഞ്ഞു. രണ്ട്, അങ്ങ് വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് ചോദിച്ചു. സി.&എ.ജി. റിപ്പോർട്ട് വന്നിട്ടുണ്ട്. ഞങ്ങൾ അക്കാലത്ത് നടത്തിയ വിമർശനങ്ങളൊക്കെ ശരിയാണെന്നാണ് ഇതിൽ പറയുന്നത്. പക്ഷെ, അതുകൊണ്ട് പദ്ധതി ഉപേക്ഷിക്കാനൊന്നും പോകുന്നില്ല. ഈ വിമർശനം പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞുകൊണ്ടിരുന്നത് ഈ പദ്ധതിയെ തുരങ്കം വയ്ക്കാൻവേണ്ടി എന്തോ പറയുന്നുവെന്നല്ലേ? സി. &എ.ജി. due diligence ഇല്ലാതെ കരാറുണ്ടാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന് നഷ്ടം വന്നുവെന്ന് വളരെ കൃത്യമായി എണ്ണിയെണ്ണി പറയുന്നുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കരാറും നിങ്ങൾ ക്ഷണിച്ച ടെണ്ടറും തമ്മിൽ താരതമ്യം ചെയ്തു നോക്കണം. Long term-ൽ സ്റ്റേറ്റിനാണ് ഇതിന്റെ നേട്ടമുണ്ടാകാൻ പോകുന്നത്. അവർ ഇപ്പോഴത്തെ ചില കാര്യങ്ങൾ വച്ചാണ് നോക്കുന്നത്. അതിന് ശരിയായ മറുപടി നൽകുന്നതിൽ വീഴ്ച വന്നുകാണും. അല്ലെങ്കിൽ അവരെ പൂർണ്ണമായും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. നിങ്ങൾ ആ കാലത്തെ എഗ്രിമെന്റും ഇന്നത്തെ എഗ്രിമെന്റും തമ്മിൽ താരതമ്യപ്പെടുത്തി നോക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്തായാലും അതിന് രേഖയുണ്ട്. നിങ്ങളെല്ലാവരും അത് വായിക്കുക. അത് വായിച്ചിട്ട് ആ കരാറുണ്ടാക്കുന്നതിൽ due diligence വന്നിട്ടുണ്ടോയെന്ന് നിങ്ങൾ തീരുമാനിക്കുക. ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ ഇങ്ങനെയൊരു പ്രശ്നമുണ്ടെങ്കിലും കുളച്ചൽ പദ്ധതി വരുമെന്നുള്ളതു

കൊണ്ട് ഇത് വച്ചുതാമസിപ്പിക്കാൻ പാടില്ല, മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലഘട്ടത്തിലെടുത്ത തീരുമാനങ്ങളിന്മേലുള്ള പരിശോധനയുടെ അവസാന ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഉപസമിതിയുടെ റിപ്പോർട്ടിന്റെ കോപ്പി ഒരു ചോദ്യത്തിന് ഉത്തരമായി ലഭിച്ചുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു; പക്ഷേ എല്ലാം പറഞ്ഞില്ല. ഏറ്റവും വിവാദമുണ്ടാക്കിയ കാര്യം എന്തായിരുന്നു? പട്ടികജാതിക്കാർക്ക് കോളേജ് അനുവദിച്ചതിനെക്കുറിച്ചാണോ കേരളത്തിൽ വിവാദമുണ്ടായത്; നിങ്ങളുടെ ഭരണത്തിന്റെ അവസാന നാളുകളിൽ നടന്ന ഭൂമി ഇടപാടുകളെക്കുറിച്ചാണ് വിവാദമുണ്ടായത്. വിവാദം വന്നപ്പോൾ നിങ്ങൾക്കുപോലും അത് പിൻവലിക്കേണ്ടി വന്നില്ലേ? അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഓരോ വകുപ്പും അത് പരിശോധന നടത്തി തീരുമാനമെടുക്കുമ്പോൾ പറയുകതന്നെ ചെയ്യും. അതിന് ഒരു സംശയവും വേണ്ട.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഓരോ കാര്യത്തിലും ക്യാബിനറ്റ് കൂടി തീരുമാനമെടുത്തതിന്റെ കോപ്പിയാണ് ഞങ്ങൾക്ക് തന്നിട്ടുള്ളത്. അതിൽ ഈ പറഞ്ഞ വിവാദങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പി.ആർ.ഡി.എസ്. (പ്രത്യക്ഷ രക്ഷാ ദൈവ സഭ)-ന്റെ കോളേജിന് കഴിഞ്ഞ സർക്കാർ സാങ്ഷൻ ചെയ്ത ഒരു കോടി രൂപ ക്യാൻസൽ ചെയ്യണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഒരു കോടി രൂപയുംകൂടി അവർക്ക് അർഹതയുണ്ട്, അത് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു എന്നാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇനിയും പല കാര്യങ്ങളിലും വിശദമായ പരിശോധന ആവശ്യമാണ്. അതിന്റെ പ്രോസസ് നടക്കുകയാണ്. അതുകഴിഞ്ഞാൽ ഏറ്റവും അടുത്ത ദിവസങ്ങളിൽ തന്നെ ക്യാബിനറ്റ് തീരുമാനമെടുക്കുന്നതാണ്. പി.ആർ.ഡി.എസ്.-ന് കോളേജ് അനുവദിച്ചതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണെന്നുള്ള രീതിയിൽ വളരെ നിരുത്തരവാദപരമായിട്ടാണ് അങ്ങ് പറഞ്ഞത്. കേരളത്തെ ഇളക്കിമറിച്ച വിവാദങ്ങൾ ഇതല്ലായിരുന്നു. മെത്രാൻ കായൽ പതിച്ചുകൊടുത്തതടക്കമുള്ള ഭൂമിയുടെ പ്രശ്നങ്ങളായിരുന്നു. ഇതുപോലെയുള്ള ഭൂമി ഇടപാടുകളെക്കുറിച്ചൊക്കെ ഒന്നുകൂടി ഞങ്ങൾ പരിശോധിക്കുന്നുണ്ട്. പക്ഷേ ചെയ്ത ചില കാര്യങ്ങൾ നമുക്ക് തിരുത്താൻ കഴിയില്ല. അതുകൊണ്ട് ഇതെല്ലാം പരിശോധന നടത്തി ക്യാബിനറ്റ് എത്രയും പെട്ടെന്ന് തീരുമാനമെടുക്കും. 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ :പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16 ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. എ. പ്രദീപ്കുമാർ
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ

61. ശ്രീ. എ. എൻ. ഷംസീർ

62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. വി. ആർ. സുനിൽ കുമാർ

65. ശ്രീ. വി. എസ്. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. ഒ. രാജഗോപാൽ
26. ശ്രീ. രമേശ് ചെന്നിത്തല

27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. വി. എസ്. ശിവകുമാർ
34. ശ്രീ. സണ്ണി ജോസഫ്
35. ശ്രീ. സി. എഫ്. തോമസ്
36. ശ്രീ. പി. ടി. തോമസ്
37. ശ്രീ. എം. ഉമ്മർ
38. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ബില്ലിന് സമയനിഷ്ഠ പറയുന്നത് ശരിയല്ലെങ്കിലും ചുരുക്കി സംസാരിച്ച് എല്ലാവരും മാതൃക കാണിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. 1951-ൽ മദ്രാസ് നിയമസഭയാണ് ഈ നിയമത്തിന്റെ മൂലനിയമം പാസ്സാക്കിയത്. മൂലനിയമത്തിന് ഇതുവരെ 9 ഭേദഗതികൾ വന്നിട്ടുണ്ട്. അതിൽ രണ്ടെണ്ണം മദ്രാസ് നിയമസഭയും ശേഷിക്കുന്നവ കേരള നിയമസഭയുമാണ് പരിഗണിച്ചത്. ഇപ്പോഴുള്ളത് പത്താമത്തെ ഭേദഗതിയാണ്. 1872-ലും 1927-ലും മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ അന്നത്തെ മദ്രാസ് നിയമസഭ നിയമനിർമ്മാണം നടത്തിയിരുന്നു. 1949-ൽ ഭേദഗതി കൊണ്ടുവന്നു. അതിനുശേഷം 1951-ൽ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ്സ് നിയമം പാസ്സാക്കി. 1971-ലെ പ്രൈവറ്റ് ഫോറസ്റ്റ് അസൈൻമെന്റ് നിയമം നിലവിൽ വന്നതോടുകൂടി മലബാറിലെ ക്ഷേത്രങ്ങളുടെ ഭൂമിയെല്ലാം സർക്കാരിൽ നിക്ഷിപ്തമായി. ഭൂമി നിക്ഷിപ്തമാക്കിയതോടുകൂടി മലബാറിലെ ക്ഷേത്രങ്ങളുടെ നിത്യനിദാന ചെലവുകൾക്കുള്ള വരുമാനം ഇല്ലാതാകുകയും ക്ഷേത്ര ജീവനക്കാരുടെ ജീവിതം പരിതാപകരമായി മാറുകയും ചെയ്തു. ഇതുസംബന്ധിച്ച ഒരു പത്രവാർത്ത 21-7-1994-ൽ റിട്ടായി പരിഗണിച്ച് ക്ഷേത്രജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുക, അതിനുള്ള പദ്ധതികൾ തയ്യാറാക്കുക, ആന്വിറ്റി ആനുപാതികമായി പരിഷ്കരിക്കുക, മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുക, മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നീ മൂന്ന് ദേവസ്വങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ ഒരു ഏകീകൃത നിയമം കൊണ്ടുവരിക എന്നീ നിർദ്ദേശങ്ങൾ ഹൈക്കോടതി വയ്ക്കുകയുണ്ടായി. 2001-ൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (ഭേദഗതി) ബിൽ കൊണ്ടുവന്ന് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്തുവെങ്കിലും പ്രസ്തുത നിയമസഭയുടെ കാലയളവിൽ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. 2006-2011 കാലയളവിൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് മലബാർ ദേവസ്വം ബോർഡ് പ്രാവർത്തികമാക്കുന്നതിനുള്ള നിയമം പാസ്സാക്കാൻ കഴിഞ്ഞത്. ഹൈക്കോടതി വിധിക്കുശേഷം ഈ നിയമം പാസ്സാക്കാൻ 14 വർഷമെടുത്തു.

<u>ശ്രീ. സി. കെ. നാണു:</u> സർ, മലബാർ ദേവസ്വത്തിനെ സംബന്ധിച്ച് ഒരു ഓർഡിനൻസ് വന്നിരുന്നു. ആ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 5 കൊല്ലം ഭരിച്ച യു.ഡി.എഫ്. സർക്കാർ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാത്തത് എന്തുകൊണ്ടാണ്? എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മലബാർ ദേവസ്വത്തിന് ഓർഡിനൻസുണ്ടായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗത്തോട് അടിസ്ഥാന പരമായ ചോദ്യമാണ് ചോദിക്കാനുള്ളത്. ഇത് പഴയ മദ്രാസ് നിയമസഭയിൽ പാസ്സാക്കിയ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലാണ്. മദ്രാസ് സംസ്ഥാനം പോയി കേരളം രൂപം കൊണ്ടിട്ട് 60 കൊല്ലമായി. എല്ലാ നിയമങ്ങളും ക്രോഡീകരിച്ചു. അന്ന് 'മദ്രാസ്' എന്ന പേരിലുണ്ടായിരുന്ന നിയമങ്ങൾ അതുപോലെതന്നെ തിരുവിതാംകൂറിലും തിരു-കൊച്ചിയിലുമുണ്ടായിരുന്നു. നിയമങ്ങൾ 'കേരള' എന്ന പേരിൽ നമ്മുടെ സംസ്ഥാനത്തിന്റെ നിയമങ്ങളാക്കി മാറ്റിയിട്ടും ഈയൊരു നിയമത്തിന്റെ പേരിൽ മാറ്റം വരുത്താത്തത് ഒരു അനൗചിത്യമായി തോന്നുന്നില്ലേ?

ശ്രീ. അടൂർ പ്രകാശ്: സർ, മലബാർ ദേവസ്വം ബോർഡ്, ബഹുമാനപ്പെട്ട നാണുവേട്ടൻ ചോദിച്ച ഒരു ചോദ്യം...(ബഹളം).....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റേത് അടിസ്ഥാനപരമായ ചോദ്യമാണ്..... (മൈക്ക് ഓഫ്)........

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം ചോദിച്ചതിന് മറുപടി പറയണ്ടേ; ഞാൻ തുടങ്ങിയതല്ലേയുള്ളൂ. 2001 മുതൽ 2006 വരെയുള്ള കാലയളവിൽ യു.ഡി.എഫ്. സർക്കാരാണ് ഭരിച്ചിരുന്നത്. അങ്ങ് അത് തെറ്റിദ്ധരിച്ചാണ് പറഞ്ഞതെന്ന് തോന്നുന്നു.

ശ്രീ. സി. കെ. നാണു: സർ, തെറ്റിദ്ധരിച്ചതല്ല. എൽ.ഡി.എഫ്. സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നു. ........(മൈക്ക് ഓഫ്)..........

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഓർഡിനൻസ് കൊണ്ടുവന്നുവെങ്കിലും അത് പാസ്സാക്കാൻ കഴിഞ്ഞില്ല. കാരണം പല അവസരങ്ങളിലും അത് മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ ഏകദേശം 1400-ഓളം ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുണ്ട്. ഈ ക്ഷേത്രങ്ങളുടെ ധാരാളം ഭൂമി മുമ്പ് അന്യാധീനപ്പെട്ടുപോയിട്ടുണ്ട്. ഏകദേശം 25,000 ഏക്കർ ഭൂമി അന്യാധീന പെട്ടതായിട്ടാണ് കണക്കുകൾ പറയുന്നത്. 2008-ലെ നിയമപ്രകാരം 1957-ലെ ലാൻഡ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നെങ്കിലും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. ഇതിനുമുമ്പ് ഈ സഭ പരിഗണിച്ച ഭേദഗതികളെല്ലാം നിയമം കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയുള്ളതാണെങ്കിൽ ഈ ഭേദഗതി നിയമം ഒരു ഓർഡിനൻസിൽക്കൂടി കൊണ്ടുവന്നത് നിലവിലുണ്ടായിരുന്ന ഏരിയാ കമ്മിറ്റികളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭൂമി ഏറ്റെടുക്കുന്ന സമയത്ത് അന്നൊരു എഗ്രിമെന്റുണ്ടായിരുന്നു. ആ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി നൽകണമെന്നാണ്. ദേവസ്വത്തിന്റെ ഭൂമിയാണ് ഏറ്റെടുക്കുന്നതെങ്കിലും അതൊരു സോഷ്യൽ കമ്മിറ്റ്മെന്റ് എന്ന നിലയിൽ പബ്ലിക് പർപ്പസിനുവേണ്ടി ഏറ്റെടുത്താലും റോയൽറ്റി നൽകണമെന്നുള്ള അനുബന്ധം അതിനകത്തുണ്ട്. ഈയിനത്തിൽ ഒരു റോയൽറ്റിയും ആർക്കും നൽകില്ലെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

മി. സ്പീക്കർ: ഇനി അങ്ങ് വല്ലാതെ ഉദാരമനസ്കനാകേണ്ട.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ അങ്ങേയ്ക്കുംകൂടി വേണ്ടിയാണ് പറയുന്നത്. അങ്ങ് മലബാർ പ്രദേശത്തിനുവേണ്ടി നിൽക്കുന്ന ആളല്ലേ. അതിനെ എതിർക്കാൻ പാടില്ല. അവിടെ കുറേ പാവങ്ങളുണ്ട്; അവർക്കൊന്നും ലഭിക്കുന്നില്ല, അതുകൊണ്ടാണ് അങ്ങേയ്ക്ക് പറയാൻ കഴിയുന്നില്ലെങ്കിലും ഞാൻ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് വഴങ്ങിക്കൊടുത്തുകൊണ്ട് ഉദാരമനസ്കനാകേണ്ട. ഇന്നത്തെ പരിപാടിയിൽ മ്യൂസിയം സന്ദർശനമൊക്കെയുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, എന്നാലും ഇത് പാസ്സാക്കാതെ മ്യൂസിയം സന്ദർശനത്തിന് പോകുമോ? അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു; ഞാൻ വേഗം അവസാനിപ്പിക്കാം. രണ്ടുവർഷം മാത്രമാണ് ഒരു ഏരിയാ കമ്മിറ്റിയുടെ കാലാവധി. കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രം അവശേഷിക്കുന്ന ഏരിയാ കമ്മിറ്റികൾ ധൃതിപിടിച്ച് ഇല്ലായ്മ ചെയ്തത് ഈ സർക്കാരിന്റെ മനോഭാവത്തെ തുറന്ന് കാണിക്കുന്നതാണ്. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒന്നിനെയും വച്ചുപൊറുപ്പിക്കില്ലെന്ന ധാർഷ്ട്യം എല്ലാ കാര്യത്തിലും ഇവിടെ പ്രകടമാണ്. ഈ സഭ ആദ്യമായി പാസ്സാക്കിയ നിയമം ഒരു വ്യക്തിക്ക് പ്രത്യേക പദവി നൽകാൻ വേണ്ടിയാണ്. അദ്ദേഹത്തിൽ നിന്നുണ്ടാകുന്ന നിരന്തരമായ ശല്യം ഒഴിവാക്കുന്നതിന് വേണ്ടിയായിരുന്നു ആ നിയമം ഇവിടെ പാസ്സാക്കിയത്. അങ്ങനെ ഈ സർക്കാരിന്റെ തുടക്കംതന്നെ പിഴച്ചിരിക്കുകയാണ്. ശല്യം ഇപ്പോൾ പഴയതിനേക്കാൾ തീവ്രമായി തുടരുകയാണ്. ഇതുതന്നെയാണ് എല്ലാ കാര്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. എവിടെ തൊട്ടാലും പിഴച്ചുപോകുന്ന ഒരു അവസ്ഥയിലേയ്ക്ക് ഈ സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനുമുമ്പ് ഈ നിയമത്തിൽ കേരള നിയമസഭ കൊണ്ടുവന്ന ഭേദഗതികൾ എന്തിനായിരുന്നുവെന്ന് പരിശോധിക്കുമ്പോൾ മാത്രമേ ഇപ്പോഴത്തെ ഭേദഗതിയുടെ അർത്ഥശൂന്യത മനസ്സിലാകുകയുള്ളൂ. 1963-ൽ ഭേദഗതി കോണ്ടുവന്നത് ദേവസ്വങ്ങളുടെ ട്രസ്റ്റികളെ ദേശീയ പ്രതിരോധ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് പ്രാപ്തരാക്കുന്ന മൂലനിയമത്തിൽ പ്രൊവിഷൻ ചേർക്കുന്നതിനുവേണ്ടിയായിരുന്നു. 1963 മാർച്ച് 30-ന് അന്നത്തെ പൊതുജനാരോഗ്യ

വകുപ്പുമന്ത്രി ശ്രീ. എം. പി. ഗോവിന്ദൻ നായരാണ് ആ ബിൽ ഈ സഭയിൽ അവതരിപ്പിച്ചത്. ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചത് 1963 ഡിസംബർ 7-നാണ്. 1967-ൽ ഇ.എം.എസ്-ന്റെ കാലഘട്ടത്തിൽ വീണ്ടും ഈ നിയമത്തിന് ഭേദഗതി കൊണ്ടുവന്നിരുന്നു. മുൻ ദേവസ്വം കമ്മീഷണർമാർ വനമേഖലയിൽ പാട്ടത്തിന് നൽകിയിരുന്ന ദേവസ്വം വനഭൂമിയുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിന് വേണ്ടിയായിരുന്നു. 1967 ജൂലൈ മാസം 19-ന് അന്നത്തെ ജലസേചനവും സഹകരണവും വകുപ്പുമന്ത്രിയായിരുന്ന പി. ആർ. കുറുപ്പാണ് ഈ സഭയിൽ അത് അവതരിപ്പിച്ചത്. അതുപോലെ ഗവർണ്ണറുടെ അനുമതി ലഭിച്ചത് 1967 ജൂലൈ 31-നാണ്. 1968-ൽ കൊണ്ടുവന്ന ഭേദഗതി, 1963-ലെ ഒരു കോടതിവിധിമൂലമുണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു. 1981-ൽ കൊണ്ടുവന്ന ഭേദഗതി, 1951-ലെ 'The Madras Hindu Religious and Endowments Act'-ഉം 1950-ലെ 'The Travancore-Cochin Hindu Religious Institutions Act'-ഉം തൃപ്രയാർ ശ്രീരാമക്ഷേത്രത്തിന് ബാധകമാക്കുന്നതിലുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനായിരുന്നു. അതുപോലെ 2008-ൽ, ഇതിനുമുമ്പുള്ള സി.പി.ഐ(എം) ഭരണകാലത്ത് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനും ഇവിടത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുമുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിനായിരുന്നു ഇവിടെ ബിൽ അവതരിപ്പിച്ചത്. 2013-ൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള നിയമപ്രശ്നം കാരണം അത് ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു അന്നെടുത്ത തീരുമാനം. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഏരിയാ കമ്മിറ്റിയെ ഗളഹസ്തം ചെയ്യുന്നതിനുവേണ്ടിയാണ്. ഏഴംഗങ്ങളാണ് ഏരിയാ കമ്മിറ്റിയിലുള്ളത്. അംഗങ്ങളുടെ സംഖ്യ ഏഴായിത്തന്നെ നിലനിർത്തിക്കൊണ്ട്, അവർ ഏതൊക്കെ വിഭാഗങ്ങളിൽ നിന്നായിരിക്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് നിലവിലുള്ള ഏരിയാ കമ്മിറ്റിയെ ഇല്ലായ്മ ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടിമാത്രം കൊണ്ടുവന്ന ഒരു ഭേദഗതി ബില്ലാണ്. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ അത് വ്യക്തമായി പറയുന്നുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മാത്രമല്ല എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ കണ്ടുവച്ചിരിക്കുന്ന ആളുകളെ മലബാർ ദേവസ്വത്തിലേയ്ക്ക് തിരുകിക്കയറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായിട്ടാണ് ഇന്ന് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ......'For the smooth functioning of the Area Committee as well as the Board the Government have decided to amend sub-section (1) of section 13 of the said Act by incorporating a provision regarding the appointment of members of the Area Committee from the respective fields and also decided to incorporate a special provision relating to the existing members of the Area Committees and non- hereditary trustees.' എന്നാണ് ഉദ്ദേശ്യകാര്യങ്ങളിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഉദ്ദേശ്യകാര്യങ്ങളിൽ ഇതാണ് പറയുന്നതെങ്കിൽ ഈ ബില്ലിന്റെ പേരും മാറ്റേണ്ടിവരും. ദേവസ്വം പിടിച്ചെടുക്കൽ നിയമമെന്ന് ഇത് മാറ്റേണ്ടതല്ലേ?

ശ്രീ. അടൂർ പ്രകാശ്: സർ, അതുകൊണ്ടാണ് ഈ ബില്ലിന് ഒരു പ്രത്യേക ലക്ഷ്യബോധമുണ്ടെന്ന് ഞാൻ ആദ്യമേ പറഞ്ഞത്. ആ പ്രത്യേക ലക്ഷ്യബോധമെന്ന് പറയുന്നത് ചില ആളുകളെ ഇതിൽ തിരുകിക്കയറ്റി ഇഷ്ടക്കാരെ കൊണ്ടുവന്ന് ഇത് പിടിച്ചെടുക്കുകയാണ്; അതാണ് ഇപ്പോൾ സഹകരണ ബാങ്കും മറ്റും പിരിച്ച് വിട്ടുകൊണ്ട് നടത്തിയ ഏർപ്പാട്. ഈ രണ്ട് വകുപ്പും കൈകാര്യം ചെയ്യുന്നതുകൊണ്ട് ശാസ്ത്രീയമായി ഗവേഷണം നടത്തി ഏത് തരത്തിൽ ഇത് കൈകാര്യം ചെയ്യണമെന്ന് അങ്ങേയ്ക്ക് നന്നായി അറിയാം.

മി. സ്പീക്കർ: അങ്ങ് വിയോജിപ്പ് ഭംഗിയായി അവതരിപ്പിച്ച് കഴിഞ്ഞു. പ്ലീസ്... അങ്ങ് എടുത്ത സമയമായിരിക്കും ഇനി ബാക്കിയുള്ളവരെല്ലാം പ്രതീക്ഷിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ അടുത്ത സുഹൃത്തായതുകൊണ്ട് പറയുകയാണ്; അതുപോലെ Special Provision relating to existing Committee എന്ന് വിവക്ഷിക്കുന്ന ഓർഡിനൻസ് നിലവിൽ വന്ന 3-2-2017 മുതൽ ഏരിയാ കമ്മിറ്റിയിലെ നിലവിലുള്ള ചെയർമാനും അംഗങ്ങളും അവരുടെ സ്ഥാനത്തുനിന്നും ഒഴിവാക്കപ്പെടുമെന്നതാണ്. ഈ ഭേദഗതി ബില്ലിന്റെ അവസാന ഭാഗത്ത് 13-ാം വകുപ്പിന്റെ extract നൽകിയിരിക്കുന്നു. 2008-ലെ ഭേദഗതിയുടെ ഭാഗമായി ഭേദഗതി ചെയ്യപ്പെട്ട 13 (1)-ന്റെ extract ആണ് നൽകിയിട്ടുള്ളത്. 2013-ൽ ഈ വകുപ്പ് ഭേദഗതി ചെയ്ത് ഏരിയാ കമ്മിറ്റിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഏഴംഗങ്ങളെന്ന് മാറ്റി എഴുതി. അതുപോലും ശ്രദ്ധിക്കാതെയാണ് 2008-ലെ ഭേദഗതി extract ബില്ലിൽ നൽകിയത്. തെറ്റ് മനസ്സിലാക്കി ഒരു ശുദ്ധിപത്രം പിന്നീട് നൽകുകയുണ്ടായി. അങ്ങ് നിയമനിർമ്മാണത്തെ എത്ര ലാഘവത്തോടെയാണ് കാണുന്നതെന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണിത്. ഓർഡിനൻസ് എന്നത് വളരെ അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട ഒന്നാണ്. 1986-ലെ D.C. Wadhwa കേസിലും 2017-ലെ ഒരു കേസിലും സുപ്രീംകോടതി ഇക്കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ കൊണ്ടുവരുന്ന ഓർഡിനൻസൊക്കെ എന്തിനുവേണ്ടിയാണെന്ന് പരിശോധിച്ചാൽ തങ്ങൾക്ക് താൽപ്പര്യമില്ലാത്തതും തങ്ങളുടെ വരുതിയിൽ നിൽക്കാത്തതുമായ ശ്രീ. ടി. പി. സെൻകുമാറിനെ പോലെയുള്ളവരെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയാണെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് സഭയുടെ മുൻപിലുള്ള സഹകരണ ഭേദഗതി

ഓർഡിനൻസിന്റെ കാര്യം നേരത്തെതന്നെ സൂചിപ്പിച്ചതാണ്. അതിൽ പതിനാല് ജില്ലാ ബാങ്കുകളുടെ ഭരണസമിതിയെ ഓരോന്നായി ഇപ്പോൾ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. സഹകരണ ബാങ്കുകളെല്ലാം പിരിച്ചുവിട്ടു. അതുപോലെ ദേവസ്വത്തിന്റെ ചെയർമാൻ ഉൾപ്പെടെയുള്ളവരെ പിരിച്ചുവിടുകയാണ്.

മി. സ്പീക്കർ: അത് നമ്മുടെ ബില്ലുമായി ബന്ധമില്ലാത്തതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഉദാഹരണം പറയാതിരിക്കാൻ സാധിക്കുമോ; ഒരു ബില്ലല്ലേ? 14 ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ പിരിച്ചുവിടുന്നതിനുവേണ്ടി ഘടനയിൽ മാറ്റം വരുത്തി.

ശ്രീ. ഇ. പി. ജയരാജൻ: സർ, 14 ജില്ലാ സഹകരണ ബാങ്കുകളിൽ 13-ലും നിങ്ങൾ എന്തടിസ്ഥാനത്തിലാണ് ജയിച്ചുവന്നത്? നമ്മളെല്ലാം യോജിച്ചുകൊണ്ട് അംഗീകരിച്ച കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സിന്റെ തീരുമാനത്തിനനുസരിച്ച് നിയമനിർമ്മാണം നടത്തി. ആ നിയമനിർമ്മാണത്തെ നിങ്ങൾ പൊളിച്ചു. കടലാസ് അംഗങ്ങൾക്ക് മുഴുവൻ അംഗത്വം നൽകി. നിങ്ങൾ ബലം പ്രയോഗിച്ച് പിടിച്ചതല്ലേ; നിങ്ങൾ എന്തടിസ്ഥാനത്തിലാണ് ന്യായീകരിക്കുന്നത്; അത് ഇവിടെ വരുത്താനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജനെപ്പോലെയുള്ള ഒരാൾ ഇത് എങ്ങനെ പിടിച്ചെടുക്കണമെന്നതിനെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കേണ്ട കാര്യമുണ്ടോ? അങ്ങ് ഇതെല്ലാം ചെയ്ത് ഞങ്ങൾക്ക് മാതൃക കാണിക്കുന്ന ഒരാളാണെന്ന നിലയിൽ, ഇക്കാര്യത്തിൽ അങ്ങ് ഞങ്ങളുടെ റോൾ മോഡലാണെന്നുള്ളതിൽ ഒരു സംശയവുമില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, മസിൽ പവർ ഉപയോഗിച്ച് 13 ബാങ്കുകൾ നിങ്ങൾ പിടിച്ചടക്കി. അത് ഈ ബില്ലിൽ കൊണ്ടുവരണമെന്നാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ 13 ബാങ്കുകൾ ഞങ്ങളുടെ കൈവശം തന്നുവെന്ന് ഉദാരമനസ്കതയോടുകൂടിയാണ് പറയുന്നത്. ജനാധിപത്യ വ്യവസ്ഥിതിയിലുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈ 13 ബാങ്കുകളുടെയും ഭരണാധികാരം യു.ഡി.എഫ്.ന്റെ കൈകളിൽ വന്നത്. ഒരു ജില്ല മാത്രമാണ് എൽ.ഡി.എഫ്.ന്റെ കൈവശമുണ്ടായിരുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജനാധിപത്യ വ്യവസ്ഥിതി അനുസരിച്ചാണ് 13 ബാങ്കിലും വന്നതെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ?

മി.സ്പീക്കർ: ബാങ്കിന്റെ കാര്യങ്ങളിലേയ്ക്ക് പിന്നീട് വരാം. അങ്ങ് പറഞ്ഞതുപോലെ ക്ഷേത്രങ്ങളിലെ പാവപ്പെട്ട ജീവനക്കാരെക്കുറിച്ച് പറയൂ.

ശ്രീ. അടൂർ പ്രകാശ്: സർ, അത് പറയാൻ സമ്മതിക്കുന്നില്ലല്ലോ; ഇവിടെ മാതൃക കാണിച്ചുതരുന്ന ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ ജില്ലാ ബാങ്കുകൾ എങ്ങനെ പിരിച്ചുവിട്ടു എന്നതിനെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കുമ്പോൾ അതിന് മറുപടി പറയണ്ടേ? ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ, ഞങ്ങൾ ജനാധിപത്യ വ്യവസ്ഥിതിയിൽത്തന്നെയാണ് കടന്നുവന്നത്. നിങ്ങളത് പിരിച്ചുവിട്ടു; പിരിച്ചുവിട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സഹകരണ ബാങ്കുകൾ നിങ്ങളുടെ കസ്റ്റഡിയിലായി; അവിടെയാണ് ഞങ്ങൾക്കുള്ള അഭിപ്രായഭിന്നത. അതുപോലെയാണ് ദേവസ്വത്തിന്റെ കാര്യത്തിലും; ഇവരെ പിരിച്ചുവിട്ട് അതിനുപകരമായി ചില സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടാണ് പോകുന്നത്. ബഹുമാനപ്പെട്ട ചെയർ എന്നെ നിയന്ത്രിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ വേഗം അവസാനിപ്പിക്കാം. അതിൽ 13 എണ്ണം യു.ഡി.എഫ്.-ന്റെ നിയന്ത്രണത്തിലുള്ള ബാങ്കുകളായിരുന്നു. ഒരു ഓർഡിനൻസിലൂടെ അതെല്ലാം ഇല്ലാതാക്കി. അതേരീതിയിൽത്തന്നെയാണ് ഏരിയാ കമ്മിറ്റികളെയും ഇല്ലാതാക്കാൻ സ്വീകരിച്ചിട്ടുള്ള സമീപനം. മൂലനിയമത്തിന്റെ 12, 1 (ബി) പ്രകാരം ഏരിയാ കമ്മിറ്റികൾ പിരിച്ചുവിടുന്നതിനുമുൻപ് അവർക്ക് ന്യായമായ കാരണം കാണിക്കൽ നോട്ടീസ് നൽകണമെന്നുണ്ട്. ഇക്കാര്യത്തിൽ ആ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, അവസാനിപ്പിക്കുകയാണ്. ഈ സർക്കാരിന് രാഷ്ട്രീയ അന്ധത ബാധിച്ചിരിക്കുന്നു. ഇന്നലത്തെ മലയാള മനോരമ ദിനപ്പത്രത്തിൽ ഒരു റിപ്പോർട്ട് കാണുകയുണ്ടായി. സർക്കാർ ആശുപത്രികളെ സംബന്ധിച്ചുള്ളതാണ് ആ വാർത്ത. നേത്രരോഗ വിഭാഗത്തിന്റെ പ്രവർത്തനം പ്രാഥമിക കണ്ണ് പരിശോധനയില്ലാത്തതിനാൽ അവതാളത്തിലായെന്നും 50 ഒപ്റ്റോമെട്രിസ്റ്റ്സ് വേണ്ടിടത്ത് 9 പേർ മാത്രമാണ് ജോലി ചെയ്യുന്നതെന്നുമാണ് വാർത്ത. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഈ തസ്തിക സൃഷ്ടിക്കുന്നതിനുള്ള തീരുമാനം ഏതോ ഫയലിൽ ഉറങ്ങുന്നുവെന്നാണ് മലയാള മനോരമ ദിനപ്പത്രത്തിൽ വന്നത്. സർക്കാരിന് അന്ധത ബാധിച്ചിരിക്കുമ്പോൾ ഇവിടത്തെ സാധാരണക്കാരന്റെ ജീവിതം എങ്ങനെ നേരെയാക്കാൻ കഴിയും? ഈ ബിൽ ഇവിടെ പാസ്സാക്കുന്നതോടുകൂടി ഇന്ന് ഇവിടെയുണ്ടായിരുന്ന ജനാധിപത്യ വ്യവസ്ഥിതികൾ എല്ലാം തകിടംമറിച്ചുകൊണ്ട് മുന്നോട്ട് പോകുന്നൊരു അവസ്ഥ നിലനിൽക്കും. ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ സുരേഷ് കുറുപ്പ്]

<u>ശ്രീ. എം. ഉമ്മർ</u>: സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. കാസർഗോഡ് മുതൽ പാലക്കാട് ജില്ലയുൾപ്പെടെ 26 താലൂക്കുകളിലെയും ഫോർട്ട് കൊച്ചിയിലെ രണ്ട് ക്ഷേത്രങ്ങളുമടക്കം ആകെ 1339 ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വത്തിന് കീഴിലുള്ളത്. ഇതിൽ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങൾ, അതായത് സാമാന്യം വരുമാനമുള്ള ക്ഷേത്രങ്ങൾ ആകെ 15 എണ്ണവും 'എ' ഗ്രേഡ് ക്ഷേത്രങ്ങൾ 150 എണ്ണവും 'ബി' ഗ്രേഡ് ക്ഷേത്രങ്ങൾ 500 എണ്ണവും 'സി' ഗ്രേഡിലും 'ഡി' ഗ്രേഡിലും ഉൾപ്പെട്ട 700 എണ്ണവുമാണ്. ഇതിൽ ആറായിരത്തോളം ജീവനക്കാരാണ് ഇപ്പോഴുള്ളത്. ഇതിൽ കാടാമ്പുഴ, പിഷാരിക്കാവ്, മമ്മിയൂർ, തിരുമാന്ധാംകുന്ന്, പിരളശ്ശേരി എന്നീ അഞ്ച് ക്ഷേത്രങ്ങളാണ് സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന തരത്തിൽ വരുമാനമുള്ളവ. ബാക്കിയുള്ള ക്ഷേത്രങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്, പ്രത്യേകിച്ച് അവിടത്തെ ജീവനക്കാരുടെ സ്ഥിതി. ഇതിന്റെ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് ശ്രീ. അടൂർ പ്രകാശ് പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇവിടെ പേരുമാറ്റവുമായി ബന്ധപ്പെട്ട് വിശാലമായ ഒരു ബിൽ അവതരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി സൂചിപ്പിച്ചപ്പോൾ ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് വേഗത്തിലാകണമെങ്കിൽ മദർ ആക്ടിൽ ഭേദഗതി ചെയ്യുകയാണ് നല്ലതെന്നും അല്ലെങ്കിൽ പിന്നെയും കാലതാമസം വരുമെന്നും ശ്രീ. ജി. സുധാകരൻ പറഞ്ഞു. ഇങ്ങനെ താൽക്കാലികമായ ഒരു സംഗതി നടത്തുകയെന്നല്ലാതെ മലബാറിലെ ക്ഷേത്രങ്ങളുടെയും ക്ഷേത്രജീവനക്കാരുടെയും അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഒരു സമഗ്രമായ ബിൽ അനിവാര്യമാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചത് പോലെയുള്ള ഭേദഗതികൾകൊണ്ട് ഇതിന്റെ കാതലായ ഒരു പ്രശ്നം നിലനിൽക്കും. പഴയ മദ്രാസ് നിയമസഭ പാസ്സാക്കിയ നിയമത്തിനുപകരം സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിന് മലബാറിലെ ക്ഷേത്രങ്ങളെ ഉടമസ്ഥാവകാശം കണക്കാക്കാതെ ഒരു ഏകീകൃത യൂണിറ്റാക്കി, ഒരു സെപ്പറേറ്റ് എന്റിറ്റിയുള്ള ബോർഡാക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. തിരു-കൊച്ചിയിലെ ദേവസ്വങ്ങൾക്ക് ഭരണഘടനാപരമായ പരിരക്ഷ ലഭിക്കുന്നുണ്ട്; അത് വളരെ പ്രധാനമാണ്. എന്നാൽ മദിരാശിയിൽനിന്നും കേരളത്തിലേയ്ക്ക് വന്നുചേർന്ന മലബാർ ഭാഗത്തുള്ള ക്ഷേത്രങ്ങൾക്ക് ഇങ്ങനെയൊരു പരിരക്ഷ ലഭിക്കുന്നില്ല. മലബാറിലെ ക്ഷേത്രങ്ങളുടെ ശോച്യാവസ്ഥയുടെ പ്രധാന കാരണം ഇതുതന്നെയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 290 (A) പ്രകാരം ഇത് വളരെ കൃത്യമാണ്. 'A sum of forty-six lakhs and fifty thousand rupees shall be charged on, and paid out of, the

Consolidated Fund of the State of Kerala every year to the Travancore Devaswom Fund; and a sum of thirteen lakhs and fifty thousand rupees shall be charged on, and paid out of, the Consolidated Fund of the State of Tamil Nadu every year to the Devaswom Fund established in that State for the maintenance of Hindu temples and shrines in the territories transferred to that State on the 1st day of November, 1956, from the State of Travancore-Cochin'. തിരുവിതാംകൂർ ഭാഗത്തുണ്ടായിരുന്ന ക്ഷേത്രങ്ങൾക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഇത്ര രൂപ നൽകണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിളിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതേസമയം തിരു-കൊച്ചിയുടെ ഭാഗമായി ഇവിടെയുണ്ടായിരുന്ന ക്ഷേത്രങ്ങൾ തമിഴ്നാട്ടിലേയ്ക്ക് ചേർന്നപ്പോൾ അവിടെയുള്ള ക്ഷേത്രങ്ങൾക്ക് തമിഴ്നാട് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കൃത്യമായി ഇത്ര രൂപ നൽകണമെന്ന് 1954-ൽ ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളതുകൊണ്ട് തിരുവിതാംകൂർ ഭാഗത്തും കൊച്ചി ഭാഗത്തുമുള്ള ദേവസ്വങ്ങൾക്ക് ഭരണഘടനാപരമായ പരിരക്ഷ ലഭിക്കുകയും മലബാർ ഭാഗത്ത് നിന്നും തികച്ചും വ്യത്യസ്തമായി അടിസ്ഥാന സൗകര്യങ്ങളും ക്ഷേത്ര ജീവനക്കാരുടെ സൗകര്യങ്ങളും ലഭിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ളത് നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇപ്പോൾ കേരളപ്പിറവിയുടെ അറുപതുവർഷം ആഘോഷിക്കുകയാണ്. ഈ അവസരത്തിൽ തിരു-കൊച്ചി ഭാഗത്തുള്ള ക്ഷേത്രങ്ങൾക്കും അവിടത്തെ ജീവനക്കാർക്കും എല്ലാവിധ സൗകര്യങ്ങളും ലഭിക്കുകയും മദിരാശിയിൽനിന്നും കേരളത്തിലേയ്ക്കുവന്ന ആതിഥേയർ എന്നോ മുഹാജിറുകൾ എന്നോ പറയപ്പെടാവുന്ന ഇങ്ങോട്ട് കൂട്ടിച്ചേർക്കപ്പെട്ട ക്ഷേത്രങ്ങൾക്ക് മലബാർ ഭാഗത്ത് ഇപ്പോഴും അവഗണന തുടരുകയുമാണ്. ഇത് എത്രകാലം തുടരും? അതാണ് ഇവിടെയുള്ള അടിസ്ഥാനപരമായ പ്രശ്നം. ഭരണാഘടനാപരമായ പരിരക്ഷ ലഭിക്കുന്നില്ലെന്ന് മാത്രമല്ല, സ്റ്റേറ്റിന്റെ ഫണ്ടിൽനിന്നും കൃത്യമായി അവിടത്തെ ക്ഷേത്രങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്നോട്ടുവരികയും വേണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അടൂർ പ്രകാശ് പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 13-ാം വകുപ്പിൽ ഏഴ് പ്രാദേശിക കമ്മിറ്റി അംഗങ്ങളെ താൽക്കാലികമായി പിരിച്ചുവിടുന്നതിനുമാത്രമായി ഒരു ഭേദഗതി കൊണ്ടുവരുന്നതല്ലാതെ വേറെ ഒരു ഉപകാരവുമില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതായാലും ഒരു ബിൽ കൊണ്ടുവരികയാണ്. ഒരു ബില്ലിന്റെ പ്രോസസ് നടക്കുമ്പോൾ സഭയുടെ നിർണ്ണായകമായ സമയവും പണവും ചെലവാകുകയാണ്. അങ്ങനെയുണ്ടാകുമ്പോൾ അടിസ്ഥാനപരമായ ഇവിടത്തെ ജീവനക്കാരുടെയും ക്ഷേത്രത്തിന്റെയും ക്ഷേമത്തിനുവേണ്ടി രണ്ടോ മൂന്നോ ക്ലോസ് കൂട്ടിച്ചേർക്കുന്ന ഭേദഗതിയായിരുന്നുവെങ്കിൽ ഇതുകൊണ്ട് ഫലമുണ്ടാകുമായിരുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ സഹകരണസംഘം പിടിച്ചെടുക്കുന്നതുപോലെ ഒരു പിടിച്ചെടുക്കൽ

മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രി രണ്ടാമത്തെ ബില്ലാണ് കൊണ്ടുവരുന്നത്. രണ്ട് ബില്ലിലും അടിസ്ഥാനപരമായി ദേവസ്വത്തിനോ ക്ഷേത്രജീവനക്കാർക്കോ ഹൈന്ദവ ആചാരങ്ങൾ സംരക്ഷിക്കുന്നതിനോ യാതൊന്നുമില്ല. രാഷ്ട്രീയ ദുഷ്ടലാക്ക് എന്നുതന്നെ പറയാം. ഇത് വളരെ നിർഭാഗ്യകരമാണ്, അത് ഒട്ടും ശരിയായില്ല. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരാൻ സാധിക്കുമായിരുന്നുവെങ്കിൽ സമഗ്രമായിട്ടല്ലെങ്കിൽപ്പോലും അത്യാവശ്യം വേണ്ട കാര്യങ്ങൾ ഉൾപ്പെടുത്താമായിരുന്നു. എന്നെക്കാളും നന്നായി കാര്യങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ആളാണ് ബഹുമാനപ്പെട്ട മന്ത്രി. അവിടത്തെ ക്ഷേത്രങ്ങളോടും ക്ഷേത്രജീവനക്കാരോടും കരുണയുണ്ടായിരുന്നെങ്കിൽ ചെയ്യേണ്ടിയിരുന്നത് അതായിരുന്നു. ക്ഷേത്രജീവനക്കാരുടെ കഥ നമ്മൾ പറഞ്ഞറിയിക്കേണ്ടതില്ല. എം.ടി.യുടെ 'നിർമ്മാല്യം' നമുക്കറിയാം. നിർമ്മാല്യം പുറത്തിറങ്ങിയിട്ട് 44 വർഷം പിന്നിട്ടിരിക്കുകയാണ്. ഞാൻ അതിന്റെ കഥയിലേയ്ക്കൊന്നും കടക്കുന്നില്ല. മലബാർ ഭാഗത്തുള്ള ക്ഷേത്രജീവനക്കാരുടെ കഷ്ടതയിലേയ്ക്ക് വെളിച്ചമേകുന്ന പച്ചയായ യാഥാർത്ഥ്യങ്ങൾ കൊണ്ടുവരുന്ന ഒരു ചലച്ചിത്രമായിരുന്നു എം.ടി.-യുടെ നിർമ്മാല്യം. സത്യത്തിൽ ആ കാര്യത്തിൽ ഇപ്പോഴും ഒരു മാറ്റവും വന്നിട്ടില്ല. ജീവനക്കാരുടെ സാമ്പത്തികമായ സൗകര്യങ്ങൾക്കും അടിസ്ഥാനപരമായ കാര്യങ്ങൾക്കും ഒരു മാറ്റവും ഇപ്പോഴും ഉണ്ടായിട്ടില്ല. മലബാർ മേഖലയിൽ ഇപ്പോഴും ജീവനക്കാർക്ക് പൂർണ്ണമായും ശമ്പളം നൽകാൻ കഴിയാത്ത എത്ര ക്ഷേത്രങ്ങളുണ്ട്; സർക്കാരിന്റെ പക്കൽ അതിന്റെ കണക്കുകളുണ്ട്. 15-3-2017-ന് ശ്രീ. ഒ. രാജഗോപാൽ ചോദിച്ച 4007-ാം നമ്പർ ചോദ്യത്തിന്, ഓരോ ദേവസ്വം ബോർഡിൽനിന്നും ലഭിക്കുന്ന വരുമാനം എത്രയാണെന്നുള്ളതിന് മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള എല്ലാ ദേവസ്വം ബോർഡുകളുടെയും വരുമാനം കൃത്യമായി നൽകിയിട്ടുണ്ട്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ വരുമാനം നൽകിയിട്ടില്ല. കാരണം മലബാർ ദേവസ്വം ബോർഡിൽ ഒരു കേന്ദ്രീകൃത സംവിധാനമില്ലാത്തതിനാൽ അതിന്റെ കണക്കുകൾപോലും ലഭ്യമല്ല. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദേവസ്വത്തിന്റെ കണക്കുകൾ കൃത്യമായി നൽകിയപ്പോൾ മലബാർ ദേവസ്വത്തിന്റെ കണക്കുകൾ നൽകാൻ കഴിയാത്തത് ഇങ്ങനെ വ്യവസ്ഥാപിതമായ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു ദേവസ്വം ഇല്ലാത്തതുകൊണ്ടാണ്. അതുപോലെ ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാരസ്ഥാനികൾക്കും കോലാധാരികൾക്കും നൽകിവരുന്ന സാമ്പത്തിക സഹായം യഥാക്രമം പ്രതിമാസം 800 രൂപയും 700 രൂപയുമാണ്. ഈ വർത്തമാനകാല ഘട്ടത്തിൽ 800 രൂപയും 700 രൂപയുംകൊണ്ട് എങ്ങനെയാണ് ജീവിക്കാൻ കഴിയുന്നത്? ചില ദേവസ്വങ്ങളിൽ പണം കുന്നുകൂടിക്കിടക്കുമ്പോൾ വേറെ ചിലയിടങ്ങളിൽ കൊടിയ ദാരിദ്ര്യമാണ്. അത് നമ്മൾ കാണാതെ പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ദേവസ്വത്തിന്റെ ഇന്ന ബില്ലിൽ ഭേദഗതി വരുന്നുണ്ടെന്ന് പറയുമ്പോൾ അവിടത്തെ ജീവനക്കാർ കാതോർത്തിരിക്കുകയാണ്;

സ്വാഭാവികമായും അവിടത്തെ ജീവനക്കാരും ബന്ധപ്പെട്ട ആളുകളും. നിങ്ങൾ ഇതിന്റെ സബ്ജക്ട് കമ്മിറ്റിയിൽ അംഗമാണ്, കാര്യങ്ങൾ സംസാരിക്കണമെന്ന് കൃത്യമായി പറഞ്ഞതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. ഇത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ? നിയമം പാസ്സാക്കാതെ ഇവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അതുപോലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വടക്കൻ ഭാഗത്തെ ക്ഷേത്രങ്ങൾക്ക് ആശ്വാസ ധനസഹായ പദ്ധതിയുടെ ഭാഗമായി നൽകിവരുന്ന തുകയിൽ വർദ്ധനവില്ല. ഇതുമായി ബന്ധപ്പെട്ട് 26-2-2016-ൽ മലബാർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 1524 ആചാരസ്ഥാനികൾ, 142 കോലാധാരികൾ ഉൾപ്പെടെ 1666 പേർ ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്. ഇവർക്ക് എന്നത്തേയ്ക്ക് ആനുകൂല്യം നൽകാൻ കഴിയുമെന്ന് പറയാൻ സാധിക്കുമോ? ഇങ്ങനെയുള്ള അടിസ്ഥാനപരമായ ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അതുപോലെ മലബാറിലെ ക്ഷേത്രങ്ങളിൽ അന്യാധീനപ്പെട്ട ഭൂമിയുണ്ട്. ഉടമസ്ഥാവകാശ തർക്കത്തിൽ ഉൾപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങളിലും ക്ഷേത്രങ്ങൾക്ക് ചുറ്റുമുള്ള പുറമ്പോക്ക് ഭൂമിയിലും മലബാർ ദേവസ്വം ബോർഡ് ആക്ടിലെ സെക്ഷൻ 57 പ്രകാരം എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന ചോദ്യത്തിന്, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടേതായി 24693 ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ രേഖയിൽ സൂചിപ്പിക്കുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 490 ഏക്കർ ഭൂമി അന്യാധീനപ്പെട്ടു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ 11.94 ഹെക്ടർ ഭൂമിയും കൂടൽമാണിക്യത്തിന്റെ 18.32 ഏക്കർ ഭൂമിയും അന്യാധീനപ്പെട്ടു. ഇത്തരത്തിൽ അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മലബാർ ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി കെ.എൽ.സി. യൂണിറ്റ് ആരംഭിക്കാൻ ശ്രമിച്ചിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണെന്നുള്ളത് ഈ സർക്കാർ വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ, 10 മിനിട്ടാണ് പൊതുധാരണ.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ബില്ലിൽ ഒതുങ്ങി നിന്ന് വളരെ ചുരുക്കുകയാണ്. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ദേവസ്വങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകണമെന്ന ഒരു നിർദ്ദേശമുണ്ടായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലുൾപ്പെട്ട നിലയ്ക്കലിൽ തെലങ്കാന ഭവൻ

നിർമ്മിക്കുന്നതിനായി 2.5 ഏക്കർ ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡ് തെലങ്കാന സർക്കാരിന് പാട്ടത്തിന് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അത് നൽകിയിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അതിന്റെ ഉടമസ്ഥാവകാശം തെലങ്കാന സർക്കാരിന് നൽകിയിട്ടുണ്ടോ; ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക്, പ്രത്യേകിച്ച് തെലങ്കാനയിലേയ്ക്ക് പോകുന്ന ഭക്തർക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഭദ്രാചലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഭൂമി നൽകാമെന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. അത് നൽകിയിട്ടുണ്ടോ? അതുപോലെ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ഭക്തർക്ക് താമസിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിനെ സംബന്ധിച്ചും കർണ്ണാടക, തമിഴ്നാട് എന്നിവടങ്ങളിൽ നിന്നും വരുന്ന ഭക്തരുടെ സൗകര്യാർത്ഥം നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും സർക്കാർ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ചുമതലയിൽ മാത്രം 334 കുളങ്ങളുണ്ട്. ഇവിടെ പരമാവധി കുളങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ചെലവഴിക്കാവുന്നത് 20 ലക്ഷം രൂപ മാത്രമാണ്. എന്റെ മണ്ഡലത്തിലെ തൃക്കലങ്ങോട് ക്ഷേത്രത്തിൽ ഒരു കുളമുണ്ട്. രണ്ടേക്കറോളം വരുന്ന വളരെ വിശാലമായ സ്ഥലത്താണ് ആ കുളം. അത് സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി അഞ്ചോ പത്തോ ലക്ഷം രൂപ ചെലവാക്കാൻ കഴിയുമോയെന്ന് നാട്ടുകാരും ജനപ്രതിനിധികളും ആലോചിച്ചപ്പോൾ അതിന് തുക മതിയാകാതെ വരികയാണ്. കുളത്തിന്റെ വലിപ്പമനുസരിച്ച് ദേവസ്വം ബോർഡ് ഒരു പ്രത്യേക പഠനം നടത്തി വലിയ കുളങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 'കാവ് തീണ്ടരുത്, കുളം വറ്റും' എന്നുള്ളത് നമ്മുടെ നാട്ടിലെ ഒരു ചൊല്ലാണ്. ഈ ബില്ലിൽ സംസാരിക്കുന്ന അംഗങ്ങളിൽ മലബാറിൽനിന്നുള്ള ഏക അംഗമാണ് ഞാൻ എന്നുള്ളത് പരിഗണിക്കണം. സംസാരിക്കുന്ന ബാക്കിയുള്ള അംഗങ്ങൾ മലബാറിൽ നിന്നുള്ളവരല്ല. അതുകൊണ്ട് മലബാറിലെ കാര്യം പറയുകയില്ല എന്നല്ല, സ്വാഭാവികമായും ആ പ്രദേശത്തുള്ള ഒരംഗം എന്ന നിലയ്ക്ക് കാര്യങ്ങൾ നേരിട്ട് അറിയാവുന്നതുകൊണ്ട് കുറെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. അതിന് ബഹുമാനപ്പെട്ട സി. ദിവാകരൻ തമാശയിലാണെങ്കിലും മദ്രസ്സയുടെ കാര്യംകൂടി പറയണമെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് തികച്ചും നമ്മുടെ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, 'കാവ് തീണ്ടരുത്, കുളം വറ്റും' എന്ന് നമ്മുടെ പഴമക്കാർ പറയുന്നുണ്ട്. ദേവസങ്കൽപ്പങ്ങളുടെ മരക്കൂട്ടമുള്ള കാവുകൾ എന്ന് വിളിക്കപ്പെടുന്നുണ്ടെങ്കിലും കാവുകൾ പ്രധാനമായുമുള്ളത് മലയോര മേഖലയിലാണ്. നമ്മുടെ മലയോര മേഖലയിൽ സ്വാഭാവികമായ വനപ്രദേശങ്ങളും മഴയും നീരുറവകളുമുള്ളതുകൊണ്ട് പഴയകാലത്ത് കാവുകൾ ധാരാളം വരുന്നത് മദ്ധ്യഭൂമിയിലാണ്. തൃശ്ശൂരിനപ്പുറമുള്ള മറ്റ് പ്രദേശങ്ങളിൽ മലയോരമേഖല ഇല്ലാത്തിടത്താണ് കാവുകൾ പ്രത്യേകമായി സംരക്ഷിക്കുന്നത്. ഇത് സംരക്ഷിക്കപ്പെടുന്നതുകൊണ്ട് അടുത്തുള്ള കുളങ്ങളിലെയും കിണറുകളിലെയും, ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വയലുകളിലെയും മറ്റും ജലവിതാനം ഉയർത്തുന്നതിന് കാവുകൾ വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ഇവ സംരക്ഷിക്കൽ ഏറ്റവും പ്രധാനമാണ്. കാവുകളുമായി ബന്ധപ്പെട്ട കലാരൂപമാണ് തിറയാട്ടം.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ കാവുകൾ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നേരത്തേ ഒരു പദ്ധതി കൊണ്ടുവന്നിരുന്നു. മദ്ധ്യ തിരുവിതാംകൂറിലെ കാര്യം എനിക്കറിയാം, അവിടെയുള്ള കാവുകൾ എന്നുപറയുന്നത്, പഴയകാലത്ത് ആളുകൾ കാവുകൾക്കുവേണ്ടി അവരുടെ പ്രോപ്പർട്ടിയുടെ ഒരു ഭാഗം വിട്ടു കൊടുത്തിരുന്നതാണ്. പക്ഷേ അതിന് പ്രത്യേകമായി ആധാരങ്ങളോ രേഖകളോ ഒന്നുംതന്നെയില്ല. പക്ഷേ സംസ്ഥാന വനം വകുപ്പുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളിലുള്ള പ്രായോഗിക ബുദ്ധിമുട്ട് അപേക്ഷയോടൊപ്പംതന്നെ വസ്തുവിന്റെ ആധാരം നൽകണമെന്നുള്ളതാണ്. പഴയകാലത്തെ ഇതുപോലുള്ള കാവുകൾക്ക് യഥാർത്ഥത്തിൽ കൃത്യമായ രേഖകളോ ആധാരങ്ങളോ ഇല്ല. അത് കാവുകളായിത്തന്നെ സംരക്ഷിക്കപ്പെടുന്നുവെന്നുള്ളതാണ്. അങ്ങ് പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ കാവുകൾ യഥാർത്ഥത്തിൽ പ്രദേശത്തെ ജൈവസമ്പത്തിനെ സൂക്ഷിക്കാൻ വേണ്ടി ആളുകൾ വളരെ ബോധപൂർവ്വം നടത്തിയ ഒരു ശ്രമത്തിന്റെ ഭാഗംകൂടിയാണ്. ഒരു ആചാരത്തിന്റെയോ വിശ്വാസത്തിന്റെയോ അപ്പുറത്ത് പ്രകൃതിയോട് ഇണങ്ങി ജീവിച്ച ഒരു ജനതയുടെ സാമൂഹ്യമായ ബന്ധത്തിന്റെ ഭാഗംകൂടിയാണ് കാവുകൾ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം.

ശ്രീ. എം. ഉമ്മർ: സർ, ഡോ. എൻ. ജയരാജ് സൂചിപ്പിച്ചത് വളരെ പ്രസക്തമായൊരു കാര്യമാണ്. ഞാനും അതാണ് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ, 16 മിനിട്ടായി. പൊതുധാരണ 10 മിനിട്ടാണ്.

ശ്രീ. എം. ഉമ്മർ: സർ, ഒന്നരണ്ട് മിനിട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഡോ. എൻ. ജയരാജ് പറഞ്ഞത് വളരെ പ്രസക്തമാണ്. കാരണം കാവുകൾ സംരക്ഷിക്കണമെങ്കിൽ ആധാരം നൽകണമെന്നാണ് പറയുന്നത്; ആധാരം നൽകാൻ കഴിയില്ല. അത് മാത്രമല്ല ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നൽകിയ സർക്കുലറിൽ, കുളങ്ങളും ആൽത്തറകളും സംരക്ഷിക്കണമെങ്കിൽ അത് പൊതുജനത്തിനുകൂടി ഉപയോഗിക്കാമെന്ന വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് വേണമെന്നാണ് പറയുന്നത്. സ്വാഭാവികമായും അമ്പലത്തിനോട് ചേർന്നാണ് കുളങ്ങൾ. അവിടെ പൊതുജനങ്ങൾക്കെല്ലാം കുളിക്കണമെന്ന് പറഞ്ഞാൽ സൗകര്യപ്പെടുകയില്ല. അതുകൊണ്ട് നമുക്കൊരിക്കലും സംരക്ഷിക്കാൻ കഴിയില്ല. അമ്പലത്തിനോട് ചേർന്ന കുളങ്ങൾ ഒരിക്കലും പഞ്ചായത്ത് കുളമാക്കാൻ കഴിയില്ല. അത് അമ്പലത്തിന്റെ പ്രോപ്പർട്ടി തന്നെയാണ്. പക്ഷേ അമ്പലങ്ങൾക്ക് സംരക്ഷിക്കാൻ കഴിയില്ലെങ്കിൽ അത് സംരക്ഷിക്കാൻ നമുക്ക് കഴിയണം. ഈ കണ്ടീഷൻ വച്ചാൽ ഒരിക്കലും ഒരു കുളവും സംരക്ഷിക്കാൻ കഴിയില്ല. അതുപോലെതന്നെ പാതയോരത്തുള്ള ആൽത്തറകളാണെങ്കിൽ സ്വാഭാവികമായും പഞ്ചായത്ത് സംരക്ഷിച്ചുകൊള്ളും. ഇവിടെ ഉദ്ദേശിക്കുന്നത് അമ്പലത്തിനോട് ചേർന്നുള്ള ആൽത്തറകളും അമ്പലക്കുളങ്ങളും സംരക്ഷിക്കണമെങ്കിൽ എല്ലാവർക്കും ഉപയോഗിക്കാമെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത് രാജ്യത്തിലാകെ കുഴപ്പമുണ്ടാകില്ലേ; എല്ലാവർക്കും ഉപയോഗിക്കാമെന്നുപറഞ്ഞ് സർക്കാർ ഗ്രാന്റ് നൽകിയിട്ടുണ്ടെങ്കിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും അമ്പലക്കുളത്തിലേയ്ക്ക് കുളിക്കാൻ വന്നാൽ രാജ്യത്താകെ കുഴപ്പമാകും. അതുകൊണ്ട് അങ്ങ് അത് പിൻവലിക്കണം. ഇത് വളരെ പ്രസക്തമാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇത് വളരെ പ്രസക്തമായ കാര്യമാണ്. പല എം.എൽ.എ.മാരും കുളങ്ങൾ സംരക്ഷിക്കുന്നതിന് അവരുടെ അസെറ്റ് ഡെവലപ്മെന്റ് ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിക്കാൻ തയ്യാറാണ്. അതിന് മുന്നോട്ടുവരുമ്പോൾ പ്രധാനപ്പെട്ട പ്രശ്നം കുളത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചാണ്. വർഷങ്ങൾക്കുമുമ്പ് അത് ദേവസ്വത്തിന്റെ വകയായിരിക്കും. അങ്ങനെയൊക്കെ കെട്ടുപിണഞ്ഞ് കിടക്കുന്നതാണ്. അതൊരു നൂലാമാലയാക്കാതെ ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞതുപോലെ കുളം എവിടെയാണെങ്കിലും, ക്ഷേത്രത്തിന്റെയാണെങ്കിൽ സംരക്ഷിക്കാൻ എം.എൽ.എ. ഫണ്ടും അസെറ്റ് ഡെവലപ്മെന്റ് ഫണ്ടും ഉപയോഗിക്കാനുള്ള അനുവാദം സർക്കാർ നൽകണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, എല്ലാ കുളങ്ങളും ക്ഷേത്രവുമായി ബന്ധപ്പെട്ടുതന്നെ കാണണമെന്നില്ല. പൊതുവായി ദേവസ്വത്തിന്റെ അധീനതയിലുള്ളതും പൊതുകുളമായി ഉപയോഗിക്കുന്നതും നിരവധിയുണ്ട്. ഞങ്ങളുടെ പ്രദേശത്ത്

ചരമാൻ കുളംപോലെ നിരവധി കുളങ്ങളുണ്ട്. അതിൽത്തന്നെ അനുവാദം ലഭിച്ചാൽ പ്രധാന മാറ്റമായി. എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന കുളങ്ങൾ അങ്ങനെ നൽകാൻ കഴിയുന്നത് ഇഷ്ടംപോലെയുണ്ട്. അത് രണ്ടും രണ്ടായി കാണണം.

ശ്രീ. എം. ഉമ്മർ: സർ, ഇതിൽ നിബന്ധനകൾ പറയുന്നുണ്ട്. അതുമാത്രം വായിച്ച് അവസാനിപ്പിക്കുകയാണ്. "ആൽത്തറകൾ, കുളങ്ങൾ എന്നിവ പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം." പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർക്ക് സാക്ഷ്യപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ കുളത്തിനുവേണ്ടി നീക്കിവച്ച രണ്ട് കോടി രൂപയിൽ ഒരു പൈസയും ചെലവായിട്ടില്ല. നമ്മൾ സംഖ്യ നീക്കി വച്ചതുകൊണ്ട് ഒരു കാര്യവുമില്ല. ഈ സംഖ്യ നീക്കിവയ്ക്കുമ്പോൾ നമുക്ക് യാഥാർത്ഥ്യബോധം വേണം. പള്ളിക്ക് കൊടുക്കാനുള്ളത് പള്ളിക്ക് കൊടുക്കുക, അമ്പലത്തിന് കൊടുക്കാനുള്ളത് അമ്പലത്തിന് കൊടുക്കുക. ആ ഉദ്ദേശ്യം സാദ്ധ്യമാകുകയെന്നുള്ളതാണ്. അതുകൊണ്ട് അമ്പലക്കുളങ്ങൾ സംരക്ഷിക്കാൻ വേണ്ടി നമ്മൾ പണം നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ, അത് പൊതുജനത്തിനെന്നുള്ള കണ്ടീഷനുണ്ടായാൽ ഒരിക്കലും ചെലവഴിക്കാൻ കഴിയില്ല. മാത്രമല്ല, ഈ കണ്ടീഷനോടുകൂടി പൊതു പണം ചെലവഴിച്ചാൽ ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള ബുദ്ധിമുട്ടുകളുണ്ടാകും. സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാകും. ഈ രേഖപ്രകാരം എല്ലാവർക്കും ഉപയോഗിക്കാമെന്ന് പറഞ്ഞുകൊണ്ടാണ് പണം ചെലവഴിച്ചതെന്ന് പറഞ്ഞ് മറ്റുള്ളവർ കുഴപ്പമുണ്ടാക്കും. കുഴപ്പമുണ്ടാക്കാനായി ചില ആളുകളുണ്ടല്ലോ; അങ്ങനെ ആളുകൾ പോകുകയാണെങ്കിൽ രാജ്യത്ത് അനാവശ്യമായ കുഴപ്പമുണ്ടാകും. അതുകൊണ്ട് അത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. 8(9)-ൽ പറയുന്ന നിബന്ധനകൾ അങ്ങ് മാറ്റണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്... 20 മിനിട്ട് കഴിഞ്ഞു. പൊതുധാരണയുള്ളതുകൊണ്ട് ഞാൻ ഓർമ്മിപ്പിച്ചതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സാധാരണ ഒരു മണിക്കൂറെടുത്ത് പറയേണ്ട കാര്യങ്ങളാണ്. ഞാൻ സമയം നീട്ടിക്കൊണ്ടുപോകുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെടാത്ത ഒരു വരിപോലും ഞാൻ പറയില്ല. അനാവശ്യമായ എന്തെങ്കിലും വാക്കുണ്ടെങ്കിൽ അപ്പോൾ പറഞ്ഞാൽ നിർത്താം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് അങ്ങ് പറഞ്ഞുവന്നത്. അമ്പലക്കുളങ്ങളെന്ന് പറയുന്നത് ജലം റിസർവ് ചെയ്തുവയ്ക്കുന്ന ഒരു റിസർവോയറായി കണ്ടാൽ മതി. കാരണം, സ്വാഭാവികമായും അമ്പലക്കുളങ്ങൾ പൂജാരിമാരും ക്ഷേത്രവുമായി

ബന്ധപ്പെട്ട ആചാരങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. അത് പൊതുവായി ഉപയോഗിക്കുന്ന സ്ഥിതി വന്നുകഴിഞ്ഞാൽ അതിന്റേതായുണ്ടാകുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ടാകും. നമ്മൾ പണി പൂർത്തിയാക്കി നൽകാൻ ഉദ്ദേശിക്കുന്നത് അമ്പലക്കുളമാകുകയും ചെയ്യും, അതോടൊപ്പംതന്നെ ഇപ്പോൾ കുളങ്ങൾ സംരക്ഷിക്കുകയെന്ന ദൗത്യവുമായി പോകുകയാണ്. എറണാകുളം ജില്ലയിൽ 160-ഓളം കുളങ്ങൾ ഇപ്പോൾ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നന്നാക്കിയെടുത്ത് അതിന്റെ പരിപാടിക്കായി അടുത്ത 30-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വരാൻ പോകുകയാണ്. ഞാൻ പറഞ്ഞുവന്നത്, കേരളത്തിൽ ഇപ്പോൾ വരുമാനമുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെ കുളങ്ങൾ സംരക്ഷിക്കാൻ അവരുടെ വരുമാനം ചിലപ്പോൾ വിനിയോഗിച്ചെന്ന് വരും. പക്ഷേ വരുമാനമില്ലാത്ത ആയിരക്കണക്കിന് ക്ഷേത്രങ്ങളും കുളങ്ങളുമുള്ള ഒരു സ്ഥലമാണ് നമ്മുടെ നാട്. ബഹുമാനപ്പെട്ട മന്ത്രി, നിബന്ധനകളെല്ലാം മാറ്റിവച്ച് ആ കുളങ്ങളും സംരക്ഷിക്കപ്പെടണം എന്നുള്ളതിനെക്കുറിച്ച് ഒരു തീരുമാനമുണ്ടാക്കിയാൽ നന്നായിരുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ക്ഷേത്ര ജീവനക്കാരെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. മലബാർ ദേവസ്വത്തിൽ ശമ്പളം നൽകുന്നത് വർഷത്തിലൊരിക്കലാണ്. ഞാനിത് പറയുന്നത് അനുഭവത്തിന്റെയും നേരിട്ട് മനസ്സിലാക്കിയതിന്റെയും എന്റെ വീടിനടുത്തുള്ള അമ്പലത്തിലെ ജീവനക്കാരായ ആളുകൾ നേരിട്ട് നൽകിയ നിവേദനത്തിന്റെയും അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിലാണ്. ഈ തുച്ഛമായ ശമ്പളം വർഷത്തിലൊരിക്കൽ നൽകിയാൽ എന്താണ് സ്ഥിതി? മറ്റ് ദേവസ്വം ബോർഡുകളിൽ മാസാമാസം കൃത്യമായി ശമ്പളം നൽകുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് ഇവിടെനിന്ന് അനുവദിക്കുന്ന ഗ്രാന്റിനുപോലും വർഷത്തിലൊരിക്കൽ കണക്ക് വാങ്ങുകയാണ്. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളവും മറ്റ് സൗകര്യങ്ങളുമൊക്കെയുണ്ട്. അടിസ്ഥാന ജോലികൾ ചെയ്യുന്നവർ രാവിലെ മുതൽ വൈകുന്നേരം വരെയാണ് ജോലി ചെയ്യുന്നത്. അവരുടെ ജോലിക്ക് സമയമില്ല, പോലീസുകാരെപ്പോലെയാണ്. അങ്ങനെ ജോലി നോക്കുന്ന ജീവനക്കാരോട് നീതി പുലർത്താൻ കഴിയണം. അവർക്ക് മാന്യമായ രീതിയിൽ കൃത്യസമയത്ത് ശമ്പളം നൽകാനുള്ള സംവിധാനംകൂടി മലബാർ മേഖലയിൽ ഉണ്ടാക്കിത്തീർക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ

ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ ലഘുവായ ഒരു കാര്യമാണ് നമ്മുടെ സർക്കാർ ഉദ്ദേശിക്കുന്നത്. പുതിയ അത്ഭുതങ്ങളൊന്നുമില്ല. അപ്പുറത്തുള്ള എന്റെ രണ്ട് സുഹൃത്തുക്കൾ സംസാരിച്ചു. അവർ രേഖപ്പെടുത്തുന്ന ഉൽക്കണ്ഠയൊന്നും ഇതിനകത്തില്ല. ഞാൻ ഈ ബില്ലിലെ ഭേദഗതിയെല്ലാം നോക്കിയതാണ്. നിലവിലുള്ള ഏഴ് പേരെ സർക്കാർതന്നെ നോമിനേറ്റ് ചെയ്യും. അവരെ നോമിനേറ്റ് ചെയ്യുമ്പോൾ അതിനൊരു സാമൂഹ്യനീതി വേണമെന്നുള്ളത് മാത്രമാണ് ഇതിനകത്ത് പറയുന്നത്. എങ്ങനെയായിരിക്കണം ആ ഏഴ് പേർ; അത് മാത്രമാണ്. അതിനെ നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ; ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്. നിലവിൽ ഏഴ് അംഗങ്ങളുണ്ട്. സർക്കാർ ഇഷ്ടംപോലെ നിയമിക്കുകയാണ്. എന്നാൽ ഈ ഭേദഗതിയിൽ അത് സാദ്ധ്യമല്ല.

(എ) പട്ടികജാതി അല്ലെങ്കിൽ പട്ടിക ഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഒരു അംഗം; അതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ?

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, നേരത്തെയുള്ള ബില്ലിൽ ഒരു എസ്.സി./എസ്.ടി. എന്നല്ല. ഒരു എസ്.സി., ഒരു എസ്.ടി. എന്നായിരുന്നു. രണ്ടുപേർക്കും പ്രാതിനിധ്യമുണ്ടായിരുന്നു. ഇവിടെ സാമൂഹ്യനീതി ഇല്ലാതാക്കുകയാണ്. കാരണം, എസ്.സി.-ക്കും എസ്.ടി.-ക്കും നേരത്തെ ബില്ലിൽ പ്രാതിനിധ്യമുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ രണ്ടുപേരിൽ ആർക്കെങ്കിലും ഒരാൾക്ക് മാത്രമേയുള്ളൂ.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, അതിനെ നിങ്ങൾ എതിർക്കുന്നില്ലല്ലോ; ഒരാളെങ്കിലും ഉണ്ടെന്ന് നിങ്ങൾ സമ്മതിച്ചല്ലോ; നേരത്തെ രണ്ടുപേരും ഉണ്ടെന്നാണ് പറയുന്നത്. അത് പരിശോധിക്കാം.

(ബി) ഒരു വനിതാ അംഗം; അതിപ്പോൾ നിലവിലുണ്ടോ? വനിതാ അംഗം നിലവിലില്ല. അത് വേണമെന്നാണ് ഞങ്ങൾ പറയുന്നത്.

(സി) ഹിന്ദുമതത്തിൽപ്പെട്ട ഒരു ദാർശനികൻ അല്ലെങ്കിൽ ക്ഷേത്രകലകൾ അവതരിപ്പിക്കുന്ന ഒരാൾ അല്ലെങ്കിൽ ഹിന്ദു സാഹിത്യകൃതികൾ രചിച്ച ഒരാൾ;

(ഡി) നാല് മറ്റ് അംഗങ്ങൾ; ഇത് നിലവിലുള്ളത് തന്നെയാണെങ്കിൽ നിങ്ങൾ ഇത്രയും ബഹളം വയ്ക്കേണ്ട കാര്യമുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, പലവക എന്നുള്ള നിലയിൽ വയ്ക്കാൻ കഴിയുമോ; മറ്റ് നാലുപേർ എന്നു പറയുന്നത് എന്താണ്; മറ്റുള്ളതെല്ലാം ഡിഫൈൻ ചെയ്തല്ലോ; എന്നാൽ ഇതും ഡിഫൈൻ ചെയ്യുന്നതിൽ എന്താണ് തകരാറ്; ഈ മറ്റ് നാലിനകത്താണ് അധിനിവേശം കയറിവരുന്നത്. അതുകൊണ്ട് മറ്റ് നാലുംകൂടി ഡിഫൈൻ ചെയ്താൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, ഡിഫൈൻ ചെയ്യാനുള്ള അവകാശം അതിന്റെ കമ്മിറ്റിക്കും സർക്കാരിനുമുള്ളതല്ലേ? നാല് പേരെ നിയമിക്കാൻ നിയമസഭ പാസ്സാക്കിയാൽ അവർ എടുത്തുകൊള്ളുമല്ലോ; ഇതിന് ഇപ്പോഴേ ജാതിയും പേരും നാളുമെല്ലാം നോക്കേണ്ട കാര്യമെന്താണ്? പിന്നെ സർക്കാർ എന്തിനാണ്; അതുകൊണ്ട് അതൊരു പുതിയ പ്രശ്നമല്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നേരത്തെ എസ്.സി.യും എസ്.ടി.യുമുണ്ടായിരുന്നു. ഇപ്പോൾ അത് ഏതെങ്കിലും ഒന്നാക്കി മാറ്റിയിരിക്കുകയാണ്. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, അത് പരിശോധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അത് പരിശോധിക്കേണ്ടതാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

ഡോ. എൻ. ജയരാജ്: സർ, ഹിന്ദു എഴുത്തുകാരനെന്ന് പറയുന്ന ഒരു വാചകമുണ്ട്. മലയാളം പല രീതിയിൽ കേട്ടിട്ടുണ്ട്. ഹിന്ദു എഴുത്തുകാരനെന്ന് ഉദ്ദേശിക്കുന്നത് ഹിന്ദുവായ എഴുത്തുകാരനെന്നാണോ ഹിന്ദു മതത്തെക്കുറിച്ച് എഴുതുന്നയാളെന്നാണോ അതോ ഹിന്ദു ദിനപ്പത്രത്തിൽ എഴുതുന്നയാളാണോയെന്ന് കൃത്യമായി ബിൽ വായിച്ചാൽ മനസ്സിലാകില്ല. എനിക്ക് പിടികിട്ടിയില്ല, അതുകൊണ്ട് ചോദിച്ചതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഡോ. എൻ. ജയരാജ്, നമ്മൾ ഈ വിഷയം വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണം; അപകടങ്ങൾ പതുങ്ങിയിരിക്കുന്നതാണ്. നമ്മുടെ രാജ്യം ഒരു മതേതര രാഷ്ട്രമാണ്. ഒരു മതേതര രാഷ്ട്രത്തിൽ പ്രത്യേകമായ ഏതെങ്കിലുമൊരു മതത്തിന്റെ വിശ്വാസങ്ങളെ സംബന്ധിക്കുന്ന നിയമ നടപടികൾ സ്വീകരിക്കുമ്പോൾ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്നുള്ളതുകൊണ്ടാണ് ഞാൻ നിങ്ങൾ ചോദിക്കുന്ന പലതിനും മറുപടി പറയാത്തത്.

ഡോ. എൻ. ജയരാജ്: സർ, ഹിന്ദു എഴുത്തുകാരനെന്ന് പറയുന്നതാണ് മനസ്സിലാകാത്തത്.

ശ്രീ. സി. ദിവാകരൻ: സർ, ഹിന്ദു എഴുത്തുകാരനെന്നല്ല, ഹിന്ദു സാഹിത്യകൃതികൾ രചിച്ചയാളെന്നാണ്.

ഡോ. എൻ. ജയരാജ്: സർ, ഹിന്ദു സാഹിത്യങ്ങൾ മാത്രമെഴുതുന്ന ആളുകളുണ്ടോ;

ശ്രീ. സി. ദിവാകരൻ: സർ, അങ്ങനെ ഉണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചോളൂ.

ഡോ. എൻ. ജയരാജ്: സർ, ഹൈന്ദവ സാഹിത്യമെന്നാൽ മനസ്സിലാക്കാം. ഹിന്ദു സാഹിത്യമെന്ന് ആദ്യം കേൾക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പറയാൻ ഉദ്ദേശിച്ചതല്ല, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുതന്നെ വളരെ വിവാദപരമായ ഒരു പ്രയോഗമാണ്. ഹിന്ദു എന്നാലെന്താണെന്നാണ്, ഹൈന്ദവം ആണോ ഹിന്ദുവാണോ; പ്രശസ്തനായ പി. ബി. ഗജേന്ദ്ര ഗാഡ്കർ ഭാരതത്തിന്റെ പരമോന്നത നീതിപീഠം മുമ്പാകെ ഹിന്ദുക്കളെക്കുറിച്ച് ഇപ്രകാരം ഉദ്ധരിച്ചു. "നാം ഹിന്ദുമതത്തെപ്പറ്റി ചിന്തിക്കുമ്പോൾ ലോകത്തിലെ മറ്റ് മതങ്ങളിൽ നിന്ന് വ്യത്യസ്തമായി ഹിന്ദു മതം ഒരു പ്രത്യേക പ്രവാചകനെ അവകാശപ്പെടുന്നില്ല. ഒരു പ്രത്യേക ദൈവത്തെ മാത്രം ആരാധിക്കുന്നില്ല. ഒരു പ്രത്യേക സിദ്ധാന്തമോ തത്വമോ പിന്തുടരുന്നില്ല. ഒരു പ്രത്യേക ദാർശനിക ആശയത്തിൽ മാത്രം വിശ്വസിക്കുന്നില്ല. ഒരു പ്രത്യേക രീതിയിൽ മാത്രമുള്ള മതപരമായ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ പിന്തുടരുന്നില്ല. യഥാർത്ഥത്തിൽ അതൊരു മതത്തിന്റെ പരമ്പരാഗത സങ്കുചിത ലക്ഷണങ്ങളൊന്നും തന്നെ പൂർത്തീകരിക്കുന്നില്ല. അതിനെ വളരെ വിശാലമായ ഒരു ജീവിതരീതിയെന്ന് വിശദീകരിക്കാം." അതിനപ്പുറം ഒന്നുമില്ല. നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ; അതെങ്ങനെ വേണമെങ്കിലും, ഹിന്ദുവെന്നോ ഹൈന്ദവമെന്നോ വ്യാഖ്യാനിക്കാം.

ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. ഇവിടെ മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് ശ്രീ. എം. ഉമ്മർ ദീർഘമായി സംസാരിച്ചു, ശ്രീ. ഇ. പി. ജയരാജൻ സപ്പോർട്ട് ചെയ്ത് സംസാരിച്ചു, അത് നല്ല കാര്യമാണ്. ഞാൻ അതിനോട് യോജിക്കുകയാണ്. കാരണം, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഈ ഭേദഗതിയെക്കുറിച്ചല്ല. അമ്പലത്തിൽ പണിയെടുക്കുന്ന പാവപ്പെട്ട ആളുകളുടെ പട്ടിണിയും പരിദേവനവും അവരുടെ വേതനവും സർവീസ് കണ്ടീഷനും മാറ്റുന്നതിനെക്കുറിച്ചാണ്, അതിനോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. അതിന് ആവശ്യമായ സംവിധാനങ്ങൾ സർക്കാർ ഉണ്ടാക്കണം. അവരെ അവഗണിക്കാൻ പാടില്ല. തിരുവിതാംകൂർ ദേവസ്വത്തിലുള്ളതുപോലെ എല്ലാ അവകാശങ്ങളും ആ ജീവനക്കാർക്കുമുണ്ട്. അതിൽ സാമ്പത്തിക പരാധീനതയുണ്ടെങ്കിൽ സർക്കാർ പരിശോധിക്കണമെന്നാണ് അദ്ദേഹം പറഞ്ഞ കാര്യം. അല്ലാതെ ഭേദഗതിയിലേയ്ക്കൊന്നും അദ്ദേഹം കടന്നില്ല. ശ്രീ. അടൂർ പ്രകാശ് ഇവിടെ ഇല്ല, അദ്ദേഹം ദീർഘനേരം പ്രസംഗിച്ചപ്പോൾ പറഞ്ഞതെല്ലാം വളരെ വിലപ്പെട്ട കാര്യങ്ങളാണ്. അദ്ദേഹത്തിന് അതിലൊരു പൈതൃകമുണ്ട്. കാരണം അദ്ദേഹത്തെ ദേവസ്വം ബോർഡ് എന്താണെന്ന് പഠിപ്പിച്ചുകൊടുക്കാൻ ആളുണ്ടായിരുന്നു. എന്നാലും അദ്ദേഹം ഞാൻ പ്രതീക്ഷിച്ച അത്രയും പറഞ്ഞില്ല. തിരുവിതാംകൂർ ദേവസ്വത്തിന് ചില പ്രത്യേക ചുറ്റുപാടുകളുണ്ട്. ഇവിടെ മലബാർ ദേവസ്വത്തിന്റെ ഭേദഗതികളാണ് നാലംഗങ്ങളെ നിയമിക്കുക എന്നത്. അതിനിവിടെ എന്തെല്ലാമാണ്

പറഞ്ഞത്; പിടിച്ചെടുക്കുന്ന എന്ന്, ഇതിലെന്താണ് പിടിച്ചെടുക്കാനുള്ളത്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ളവർ പറയുന്ന പിടിച്ചെടുക്കാനാണെന്ന്, ഇതിൽ എന്താണ് പിടിച്ചെടുക്കാനുള്ളത്? ഇത് ഏഴ് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന കാര്യമാണ്, അതിന് ചില കാറ്റഗറികളുണ്ട്, അതിന് പിടിച്ചെടുക്കേണ്ട കാര്യമുണ്ടോ? മാത്രമല്ല ഞങ്ങളെപ്പോലുള്ള ആളുകൾക്ക് ഇതിലൊന്നും വലിയ താൽപ്പര്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സത്യം പറഞ്ഞാൽ അതിന്റെ ആവശ്യം ഈ ബില്ലിലില്ല. നിലവിലുള്ള ഒരു നിയമത്തിന്റെ കാലാവധി തീരാൻ പോകുന്നതേയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് അതിന്റെ മൂല നിയമത്തിൽക്കൂടി പോയാൽ പോരേ? അതിൽനിന്നും വ്യത്യസ്തമായി ആളുകളെ പലവകയിൽ കൊണ്ടുവന്ന് ചേർക്കുന്നതാണ് ഈ പിടിച്ചെടുക്കൽ എന്ന് പറയുന്നത്. പിടിച്ചെടുക്കാൻ പോകുന്ന ഒരാളും ഞാൻ യുദ്ധത്തിന് പോകുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ട് പോകാറില്ല. പിടിച്ചെടുക്കൽ ഒരു അധിനിവേശമാണ്. ആ അധിനിവേശം നടത്തുന്നതിനുള്ള ഒരു പരിശ്രമമാണ് ഈ ബിൽ. അതുകൊണ്ടാണ് പച്ചയായ മലയാളത്തിൽ ഇത് പിടിച്ചെടുക്കലിന് വേണ്ടിയാണെന്ന് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇതിൽ എഴുതിയിട്ടുണ്ട്. അത് നിങ്ങൾ വായിച്ച് നോക്കാത്തതുകൊണ്ടാണ്. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമായി ഇതിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏതെങ്കിലും ബില്ലിൽ ഞങ്ങൾ പിടിച്ചെടുക്കാൻ പോകുകയാണെന്ന് മുൻകൂട്ടി പറയാറില്ല.

ശ്രീ. സി. ദിവാകരൻ : സർ, എഴുതി വയ്ക്കേണ്ട കാര്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മൾ ഒരു നിയമം കൊണ്ടുവരുമ്പോൾ ആ നിയമത്തിൽ പിടിച്ചെടുക്കാൻ പോകുന്നുവെന്ന് പറയാറില്ല. അധിനിവേശത്തിൽ അതിന് എപ്പോഴും വിധേയനാകുന്ന വ്യക്തി അറിയാതെതന്നെ നമ്മുടെമേൽ വന്ന് കയറുകയാണ്. അങ്ങനെ അറിയാതെ വന്ന് കയറുന്നതാണ് ഈ ബില്ലിനകത്തെ ഉള്ളടക്കം; അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. ഉമ്മർ : സർ, ഇതിനകത്തുതന്നെ, Notwithstanding anything contained in the principal Act, the existing Chairman and members of the Area Committee and the non-hereditary trustees shall cease to hold office എന്ന് പറഞ്ഞാൽ പിരിച്ചുവിടുകയെന്നല്ലേ, എന്തൊക്കെ നിയമത്തിൽ പറഞ്ഞാലും ഇപ്പോഴുള്ളവരെ പിരിച്ചുവിടാമെന്ന് നിയമത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, ഈ അമെന്റ്മെന്റ് പാസ്സാകുമ്പോൾ എന്തൊക്കെ പറഞ്ഞാലും goes without saying, അതിനി പ്രത്യേകം പറയേണ്ട.

ശ്രീ. ഇ. പി. ജയരാജൻ: സർ, ക്ഷേത്രങ്ങൾ വിശ്വാസികളുടെ കയ്യിൽ എത്തണം. എല്ലാ വിശ്വാസികളുടെയും വിശ്വാസ സങ്കേതമായി മലബാർ ദേവസ്വത്തിന്റെ ക്ഷേത്രങ്ങളെ മാറ്റിത്തീർക്കുകയെന്നുള്ള വിശാലമായ കാഴ്ചപ്പാടാണ് ഇടതുപക്ഷ സർക്കാരിന്റേത്. അത് നല്ല നിലയിൽ നടത്തിക്കൊണ്ട് പോകുവാൻ ആവശ്യമായ ക്രമീകരണമുണ്ടാക്കാനാണ് ഈ നിയമനിർമ്മാണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് കറക്ടാണ്. അതിൽ ഒരു ബ്രേക്കുണ്ടാക്കരുതെന്നാണ് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആരോടാണ് ചോദിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. ശ്രീ. ഇ. പി. ജയരാജനോടാണോ എന്നോടാണോ? സർക്കാരിന് ഒരു പ്രഖ്യാപിത നയമുണ്ട്. നമ്മുടെ രാജ്യത്തെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ശരിയായി നടത്തുകയാണ്. കുറച്ചുകൂടി ഫലപ്രദമാക്കണം, അത് വളരെ സുതാര്യമായിരിക്കും, അതുകൊണ്ടാണ് ഇതുപോലെയുള്ള ചെറിയ ചെറിയ ഭേദഗതികൾ സഭയിൽ കൊണ്ടുവന്ന് മൈന്യൂട്ട് ഡിസ്കഷൻ നടത്തി പറയാനുള്ള കാര്യങ്ങളെല്ലാം പറയുന്നത്. നിങ്ങളും ഇതെല്ലാം ചെയ്തതല്ലേ; നമ്മൾ അപ്പുറത്തും ഇപ്പുറത്തുമായിരുന്നപ്പോൾ ചെയ്തില്ലേ? എത്ര അമെന്റ്മെന്റ് കൊണ്ടുവന്നു; എത്ര ഓർഡിനൻസ് നിങ്ങൾ കൊണ്ടുവന്നു; ഓർഡിനൻസ്‌രാജ് തന്നെ നടത്തിയില്ലേ? ഇതിപ്പോൾ വലിയ താമസമില്ലാതെ ഒരു ഓർഡിനൻസ് കൊണ്ടുവന്നു, അതിന് പകരമായി സ്വാഭാവികമായുള്ള നിയമ നടപടികളാണ്. നമ്മൾ ഇത് പാസ്സാക്കിയേ മതിയാകൂ, നിങ്ങൾ പറയുന്ന കാര്യങ്ങളനുസരിച്ച് ഐകകണ്ഠ്യേന ഈ ബിൽ പാസ്സാക്കാൻ കഴിയും. ഇതിൽ കാര്യമായ ഒരു ഒബ്ജക്ഷനും ബഹുമാനപ്പെട്ട യു.ഡി.എഫ്.-ന്റെ മെമ്പർമാർ ആരും ഉന്നയിച്ചില്ല. രണ്ട് പേർ സംസാരിച്ചതിൽ ആരും ബേസിക്കായ ഒരു കാര്യവും പറഞ്ഞില്ല. പറഞ്ഞതൊക്കെ വേറെ കാര്യങ്ങളാണ്. സഹകരണ സംഘങ്ങൾ പിടിച്ചെടുത്തതും അതുപോലെയുള്ള മറ്റ് കാര്യങ്ങളുമാണ് പറഞ്ഞത്. പിന്നെ സർവീസ് കണ്ടിഷൻ മെച്ചപ്പെടുത്തണമെന്ന കാര്യത്തിൽ ആർക്കാണ് എതിർപ്പ്? ആർക്കും എതിർപ്പില്ല. ഇതിൽ ഏഴ് അംഗങ്ങളുണ്ടായിരുന്നു. ഞങ്ങൾ കണ്ടുപിടിച്ചതല്ല, മൂലനിയമത്തിൽ പറയുന്നതാണ്. നിയമിക്കുന്നത് സർക്കാരാണ്, അതിൽ ചെറിയ ഭേദഗതി വരുത്തി. ആ ഭേദഗതികൾ ഒട്ടും ദോഷമുള്ളതല്ല, ഗുണം ചെയ്യുന്നതാണ്. നമ്മുടെ രാജ്യത്തെ പല സ്ഥാപനങ്ങളും നമ്മൾ ആഗ്രഹിക്കുന്നതുപോലെയാണോ പ്രവർത്തിക്കുന്നത്; സർക്കാർ ഇടപെടേണ്ട വല്ല കാര്യവുമുണ്ടോ? മറ്റ് പല

മേഖലകളുമുണ്ടല്ലോ, ഇടപെടാൻ കഴിയുന്നിടത്ത് ഫലപ്രദമായി ഇടപെടുക. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയമാണ്. നിയമം അനുവദിക്കുന്നിടത്ത് ജനങ്ങൾ ആഗ്രഹിക്കുന്നതുപോലെ സാമൂഹ്യനീതി ഉറപ്പാക്കാൻ, ഭരണം കാര്യക്ഷമമാക്കാൻ, അഴിമതി അവസാനിപ്പിക്കാൻ കഴിയുന്നതെല്ലാം ചെയ്യുന്ന നിയമങ്ങളും ഭേദഗതികളുമാണുള്ളത്. നിങ്ങൾ വേറെ രണ്ടുമൂന്ന് ആളുകൾ ആരെങ്കിലും വന്നുപോകുമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? ഇത് നാളെ നിങ്ങൾക്കും ബാധകമാണ്. നിങ്ങളുടെ ഭരണകാലത്ത് ചെയ്യാമായിരുന്നു, നിങ്ങളത് ചെയ്തില്ല. ആരെങ്കിലും ഏഴ് പേർ മതിയെന്ന് നിങ്ങൾ തീരുമാനിച്ചത് ആരോടെങ്കിലും ആലോചിച്ചിട്ടാണോ; ഏഴ് പേരെ നിങ്ങൾ നിയമിച്ചില്ലേ, അന്ന് ഇവിടെ ചർച്ചയൊന്നും ഇല്ലായിരുന്നല്ലോ? ഇപ്പോഴല്ലേ ചർച്ച നടക്കുന്നത്, യു.ഡി.എഫ്-ന് ചർച്ച ചെയ്യാനുള്ള വലിയ അവസരമാണ് ഞങ്ങളൊരുക്കിയിരിക്കുന്നത്. സൃഷ്ടിപരമായിട്ടുള്ള കാര്യങ്ങളാണ് നിങ്ങൾ ഉന്നയിക്കുന്നതെങ്കിൽ സ്വാഭാവികമായും സർക്കാർ സ്വാഗതം ചെയ്യും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങനെ പറയരുത്. ഞങ്ങൾ നോമിനേറ്റ് ചെയ്തത് നിലവിലുള്ള നിയമപ്രകാരമാണ്, അല്ലാതെയല്ല. അങ്ങനെയാണെങ്കിൽ ഈ ഹിന്ദുമത ധർമ്മസ്ഥാപനങ്ങളുടെ ഭരണാധികാരികൾ ഈശ്വര വിശ്വാസികളാണെന്ന് പറയാൻ കഴിയുമോ; അങ്ങനെ വേണ്ടേ?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. കെ. സി. ജോസഫ്, എന്നോട് കുഴപ്പമുണ്ടാക്കുന്ന ചോദ്യങ്ങളൊന്നും ചോദിക്കരുത്. പള്ളിയിൽ പോകുന്നവരെല്ലാം ജീസസിൽ വിശ്വാസമുണ്ടായിട്ടാണോ പോകുന്നത്? ഞാൻ പള്ളിയിൽ പോകും. അതൊക്കെ യുക്തിരഹിതമായ ചോദ്യങ്ങളാണ്. അതിനൊന്നും മറുപടിയുടെ ആവശ്യമില്ല. അങ്ങയെപ്പോലുള്ളയാൾ അങ്ങനെ ചോദിക്കുകയും വേണ്ട.

ശ്രീ. അനിൽ അക്കര: സർ, പള്ളിയിൽ പോകുന്നവർ പള്ളി കാണാൻ പോകുന്നതല്ല, അവർ പ്രാർത്ഥിക്കാൻ പോകുന്നവരാണ്, ജീസസ് ക്രൈസ്റ്റിൽ വിശ്വാസമുള്ളവരാണ്; അങ്ങനെ പറയരുത്.

ശ്രീ. സി. ദിവാകരൻ: സർ, എന്നെ പഠിപ്പിക്കല്ലേ, ജീസസ് ആദ്യമായി പള്ളിയിൽ പോയ അനുഭവം അറിയാമോ; ബൈബിൾ വായിച്ചിട്ടുണ്ടോ; ജീസസ് ജറുസലേം പള്ളിയിൽ ചെയ്ത വേലകൾ അറിയാമോ? അതുകൊണ്ട് അങ്ങോട്ട് പോകല്ലേ? ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർക്ക് എല്ലാ മതങ്ങളെയും എല്ലാ പ്രവാചകന്മാരെയും അറിയാം. എല്ലാ മതഗ്രന്ഥങ്ങളും ഞങ്ങൾ വായിക്കാറുണ്ട്, എല്ലാപേരെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നുണ്ട്. ഞങ്ങൾക്ക് പ്രത്യേകമായി ഒരു കാര്യവുമില്ല; അതുപോലെയാണ് ഇതും.

ശ്രീ. എം. സ്വരാജ്: സർ, വിശ്വാസം അളക്കാനുള്ള ഉപകരണമൊന്നും കണ്ടുപിടിച്ചിട്ടില്ല. ഒരാൾ വിശ്വാസിയാണോ അല്ലയോയെന്നുള്ളതാണ് വിഷയം. ഇപ്പോൾ പള്ളിയിൽ പ്രാർത്ഥിക്കാനായി പോകുന്ന ഒരാൾ വിശ്വാസിയാണെന്ന് എങ്ങനെ ഉറപ്പിച്ച് പറയാൻ കഴിയും; അങ്ങനെ ശരിയായ ദർശനങ്ങൾ പിന്തുടരുന്ന ഒരാളാണെങ്കിൽ വണ്ടിച്ചെക്ക് നൽകുമോ? അതുകൊണ്ട് വിശ്വാസമില്ലാത്തവരും പള്ളിയിൽ പോകുന്നുണ്ട്, പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. വിശ്വാസമെന്ന അമൂർത്തമായ ഒരു കാര്യത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്നത് വൃഥാ വ്യായാമമാകുമെന്നാണ് എന്റെ അഭിപ്രായം. അങ്ങേയ്ക്ക് അങ്ങനെ തോന്നുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്.

മി. ചെയർമാൻ : ഇപ്പോൾത്തന്നെ പതിനഞ്ച് മിനിട്ട് കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ : സർ, ചർച്ച നീണ്ടുപോയാൽ വളരെ ഗുരുതരമായ വിഷയങ്ങളിലേക്ക് പോകും, അത് നമ്മുടെ നിയമസഭയ്ക്ക് യോജിച്ചതല്ല. അതുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. ഡി. സതീശന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എന്തിനുവേണ്ടിയാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത്? നിലവിലുള്ള നിയമത്തിൽ ഏരിയാ കമ്മിറ്റിയിൽ ഏഴ് അംഗങ്ങളുണ്ട്. ഇപ്പോൾ അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിലും ഏഴ് അംഗങ്ങളുണ്ട്. ഈ രണ്ടിന്റേയും ഘടനയിൽ എന്താണ് വ്യത്യാസമുള്ളത്? നേരത്തെ ഉണ്ടായിരുന്ന നിയമത്തിൽ ഹിന്ദുമതത്തിൽപ്പെട്ട ഒരു സാമൂഹ്യ പരിഷ്കർത്താവ്, 14-ാം വകുപ്പ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ഏതെങ്കിലും ക്ഷേത്ര ഉപദേശക കമ്മിറ്റികളിൽനിന്നുള്ള ഒരംഗം, ഇതിൽ അഡ്വൈസറി കമ്മിറ്റികളുണ്ട്. പുതിയതിൽ ഈ രണ്ട് കാര്യവും ഒഴിവാക്കി. എന്നിട്ട് നേരത്തെ കോമണായി രണ്ട് അംഗങ്ങൾ ഉണ്ടായിരുന്നത് നാല് അംഗങ്ങൾ എന്നാക്കി. അവിടെ ആരെയും നിയമിക്കാനുള്ള സാദ്ധ്യത ഒന്നുകൂടി വർദ്ധിപ്പിച്ചു. നിലവിലുണ്ടായിരുന്ന നിയമവും ഇപ്പോഴത്തെ ഈ ഭേദഗതിയും തമ്മിൽ ഘടനാപരമായി യാതൊരു വ്യത്യാസവുമില്ല. അപകടം

അവിടെയല്ല. അപകടം, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ, ഇതിലെ ക്ലോസ് 3 ഉൾപ്പെടുത്തി ഘടനാപരമായ ചെറിയ വ്യത്യാസം വരുത്തിയതിന്റെ മറവിൽ നിലവിലുള്ള കമ്മിറ്റികളെ പിരിച്ചുവിടാനുള്ള ക്ലോസ് കൊണ്ടുവന്നിരിക്കുന്നു. അത് നേരിട്ടങ്ങ് പറഞ്ഞാൽ പോരേ? ഞാൻ പറയുന്നു, മലബാർ ദേവസ്വം ബോർഡിൽ കേരളത്തിലെ ഒരു സർക്കാരും ചെയ്യാത്ത കാര്യമാണ് ഈ സർക്കാർ ചെയ്തിരിക്കുന്നത്. ഇതുവരെ ഒരു സർക്കാരും ഏരിയാ കമ്മിറ്റികൾ പിരിച്ചുവിട്ടിട്ടില്ല. ആ ഏരിയാ കമ്മിറ്റികൾ കാലാവധി പൂർത്തിയാക്കി കഴിഞ്ഞാൽ അതാത് സർക്കാരുകൾ അവരുടെ ഇഷ്ടാനുസരണം ചിലപ്പോൾ ആളുകളെ നോമിനേറ്റ് ചെയ്തിട്ടുണ്ടാകും; ഞാനതിൽ തർക്കിക്കുന്നില്ല. നിങ്ങൾ നോമിനേറ്റ് ചെയ്തോ; അതിന്റെ കാലാവധി പൂർത്തിയാകുമ്പോൾ നിങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ നിങ്ങൾ നോമിനേറ്റ് ചെയ്തോ. യാതൊരു പരാതിയുമില്ല. പക്ഷേ നിലവിലെ അമ്പലക്കമ്മിറ്റികളെ, ഈ ഏരിയാ കമ്മിറ്റികളെ പിരിച്ചുവിടാൻ വേണ്ടി ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഒരു ഓർഡിനൻസ് തയ്യാറാക്കുക, ഈ നിയമസഭയിൽ ഒരു ബിൽ കൊണ്ടു വരിക, ഇതിന്റെയൊക്കെ ആവശ്യമുണ്ടായിരുന്നോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങ് പറയുന്നത് പിരിച്ചുവിടാൻവേണ്ടിയാണ് ഇത് കൊണ്ടുവന്നതെന്നാണ്. അതാണ് ആക്ഷേപം. ഏഴ് ആളുകളെ നിയമിക്കുന്നത് ഇന്നയിന്ന രീതിയിലാണെന്നുള്ളത് പാസ്സാകുന്നതോടുകൂടി കമ്മിറ്റി പിരിച്ചുവിടേണ്ട, പിരിച്ചു വിടാതെതന്നെ പോകും. അതിൽ ഇത്ര കാര്യമുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങേയ്ക്ക് മനസ്സിലായില്ല. അതായത് ഞാൻ പറയുന്നത് നിലവിലുള്ള ഏഴ് അംഗങ്ങൾ തന്നെയാണ് പുതിയ ഭേദഗതിയിലും വരുന്നത്. അതിൽ ഘടനാപരമായി ചെറിയ വ്യത്യാസം പേരിൽ വരുത്തി. അതല്ലല്ലോ ഇതിന്റെ ഉദ്ദേശ്യം. അതിനുവേണ്ടി ഒരു ഓർഡിനൻസും വേണ്ട. ഭേദഗതിപോലും വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിപോലും സമ്മതിക്കില്ല. ആ ഭേദഗതി കൊണ്ടു വരുന്നതിന്റെ മറവിൽ അതിനെ ഷീൽഡ് ചെയ്തിട്ട് യഥാർത്ഥത്തിൽ നിലവിലുള്ള ഏരിയാ കമ്മിറ്റികളെ പിരിച്ചുവിടാനുള്ള ക്ലോസാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ അപകടം അതാണ്. പക്ഷേ സർക്കാർ ചെയ്തത് എന്താണ്; ഉത്തരവാദിത്വത്തോടുകൂടിയ ഒരു നിലപാടാണോ സർക്കാർ സ്വീകരിച്ചത്; എന്നാണ് ബഹുമാനപ്പെട്ട ഗവർണർ ഈ ഓർഡിനൻസ് പ്രോമുൽഗേറ്റ് ചെയ്തത്? 2017 ഫെബ്രുവരി 3-ാം തീയതിയാണ് ഈ ഓർഡിനൻസ് നിലവിൽ വന്നത്. ഈ ഓർഡിനൻസ് നിലവിൽ വന്നതോടുകൂടി ആയിരത്തിലധികം ക്ഷേത്രങ്ങളിലെ ട്രസ്റ്റി ബോർഡുകൾ പിരിച്ചുവിടപ്പെട്ടു. എല്ലാ ഏരിയാ കമ്മിറ്റികളും പിരിച്ചുവിടപ്പെട്ടു. അത് ഫെബ്രുവരി 3-ാം തീയതിയാണ്. അങ്ങേയ്ക്കും എല്ലാവർക്കും അറിയാവുന്നൊരു കാര്യമുണ്ട്, എല്ലാ ക്ഷേത്രങ്ങളിലേയും ഉത്സവങ്ങൾ നടക്കുന്നത് ഫെബ്രുവരി, മാർച്ച്,

ഏപ്രിൽ, മേയ് മാസങ്ങളിലാണ്. നാല് മാസങ്ങളിൽ ഉത്സവം നടക്കുന്ന സമയത്ത് ഈ ട്രസ്റ്റീ ബോർഡും കമ്മിറ്റിയുമില്ല; ചോദിക്കാനും പറയാനും ആളില്ല. അനാഥമായി ക്ഷേത്രങ്ങളിലെ ഭരണം സ്തംഭിപ്പിക്കാൻ ഈ സർക്കാരല്ലാതെ ഇത്രയും ഹീനമായ ഒരു തീരുമാനമെടുക്കുമോ; പകരം നിങ്ങൾ കമ്മിറ്റി അംഗങ്ങളെ നിയമിച്ചിരുന്നുവെങ്കിൽ ഞങ്ങൾ സമ്മതിച്ചേനെ. നിങ്ങൾ ഫെബ്രുവരി 3-ാം തീയതി ഓർഡിനൻസിറക്കി. ഒരാഴ്ചകൊണ്ട് ആ ഏരിയാ കമ്മിറ്റികളിൽ നിങ്ങളുടെ ആളുകളെ വച്ച് ഫിൽ ചെയ്തിരുന്നുവെങ്കിൽ അല്ലെങ്കിൽ ട്രസ്റ്റീ ബോർഡുകൾ രൂപീകരിച്ചിരുന്നുവെങ്കിൽ കുറ്റമില്ലായിരുന്നു. പക്ഷേ ഈ ഉത്സവ സീസൺ തുടങ്ങുന്നതിനു തൊട്ടുമുൻപ്, നാല് മാസക്കാലം മലബാറിലെ ആയിരത്തിലധികം ക്ഷേത്രങ്ങളിൽ, ഉത്സവം നടക്കുന്നതിനു തൊട്ടുമുൻപായി ബഹുമാനപ്പെട്ട ഗവർണറെകൊണ്ട് ആർട്ടിക്കിൾ 213 വഴി എമർജൻസിയായി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു, ആ ഓർഡിനൻസ് കൊണ്ടുവന്ന് ഇതെല്ലാം പിരിച്ചുവിടേണ്ട എന്ത് ആവശ്യമുണ്ടായിരുന്നു എന്നുപറയാനുള്ള ബാദ്ധ്യത ദേവസ്വം വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇതിന്റെ റിസൾട്ട് എന്താണ്? ക്ഷേത്രഭരണം പൂർണ്ണമായി സ്തംഭിച്ചു. മലബാറിൽ 'എ', 'ബി', 'സി', 'ഡി', സ്പെഷ്യൽ ഗ്രൂപ്പ് ക്ഷേത്രങ്ങളുണ്ട്. 'ബി', 'സി', 'ഡി' ഗ്രൂപ്പുകളിലെ ക്ഷേത്രങ്ങളിലെ പ്ലാനും എസ്റ്റിമേറ്റും ദേവസ്വം ബോർഡിലേയ്ക്കുള്ള പദ്ധതി അനുവദിക്കുന്നതുമൊക്കെ ഈ ഏരിയാ കമ്മിറ്റികളാണ്. ഒരു സാമ്പത്തിക വർഷം തുടങ്ങുമ്പോഴാണ് ദേവസ്വം ബോർഡിന്റെ ബഡ്ജറ്റ് തയ്യാറാക്കുന്നത്. ആ ബഡ്ജറ്റിന് തൊട്ടുമുൻപായി ഈ പ്ലാനും എസ്റ്റിമേറ്റും അഡ്മിനിസ്ട്രേഷൻ സംബന്ധിച്ച മുഴുവൻ കാര്യങ്ങളും റെക്കമെന്റ് ചെയ്യേണ്ട ഏരിയാ കമ്മിറ്റി ഇപ്രാവശ്യമില്ല. അക്ഷരാർത്ഥത്തിൽ നിങ്ങളുടെ കുറച്ചാളുകളെ തിരുകിക്കയറ്റുന്നതിനും നിലവിലുള്ളവരെ പിരിച്ചുവിടുന്നതിനുംവേണ്ടി ചെയ്ത ഈ നടപടി മലബാർ ദേവസ്വം ബോർഡിന്റെ ഭരണത്തെപ്പോലും സ്തംഭിപ്പിച്ചിരിക്കുന്നു. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ ഈ പ്രാവശ്യം എങ്ങനെയാണ് നടന്നത്? അത് നോക്കാൻ ആളില്ലായിരുന്നു. അവിടെ അനാഥത്വമുണ്ടായിരുന്നു. ഇങ്ങനെയൊരു തീരുമാനം ഈ സർക്കാരല്ലാതെ മറ്റേതെങ്കിലും സർക്കാർ എടുക്കുമോ; ഇവിടെ ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ; ഇത്രയും അപകടകരമായ ഒരു സാഹചര്യം നിലവിൽ വന്നു.

1500 ക്ഷേത്രങ്ങളിൽ ആകെ 40 എക്സിക്യൂട്ടീവ് ഓഫീസർമാരാണ് മലബാറിലുള്ളത്. ഈ കമ്മിറ്റികൾ ഇല്ലെങ്കിൽ ക്ഷേത്രങ്ങളിലെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഉത്സവങ്ങൾ നടത്താനും ദൈനംദിന കാര്യങ്ങളും ഭരണപരിപാടികളും നിശ്ചയിക്കാൻ കഴിയില്ല. ദേവസ്വത്തിനുതന്നെ ആളുകളെ നിശ്ചയിക്കാനില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലോ കൊച്ചി ദേവസ്വം ബോർഡിലോ ഒരു

ക്ഷേത്ര കമ്മിറ്റിയെ പിരിച്ചുവിട്ടാൽ ഒരു എക്സിക്യൂട്ടീവ് ഓഫീസറെ അങ്ങോട്ട് പറഞ്ഞുവിടാം, ഒരു ദേവസ്വം ബോർഡ് ജീവനക്കാരനെ അങ്ങോട്ട് പറഞ്ഞുവിടാം. മലബാർ ദേവസ്വം ബോർഡിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ 120 പേർ വേണ്ടിടത്ത് 60 പേരാണ് ആകെയുള്ളത്. 1400-ൽപ്പരം ക്ഷേത്രങ്ങളിൽ ആകെയുള്ളത് 40 എക്സിക്യൂട്ടീവ് ഓഫീസർമാരാണ്. അപ്പോൾ ഈ ഒരു നടപടികൊണ്ട് എന്തുമാത്രം കുഴപ്പങ്ങളാണ് ഈ ക്ഷേത്രങ്ങളിലുണ്ടായത്. ആരാണ് ഇതിന്റെ ഗുണഫലം അനുഭവിക്കുന്നത്; ആരാണ് ഇതിന്റെ ബെനിഫിഷ്യറി? നിങ്ങൾ ആരെ വേണമെങ്കിലും നിയമിച്ചോ. വിശ്വാസിയേയോ അവിശ്വാസിയേയോ ആരെ വേണമെങ്കിലും നിയമിക്കാം. പക്ഷേ നിങ്ങൾ ഒരുകാര്യം ആലോചിക്കണം, ഇതിന്റെയെല്ലാം ബെനിഫിഷ്യറി ബി.ജെ.പി.-യാണ്, സംഘപരിവാർ ശക്തികളാണ്. കാരണമെന്താണ്? കേരളത്തിൽ അവരുടെ പ്രചരണമെന്താണ്? ഹിന്ദുക്കൾ അപകടത്തിലാണ് എന്നുള്ള പ്രചരണമാണ് അവരുടേത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അവർ നടത്തുന്ന പ്രചരണം ഹിന്ദുക്കൾ അപകടത്തിൽ, ക്ഷേത്രങ്ങൾ അപകടത്തിൽ എന്നാണ്. ആ ബി.ജെ.പി., സംഘപരിവാർ ശക്തികൾ പറയുന്നത്, 'കണ്ടില്ലേ ഒരു സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉത്സവസീസണ് മുൻപ് ഈ കമ്മിറ്റികൾ മുഴുവൻ പിരിച്ചുവിട്ട് അനാഥത്വത്തിലാക്കി. ഈ ക്ഷേത്ര ഭരണവും ദേവസ്വം ബോർഡ് ഭരണവും സ്തംഭിച്ചിരിക്കുന്നു. നമ്മളെ നോക്കാൻ ആരുമില്ല' എന്നാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇങ്ങനെ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയരുത്. ഏത് ഹിന്ദുവാണ് അങ്ങനെ പറഞ്ഞത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അവിടെ ഇരിക്ക്. അങ്ങനെയൊന്നും പേടിപ്പിച്ച് ചോദിക്കരുത്, മര്യാദയ്ക്ക് ചോദിച്ചാൽ പറയാം. I am on my legs, You have no business. ഭീഷണിപ്പെടുത്തിയൊന്നും വഴങ്ങാൻ പറയരുത്. അവിടെയിരിക്ക്. ഞാൻ പറയട്ടെ, ഞാൻ പറഞ്ഞതിൽ എന്താ ഇത്ര കുഴപ്പം? ഈ പറയുന്ന വർഗ്ഗീയവാദം പ്രചരിപ്പിക്കുന്നവർക്ക് വളമിട്ട് കൊടുക്കുന്നതിനുവേണ്ടി, അവർക്ക് സൗകര്യം ചെയ്ത് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് യഥാർത്ഥത്തിലുള്ളത്. അതാണ് ഇവിടെ മുഴുവൻ ചെയ്തുകൊടുത്തത്. കഴിഞ്ഞ കുറേ നാളുകളായി നിങ്ങൾ ചെയ്തത് അതാണ്. നിങ്ങളുടെ സർക്കാർ അധികാരത്തിൽ വന്ന് ആദ്യത്തെ ഓണാഘോഷം വിവാദമാക്കി. ഓണം ആഘോഷിക്കുന്നതിനെക്കുറിച്ച് വിവാദമുണ്ടാക്കി. ആർക്കാണ് സ്പെയ്സ് ഉണ്ടാക്കികൊടുത്തത്; സംഘപരിവാർ ശക്തികൾ വന്നു പറഞ്ഞു, കണ്ടില്ലേ നമ്മുടെ ഓണംപോലും അപകടത്തിലാണ് എന്ന്. ഓണംപോലും ആഘോഷിക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്ന് പറഞ്ഞു. ഇവിടെ അഷ്ടമിരോഹിണി യാത്ര ബാലഗോകുലത്തിന്റെ പേരിൽ സംഘപരിവാർ നടത്തുന്നു. എത്ര വർഷമായി നടത്തുന്നു. അതിനെതിരായി പ്രചരണമുണ്ടായപ്പോൾ, അതിനെതിരായി പാരലൽ

പരിപാടി ഉണ്ടായപ്പോൾ അവർ പറഞ്ഞു, ദേ ശ്രീകൃഷ്ണന്റെ പേരിൽ ഒരു ഘോഷയാത്രപോലും നടത്താൻ ഞങ്ങളെ സമ്മതിക്കുന്നില്ല എന്ന്. അപ്പുറത്ത് നബിദിന ഘോഷയാത്ര നടത്തുന്നു. ഇതുപോലും ചെയ്യാൻ ഞങ്ങളെ അനുവദിക്കുന്നില്ല. അപ്പോൾ ഹിന്ദുക്കൾ അപകടത്തിലാണ് എന്നുള്ള വ്യാജമായ രാഷ്ട്രീയ പ്രചരണം സംഘപരിവാർ ശക്തികൾ നടത്തുമ്പോൾ നിങ്ങൾ അവർക്ക് സംസാരിക്കാൻ സ്പെയ്സ് ഇട്ടുകൊടുക്കുന്നു എന്നുള്ള ആക്ഷേപമാണ് ഞാൻ ഉന്നയിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇതൊരു ശരിയായ പ്രസ്താവനയല്ല. കാരണം കേരളത്തിലെ സംഘപരിവാർപോലും ഇത്തരത്തിൽ ഒരു പ്രചരണം നടത്തിയിട്ടില്ല. അപ്പോൾ ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ള ഒരു ഉത്തരവാദിത്തപ്പെട്ട കോൺഗ്രസ്സ് നേതാവ് ആർ.എസ്.എസ്.പോലും നടത്താത്ത ഒരു പ്രചരണം ഈ നിയമസഭയ്ക്കകത്ത് നടത്തുന്നത് കേരളത്തിൽ വലിയ ചലനമുണ്ടാക്കും. അതുകൊണ്ട് ഇത്തരം പ്രസ്താവനകൾ തിരുത്തണം. അത് പിൻവലിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതാണ് പ്രശ്നം, ഇതിൽ എന്ത് പോയിന്റാണ് ഉള്ളതെന്ന് എനിക്കറിയില്ല. അങ്ങാണ് തീരുമാനിക്കേണ്ടത്, ഞാനല്ല. ഈ പ്രചരണത്തിന്റെ ഒരു അപകടത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അവർ പ്രചരിപ്പിച്ചിരുന്നതെന്താണ്; ക്ഷേത്രങ്ങളുടെയും ദേവസ്വം ബോർഡുകളുടെയും വരുമാനം മുഴുവൻ സർക്കാർ കൊണ്ടുപോകുന്നു എന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ അതിന്റെ പ്രചരണം വർദ്ധിപ്പിച്ചു. കുറേ കഴിഞ്ഞപ്പോൾ ക്ഷേത്രങ്ങളുടെയും ദേവസ്വം ബോർഡുകളുടെയും വരുമാനം ശ്രീ. ഉമ്മൻ ചാണ്ടി കൊണ്ടുപോകുന്നു എന്നായി. മൂന്നാംഘട്ടത്തിൽ അവർ പറഞ്ഞത് ക്ഷേത്രങ്ങളിലെയും ദേവസ്വം ബോർഡുകളുടെയും വരുമാനം ശ്രീ. ഉമ്മൻ ചാണ്ടി കൊണ്ടുപോയി മുല്ലയ്ക്കും (Mullah is derived from the Quranic term Mawla) മുക്രിക്കും പെൻഷൻ കൊടുക്കുന്നുവെന്നാണ്. ആ രീതിയിൽ പ്രചരണം നടത്തി. ശ്രീ. ആർ. രാജേഷ് അത് കേൾക്കാത്തതിന് എനിക്കെന്ത് ചെയ്യാൻ കഴിയും. കേരളത്തിൽ ഏറ്റവും ഹീനമായ വർഗ്ഗീയമായ പ്രചരണം നടത്തി. അതുകൊണ്ട് ബി.ജെ.പി./സംഘപരിവാർ ശക്തികൾ ഹിന്ദുക്കളുടെയിടയിൽ വിഷം കുത്തി വയ്ക്കാൻ ശ്രമിച്ചത് ക്ഷേത്ര വിശ്വാസത്തിന്റെ പേരിൽ, ക്ഷേത്രാരാധനയുടെ പേരിലാണ് എന്നുള്ള യാഥാർത്ഥ്യം നമ്മൾ അറിയണം. രോഗം അറിഞ്ഞിട്ട് വേണം ചികിത്സിക്കാൻ. അല്ലാതെ എന്റെ മെക്കിട്ടു കേറിയിട്ട് യാതൊരു കാര്യവുമില്ല.

ശ്രീ. സി. കെ. നാണു: സർ, താങ്കൾ പറയുന്നതിൽ ന്യായമുണ്ടെന്ന് ആർക്കെങ്കിലും തോന്നുമോ? ഒന്നാമതായി കേരളത്തിലെ ദേവസ്വത്തിന് ലഭിക്കുന്ന വരുമാനം സംസ്ഥാന സർക്കാർ എടുക്കുന്ന പ്രശ്നമില്ല. അത് തിരുവിതാംകൂർ ദേവസ്വമായാലും കൊച്ചിൻ ദേവസ്വമായാലും ഗുരുവായൂർ ദേവസ്വമായാലും അങ്ങനെയാണ്. ഗവൺമെന്റുകൾ മാറിമാറി അധികാരത്തിൽ വരുമ്പോഴൊക്കെ ദേവസ്വം ബോർഡ് മെമ്പർമാരെ മാറ്റിയിട്ടില്ലേ? ദേവസ്വം കമ്മിറ്റികൾ മാറ്റിയിട്ടില്ലേ? താങ്കളെപ്പോലെയുള്ളവർ അങ്ങനെയൊരു സമീപനം സ്വീകരിച്ചത് ശരിയാണോ? ഒരു കാര്യം പറയുമ്പോൾ അത് ബി.ജെ.പി.-ക്ക് ഗുണകരമാകും, വർഗ്ഗീയവാദികൾക്ക് ഗുണകരമാകും എന്നുപറയുന്നത് ശരിയല്ല എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ മറുപടി തന്നെയാണ് എനിക്കും പറയാനുള്ളത്. അതിനുമുമ്പ് അങ്ങ് ഇടപെട്ടതിനാൽ ഞാൻ എന്തുചെയ്യും? കഴിഞ്ഞ പ്രാവശ്യം ഞാൻ തന്നെയാണ് ഈ നിയമസഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നത്. ആ സബ്മിഷനിലെ പ്രധാനപ്പെട്ട ചോദ്യം, ക്ഷേത്രങ്ങളിലെയും ദേവസ്വം ബോർഡുകളിലെയും വരുമാനത്തിൽനിന്ന് സർക്കാർ എന്തെങ്കിലും എടുക്കുന്നുണ്ടോ? ആദ്യത്തെ ചോദ്യം അതായിരുന്നു. രണ്ടാമത്തെ ചോദ്യം, സർക്കാർ അവർക്ക് എന്തെങ്കിലും നൽകുന്നുണ്ടോ എന്നതാണ്. അന്നത്തെ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ വളരെ വിശദമായ ഒരു മറുപടി തന്നു. ആ മറുപടിയിൽ ദേവസ്വം ബോർഡുകളുടേയും ക്ഷേത്രങ്ങളുടേയും വരുമാനത്തിൽനിന്ന് ഒരു നയാ പൈസപോലും ഒരു സർക്കാരും എടുക്കുന്നില്ല എന്നു വ്യക്തമാക്കി. എന്നുമാത്രമല്ല ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾക്കും മലബാർ ദേവസ്വം ബോർഡിനും ഗുരുവായൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വം ബോർഡിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനുമെല്ലാം സർക്കാർ അങ്ങോട്ട് പണം നൽകുന്നുണ്ടെന്ന കണക്കുകൾ ഔദ്യോഗികമായി പുറത്തുവന്നു. ഞങ്ങൾ ഓരോ ദേവസ്വം ബോർഡിന്റേയും ചീഫ് അക്കൗണ്ട്സ് ഓഫീസർമാരുമായി ബന്ധപ്പെട്ട് കണക്കുകൾ ശേഖരിച്ചു, ഗവേഷണങ്ങൾ നടത്തി. ഏതെങ്കിലും കാലഘട്ടത്തിൽ പണമെടുത്തിട്ടുണ്ടോ എന്ന് ഒരു മാസക്കാലം നീണ്ടുനിന്ന പരിശോധന നടത്തിയിട്ടാണ് ആധികാരികമായ ഒരു മറുപടി ഈ സഭയിൽ തന്നത്. ഞാൻ ഇപ്പോഴും ഓർക്കുന്നു, ഈ സഭയിലെ പ്രതിപക്ഷത്തും ഭരണകക്ഷിയിലും ഉൾപ്പെട്ട 110-ഓളം എം.എൽ.എ.-മാർ അന്നത്തെ മറുപടി വാങ്ങിക്കൊണ്ടുപോയി. അന്നത്തെ പാർട്ടി സെക്രട്ടറിയും ഡെപ്യൂട്ടി ലീഡറുമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ വന്ന് എന്നെ അഭിനന്ദിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു, ഇത് എല്ലാപേർക്കും കൊടുക്കണം, ഞങ്ങളുടെ ആളുകൾക്കും കൊടുക്കണമെന്ന്. ഇതിന്റെ പ്രചരണം നമ്മൾ നടത്തണം, കാരണം എം.എൽ.എ.-മാർപോലും വിശ്വസിച്ചിരുന്നത്

പല ക്ഷേത്രങ്ങളുടേയും ദേവസ്വം ബോർഡുകളുടേയും വരുമാനം സർക്കാർ എടുക്കുന്നുണ്ടെന്നാണ്. ആ തെറ്റിദ്ധാരണ വളരെ പ്രധാനപ്പെട്ട ആളുകൾക്കുപോലും ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിനുശേഷം അതു സംബന്ധിച്ച് വിഷ്വൽ മീഡിയയിലെല്ലാം വലിയ തർക്കങ്ങളും വിവാദങ്ങളുമുണ്ടായി. ആ വിവാദങ്ങളെത്തുടർന്ന് ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല എന്നുപറഞ്ഞ് വെല്ലുവിളിച്ചു. അതിന്റെ രേഖകൾ ഹാജരാക്കി, ശശികല ടീച്ചർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സംഘ്പരിവാർ നേതാക്കളുടെ പ്രസംഗങ്ങൾ ഉൾപ്പെട്ട സി.ഡി.കൾ വിഷ്വൽ മീഡിയയിൽ ഹാജരാക്കി. അവസാനം അവർ അത് പിൻവലിച്ചു. ഇന്ന് എനിക്ക് വളരെയധികം അഭിമാനമുണ്ട്, ഇന്ന് കേരളത്തിലെ സംഘ്പരിവാർ നേതാക്കളിൽ ഒരാൾപോലും ക്ഷേത്രങ്ങളുടെയും ദേവസ്വം ബോർഡുകളുടെയും വരുമാനം സർക്കാർ കൊണ്ടുപോകുന്നു എന്നുള്ള ആരോപണം ഉന്നയിക്കുന്നില്ല. പക്ഷേ നമ്മൾ ശ്രദ്ധിക്കണം. ഹിന്ദുക്കൾ അപകടത്തിലാണെന്ന വർഗ്ഗീയ വിഷമുണ്ടാക്കുന്ന ഏറ്റവും വലിയ പ്രചരണമാണ് അവർ നടത്തുന്നത്. ഹിന്ദുക്കൾ അപകടത്തിലാണ് എന്നുപറഞ്ഞ് നടത്തുന്ന വർഗ്ഗീയ പ്രചരണങ്ങൾ ചില സ്ഥലങ്ങളിൽ വേരുപിടിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നമ്മൾ അറിയണം. ഞാൻ അതുകൊണ്ടാണ് നേരത്തെ പറഞ്ഞത്, രോഗമെന്താണെന്ന് അറിഞ്ഞിട്ടുവേണം ചികിത്സ നടത്താൻ എന്ന്. അതിന് നമ്മൾ മരുന്ന് നൽകണം. വേരുപിടിക്കാനാവശ്യമായ അന്തരീക്ഷം നമ്മൾ സൃഷ്ടിക്കരുത്. ഏരിയ കമ്മിറ്റികളിൽ ആളുകളെ നിയമിക്കുമ്പോൾ ചെയ്യേണ്ടത്, അവിടെയുള്ള നിങ്ങളുടെ പാർട്ടിക്കാരെയാണ് വയ്ക്കുന്നതെങ്കിൽ, നിങ്ങളുടെ പാർട്ടിയുടെ അനുഭാവിയായ, ദൈവവിശ്വാസികളായ, ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുകളെ നിയമിക്കണം. ക്ഷേത്രാരാധനയിൽ വിശ്വസിക്കാത്ത, ക്ഷേത്രങ്ങളിൽ വിശ്വസിക്കാത്ത, ദൈവങ്ങളിൽ വിശ്വസിക്കാത്ത ആളുകളെ, ഏരിയ കമ്മിറ്റികളിൽ നിയമിച്ചാൽ അതിന്റെ ഗുണം ആർക്കാണ് ലഭിക്കുന്നത്? സംഘ്പരിവാർ ശക്തികൾ കേരളത്തിലെ ക്ഷേത്ര കമ്മിറ്റികൾ പിടിച്ചെടുക്കാൻ ശ്രമം നടത്തുകയാണ്. ബഹുഭൂരിപക്ഷം ക്ഷേത്രകമ്മിറ്റികളും അവരുടെ നിയന്ത്രണത്തിലാണ്. അതിന്റെ സബ്സിഡിയറിയായി രാമായണം വായനയുണ്ട്. അതുപോലെ എന്തെല്ലാം സബ്കമ്മിറ്റികളുടെ ബ്രാഞ്ചുകൾ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുണ്ട്. ക്ഷേത്രങ്ങളിൽ നിന്നാണ് കേരളത്തിലെ വർഗ്ഗീയതയ്ക്ക് വർഗ്ഗീയ വിഷം പരത്തുന്നതിനുള്ള ശ്രമം നടത്തുന്നത്. ക്ഷേത്രങ്ങൾ മലിനമാക്കാൻ ശ്രമിക്കുകയാണ്. ആ ഘട്ടത്തിൽ നമ്മൾ അതിനനുസരിച്ചുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ പാടില്ല. ദൗർഭാഗ്യവശാൽ, ഈ സർക്കാരിന്റെ തീരുമാനം, ഫെബ്രുവരി 3-ാം തീയതി ഒരു ഓർഡിനൻസ് ഇറക്കി ഉൽസവകാലം നീണ്ടുനിൽക്കുന്ന 4 മാസത്തിനുമുമ്പ് ഈ ക്ഷേത്ര കമ്മിറ്റികൾ ഇല്ലാതാക്കി ഭരണം സ്തംഭിപ്പിച്ചു. ദേവസ്വം ബോർഡിന്റെ ഭരണം സ്തംഭിപ്പിച്ച ഈ നടപടി ഇത്തരം വർഗ്ഗീയ ശക്തികൾക്ക് വളരാൻ സഹായകരമാകും. ഇവിടെ എന്തും പ്രചരിപ്പിക്കുകയാണ്. മഹാഭാരതം എന്ന പേരിൽ പുതിയ സിനിമ

വരികയാണ്. ശ്രീ. എം. ടി. വാസുദേവൻ നായരുടെ പുസ്തകമായ രണ്ടാമൂഴമാണ് സിനിമയാകുന്നത്. ഒരു പ്രധാന നേതാവ് പറഞ്ഞിരിക്കുന്നത്, മഹാഭാരതം എന്ന പേരിടാൻ പാടില്ല, രണ്ടാമൂഴമെന്ന പേരുതന്നെ ഇട്ടുകൊള്ളണമെന്നാണ്. മഹാഭാരതം എന്നുപറയുന്നതും രാമായണം എന്നുപറയുന്നതുമൊക്കെ പുരാണഗ്രന്ഥങ്ങളാണ്. അത് എല്ലാപേരും ഉൾക്കൊള്ളുന്നതാണ്. നമ്മൾ എല്ലാപേരും അത് കേട്ടുപഠിച്ചത്, അമ്മമാരുടേയും മുത്തശ്ശിമാരുടേയും മടിയിൽ കിടന്ന് അവരുടെ ചുണ്ടുകളിൽനിന്ന് നമ്മുടെ കാതുകളിലേയ്ക്ക് ഉതിർന്നുവീണ വാക്കുകൾ കേട്ടിട്ടാണ്. അവരാരും പണ്ഡിതരായിരുന്നില്ല, നിരക്ഷരരായിരുന്നു, തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട കഥകളാണ്. നമ്മൾ മടിയിൽ കിടക്കുമ്പോൾ നമ്മുടെ മുടിയിലൂടെ വാത്സല്യത്തിന്റെ വിരലുകൾ ഓടിച്ച്, നമ്മളോട് പറഞ്ഞുതന്നിരുന്ന കഥകൾ, നമ്മൾ വലുതായപ്പോൾ അതിന്റെ വേറെ വ്യാഖ്യാനങ്ങൾ വായിച്ചുകാണും. പക്ഷേ അതിന്റെ അടിസ്ഥാനം എന്നുപറയുന്നത് അമ്മമാരും മുത്തശ്ശിമാരും പറഞ്ഞുതന്ന കഥകളാണ്. മഹാഭാരതത്തിനും രാമായണത്തിനും എത്രമാത്രം വ്യാഖ്യാനം ഇന്ത്യയിലുണ്ട്. സീതയുടെ പിതാവാണ് രാവണൻ എന്നാണ് വടക്കേ ഇന്ത്യയിൽ ഒരു രാമായണത്തിൽ പറയുന്നത്. വ്യത്യസ്തമായ കഥകളുണ്ട്. മഹാഭാരതത്തിന്റെ വ്യത്യസ്തമായ വേർഷൻസുണ്ട്. കർണ്ണനെ പ്രധാന കഥാപാത്രമാക്കി മറാഠി നോവലിസ്റ്റായ ശിവാജി സാവന്തിന്റെ അതിമനോഹരമായ നോവലുണ്ട്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... വയലാർ രാമവർമ്മയുടെ രാവണപുത്രി എന്നുപറഞ്ഞ് ഒരു കവിതയുണ്ട്, സീത രാവണന്റെ പുത്രിയാണെന്നാണ് പറയുന്നത്. മഹാഭാരതത്തെ സംബന്ധിച്ചാണെങ്കിൽ വേദവ്യാസൻ എഡിറ്റർ എന്ന നിലയ്ക്കാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല. ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങനെ പല വേർഷൻസുണ്ട്. സി. രാജഗോപാലാചാരിയുടെ മഹാഭാരതമുണ്ട്, പി. കെ. ബാലകൃഷ്ണന്റെ വേറൊരു വേർഷനുണ്ട്. കുന്തിയേയും സ്ത്രീകഥാപാത്രങ്ങളേയും ഉൾപ്പെടുത്തിയുള്ളതാണ് അത്. എ.ഡി.ജി.പി. ബി. സന്ധ്യയുടെ ഇതളുകൾ എന്ന നോവലുണ്ട്, കമ്പരാമായണമുണ്ട്, അങ്ങനെ ധാരാളമുണ്ട്. എം. ടി. വാസുദേവൻ നായരുടെ രണ്ടാമൂഴംപോലെ ധാരാളമുണ്ട്. എല്ലാ മലയാളികൾക്കും അതൊക്കെ ഇഷ്ടവുമാണ്. നമ്മളെല്ലാം വായിക്കുന്നവരാണ്, ഒരു സിനിമയുടെ പേര് നിശ്ചയിക്കുമ്പോൾപോലും അത് പാടില്ല എന്നുള്ള രീതിയിൽ സംസാരിക്കുന്ന നാടായി കേരളം മാറുകയാണ്. നിങ്ങൾ ശ്രദ്ധിക്കണം, അത്തരം ആളുകൾക്ക് അവസരമുണ്ടാക്കിക്കൊടുക്കാൻ പാടില്ല എന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ ചോദിക്കാൻ വന്നത് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന വിഷയം തന്നെയാണ്. നേരത്തെ മുസ്ലീങ്ങൾക്കും നമ്മുടെ ക്ഷേത്രങ്ങളിലുള്ള വരുമാനം നൽകുന്നുവെന്നതിനെക്കുറിച്ചുള്ള വിഷം കലർന്ന പ്രചരണം നടത്തുന്ന, അങ്ങനെ പറയുന്നതിൽ തെറ്റില്ലെന്നു തോന്നുന്ന ശശികല ടീച്ചർമാർ, അങ്ങനെ പറയുന്നതിനെതിരായി അങ്ങ് ഉയർത്തിയ വാദഗതികൾ അങ്ങേയറ്റം അഭിനന്ദനാർഹമാണ്. അതിന്റെ ഏറ്റവും ഒടുവിലത്തേതാണ് ഞാൻ ഇപ്പോൾ പറയാൻ വന്നത്. രണ്ടാമൂഴം സിനിമയാക്കുമ്പോൾ മഹാഭാരതം എന്നപേരു സ്വീകരിക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് കടുത്ത വിഷം ചീറ്റാൻ തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളത് പറയാനാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊക്കെ വളരെ ഗൗരവകരമായ വിഷയമാണ്. നമ്മുടെ സാമൂഹ്യാന്തരീക്ഷത്തിൽ, നമ്മുടെ സാംസ്കാരികാന്തരീക്ഷത്തിൽ, നമ്മൾ വളരെ മതേതരത്വം ഉണ്ടെന്നഭിമാനിക്കുന്ന കേരളത്തിൽ, ആദ്യം ഇത്തരത്തിൽ പ്രചരണമുണ്ടായപ്പോൾ ഞങ്ങളെല്ലാം തീർത്തും അവഗണിച്ചു. ഞങ്ങൾ ഇത് മൈൻഡ് ചെയ്തില്ല, കാരണം ഇങ്ങനെയുള്ള സംഭവങ്ങളൊന്നും കേരളത്തിൽ ഒരു കാരണവശാലും വേരുപിടിക്കില്ല എന്നുള്ള വിശ്വാസമായിരുന്നു നമ്മളെ നയിച്ചത്. പക്ഷെ കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പ് പ്രമാണിച്ച് വീടുകൾ കയറിയിറങ്ങിയപ്പോഴാണ് ഇത്തരം കാര്യങ്ങൾക്ക് വേരുകളുണ്ടായി എന്ന് ബോദ്ധ്യപ്പെട്ടത്. ആ തെരഞ്ഞെടുപ്പ് കഴിഞ്ഞുവന്ന ഉടൻതന്നെയാണ് നിയമസഭയിൽ ഇത് അവതരിപ്പിച്ച് അതിനുള്ള കൃത്യമായ മറുപടി ലഭ്യമാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ കുറേക്കൂടി സൂക്ഷ്മത വേണം. നിലവിലുള്ള കമ്മിറ്റികൾ പിരിച്ചുവിട്ട് നിങ്ങളുടെ ആളുകളെ നിയമിക്കാൻ ആഗ്രഹമുണ്ടാകും, പക്ഷെ അതിനുള്ള സമയവും സന്ദർഭവും അപ്പോഴുള്ള മലബാറിലെ സാമൂഹികാന്തരീക്ഷവും മനസ്സിലാക്കണം. ഇപ്പോൾ ദേവസ്വം ബോർഡ് നന്നാക്കാനോ അല്ലെങ്കിൽ ക്ഷേത്രങ്ങൾ നന്നാക്കാനോ ഉള്ള വലിയ പുരോഗമനപരമായ അല്ലെങ്കിൽ വിശ്വാസപരമായ ഒരു നടപടിയാണ് ഇതെന്ന് നമുക്ക് പറയാൻ കഴിയുകയില്ല. അങ്ങനെയാണെങ്കിൽ മലബാർ ദേവസ്വം ബോർഡിൽ വളരെ ഗൗരവകരമായ പ്രശ്നങ്ങളുണ്ട്. അവിടെ കോമൺ ഫണ്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1239 ക്ഷേത്രങ്ങളുള്ളതിൽ വരുമാനമുള്ള ക്ഷേത്രങ്ങളുടെ പണംകൂടി ഉപയോഗിച്ച് കൊണ്ടാണ് ബാക്കിയുള്ള ക്ഷേത്രങ്ങളുടെ ചെലവ് നടത്തുന്നത്. ശബരിമലയിൽ നിന്നൊക്കെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ചുകൊണ്ടാണ് ബാക്കിയുള്ള ക്ഷേത്രങ്ങളിൽ നിലവിളക്ക് തെളിയിക്കുന്നത്. അതുപോലെ ഒരു കോമൺ ഫണ്ട് മലബാർ ദേവസ്വം ബോർഡിനില്ല. അവിടെ ലാഭത്തിലോടുന്ന ക്ഷേത്രങ്ങളുടെ വരുമാനമെടുത്ത് നിവൃത്തിയില്ലാത്ത ക്ഷേത്രങ്ങൾക്ക് നൽകാൻ കഴിയാത്ത

സാഹചര്യമാണ്. അവിടെ ജീവനക്കാരില്ല, ലഭിക്കുന്ന ശമ്പളം വളരെ തുച്ഛമാണ്. കേരളത്തിൽ ഏറ്റവും ദയനീയമായ സാഹചര്യത്തിൽ ജോലി ചെയ്ത് ജീവിക്കുന്നവർ ആരാണ്? നേരത്തേ കയർ തൊഴിലാളികളായിരുന്നു. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായി വന്നപ്പോൾ 110 രൂപയായിരുന്നു വേതനം. അത്രയുംപോലും പണം മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും അവിടെ ജോലിയെടുക്കുന്ന ആളുകൾക്കും ലഭിക്കുന്നുണ്ടോ? 60 രൂപ ശമ്പളത്തിന് ജോലി ചെയ്യുന്നവരുണ്ട്. ഞാനൊരിക്കൽ പറഞ്ഞു, കരിപുരണ്ട മുണ്ടുമായി, പിഞ്ചിയ വസ്ത്രവുമായി, തോളിൽ അമ്പലത്തിൽ നിന്ന് കിട്ടുന്ന ഈ പടച്ചോറ് ഒരു ഇലക്കീറിട്ട് മൂടി, വീട്ടിൽ അതിനുവേണ്ടി കാത്തിരിക്കുന്ന കുഞ്ഞുങ്ങളുടെ അടുത്തേയ്ക്ക് കൊണ്ടുപോകുന്ന എത്രയോ ക്ഷേത്രം ജീവനക്കാരുണ്ട്. അതുകൊണ്ട് ജീവിക്കുന്ന എത്രയോ പാവങ്ങൾ, ഞാൻ പറയുന്ന ഞങ്ങളുടെ ഭരണകാലത്തും പരിഹാരമൊന്നും ഉണ്ടായിട്ടില്ല, കുറേ കാര്യങ്ങൾ ചെയ്തു. പക്ഷേ നമുക്ക് ഗൗരവതരമായി, മനുഷ്യരായി ജീവിക്കാനുള്ള അവകാശം അവർക്കുംകൂടി കൊടുക്കണ്ടേ? അത്തരം ഗൗരവതരമായ തീരുമാനങ്ങളിലേക്ക് അങ്ങ് പോയാൽ അങ്ങയേയും ഈ സർക്കാരിനെയും ഞങ്ങൾ അഭിനന്ദിക്കും, അതിന്റെകൂടെ ഞങ്ങളുണ്ടാകും. പക്ഷേ ഇപ്പോൾ ചെയ്തത് അനീതിയാണ്, അധർമ്മമാണ്, ചെയ്യാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി പരിശോധിക്കേണ്ടതാണ്. മലബാർ ദേവസ്വത്തിന്റെ അവസ്ഥയെ സംബന്ധിച്ച് അംഗങ്ങൾ പ്രകടിപ്പിച്ചിട്ടുള്ള പൊതുവായ വികാരത്തോട് ഞാൻ യോജിക്കുകയാണ്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ ദേവസ്വം ബോർഡുകളെപ്പോലെയല്ല മലബാർ ദേവസ്വം ബോർഡിന്റെ നടത്തിപ്പ്. 1951-ലെ എച്ച്.ആർ.&സി.ഇ XIX-ാം മദ്രാസ് ആക്ട് (The Madras Hindu Religious and Charitable Endowments Act, 1951)-ലെ സെക്ഷൻ 12 പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിൽ കാസർകോഡ്, തലശ്ശേരി, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ഡിവിഷനുകളിലായി 5 ഏരിയാ കമ്മിറ്റികളുണ്ട്. ഇവിടെ വളരെ പരിണിതപ്രജ്ഞരായിട്ടുള്ള അംഗങ്ങൾ, ശ്രീ. വി. ഡി. സതീശനെപ്പോലുള്ള ആളുകൾ, കാര്യങ്ങളൊക്കെ നന്നായി പഠിച്ച് പറയുന്നവരാണ്. പക്ഷേ ഈ പ്രാവശ്യം അത് ശ്രദ്ധിച്ചില്ല എന്ന് തോന്നുന്നു. ഒരു 'Erratum' പുറപ്പെടുവിച്ചത് അങ്ങയുടെയും ഇവിടെ ആരുടേയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു. ബുള്ളറ്റിൻ ഭാഗം-2, (നമ്പർ 202) 2017 ഏപ്രിൽ, 24-ാം തീയതി ഈ ഓർഡിനൻസ് വരുന്നതിന്

തുടർച്ചയായി ഒരു ചെറിയ പിശക്, നിയമ വകുപ്പിന് സംഭവിച്ച തെറ്റ് തിരുത്തിക്കൊണ്ട് ഒരു Erratum പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. നിങ്ങൾ ഭേദഗതിയായി കൊണ്ടുവന്നത്, ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന 7 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ് എന്ന ഒറ്റ വാചകമാണ്. നിങ്ങൾ വേറൊന്നും കൊണ്ടുവന്നില്ല. അത് മനസ്സിലാക്കാതെയാണ് ഇവിടെ ഒച്ചവച്ചതും ബഹളമുണ്ടാക്കിയതും. അത് മനസ്സിലാക്കേണ്ടതായിരുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, അത് ഈ ബില്ലിൽ തന്നെപറയുന്നുണ്ട്, 1951 -ലെ ആക്ടിന്റെ 13-ാം വകുപ്പ്....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ ആക്ടിലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് "ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്" എന്നാണ്. 2008-ൽ കൊണ്ടുവന്ന വ്യവസ്ഥയനുസരിച്ച് ഏരിയാ കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷമായിരുന്നു. ...(ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ..

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അനുവദിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് സർക്കുലേറ്റ് ചെയ്ത ബില്ലാണ്. അമെന്റ് ചെയ്യുന്ന ഭാഗം ആദ്യം സർക്കുലേറ്റ് ചെയ്യുന്ന ബില്ലിലുണ്ടാകും, നിലവിലെ ബില്ലിലെ എക്സ്ട്രാക്റ്റുമുണ്ടാകും. അതനുസരിച്ച് ആ ബില്ലിന്റെ 4-ാം പേജിൽ 13-ാം ക്ളോസാണ് ഇവിടെ ഭേദഗതി വരുത്തുന്നത്. ആ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാണ് എന്നാണ് പറയുന്നത്. അതായത് (എ) മുതൽ (എഫ്) വരെ സ്ട്രക്ച്ചറിനെക്കുറിച്ചുള്ള കൃത്യമായ വിവരവുമുണ്ട്. 7 അംഗങ്ങൾ എന്നത് വെറുതെ പറഞ്ഞിരിക്കുകയാണെന്ന് അങ്ങ് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; അത് ഓർഡറിലാണോ? ഇവിടെ സർക്കുലേറ്റ് ചെയ്ത ബില്ലിലുള്ള കാര്യം ഇല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ എങ്ങനെ ശരിയാകും?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒരു പോരായ്മ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ആ പോരായ്മ ബോദ്ധ്യപ്പെട്ടപ്പോൾ, നിയമ വകുപ്പിന് പറ്റിയ പിശക് ബോദ്ധ്യപ്പെട്ടപ്പോൾ തന്നെ അതിന്റെ erratum (ശുദ്ധിപത്രം) പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഇത് ഇവിടെ നേരത്തേ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്.

<u>മി. സ്പീക്കർ</u>: മന്ത്രി ശുദ്ധിപത്രം സമർപ്പിച്ചു എന്നാണ് പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇക്കാര്യം ഇവിടെ ആരും പറഞ്ഞില്ലെന്നാണ് പറഞ്ഞത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പട്ടികജാതി ഒന്ന്, പട്ടികവർഗ്ഗം ഒന്ന് എന്നൊക്കെ നേരത്തേയുണ്ടായിരുന്നത് ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, പട്ടിജാതി/പട്ടികഗോത്രവർഗ്ഗം എന്നാണുണ്ടായിരുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ പറഞ്ഞോട്ടെ, 2008-ൽ ഞങ്ങൾ അവതരിപ്പിച്ച നിയമത്തിൽ 7 അംഗങ്ങളുള്ള ഏരിയാ കമ്മിറ്റിയുടെ ഘടന താഴെപ്പറയുന്ന പ്രകാരമായിരുന്നു :

ഹിന്ദു തത്വജ്ഞാനി -1, സാമൂഹ്യ പരിഷ്കർത്താവ് -1, ഉപദേശക സമിതി പ്രതിനിധി -1, പട്ടികജാതി/പട്ടികഗോത്രവർഗ്ഗ സമുദായ പ്രതിനിധി -1, വനിത -1, മറ്റുള്ളവരിൽനിന്നും - 2 പ്രതിനിധികൾ.

എന്നാൽ നിങ്ങളുടെ 10-11-2012-ലെ 59-ാം നമ്പർ ഓർഡിനൻസിലൂടെ ഏരിയാ കമ്മിറ്റികൾക്കുണ്ടായിരിക്കേണ്ട മേൽപ്പറഞ്ഞ ജനപ്രാതിനിധ്യവും പങ്കാളിത്തവും ഒഴിവാക്കുകയും ഏരിയാ കമ്മിറ്റികളുടെ കാലാവധി 3 കൊല്ലത്തിൽ നിന്ന് 2 കൊല്ലമാക്കി കുറയ്ക്കുകയും ചെയ്തു. ഇതാണ് സംഭവിച്ചത്. പ്രത്യേകിച്ച് ഇതുപോലുള്ള പട്ടികയൊന്നും തയ്യാറാക്കി നിങ്ങൾ പറഞ്ഞിരുന്നില്ല. ഏഴ് അംഗങ്ങളെ മാത്രമേ പറഞ്ഞിരുന്നുള്ളൂ. ഇപ്പോൾ ...(ബഹളം).. മൂന്ന് വർഷം എന്നത് രണ്ടാക്കി.

<u>മി. സ്പീക്കർ</u>: അദ്ദേഹം പറയട്ടെ.... (ബഹളം)...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിയമസഭാ ലൈബ്രറിയിൽ നിന്നും ഏറ്റവും ലേറ്റസ്റ്റ് ആയി ലഭിച്ച ആക്ട് അനുസരിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഇതെല്ലാം നോക്കിത്തന്നെയാണ് നിയമസഭയിൽ പ്രസംഗിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ സെക്ഷൻ 39 പ്രകാരം നിയമിക്കപ്പെടുന്ന പാരമ്പര്യേതര ട്രസ്റ്റിമാരുടെ കാലാവധി നിലവിലുള്ള അഞ്ച് വർഷത്തിൽനിന്ന് 2012-ൽ രണ്ട് വർഷമായി കുറയ്ക്കുകയുണ്ടായി. അതോടൊപ്പംതന്നെ തൽസമയം ചുമതലവഹിച്ചിരുന്ന മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ഏരിയാ കമ്മിറ്റികളെയും

പാരമ്പര്യേതര ട്രസ്റ്റിമാരെയും യു.ഡി.എഫ്. പിരിച്ചുവിട്ടു. പിന്നീട് മേൽപ്പറഞ്ഞ ഭേദഗതി ഓർഡിനൻസ് പല വേളകളിലായി പുതുക്കുകയും അവസാനം 3-12-2014-ന് 2014-ലെ ആക്ട് (2) പ്രകാരം നിയമഭേദഗതി നിലവിൽ വന്നപ്പോൾ അഞ്ച് ഏരിയാ കമ്മിറ്റികളേയും നൂറ് കണക്കിന് പാരമ്പര്യേതര ട്രസ്റ്റികളേയും പിരിച്ച് വിടുകയുമുണ്ടായി. തുടർന്ന്, ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ കാലയളവിൽ നിയമിക്കപ്പെട്ട ഏരിയാ കമ്മിറ്റികളും പാരമ്പര്യേതര ട്രസ്റ്റിമാരും നാളിതുവരെയും തുടർന്ന് വരികയായിരുന്നു. എന്നാൽ ആ ഏരിയാ കമ്മിറ്റികളിൽ ഹിന്ദുമതത്തിൽ ഉൾപ്പെട്ട വിവിധ മേഖലകളിലുള്ളവർക്ക് വേണ്ട രീതിയിൽ പ്രാതിനിധ്യമില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ഭേദഗതി കൊണ്ടുവന്നത്. എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അങ്ങ് ചോദിക്കുകയുണ്ടായി. എല്ലാ വിഭാഗത്തിനും വേണ്ടത്ര പ്രാതിനിധ്യമില്ല. ആ പശ്ചാത്തലത്തിലാണ് ഏരിയാ കമ്മിറ്റിയുടെയും പാരമ്പര്യേതര ട്രസ്റ്റിമാരുടെയും കാലാവധി നാലുവർഷമാക്കിക്കൊണ്ടും ഏരിയ കമ്മിറ്റിയുടെ അംഗസംഖ്യയിൽ യാതൊരു മാറ്റവും വരുത്താതെയും ആയതിന്റെ ഘടനയിൽ ഒരു പട്ടികജാതി/പട്ടികവർഗ്ഗം, ഒരു വനിതാ അംഗം, ഒരു ദാർശനികൻ അല്ലെങ്കിൽ ക്ഷേത്രകലകളിലും സാഹിത്യത്തിലും പ്രാവീണ്യമുള്ളവർ എന്നിവർക്കുപുറമേ മറ്റ് നാല് സാധാരണ വിഭാഗങ്ങളും ഉൾപ്പെടുത്തിയത്. ഇതിൽ ഏത് വിഭാഗവുമാകാം. നാല് വിഭാഗത്തിനും പ്രാതിനിധ്യം നൽകിക്കൊണ്ടാണ് 2017-ലെ (2)-ാം നമ്പർ ഓർഡിനൻസ് നിലവിൽ വന്നത്. ഈ ഓർഡിനൻസ് വന്നതോടുകൂടി മലബാർ മേഖലയിലെ ദേവസ്വങ്ങളുടെ പ്രവർത്തനങ്ങൾക്കാകെ താളപ്പിഴ വന്നു അല്ലെങ്കിൽ ഉത്സവങ്ങൾ നടത്താൻ കഴിയാത്തൊരു അവസ്ഥയുണ്ടായി, ഇതെല്ലാം ബി.ജെ.പി.-ക്കാർ വല്ലാതെ മുതലെടുത്തു എന്നൊക്കെ ശ്രീ. വി. ഡി. സതീശൻ ഉന്നയിക്കുകയുണ്ടായി. ഞാൻ ദേവസ്വം വകുപ്പിന്റെ മന്ത്രിയാണ്. ഞാൻ മലബാർ മേഖലയിലുള്ള ധാരാളം ക്ഷേത്രങ്ങളിലും ഉത്സവങ്ങളിലും പങ്കെടുത്തിട്ടുള്ള ഒരാളാണ്. അവിടെയൊക്കെ ഉത്സവങ്ങൾ നടത്തുന്നതിന് ഒരു പ്രശ്നവും വന്നിട്ടില്ല. ഏതെങ്കിലും ഒരു അമ്പലത്തിൽ ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, 3-2-2017-ൽ ഓർഡിനൻസ് നിലവിൽ വന്നതുമുതൽ ഏരിയാ കമ്മിറ്റിയുടെ അഭാവത്തിൽ നിയമത്തിലെ 19 3(b) വകുപ്പുപ്രകാരം ഏരിയാ കമ്മിറ്റിയുടെ ചുമതല അതാത് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയിട്ടുണ്ട്. അതിനാൽ ഏരിയാ കമ്മിറ്റി ഇല്ലാതായതുമൂലം യാതൊരു ഭരണസ്തംഭനവും ഉണ്ടായിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. ട്രസ്റ്റിമാരുടെ ചുമതല സംബന്ധിച്ച് പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ അതാത് ട്രസ്റ്റി ബോർഡ് ചെയർമാൻമാർക്ക് ചുമതല നൽകിയിട്ടുണ്ട്. സാധാരണയായി ഇക്കാര്യങ്ങളെല്ലാം അങ്ങ് മനസ്സിലാക്കി സംസാരിക്കുന്ന ഒരാളാണ്. ഇന്ന് കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിച്ചത്. എക്സിക്യൂട്ടീവ് ഓഫീസർമാർ എല്ലാ ക്ഷേത്രങ്ങളിലും ഇല്ലെന്ന് അങ്ങ്

സൂചിപ്പിക്കുകയുണ്ടായി; അത് ശരിയാണ്. എക്സിക്യൂട്ടീവ് ഓഫീസർമാരുള്ള ക്ഷേത്രങ്ങളിൽ അവരും പാരമ്പര്യ ട്രസ്റ്റിമാർ ഭരിക്കുന്ന ക്ഷേത്രങ്ങളിൽ അങ്ങനെയും ഇവ രണ്ടുമില്ലാത്ത ക്ഷേത്രങ്ങളിൽ പുതിയ ട്രസ്റ്റി ബോർഡ് നിലവിൽ വരുന്നതുവരെ നിലവിലുള്ള ട്രസ്റ്റി ബോർഡ് ചെയർമാന്മാരെ ഭരണച്ചുമതലയിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞ പോയിന്റിന് അങ്ങ് മറുപടി നൽകിയില്ല. ഫെബ്രുവരി 3-ാം തീയതി, ഒരു ഉത്സവ കാലത്തിന് തൊട്ടുമുമ്പ്, ഒരു ഏരിയ കമ്മിറ്റിയുടെ ചാർജ് കമ്മീഷണർക്ക് നൽകിയത് എന്തിനാണ്? കമ്മീഷണർ ചാർജ് വഹിച്ചാൽ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറവ് ജീവനക്കാരുള്ള ദേവസ്വം ബോർഡാണിത്; ഏറ്റവും മോശമായി ചെയ്യാൻ കഴിയുന്ന ആളുകൾ കുറവുള്ള സമയമാണ്. എന്തുകൊണ്ടാണ് ഫെബ്രുവരിയിൽ ഈ പണി ചെയ്തത്? എന്ത് അത്യാവശ്യമായിരുന്നു ഉണ്ടായിരുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഫെബ്രുവരി 3 എന്നൊക്കെ ചോദിക്കുന്നത് ആവശ്യമില്ലാത്ത ചോദ്യങ്ങളാണ്. സർക്കാരിനെ സംബന്ധിച്ച് ഒരു ഭരണസ്തംഭനമുണ്ടാകാൻ പാടില്ല എന്നതാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1357 ക്ഷേത്രങ്ങളും 6547 ജീവനക്കാരുമുണ്ട്. ക്ഷേത്രങ്ങളിലൊന്നുംതന്നെ ഉത്സവകാലത്ത് യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ധരിച്ചിരിക്കുന്നതുപോലെ, ഏരിയാ കമ്മിറ്റി മെമ്പർമാരൊന്നുമല്ല ഉത്സവം നടത്തുന്നത്. ക്ഷേത്രത്തിലെ ഉപദേശക സമിതിയും ഉത്സവ കമ്മിറ്റിയും ക്ഷേത്ര ഭരണസമിതിയും ചേർന്നാണ് ഉത്സവം നടത്തുന്നത്. അല്ലാതെ ഏരിയാ കമ്മിറ്റി മെമ്പർമാർക്ക് ഉത്സവം നടത്തുന്നതിന് യാതൊരു റോളുമില്ല; ട്രസ്റ്റി ബോർഡും എല്ലാവരും കൂടിയാണ് നടത്തുന്നത്. ആ ട്രസ്റ്റി ബോർഡുകൾ ഇപ്പോഴും അവിടെ തന്നെയുണ്ട്. യാതൊരു പ്രശ്നവും വന്നിട്ടില്ല. ഉത്സവങ്ങളെല്ലാം ഏറ്റവും നന്നായി നടന്നു. അങ്ങ് നന്നായി സംസാരിക്കുന്ന ഒരാളാണ്. ഇന്നത്തെ അങ്ങയുടെ സംസാരം ആരെ സഹായിക്കാൻവേണ്ടി ആയിരുന്നുവെന്ന് അങ്ങ് ആലോചിക്കണം. സാധാരണഗതിയിൽ ബി.ജെ.പി./ആർ.എസ്.എസ്.കാർ പറയാൻ മടിക്കുന്ന കാര്യംപോലും ഇവിടെ പറഞ്ഞു. അങ്ങ് ഇവിടെ സംസാരിച്ചത് നന്നായോയെന്ന് ഇപ്പോൾ പറയണമെന്നില്ല, ഇത് കഴിഞ്ഞ് ആലോചിച്ചാൽ മതിയാകും. മലപ്പുറം ഇലക്ഷൻ കഴിഞ്ഞപ്പോൾ പറഞ്ഞ കാര്യം ഞാൻ വേണമെങ്കിൽ ആവർത്തിക്കാം. മലപ്പുറത്ത് പുഷ്പക ബ്രാഹ്മണ സഭയുടെ സമ്മേളനത്തിൽ സംസാരിച്ച കാര്യവും പറയാം. ഈ വിഷയങ്ങളിലൊക്കെ മറുപടി പറയുന്നതിൽ എനിക്ക് ഒരു വിഷമവുമില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയവും സി.പി.ഐ.(എം.)-ന്റെ സമീപനവും ഈ സ്ഥലങ്ങളിലെല്ലാം വിശദീകരിച്ചിട്ടുണ്ട്. അതെല്ലാം ആവർത്തിച്ച് പറയുക തന്നെ ചെയ്യും. ഞങ്ങളുടെ നിലപാടുകൾ പറയാൻ യാതൊരു വിഷമവുമില്ല.

ശ്രീ. സി. കെ. നാണു: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ സംബന്ധിച്ചാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരിച്ചിരുന്ന അവസരത്തിൽ കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കമ്മിറ്റികളും ട്രസ്റ്റികളും ഇതുപോലെ ഉത്സവങ്ങൾ നടത്തിയിട്ടുണ്ട്. പല ക്ഷേത്രവിശ്വാസികളും വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ വളരെ മാതൃകാപരമായി പ്രവർത്തിക്കുകയുണ്ടായി. ഇതിൽ സർക്കാർ ശ്രദ്ധിക്കേണ്ട പ്രധാന പ്രശ്നം, മലബാർ ദേവസ്വം ബോർഡിലെ പാവപ്പെട്ട ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചു നൽകണമെന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങയെപ്പോലെ പരിണതപ്രജ്ഞനായ ഒരു നേതാവ് മലബാറിന്റെ വികാരവിചാരങ്ങളെ നന്നായി മനസ്സിലാക്കി പറയുന്ന കാര്യങ്ങൾ മുഴുവൻ സ്വീകരിക്കാൻ ഈ സർക്കാരിന് സാധിക്കും. അതിന് ഈ സർക്കാരിന് ഒരു വിഷമവുമില്ല. അതാണ് ഈ സർക്കാരിന്റെ സമീപനം.

ശ്രീ. ഒ. രാജഗോപാൽ: സർ, അങ്ങ് മലബാറിൽനിന്നും വന്നിട്ടുള്ള, മലബാറിലെ ക്ഷേത്രങ്ങളിൽ പോകുന്ന ഒരാളാണെന്ന് എനിക്കറിയാം. എനിക്ക് തോന്നുന്നത്, ക്ഷേത്രങ്ങളെയും അവിടെ വന്നുപോകുന്ന ഈശ്വരവിശ്വാസി കളെയുമെല്ലാം കാര്യമായി സ്വാധീനിക്കുന്ന, വേദനിപ്പിക്കുന്ന, അവരെ ചിന്തിപ്പിക്കുന്നതായ ഒട്ടേറെ കാര്യങ്ങൾ ചർച്ചകളിലൂടെ ഉയർത്തിവിടുന്നുണ്ട്. അത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. എനിക്ക് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അപേക്ഷയുണ്ട്. ഒറ്റ കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ, മറ്റുകാര്യങ്ങളെ സംബന്ധിച്ച് ആര് പറഞ്ഞതാണ് ശരിയെന്നും തെറ്റെന്നും ഞാൻ പറയുന്നില്ല. മുമ്പുണ്ടായിരുന്ന നിയമത്തിൽ, ഇന്ന് വിതരണം ചെയ്തിട്ടുള്ള ബില്ലിന്റെ കോപ്പിയിൽനിന്ന് ഞാൻ വായിക്കുകയാണ്, One member from Scheduled Castes or Scheduled Tribe Communities; one woman member; one philosopher of Hindu Religion or performer of temple art or a person who has authored works on Hindu literature; and four other members എന്നാണ്. രണ്ട് മെമ്പർമാരെ നിയമിക്കാനാണ് നിയമമുണ്ടായിരുന്നത്. ഇപ്പോഴത്തെ നിയമത്തിൽ നിങ്ങൾ ചേർത്തിട്ടുള്ളത് 'four other members' എന്നുള്ളതാണ്. ഇതാണ് സംശയത്തിന് വകനൽകുന്ന പ്രധാനപ്പെട്ട ഒരുവശം. കാരണം ഇതിനെ മുഴുവൻ നിയന്ത്രിക്കുന്ന ശക്തികൾ കുറഞ്ഞപക്ഷം ഈശ്വരവിശ്വാസികളായിരിക്കണം, ക്ഷേത്രാരാധനയിൽ വിശ്വാസമുള്ള ആൾക്കാരായിരിക്കണം എങ്കിൽ മാത്രമേ ക്ഷേത്രങ്ങളുടെ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തിക്കുകയുള്ളൂ. അതല്ലെങ്കിൽ മറ്റ് ചിലർ ചൂണ്ടിക്കാണിച്ചതുപോലെ, രാഷ്ട്രീയ ദൃഷ്ടലാക്ക് ലക്ഷ്യംവച്ചുകൊണ്ട് ചില സ്ഥാനങ്ങൾ പിടിച്ചെടുത്ത് അല്ലെങ്കിൽ പിടിച്ചെടുക്കാൻവേണ്ടി നടക്കുന്ന ശ്രമമാണെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കും; ഇതാണ് വസ്തുത. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകാൻ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ക്ഷേത്ര വിശ്വാസികളെയും ക്ഷേത്രാരാധനയിൽ താൽപ്പര്യമുള്ളവരെയുംതന്നെ നിയമിക്കുമെന്നതിൽ അങ്ങേയ്ക്ക് യാതൊരു സംശയവും വേണ്ട. അവിശ്വാസികളെ ക്ഷേത്ര ഭരണത്തിൽ പങ്കാളികളാക്കാൻ ഞങ്ങൾക്ക് യാതൊരു ഉദ്ദേശ്യവുമില്ല. ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ അഷ്ടമിരോഹിണി ഘോഷയാത്രയുടെ കാര്യം പറഞ്ഞു. നമ്മുടെ നാട്ടിൽ ആരും ഈ ഘോഷയാത്ര നിഷേധിക്കുകയോ അത് നടക്കാതിരിക്കുകയോ ചെയ്തിട്ടില്ല. അങ്ങനെയുള്ള ഒരു സംഭവവും ഉണ്ടായിട്ടില്ല. ബാലഗോകുലത്തിന്റെ ഘോഷയാത്രയൊക്കെ നടത്താൻ കേരളത്തിൽ അനുവാദമില്ലെന്ന മട്ടിൽ സംസാരിക്കുന്നത് വസ്തുതാപരമല്ല. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ നമ്മൾ സംസാരിക്കുന്നതെന്തിനാണ്. അത്രമാത്രമേ ഞാൻ അതുസംബന്ധിച്ച് പറയുന്നുള്ളൂ. മലബാറിലുള്ള 1357 ക്ഷേത്രങ്ങളിൽ 75 ലക്ഷം രൂപയ്ക്കുമുകളിൽ വരുമാനമുള്ള സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങൾ ഏകദേശം 29 എണ്ണവും 25 ലക്ഷത്തിനും 75 ലക്ഷത്തിനുമിടയിൽ വരുമാനമുള്ള 'എ' ഗ്രേഡ് ക്ഷേത്രങ്ങൾ 38 എണ്ണവും 15 ലക്ഷത്തിനും 25 ലക്ഷത്തിനുമിടയിൽ വരുമാനമുള്ള 'ബി' ഗ്രേഡ് ക്ഷേത്രങ്ങൾ 119 എണ്ണവും 3 ലക്ഷത്തിനും 10 ലക്ഷത്തിനുമിടയിൽ വരുമാനമുള്ള 'സി' ഗ്രേഡ് ക്ഷേത്രങ്ങൾ 203 എണ്ണവും 3 ലക്ഷം രൂപ വരെ വരുമാനമുള്ള 'ഡി' ഗ്രേഡ് ക്ഷേത്രങ്ങൾ 977 എണ്ണവുമുണ്ട്. 1357 ക്ഷേത്രങ്ങളിലായി 6547 ജീവനക്കാരുണ്ട്. അവിടത്തെ ക്ഷേത്ര ജീവനക്കാരുടെ സ്ഥിതി വളരെ പരിതാപകരമാണ്. അവരുടെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കാൻ മലബാർ ദേവസ്വം നിയമത്തിൽ സമഗ്രമായ മാറ്റം വരണമെന്നുള്ള ...............

ശ്രീ. സി. കെ. നാണു: സർ, മലബാറിൽ ഏകീകൃത ദേവസ്വം കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അത് നടന്നില്ല. അതിന്റെ കാരണങ്ങളെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. 60 വർഷമായ ട്രാവൻകൂർ ദേവസ്വത്തിൽ വളരെ ശക്തമായ സംഘടനകളും ജീവനക്കാരുമുണ്ട്. ഇതുതന്നെയാണ് കൊച്ചിൻ ദേവസ്വത്തിന്റെയും അവസ്ഥ. മലബാർ ദേവസ്വം പുതിയതായി രൂപംകൊണ്ടതാണ്. മലബാർ ദേവസ്വത്തിലെ ജീവനക്കാരുടെ ശമ്പളനിരക്കും അവരുടെ അവസ്ഥയുമായി സഹകരിക്കാൻ കൊച്ചിൻ ദേവസ്വത്തിലെയും തിരുവിതാംകൂർ ദേവസ്വത്തിലെയും ജീവനക്കാർ തയ്യാറാകില്ല. അതെല്ലാവർക്കും അറിയാവുന്നതാണ്. മലബാർ ദേവസ്വം രൂപീകൃതമായതിനുശേഷം കോടിക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റ് മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് നൽകിവരുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടിയും 7 അംഗങ്ങളെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കുന്നതിനുവേണ്ടിയും നിയമം കൊണ്ടുവന്നു. മലബാർ ദേവസ്വം ബോർഡിന്റെ സ്ഥിതി പരമദയനീയമാണ്. അക്കാര്യം ശ്രീ. എം. ഉമ്മർ ഉൾപ്പെടെയുള്ള അംഗങ്ങൾ

ഇവിടെ പറഞ്ഞതാണ്. യഥാർത്ഥത്തിൽ സമഗ്രമായ മാറ്റമുണ്ടാകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 10 കോടി രൂപയാണ് ഗ്രാന്റ് കൊടുത്തുകൊണ്ടിരുന്നത്. അത് 30 കോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും ആ കാര്യത്തിലൊന്നും പരിഹാരമുണ്ടാകുന്നില്ല. യഥാർത്ഥത്തിൽ അവിടത്തെ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനമെടുത്ത് ശമ്പളം നൽകുന്ന സ്ഥിതിയാണ്. അവിടത്തെ ക്ഷേത്ര ജീവനക്കാർ നിത്യപട്ടിണിയിലാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി പ്രശ്നങ്ങൾ പഠിച്ച് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ ആ റിപ്പോർട്ട് അംഗീകരിച്ചു. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം 1951-ലെ ആക്ട് സമഗ്രമായി ഭേദഗതി ചെയ്ത് മലബാർ ദേവസ്വം ബോർഡിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞ കാര്യത്തോട് ഞങ്ങൾക്ക് യോജിപ്പാണുള്ളത്. മലബാർ ദേവസ്വം ഇന്ന് നേരിടുന്ന വൈവിദ്ധ്യമാർന്ന പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ദേവസ്വം നിയമത്തിൽ സമഗ്രമായ മാറ്റമുണ്ടാകണം. അങ്ങനെ സമഗ്രമായ മാറ്റമുണ്ടാക്കുന്നതിനായി സർക്കാർ മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. മലബാർ ദേവസ്വത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ജീവനക്കാരുടെ പ്രശ്നങ്ങൾ മാത്രമല്ല ചർച്ച ചെയ്യേണ്ടത്; ഏകീകൃത സ്വഭാവം, വരുമാനത്തെ എങ്ങനെയാണ് ഒരു പൂളിലേക്ക് കൊണ്ടുവരാൻ സാധിക്കുക, തിരുവിതാംകൂർ ദേവസ്വം ബോർഡും കൊച്ചിൻ ദേവസ്വം ബോർഡും ചെയ്യുന്നതുപോലെ അതിന്റെ വിതരണം എങ്ങനെയാണ് സമഗ്രമായി നടപ്പിലാക്കാൻ സാധിക്കുക, ക്ഷേത്രങ്ങളുടെ ഭരണം എങ്ങനെയാകണം തുടങ്ങിയ കാര്യങ്ങളൊക്കെ ചർച്ച ചെയ്യേണ്ടിവരും. മലബാർ ദേവസ്വത്തിന് തിരുവിതാംകൂർ ദേവസ്വത്തിന്റെ അവസ്ഥയല്ല. മലബാർ ദേവസ്വത്തിൽ ഓരോ ക്ഷേത്രങ്ങളുടെയും ഭരണരീതി വ്യത്യസ്തമാണ്. ഇതെല്ലാം സമഗ്രമായി പഠിച്ച് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഭേദഗതി ഉടനെതന്നെ കൊണ്ടുവരണമെന്നുമാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനായി അഡ്വ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. വേണുഗോപാൽ, ശ്രീ. മോഹനൻ എന്നീ അംഗങ്ങളുമുൾപ്പെട്ട കമ്മിറ്റിയെ സർക്കാർ നിയമിച്ചുകഴിഞ്ഞു. ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വളരെ സജീവമായി നടക്കുകയാണ്. അവർ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുമായും വിവിധ വിഭാഗം ആളുകളുമായും ചർച്ച ചെയ്ത് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത് എന്നതുസംബന്ധിച്ച് ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, കൃഷ്ണൻ മേനോൻ കമ്മിറ്റിയും മറ്റുചില കമ്മിറ്റികളും ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടുകൾക്കൂടി പരിഗണിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ജയകുമാർ കമ്മിറ്റി റിപ്പോർട്ടുൾപ്പെടെ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട് ഇതിനുമുമ്പ് വന്നിട്ടുള്ള എല്ലാ റിപ്പോർട്ടുകളും പരിശോധനയ്ക്ക് വിധേയമാക്കും. ഇതെല്ലാം പരിശോധിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ നിയമം കൊണ്ടുവരാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇവിടെ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ എം.എൽ.എ. ഗ്രാന്റ് കൊടുത്തത് സംബന്ധിച്ച് പറഞ്ഞു. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 2014-15-ൽ 29.462 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 2014-15-ൽ ഒരു പൈസപോലും നൽകാൻ തയ്യാറായില്ല. നിങ്ങൾ അറിയേണ്ട കാര്യമാണ്; ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രം പോര. തുക നൽകണ്ടേ? ഞാൻ വസ്തുതയാണ് പറയുന്നത്. അങ്ങ് അതിനെ എതിർക്കാൻ നിൽക്കണ്ട. അങ്ങ് വിചാരിച്ചിട്ട് തുക നൽകാൻ കഴിഞ്ഞില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. ......(ബഹളം)....... എല്ലാ സർക്കാരുകളുടെയും ഭരണകാലത്ത് അങ്ങനെയൊന്നുമില്ല. ഈ സർക്കാരിന്റെ ഭരണകാലത്തെ കാര്യമാണ് ഞാൻ പറയുന്നത്. അങ്ങ് നൽകിയില്ലെന്നാണ് ഞാൻ പറഞ്ഞത്. ഉമ്മൻ ചാണ്ടി സർക്കാർ 30 കോടി രൂപ നൽകിയെന്നു പറഞ്ഞാൽ ആളുകൾ തെറ്റിദ്ധരിക്കില്ലേ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ..........(ബഹളം)....... ..... 2015-16-ൽ നിങ്ങൾ 31.96 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. പക്ഷേ ആകെ നൽകിയത് 12 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽവന്ന് ഒരു വർഷത്തിനിടയിൽ 45,41,35,000 രൂപ മലബാർ ദേവസ്വത്തിന് ഗ്രാന്റ് നൽകി. വെറുതെ പറഞ്ഞാൽ മാത്രം മതിയോ, ചെയ്യണ്ടേ. ....(ബഹളം)........ഞാൻ വസ്തുതയാണ് പറയുന്നത്. 31 കോടി രൂപ വകയിരുത്തിയത് ശരിയാണ്, പക്ഷേ കൊടുത്തിട്ടില്ല. സഭാരേഖയിൽ വരുന്ന കാര്യമല്ലേ; തെറ്റ് പറഞ്ഞാൽ തിരുത്തണ്ടേ? അത് തിരുത്തിപ്പറഞ്ഞു എന്നുമാത്രമേയുള്ളൂ; അത് അങ്ങനെ കണ്ടാൽ മതി. കുളങ്ങളുടെയും കാവുകളുടെയും കാര്യത്തിൽ ബഹുമാനപ്പെട്ട എം. ഉമ്മർ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് പറഞ്ഞു. ആ മാർഗ്ഗനിർദ്ദേശം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തയ്യാറാക്കിയതാണെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാവില്ല. 2014-ൽ തയ്യാറാക്കിയ ആ മാർഗ്ഗനിർദ്ദേശം മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കോലധാരികൾക്കും ആചാരസ്ഥാനീയർക്കുമുള്ള സഹായധനമായി യഥാക്രമം 700, 800- രൂപയാണ് നൽകുന്നത്; അത് വർദ്ധിപ്പിക്കണം. തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ധനകാര്യ വകുപ്പ് അത് തിരിച്ചയച്ചു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി അക്കാര്യം സംസാരിക്കേണ്ടതുണ്ട്. മിനിമം പെൻഷൻ 1100 രൂപ നൽകുന്ന പശ്ചാത്തലത്തിൽ കോലധാരികൾക്കും ആചാരസ്ഥാനീയർക്കും മിനിമം തുകയെങ്കിലും കൊടുക്കണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാവശ്യമായ നടപടി സ്വീകരിക്കണം. ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകണം. ഈ രീതിയിൽ മലബാർ ദേവസ്വം ബോർഡ് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കണമെന്നതാണ് പൊതുവായി എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആരെയൊക്കെയോ കണ്ടുവച്ചിട്ടുണ്ടെന്ന് പറഞ്ഞു, അങ്ങനെ ആരെയും കണ്ടുവച്ചിട്ടില്ല. അങ്ങനെയുള്ള തെറ്റിദ്ധാരണ വേണ്ട. ലാഘവത്തോടെയല്ല ഗൗരവത്തോടെ തന്നെയാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. ആരെങ്കിലും ഏഴ് പേർ എന്ന അവസ്ഥ മാറി എന്തെങ്കിലും യോഗ്യതയുള്ളവരാകണം. വനിതാ പ്രതിനിധ്യവും എസ്‌സി./ എസ്‌ടി പ്രാതിനിധ്യവും വേണം. ഇതെല്ലാം കണ്ടുകൊണ്ടാണ് മാറ്റം വരുത്തുന്നത്, സമഗ്രമായ ബിൽ കൊണ്ടുവരാം.

ആന്ധ്രാ പ്രദേശ്, കേരള സർക്കാരുകൾ തമ്മിൽ വിവിധ ഘട്ടങ്ങളിൽ ഭൂമി കൈമാറ്റത്തെക്കുറിച്ച് ആലോചന നടന്നിട്ടുണ്ടെങ്കിലും അതൊന്നും ഫൈനൽ സ്റ്റേജ് ആയിട്ടില്ല; നമുക്ക് ആലോചിക്കാവുന്ന കാര്യങ്ങളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, കൊച്ചിൻ ദേവസ്വം ബോർഡ് ചെയർമാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഡോ. സുദർശനനെയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗങ്ങൾക്ക് ക്ഷേത്രഭരണത്തിൽ പങ്കാളിത്തം ലഭിക്കുന്നതിനുള്ള നീക്കം തന്നെയാണ് നടത്തിയിട്ടുള്ളത്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. സഹകരണ മേഖലയുമായി ബന്ധപ്പെട്ട ബിൽ അവതരിപ്പിക്കുമ്പോൾ അക്കാര്യം ഫലപ്രദമായി ചർച്ച ചെയ്യാം. പ്രാഥമിക കാർഷിക സംഘങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി മാത്രമാണ് സർക്കാർ അങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരാൻ നിർബന്ധിതമായത്. കാർഷികേതര സംഘങ്ങൾ കാർഷിക വായ്പാ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ ജില്ലാ ബാങ്കുകൾ പിടിച്ചെടുത്ത പശ്ചാത്തലത്തിൽ ജില്ലാ ബാങ്കുകൾ കർഷകർക്ക് വേണ്ടിയുള്ളതാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് സർക്കാർ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് മാത്രമാണ്. അല്ലാതെ സംഘങ്ങൾ പിടിച്ചെടുക്കാൻ കൊണ്ടുവന്നതല്ലെന്ന് ദയവായി അംഗങ്ങൾ മനസ്സിലാക്കണം. തനിമ നിലനിർത്താനും കർഷകരോടുള്ള ഈ ഗവൺമെന്റിന്റെ ആഭിമുഖ്യം കൃത്യമായി ബോധ്യപ്പെടുത്താനും ചെയ്ത കാര്യമാണ്. അല്ലാതെ ഇതുസംബന്ധിച്ച് ഒരു തെറ്റിദ്ധാരണയും പരത്തേണ്ട കാര്യമില്ലെന്ന മാത്രമാണ് പറയാനുള്ളത്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

*Shri. M. Ummer:* Sir, I move the following amendments:

112. In clause 2, for "(XIX of 1951)" substitute " (Madras Act No. XIX of 1951)".

115. In section 13 (1) proposed to be substituted in the principal Act by clause 2, the words " of Hindu Religion" shall be inserted before the word "appointed".

116. In section 13 (1) (a) proposed to be substituted in the principal Act by clause 2, for the word " Tribe" substitute the word "Tribes".

119. In section 13 (1) (b) proposed to be substituted in the principal Act by clause 2, for the word "one" substitute the word " two".

129. In section 13(1)(c) proposed to be substituted in the principal Act by clause 2, insert the word "religious" before the word "literature".

136. Section 13(1)(d) proposed to be substituted in the principal Act by clause 2, shall be recast as follows:

"(d) Three other members those who have faith in temple worship".

*Shri Manjalamkuzhi Ali :* Sir, I move the following amendments:

113. In clause 2, the word "principal" shall be substituted with the word "Principal".

128. In section 13(1)(c) proposed to be substituted in the principal Act by clause 2, after the word "person" the words "of Hindu Religion"shall be inserted.

135. Section 13(1)(d) proposed to be substituted in the principal Act by clause 2, shall be recast as follows:

"(d) four other members from Hindu Religion who have knowledge about Hindu customs and rituals".

*Shri Mons Joseph:* Sir, I move the following amendment :

114. In section 13 (1) proposed to be substituted in the principal Act by clause 2, for the word "seven" substitute the word "nine".

118. Section 13 (1) (a) proposed to be substituted in the principal Act by clause 2, shall be recast as follows: " (a) two members one from SC and other from ST".

120. Section 13 (1) (b) proposed to be substituted in the principal Act by clause 2, shall be recast as follows:

"(b) two women members"

124. In section 13 (1) (c) proposed to be substituted in the principal Act by clause 2, the words "Hindu Religion" shall be substituted with the words " Hindu literature".

125. In section 13 (1) (c) proposed to be substituted in the principal Act by clause 2, the words "or performer of temple art" shall be deleted.

133. In section 13(1)(d) proposed to be substituted in the principal Act by clause 2, after the words "four other members" the words "one from temple art, one from music, one from temple priests category and the other from the templeemployees" shall be added.

*Shri V. P. Sajeendran :* Sir, I move the following amendments:

117. In section 13 (1) (a) proposed to be substituted in the principal Act by clause 2, for the word "Communities" the words "or other Hindu Backward Class Communities" shall be substituted.

121. Section 13 (1) (b) proposed to be substituted in the principal Act by clause 2, shall be recast as follows:

"(b) one woman member from Hindu Religion;".

122. In section 13 (1) proposed to be substituted in the principal Act by clause 2, after item (a) the following item shall be inserted as (b) and shall be relettered the remaining items:

"(b) one member from other Hindu backward clas communities;".

Backward community-യിലുള്ള ആളുകൾ ദേവസ്വം ബോർഡ് മെമ്പർമാരായി വരാറില്ല. വിശ്വകർമ്മ പോലുള്ള സമുദായങ്ങളെക്കൂടി കൊണ്ടുവരാൻ അങ്ങ് മുൻകയ്യെടുക്കണം.

123. In section 13 (1) (c) proposed to be substituted in the principal Act by clause 2, before the word "philosopher" the word "famous" shall be inserted.

126. In section 13 (1) (c) proposed to be substituted in the principal Act by clause 2, for the words "performer of temple art" substitute the words "performer of Traditional or Temple art forms of Kerala".

131. Section 13(1)(c) proposed to be substituted in the principal Act by clause 2, shall be recast as follows:

"(c) one philosopher or performer of temple art or a person who has authored works on Hindu Literature, from Hindu religion; and".

132. In section 13(1)(d) proposed to be substituted in the principal Act by clause 2, after the words "four other members" the words "from Hindu Religion" shall be added.

149. Section 13(1) proposed to be substituted in the principal Act by clause2 shall be recast as follows:

"(1) Every Area Committee consist of seven members appointed by Government namely:-

(a) Two members from Scheduled Caste or Scheduled Tribe Community;

(b) one woman member;

(c) two philosophers of Hindu Religion;

(d) two other members" .

*Shri Anil Akkara:* Sir, I move the following amendment:

130. Section 13(1)(c) proposed to be substituted in the principal Act by clause 2, shall be recast as follows:

"(c) one philosopher of Hindu religion".

*Shri Shafi Parambil:* Sir, I move the following amendment:

134. Section 13(1)(d) proposed to be substituted in the principal Act by clause 2, shall be recast as follows:

"(d) four other members who belongs to Hindu Religion and who believes in Temple worship and God".

*Shri Anwar Sadath:* Sir, I move the following amendment:

138. Section 13(1) proposed to be substituted in the principal Act by clause 2, shall be recast as follows:

"(1) Every Area Committee shall consist of five members appointed by Government from among the persons who profess Hindu religion and believes in God and Temple worship".

*Shri Hibi Eden:* Sir, I move the following amendment:

140. Section 13(1) proposed to be substituted in the principal Act by clause 2, shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government from among the persons who profess Hindu religion and who was not sentenced by a criminal court for corruption charges".

*Shri P.T.Thomas* : Sir, I move the following amendment:

143. Section 13(1) proposed to be substituted in the principal Act by clause 2, shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government, namely:-

(a) Two members from Scheduled Caste or Scheduled Tribe community;

(b) Two Social reformers;

(c) Three other members who, believes in temple worship and God."

*Shri S. Sarma* : Sir, I move the following amendment:

144. Section 13(1) proposed to be substituted in the principal Act by clause 2, shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government, namely:

(a) one person who belongs to Scheduled Caste or Scheduled Tribe;

(b) one woman;

(c) one philosopher of Hindu Religion or performer of temple art or a person who has authored works on Hindu literature; and

(d) four others."

*Shri A.P.Anil Kumar* : Sir, I move the following amendment:

145. Section 13(1) proposed to be substituted in the principal Act by clause2, shall be recast as follows:

"(1) Every Area Committee shall consist of seven members appointed by the Government namely:-

(a) one member from the Scheduled Tribe Community;

(b) one member from the Scheduled Caste Community;

(c) one Social reformer of Hindu Religion;

(d) four other members, who believes in Temple Worship and God".

*Shri K. C. Joseph:* Sir, I move the following amendment:

146. Section 13(1) proposed to be substituted in the principal Act by clause 2, shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government namely :

(a) one philosopher of Hindu Religion;

(b) one member from the Scheduled Caste Community;

(c) one member from the Scheduled Tribe Community;

(d) four other members, who belongs to Hindu Religion".

*Shri Adoor Prakash:* Sir, I move the following amendment:

147. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government namely:

(a) one member from the Scheduled Cast or Scheduled Tribe Community;

(b) one member from Social reformer or philosopher of Hindu Religion;

(c) one woman member;

(d) four other members" .

*Shri V. S. Sivakumar* : Sir, I move the following amendment:

148. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government namely:

(a) one member from Scheduled Caste or Scheduled Tribe Community;

(b) two Social reformers;

(c) two philosophers of Hindu Religion;

(d) two other members" .

*Shri V. D. Satheesan:* Sir, I move the following amendment:

150. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of seven members appointed by the Government namely:-

(a) one member from the Scheduled Tribe Community;

(b) one woman member from the Scheduled Caste Community;

(c) one Social reformer of the Hindu Religion;

(d) four other members who, believes in temple worship and God" .

*Shri V. T. Balram:* Sir, I move the following amendment:

151. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government, namely:

(a) one philosopher from Hindu Religion;

(b) one woman member;

(c) one Social reformer;

(d) one member from Scheduled Caste or Scheduled Tribe;

(e) three other members who belongs to Hindu religion".

*Shri Thiruvanchoor Radhakrishnan :* Sir, I move the following amendment:

152. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows :

"(1) Every Area Committee shall consist of seven members appointed by Government namely:

(a) one member from Scheduled Caste or Scheduled Tribe Community;

(b) one Social reformer;

(c) one woman member;

(d) one philosopher of Hindu religion;

(e) three other members".

*Shri K. Muraleedharan* : Sir, I move the following amendment:

153. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of seven members appointed by Government namely:

(a) one philosopher of Hindu Religion;

(b) one Social Reformer of Hindu Religion;

(c) one member from Scheduled Caste Community;

(d) one member from the Scheduled Tribe Community;

(e) one woman member;

(f) two other members belonging to Hindu Religion".

*Prof. Abid Hussain Thangal :* Sir, I move the following amendment:

154. Section 13(1) proposed to be substituted in the principal Act by clause 2 shall be recast as follows:

"(1) Every Area Committee shall consist of six members appointed by the Government, namely:

(a) one member from Scheduled Caste Communities;

(b) one member from Scheduled Tribe Communities;

(c) one philosopher from Hindu Religion;

(d) one woman from Scheduled Caste or Scheduled Tribe Communities;

(e) two other members".

മി. സ്പീക്കർ: 127-ാം നമ്പർ ഭേദഗതി 126-ന് തുല്യമായതിനാലും 155, 156, 157, 158 എന്നീ ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 115 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 115 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു :

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 113, 128, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 114, 118, 120, 124, 125, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 117, 121, 122, 123, 126, 131, 132, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

*Shri M. Ummer:* Sir, I move the following Amendment:

159. In clause 3, the word "existing" shall be deleted.

*Shri S. Sarma:* Sir, I move the following amendment:

160. In clause 3, for the words " shall cease to hold office as such Chairman and Members of the Area Committee or the non-hereditary trustees, as the case may be, on and" the words "shall cease to hold their respective office" shall be substituted.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(ഭേദഗതി ഇല്ല.)

മി. സ്പീക്കർ: 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

*Prof. Abid Hussain Thangal :* Sir, I move the following Amendment:

108. In the Preamble, delete the word "further"

*Shri Manjalamkuzhi Ali :* Sir, I move the following Amendment:

109. In clause 1 (2), for the words "on the 3rd day of February, 2017," substitute the words "at once"

*Shri V. D. Satheesan* : Sir, I move the following Amendment:

110. In clause 1 (2), for the words " 3rd day of February, 2017" substitute the words " 24th day of April, 2017" .

*Shri P. T. Thomas :* Sir, I move the following Amendment:

111. Clause 1(2) shall be recast as follows " (2) It shall come into force at once."

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്നാം വായനയിൽ രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. സത്യത്തിൽ ബഹുമാന്യനായ മന്ത്രിയുടെ പ്രസംഗം ഞാൻ ഗൗരവപൂർവ്വം കേൾക്കുകയായിരുന്നു. സാധാരണഗതിയിൽ നല്ല നിലയിലാണ് അദ്ദേഹം ഇവിടെ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ബില്ലിൽ ഏഴംഗങ്ങളെ മാത്രം ഉൾപ്പെടുത്തണമെന്നാണ് സൂചിപ്പിച്ചത്. അതുകൊണ്ടാണ് ഈ ഭേദഗതി വരുത്തേണ്ടിവന്നതെന്നാണ് ഇന്ന് ഇവിടെ അദ്ദേഹം പറഞ്ഞത്. ഞാൻ കഴിഞ്ഞ ബില്ലെടുത്തുനോക്കി. 'പ്രാദേശിക കമ്മിറ്റിയിലെ അംഗങ്ങളുടെ

എണ്ണവും ഔദ്യോഗിക കാലാവധിയും അയോഗ്യതകളും' എന്നതിൽ 7 കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. 'ഹിന്ദുമതത്തിൽപ്പെട്ട ഒരു ദാർശനികൻ, ഹിന്ദുമതത്തിൽപ്പെട്ട ഒരു സാമൂഹിക പരിഷ്കർത്താവ്, ക്ഷേത്ര ഉപദേശക സമിതിയിൽ നിന്നുള്ള ഒരു അംഗം, പട്ടികജാതി അല്ലെങ്കിൽ പട്ടിക ഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഒരു അംഗം, ഒരു വനിതാ അംഗം, മറ്റ് രണ്ട് അംഗങ്ങൾ' എന്നിങ്ങനെയാണ് പറയുന്നത്. ഇതുതന്നെയാണ് ഇപ്പോഴത്തെ ബില്ലിലും വന്നിട്ടുള്ളത്. ഇപ്പോഴത്തെ ബില്ലിൽ ആകെ വന്നിട്ടുള്ളത് ക്ഷേത്രോപദേശക സമിതിയിലെ അംഗത്തെ ഒഴിവാക്കി. ദാർശനികനുണ്ട്, സാമൂഹിക പരിഷ്കർത്താവിനെ ഒഴിവാക്കി. പിന്നെ രണ്ട് അംഗങ്ങൾ എന്നുള്ളത് നാലാക്കി. ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരേണ്ട ആവശ്യമെന്തായിരുന്നു? നിയമസഭ കാര്യഗൗരവമുള്ള ബില്ലുകളാണ് പാസ്സാക്കാറുള്ളത്. സർക്കാരിന്റെ ബിൽ കൊണ്ടുവരാനുള്ള അധികാരത്തെയല്ല ഞാൻ ചോദ്യം ചെയ്യുന്നത്; അതിന്റെ യുക്തിയെയാണ്. കാരണം, കഴിഞ്ഞ ബില്ലിലുള്ളതുതന്നെയാണ് ഇതിലുമുള്ളത്. സാമൂഹിക പരിഷ്കർത്താവിനെ മാറ്റി അതോടൊപ്പം ക്ഷേത്രോപദേശക സമിതിയിൽ നിന്ന് ഒരംഗത്തെ മാറ്റി. ഇതിനുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരണമായിരുന്നോ എന്ന് സർക്കാർ ചിന്തിക്കണമായിരുന്നു. ഇവിടെ മെമ്പർമാർ ഉന്നയിച്ച കാര്യങ്ങളൊക്കെ ശരിയാണ്. കാരണം നിലവിലുള്ള ഏരിയാ കമ്മിറ്റികളുടെ കാലാവധി രണ്ട് വർഷമാണ്. ആ രണ്ട് വർഷം യു.ഡി.എഫ്. നോമിനേറ്റ് ചെയ്ത അംഗങ്ങളിരിക്കുന്നതിലുള്ള അസഹിഷ്ണുതമൂലം ഒരു ഓർഡിനൻസ് കൊണ്ടുവന്നു, അവരൊക്കെ പുറത്ത് പോകുന്നു. അതാണ് യഥാർത്ഥത്തിൽ ഇവിടെ സംഭവിച്ചത്. അത് ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ട്; ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അതിനുവേണ്ടി മാത്രമായി കൊണ്ടുവന്ന ഒരു ബില്ലാണെന്നുള്ളത് വളരെ സ്പഷ്ടമായ കാര്യമാണ്. ഇവിടെ ബഹുമാന്യനായ വി. ഡി. സതീശൻ ചില കാര്യങ്ങളുദ്ധരിച്ചു. ശ്രീ. എം. ടി. വാസുദേവൻ നായരെപ്പോലെ ലോകമാരാധിക്കുന്ന ഒരു സാഹിത്യകാരന്റെ 'രണ്ടാമൂഴം' മഹാഭാരതമായി കൊണ്ടുവന്നാൽ തിയേറ്ററിൽ പ്രദർശിപ്പിക്കുകയില്ലെന്ന് ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ഒരു വക്താവിന്റെ പ്രസംഗം ഇന്നലെ കേട്ടു. കേരളം എങ്ങോട്ടാണ് പോകുന്നത്; എങ്ങനെയാണ് ഇതുപറയാനുള്ള ഔന്നത്യം ഇവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്? വളരെ ഗൗരവപൂർവ്വം കേരള സമൂഹം കാണേണ്ട വിഷയങ്ങളാണിതെല്ലാം. ബഹുമാന്യനായ അംഗം വി. ഡി. സതീശൻ പ്രകടിപ്പിച്ച ആ ആശങ്കയെ ആരും തള്ളിക്കളയരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് സമൂഹത്തിൽ വേരുപിടിക്കാൻ, പച്ചയായ വർഗ്ഗീയത ആളിക്കത്തിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ സമൂഹം ജാഗരൂകമായിരിക്കണമെന്നുള്ളത് അടിവരയിട്ട് പറയാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ഈ ബില്ലിന്റെ ആവശ്യമില്ലായിരുന്നു. ഈ ബിൽ പാസ്സാക്കാൻ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രിക്കും ഗവൺമെന്റിനും അധികാരമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നോമിനേറ്റ് ചെയ്ത അംഗങ്ങളെ മാറ്റാനായി ഒരു ബിൽ കൊണ്ടുവരേണ്ടിയിരുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രതിപക്ഷ നേതാവ്, ഒരു കാര്യം അങ്ങ് വ്യക്തമാക്കിയാൽ കൊള്ളാം. ഞാൻ സംസാരിക്കണമെന്ന് വിചാരിച്ചതല്ല. വളരെ ആലോചനയ്ക്കുശേഷം സൈദ്ധാന്തികമായും പ്രായോഗികമായുമാണ് ആദ്യമായി മലബാർ ദേവസ്വം നിയമം ഈ സഭയിൽ പാസ്സാക്കിയത്. അത് വളരെ ചരിത്രപരമായ ഒരു സംഭവമായിരുന്നു. രണ്ടാമത് ക്ഷേത്രപ്രവേശന വിളംബരമെന്നാണ് അന്ന് ബുദ്ധിജീവികൾ പറഞ്ഞത്, കാരണം അങ്ങനെയുണ്ടാകുമെന്ന് പ്രതീക്ഷിച്ചതല്ല. ഹിന്ദു ഫിലോസഫർ വെറുതെ പറയുന്നതല്ല. ഒരു ഫിലോസഫിക്കൽ പാരമ്പര്യമുള്ളതാണ്. അതൊക്കെ ഒരു നിസ്സാര കാര്യമല്ല. ഇത് ഇവിടെ പാസ്സാക്കിയതിനുശേഷം, അന്ന് അങ്ങ് ആ സർക്കാരിലുണ്ടായിരുന്നുവെന്ന് തോന്നുന്നു, ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ ആ ബില്ലിൽ ഭേദഗതി വരുത്തി അവതരിപ്പിച്ചതുകൊണ്ടല്ലേ വീണ്ടും ഇങ്ങനെ ചെയ്യേണ്ടി വന്നത്? അത് ചെയ്തിട്ട് വല്ല കാര്യവുമുണ്ടോ; നല്ല ബില്ലായിരുന്നില്ലേ, ഇതിനകത്ത് രാഷ്ട്രീയമുണ്ടായിരുന്നോ? അതുപോലെ ഒരു ശമ്പള പരിഷ്കരണം അതിന്റെ കൂടെ കൊണ്ടുവന്നു. അത് കേരളത്തിലെ ഏറ്റവും വലിയ ശമ്പള പരിഷ്കരണമായിരുന്നു. അതുകഴിഞ്ഞ് 10 വർഷം കഴിഞ്ഞിട്ടും ശമ്പള പരിഷ്കരണം കൊടുത്തില്ല നടപ്പിലായില്ല. രണ്ട് ശമ്പള പരിഷ്കരണം കൊടുക്കേണ്ട സമയമായി. അതിനാലാണ് ശമ്പളം മുടങ്ങിക്കിടക്കുന്നത്. ഈ ബിൽ അന്ന് ഭേദഗതി ചെയ്യേണ്ട കാര്യമുണ്ടായിരുന്നോ; വേണ്ടായിരുന്നുവെന്ന് മനസ്സിലെങ്കിലും തോന്നുന്നുണ്ടോ എന്ന് ചോദിച്ചുവെന്ന് മാത്രമേയുള്ളൂ. ഒന്നും പറയാൻ വേണ്ടിയല്ല. ഞാൻ ശ്രദ്ധയിൽ പെടുത്തിയതാണ്.

മി. സ്പീക്കർ: 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. കെ. ജെ. മാക്സി
27. ശ്രീ. എ. സി. മൊയ്തീൻ

28. ശ്രീ. എം. മുകേഷ്
29. ശ്രീ. ഡി. കെ. മുരളി
30. ശ്രീ. മുരളി പെരുനെല്ലി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. കെ. ഡി. പ്രസേനൻ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. ടി. എ. റഹീം
36. ശ്രീ. എം. രാജഗോപാലൻ
37. ശ്രീ. കെ. രാജൻ
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. ആർ. രാമചന്ദ്രൻ
42. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
43. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
45. പ്രൊഫ. സി. രവീന്ദ്രനാഥ്
46. ശ്രീ. കാരാട്ട് റസാഖ്
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. സി. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. എ. എൻ. ഷംസീർ

52. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. വി. ആർ. സുനിൽ കുമാർ
55. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. എം. സ്വരാജ്
58. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
59. ശ്രീ. പി. തിലോത്തമൻ
60. ശ്രീമതി വീണാ ജോർജ്ജ്
61. ശ്രീ. ഇ. കെ. വിജയൻ
62. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോഷി അഗസ്റ്റിൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. വി. എസ്. ശിവകുമാർ
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. ഒ. രാജഗോപാൽ

മി. സ്പീക്കർ :

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 62 |
| പ്രതികൂലിക്കുന്നവർ | : | 32 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | 2 |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## X അറിയിപ്പ്

മി. സ്പീക്കർ: നിയമസഭാ മ്യൂസിയത്തിൽ സാമാജികരുടെ ഒത്തുചേരൽ ആസൂത്രണം ചെയ്തിട്ടുണ്ട്. കത്തുകൾ ഇന്നലെയും അതിന്റെ തലേദിവസവുമൊക്കെയായി എല്ലാ അംഗങ്ങൾക്കും നൽകിയിരുന്നു. നിയമസഭയുടെ 60-ാം വാർഷികത്തിന്റെ ഭാഗമായി മ്യൂസിയം പുതുക്കിപ്പണിയുകയും രണ്ടാമത് രൂപപ്പെടുത്തി എടുക്കുകയും ചെയ്യുന്ന ചില പ്രവൃത്തികൾ നടക്കുന്നുണ്ട്. വൈകുന്നേരം 6.00 മണിയോടുകൂടി അവിടെ ഒത്തുചേർന്ന് അത് സംബന്ധിച്ചുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്താവുന്നതാണ്. അതിനുശേഷം നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു നാടകം അവതരിപ്പിക്കുന്നുണ്ട്. നിയമസഭാ സാമാജികരുടെയും ജീവനക്കാരുടെയും ഒരു സംഗീത വിരുന്നും അതിനുശേഷം ഭക്ഷണവുമുണ്ട്. എല്ലാവരും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ഓർഡർ...ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.)